Δ2y 7M63
32F7·1

7M63 3277.1
...ILVEKANDA
...ds
MUL
089815

DOCTRINA·VIM·PROMOVET INSITAM

**Madras University Library.**

Call Number Δ2:7 M63

Accession Number 32F71 89815

Available for loan from

This book should be returned on or before the date last marked below.

26 JUN 1949
27 JUN 1953
25 MAR 1955
6 DEC 1961
7 DEC 1964

O61

ബുക്ക് നമ്പ്ര 1.

ശ്രീ

# വിവേകാനന്ദവിജയം.

## പ്രസംഗങ്ങൾ.

---

പ്രസാധകൻ,

കെ. രാമൻ മേനോൻ.

---

പ്രസിദ്ധകർ,

എസ്. ററി. റെഡ്യാർ അൻഡ് സൺസ്,

വി. വി. പ്രസ്സ്—കൊല്ലം.

---

൧-ാം പതിപ്പ് കാപ്പി—൩൦൦.

—:*:—

കാപ്പിറൈററ് പ്രസിദ്ധകരിൽ.

1103.

02 MAY. 1946

89815

D297 M63

32 F7.1



Swami Vivekananda.

02 MAY. 1M A.

89816

DZ97 M63

32 F7·1



Swami Vivekananda.

2 MAY. 19 7.

# മുഖവുര.

ലോകപ്രസിദ്ധനായ ശ്രീമത് വിവേകാനന്ദസ്വാമികളെ ഞങ്ങൾ വായനക്കാൎക്ക് പ്രത്യേകം പരിചയപ്പെടുത്തേണ്ടതായിട്ടുണ്ടെന്നു് തോന്നുന്നില്ല. സ്വാമികളെപ്പററി കേൾക്കാത്തവരും, ഒട്ടൊക്കെ അറിയാത്തവരും, ഇപ്പോൾ, ഈ ഭാരതഖണ്ഡത്തിൽ മാത്രമല്ല ലോകത്തിൽ എവിടേയും, ആരും ഇല്ല തന്നെ. ആദൎശ രാജൎഷിയും രാവണാന്തകനും ആയ അയോദ്ധ്യാധിപതി ശ്രീ രാമചന്ദ്രസ്വാമിയുടേയും വൃന്ദാവനലോലനും പൂൎണ്ണപുണ്യാവതാരവും ആയ ശ്രീകൃഷ്ണസ്വാമിയുടേയും ആത്മാക്കൾ ഒന്നിച്ചുചേൎന്ന് ലോകകല്യാണാൎത്ഥം തിരുവവതാരംചെയ്തരുളിയ ശ്രീ ഭഗവാൻ ശ്രീ ശ്രീരാമകൃഷ്ണസ്വാമിയുടെ ഉററ ശിഷ്യനും, ഭക്തശിരോമണിയും വിദ്യാവിനയസമ്പന്നനും ആയ ശ്രീ ആഞ്ജനേയരുടേയും ധനുൎദ്ധരാഗ്രേസരനും ഗുണസമ്പൂൎണ്ണനും ആയ അൎജ്ജുനരുടേയും കൂടിച്ചേൎന്ന അവതാരവും ആയ ശ്രീ ഭഗവാൻ ശ്രീ വിവേകാനന്ദസ്വാമികളെപ്പററി സാമാന്യമായിട്ടെങ്കിലും പ്രസ്താവിക്കുക എന്നുള്ളതു കൂടി വളരെ പ്രയാസമായ ഒരു സംഗതിയാകുന്നു. ഗുരുവായ ശ്രീ ശ്രീരാമകൃഷ്ണദേവനും, ശിഷ്യനായ ശ്രീമത് വിവേകാനന്ദസ്വാമികളും വിവിധഭാവങ്ങളോടുകൂടിയ അവതാരങ്ങൾ ആകയാലാണ് ഈ വൈഷമ്യം നേരിട്ടിട്ടുള്ളതു്. ഒരാൾ ഒരു ഭാവത്തിൽനിന്നു് നോക്കുമ്പോൾ കാണുന്നതുപോലെയായിരിക്കയില്ല മറെറാരാൾ മറെറാരു ഭാവത്തിൽനിന്നു നോക്കുമ്പോൾ കാണുക. എല്ലാവക്കും എല്ലാഭാവങ്ങളിൽ കൂടിയും കാണുവാനും പ്രയാസം. ഒരുകൂട്ടർ "ലോകഗുരു" എന്നുവെച്ചു് ആരാധിച്ചുപോരുന്ന അതേ വിവേകാനന്ദനെയാണ് മറെറാരുകൂട്ടർ ഒരു ഒന്നാന്തരം "രാഷ്ട്രീയപ്രക്ഷോഭകൻ" എന്നു് പറഞ്ഞുകൊണ്ടാടുന്നതു്; ഒരുകൂട്ടർ "പരമത്യാഗി" എന്നു പറഞ്ഞു് സ്തോത്രംചെയ്യുന്ന അതേ സ്വാമികളെത്തന്നെ

ആണ് വേറെ ഒരുകൂട്ടർ “തികഞ്ഞഭോഗി” എന്നുപറഞ്ഞു് പൂജിക്കുന്നതു്; ഒരുകൂട്ടർ “സന്ന്യാസി” എന്നു സിദ്ധാന്തിച്ചാരാധിക്കുന്ന അതേ പുണ്യാത്മാവിനെത്തന്നെയാണ് മറെറാരുകൂട്ടർ ഒന്നാന്തരം “പരിഷ്കാരി” എന്നു് സമർത്ഥിക്കുന്നതു്. ഈ വ്യത്യാസങ്ങൾക്കെല്ലാമുള്ള കാരണം, അവരുടെയെല്ലാം ലക്ഷ്യത്തിന്നു വിഷയമായ വസ്തുവിശേഷത്തിന്റെ നാനാഭാവത്വം തന്നെയാകുന്നു. അതിനാൽ ഭഗവാൻ ശ്രീ ശ്രീരാമകൃഷ്ണന്റെയും, അതുപോലെതന്നെ ശ്രീമത് വിവേകാനന്ദസ്വാമികളുടേയും, ജീവിതകഥയേയും വ്യാപാരങ്ങളേയും ചുരുക്കമായിട്ടെങ്കിലും വിവരിക്ക എന്നതു്, ചുരുക്കിപ്പറകയാണെങ്കിൽ, വളരെ വളരെ വിഷമമായ കൃത്യംതന്നെയാണ്.

എങ്കിലും ഈ ഗുരുശിഷ്യന്മാരിൽ ഭഗവാൻ ശ്രീ ശ്രീരാമകൃഷ്ണദേവന്റെ ജീവചരിത്രവും, അദ്ദേഹത്തിന്റെ ഉപദേശങ്ങളും, തിരുവായ്മൊഴികളും മററും ഞങ്ങൾ, ഞങ്ങളാലാവതുപോലെ, ഇതിന്നു മുമ്പായിത്തന്നെ പുസ്തകരൂപേണ പ്രസിദ്ധം ചെയ്തിട്ടുണ്ടു്. അവയെ കഴിയുന്നത്രയും ലളിതവും സുഗമവും സമ്പൂർണ്ണവും ആക്കിത്തീർക്കുവാൻ വേണ്ടുന്നത്ര ശ്രമം ചെയ്തിട്ടും ഉണ്ടു്.

പിന്നീടാണ് “ശ്രീ വിവേകാനന്ദവിജയ” ഗ്രന്ഥാവലിയെ പ്രസിദ്ധപ്പെടുത്തുവാൻ തീർച്ചയാക്കിയതു്. അതനുസരിച്ചു് സ്വാമികളുടെ “യോഗപ്രസംഗങ്ങൾ” നാലും ആദ്യമായിത്തന്നെ തർജ്ജിമചെയ്തു് പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ഇപ്പോഴാകട്ടെ, “ശ്രീവിവേകാനന്ദചരിതം” എന്ന പേരിൽ സ്വാമികളുടെ ജീവചരിത്രം പ്രത്യേകമായും “ശ്രീ വിവേകാനന്ദവിജയം” എന്നപേരിൽ സ്വാമികളുടെ കൃതികൾ ഏഴു് പ്രത്യേകഭാഗങ്ങളായും ഇതാ സജ്ജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

“ശ്രീ വിവേകാനന്ദവിജയം” ഗ്രന്ഥാവലിയിലെ ഒന്നാം ഭാഗമാണ് ഈ പുസ്തകം. ഇതിൽ സ്വാമികളുടെ ഏതാനും

പ്രസംഗങ്ങളെ മാത്രമേ ഉൾപ്പെടുത്തീട്ടുള്ളൂ. വിവേകാനന്ദസ്വാമികളെ അധികംപേരും അറിയുന്നതു് ഒരു "അസാധാരണ വാചാലൻ" എന്ന നിലയിൽ ആണല്ലോ. അതിനാൽ സ്വാമികളെ വെളിവിൽ കൊണ്ടുവന്നതു്, അദ്ദേഹം വെളിവിൽ കൊണ്ടുവന്ന, പ്രസംഗങ്ങൾ തന്നെയാണെന്നു് പറയാം. ഭൌതികദാവാഗ്നിയിൽ വരണ്ടു്, ലൌകിക പ്രതിപത്തിയാകുന്ന മദ്യത്താൽമയങ്ങി, സംസാരചക്രത്തിൽ കുടുങ്ങി, കേവലം പ്രജ്ഞാഹീനന്മാരായി കഴിച്ചുകൂട്ടിയിരുന്ന പാശ്ചാത്യരേയും, എന്തിന്നു്, പൌരസ്ത്യരെക്കൂടിയും, തട്ടി ഉണർത്തിയ വേദാന്തഡിണ്ഡിമം സ്വാമികളുടെ പ്രസംഗങ്ങൾ ആണെന്നുള്ളതിന്നു് സംശയമില്ല. അതിനാൽ സ്വാമികളുടെ കൃതികളിൽ പ്രസംഗത്തിന്നു് തീച്ചയായും പ്രാഥമ്യം കല്പിക്കാവുന്നതാണു്. അതുകൊണ്ടുതന്നെയാണു് സ്വാമികളുടെ പ്രസംഗങ്ങൾക്കു് അനിതരസാധാരണമായ പ്രശസ്തിയും പ്രചാരവും സിദ്ധിച്ചിട്ടുള്ളതും. ഈ പ്രസംഗങ്ങളെ തർജ്ജിമചെയ്തു് സ്വായത്തമാക്കാത്ത ഭാഷകൾ ഇന്ത്യയിലും പാശ്ചാത്യരാജ്യങ്ങളിലും ഒട്ടുവളരെ ഉണ്ടെന്നു തോന്നുന്നില്ല. അതിനാൽ ഇതിനെത്രയോ മുമ്പായിത്തന്നെ ഈ പ്രസംഗങ്ങളെ മലയാളത്തിൽ തർജ്ജിമചെയ്തു് പ്രസിദ്ധം ചെയ്യേണ്ടതായിരുന്നു എന്നാണു് ഞങ്ങളുടെ പക്ഷം. "സ്വാമിയുടെ പ്രസംഗം" എന്നും പറഞ്ഞു് അവിടവിടെ ഓരോ ചെറിയ പുസ്തകങ്ങൾ ഓരോരിക്കൽ കാണുക ഉണ്ടായിട്ടുണ്ടെന്നല്ലാതെ, അവയെ ഒന്നായി കൂട്ടിച്ചേർത്തു് തർജ്ജിമചെയ്തു് പ്രസിദ്ധപ്പെടുത്തിയ ഒരു പുസ്തകം ഞങ്ങൾക്കു് ഇതേവരെ കാണ്മാൻ സാധിച്ചിട്ടില്ല. അതിനാൽ ഈ പ്രസ്ഥാനത്തിന്റെ ഔചിത്യത്തെപ്പററി ആരും സംശയിക്കയില്ലെന്നു് ഞങ്ങൾ പൂർണ്ണമായി വിശ്വസിക്കുന്നു.

ഇതിൽതന്നെ സ്വാമികളുടെ സുപ്രസിദ്ധങ്ങളായ ഏഴു പ്രസംഗങ്ങളെ മാത്രമേ തർജ്ജിമചെയ്തു് ചേർക്കുവാൻ സാധിച്ചിട്ടുള്ളൂ. അവ;

1. പാവനമായ ഭാരതവൎഷം—ഇതു് സ്വാമികൾ ഇന്ത്യയിൽ ചെയ്ത ഒന്നാമത്തെ പ്രസംഗമാണു്. ആദ്ധ്യാത്മികവിഷയത്തിൽ ഇന്ത്യയ്ക്കുള്ള പ്രാധാന്യത്തെ ഈ പ്രസംഗത്തിൽ സ്വാമികൾ വളരെ വിശദമായി വിവരിച്ചിട്ടുണ്ടു്.

2. വേദാന്തധൎമ്മം—ഇതു് ജാഫ്നായിൽവെച്ചു് ചെയ്ത ഒരു പ്രസംഗമാണു്. വേദാന്തധൎമ്മത്തിന്റെ, അതായതു്, ഹിന്ദുമതത്തിന്റെ, സർവ്വഭാഗങ്ങളേയും സ്പർശിക്കുന്ന അത്യുജ്ജ്വലമായ ഒരു വിവരണം ഇതിൽ അടങ്ങിയിരിക്കുന്നു.

3. ഇന്ത്യയിലെ പുണ്യാത്മാക്കൾ—ഈ പ്രസംഗം മദ്രാസിൽ വച്ചു ചെയ്തതാണു്. വൈദികധൎമ്മപരിണാമത്തിന്റെ ഒരു സംക്ഷിപ്തചരിത്രം ഇതിൽ കാണാം.

4. എന്റെ ആചാൎയ്യദേവൻ...അമേരിക്കയിൽ ചെയ്ത ഒരു കെങ്കേമൻ പ്രസംഗം. ഭഗവാൻ ശ്രീരാമകൃഷ്ണദേവന്റെ ജീവചരിത്രവും അദ്ദേഹത്തിന്റെ ജീവിതം ആൎയ്യധൎമ്മതത്വങ്ങളെ ഏതുപ്രകാരം ദൃഷ്ടാന്തീകരിച്ചിരിക്കുന്നു എന്നും ഇതിൽ വിവരിച്ചിട്ടുണ്ടു്.

5. ഹിന്ദുമതം—ചിക്കാഗോ മഹാസഭയിൽ സ്വാമികൾ വായിച്ച ഉപന്യാസം. ഹിന്ദുമതവൈശിഷ്ട്യത്തെ ഇതിൽ ഭംഗിയായി വിവരിച്ചിരിക്കുന്നു.

6. ഹിന്ദുവനിതകൾ—കാലിഫോർണിയായിൽ വെച്ചു്, സംഭാഷണമദ്ധ്യേ, ഹിന്ദുസ്ത്രീകളെപ്പററി കേൾക്കണം എന്നുള്ള ചിലരുടെ അവശ്യപ്രകാരം ചെയ്ത പ്രസംഗമാണിതു്. ഹിന്ദുസ്ത്രീകളെപ്പററി ചിന്തനീയങ്ങളായ

പല ഗൌരവസംഗതികളും ഇതിൽ അടങ്ങിയിരിക്കുന്നു. ഈ പ്രസംഗം ഇതേവരെ ഇന്ത്യയിൽ പ്രസിദ്ധംചെയ്തിട്ടില്ല.

7. ആത്മാവും, പ്രകൃതിയും, ഈശ്വരനും—യൂറോപ്പിൽ ചെയ്ത ഒരു പ്രസംഗം. ആദ്ധ്യാത്മികമായ പല സംഗതികളും ഈ പ്രസംഗത്തിൽ വളരെ യുക്തിയുക്തമായി വിവരിച്ചിട്ടുണ്ട്.

ഇങ്ങിനെ ഈ ഏഴു പ്രസംഗങ്ങളും അതാതിൻെറ സ്ഥാനത്തു് പ്രാധാന്യം കൂടിയവതന്നെ ആകുന്നു. "പ്രാധാന്യം കൂടുതൽ" എന്നു് പറഞ്ഞതുകൊണ്ടു് മററു പ്രസംഗങ്ങൾക്കു് പ്രാധാന്യക്കുറവുണ്ടെന്നു് ആരും തെററി ധരിച്ചുപോകരുതു്. ഇവയെപ്പോലെതന്നെയൊ, അഥവാ ഇവയെക്കാളൊ പ്രാധാന്യമുള്ളവ വേറെയും അനേകം ഇല്ലായ്കയില്ല. എന്നാൽ അവയെയെല്ലാം തർജ്ജിമചെയ്തു് ചേർക്കുന്നതായാൽ പുസ്തകത്തിൻെറ വലിപ്പം സാമാന്യത്തിലധികമായി വർദ്ധിച്ചുപോകുമെന്ന ഭയത്താൽ അവയെ തല്ക്കാലം ഇതിൽ ഉൾപ്പെടുത്തീട്ടില്ലെന്നു മാത്രമേ ഉള്ളു. ഈ പ്രസിദ്ധീകരണം, ഞങ്ങൾ ഉദ്ദേശിക്കുന്നപ്രകാരം, വായനക്കാൎക്കു് രുചികരമായിത്തീരുന്നുണ്ടെന്നുവരികിൽ അടുത്തപതിപ്പിൽ ഞങ്ങൾ മററുള്ളവയേയും തർജ്ജിമചെയ്തു് ചേർക്കുവാൻ നിശ്ചയിച്ചിട്ടുണ്ടു്.

ഭാഷ എത്രയും ലളിതമായിരിക്കുവാൻ കഴിയുന്നതും ശ്രമം ചെയ്യാതിരുന്നിട്ടില്ല. എന്നാൽ താല്ക്കാലികങ്ങളായ ഏതാനും പ്രതിബന്ധങ്ങളാൽ അച്ചടിയിൽ വേണ്ടതുപോലെ ശ്രദ്ധിക്കുവാൻ സാധിക്കാതായിപ്പോയതുകൊണ്ടു് ഏതാനും അച്ചടിപ്പിഴകൾ ഇതിൽ അവിടവിടെയായിക്കടന്നുകൂടിനില്പുണ്ടു്. വായനക്കാർ അവയെ സദയം തിരുത്തി വായിക്കാറാകണമെന്നു് അപേക്ഷിച്ചുകൊണ്ടും അടുത്തപതിപ്പിൽ

അവയെ നിശ്ശേഷം തീൎത്തുകൊള്ളാമെന്നു് പ്രതിജ്ഞചെയ്തു കൊണ്ടും ഈ പ്രസ്ഥാനം കേരളീയരുടെ അദ്ധ്യാത്മികാഭിവൃദ്ധിക്കു് തെല്ലുപോലും സഹായമായിത്തീരുന്നു എങ്കിൽ അതു തന്നെ ഞങ്ങളുടെ ഈ വലിയ പരിശ്രമത്തിന്നു് മതിയായ പ്രതിഫലമായിരിക്കുന്നതാണു് എന്നു് പ്രസ്താവിച്ചുകൊണ്ടും തല്ക്കാലം ഈ മുഖവുരയെ ഉപസംഹരിച്ചുകൊള്ളുന്നു.

കൊല്ലം
1—8—1102. } പ്രസാധകന്മാർ.

# വിഷയവിവരം.

പാവനമായ ഭാരതവൎഷം . . . . 1.

വേദാന്തധൎമ്മം . . . . . . 23.

ഇന്ത്യയിലെ പുണ്യാത്മാക്കൾ . . . . 54.

എന്റെ ആചാൎയ്യദേവൻ . . . . . 83.

ഹിന്ദുമതം . . . . . . 150.

ഹിന്ദുവനിതകൾ . . . . . 179

ആത്മാവും, പ്രകൃതിയും, ഈശ്വരനും . . 221.

## ശ്രീരാമകൃഷ്ണചരിതാമൃതഗ്രന്ഥാവലി.

| | |
|---|---|
| ഒന്നാംഭാഗം—ജീവചരിത്രം. | |
| ബാലകാണ്ഡം (കിശോരഭാവം) | 12 അണ. |
| സുന്ദരകാണ്ഡം (സാധകഭാവം) | 12 ണ. |
| ഉത്തരകാണ്ഡം (ആചാൎയ്യഭാവം) | 12 ണ. |
| മൂന്നുഭാഗങ്ങളുംകൂടി | 2 ക. |
| രണ്ടാംഭാഗം—തത്വോപദേശകഥകൾ | 8 ണ. |
| ൩-ാംഭാഗം—മഹാവാക്യങ്ങൾ | 12 ണ. |
| ൪-ാം ൫-ാം ൬-ാം ഭാഗങ്ങൾ—ഉപദേശങ്ങൾ | 8 ണ. |

## വിവേകാനന്ദവിജയഗ്രന്ഥാവലി.

| | |
|---|---|
| ൧-ാംഭാഗം—പ്രസംഗങ്ങൾ | 12 ണ. |
| ൨-ാംഭാഗം—ആദേശവാണികൾ | 1 ക. |
| ൩-ാംഭാഗം—ലേഖനങ്ങൾ | 12 ണ. |
| ൪-ാംഭാഗം—ഉപദേശങ്ങൾ | 6 ണ. |
| ൫-ാംഭാഗം—സംഭാഷണങ്ങൾ | 8 ണ. |
| ൬-ാംഭാഗം—കത്തുകൾ | 8 ണ. |
| ൭-ാംഭാഗം—കവിതകൾ | 2 ണ. |

## യോഗപ്രസംഗങ്ങൾ.

| | |
|---|---|
| ഭക്തിയോഗം | 12 ണ. |
| കൎമ്മയോഗം | 12 ണ. |
| രാജയോഗം | 2 ക. |
| ജ്ഞാനയോഗം | 2 ക. |
| മനഃശക്തി | 2 ണ. |
| വിവേകാനന്ദചരിതം | 8 ണ. |

2 MAY 19

ശ്രീ

# വിവേകാനന്ദവിജയം.

## ഒന്നാം പുസ്തകം.

## പ്രസംഗങ്ങൾ.

---

### പാവനമായ ഭാരതവർഷം.

---

1897 ജനുവരിമാസം 15-ാംനു സ്വാമികൾ പ്രിൻസ് റീജിയൻറ് ലൂയിട്ട്പോൾഡ എന്ന കപ്പലിൽ കളമ്പിൽ വന്നിറങ്ങി. അദ്ദിക്കുകാർ സ്വാമിയെ അതികേമമായിസ്വീകരിച്ചു് ഒരു മംഗളപത്രം സമർപ്പിച്ചു. സ്വാമികൾ അതിന്നു ചുരുക്കത്തിൽ ഒരു മറുപടി പറഞ്ഞതേയുള്ളു. കളമ്പിൽ സ്വാമികൾ "സിനമൺ ഗാർഡൻ" എന്ന സ്ഥലത്താണു് വിശ്രമിച്ചതു്. അതിന്നുശേഷം ആ ബങ്കളാവിന്നു "വിവേകാനന്ദ മന്ദിരം" എന്നാണു് പേർ സിദ്ധിച്ചിട്ടുള്ളതു്. പിറേറന്നു് അതായതു പതിനാറാം തീയതി സ്വാമികൾ സ്ഥലത്തെ ഫ്ളോറൽ ഹാളിൽവെച്ചു് താഴെ കാണിക്കുംപ്രകാരം ഒരു പ്രസംഗംചെയ്തു. പ്രസംഗ വിഷയം പാവനമായ ഭാരതവർഷം എന്നായിരുന്നു.

"ഞാൻ പാശ്ചാത്യരാജ്യങ്ങളിൽ അല്പമായ വല്ല പ്രവൃത്തിയും ചെയ്തിട്ടുണ്ടെങ്കിൽ തന്നെ അതു എന്നിലുള്ള യാതൊരു ശക്തിയുടേയും ഫലമായിട്ടുള്ളതല്ല. എനിക്കു് ഏററവുംപ്രിയപ്പെട്ടതും പുണ്യമേറിയതുമായ ഈ മാതൃഭൂമിയിൽ നിന്നു് എൻെറ കാലടികളെ തുടൎന്നു് പാശ്ചാത്യരാജ്യങ്ങളിലേയ്ക്കു

പോന്ന ആഹ്ലാദവും അശംസയും അനുഗ്രഹവും ആണ് അതിന്നെല്ലാം കർത്താവ്. പാശ്ചാത്യരാജ്യങ്ങളിൽ ചില ഗുണകൃത്യങ്ങളെല്ലാം ചെയ്തിട്ടുണ്ടെന്നുള്ളതിന്നു വാദമില്ല. എന്നാൽ എന്നെ സംബന്ധിച്ചേടത്തോളം മാത്രം പറയുകയാണെങ്കിൽ, മുമ്പ് താൽക്കാലിക സ്തോഭങ്ങളെക്കൊണ്ടു മാത്രം ഉണ്ടായതോ എന്നു സംശയിക്കപ്പെടേണ്ടതായ പല മനോധാരണകൾക്കും ഇപ്പോഴയ്ക്കു ഉറപ്പും അതനുസരിച്ചു പ്രവർത്തിക്കുവാനുള്ള ധൈര്യവും ശക്തിയും ഉണ്ടായിട്ടുണ്ടെന്നുള്ളതിന്നു സംശയമില്ല. നിങ്ങളുടെ ബഹുമാനപ്പെട്ട അഗ്രാസനാധിപതി നിങ്ങളോട് ഇപ്പോൾ പറഞ്ഞതപോലെയും എല്ലാ ഹിന്ദുക്കളും വിചാരിക്കുന്നതുപോലെയും ഈ ഭൂമി പുണ്യഭൂമി തന്നെയാണ്, കർമ്മഭൂമി തന്നെയാണ് എന്നു മുമ്പ് ഞാനും വിചാരിച്ചതായിരുന്നു. ആ വിശ്വാസത്തിന്നു ഇന്ന് ദൃഢത വർദ്ധിച്ചു. ഞാൻ ഇന്ന് നിങ്ങളുടെ മുമ്പിൽനിന്നുകൊണ്ടു ആത്മവിശ്വാസത്തോടുകൂടി ഇതാ "അതു അങ്ങിനെതന്നെയാണ്" എന്നു ഉറപ്പുപറയുന്നു. പുണ്യഭൂമിയാണെന്നുലോകത്തിൽഏതെങ്കിലും ഒരു രാജ്യത്തിന് ഘോഷിക്കാമെന്നുണ്ടെങ്കിൽ,ലോകത്തിലുള്ള സർവ്വ ജീവാത്മാക്കളും തങ്ങളുടെ കർമ്മഫലം അനുഭവിക്കേണ്ടതിന് തന്നിൽവരേണമെന്നു് വല്ല രാജ്യത്തിന്നും അഭിമാനിക്കാമെന്നുണ്ടെങ്കിൽ, ഈശ്വരൻ പ്രതിയാനം ചെയ്യുന്ന ആത്മാക്കൾക്കെല്ലാം അതിന്റെ പരമാവധിസ്ഥാനത്തെ അടയേണ്ടതിന്നു തന്നിൽ വരേണമെന്നു് വല്ല രാജ്യത്തിന്നും ഉൽഘോഷിക്കാമെന്നുണ്ടെങ്കിൽ, ജ്ഞാനം ദയ പരിശുദ്ധത സമാധാനം ഇവകളുടെയെല്ലാം അത്യുൽകൃഷ്ടസ്ഥാനത്തെ മനുഷ്യജന്മികൾ അടഞ്ഞതു് തന്നിൽനിന്നാണെന്നു് വല്ലരാജ്യത്തിന്നും ഘോഷിക്കാം എന്നുണ്ടെങ്കിൽ, അത്രതന്നേയുമല്ല,ആത്മജീവിതത്തിന്റേയും ജ്ഞാനത്തിന്റേയും നിലയറ താൻ മാത്രമാകുന്നു എന്നു വല്ല രാജ്യത്തിന്നും അഭിമാനിക്കാമെന്നുണ്ടെങ്കിൽ, അതു്, അങ്ങിനെ ഘോഷിക്കുവാനും അഭിമാനിക്കുവാനും കഴിയുന്നതു് ഇന്ത്യയ്ക്കു്—നമ്മുടെ പാവനമായ ഭാരതവർഷത്തിന്നു്--മാത്രമാകുന്നു. സനാ

തനവും പരിശുദ്ധവുമായ ആത്മീകതത്വ പ്രവാഹങ്ങളിൽ ലോകത്തെ വീണ്ടും വീണ്ടും മജ്ജനം ചെയ്യിച്ചുകൊണ്ട്, ഏററവും പ്രാചീനകാലം മുതൽക്കു തന്നെ മതസ്ഥാപകന്മാർ പുറപ്പെട്ടിട്ടുള്ളതും ഇവിടെനിന്നായിരുന്നു. കിഴക്കും പടിഞ്ഞാറും തെക്കും വടക്കും എല്ലാം ഒരുപോലെ പ്രവഹിച്ചു ഭൂമിയെ പരിരംഭണം ചെയ്തുകാണുന്ന തത്വജ്ഞാനകല്ലോലങ്ങളും ഉത്ഭവിച്ചിട്ടുള്ളതു ഇവിടെനിന്നു തന്നെ. ലോകത്തിൽ ഭൌതികസംബന്ധമായി കാണപ്പെടുന്ന പരിഷ്കാരങ്ങളെ ദൈവികമാക്കി ചെയ്യാനുള്ള മഹാശക്തിയുടെ വിജൃംഭണവും ഇനിയും ഇവിടെനിന്നുതന്നെയാണ് പുറപ്പെടേണ്ടതും. മററുരാജ്യങ്ങളിൽ ലക്ഷോപലക്ഷം ജനങ്ങളുടെ ഹൃദയങ്ങളെ നിരന്തരം തപിപ്പിച്ചുകൊണ്ടിരിക്കുന്ന ഭൌതികപ്രേമദാവാഗ്നിയെ ശമിപ്പിക്കുവാനുള്ള മൃതസഞ്ജീവിനി തീർത്ഥത്തിൻെറ സങ്കേതസ്ഥാനവും ഇതുതന്നെയാകുന്നു. എൻെറ പ്രിയ സുഹൃത്തുക്കളെ! ഇതു സംഭവിക്കുവാൻ പോകുന്നു എന്നു് നിങ്ങൾ പൂർണ്ണമായി വിശ്വസിച്ചുകൊള്ളുവിൻ.

ഇത്രയും ഞാൻ അറിഞ്ഞിട്ടുള്ള സംഗതിയാണ്. നിങ്ങളിൽ ചരിത്രജ്ഞാനമുള്ളവർക്കും ഈ സംഗതി മനസ്സിലായിരിക്കണം. ലോകം നമ്മുടെ മാതൃഭൂമിക്ക് ബാദ്ധ്യതപ്പെട്ടിട്ടുള്ള കടമ ഏററവും വലിയതായ ഒന്നാകുന്നു. ഓരോരോ രാജ്യങ്ങളേയും വെവ്വേറെ എടുത്ത് താരതമ്യപ്പെടുത്തി നോക്കുന്നതായാൽ, ലോകത്തിലുള്ളവരെല്ലാം ഈ "ശാന്തഹിന്ദു"*വിനു—സാത്വിക ഹിന്ദുവിനു—കടപ്പെട്ടപോലെ ബാക്കി ആർക്കും തന്നെ കടപ്പെട്ടിട്ടില്ലെന്നു് കാണാകുന്നതാണ്. ശാന്തനായ ഹിന്ദു എന്നു് നമ്മെ പലപ്പോഴും അന്യന്മാർ ഹാസ്യമായി വിളിക്കാറുണ്ടല്ലോ. വല്ല സംഗതിയിലും ഹാസ്യം ഒരു തത്വത്തെ അനുഷ്ഠാനം ചെയ്തിട്ടുണ്ടെന്നു വരികിൽ ആ ഹാസ്യം

---

* പാശ്ചാത്യർ ഹിന്ദുക്കളെ അഗണ്യമാക്കി ചുണയില്ലാത്തവരെന്ന അർത്ഥത്തിൽ പരിഹാസമായി "The mild Hindu" എന്നു് വിളിക്കാറുണ്ട്.

"ശാന്തഹിന്ദു" വിൽ തന്നെയാണുള്ളതു്. ഇതിന്നുള്ള കാരണം ഹിന്ദുക്കൾ എല്ലായ്പോഴും ഈശ്വരനാൽ അനുഗ്രഹിക്കപ്പെട്ടവരായ സന്താനങ്ങൾ ആയിരിക്കുന്നതു തന്നെയാണു്. അന്യരാജ്യങ്ങളിലാകട്ടെ നാഗരികതയുടെ ഉദയം പലപ്പോഴും ഉണ്ടായിട്ടുണ്ടു്. ശക്തിമത്തുക്കളും മഹത്തുക്കളുമായ ജനസമുദായങ്ങളിൽ നിന്നു് പുരാതന കാലങ്ങളിലും ഇക്കാലത്തും വലിയ വലിയ വിജ്ഞാനകോടികൾ ഉത്ഭവിച്ചതായും കാണാകുന്നതാണു്. ഒരു ജനസമുദായത്തിൽ നിന്നു് മറെറാരു ജനസമുദായത്തിലേയ്ക്കു് ജ്ഞേയങ്ങളായ ആശയവിശേഷങ്ങൾ പുരാതനകാലങ്ങളിലും ഇക്കാലത്തും പ്രവഹിച്ചുകൊണ്ടിരുന്നിട്ടും ഇരിക്കുന്നതും ഉണ്ടു്. അഭ്യുന്നതിയെ പ്രാപിച്ചുകൊണ്ടിരിക്കുന്ന ജനസമുദായത്തിന്റെ ജീവനായ സമുദ്രത്തിലെ തിരമാലകൾ വലിയ വാസ്തവങ്ങളുടേയും മഹൽശക്തികളുടേയും ബീജങ്ങളെ അന്യകരകളിൽ പുരാതനകാലത്തും ഇക്കാലത്തും അടിച്ചു കയററിക്കൊണ്ടിരുന്നിട്ടും ഇരിക്കുന്നതും ഉണ്ടു്. എന്നാൽ എന്റെ സുഹൃത്തുക്കളെ! ഇതിലെല്ലാം നിങ്ങൾ മുഖ്യമായി ഒന്നാലോചിക്കേണ്ടതായിട്ടുണ്ടു്, ഇങ്ങിനെയെല്ലാം പരിണമിച്ചതു രണഭേരികളുടെ ശബ്ദകോലാഹലത്തോടു കൂടിയോ കതിരച്ചേവകന്മാരുടെ ഹുങ്കാരനാദത്തോടുകൂടിയോ മാത്രമേ ആയിരുന്നുള്ളു. അവക ഓരോ ആശയവിശേഷങ്ങളും രക്തപ്രവാഹത്തിൽ മജ്ജനംചെയ്യേണ്ടിവന്നു. ഓരോ ആശയവിശേഷങ്ങളും പ്രിയസഹോദരങ്ങളുടെ രക്തസരിത്തിൽ നീന്തിത്തുടിക്കേണ്ടിവന്നു. ഓരോശക്തിമത്തായ വാക്യവും നൂറുനൂറായിരം ജനങ്ങളുടെ ആർത്ത സ്വരത്താലും പൈതങ്ങളുടെ ദീനാക്രന്ദനങ്ങളാലും വിധവകളുടെ അശ്രുപ്രവാഹത്തോടു കൂടിയ പ്രലാപങ്ങളാലും ആതിത്ഥ്യം ചെയ്യപ്പെട്ടവയായി. ഇതാണു് മററു സമുദായങ്ങൾ മുഖ്യമായി നമ്മെ പഠിപ്പിച്ചിട്ടുള്ളതു്. ഇതുതന്നെയാണു് നാം കാര്യമായി മററുള്ളവരിൽനിന്നു പഠിച്ചിട്ടുള്ളതും. എന്നാൽ ഇന്ത്യയാകട്ടെ നൂറുനൂറായിരം സംവത്സരങ്ങളായി ശാന്തജീവിതത്തെ തന്നെയാണു്—സാത്വിക

ജീവിതത്തെത്തന്നെയാണു് — നയിച്ചുവരുന്നതു്. ഒരു കാലത്തു ലോകത്തിലെങ്ങും സുപ്രസിദ്ധമായിരുന്ന ഗ്രീസ്സുരാജ്യം സ്ഥാപിക്കപ്പെട്ടുവാൻ തുടങ്ങുന്നതിന്നു മുമ്പായും, ഒരു കാലത്തു് ലോകത്തിലെല്ലാംവെച്ചു പ്രാധാന്യംകൂടിയിരുന്ന റോമാപുരി ആലോചനാമാർഗ്ഗത്തിൽ പോലും കരുപ്പിടിക്കുവാൻ തുടങ്ങുന്നതിന്നുമുമ്പായും, ഇക്കാലത്തെ ആധുനികപരിഷ്കാരികളുടെ മുത്തച്ഛന്മാർ ദേഹമാസകലം നീലം പൂശി വനാന്തരങ്ങളിൽ മൃഗപ്രായന്മാരായി അലഞ്ഞുതിരിഞ്ഞിരുന്ന കാലത്തിന്നു മുമ്പായിക്കൂടിയും ഇന്ത്യയുടെ ഉൽകൃഷ്ടത, ഇന്ത്യയുടെ ഉണർച്ച, ശ്രേഷ്ഠത, പ്രാബല്യത്തെ പ്രാപിച്ചതായിത്തന്നെ ഇരുന്നിരുന്നു. എന്തിന്നു വളരെപ്പറയുന്നു, അതിന്നു മുൻകാലത്തുകൂടിയും, അതായത്തു ചരിത്രത്തിന്നു് വിഷയമാകാത്തതും ഐതിഹ്യത്തിന്നു കൂടെ ഉള്ളിൽ കടക്കുവാൻ പ്രവേശനദ്വാരം അനുവദിക്കാത്തവിധം അത്രയ്ക്കു നിബിഡമായ പ്രാചീനാന്ധകാരത്താൽ പരിവേഷ്ടിതവും ആയ ആ പുരാതനകാലത്തും, അക്കാലം തുടങ്ങി ഇന്നേവരെയും ഇന്ത്യയിൽനിന്നു അത്യുത്തമങ്ങളായ വിജ്ഞാനാശയങ്ങൾ സമാധാനത്തെ മുൻനിർത്തിയും അനുഗ്രഹത്തെ പിൻനിർത്തിയും ഓരോരോന്നായി പ്രവഹിച്ചുകൊണ്ടു തന്നെ ഇരുന്നിട്ടുണ്ടു്. ലോകത്തിലുള്ള എല്ലാ സമുദായങ്ങളിലുംവെച്ചു്, യുദ്ധം ചെയ്തു് രാജ്യം സമ്പാദിക്കാതെ ഇരുന്നിട്ടുള്ളവർ നമ്മൾ മാത്രമേയുള്ളൂ. ആ ഒരു അനുഗ്രഹം നമ്മൾക്കുണ്ടു്. നാം ഇന്നും നശിക്കാതെ ഇരിക്കുന്നതും അതുകൊണ്ടുതന്നെയാണു്. ഗ്രീക്കു ഭടന്മാരുടെ യാത്രാഘോഷാരവം കേൾക്കുന്ന മാത്രയിൽ ലോകം വിറച്ചുപോയിരുന്ന ഒരു കാലം ഉണ്ടായിരുന്നു. തന്റെ പൂർവ്വ ഖ്യാതിയെ വർണ്ണിക്കുന്ന ഒരു ചെറു കഥയെപ്പോലും നില നിർത്താത്ത ഗ്രീക്കുകാരുടെ ആ പ്രാചീനലോകം ലോകരംഗത്തിൽ നിന്നു ഇപ്പോഴയ്ക്കു് നിശ്ശേഷം മറഞ്ഞുപോയില്ലയോ. ഈ ലോകത്തിൽ സ്വീകാരയോഗ്യമായി വല്ലതും ഉണ്ടെങ്കിൽ അവയെല്ലാം ഉപരിയായി "റോമപുരിയിലെ കഴുകൻ" (റോമൻകാരുടെ

കൊടിഅടയാളം കഴുകനാണ്) പറന്നുകൊണ്ടിരുന്നതായും ഒരുകാലം ഉണ്ടായിരുന്നില്ലേ. റോമൻശക്തി സർവ്വത്ര വ്യാപിക്കുകയും സർവ്വരും അതിനെ ബഹുമാനിക്കുകയും കൂടെ ചെയ്തിരുന്നില്ലേ. എന്തിനു് വളരെ പറയുന്നു; "റോമൻ" എന്ന ശബ്ദം ലോകത്തെ കിടുകിടവിറപ്പിക്കുകതന്നെ ചെയ്തിരുന്നില്ലയൊ? എന്നിട്ടോ! ഇന്ന് അതെല്ലാം എവിടെ പോയി! ഒരുകാലത്തു് ലോകപ്രസിദ്ധമായിരുന്ന "കാപ്പിത്തോലിയൻ പർവ്വതം" ഇന്ന് നാശം കട്ടപിടിച്ചപോലെയായിക്കഴിഞ്ഞു. (പഴയ റോമാപുരിയുടെ തലസ്ഥാനമായിരുന്ന കാപ്പിത്തോലിയൻ പർവ്വതം.) സീസർ ചക്രവർത്തികൾ ഇരുന്നു രാജ്യഭാരം ചെയ്തിരുന്നേടത്തു് ഇപ്പോൾ അതാ എട്ടുകാലികൾ നിർഭയം വലകെട്ടിക്കൊണ്ടിരിക്കുന്നു. കുറച്ചുകാലത്തേയ്ക്കു മാത്രം വളരെ കോലാഹലത്തോടും ഗൌരവത്തോടും പ്രതാപത്തോടും ആർഭാടത്തോടും കൂടി രാജ്യപരിപാലനമെല്ലാം നടത്തി, നിർമ്മർയ്യാദമായ സാമുദായിക ജീവിതത്തേയും നയിച്ചു് വെള്ളക്കുമിളകൾപോലെ മറുനിമിഷത്തിൽ നശിച്ചു് നാമാവശേഷമായിപ്പോയ മററു സമുദായങ്ങളും ഏറെക്കുറെ ഉണ്ടായിട്ടുണ്ടു്. മനുഷ്യസമുദായരംഗത്തിൽ അവർ അടയാളപ്പെട്ടത്തിയിരിക്കുന്നതു് അങ്ങനെയാണു്. എന്നാൽ നമ്മളാകട്ടെ തീരെ അങ്ങിനെയല്ല; നാം എന്നെന്നും ജീവിക്കുന്നു. പുരാതനസ്മൃതികളുടെ ത്താവായ നമ്മുടെ മനു ഇന്നു് ഇവിടെ വന്നു നോക്കുകയാണെങ്കിൽ അദ്ദേഹത്തിന്നു് യാതൊരു പുതുമയും ആശ്ചര്യവും ഉണ്ടാകുവാൻ തരമില്ല. അദ്ദേഹം ഒരു വിദേശത്തിലാണു് വന്നിരിക്കുന്നതു്, എന്നു് ഒരിക്കലും ശങ്കിച്ചുപോകുകപോലും ഇല്ല. അതേ നിയമങ്ങൾ—ആയിരമായിരം സംവത്സരങ്ങൾക്കു മുമ്പേ ശരിപ്പെടുത്തിയതും ഏറ്റെപ്പട്ടത്തിയതുമായ അതേ നിയമങ്ങൾ— തന്നെ ഇന്നും നിലനില്ക്കുന്നു. അതേ ആചാരങ്ങൾ—അനാദിയായകാലം തുടങ്ങി മനുഷ്യരുടെ പഴക്കം കൊണ്ടും പരിചയം കൊണ്ടും രൂപീകരിക്കപ്പെട്ട അതേ ആചാരങ്ങൾ അതാ ഇന്നും നിലനില്ക്കുന്നു. കാലഗതിക്കനുസരിച്ചു് നിർഭാഗ്യവശേ

ണയുള്ള അനേക പ്രഹരങ്ങൾ അവയുടെ മസ്തകങ്ങളിൽ ഏല്ക്കേണ്ടതായി വന്നിട്ടുണ്ട്. എങ്കിലും അതുകൊണ്ട് ഒരു ഫലം മാത്രം—അതായതു്, അത്രത്തോളം അവകൾ ബലവത്തുക്കളായിത്തീൎന്നു എന്ന ഒരു ഫലം മാത്രം—ആണ് ഉണ്ടായിട്ടുള്ളതു്. എല്ലാററിനും കേന്ദ്രസ്ഥാനം, സമുദായമാകുന്ന അവയവങ്ങൾക്ക് രക്തത്തെ കൊടുക്കുന്ന ജീവസമുദായഹൃദയം, സാമുദായിക ജീവിതത്തിന്റെ ജീവനാഡി, നമ്മുടെ ഈ രാഷ്ട്രം മാത്രമത്രെ ആകുന്നതു്. ഈ പരമാൎത്ഥം ഞാൻ എന്റെ ലോകപരിചയം കൊണ്ട് നല്ലപോലെ മനസ്സിലാക്കിയിരിക്കുന്നു. ലോകത്തിലുള്ള അന്യ രാഷ്ട്രക്കാരുടെ ഇടയിൽ മതം മററനേക തൊഴിലുകളുടെ കൂട്ടത്തിൽ ഒന്നേ ആകുന്നുള്ളു. അന്യരാജ്യങ്ങളിലാകട്ടെ, രാജ്യതന്ത്രജ്ഞത ധാരാളം കാണാം; സാമുദായിക സുഖാനുഭവോപായങ്ങൾ എത്രയെങ്കിലും ഉണ്ട്; ദ്രവ്യംകൊണ്ട് സമ്പാദിക്കുവാനും ശക്തികൊണ്ട് സംരക്ഷിക്കുവാനും കഴിയുന്നതെല്ലാം ധാരാളം; ഇന്ദ്രിയങ്ങൾക്ക് അനുഭവിക്കുവാനുള്ള വിഷയങ്ങൾ സുഭിക്ഷം. ഇങ്ങിനെ നാനാവിധ ജീവിതോപായ കോലാഹലങ്ങൾക്കിടയിൽ—ഇന്ദ്രിയങ്ങളെ സാധാരണയുള്ളതിലും അല്പം മാത്രം ഒന്നുകൂടെ സുഖപ്പെടുത്തുവാനുള്ള ഈ മഹാന്ധകാര കോലാഹലങ്ങൾക്കിടയിൽ—പക്ഷെ അല്പം, ഒരു ശകലം മതം കൂടെ കണ്ടേയ്ക്കുമോ എന്നു് സംശയം. എന്നാൽ ഇവിടെ ഇന്ത്യയിൽ ആകട്ടെ മതമത്രെ മനുഷ്യരുടെ മുഖ്യവും ഏകവും ആയ ജീവിതോദ്ദേശ്യം. ചൈനക്കാരും ജപ്പാൻകാരും തമ്മിൽ ഒരുഭയങ്കരരണമുണ്ടായ വിവരം അറിവുള്ളവർ നിങ്ങളുടെ ഇടയിൽ എത്രപേരുണ്ട്? ഉണ്ടെങ്കിൽ തന്നെ രണ്ടോ നാലൊ പാശ്ചാത്യസമുദായത്തെ കേവലം ഉച്ഛ്വവക്കുവാൻ ശ്രമിക്കുന്നതായി, രാജ്യഭരണവിഷയമായും സാമുദായികപരമായും എന്തെല്ലാം കോലാഹലങ്ങൾ ആ രാജ്യങ്ങളിൽ നടക്കുന്നുണ്ടെന്നു് നിങ്ങൾക്കാൎക്കെങ്കിലും അറിയാമോ? അറിയുന്നവരായി വല്ലവരും ഉണ്ടെങ്കിൽ തന്നെ അവരുടെ സംഖ്യ എത്ര തുച്ഛം! എന്നാൽ അമേരി

ക്കയിൽ ഒരു മതവിഷയ മഹായോഗം ഉണ്ടായിരുന്നു എന്നും അതിലേയ്ക്കു് ഒരു ഹിന്തുസന്യാസിയെ അയച്ചിട്ടുണ്ടായിരുന്നു എന്നും ഉള്ള വിവരങ്ങൾ ഇവിടെ ഒരു കൂലിവേലക്കാരന്നു പോലും അറിവുണ്ടെന്നുകണ്ടു് എനിക്കു വല്ലാതെ അതിശയം തോന്നുന്നു. നമ്മുടെ മനോഗതി ഏതുപ്രകാരമാണു് ഇരിക്കുന്നതെന്നു് ഇതിൽ നിന്നു് നല്ലപോലെ മനസ്സിലാക്കാകുന്നതാണല്ലോ. സാമുദായികജീവന്റെ സ്ഥാനം എവിടെയാകുന്നു എന്നുള്ളതു് ഇതു തന്നെ കുറിക്കുകയും ചെയ്യുന്നു. നമ്മുടെ അജ്ഞാനത്തെ പററി പശ്ചാത്താപിക്കുന്ന നാട്യത്തിൽ, ലോകമാസകലം ഉഴഞ്ഞു നടക്കുന്ന ചില പാശ്ചാത്യ സഞ്ചാരികൾ എഴുതിയ ചില പുസ്തകങ്ങൾ ഞാൻവായിക്കുക ഉണ്ടായിട്ടുണ്ടു്. അപ്പോൾ ആവക പുസ്തകങ്ങളിൽ വിവരിച്ചിട്ടുള്ള സംഗതികളിൽ ഒട്ടൊക്കെ പരമാൎത്ഥവും ഉണ്ടെന്നു് എനിക്കു തോന്നിപ്പോകുക ഉണ്ടായിട്ടുണ്ടു്. ഇംഗ്ലാണ്ടിലൊ അമേരിക്കയിലൊ ജൎമ്മനിയിലൊ ഫ്രാൻസിലൊമററൊ ചെന്നു് "നീ ഏതു് സംഘക്കാരനാണു്" എന്നു് വയലിൽ ഉഴുതുകൊണ്ടു നില്ക്കുന്നവനോടുപോലും ചോദിച്ചാൽ "അവൻകൂടി" അവൻ റാഡിക്കൽ, കൺസർവേററീവു് * മുതലായുള്ള തരങ്ങളിൽ ഇന്നതിൽ ഉൾപ്പെട്ടവനാണെന്നും അവൻ ഇന്ന ആൾക്കാണു് വോട്ടുകൊടുക്കുവാൻ നിശ്ചയിച്ചിട്ടുള്ളതെന്നും മററും പറയുവാൻ സാധിക്കുന്നതായിരിക്കും. അമേരിക്കയിൽ ആണെങ്കിൽ അവൻ ഒരു റിപ്പബ്ലിക്കനൊ, ഡിമൊക്രാറെറാ ആരാണെന്നു് അവന്നു് അറിയാം. എന്നു മാത്രമല്ല വെള്ളിനാണയവാദത്തെപ്പററിക്കൂടെ കുറെയെല്ലാം വിവരം അവന്നു് ഉണ്ടാകാതിരിക്കയില്ല. (റിപ്പബ്ലിക്കൻ=രാജ്യഭരണം ഒരാൾ തന്നെ

---

* ഈവക രാജ്യങ്ങളിലെ ജനങ്ങൾ രാജ്യഭരണ വിഷയത്തിലുള്ള അല്പങ്ങളായ ഏതാനും വ്യത്യാസാഭിപ്രായങ്ങൾ നിമിത്തം ഇങ്ങനെ ഓരോ ഭിന്നതരക്കാരായി തീൎന്നിട്ടുണ്ടു്. ഈ ഓരോതരത്തിൽ നിന്നും പ്രത്യേകം പ്രത്യേകം പ്രതിനിധികളെ തിരഞ്ഞെടുത്തയച്ചു് അവർമുഖാന്തിരമാണു് രാജ്യഭരണം നടത്തുന്നതു്.

നടത്താതെ ഒരു സഭ മുഖാന്തിരം നടത്തണമെന്ന അഭിപ്രായക്കാർ. ഡിമോക്രാററ്=നാട്ടുകാരുടെ ഇഷ്ടം അനുസരിച്ച് രാജ്യഭരണം നടത്തേണമെന്ന് വാദിക്കുന്നവർ. വെള്ളിനാണയവാദം=വെള്ളിനാണയമൊ സ്വർണ്ണനാണയമൊ ഏതാണ് അധിക ഗുണകരമായിട്ടുള്ളത് എന്നവാദം. സ്വാമികൾ അമേരിക്കയിലായിരുന്ന കാലത്ത് അവിടെ ഈ വാദം വളരെ പ്രബലമായി നടന്നുകൊണ്ടിരുന്നു. എന്നാൽ നിങ്ങൾ അവന്റെ മതത്തെപ്പററി അവനോട് ചോദിക്കുന്നതായാൽ "അതെ, ഞാൻ പള്ളിക്കുപോകാറുണ്ട്. ഞാൻ ഇന്നപള്ളിയിലേയ്ക്ക് ചേർന്നവനാണ്" എന്നല്ലാതെ അവന് വേറെ ഒന്നും തന്നെ പറയുവാൻ അറിവുണ്ടായിരിക്കയില്ല. എന്നു മാത്രമല്ല മതത്തെപ്പററി അത്ര അറിഞ്ഞാൽ മതിയെന്നും കൂടി അവർ അഭിമാനിക്കുന്നതുണ്ട്.

നിങ്ങൾ ഇന്ത്യയിലെ ഒരു കൃഷിക്കാരനോട് "നിങ്ങൾക്ക് രാജ്യകാര്യത്തെപ്പററി വല്ലതും അറിയാമോ?" എന്ന് ചോദിച്ചുനോക്കുക. "രാജ്യഭരണമോ? അതെന്താണ്?" എന്നായിരിക്കും അവന്റെ മറുപടി. സമുദായത്തിന്റെ അഭ്യുദയത്തിനുള്ള സംഗതികളെപ്പററി ആ ആൾ ഒന്നും തന്നെ ചിന്തിച്ചിട്ടില്ല; ധനവും വ്യവസായവും തമ്മിലുള്ള സംബന്ധത്തെപ്പററി ആ ആൾ ആലോചിച്ചിട്ടേ ഇല്ല. ആ ആളുടെ ജീവദശയിൽ പക്ഷേ ആ വക സംഗതികളെപ്പററി ഒന്നും കേട്ടിട്ടുകൂടെ ഉണ്ടായിരിക്കയുമില്ല. ആ ആൾ ദിനംപ്രതി അത്യദ്ധ്വാനം ചെയ്യുന്നു, ഉപജീവിക്കുന്നു; ഇതിലധികമായി ഒന്നും അറിയുന്നതേയില്ല. എന്നാൽ "നിങ്ങളുടെ മതമെന്താകുന്നു?" എന്നു നിങ്ങൾ ആ ആളോട് ചോദിച്ചുനോക്കുവിൻ. അതിന്ന് "ഇതാ നോക്കു സ്നേഹിത! അതിനെ ഞാൻ എന്റെ നെററിയിൽ അടയാളപ്പെടുത്തീട്ടുണ്ട്" എന്നായിരിക്കും മറുപടി. ആ ആൾക്കു തന്നെ മതത്തെപ്പററി നിങ്ങളോട് ചിലതെല്ലാം സംസാരിക്കുവാനുള്ളതായും കാണാം.

ഇതാണു് എൻെറ അനുഭവം. ഇതുതന്നെയാണു് നമ്മുടെ സമുദായത്തിൻെറ ജീവനും. ഓരോരുത്തൎക്കും ഓരോ പ്രത്യേകസ്വഭാവങ്ങൾ ഉണ്ടായിരിക്കും. ഓരോരുത്തരുടേയും അഭിവൃദ്ധിക്കു് പ്രത്യേകം പ്രത്യേകം മാൎഗ്ഗങ്ങളും കാണാം. തങ്ങളുടെ ജീവിതഗതിക്കു് ഓരോ പ്രത്യേക ഉപായങ്ങളും ഉണ്ടാകാതിരിക്കയില്ല. അതെല്ലാം പ്രാരബ്ധകൎമ്മാനുസാരേണ വരുന്നതാണു്. അവരവരുടെ പ്രാരബ്ധകൎമ്മങ്ങളുടെ ഫലമനുസരിച്ചു് നാം ഇപ്പോൾ ഓരോന്നു് അനുഭവിക്കുകയാണു്. ഇതിൻെറ ഫലമായി ഇനി നമുക്കു് ഒരു ഭാവി ഉണ്ടാകുകയും ചെയ്യും. ഇതു് ഓരോരുത്തരുടേയും അവസ്ഥയാകുന്നു. ഇതുപ്രകാരം ഈ ലോകത്തിൽ കാണപ്പെടുന്ന ഓരോരുത്തൎക്കും അവരവരുടെ പ്രാരബ്ധകൎമ്മഫലത്തെ ആശ്രയിച്ചു് ഒരു നിലനില്പും ആ നിലനില്പിനെ അനുസരിച്ചുതന്നെ ഈ ജന്മത്തിലെ കൎമ്മഗതിയും ജീവിതമാൎഗ്ഗവും ഉണ്ടെന്നു് തീൎച്ചയാണു്. ഈ വാസ്തവം ഓരോരുത്തരേയും സംബന്ധിക്കുന്നതുപോലെതന്നെ ഓരോ സമുദായത്തേയും ബാധിക്കുന്നതാകുന്നു. അതുകൊണ്ടു് ഓരോ സമുദായത്തിന്നും അതിൻെറ ഭൂതദശയെ അനുസരിച്ചു് ഒരു സ്വഭാവഗുണവും, ഓരോ സമുദായത്തിന്നും ഓരോ പ്രത്യേകഗതിയും, ലോകത്തിൽ നിറവേററുവാൻ ഓരോ സമുദായത്തിന്നും ഓരോ പ്രത്യേക ഉദ്ദേശ്യങ്ങളും ഉണ്ടാകാതെ ഇരിക്കുവാൻ തരമില്ല. രാജ്യപരിപാലനകലാകുശലതയോ സമരനാടകപാടവധാടിയോ നമ്മുടെ സമുദായത്തിൻെറ ഉദ്ദേശ്യമായി ഒരിക്കലും സംഭവിച്ചിട്ടില്ല. ഇന്നും സംഭവിക്കുന്നതുമില്ല. എൻെറ വാക്കിനെ വിശ്വസിച്ചുകൊള്ളുവിൻ, ഇനി എന്നും സംഭവിക്കുകയും ഇല്ല. എന്നാൽ നമ്മുടെ ഉദ്ദേശ്യം തീരെ മറെറാന്നാകുന്നു. അതായതു്, ഒരു വിദ്യുത്ശക്തിയന്ത്രമെന്നപോലെ ജനസമുദായത്തിൻെറ സകല ആത്മീകതത്വങ്ങളേയും സൃഷ്ടിച്ചു്, ഒരുക്കൂട്ടി സൂക്ഷിക്കുന്നതും അവസരവും അവശ്യവും വരുമ്പോഴെല്ലാം, ഇങ്ങിനെ ശേഖരിക്കപ്പെട്ട ഈശ്വരശക്തിയെ ലോകത്തിലെങ്ങും പരത്തി ലോ

കത്തെ ശാന്തതയിൽ ആറാടിക്കുന്നതും തന്നെ. പേൎഷ്യക്കാരുടേതോ, റോമൻകാരുടേതോ, അറബികളുടേതോ, ഇംഗ്ലീഷുകാരുടേതോ, രണഭടന്മാർ ലോകമാസകലം സഞ്ചരിച്ചു്, ലോകത്തെ കീഴടക്കി ഭരിക്കുകയോ നാനാസമുദായങ്ങളേയും ഒന്നിച്ചുകൂട്ടി ഇണക്കുകയോ എന്തെങ്കിലും യഥേഷ്ടം ചെയ്തുകൊള്ളട്ടെ. ആവക ഘട്ടങ്ങളിലെല്ലാം, അതാതു സമയം തുറന്നു കാണപ്പെടുന്ന ലോകസമുദായത്തിന്റെ രക്തധമനികകൾ വഴിയായി ഇന്ത്യയിലെ ആത്മജ്ഞാനവും സനാതനധൎമ്മവും പ്രചരിപ്പിച്ചു് ലോകത്തെ വീണ്ടും വീണ്ടും ഉന്നതി അനുഗ്രഹിക്കുവാൻ ഈ മാതൃഭൂമി സദാ തയ്യാറായിരിക്കുന്നതാണു്. ജനസമുദായത്തിന്റെ പൊതുവിലുള്ള അഭിവൃദ്ധിയിലേക്കു്, ഹിന്തുക്കളുടെ സമാധാനത്തോടുകൂടിയ പ്രതിഭാവിശേഷം അതിന്റെ ഓഹരി കൊടുത്തുകൊണ്ടേ ഇരിക്കുന്നതാണു്. ലോകത്തിന്നാകമാനം ദാനം ചെയ്യാനായി ഇന്ത്യയുടെ വശം ഉള്ള ഏകസ്വത്തു് ആത്മവിവേചനത്തിന്നുള്ള മാൎഗ്ഗത്തെ തെളിയിക്കുന്ന ജ്ഞാനദീപം ഒന്നു മാത്രമത്രെ ആകുന്നതു്.

മേൽ പറഞ്ഞതിൽനിന്നു് ഇന്ത്യയുടെ ജീവിതോദ്ദേശ്യം മററുള്ള രാജ്യങ്ങളെ അപേക്ഷിച്ചു് നോക്കുന്നതായാൽ, അവയിൽനിന്നെല്ലാം തീരെ വ്യത്യാസപ്പെട്ട ഒന്നാണെന്നു് തെളിയുന്നതാകുന്നു. ഇന്ത്യയ്ക്കു് എപ്പോഴും ഇഷ്ടമായിരിക്കുന്നതും, സനാതനമായിരിക്കുന്നതും ആയ ഏകാന്തഗതിയിൽ നിന്നു് ഇന്ത്യയെ വലിച്ചിഴച്ചു്, ലോകത്തിലുള്ള മററു ഭിന്നവൎഗ്ഗക്കാരോടൊന്നിച്ചു ചേൎത്തു അവകളോടു് സംബന്ധിപ്പിച്ചും ഏതെല്ലാം സമയങ്ങളിൽ, ലോകത്തെ ആക്രമിച്ചു് കീഴടക്കുന്ന സമുദായം ഉത്ഭവിച്ചുവോ അപ്പോഴെല്ലാം ലോകം മുഴുവനും ഇന്ത്യൻ ആത്മികജ്ഞാനത്തിന്റെ വിസ്ഫുരണം ഉണ്ടായിരുന്നപ്രകാരം പുരാതനചരിത്രത്തിൽ നിന്നു് അറിയുന്നു. വേദത്തെ പേൎഷ്യൻഭാഷയിലും അതിൽ നിന്നു് ഒരു ചെറുപ്പക്കാരനായ പാരിസ്സുകാരൻ അതിനെ ലാററിൻ

ഭാഷയിലും ഭാഷാന്തരം ചെയ്തിട്ടുണ്ടല്ലൊ. വേണ്ടതുപോലെ എഴുതപ്പെട്ടിട്ടില്ലാത്തതായ ഈ ഗ്രന്ഥം, ഈ നൂററാണ്ടിൻെറ അടിയിൽ ഷോപ്പൺഹേർ (Schopenhaver) എന്ന പ്രസിദ്ധ ജൎമ്മൻ തത്വജ്ഞാനി പരിശോധിച്ചുകൊണ്ട് പറഞ്ഞിരിക്കുന്നതു നോക്കുക. അദ്ദേഹം പറഞ്ഞിരിക്കുന്നതു് ഇങ്ങിനെയാണ്:—"മനുഷ്യജീവികൾക്ക് അത്യന്താവശ്യകമായും മനുഷ്യജീവിതത്തെ ഉയൎത്തുന്നതായും അത്യൽകൃഷ്ടമായും ഉപനിഷത് പാഠംപോലെ ലോകത്തിൽ മററൊരുപഠനവും ഇല്ല. അതു് എൻെറ ജീവിതത്തിൻെറ ആനന്ദസുധയായിത്തീൎന്നിരിക്കുന്നു. അതുതന്നെ എൻെറ അന്ത്യത്തിലുംഎനിക്ക് പരമമായ ശാന്തിയെ നല്കുന്നതായിരിക്കും." ഈ പ്രസിദ്ധനായ ജൎമ്മൻ തത്വജ്ഞാനിയാകട്ടെ വരാൻ പോകുന്നതിനെപ്പററിക്കൂടെ ഇങ്ങിനെ പ്രവചനം ചെയ്തിട്ടുണ്ട്. "ഗ്രീക്ക് ഗ്രന്ഥാവലികൾക്ക് ഉണ്ടായതിനെക്കാളും അധികരിച്ച വ്യാപ്തിയും അവയ്ക്ക് ഉണ്ടായതിനെക്കാളും വലിയശക്തിയും ചേൎന്നതായി മനുഷ്യരുടെ അറിവിൽ ഒരു പുതിയ പ്രസ്ഥാനം ലോകത്തിൽ അടുത്തു് ഉണ്ടാകുവാൻ പോകുന്നുണ്ട്." ഇങ്ങിനെയായിരുന്നു അദ്ദേഹം ഭാവിയിലേയ്ക്കു നോക്കിപ്പറഞ്ഞിരുന്നതു്. അതു് ഇതാ ഇന്നു് വാസ്തവത്തിൽ സംഭവിക്കുവാൻ പോകുന്നു. ഇന്ത്യയിൽനിന്നു് മന്ദമായും ഇടവിടാതേയും ഒഴുകിക്കൊണ്ടിരിക്കുന്ന ആത്മികതത്വപ്രവാഹം നിമിത്തം ലോകത്തിലെ സ്വഭാവത്തിനും ജീവിതരീതിക്കും സമ്പ്രദായത്തിനും, ജ്ഞാനസിദ്ധാന്തങ്ങൾക്കും ഒരു വലിയ സ്തോഭവും പ്രകൃതിഭേദവും ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. ഇതിനെപാശ്ചാത്യരാജ്യങ്ങളിലുള്ള ഭിന്നസമുദായങ്ങളുടെ മനോവ്യാപാരങ്ങളെ അറിയുന്നവരും, ഭിന്നസമുദായാവസ്ഥകളെപ്പററി പൎയ്യാലോചനചെയ്യുകയും പഠിക്കുകയും ചെയ്യുന്നവരും, തങ്ങളുടെ കണ്ണുകളെ തുറന്നു വെച്ചിരിക്കുന്നവരും എല്ലാം നല്ലപോലെ കണ്ടറിയുന്നതാകുന്നു. എന്നാൽ ഞാൻ നിങ്ങളോടു് പറഞ്ഞപോലെ ഇതിൽമററൊരുവിശേഷവിധിയുണ്ട്.

നാം നമ്മുടെ ആശയങ്ങളെ ഒരിക്കലും തിയ്യുകൊണ്ടും വാളുകൊണ്ടും ഭയപ്പെടുത്തി അരിലും ഒരിക്കലും പ്രവേശിപ്പിക്കുക ഉണ്ടായിട്ടില്ല. ലോകത്തിലേയ്ക്കു് ഇന്ത്യ ചെയ്തതായ ദാനരീതിയെ കുറിക്കുന്നതിനായി ഇംഗ്ലീഷ് ഭാഷയിൽ ഒരു പദമുണ്ടെങ്കിൽ, ഇന്ത്യൻ തത്വശാസ്ത്രശകലങ്ങൾ ലോകത്തെ ആകർഷിച്ചരീതിയെ കുറിക്കുന്നതിനു് ഇംഗ്ലീഷ് ഭാഷയിൽ ഒരു പദമുണ്ടെങ്കിൽ ആ പദം Farcination(വശ്യം) എന്നതാകുന്നു. (ഈ പദത്തിനു് മലയാളത്തിൽ ശരിയായ പര്യായപദം ഉണ്ടെന്നു് തോന്നുന്നില്ല ഒന്നിന്റെ ഗുണംകൊണ്ടു് അതിനാൽ വശീകരിക്കപ്പെടുക എന്നാണു് അതിന്റെ ശരിയായ അർത്ഥം) എന്തെങ്കിലും ഒന്നു് നിങ്ങളെ പെട്ടെന്നു് ആകർഷിക്കണമെന്നുണ്ടെങ്കിൽ അതു് നിങ്ങൾക്കു് തീരെ വിപരീതമായ സ്വഭാവത്തോടു് കൂടിയതായിരിക്കേണ്ടതാണു്. അതു് ഇന്ന പ്രകാരമെന്നു് അറിയുവാൻ വഹിയാത്ത വിധത്തിൽ നമ്മെ വശീകരിച്ചു് നമ്മളെ ഹഠാൽ ആകർഷിക്കുന്നു. ഇന്ത്യൻ വിചാരഗതി, ഇന്ത്യൻ സ്വഭാവം, ഇന്ത്യൻ നടപടി ഇന്ത്യൻതത്വജ്ഞാനം, ഇന്ത്യൻഗ്രന്ഥാവലി ഇവയെല്ലാം പലക്കും പ്രഥമദൃഷ്ടിയിൽ വളരെ വെറുപ്പു തോന്നിക്കുന്നതായിരിക്കുമെങ്കിലും ക്ഷമയോടെ, അവധാനപൂർവ്വം സൂക്ഷിച്ചും പഠിച്ചും അവയുമായി പരിചയപ്പെട്ടും വന്നാൽ നൂററിൽ തൊണ്ണൂററിഒമ്പതുപേർക്കു കാണും ഈ കൌതുകം ജനിക്കുന്നതും ഈ വശ്യം അത്യന്തവാത്സല്യപുരസ്സരമായ ഈ പ്രതിപത്തി—അനുഭവപ്പെടുന്നതും ആകുന്നു. പ്രഭാതവേളയിൽ മൃദുവായും നിശ്ശബ്ദമായും ആരാലും കാണപ്പെടാതേയും കേൾക്കപ്പെടാതേയും, ഇങ്ങിനെയെല്ലാമാണെങ്കിലും ഒരു മഹത്തും ശാശ്വതവുമായ ഫലത്തെ ജനിപ്പിച്ചുകൊണ്ടും ഹിമകണങ്ങൾ പൊഴിയുന്നതുപോലെ മൃദുവായും ശാന്തമായും സഹനശക്തിയോടും ആത്മികജ്ഞാനപ്രഭാവത്തോടും കൂടിയും ആകുന്നു ജീവജാലമനോഗതിയിൽ ഈ സമുദായം യഥാവസരം നിർവ്വഹിക്കുന്ന പ്രവൃത്തി.

തന്നത്താനെ, ചരിത്രമിതാ ഒരിക്കൽകൂടെ ആവൎത്തിക്കുവാൻപോകുന്നു. പ്രാചീനങ്ങളും കാൎയ്യത്തിൽ ബലവത്തുക്കളും ശത്രുക്കൾക്ക് ഭേദനം ചെയ്യുവാൻ സാധിക്കാതിരിക്കുന്നതും ആയ വിശ്വാസകോടികൾ അസ്ഥിവാരത്തോടെ ഇടിഞ്ഞു പൊളിഞ്ഞ് വീഴുന്നതുടങ്ങി. ഭിന്നവൎഗ്ഗങ്ങളാൽ മനുഷ്യസമുദായത്തിൻെറ കൃത്യനിഷ്ഠയിന്മേൽ സ്ഥാപിക്കപ്പെട്ടിരുന്ന അവകാശാധികാരങ്ങളെല്ലാം ഇടിപൊടിയായി വായുമണ്ഡലത്തിൽ അന്തൎലീനമാകേണ്ടതിന്നുള്ള പുറപ്പാടായി. ഇപ്പോഴത്തെ പരിഷ്കൃതബോധത്തോടുകൂടി ചെയ്യപ്പെടുന്നതും പ്രാചീനകാലത്തെപ്പററിയുള്ള പരിശോധനകളാകുന്നതും ആയ പ്രഹരങ്ങളേററ് നമ്മുടെ പൂൎവ്വാചാരങ്ങളെല്ലാം പിഞ്ഞാണപ്പാവകളെന്നപോലെ ധൂളിയാകേണ്ട നിലയായി. പാശ്ചാത്യരാജ്യങ്ങളിലാകട്ടെ മതം അജ്ഞന്മാരുടെ കൈയിൽ മാത്രം അകപ്പെട്ടു. വിശേഷജ്ഞാനമുള്ളവരെന്ന് സ്വയമേവ അഭിമാനിക്കുന്നവർ മതത്തെ മന്ദഹാസസമേതമായ പുച്ഛരസത്തോടുകൂടിമാത്രം ഇടം കണ്ണിട്ട് നോക്കുകയായി. ഇങ്ങിനെ ഇരിക്കുന്ന ഇക്കാലത്ത് ആത്മീകജ്ഞാനവിഷയത്തിൽ ഉൽകൃഷ്ടതരങ്ങളായ തത്വശകലങ്ങൾ — ജനതതിയുടെ നിരന്തരജീവിതത്തിലെ അനുഭവങ്ങൾ മാത്രമായ ഇന്ത്യക്കാരുടെ അത്യന്തം ദിവ്യങ്ങളും മതജ്ഞാനത്തിൻെറ പരമകാഷ്ഠയെ കുറിക്കുന്നതും ആയ ആശയഗണങ്ങൾ — ഇതാ അനിവാൎയ്യമായ തരംഗയോടും ശക്തിയോടുംകൂടി ലോകത്തിൽ പരന്നുവരുന്നു. "സകല ജീവജാലങ്ങളും ആദ്യന്തമില്ലാത്തതും ഗുണാതീതമായതുമായ ഒരേ ചൈതന്യം തന്നേയാണ്; അതിന്ന് കാലമോ രൂപമോ ദേശമോ ഇല്ല; അത് ജീവവൎഗ്ഗത്തിൻെറ ആദ്യന്തരാഹിത്യത്തോടുകൂടിയ ആത്മസ്വരൂപമാകുന്നു; ജീവജാലങ്ങൾ യാതൊരു തടസ്സവുംകൂടാതെ ഒരു വലിയ യാത്രയിൽ മുന്നോക്കംപോയിക്കൊണ്ടേ ഇരിക്കുകയാണ്; ഈ ലോകത്തിന്ന് ആദിയോ അവസാനമൊ ഇല്ല." എന്നിങ്ങനെയുള്ള ജ്ഞാനം ഇപ്പോൾ ഇതാ വീണ്ടും പൂൎവ്വാധികം ശക്തിയോടുകൂടി ലോകര

ക്ഷാർത്ഥം പുറപ്പെട്ടിരിക്കുന്നു. മുൻകാലത്തിലെ ചില സമുദായങ്ങൾ, ലോകത്തെ ഒരു മൺപുററുപോലെ കരുതി, കാലം ആരംഭിച്ചതു് ഇതാ ഇന്നാളാണെന്നു് വിശ്വസിച്ചുപോയി. എന്നാൽ അത്യന്തമില്ലാത്ത കാലത്തേയും ദേശത്തേയും കാൎയ്യകാരണകർത്തൃത്വത്തേയും, ഇവയെല്ലാം ഉപരിയായി മനുഷ്യാത്മാവിൻെറ അപരിമിതമാഹാത്മ്യത്തേയും പററി നമ്മുടെ പുരാതനഗ്രന്ഥങ്ങളിലുള്ള അതിവിശേഷങ്ങളും മഹത്തരങ്ങളും ആയ വിവേചനങ്ങൾ ഈ ഘട്ടത്തിലാണു് മതത്തെപ്പററിയ അന്വേഷണകോടികളെ ഭരിച്ചുകൊണ്ടിരിക്കുന്നതു്. ഒന്നിൽനിന്നു് മറെറാന്നായി മാറിമാറി ക്രമേണ നാനാത്വത്തെ സ്വയമേവ പ്രാപിച്ചുവരികയാകുന്നു എന്നും മററുമുള്ള വിശിഷ്ടതരങ്ങളായ ആധുനികസിദ്ധാന്തങ്ങൾ എല്ലാ പ്രാചീനസിദ്ധാന്തങ്ങളേയും വിശ്വാസങ്ങളേയും വേരോടെ അറുത്തെറിയുവാൻ തുടങ്ങിയിരിക്കുന്ന ഇക്കാലത്തു് മനുഷ്യാത്മാവിൻെറ പരിശുദ്ധമായ സ്വഭാവവും ഈശ്വരൻെറ ആശ്ചര്യകരമായ പ്രബോധനവും നിക്ഷേപിക്കപ്പെട്ടിരിക്കുന്ന സാക്ഷാൽ വേദാന്തമായ നിലയറയിൽ ഇരിക്കുന്ന ദീപ്തവും ശ്രേഷ്ഠവുമായ ജ്ഞാനരത്നങ്ങൾക്കല്ലാതെ വേറേ എന്തൊന്നിനാണു്, വിശേഷജ്ഞാനമുള്ള മനുഷ്യബുദ്ധിക്കു് അതിൻെറ കർത്തവ്യത്തെ ഇക്കാലത്തു് ബോദ്ധ്യപ്പെടുത്തുവാൻ സാധിക്കുന്നതു്!

ഇന്ത്യയിൽനിന്നു് പുറത്തു നമ്മുടെമതം പ്രചരിച്ചുവരുന്നു എന്നു് ഞാൻ പറയുമ്പോൾ, അവിടെ ഈ മതതത്വങ്ങൾ വിതറുകയും അസ്ഥിവാരം ഇടുകയും മാത്രമേ ചെയ്തിട്ടുള്ളു എന്നു് നിങ്ങൾ ധരിക്കണം. ഇന്നിന്നതു് ഇന്നിന്നപ്രകാരം ചെയ്യണമെന്നുള്ള നിഷ്കർഷ, സാമുദായികാവശ്യം അനേകനൂററാണ്ടുകളായി ആചരിച്ചുവരുന്ന ചില ചില്ലറ ആചാരങ്ങൾ സാമുദായികഘടന ഇവയൊന്നും മതത്തിൽ ശരിയായ സ്ഥാനത്തിന്നു് അവകാശികളായിത്തീരുന്നില്ല. നമ്മുടെ ഗ്രന്ഥങ്ങളിൽ രണ്ടുതരം ധൎമ്മങ്ങളേയും വ്യക്തമായി

വേർതിരിച്ചിട്ടുണ്ടെന്നു നമുക്ക് അറിവുള്ളതാണല്ലോ. ഇവയിൽ ഒന്ന് സനാതനതത്വങ്ങളാണ്. മനുഷ്യസ്വഭാവം ആത്മസ്വഭാവം, ഈശ്വരസ്വഭാവം, ആത്മേശ്വരസംബന്ധം ഈശ്വരാനുഭൂതി എന്നീ മാററരാഹിത്യങ്ങളോടുകൂടിയ സനാതനധർമ്മങ്ങളെ ആശ്രയിച്ചിരിക്കുന്ന തത്വങ്ങൾക്ക് ഭേദഗതി വരുവാൻ ഒരിക്കലും തരമില്ല. പ്രപഞ്ചപരിണാമം, സൃഷ്ടിസ്ഥിതി ഇവയേയും ഈ വർഗ്ഗത്തിലുൾപ്പെടുത്താം. ഇവകളെല്ലാം ലോകത്തിലെ ശാശ്വതനിയമങ്ങളോട് സംബന്ധിച്ചിരിക്കയാൽ സനാതനങ്ങൾതന്നെ. മറേറതരത്തിൽപെട്ടവ, ദിനസരിയെ വ്യവസ്ഥപ്പെടുത്തുന്ന ഒരുതരം ക്രമീകരണനിയമങ്ങളാകുന്നു. ഇവ സ്മൃതിപുരാണാദികൾക്ക് അധീനവുമാണു. എന്നാൽ ശ്രുതിക്കു അധീനമാകുന്നില്ല. ഇവയ്ക്കു മുൻപറഞ്ഞവയുമായി യാതൊരു സംബന്ധവും ഇല്ലതാനും. നമ്മുടെ ഈ ചെറിയ സമുദായത്തിൽതന്നെ ഈ നിയമങ്ങൾ കാലാനുസരണം മാറിക്കൊണ്ടുവരുന്നുണ്ട്. ഒരുകാലത്തെ-ഒരു യുഗത്തിലെ-സമ്പ്രദായം മറെറാരുയുഗത്തിലേക്ക് പററുന്നില്ല. അതുകൊണ്ടു യുഗങ്ങൾ മാറുമ്പോൾ യുഗധർമ്മങ്ങളും മാറിക്കൊണ്ടിരിക്കേണ്ടതായിവരുന്നു. ഓരോ പുതിയകാലാവസ്ഥകൾക്കും അനുയോജ്യങ്ങളായ നിയമങ്ങളെ അതാതുകാലം മഹർഷിമാർ നമ്മുടെ മുമ്പിൽ പ്രത്യക്ഷമായി നമുക്കുണ്ടാക്കി കാണിച്ചുതരും.

മനുഷ്യൻ ഈശ്വരൻ പ്രപഞ്ചം ഇവയ്ക്കു ലക്ഷ്യങ്ങളായതും ആശ്ചര്യകരവും അത്യന്തരഹിതവും, ശ്രേഷ്ഠവും മഹത്തും, അമൃതും ആയ എല്ലാ വലിയ സിദ്ധാന്തങ്ങളും ഇന്ത്യയിൽ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. "എന്റെ ഈശ്വരൻ മാത്രമാണ് ശരി, നിന്റേതു് ശരിയല്ല നമുക്ക് അതിനെപ്പററി ഒരു യുദ്ധംചെയ്തുകളയാം" എന്നു പറഞ്ഞുകൊണ്ടു് മുഷ്ടിചുരുട്ടി യുദ്ധത്തിനൊരുങ്ങാത്തവർ ഇന്ത്യയിൽ മാത്രമേയുള്ളു. ചെറിയ ഈശ്വരന്മാർക്കുവേണ്ടി യുദ്ധം ചെയ്യുയെന്നതു്

ഇവിടെ മാത്രമേ ഉണ്ടാകാതിരുന്നിട്ടുള്ളു. മേല്പറഞ്ഞ സിദ്ധാന്തങ്ങൾ മനുഷ്യരുടെ ശാശ്വതമായ അവസ്ഥയിൽ ഉറച്ചിട്ടുള്ളതാകകൊണ്ടു മനുഷ്യലോകത്തിന്റെ ഗുണത്തിനുവേണ്ടി പ്രവൃത്തിയെടുക്കുവാൻ പണ്ടേ തുടങ്ങി ഇന്നേവരെ അവ പ്രാബല്യത്തോടുകൂടിത്തന്നെ ഇരിക്കുന്നു. അവ അങ്ങിനെതന്നെ ലോകമുള്ളന്നും, നമ്മുടെ കർമ്മഗതി നിലനില്ക്കുന്നകാലത്തോളവും, നാം മനുഷ്യരായി ഓരോരുത്തരും അവരവരുടെ രക്ഷാമാർഗ്ഗം സ്വയമേവ ഉണ്ടാക്കുന്നകാലത്തോളവും നിലനില്ക്കുകയും ചെയ്യും.

ഇവയെല്ലാം പുറമേ ലോകത്തിനു ദാനംചെയ്യാൻ ഇന്ത്യയ്ക്കു കൈവശമുള്ളതു് ഇതാണു്. മററുള്ള ഓരോ സമുദായക്കാരുടേയും ഉത്ഭവവും അഭിവൃദ്ധിയും നാം സശ്രദ്ധം പരിശോധിക്കുന്നതായാൽ, ആദികാലത്തു് ഓരോ സമുദായത്തിനും ഓരോ പ്രത്യേക ഈശ്വരൻ ഉണ്ടായിരുന്നപ്രകാരം കാണാകുന്നതാണു്. ഇവരിലേതെങ്കിലും രണ്ടുവർഗ്ഗക്കാർ ഒന്നായി യോജിച്ചാൽ അവരുടെ ഈശ്വരനും സംഘടിക്കുകയായി. ഇവർ ഈശ്വരന്മാരുടെ ബലാബലം നിശ്ചയിക്കുക മനുഷ്യർ ചെയ്യുന്ന മുഷ്ടിയുദ്ധംകൊണ്ടാണു്. ആർ യുദ്ധത്തിൽ ജയിച്ചുവോ അവരുടെ ഈശ്വരൻ വലിയതു്. അതായിരുന്നു തോതു്. എന്നാൽ ഏതാണ്ടു് ഇങ്ങിനെ ഒരു ഭിന്നിപ്പു് ഇന്ത്യയിലും ഉണ്ടാകാതിരുന്നിട്ടില്ല. ഓരോരുത്തരും അവരവരുടെ ഈശ്വരന്നു പ്രാധാന്യം കിട്ടേണമെന്നു വാദിച്ചു് അരയും തലയും മുറുക്കി നില്ക്കുന്നകാലത്തു പ്രശാന്തരമണീയമായ "ഏകം സത് വിപ്രാബഹുധാവദന്തി" (സത്തായി ഒന്നുമാത്രമേയുള്ളു. അതിനെയത്രെ വിപ്രന്മാർ പലപ്രകാരം പറയുന്നതു്.) എന്ന ഹൃദയാഹ്ലാദകരമായ ഒരു ശബ്ദം സുവ്യക്തമായി കേൾക്കാറായി. വിഷ്ണു ശിവനേക്കാൾ പ്രമാണിയാണു്; വിഷ്ണുവാണു് സർവ്വശക്തൻ; ശിവന്നു് ഒരു ശക്തിയുമില്ല; ഇതാണു് ഒരുകൂട്ടക്കാരുടെ വാദം. ഇതുപ്രകാരംതന്നെ ശൈവപക്ഷീയന്മാരും പറയും. എന്നാൽ ഇതൊന്നുമല്ല കാര്യം. നിങ്ങൾ ശിവ

നെന്നോ വിഷ്ണുവെന്നോ വേറെ എന്തെങ്കിലുമെന്നോ ആരുപേരുകൾ പറഞ്ഞാലും തരക്കേടില്ല, അവ ലക്ഷ്യപ്പെടുത്തുന്നതെല്ലാം ഒന്നിനെത്തന്നെയാണ്. പേരുകൾക്കേ വ്യത്യാസമുള്ളൂ. പേരുകളെക്കൊണ്ടു കുറിക്കുന്നവസ്തുവിനു് ഒരുവ്യത്യാസവുമില്ല. മേല്പറയപ്പെട്ട അല്പവാചകങ്ങളിൽക്കൂടെ നിങ്ങൾക്കു ഇന്ത്യാചരിത്രം മുഴുവനും വായിക്കുവാൻ സാധിക്കും. ഒരൊററ വാസ്തവതത്വത്തിൻെറ വലുതായ ശക്തിയോടുകൂടിയുള്ള പുനരാവർത്തനംതന്നെയാണു് ചരിത്രം സകലവും. ഈ വാസ്തവം നമ്മുടെ സമുദായരക്തത്തിൽ കിടക്കുന്നതുവരേയും നമ്മുടെ രക്തധമനികകളിൽക്കൂടെ പ്രവഹിച്ചുകൊണ്ടിരിക്കുന്ന രക്തത്തിലെ ഓരോ ബിന്ദുക്കളിലും ഈ തത്വം അലിഞ്ഞുചേരുന്നതുവരേയും, ഇതു നമ്മുടെ ജീവൻെറ ഒരു ഭാഗവും ജീവിതത്തിൻെറ പ്രധാന ഉദ്ദേശ്യവും ആയിത്തീരുന്നതുവരേയും ഈ തത്വം ഈ രാജ്യത്തു പലതവണയും പുനരാവർത്തനമെടുത്തിട്ടുണ്ടു്. അതുകൊണ്ടു നമ്മുടെ ഈ പുണ്യഭൂമി അത്യാശ്ചര്യകരമായ സഹനശക്തിയുടെ പ്രത്യേകസ്ഥാനമായി തീർന്നു എന്നുമാത്രമല്ല ഈ രാജ്യത്തേക്കു് അന്യങ്ങളായ പലേ മതങ്ങളേയും ആദരിക്കുകകൂടിയും ചെയ്തിരിക്കുന്നു.

അഗാധമായ വ്യത്യാസാഭിപ്രായത്തോടും കക്ശമായ കിടമത്സരത്തോടുംകൂടിയുള്ള അനേകവിഭിന്ന സമുദായങ്ങൾ ഒന്നിച്ചുചേർന്നു് യോജിച്ചു് താമസിക്കുന്ന ജീവിതത്തിൻെറ അതിപാവനമായ രഹസ്യം ഇതുതന്നെയാണു്. ഇതു് ഇവിടെ മാത്രം കാണുന്നതും അത്യാശ്ചര്യകരവും ആണു താനും. നിങ്ങൾ ഒരു ദ്വൈതിയായിരിക്കും. ഞാൻ ഒരു അദ്വൈതിയും ആയിരിക്കും. നിങ്ങൾ ഈശ്വരൻെറ ദാസനാണെന്നായിരിക്കും നിരന്തരം വിശ്വസിക്കുക. മററാൾ താൻതന്നെ ഈശ്വരനാണെന്നാണ് പറയുക. എങ്കിലും നിങ്ങളെല്ലാം ഉത്തമഹിന്ദുക്കൾ തന്നെയാകുന്നു. അതെങ്ങിനെ സാധിക്കും എന്നാണു് ചോദ്യം. ഇപ്പോഴാണു് "ഏകം സത്തു് വിപ്രാ

ബ്രഹ്മധ്യാനമന്ത്രി" എന്ന് നാം ഓർക്കേണ്ടതു്. എന്റെ പ്രിയപ്പെട്ട സ്വദേശിയരേ! മററെല്ലാററിലും വെച്ചു് മുഖ്യമായി ഈ ഒരു വാസ്തവത്തെയാണു് നാം അന്യന്മാരെ പഠിപ്പിക്കേണ്ടതു്. മററുരാജ്യങ്ങളിലെ വിദ്യാഭ്യാസം സിദ്ധിച്ച മഹാശയന്മാർകൂടി തലതിരിച്ചു പിടിച്ചുകൊണ്ടു് നമ്മുടെ മതം "ബൊമ്മാരാധനം" തന്നെന്നു് ജല്പിക്കുന്നു. അതെനിക്കറിയാം. എന്നാൽ അവരുടെ സ്വന്തതലയിൽ തന്നെ എന്തെല്ലാം അന്ധവിശ്വാസങ്ങളാണു് കുത്തിനിറച്ചിരിക്കുന്നതെന്നു് അന്വേഷിക്കുവാൻ അവർ വേണ്ടേടത്തോളം വിവേകമുള്ളവരായിത്തീരാത്തതാണു് ആശ്ചര്യം. ഈ അല്പമായ കക്ഷിവഴക്കമനസ്സിന്റെ വിലാസക്കുറവു് —എന്നും എവിടേയും ഉള്ളതാണു്. ഒരുവൻവശം എന്തെങ്കിലും ഒന്നു കിട്ടിയാൽ അതാണു് സകലരും സമ്പാദിക്കേണ്ടതെന്നും, എല്ലാവരും നയിക്കുവാനുള്ള ജീവിതം താൻ നയിക്കുന്ന ഉ പ്രാധാരണമായിരിക്കണമെന്നും ലോകത്തിൽ സമ്പാദിക്കേണ്ടതിനുള്ള മുഖ്യസാധനം താൻ സമ്പാദിച്ചതാണെന്നും, മററൊന്നും അതിനു സമമല്ലെന്നും പറഞ്ഞു് നടക്കുന്നു. അവനു് കളിമണ്ണുകൊണ്ടു് വല്ല വങ്കത്വവും ഉണ്ടാക്കുവാൻ സാധിച്ചാലോ, അല്ലെങ്കിൽ നിസ്സാരമായ വല്ല യന്ത്രങ്ങളും കണ്ടുപിടിക്കുവാൻ കഴിഞ്ഞാലോ പിന്നെയത്തെ കഥയൊന്നും പറയേണ്ടതുമില്ല. എല്ലാററിലും വെച്ചു് അതുതന്നെയായി ബഹുമാനിക്കപ്പെടുവാൻ യോഗ്യതയുള്ളതു്. വിദ്യാഭ്യാസവും അറിവും എല്ലാം ഉണ്ടായിട്ടും ലോകത്തിൽ എല്ലാ ഇടത്തിലേയും കഥ ഇതുതന്നെയാണു്. ലോകത്തിൽ യഥാർത്ഥവിദ്യാഭ്യാസവുംപരിഷ്കാരവും ഇനിയും ഉണ്ടാകുവാൻ ഇരിക്കുന്നതേയുള്ളു. നാഗരികത്വവും അതുപോലെതന്നെ. ഇതേവരെയായി ലോകത്തിൽ ഒരേടത്തും ശരിയായ നാഗരികത്വം ഉണ്ടായി കഴിഞ്ഞിട്ടില്ല. ഇന്നും ലോകത്തിലെ ജനങ്ങളിൽ തൊണ്ണൂററിഒമ്പതേമുക്കാലേ അരയ്ക്കാൽ ശതമാനവും അപരിഷ്കാരികളും മൃഗപ്രായന്മാരും തന്നെയാണു്. പുസ്തകങ്ങളിൽ നാം പലതും വായിക്കാറുണ്ടു്.

മററുള്ളവരെ ആക്ഷേപിക്കാതെ മതത്തിൽ സാഹനശക്തി യോടുകൂടിയവരായിരിക്കേണ്ടതാണെന്നും മററും പലതുംപലതും പറയുന്നതായും നമുക്കു കേൾക്കാം. എന്നാൽ ഈ ഗുണം ലോകത്തിൽ വളരെ കുറച്ചു മാത്രമേയുള്ളൂ. എന്റെ അനുഭവത്തിൽ നിന്നു് ഞാൻ പറയുന്നതിനെ നിങ്ങൾ വിശ്വസിച്ചുകൊള്ളുക. നൂററിൽ തൊണ്ണൂററി ഒമ്പതു കണ്ടും ജനങ്ങൾ ഇതിനെപ്പററിയൊന്നും ആലോചിക്കുന്നവരേയല്ല. എനിക്കു് സഞ്ചരിക്കുവാൻ സംഗതിവന്ന എല്ലാരാജ്യങ്ങളിലും ഇന്നും അന്യമതത്തെ കഠിനമായി വെറുക്കുന്ന ദോഷം സുലഭമായി കണ്ടിട്ടുണ്ടു്. എന്തെങ്കിലും ഒന്നു പുതിയതായി ഗ്രഹിക്കുന്ന വിഷയത്തിൽ മുമ്പുണ്ടായിരുന്ന ആക്ഷേപങ്ങളെല്ലാം ഇന്നും ഉണ്ടുതാനും. അന്യമതങ്ങളെ ആക്ഷേപിക്കാതെ ഏതിനേയും സാദരം സ്വീകരിക്കുന്ന ഗുണം ലോകത്തിൽ അല്പസ്വല്പമായി വല്ലേടത്തും ഉണ്ടെങ്കിൽ—അന്യമതങ്ങളിൽ അനുഭാവം എന്ന അവസ്ഥ എവിടെയെങ്കിലും അത്രമാത്രമെങ്കിലും ഉണ്ടെങ്കിൽ--അതു് ഇവിടെ ഈ ആര്യന്മാരുടെ ജന്മഭൂമിയിൽ അല്ലാതെ വേറെ ഒരിടത്തും അല്ലതന്നെ. മുഹമ്മദീയക്കും ക്രിസ്ത്യാനികൾക്കും ഹിന്തുക്കൾ പള്ളികളെ ഉണ്ടാക്കുന്നതു് ഇവിടെ മാത്രമാണു്. ഇതു് മറെറാരേടത്തും കാണുകയില്ല. നിങ്ങൾ മറെറാരു രാജ്യത്തുചെന്നു് മുഹമ്മദീയരോടോ മറേറതെങ്കിലും മതക്കാരോടൊ നിങ്ങൾക്കു് ഒരു ക്ഷേത്രം പണിചെയ്യു തരണമെന്നു് ആവശ്യപ്പെട്ടു നോക്കിൻ! അപ്പോൾ കാണാം അവർ നിങ്ങൾക്കു ചെയ്യുന്ന സഹായം! അവർ നിങ്ങളുടെ ക്ഷേത്രത്തേയും കഴിയുമെങ്കിൽ നിങ്ങളെക്കൂടിയും അടിച്ചുടച്ചു കളയുവാൻ ശ്രമിക്കുന്നതായി കാണാം. അതുകൊണ്ടു് ലോകത്തിന്നു ത്യാവശ്യമായിരിക്കുന്നതും ഇന്ത്യക്കാരിൽ നിന്നു പഠിക്കുവാനുള്ളതും ആയ പാഠം—ആ വലിയ പാഠം—"അന്യമതങ്ങളെ ആക്ഷേപിക്കരുതെന്നു മാത്രമല്ല അവയെ അനുകൂലിക്കുകകൂടി വേണം എന്നുള്ളതാണു്." "വിഭിന്നപർവ്വതനിരകളിൽനിന്നു് പല പുഴകൾ ഉത്ഭവിച്ചു് പലപല വഴികളിൽ കൂടെ

വളഞ്ഞും തിരിഞ്ഞും നീണ്ടും നിവന്നും ഒഴുകി ഒടുവിൽ സമുദ്രത്തിൽ ചെന്നുചേരുന്നതുപോലെ, അല്ലയോ ശംഭോ! മനുഷ്യർ സ്വീകരിക്കുന്ന വഴികൾ വളഞ്ഞും തിരിഞ്ഞും നീണ്ടും നിവന്നും ഉള്ളതായാലും അവയെല്ലാം നിന്തിരുവടിയിൽ തന്നെ വന്നുചേരുവാനുള്ളവയാകുന്നു." എന്നു മഹിമ്നസ്സ്തോത്രത്തിൽ പറഞ്ഞിരിക്കുന്നതിനെ നോക്കുക. അവരെല്ലാം ഏതെല്ലാം മാർഗ്ഗങ്ങൾ സ്വീകരിച്ചാലും അവരെല്ലാം പ്രാപ്യസ്ഥാനത്തേയ്ക്കുതന്നെയാണു് പ്രയാണം ചെയ്യുന്നതു്. ഒരുവൻ കുറെ വളഞ്ഞായിരിക്കാം പോകുന്നതു്; മററൊരുവൻ നേരേ ചെല്ലുന്നു എന്നുവരാം. എല്ലാവരും ചെന്നുചേരുന്നതു് പ്രഭുവായ ഈശ്വരനിൽ തന്നെയാണു്. നിങ്ങൾ ലിംഗത്തിൽ മാത്രമല്ലാതെ സർവ്വത്തിലും ഒരുപോലെ ശിവനെ കാണുമ്പോൾ മാത്രമേ നിങ്ങളുടെ ഭക്തി പരിപൂർണ്ണതയെ പ്രാപിക്കുന്നുള്ളു. എല്ലാററിലും എല്ലാ ഇടത്തും എല്ലാസമയത്തും ഹരിയെ കാണുന്നവനാണു് ഭക്തനും മുക്തനും ആകുന്നതു്. നിങ്ങൾ ശിവൻെറ ഒരു വാസ്തവഭക്തനാണെങ്കിൽ നിങ്ങൾ നിങ്ങളുടെ ശിവനെ എല്ലാ ഇടത്തും എല്ലാവരിലും എല്ലായ്പ്പോഴും കാണേണ്ടതാണു്. എല്ലാ ആരാധനകളും ആ ചൈതന്യവിശേഷത്തെ ലക്ഷ്യമാക്കി തന്നെയാണു് ചെയ്യപ്പെടുന്നതെന്നു് നിങ്ങൾ കാണണം. നാമരൂപങ്ങൾ എന്തുതന്നെയായിരുന്നാലും വിരോധമില്ല; ലോകത്തിൽ അതു കൂടെ ഒന്നല്ലാതെ വേറെ ശക്തികൾ ഒന്നുംതന്നെ ഇല്ലാത്തതുകൊണ്ടു്, കഅബയ്ക്കു് അഭിമുഖമാക്കി ചെയ്യുന്ന പ്രാർത്ഥനയും ക്രിസ്ത്യൻ പള്ളികളിലും ബൌദ്ധവിഹാരങ്ങളിലും എല്ലാം ഊന്നപ്പെടുന്ന മുഴങ്കാലുകളും, അവർ അറിഞ്ഞോ അറിയാതെയോ ആയിരുന്നാലും എല്ലാം ഏകനും അദ്വയനുമായ പ്രഭുവിൻെറ മുമ്പിൽ തന്നെയാണെന്നും, നാം ഏതെല്ലാം പ്രകാരം എന്തെല്ലാം ചെയ്യുന്നതായാലും വേണ്ടതില്ല, ആ ആരാധനകളെല്ലാം ആ മഹാചൈതന്യത്തിൻെറ പാദാരവിന്ദങ്ങളെ ലക്ഷ്യമാക്കിയാണെന്നും നിങ്ങൾ അറിയണം. ഈ ലോകത്തിനു സാപത്ന്യമുള്ള

തെന്താണെന്ന് നിങ്ങൾക്കും എനിക്കും നിശ്ചയമുള്ളതിൽ വിശേഷമായി അദ്ദേഹത്തിന്നറിവുണ്ട്. എല്ലാ വ്യത്യാസങ്ങളും തീരുകയെന്നത് ഒരുകാലത്തും ഉണ്ടാകയില്ല. വ്യത്യാസങ്ങൾ ഉണ്ടായിരിക്കേണ്ടതും ഉണ്ടായിരിക്കുന്നതും ആകുന്നു. ഭിന്നിപ്പില്ലെങ്കിൽ ജീവൻകൂടെ നിലനില്ക്കുന്നതല്ല. ജീവന്റെ ലക്ഷണം തന്നെ ഭിന്നിപ്പാണ്. അതിനാൽ ഈ ഘട്ടനം — ഈ വ്യത്യാസാഭിപ്രായങ്ങളുടെ കൂട്ടിമുട്ട് — ആകുന്നു ശക്തി, ചലനം, തേജസ്സ് എന്നുവേണ്ട എല്ലാററിന്നും ഹേതുവായിത്തീരുന്നത്. അന്യോന്യം യോജിക്കാത്ത ആശയവിശേഷങ്ങളെല്ലാം നിലനിന്നു കൊള്ളട്ടെ; എന്നാൽ അതുനിമിത്തം നാം തമ്മിൽ തല്ലേണമെന്നില്ല; അതുകൊണ്ട് നാം അന്യോന്യം മല്ലിടേണമെന്നില്ല. അതിനാൽ ഇവിടെ — നമ്മുടെ ഏററവും പ്രിയപ്പെട്ട ഈ മാതൃഭൂമിയിൽ — മാത്രം ഉപദേശിച്ചിട്ടുള്ളതും ഇനി ഒരിക്കൽ കൂടെ ഇവിടെ നിന്ന് ഉപദേശിക്കേണ്ടതുമായ ആ വാസ്തവങ്ങളുടെ ജീവനായ സംഗതിയെ നാം ഇനിയും പഠിക്കേണ്ടതായിത്തന്നെ ഇരിക്കുന്നു. എന്തുകൊണ്ട്? കാരണം അത് നമ്മുടെ ഗ്രന്ഥങ്ങളിൽ ഉണ്ടെന്നു മാത്രമല്ല, അത് നമ്മുടെ സാമുദായിക ഗ്രന്ഥങ്ങളിലെ ഏതുഭാഗത്തും കിടക്കുന്നതായും നമ്മുടെ ജീവദശയിൽ എവിടെയും രൂപീകരിക്കപ്പെട്ടിരിക്കുന്നതായും കാണുന്നതുതന്നെ. ദിനംപ്രതി അതിനെ ഉപദേശിച്ചിട്ടുള്ളത് ഇവിടെ മാത്രം ആകുന്നു. കണ്ണുള്ള ഏതൊരുത്തന്നും അത് ഇവിടെ മാത്രമാണു അനുഭവത്തിൽ (പ്രായോഗികാവസ്ഥയിൽ) ഇരിക്കുന്നതെന്ന് കാണുകയും ചെയ്യാം. ഇപ്രകാരം നാം മതം പഠിപ്പിക്കേണ്ടതായിട്ടുണ്ട്. എന്നാൽ ഇതിലും ഉൽകൃഷ്ടങ്ങളായ മററു ചിലവയും കൂടെ ഇന്ത്യക്ക് പഠിക്കുവാനും പഠിപ്പിക്കുവാനും ഇല്ലെന്നില്ല. പക്ഷേ അവ സാധാരണ ജനങ്ങളെ ഉദ്ദേശിച്ചവയല്ല. പഠിപ്പുള്ളവൎക്ക് മാത്രം ഉതകുന്നതാണ്. സ്ത്രീ, പുരുഷൻ, ബാലൻ, വൃദ്ധൻ, പണ്ഡിതൻ, പാമരൻ എന്നീ വ്യത്യാസങ്ങളൊന്നും കൂടാതെ സകലതരമനുഷ്യജാലങ്ങളും ക്ഷമ, സഹിഷ്ണുത, അനുകമ്പ,

ഉപചാരം, സാഹോദൎയ്യം, ശാന്തത ഇത്യാദികളെല്ലാം പരിശീലിക്കേണ്ടതുതന്നെയാണ്. പ്രഭോ! നിന്തിരുവടിക്ക് നാമങ്ങൾ അനേകമെങ്കിലും നിന്തിരുവടി സൂക്ഷ്മത്തിൽ ഒന്നേയുള്ളു."

---

# വേദാന്തധൎമ്മം.

(സ്വാമികൾ ജാപ്പനിൽവെച്ചു ചെയ്ത പ്രസംഗസാരം)

---

ഇന്നത്തെ പ്രസംഗവിഷയം വളരെ വിപുലവും അതിന്നുള്ള സമയം കേവലം തുഛവും ആകുന്നു. ഇങ്ങിനെയുള്ള ഒരു പ്രസംഗംകൊണ്ടു് ഹിന്ദുമതതത്വങ്ങളെപ്പറ്റി സമഗ്രമായി പ്രസ്താവിക്കുവാൻ പ്രയാസമാണ്. അതുകൊണ്ടു് ഹിന്ദുമതത്തെ സംബന്ധിച്ചുള്ള ഏതാനും പ്രധാനസംഗതികൾ മാത്രമേ ഞാൻ ഇന്ന് നിങ്ങളുടെ മുമ്പിൽ ആവിഷ്കരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളു.

"ഹിന്ദുക്കൾ" എന്ന് പരിഷ്കാരമനുസരിച്ച് പറയപ്പെടുന്ന നമ്മുടെ ധൎമ്മസിദ്ധാന്തങ്ങൾക്ക് പൊതുവിൽ പറഞ്ഞുവരുന്ന പേരാണെല്ലോ "ഹിന്ദുമതം" എന്നുള്ളതു്. ഒന്നാമതായി ഈ സംജ്ഞതന്നെ അനൎത്ഥമല്ലെന്നുവേണം പറയുവാൻ. നമ്മുടെ പൂൎവ്വികന്മാർ അന്യരാജ്യക്കാരും അന്യമതക്കാരുമായി പെരുമാറുവാൻ തുടങ്ങിയതിന്നു ശേഷം മാത്രമാണ് അവരുടെ ധൎമ്മസിദ്ധാന്തത്തിന്ന് ഈ പേർ സിദ്ധിച്ചിട്ടുള്ളതു്. അതിന്നുമുമ്പിൽ ആരും എങ്ങും ഹിന്ദു എന്നോ ഹിന്ദുമതമെന്നോ പറഞ്ഞതായി കണ്ടിട്ടും കേട്ടിട്ടും ഇല്ല. സിന്ധുനദിക്ക് ഇപ്പുറത്തു താമസിക്കുന്നവരെ ആദ്യമായി "സിന്ധുക്കൾ" എന്നു് വിളിക്കുവാൻ തുടങ്ങിയെന്നും, ഈ "സിന്ധു"വെ പിന്നീടു് പ്രാചീനപേൎഷ്യൻകാർ "ഹിന്ദു"

എന്നാക്കി മാററിയെന്നും മുഹമ്മദീയ രാജാക്കന്മാരുടെ കാലത്താണ് ഈ പേരിനെ നമ്മൾ സ്വീകരിക്കുവാൻ തുടങ്ങിയതെന്നും ചരിത്രകാരന്മാർ പറയുന്നു. അതെല്ലാം എങ്ങിനെയായാലും, സിന്ധുനദിയുടെ ഇക്കരയിൽ താമസിച്ചുവന്നവരായ ഹിന്തുക്കളേയും മുഹമ്മദീയരേയും ക്രിസ്ത്യാനികളേയും മററുള്ളവരേയും എല്ലാം ഒരുപോലെ ബാധിച്ചിരുന്ന ഈ പദം ഇപ്പോൾ അവരിൽ ഒരു വിഭാഗക്കാരെമാത്രം ബാധിക്കുന്നതായി തീർന്നിരിക്കുന്നതുകൊണ്ടാണ് നമുക്ക് "ഹിന്തു" എന്ന പേർ യോജിക്കാത്തതായി വന്നിട്ടുള്ളത്. അതുപോലെതന്നെ "മതം" എന്ന പദവും നമ്മുടെ ധർമ്മസമ്പ്രദായത്തിനു യോജിച്ചതല്ല. "മതം" എന്ന സംസ്കൃതപദത്തിൻെറ അർത്ഥം "അഭിപ്രായം" എന്നേയുള്ളു. ബുദ്ധമതം, ക്രിസ്തുമതം, മുഹമ്മദുമതം തുടങ്ങിയുള്ള ധർമ്മപദ്ധതികൾ ബുദ്ധൻ ക്രിസ്തു മുഹമ്മദ് മുതലായവരുടെ അഭിപ്രായം അനുസരിച്ച് ഉള്ളവയാകകൊണ്ട് അവിടങ്ങളിൽ മതപദം സാർത്ഥകം തന്നെയാണ്. എന്നാൽ ഹിന്തുമതം മേൽകാണിച്ച പ്രയോഗങ്ങളെ അടിസ്ഥാനപ്പെടുത്തി നോക്കുമ്പോൾ ധ്വനിക്കുന്ന പ്രകാരം ഹിന്തു എന്ന ഒരാളുടെ അഭിപ്രായം അല്ലാത്തതുകൊണ്ട് ഇവിടെ "ഹിന്തുമതം" എന്നതിലെ മതപദം അസാധുവാകുന്നു. അതിനാലാണ് "ഹിന്തുമതം" എന്ന സംജ്ഞതന്നെ അനാർത്ഥമല്ലെന്നുപറഞ്ഞത്.

പിന്നെ ഏതൊരു പേരാണ് യോജിച്ചത് എന്നു ചിന്തിക്കുമ്പോൾ, സനാതനധർമ്മം, ആര്യധർമ്മം, വൈദികധർമ്മം, വേദാന്തധർമ്മം എന്നിങ്ങിനെ ഏതാനും സംജ്ഞകളെല്ലാം മനസ്സിൽ പൊന്തിവരുന്നുണ്ട്. ഹിന്തുക്കളെല്ലാം വേദത്തെ പ്രമാണമാക്കിയിരിക്കുന്നവരാകകൊണ്ട് അവക്ക് "വേദാന്തികൾ" എന്നും, വേദാന്തികൾ അനുസരിക്കുന്ന ധർമ്മത്തിന് "വേദാന്തധർമ്മ"മെന്നും പേർ കൊടുക്കുന്നത് അധികം നന്നായിരിക്കുമെന്ന് തോന്നുന്നു.

വേദങ്ങൾ—പ്രമാണഗ്രന്ഥങ്ങളോടു കൂടിയവയായും പ്രമാണഗ്രന്ഥങ്ങൾ ഒന്നുംതന്നെ ഇല്ലാത്തവയായും ലോകത്തിൽ രണ്ടുതരം ധൎമ്മസമ്പ്രദായങ്ങൾ ഉണ്ടെന്നു് കാണുന്നു. ഇവയിൽ പ്രാധാന്യം പ്രമാണഗ്രന്ഥങ്ങളോടുകൂടിയവയ്ക്കാണു്. ലോകത്തിൽ കാണപ്പെടുന്ന മിക്ക പ്രധാന ധൎമ്മപദ്ധതികളും പ്രമാണഗ്രന്ഥങ്ങളോടു കൂടിയവയും ആണു്. ഈ പ്രമാണകോടികൾ ഈശ്വരന്റേയോ അല്ലെങ്കിൽ പ്രകൃതിക്കു് അതീതന്മാരായി ജീവിച്ച ഏതാനും മഹാപുരുഷന്മാരുടേയോ മറേറതെങ്കിലും അലൌകിക ശക്തികളുടേയൊ തിരുവായ്മൊഴികളാണെന്നാണു് ഓരോ മതസ്ഥന്മാരുടേയും വിശ്വാസം. ഈ വക പ്രമാണഗ്രന്ഥങ്ങളിൽവെച്ചു് ഏററവും പുരാതനമായവ ഹിന്തുക്കളുടെ വേദങ്ങൾ ആണെന്നു് ഇന്നയ്ക്കു് ഏവരും തൎക്കംകൂടാതെ സമ്മതിച്ചു കഴിഞ്ഞിട്ടുണ്ടു്.

ചരിത്രമാരംഭിക്കുന്നതിന്നു മുമ്പായി ലോകത്തിൽ ഉണ്ടായിരുന്നതായി കാണപ്പെടുന്ന മതങ്ങൾ ആകെ മൂന്നേയുള്ളു. ഹിന്തുമതം, സൌരാഷ്ട്രമതം, ജൂദമതം എന്നീ മൂന്നു മതങ്ങളും അന്യമതങ്ങളുടെ അനേകം മുഷ്കുകളേററാണു് നിലനിന്നുവന്നിട്ടുള്ളതു്. ജൂദമതമാകട്ടെ അതിന്റെ പുത്രിയായ ക്രിസ്തുമതത്തിന്റെ കൈയേററത്താൽ സ്വരാജ്യത്തിൽനിന്നു് ബഹിഷ്കരിക്കപ്പെട്ടവർകൂടെ ആയിത്തീൎന്നു. സൌരാസ്ത്രിയൻമതവും അതുപോലെതന്നെ അവരുടെ പൂൎവ്വകഥകളെ ഓൎമ്മപ്പെടുത്തുവാൻ ഇന്നും നിലനില്ക്കുന്നുണ്ടെന്നേയുള്ളു. എന്നാൽ ഇന്ത്യയിൽ അനേകം പ്രതികൂലികൾ ഉണ്ടായിട്ടും അവർ ഈ ധൎമ്മപദ്ധതിയെ അടിയോടെ ഇളക്കി മറിക്കുവാൻ പല പരിശ്രമങ്ങളും ചെയ്തു നോക്കീട്ടും വേദാന്തധൎമ്മത്തിന്നു് തല്ക്കാലങ്ങളിൽ ഓരോ കോട്ടം സംഭവിച്ചതല്ലാതെ പറയത്തക്ക ദോഷങ്ങളൊന്നും ഉണ്ടായിട്ടില്ല. എന്നുതന്നെയല്ല, ആ ധൎമ്മപദ്ധതി പിന്നെ പൂൎവ്വാധികം ശക്തിയോടും മാഹാത്മ്യത്തോടും കൂടി പ്രതിരോധികളെക്കൂടെ തന്നിൽ ഉൾപ്പെടുത്തുകയാണു്

ചെയ്തതു്. അതിനാൽ ഇങ്ങിനെ ഇരിക്കുന്ന ഈ പ്രാചീന ധർമ്മസിദ്ധാന്തത്തിന്നു് അടിസ്ഥാനമായ വേദങ്ങളെപ്പററിത്തന്നെ നമുക്കു് ആദ്യമായി ചിന്തിക്കാം.

"വേദങ്ങൾ" എന്ന പേരിൽ അറിയപ്പെടുന്ന ആ വിജ്ഞാനരത്നാകരം ആരുടേയും സൃഷ്ടിയല്ല. അവയുടെ ഉത്ഭവകാലം നിർണ്ണയിക്കുവാൻ ഇതേവരെ ആരെക്കൊണ്ടും സാധിച്ചിട്ടില്ല, ഇനി ഒട്ടും സാധിക്കുകയും ഇല്ല. നമ്മുടെ വിശ്വാസപ്രകാരം വേദങ്ങൾ അനാദിയാണു്. ലോകത്തിലുള്ള മററെല്ലാമതങ്ങളും ഘോഷിക്കുന്നതു് അവരുടെ പ്രമാണഗ്രന്ഥങ്ങൾ ഓരോ പ്രത്യേക അധികാരികളിൽ നിന്നു് സിദ്ധിച്ചവകളാണെന്നാണെല്ലോ. അങ്ങിനെ പ്രത്യേകമായി ആരുടേയും അധികാരാവകാശത്തെ സമ്മതിക്കാത്ത ധർമ്മസമ്പ്രദായം ലോകത്തിൽ ഒന്നുള്ളതു് നമ്മുടേതു മാത്രമാണു്. അവ സനാതനങ്ങളായതുകൊണ്ടു് അവയ്ക്കു പ്രമാണം അവ തന്നെയല്ലാതെ മററൊന്നും ഇല്ല. അവ ആരാലും രചിക്കപ്പെട്ടവയല്ല; ആരാലും സൃഷ്ടിക്കപ്പെട്ടതും എഴുതപ്പെട്ടതും അല്ല. സൃഷ്ടി ഏതൊരു പ്രകാരം സനാതനവും ആദ്യന്തവിഹീനവും ആകുന്നുവോ, അതുപോലെ നമ്മുടെ വേദങ്ങളും സനാതനവും ആദ്യന്തവിഹീനവും ആകുന്നു. "വേദം" എന്നാൽ "വേദിക്കപ്പെട്ടതു്"—"അറിയപ്പെട്ടതു്"—അതായതു് ഓരോരുത്തർ ഓരോ കാലങ്ങളിൽ കണ്ടറിഞ്ഞിട്ടുള്ള ആദ്ധ്യാത്മിക നിയമങ്ങളുടെ ശേഖരം—എന്നർത്ഥം. "ഋഷികൾ" എന്നപേരാൽ അറിയപ്പെടുന്ന "മന്ത്രദ്രഷ്ടന്മാർ" അതാതുകാലം കണ്ടെടുത്തവയാണു് വേദമെന്ന പേരിൽ നമുക്കു് ലഭ്യമായിട്ടുള്ള ജ്ഞാനകോടികൾ. "മന്ത്രദ്രഷ്ടന്മാർ" എന്നാൽ "വിജ്ഞാനത്തെ നേരിട്ടു് കണ്ടറിഞ്ഞവർ" എന്നർത്ഥം. ഇവരുടെ കൂട്ടത്തിൽ സ്ത്രീകളും ഉണ്ടായിരുന്നു. ഇവരാരും ഒന്നും സ്വയം സൃഷ്ടിക്കുക ഉണ്ടായിട്ടില്ല. വേദങ്ങളിൽ ഓരോസ്ഥലത്തു് ഓരോ ഋഷികളുടെ പേർ കാണുന്നുണ്ടെങ്കിലും, ആ ഭാഗത്തു് അടങ്ങി

യിരിക്കുന്ന തത്വവിശേഷങ്ങൾ ആ ഋഷി എഴുതിയതാണെന്നൊ അല്ലെങ്കിൽ ആ ഋഷി സ്വന്തമനസ്സിൽ നിന്നു് സൃഷ്ടിച്ചതാണെന്നൊ അതും അൎത്ഥമാക്കാറില്ല. മുമ്പേതന്നെ നില നിന്നിരുന്ന ആ തത്വവിശേഷത്തെ ആ ഋഷി അറിഞ്ഞു് അതിനെ അവിടെ രേഖപ്പെടുത്തി എന്നു മാത്രമേ അതിനു് അർത്ഥമുള്ളൂ.

വേദങ്ങളെ പ്രധാനമായി കൎമ്മകാണ്ഡം ജ്ഞാനകാണ്ഡം എന്നിങ്ങനെ രണ്ടു ഭാഗമായി ടവർ തിരിച്ചിരിക്കുന്നു. ഒന്നാമത്തെ ഭാഗത്തിൽ പലവിധമുള്ള യജ്ഞാദികൎമ്മങ്ങളെപ്പററിയാണു് പറഞ്ഞിട്ടുള്ളതു്. അവയിൽ അധികഭാഗവും ഇക്കാലത്തു് പ്രായോഗികങ്ങളല്ലെന്നുവച്ചു് തള്ളപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ബാക്കിയുള്ള ഏതാനും ചിലവ ഒരു പ്രകാരത്തിലല്ലെങ്കിൽ മറെറാരു പ്രകാരത്തിൽ ഇന്നും നടപ്പിലുണ്ടു്. കൎമ്മകാണ്ഡം പ്രധാനമായി സിദ്ധാന്തിക്കുന്നതു് ഒരു മനുഷ്യജീവിതത്തിൽ ബ്രഹ്മചൎയ്യം, ഗാൎഹസ്ഥ്യം, വാനപ്രസ്ഥം, സന്ന്യാസം എന്നിങ്ങനെ നാലു ആശ്രമങ്ങളിലും ഒരുവൻ അനുഷ്ഠിക്കേണ്ടതായിട്ടുള്ള ധൎമ്മങ്ങളെപ്പററിയാണു്. ഇവയെ നാം ഇന്നേവരെ ഒട്ടൊക്കെ അനുസരിച്ചുകൊണ്ടു് വരുന്നതും ഉണ്ടു്.

ആദ്ധ്യാത്മികമായ ഭാവത്തെ വിവരിക്കുന്ന ഭാഗം രണ്ടാമത്തേതായ ജ്ഞാനകാണ്ഡമാകുന്നു. ഇതിനെത്തന്നെയാണു് "വേദത്തിൻെറ അവസാനം" എന്നു് അൎത്ഥമായ "വേദാന്തം" എന്ന പദത്താൽ കുറിക്കുന്നതും. അതിനാൽ വേദത്തിൻെറ സത്താണു് വേദാന്തം. ഇതിലെ പ്രമാണകോടികൾ ഉപനിഷത്തുക്കളും ആകുന്നു. ഹിന്തുക്കളുടെ ഇടയിൽ ദ്വൈതികൾ, അദ്വൈതികൾ, വിശിഷ്ടദ്വൈതികൾ, സാംഖ്യന്മാർ, ശാക്തന്മാർ, വൈഷ്ണവന്മാർ, ശൈവന്മാർ, സൌരന്മാർ, ഗാണപത്യന്മാർ എന്നിങ്ങനെ അനേകശാഖക്കാർ ഉണ്ടു്. ഇവരെല്ലാവരും മൂലപ്രമാണമായി സ്വീകരിക്കു

നതു് ഈ ഉപനിഷത്തുക്കളെത്തന്നെയാണു്. ഓരോരുത്തൎക്കും ഈ ഉപനിഷത്തുക്കളെ അവരവരുടെ സിദ്ധാന്തങ്ങൾക്കു് യോജിച്ചപോലെ വളച്ചും തിരിച്ചും വ്യാഖ്യാനിക്കാമെന്നല്ലാതെ —അങ്ങിനെ വ്യാഖ്യാനിച്ചിട്ടും വ്യാഖ്യാനിക്കുന്നതും ഉണ്ടു്— ഉപനിഷത്തുക്കളുടെ പ്രാമാണ്യത്തെ നിഷേധിക്കുവാൻ ആരാലും സാധിക്കുകയില്ല. അതിനാലാണു് ഇൻഡ്യയിലെ സകല തത്വജ്ഞാനികളും വേദാന്തത്തിന്റെ പ്രാമാണ്യത്തെ നിരാക്ഷേപം സ്വീകരിച്ചിട്ടുള്ളതു്. ഇന്നു് അനേകതരം മതങ്ങളുണ്ടല്ലോ. അവയിൽ ചിലവ വളരെ അപരിഷ്കൃതവും ചിലവയുടെ ഉദ്ദേശം വളരെ സങ്കുചിതവും മററുമാണെന്നു് തോന്നിപ്പോയേക്കാം. എന്നാൽ ആവക മതങ്ങളെപ്പോലും ശരിയായി പരിശോധിക്കുന്നതായാൽ അവയുടെ അടിസ്ഥാനവും ഈ ഉപനിഷത്തുക്കൾതന്നെയാണെന്നു് കാണാകുന്നതാണു്. അത്ര ദൃഢമായാണു് ഉപനിഷത്തുക്കളുടെ പ്രാമാണ്യം മനുഷ്യസമുദായത്തിൽ വേരൂന്നീട്ടുള്ളതു്. ഏററവും അപരിഷ്കൃതമെന്നു തോന്നപ്പെടുന്ന ഏതൊരു ഇന്ത്യൻധൎമ്മസമ്പ്രദായത്തിന്റേയും പ്രതീകപദ്ധതിയെ നിങ്ങൾ ഒന്നെടുത്തു് പരിശോധിച്ചുനോക്കുന്നതായാൽ അവിടെയും ഉപനിഷൽസിദ്ധാന്തങ്ങളെത്തന്നെയാണ് പ്രതീകത്വേന സങ്കല്പിച്ചിരിക്കുന്നതെന്നു് കാണുവാൻ സാധിക്കുന്നതായിരിക്കും. ഹിന്ദുക്കളുടെ പ്രതിദിനാരാധനയ്ക്കു് വിഷയമായി തീൎന്നിരിക്കുന്ന അവരുടെ പ്രതിമകളും പ്രതീകങ്ങളുമെല്ലാം അവരുടെ അത്യുൽകൃഷ്ടങ്ങളായ ഉപനിഷൽസിദ്ധാന്തങ്ങൾ തന്നെയാണു്. വേദാന്തത്തിലെ ഓരോ മഹൽസിദ്ധാന്തങ്ങളെ സാകാരേണ ഉൽപ്രേക്ഷിച്ചു് ആവക ആശയങ്ങൾ ജനസമുദായത്തിൽ കടന്നു് വേരുറച്ചപ്പോൾ ആ ആകാരങ്ങൾ ദിനചൎയ്യയിൽ പ്രതീകങ്ങളായിത്തീരുകയും ചെയ്തു. ഇന്നത്തെ നമ്മുടെ മിക്ക പ്രതിമകളും പ്രതീകങ്ങളും ഇങ്ങിനെ വേദാന്തത്തിൽനിന്നു് ഉത്ഭവിച്ചിട്ടുള്ളവയാകുന്നു.

സ്മൃതികൾ—ശ്രുതികളെ കഴിച്ചാൽ പിന്നെ നമ്മുടെ ആലോചനയ്ക്കു് വിഷയമാകേണ്ടവയായ ശാസ്ത്രഗ്രന്ഥങ്ങൾ ഋഷിപ്രോക്തങ്ങളായ സ്മൃതികളാണു്. ഈ സ്മൃതികളെല്ലാം ഓരോ ഋഷികളാൽ അതാതുകാലം രചിക്കപ്പെട്ടവയാണെന്നു് നാം സമ്മതിക്കുന്നുണ്ടു്. അതിനാൽ അന്യമതങ്ങളിൽ അവരുടെ മതഗ്രന്ഥങ്ങൾക്കുള്ള സ്ഥാനമേതോ അതേ സ്ഥാനമാണു് നമ്മുടെ സ്മൃതികൾക്കും നമ്മുടെ മതത്തിൽ ഉള്ളതു്. ശ്രുതിയും സ്മൃതിയും തമ്മിൽ വല്ല സംഗതിയിലും ഭിന്നാഭിപ്രായമുണ്ടായാൽ അവിടെ സ്മൃതിയെ നിഷേധിച്ചു് ശ്രുതിയെ സ്വീകരിക്കുന്നതുകൊണ്ടു് സ്മൃതിക്കു് നമ്മുടെ ധർമ്മശാസ്ത്രഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ രണ്ടാംകിടസ്ഥാനമേയുള്ളു എന്നു വ്യക്തമാകുന്നു. ഓരോ കാലത്തു് ഓരോ സ്മൃതികൾക്കാണു് പ്രാധാന്യം കല്പിച്ചിട്ടുള്ളതു്. സമുദായാംഗങ്ങളുടെ ജീവിതഗതിയെ വ്യവസ്ഥിതമായ രൂപത്തിൽ ക്രമീകരിക്കുകയെന്നുള്ളതാണു് സ്മൃതികൾകൊണ്ടു ഉദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രധാന പ്രയോജനം. അതിനാൽ കാലാവസ്ഥകൊണ്ടും മററും ജീവിതഗതിക്കു് വ്യത്യാസം നേരിടുമ്പോൾ സമുദായാംഗങ്ങളുടെ സ്വഭാവവും സമ്പ്രദായവും തദനുസരണം വ്യത്യാസപ്പെട്ടേണ്ടതായിത്തന്നെ ഇരിക്കുന്നതുകൊണ്ടു് സ്മൃതികളും മാറിമാറിക്കൊണ്ടേ ഇരിക്കണം. എന്നാൽ മനുഷ്യനിലും പ്രകൃതിയിലും ഉള്ള സനാതന തത്വങ്ങളെ ആശ്രയിച്ചിരിക്കുന്ന വേദാന്തതത്വങ്ങൾക്കു് ഇങ്ങനെയുള്ള മാററങ്ങൾ ഒരിക്കലും ഉണ്ടാകയില്ല, ഉണ്ടാകുവാൻ തരവും ഇല്ല. നൂറുനൂറായിരം കൊല്ലങ്ങൾക്കു മുമ്പു് അവ ഏതുപ്രകാരം ഇരുന്നിരുന്നുവൊ അതുപ്രകാരം തന്നെ അവ ഇന്നും ഇരിക്കുന്നു; ഇനി നൂറുനൂറായിരം കൊല്ലങ്ങൾ കഴിഞ്ഞാലും അവ ഇതേപ്രകാരം തന്നെ ഇരിക്കുകയും ചെയ്യും. എന്നാൽ നമ്മുടെ സാമുദായികനിലയെ ആശ്രയിച്ചു് നിജപ്പെടുത്തീട്ടുള്ള കർമ്മപദ്ധതികൾ സാമുദായികസ്ഥിതി ഭേദപ്പെടുന്നതോടുകൂടി ഭേദപ്പെട്ടുകൊണ്ടേ ഇരിക്കണം.

ഒരുകാലത്തേയ്ക്കു യോജിച്ചതായ ഒരു സാമുദായിക നിയമം മററൊരുകാലത്തേയ്ക്കു യോജിച്ചു എന്നു വരുവാൻ പ്രയാസമാണു്. അതിനാൽ ഇന്നത്തെ കാലത്തു് വല്ല മാററങ്ങളും അവശ്യമായി വന്നിട്ടുണ്ടെങ്കിൽ അവയെ നിരാക്ഷേപം സ്വീകരിക്കാമെന്നു് ഇതിനാൽ വ്യാക്തമാകുന്നുണ്ടു്. അതെങ്ങനെയാണു് വരുത്തേണ്ടതെന്നു് പുണ്യാത്മാക്കൾ വന്നു് നമുക്കു കാണിച്ചു തരികയും ചെയ്യും. എന്നാൽ സനാതനധർമ്മസിദ്ധാന്തത്തിലെ ഒരു ചെറുനിയമത്തെപ്പോലും ഭേദപ്പെടുത്തുവാൻ ആരാലും സാധിക്കയില്ല.

പുരാണങ്ങൾ—അടുത്തതായി പറയുവാനുള്ളതു് പുരാണങ്ങളെപ്പററിയാണു്. "പുരാണംപഞ്ചലക്ഷണം" എന്നു് നിർവചിച്ചിരിക്കുന്നതുകൊണ്ടു് അതിൽ ചരിത്രം സൃഷ്ടികാര്യം മുതലായ സംഗതികൾ അടങ്ങിയിരിക്കേണ്ടതാകുന്നു. "വേദത്തിൻപൊരുൾവെളിച്ചത്തു കാട്ടീടുവാൻ വേദവ്യാസമുനിചമച്ച പുരാണങ്ങൾ" എന്നുള്ളതിൽനിന്നു് ഈ വക ഗ്രന്ഥങ്ങളെക്കൊണ്ടു് ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന പ്രയോജനം എന്താണെന്നു് നമുക്കു് വ്യക്തമായി മനസ്സിലാക്കാം. വേദങ്ങൾ ഏററവും പ്രാചീനമായ ഭാഷയിലാണു് എഴുതപ്പെട്ടിട്ടുള്ളതു്. എന്നാൽ പുരാണങ്ങൾ അതാതുകാലത്തെ വർത്തമാനഭാഷയിലും ആകുന്നു. രണ്ടാമതായി പുരാണങ്ങൾ ഒരിക്കലും വിദ്വാന്മാരെ ലക്ഷ്യമാക്കി ഉണ്ടാക്കപ്പെട്ടവയല്ല അവ സാധാരണന്മാർക്കാണു് അവക്കു് വലിയ തത്വജ്ഞാനസിദ്ധാന്തങ്ങളെ അതേ രൂപത്തിൽ മനസ്സിലാക്കുവാൻ പ്രയാസമാകയാൽ അവക്കു് രസിക്കത്തക്കതും രുചിക്കത്തക്കതും പ്രത്യേകിച്ചു് ഗ്രഹിക്കത്തക്കതും ആയ വിധത്തിൽ ഋഷികളുടേയും രാജാക്കന്മാരുടേയും മററും ജീവചരിത്രരൂപേണയും അവരുടെ ഇടയിൽ ഉണ്ടായിട്ടുള്ള സംഭവങ്ങളുടെ സ്വഭാവത്തിലും ആവക സിദ്ധാന്തങ്ങളെ അവക്കു് ഉൽപ്രേക്ഷിച്ചു കൊടുത്തിരിക്കുകയാണു്. ആദ്ധ്യാത്മികധർമ്മത്തിലെ സനാതന സിദ്ധാന്തങ്ങളെ വ്യാഖ്യാനിക്കു

വാൻ അന്നത്തെ ഋഷികൾ ഈ വക ഉപകരണങ്ങളെ ഉപയോഗപ്പെടുത്തിച്ചമച്ച "സനാതനധൎമ്മസിദ്ധാന്തവ്യാഖ്യാനങ്ങൾ" ആണു നമ്മുടെ പുരാണങ്ങൾ. അതാണു് അവയ്ക്കു് നമ്മുടെ ധൎമ്മശാസ്ത്ര ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ ഉള്ള സ്ഥാനം.

തന്ത്രങ്ങൾ—തന്ത്രങ്ങൾ എന്ന പേരേയും ഒരുവക പ്രമാണഗ്രന്ഥങ്ങൾകൂടെയുണ്ടു്. ചില ചില സംഗതികളിൽ ഇവ പുരാണത്തെപ്പോലെതന്നെയാണെങ്കിലും ചില തന്ത്രങ്ങളിൽ വേദത്തിലെ പുരാതനമായ യജ്ഞാദികൎമ്മങ്ങളെ പുനരുദ്ധരിക്കുവാൻ ഒരു ശ്രമം ചെയ്യാതിരുന്നിട്ടില്ല. ഹിന്ദുക്കളുടെ പ്രമാണഗ്രന്ഥങ്ങൾ ഇവയെല്ലാം ആകുന്നു.

ശാഖകൾ—ഹിന്ദുക്കൾ, തത്വസിദ്ധാന്തങ്ങളേയും ആദ്ധ്യാത്മികസംഗതികളേയും പററിയുള്ള ചിന്തയിലാണു് അവരുടെ ശ്രദ്ധയിൽ അധികഭാഗവും വിനിയോഗിച്ചിട്ടുള്ളതു്. ഇങ്ങിനെ എത്രയെത്ര ആയിരം സംവത്സരം വിനിയോഗിച്ചു എന്നു് ആരാലും തീൎത്തുപറയുവാൻ സാധിക്കുന്നതല്ല. അതിന്റെ ഫലമായി അവരുടെ ഇടയിൽ അനേകഗ്രന്ഥങ്ങൾ ഉണ്ടാകുവാൻ സംഗതിവന്നു. ഇങ്ങിനെയുള്ള ഒരു പ്രാചീനസമുദായത്തിൽ അനേകം ശാഖകൾ ഉണ്ടായിത്തീൎന്നതിൽ അത്ഭുതപ്പെടുവാൻ ഇല്ല. ഈ ശാഖകൾ ഏതാനും സംഗതികളിൽ അന്യോന്യം ഭിന്നിപ്പുള്ളവയായിക്കാണും. ഈ വകവ്യത്യാസങ്ങളെല്ലാം വേണ്ടതുപോലെ മനസ്സിലാക്കുവാൻ നമുക്കു ആയുഷ്കാലം മതിയാകയില്ല. അങ്ങിനെ മനസ്സിലാക്കിയതുകൊണ്ടു് വലിയ പ്രയോജനമൊന്നും ഉണ്ടാകുവാനും ഇല്ല. അതിനാൽ, ഇവക്കെല്ലാം പൊതുവിൽ ഉള്ളതും എല്ലാ ഹിന്ദുക്കളും ഒരുപോലെ വിശ്വസിക്കുന്നതും വിശ്വസിക്കേണ്ടതും ആയ ഏതാനും സംഗതികളെപ്പററി മാത്രം ഇവിടെ ചിന്തിക്കാം.

സൃഷ്ടികാൎയ്യം—ഇനി നമ്മുടെ ശ്രദ്ധയ്ക്കു് നിതരാം വിഷയമായിത്തീരേണ്ടതായ പ്രധാനസംഗതി സൃഷ്ടികാൎയ്യ

മാണ്. ഈ പ്രകൃതി അവിനശ്വരവും അനാദിയും ആണെന്ന നമ്മൾ വിശ്വസിക്കുന്നു. ഈ ലോകം ഇന്നാൾ ഒന്നും ഉണ്ടാക്കപ്പെട്ടതല്ല. ഒരു ദൈവം ഒരു സർക്കീട്ടുദ്യോഗസ്ഥനെപ്പോലെ എവിടെനിന്നോ ഇറങ്ങിവന്ന് ഏതാനും ദിവസംകൊണ്ട് ഈ ലോകത്തെ ശൂന്യത്തിൽനിന്നും സൃഷ്ടിച്ചശേഷം വന്നേടത്തേക്കുതന്നെ മടങ്ങിപ്പോയി അവിടെ പൂവ്വൽ കിടന്നുറങ്ങുന്നില്ല. അങ്ങിനെ ഒരിക്കലും സംഭവിക്കാവുന്നതല്ലെന്ന് ഈ സിദ്ധാന്തത്തെ സ്വീകരിക്കുന്നവർതന്നെ ഇപ്പോഴയ്ക്ക് സമ്മതിച്ചുകഴിഞ്ഞിരിക്കുന്നു. പക്ഷെ അവർ അത് പുറത്തേക്കു തുറന്നു പറയുന്നില്ലെന്നേയുള്ളൂ. അതിന്ന് അവൎക്കു വലിയ ഭയമാണ്. ഈശ്വരൻ സദാ സൃഷ്ടികാൎയ്യം നിർവഹിച്ചുകൊണ്ടുതന്നെ ഇരിക്കുന്നുണ്ട്. അല്ലാതെ ഒരിക്കലും കിടന്നുറങ്ങുന്നില്ല. "ഞാൻ ഒരു നിമിഷനേരത്തേയ്ക്കുപോലും പ്രവൃത്തിരഹിതനായിരുന്നാൽ ഈ പ്രപഞ്ചം തൽക്ഷണം നശിച്ചുപോകും." എന്ന ഗീതയിലെ തിരുവായ്മൊഴി നോക്കുക. പ്രപഞ്ചത്തിലെങ്ങും ആ ശക്തിയുടെ വ്യാപാരം കൂടാതെ ഒരു സമയവും ഉണ്ടായിട്ടില്ല. പ്രാപഞ്ചികശക്തിയുടെ ആകത്തുക എല്ലാകാലത്തും ഒരുപോലെതന്നെ ഇരിക്കുമെന്ന് ആധുനികസൈൻസു തെളിയിച്ചിട്ടുണ്ട്. എന്നാൽ പ്രളയമോ? എന്നാണെങ്കിൽ അതു കാൎയ്യം വേറെയാണ്.

പ്രളയം—അന്യമതസ്ഥന്മാരുമായുണ്ടായ സാഹചൎയ്യം നിമിത്തം അവരുടെ ഏതാനും ആശയങ്ങളെ അറിയാതെ തന്നെ നാം അംഗീകരിച്ചുപോയിട്ടുണ്ട്. പരമാൎത്ഥം മനസ്സിലാക്കുവാൻ പ്രയാസമുള്ള സംഗതികളിലാണ് ഈ അബദ്ധം അധികവും പററിപ്പോയിട്ടുള്ളത്. അവർ ആവക സംഗതികൾക്കു എളുപ്പത്തിൽ ഒരു സമാധാനം കണ്ടുപിടിക്കുമ്പോൾ കാൎയ്യഗ്രഹണപാടവമില്ലാത്ത നമ്മളിൽ ചിലർ അതിനെ വിശ്വസിച്ചുപോകുന്നു. അതുനിമിത്തം "ഒരുദിവസം ഈശ്വരൻ ഇറങ്ങിവന്ന് ഒന്നും ഇല്ലാത്ത ശൂന്യാവസ്ഥയിൽനിന്ന്

സൎവ്വത്തേയും സൃഷ്ടിച്ചു് മടങ്ങിപ്പോയി" എന്നു് ചില ഹ്രസ്വബുദ്ധികൾ പറഞ്ഞതുകേട്ടപ്പോൾ അതിനെ നമ്മളിൽ ചില ബാലിശബുദ്ധികൾ വിശ്വസിച്ചുപോയിട്ടുണ്ടെങ്കിൽ അതിശയിക്കുവാനൊന്നുമില്ല. "സൃഷ്ടി" എന്നു നാം പറയുമ്പോൾ അതിന്നു് "വിജൃംഭണം" എന്നല്ലാതെ "ഒന്നും ഇല്ലാത്തതിൽ നിന്നു് എല്ലാം ഉണ്ടാക്കുക" എന്നൎത്ഥം ഉള്ളതായി തെററിദ്ധരിച്ചുപോകരുതു്. പ്രളയകാലത്തിലും പ്രകൃതിയുണ്ടു്. പക്ഷെ അപ്പോൾ സൂക്ഷ്മാവസ്ഥയിൽ ആണെന്നുമാത്രമേയുള്ളൂ. അങ്ങിനെ കുറേക്കാലം കഴിയുമ്പോൾ ആ പ്രകൃതി വീണ്ടും വിജൃംഭിക്കുകയായി. അതേസങ്കലനം അതേ പരിണാമം അതേ പ്രകടനം എല്ലാം മുന്നേപ്പോലെതന്നെ. ഇങ്ങിനെ പ്രകടിതഭാവത്തിൽ കുറെ കഴിയുമ്പോൾ ക്രമേണ ആ പ്രകൃതി വീണ്ടും സൂക്ഷ്മാവസ്ഥയെ പ്രാപിക്കുന്നു. ഇതിനെയാണു് നാം "സൃഷ്ടിചക്രം" എന്നു് പറയുന്നതു്. ഈ സൃഷ്ടിചക്രം പ്രകടിതവും അപ്രകടിതവും ആയ ഭാവങ്ങളിൽ ചുററിത്തിരിഞ്ഞുകൊണ്ടിരിക്കുകയാണു്. കാലം ദേശം നിമിത്തം ഇവയെല്ലാം പ്രകൃതികാൎയ്യങ്ങളാകയാൽ പ്രകൃതിക്കു് ആരംഭമുണ്ടെന്നു പറയുന്നതേ അബദ്ധം. അതിന്റെ ആദിയെപ്പററിയാകട്ടെ അവസാനത്തെ പററിയാകട്ടെ ചിന്തിക്കുവാൻ സാധിക്കുകയില്ല. അതിനാൽ നമ്മുടെ പ്രമാണഗ്രന്ഥങ്ങളിൽ എവിടെയെങ്കിലും ആദിയെപ്പററിയൊ അവസാനത്തെപ്പററിയൊ പറഞ്ഞു് കാണുന്നുണ്ടെങ്കിൽ അതു് ആ പ്രത്യേകമന്വന്തരത്തെ മാത്രമേ ബാധിക്കുന്നതായിരിക്കുന്നുള്ളൂ എന്നു പ്രത്യേകം ഓൎക്കേണ്ടതാകുന്നു.

ഈശ്വരൻ — "ഈ സൃഷ്ടിവ്യാപാരം ആരുടേതാണു്?" എന്നു് ചോദിക്കുന്നതായാൽ അതിന്നുള്ള സമാധാനം "ഈശ്വരന്റേതാണു്" എന്നാണു്. ഈ ഈശ്വരപദം ഒരു പ്രത്യേക സാകാരഈശ്വരനേയും കുറിക്കുന്നില്ല. പ്രപഞ്ചകൎത്താവായ പുരുഷവിശേഷത്തെയാണു് ഇവിടെ ഈശ്വരപദംകൊണ്ടു്

വിവക്ഷിച്ചിട്ടുള്ളതു്. ഈ പ്രകടനങ്ങൾക്കെല്ലാം പൊതുവിലുള്ള കാരണം ആ ഈശ്വരനാണു്—ഇപ്പോൾ രണ്ടു് സംശയങ്ങൾ ഉണ്ടായേക്കാം.

(I) നാം ലോകത്തിൽ പക്ഷഭേദം കാണുന്നുണ്ടല്ലോ. ഒരുവൻ ജന്മനാ സുഖിയായിരിക്കുന്നു; മറ്റൊരുവൻ ദുഃഖിയായിരിക്കുന്നു; ഒരുവൻ ധനികനായിരിക്കുന്നു; മറ്റൊരുവൻ ദരിദ്രനായിരിക്കുന്നു; ഇതു പക്ഷഭേദമല്ലയൊ?

(II) ലോകത്തിൽ സർവ്വത്ര ഹിംസ കാണുവാനുള്ള കാരണമെന്തു്? ജനനമുണ്ടെങ്കിൽ മരണം നിശ്ചയം. ഒരു ജന്തു മറ്റൊന്നിനെ കടിച്ചുകീറുന്നു. ഓരോരുത്തരുടേയും ശ്രമം മറ്റുള്ളവരേക്കാൾ പ്രമാണിയാകുവാനാണു്. ആരേ ഹിംസിച്ചാലും സ്വാർത്ഥം നേടണമെന്നേ എല്ലാവൎക്കും ഉള്ളൂ. ഈ ഹിംസ, ഈ മാത്സര്യം, ഈ ദുഷ്ടത, നാം ലോകത്തിൽ സർവ്വദാ സർവ്വത്ര കണ്ടുകൊണ്ടിരിക്കുന്നതിന്റെ കാരണമെന്താണു്?

ഇതെല്ലാം ഒരേ ഈശ്വരന്റെ വികൃതിയാണെങ്കിൽ ആ ഈശ്വരൻ ക്രൂരനേക്കാളും നീചനായിരിക്കണം. പിശാചിനേക്കാളും ദുഷ്ടനായിരിക്കണം. ആ ഈശ്വരൻ ഈശ്വരനേ അല്ല. നിശ്ചയം. ഇതിനു വേദാന്തം പറയുന്ന സമാധാനം, ഇതൊന്നും ഈശ്വരന്റെ കുറ്റമല്ല എന്നാണു്. ലോകത്തിൽ പക്ഷഭേദവും ഉണ്ടു്, ഹിംസയും ഉണ്ടു്, ശരിതന്നെ. എന്നാൽ അവയ്ക്കെല്ലാം ഉത്തരവാദി നമ്മൾതന്നെയല്ലാതെ മറ്റാരുമല്ല. മഴപെയ്യുന്നതു എല്ലാസ്ഥലത്തും ഒരുപോലെയല്ലേ. എന്നാൽ ഉഴുതു് വളംചേൎത്തു വിത്തിറക്കിയ ഭൂമിയിൽമാത്രമേ ആ മഴകൊണ്ടു പ്രയോജനം ഉണ്ടാകുന്നുള്ളു. വെറും പാറപ്പുറത്തു വർഷിക്കുന്ന വെള്ളംകൊണ്ടു ഒരു പ്രയോജനവും ഉണ്ടാകുന്നതുമില്ല. അതു് മേഘത്തിന്റെ കുറ്റംകൊണ്ടാണോ? അതുപോലെ ഈശ്വരന്റെ കരുണ സദാ ഒരേവിധം വർഷിച്ചുകൊണ്ടിരിക്കുന്നു. വ്യത്യാസങ്ങളെല്ലാം ഉണ്ടാകുന്നതു് അതിനെ

സ്വീകരിക്കുന്ന നമ്മളാണു്. എന്നാൽ ചിലർ സുഖികളായും ചിലർ ദുഃഖികളായും തന്നെ ജനിക്കുന്നുവെല്ലൊ. അതിന്നു് അവർ ഉത്തരവാദികളാകുവാൻ നിവൃത്തിയില്ലല്ലോ എന്നാണെങ്കിൽ അതിന്റെ കാരണം അവരുടെ ജന്മാന്തരങ്ങളിലെ കർമ്മങ്ങൾ ആണെന്നാണു്.

ജന്മാന്തരവാദം — ഇവിടെയാണു് ജന്മാന്തരവാദം വരുന്നതു്. നമ്മളാരും ഇന്നലെയൊ മിനിഞ്ഞാന്നൊ ശൂന്യാവസ്ഥയിൽനിന്നു ആരുടേയും കല്പനപ്രകാരം ചാടിക്കടന്നുവന്നവരല്ല. അങ്ങിനെ സംഭവിക്കുവാനേ പാടില്ല. നാം സനാതനരാണു്. ഈ സിദ്ധാന്തം ഹിന്തുക്കൾക്കുമാത്രമല്ല, ബുദ്ധന്മാർക്കും ജൈനന്മാർക്കുംകൂടെ സമ്മതമാകുന്നു. സമയപരിധിക്കുള്ളിൽ ആരംഭിച്ചവയെല്ലാം അതിന്നകത്തു തന്നെ നാശം പ്രാപിച്ചേ മതിയാകൂ. ഈ ജീവിതം ഇന്നലെ ആരംഭിച്ചതാണെങ്കിൽ തീർച്ചയായും അതു് നാളെ അവസാനിക്കുകതന്നെ വേണം. എന്നാൽ പരമാർത്ഥം അങ്ങിനെയല്ല. ജീവിതം നിലനിന്നുകൊണ്ടുവരുന്ന ഒന്നാണെന്നു നമുക്കെല്ലാം അറിയാം. നമ്മുടെ പ്രമാണഗ്രന്ഥങ്ങളിൽ അടങ്ങിയിരിക്കുന്ന ഈ തത്വത്തെ ഇന്നത്തെ സയൻസ് ബാഹ്യലോകസംഗതികൾ കൊണ്ടു തെളിയിക്കുവാൻ തുടങ്ങിയിരിക്കുന്നു. നാം ഓരോരുത്തരും നമ്മുടെ ജന്മാന്തരങ്ങളിലെ കർമ്മഫലങ്ങളായി ഉണ്ടായിട്ടുള്ളവരാണു്. അല്ലാതെ മിന്നൽപിണരെന്നപോലെ ഒരു ശിശു പ്രകൃതിയിൽ നിന്നു ഈ ബാഹ്യലോകരംഗത്തിൽ ചാടി വീഴുകയല്ല. ആ ശിശു അനാദികാലത്തിൽ ചെയ്തിട്ടുള്ള കർമ്മങ്ങളുടെ ഫലം, അവ നല്ലതായാലും വേണ്ടതില്ല, തീയതായാലും വേണ്ടതില്ല അനുഭവിക്കുവാനായി സ്വകർമ്മ വാസനാനുസാരേണ ഇവിടെ വന്നിരിക്കയാണു്. എന്നാൽ പൂർവ്വജന്മത്തെ നമ്മളാരും ഓർമ്മിക്കാതിരിക്കുവാനുള്ള കാരണമെന്തു്? മാനസികമഹാസമുദ്രത്തിന്റെ മുകൾപ്പരപ്പാണു് ഓർമ്മ. അതിന്നടിയിൽ പൂർവ്വാനുഭവങ്ങളെല്ലാം അടങ്ങിക്കിടപ്പുണ്ടു്. നിങ്ങൾ

ശ്രമിക്കുന്നപക്ഷം അതെല്ലാം നിങ്ങൾക്ക് അറിയാറാകും.
ഇന്നലത്തെ കാൎയ്യംതന്നെ ഇന്നു നിങ്ങൾ ഓൎമ്മിക്കുന്നില്ലല്ലൊ.
ഓൎമ്മിക്കുവാൻ ശ്രമിക്കുക. എന്നാൽ എല്ലാം അറിയുവാൻ
സാധിക്കും. ഇതൊക്കെ നിങ്ങൾക്കെല്ലാം അറിയാവുന്നത
ല്ലെ. ഈ കാണപ്പെടുന്ന വ്യത്യാസങ്ങൾക്കെല്ലാം കാരണമെ
ന്താണെന്നു് ഇപ്പോൾ മനസ്സിലാകുന്നുണ്ടല്ലൊ. നാം അനുഭ
വിക്കുന്നതിന്നെല്ലാം ഉത്തരവാദി നമ്മൾമാത്രമല്ലാതെ മററാരു
മല്ല. കാരണവും നമ്മൾ തന്നെ, കാൎയ്യവും നമ്മൾ തന്നെ.
നമ്മൾ ഓരോരുത്തരുടേയും ഇഷ്ടകഷ്ടങ്ങൾ വരുത്തിവയ്ക്കു
ന്നവർ നമ്മൾ ഓരോരുത്തരം തന്നെയാകയാൽ "വിധി"—
"അദൃഷ്ടം" എന്നിങ്ങനെ ഓരോരുത്തർ കൊണ്ടുവരുന്ന വാദ
ങ്ങളെല്ലാം കേവലം അൎത്ഥശൂന്യങ്ങളും അസംബന്ധങ്ങളും
ആണ്. 'ഞാൻ ദുഃഖിതനായിരിക്കുന്നു എങ്കിൽ അതു ഞാൻ
തന്നെ വരുത്തിവെച്ചതാണു്. അതിനാൽ ഞാൻ ഇച്ഛിപ്പെട്ടു
ന്നപക്ഷം എനിക്കു തന്നെ എന്നെ സുഖിയാക്കിത്തീൎക്കാം.
ഞാൻ അശുദ്ധനാണെങ്കിൽ അതും എന്റെ സ്വന്തപ്രവൃത്തി
കൾ കൊണ്ടുതന്നെ ഉണ്ടായതാണു്. അതിനാൽ ഞാൻഇച്ഛി
പ്പെടുന്നപക്ഷം എനിക്കുതന്നെ എന്നെ ശുദ്ധനാക്കിത്തീൎക്കാം.
മനുഷ്യന്റെ ഇതര എല്ലാ അവസ്ഥകൾക്കും അതീതമായ
കനാണു്. അതിന്നു അസാദ്ധ്യമായി ഒന്നുംതന്നെ ഇല്ല. ശ
ക്തിമത്തും മഹത്തും അക്ലിപ്തവും ആയ മനുഷ്യാത്മാവിന്റെ
മുമ്പിൽ മറെറല്ലാശക്തികളും, പ്രകൃതിശക്തികൂടിയും തലകു
നിച്ചേ മതിയാകൂ. ഇതിനെയാണു് "കൎമ്മനിയതി" എന്നു
പറയുന്നതു്.

ആത്മാ— അടുത്തതായ ചോദ്യം 'ആത്മാ' എന്നാൽ എ
ന്താണു്? എന്നായിരിക്കുവാനേ തരമുള്ളു. ആത്മാവിനെ അ
റിയാതെ നമ്മുടെ ശാസ്ത്രഗ്രന്ഥങ്ങളിൽ പ്രതിപാദിക്കപ്പെട്ടി
ട്ടുള്ള ഈശ്വരനെ അറിയുവാൻ സാധിക്കുന്നതല്ല. ഭൗതിക
ലോകത്തെപ്പററിയുള്ള പരിശോധനകൊണ്ടു ഇന്ദ്രിയാതീതമാ
യ അവസ്ഥയെ ഊഹിക്കുവാൻ ഇന്ത്യയിലും ഇന്ത്യയ്ക്കു പുറമേയും

പലശ്രമങ്ങളും ചെയ്തുനോക്കുക ഉണ്ടായിട്ടുണ്ട്. എന്നാൽ അവക പരിശ്രമങ്ങൾക്കെല്ലാം ഉണ്ടായഫലം അസാദ്ധ്യമായ അപജയം ഒന്നുമാത്രമാണ്. നാം ഭൗതിക ലോകത്തെ എത്ര അധികം സമീപിക്കുന്നുവോ അത്രത്തോളം നമ്മുടെ ഭൗതിക പ്രതിപത്തി വർദ്ധിച്ചുവരികയേയുള്ളു. ഭൗതികലോകവുമായി കണക്കിലേറെ പെരുമാറുവാൻ തുടങ്ങിയാൽ അതിന്നു മുമ്പിൽ ഉണ്ടായിരുന്ന അല്പമായ ആസ്തിക്യഭാവംകൂടെ ഇല്ലാതായിത്തീരുകയേയുള്ളു. അതിനാൽ ആദ്ധ്യാത്മിക ലോകത്തിലേക്കുള്ള മാർഗ്ഗം ഭൗതികലോകത്തിൽ കൂടെയല്ലെന്നും മനുഷ്യഹൃദയത്തിൽ കൂടെത്തന്നെയാകുന്നു എന്നും ഉറപ്പിച്ചുകൊള്ളണം. ബാഹ്യങ്ങളായ വ്യാപാരങ്ങളൊന്നും നമ്മെ അതീതാവസ്ഥയെ ഉൽബോധനം ചെയ്യുവാൻ പര്യാപ്തങ്ങളാകുന്നില്ല. ഖണ്ഡാവസ്ഥയെപ്പററിയുള്ള ചിന്തനം അഖണ്ഡാവസ്ഥയെപ്പററിയുള്ള ബോധത്തെ ജനിപ്പിക്കുന്നില്ല. ആന്തരമായ വ്യാപാരങ്ങളെക്കൊണ്ടുവേണം അതിനെ ഗ്രഹിക്കുവാൻ. അതിനാൽ സ്വാത്മാവിനെപ്പററിയുള്ള അന്വേഷണത്തിൽകൂടെ മാത്രമേ നമുക്ക് ഈശ്വരനെ അറിയുവാൻ സാധിക്കുകയുള്ളു.

ഇന്ത്യയിലുള്ള വിഭിന്നശാഖക്കാരുടെ ഇടയിൽ മനുഷ്യാത്മാവിൻെറ സ്വഭാവത്തെപ്പററി വിഭിന്നങ്ങളായ അഭിപ്രായങ്ങൾ പലതും ഉണ്ട്. എങ്കിലും അവരെല്ലാം ഒരുപോലെ ഏതാനും പൊതുസിദ്ധാന്തങ്ങളെ അംഗീകരിക്കുന്നവരും ആകുന്നു. ആത്മാ ആദ്യന്തരാഹിത്യത്തോടുകൂടിയതാണെന്നും, പ്രകൃത്യാ നാശരഹിതമായതാണെന്നും അതുപോലെതന്നെ അനന്തമായ പരിശുദ്ധി, സർവ്വവ്യാപകത്വം, സർവ്വജ്ഞത്വം മുതലായ സർവ്വഗുണങ്ങളും അതിന്നുണ്ടെന്നും എല്ലാവരും ഒരുപോലെ സമ്മതിക്കുന്നുണ്ട്. എല്ലാ മനുഷ്യരിലും, എന്തിന്, എല്ലാജീവികളിലും—അവ എത്രതന്നെ ബലഹീനവും, ദുഷ്ടവും, നിസ്സാരവും ആയതായാലും വേണ്ടതില്ല അവയിലെല്ലാം—ഒരേ സർവ്വജ്ഞനും, സർവ്വഗനും, സർവ്വശക്തനും ആയ ആത്മാവാണ് സ്ഥി

തിചെയ്യുന്നതെന്നു പ്രത്യേകം ഓൎമ്മിക്കേണ്ടതാകുന്നു. വ്യത്യാസം കാണുന്നതു് ആത്മാവിന്റേതല്ല; ആത്മപ്രകടനത്തിന്റേതാണു്. എനിക്കും ഏററവും നിസ്സാരമായ ഒരു ചെറുകീടത്തിന്നും തമ്മിലുള്ള വ്യത്യാസം ആത്മപ്രകടനത്തിൽ മാത്രമാകുന്നു. തത്വത്തിൽ അതും ഞാനും ഒന്നുതന്നെയാണു്. എനിക്കുള്ള ആത്മാ അതിന്നും ഉണ്ടു്. ഇന്ത്യാദേവി ലോകത്തിനുപദേശിച്ചിട്ടുള്ള മഹാസന്ദേശം ഇതാണു്. അന്യരാജ്യങ്ങളിൽ മനുഷ്യരുടെ സാഹോദൎയ്യത്തെപ്പററിപറയുന്നതു കേൾക്കാം. എന്നാൽ ഇന്ത്യയിൽ അങ്ങിനെയല്ല. ഇവിടെ മനുഷ്യൻതുടങ്ങി ഏററവും ചെറുകീടം വരെയുള്ള സകല ജീവികളും സഹോദരങ്ങൾ മാത്രമല്ല സ്വാത്മാക്കൾ കൂടെയാണു്. “എല്ലാ ശരീരത്തിലും ഒരേ ഈശ്വരൻ അധിവസിക്കുന്നുണ്ടെന്നറിഞ്ഞു് വിദ്വാന്മാർ സൎവ്വത്തേയും ഈശ്വരാത്മകമായി പൂജിക്കുന്നു” എന്നാണു് നമ്മുടെ ശാസ്ത്രങ്ങളിൽ പറഞ്ഞിട്ടുള്ളതു്. ഇന്ത്യയിൽ സാധുക്കളെപ്പററിയും, മൃഗങ്ങളെപ്പററിയും, സൎവ്വജീവികളെപ്പററിയും, എന്തിന്നു് സൎവ്വവസ്തുക്കളെപ്പററി കൂടെയും ഇത്ര ആൎദ്രമായ അനുഭാവം ഉണ്ടാകുവാനുള്ള കാരണം ഇതാണു്.

മുക്തി—ആത്മാ ശരീരവുമല്ല മനസ്സുമല്ല. ശരീരം ഈ കാണുന്ന സ്ഥൂലപിണ്ഡം. ഇതിന്നകത്താണു് മനസ്സ്. അതിനെ ‘സൂക്ഷ്മശരീരം’ എന്നുകൂടെ പറയാം. ആത്മാ അതിന്നും അപ്പുറത്താണു്. ഈ ആത്മാ സൂക്ഷ്മശരീരത്തോടു ബദ്ധനായി ജനനമരണങ്ങളിൽ ശരീരംപ്രതി മാറിമാറിക്കൊണ്ടിരിക്കുകയാകുന്നു. അവിദ്യകൊണ്ടുണ്ടായ ഈ ബന്ധനം വിദ്യകൊണ്ടില്ലാതായി. അതു അതിന്റെ പൂൎണ്ണഭാവത്തിൽ പ്രകടിതമായിത്തീരുമ്പോൾ അതിന്റെ ശരീരംപ്രതിയുള്ള സഞ്ചാരവും അവസാനിക്കുന്നു. അപ്പോൾ ആ ആത്മാവിന്നു ആ സൂക്ഷ്മശരീരത്തെ വെച്ചുകൊണ്ടിരിക്കുവാനോ അതിനെ എന്നെന്നേയ്ക്കുമായി ഉപേക്ഷിച്ചു സ്വതന്ത്രനായിരിക്കുവാനോ

സാധിക്കുന്നതാണ്. ആത്മാവിൻെറ പ്രാപ്യസ്ഥാനം സ്വാതന്ത്ര്യമാകുന്നു.

ലോകാന്തരപ്രാപ്തി——ഇവിടെയാണ് ലോകാന്തരപ്രാപ്തിയെപ്പററിയുള്ള ചോദ്യം വരുന്നതു്. സ്വർഗ്ഗവും നരകവും എല്ലാം നമ്മൾക്കും ഉണ്ട്. പക്ഷെ മററുള്ളവർ പറയുന്നതുപോലെ അവകളൊന്നും ശാശ്വതങ്ങളല്ലെന്നേയുള്ളൂ. അവ ഒരു പ്രകാരേണയും ശാശ്വതങ്ങളാകുവാനും പാടില്ല. സ്വർഗ്ഗാദിലോകങ്ങൾ, നമ്മുടെ ഈ ലോകത്തിൻെറ കുറേക്കൂടെ "പരിഷ്കരിച്ച ഒരു പതിപ്പ്" എന്നല്ലാതെ അതിലധികമായി ഒന്നും ആകുവാൻ തരമില്ല. അവിടെ ഇവിടുത്തേക്കാൾ കുറച്ചധികം സുഖവും കുറച്ചേറെ ഭോഗങ്ങളും സിദ്ധിക്കുമായിരിക്കാം. പക്ഷെ അവയെല്ലാം ആത്മനിവൃതിക്കു് പ്രതിബന്ധങ്ങൾ തന്നെയാണ്. ഇത്തരം സ്വർഗ്ഗങ്ങൾ ഒട്ടേറെയുണ്ട്. ഫലേച്ഛയോടുകൂടി ഇഹലോകത്തിൽ സൽക്കർമ്മങ്ങൾ ചെയ്യുന്നവർ മരിക്കുമ്പോൾ ഏതെങ്കിലും ഒരു സ്വർഗ്ഗത്തിൽ ഇന്ദ്രനായോ മററോ പ്രവേശിക്കുന്നു. ദേവന്മാരുടെ പേരുകളെല്ലാം സ്ഥാനപ്പേരുകളാണ്. അവരെല്ലാം ഒരു കാലത്തു് മനുഷ്യരായിരുന്നു. അവരുടെ അക്കാലത്തെ സൽക്കർമ്മങ്ങളുടെ ഫലമായി അവർ ദേവന്മാരായിത്തീർന്നതാണ്. ഇന്ദ്രൻ തുടങ്ങി ദേവന്മാർ അനേകമുണ്ട്. ഇവരാരും ശാശ്വതമായി ഒരേസ്ഥാനത്തുതന്നെ ഇരിക്കുന്നവരല്ല. ഉദാഹരണമായി ദേവേന്ദ്രനെത്തന്നെ നോക്കുക. ഇന്ദ്രൻ എന്നതു് ഒരാളുടെ പേരല്ല. അനേകം ഇന്ദ്രന്മാർ ഉണ്ടായിട്ടുണ്ട്. ഇനിയും അനേകം ഉണ്ടാകുകയും ചെയ്യും. നഹുഷൻ ഒരു രാജാവല്ലായിരുന്നുവോ? അദ്ദേഹം മരണാനന്തരം ഇന്ദ്രനായി തീർന്നില്ലേ. ഒരു ആത്മാ ഉയർന്നുവന്നു് ഒരിക്കൽ ഇന്ദ്രപദത്തെ പ്രാപിച്ചു എന്നുവരാം. ആ ആത്മാ ആ സ്ഥാനത്തു് ഏതാനും കാലം ഇരുന്നശേഷം വീണ്ടും മനുഷ്യനായിത്തന്നെ ജനിക്കുന്നു. മനുഷ്യജന്മമാണ് മറെറല്ലാ ജന്മങ്ങളെക്കാളും ഉൽകൃഷ്ടമായിട്ടുള്ളതു്. എന്നാൽ ചില ദേവന്മാർ സ്വർഗ്ഗാനുഭവങ്ങളെപ്പോലും വകവയ്ക്കാതെ അവിടെ

നിന്നും ഉന്നതിയെ പ്രാപിക്കുവാൻ ശ്രമിക്കുന്നവരായി ഉണ്ടാകാം. എങ്കിലും ഈ ലോകത്തിലെപ്പോലെതന്നെ അവിടെ അധികപക്ഷക്കാരും ഭോഗങ്ങളിൽ സക്തന്മാരായി കാലം കഴിക്കുന്നവരാണ്. അവർ അവരുടെ സല്കർമ്മഫലം അനുഭവിച്ചുതീരുമ്പോൾ വീണ്ടും ഭൂമിയിലേയ്ക്കുതന്നെ പതിക്കുന്നു. അതുകൊണ്ടാണ് ഈ ലോകത്തെ "കർമ്മഭൂമി" എന്നു് പറയുന്നതു്. മോക്ഷം സമ്പാദിക്കുവാൻ സാധിക്കുന്നതു് ഇവിടെ വെച്ചു മാത്രമാണ്. അതിനാൽ ഈ സ്വർഗ്ഗലോകങ്ങൾ ഒന്നും സ്വീകാരയോഗ്യമല്ലെന്നു് വരുന്നുണ്ട്. മുക്തി, സ്വാതന്ത്ര്യം ഒന്നുമാത്രമേ അഭിലഷണീയമായിട്ടുള്ളൂ. അത്യുൽകൃഷ്ടമായ സ്വർഗ്ഗങ്ങളിൽക്കൂടെ നാം അസ്വതന്ത്രന്മാരാണ്. നിങ്ങൾ ഇരുപതിനായിരം സംവത്സരം രാജാവായിരുന്നു എന്നുതന്നെ ഇരിക്കട്ടെ. അതുകൊണ്ടുള്ള പ്രയോജനം എന്താണ്? നിങ്ങൾക്ക് ഏതുകാലംവരെ ശരീരമുണ്ടോ, നിങ്ങൾ ഏതുകാലംവരെ സുഖാനുഭവങ്ങൾക്ക് അടിമപ്പെട്ടിരിക്കുന്നുവോ, ഏതുകാലംവരെ കാലവും ദേശവും നിങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുവൊ, അത്രകാലവും നിങ്ങൾ അസ്വതന്ത്രന്മാർതന്നെയാണ്. രാജാവായാലെന്താ, ആരായാലെന്താ? അതിനാൽ ബാഹ്യവും ആന്തരവും ആയ പ്രകൃതിയിൽ നിന്നു് സ്വതന്ത്രനായിത്തീരണമെന്നായിരിക്കണം ഒരോരുത്തരുടേയും ആഗ്രഹം. പ്രകൃതി നിങ്ങളുടെ കാക്കൽ വീഴട്ടെ. നിങ്ങൾ അതിൻെറ പുറത്തുകയറിനിന്നു് നൃത്തം വെയ്ക്കുവിൻ! അതിനെ അതിക്രമിച്ചു് സ്വതന്ത്രനായിത്തീരുവിൻ. പിന്നെ ജനനമില്ല; അതു് കൊണ്ടു് മരണവും ഇല്ല; പിന്നെ സുഖമില്ല, അതുകൊണ്ടു് ദുഃഖവും ഇല്ല; അതു് അനിർവ്വാച്യവും, അനശ്വരവും, സർവ്വാതീതവും ആയ ഒരു അവസ്ഥയാകുന്നു. ഇവിടെ സുഖമെന്നും സന്തോഷമെന്നും മററും പറയുന്നവയെല്ലാം ആ ശാശ്വതമായ ആനന്ദസുധയുടെ ഒരു ചെറുകണികയ്ക്കുപോലും സമമല്ല. ഈ ശാശ്വതമായ ആനന്ദാനുഭൂതിയാണ് നമ്മുടെ ആദർശലക്ഷ്യം.

ഇങ്ങിനെ ഇരിക്കുന്ന ആത്മാ ബദ്ധനായി ഭൂമിയി ലേയ്ക്കു് ഇറങ്ങിയതു് എങ്ങിനെയാണെന്നാണു് അടുത്തതായി ആലോചിക്കുവാനുള്ളതു്. ഇതിനു് നമ്മുടെ ശാസ്ത്രങ്ങളിൽ ഒരൊററ സമാധാനം മാത്രമേ കാണുന്നുള്ളു, "ഈ ബന്ധന ത്തിനു് കാരണം അജ്ഞാനം." അജ്ഞാനംകൊണ്ടു് ബന്ധ നം ഉണ്ടായി. ജ്ഞാനം കൊണ്ടു് ആ ബന്ധനത്തെ ഇല്ലാതാ ക്കുകയും ചെയ്യാം. ഈ ജ്ഞാനം ഉണ്ടാകുന്നതു് പ്രേമത്തിൽ ക്കൂടെ, അതായതു് ഭക്തിയിൽക്കൂടെ ആണു്. സർവ്വശരീരങ്ങളും ഈശ്വരക്ഷേത്രങ്ങളാണെന്നും, സർവ്വത്തിലും ഒരേ ഈശ്വരൻ സദാ അധിവസിക്കുന്നുണ്ടെന്നും, അറിഞ്ഞു് എല്ലാവരേയും ഒരുപോലെ സ്നേഹിക്കുകയും ഒരുപോലെ പൂജിക്കുകയും ചെയ്യുന്നതാണു് ശരിയായഭക്തിയുംഭജനവും. ഇങ്ങനെയുള്ള ഈശ്വരഭജനംകൊണ്ടും ഭക്തികൊണ്ടും ജ്ഞാനാനുഭൂതിയുണ്ടാ കുമ്പോൾ അജ്ഞാനം നശിക്കുകയും ബന്ധങ്ങൾ ഛേദിക്ക പ്പെടുകയും ആത്മാ സ്വതന്ത്രനാകുകയും ചെയ്യും.

സാകാര നിരാകാര വാദം.—നമ്മുടെ പ്രമാണഗ്രന്ഥങ്ങ ളിൽ ഈശ്വരനെ സാകാരഭാവത്തിലും നിരാകാരഭാവത്തിലും വർണ്ണിച്ചിട്ടുണ്ടു്. സാകാര ഈശ്വരൻ സർവ്വജ്ഞനായ പ്രപഞ്ചക ർത്താവാണെന്നും, സൃഷ്ടിസ്ഥിതിസംഹാരങ്ങൾ നിർവ്വഹിക്കു ന്നതു് ആ ഈശ്വരനാണെന്നും, പ്രപഞ്ചത്തിൻെറ മാതാവും പിതാവും ആ ഈശ്വരൻ തന്നെയാണെന്നും, ആ ഈശ്വരൻ നമ്മളിൽ നിന്നു് കേവലം വേറിട്ടു് ഇരിക്കുകയാണെന്നും, മോക്ഷം എന്നു് പറയുന്നതു് ആ ഈശ്വരൻെറ അന്തേവാസ ത്വമാണെന്നും ആണു് ഒരുവക സിദ്ധാന്തം. നിരാകാര ഭാവ ത്തിൽ ഈവക വിശേഷങ്ങളൊന്നും സാധുവല്ല; യുക്തവുമല്ല. നിരാകാര ഈശ്വരൻ നമ്മുടെഅറിവിനും ചിന്തയ്ക്കും വിഷയ മായിരിക്കുവാൻ തരമില്ല; ആ ഈശ്വരനെ വിവേകിയെന്നോ സൃഷ്ടികർത്താവെന്നോ, വികാരിയെന്നോ, മറേറതെങ്കിലുംഗുണ ങ്ങളോടുകൂടിയവനെന്നോ പറഞ്ഞുകൂടാ. അറിച്ചു് മനുഷ്യ

ബുദ്ധിക്കുമാത്രം ചേർന്നതാണു്. ചിന്തയും വിവേകവും ദുർബ്ബലതയുടെ ലക്ഷണമാകുന്നു. ബന്ധനത്തിലല്ലാതെ സൃഷ്ടിയില്ല. ഈശ്വരന്നു ബന്ധനമില്ലായ്കയാൽ ഈശ്വരൻ സൃഷ്ടിക്കുന്നില്ല. സവികാരന്നു മാത്രമേ വ്യാപാരമുണ്ടാകുവാൻ തരമുള്ളൂ. വ്യാപാരം അനുഗ്രഹങ്ങളുടേയും അവശ്യങ്ങളുടേയും നിവൃത്തിക്കായിട്ടാണു്. ഈശ്വരനു് അനുഗ്രഹവും അവശ്യവും ഇല്ലാത്തതിനാൽ വികാരിയല്ലതന്നെ. ഈ സമ്പ്രദായത്തെയാണു് "അദ്വൈതം" എന്നു് പറയുന്നതു്.

ജീവബ്രഹ്മസംബന്ധം—'ഇങ്ങിനെയുള്ള നിരാകാര ഈശ്വരന്നും നമ്മളും തമ്മിലുള്ള സംബന്ധം എന്താണു്?' എന്ന സംശയം വരുന്നതു് ഇപ്പോഴാണു്. ഇതിന്നു് അദ്വൈതികൾ പറയുന്ന സമാധാനം 'നമ്മളും ഈശ്വരന്നും ഭിന്നമല്ല, പ്രത്യുത, ഒന്നുതന്നെയാണു്, എന്നാണു്.' നമ്മൾ ഓരോരുത്തരും ആ നിരാകാരഭാവത്തിന്റെ ഓരോ പ്രകടനം മാത്രം. ആ അഖണ്ഡനായ "ഈശ്വരനിൽനിന്നു് നമ്മളെല്ലാം ഭിന്നമാണു്" എന്നുള്ള ചിന്തയാലാണു് ബന്ധനവും ദുഃഖവും ഉണ്ടാകുന്നതു്. ഈ അത്യത്ഭുതകരമായ പരബ്രഹ്മവസ്തുവും നമ്മളും ഒന്നുതന്നെയാണെന്നറിഞ്ഞു് അതിനെ അനുഭവപ്പെടുത്തുമ്പോഴാണു് ബന്ധനത്തിൽനിന്നും ദുഃഖത്തിൽ നിന്നും മോചനം.

ലോകത്തിൽ ശരിയായി പറയത്തക്ക ഒരു സദാചാരപദ്ധതി ഉണ്ടാകേണമെങ്കിൽ ഈ അദ്വൈതസിദ്ധാന്തത്തെ സമാശ്രയിച്ചേ മതിയാകൂ. വല്ലവർക്കും വല്ലകാലത്തും ഒട്ടു വല്ലതും ഉണ്ടാക്കുവാൻ സാധിച്ചിട്ടുണ്ടെങ്കിൽ അതു് ഈ അദ്വൈതികൾക്കു മാത്രവുമാണു്. "ലോകത്തിൽ ശരിയായ പരിഷ്കാരവും സദാചാരജീവിതവും ഇനിയും ഉണ്ടാകുവാനിരിക്കുന്നതേയുള്ളൂ" എന്നുപറയുന്നതിന്റെ കാരണം ഇതാണു്. "മനുഷ്യജന്മികളെയെല്ലാം തങ്ങളെപ്പോലെ തന്നെ കരുതണം" എന്ന മഹാൻ സിദ്ധാന്തം ഏതു സമുദായത്തിലും

ഏററവും പ്രാചീനകാലം മുതല്ക്കുതന്നെ ഉപദേശിക്കപ്പെട്ടിട്ടുള്ളതായി കാണാം. എന്നാൽ ഇന്ത്യയിലാകട്ടെ "സർവ്വജീവികളേയും തങ്ങളെപ്പോലെതന്നെ കരുതുക" എന്നാണു് ഉപദേശിച്ചിട്ടുള്ളതു്. ഇവിടെ നാം മനുഷ്യനും മററു ജീവികളും തമ്മിൽ യാതൊരുവ്യത്യാസവുംകാണുന്നതും കരുതുന്നതും ഇല്ല. എന്നാൽ "മനുഷ്യജന്മികളെയെല്ലാം തങ്ങളെപ്പോലെതന്നെ കരുതേണ്ടതായ അവശ്യമെന്തു്? എനിക്കു് ഗുണമോ സുഖമോ ഉണ്ടാകുമെങ്കിൽ എന്തുകൊണ്ടു് മറെറാരുവനെ എന്നെപ്പോലെതന്നെ കരുതാതിരുന്നുകൂടാ" എന്ന ചോദ്യത്തിന്നു് അവർക്കാർക്കും ഇതേവരെ ഒരു സമാധാനവും പറയുവാൻ സാധിച്ചിട്ടില്ല. അദ്വൈതസിദ്ധാന്തത്തിൽ കൂടെയല്ലാതെ അതിന്നുള്ള സമാധാനം കണ്ടെത്തുവാനും സാധിക്കയില്ല. എല്ലാലോകവും എല്ലാവസ്തുക്കളും എല്ലാ ജീവികളും ഞാൻ തന്നെയാണെന്നു് അറിയുമ്പോൾ "എല്ലാ ജീവികളേയും എന്നെപ്പോലെതന്നെ കരുതേണ്ട അവശ്യമെന്തു്?" എന്ന ചോദ്യംതന്നെ ഉണ്ടാകുന്നതല്ല. "മറെറാന്നിനെ ഉപദ്രവിക്കുമ്പോൾ, ഞാൻ എന്നെത്തന്നെയാണു് ഉപദ്രവിക്കുന്നതു്. വേറെ ഒന്നിനെ സ്നേഹിക്കുമ്പോൾ ഞാൻ സ്നേഹിക്കുന്നതും എന്നെത്തന്നെയാകുന്നു" എന്ന ബോധത്തിൽക്കൂടെ മാത്രമേ സദാചാരം ലഭ്യമാകയുള്ളൂ, ലഭ്യമാകുന്നതുമുള്ളൂ, ലഭ്യമായിട്ടുമുള്ളൂ. അതിനാൽ ശരിയായ സദാചാരവും ശരിയായ പരിഷ്കാരവും ഈ അദ്വൈതത്തിൽ നിന്നുതന്നെ വേണം ഉണ്ടാകുവാൻ.

ഇങ്ങിനെയാണെങ്കിൽ "സാകാരഭാവത്തിനു് സ്ഥാനമെവിടെ?" എന്നൊരു ചോദ്യം വരാം. "സാകാരഭാവത്തിൽനിന്നു് അനർഗ്ഗളം നിർഗ്ഗളിക്കുന്ന പ്രേമപ്രവാഹത്തിന്റെ മാഹാത്മ്യത്തെ ഞാൻ അറിയാതിരിക്കുന്നില്ല." ശ്രീമത് വിവേകാനന്ദ സ്വാമികളുടെ സ്വന്തവാചകങ്ങളാണിവ" അതാതു കാലങ്ങളിൽ, മനുഷ്യർക്കുണ്ടാകുന്ന ആവശ്യങ്ങളേയും ആഗ്രഹങ്ങളേയും നിറവേററുന്ന സംഗതിയിൽ ഭക്തിക്കുള്ള

ശക്തിയെ ഞാൻ വേണ്ടതുപോലെ അഭിനന്ദിക്കുകയും ചെയ്യുന്നുണ്ട്. എങ്കിലും നമുക്ക് ഇന്നു നമ്മുടെ രാജ്യത്ത് അത്യാവശ്യമായി തീർന്നിരിക്കുന്നതു് മൌനവും മനോരാജ്യവും മററുമല്ല ശക്തിയാണ്, നല്ല ചോരത്തിളപ്പാണു് വേണ്ടതു്. എല്ലാ അന്ധവിശ്വാസങ്ങളേയും പിടിച്ചു വെളിയിൽ തള്ളി ജ്ഞാനത്തിന്റെ സഹായത്തോടുകൂടി ഒരുവൻ അവന്റെ സ്വന്ത കാലിന്മേൽ ഉറച്ചുനില്ക്കട്ടെ! 'ഞാൻ ആത്മാരാമനാണു. സച്ചിദാനന്ദസ്വരൂപിയാണു്! ഞാൻ ആരെ ഭയപ്പെടണം; പ്രകൃതിനിയമംകൂടെ എനിക്കനുസാരം.' എന്നു ഉച്ചൈസ്തരം ഘോഷിക്കട്ടെ. അപ്പോൾ അവന്നു് എത്രമാത്രം ശക്തിയുണ്ടാകുന്നു എന്നു് നിങ്ങൾക്കു കാണാറാകും. അവന്നു് മരണവുംകൂടെ വെറും നേരമ്പോക്ക്. അഖണ്ഡവും, സനാതനവും, നാശരഹിതവുമായി, അച്ഛേദ്യനായി, അനാദ്യനായി, അക്ലേദ്യനായി, അശോഷ്യനായി, നിത്യനായി, യാതൊന്നിന്റെ പരിധിയിൽ സൂര്യചന്ദ്രന്മാർ സമുദ്രത്തിൽ ഒരു കണികയെന്നപോലെ പതിക്കുന്നുവോ, യാതൊന്നിന്റെ മാഹാത്മ്യത്തിൽ ദേശം നിർദ്ധൂതമായും കാലം അവ്യക്തമായും പരിണമിക്കുന്നുവോ ആ മഹനീയവസ്തുവായി ഇരിക്കുന്ന സ്വാത്മാവിന്റെ മാഹാത്മ്യത്തിൽ മനുഷ്യൻ വിശ്വാസമുള്ളവനായി ഭവിക്കട്ടെ! സർവ്വശക്തികളും അപ്പോൾ അതിൽനിന്നു് ഉണ്ടായിക്കൊള്ളും."

ഭാവനാശക്തി—നിങ്ങൾ ഏതൊന്നായി ഭാവിക്കുന്നുവോ അതായി ഭവിക്കുന്നു. നിങ്ങൾ ബലഹീനരാണെന്നു ഭാവിച്ചാൽ നിങ്ങളുടെ അനുഭവം ദൌർബ്ബല്യംതന്നെ. പ്രബലന്മാരാണെന്നു വിശ്വസിച്ചാൽ അതുകൊണ്ടുണ്ടാകുന്ന ഫലം പ്രാബല്യവും അതിരിക്കും. അശുദ്ധരെന്നു ഭാവിച്ചാൽ അശുദ്ധന്മാരാകും; ശുദ്ധരെന്നു ഭാവിച്ചാൽ ശുദ്ധന്മാരാകും. നമ്മളെ രൂപീകരിക്കുന്നതു നമ്മൾതന്നെയാണു്. അതിനാൽ ഒരിക്കലും ബലഹീനരെന്നോ അശുദ്ധരെന്നോ അസത്തുക്കളെന്നോ വിചാരിച്ചു പോകരുതു്. പ്രത്യുത, സർവ്വശക്തനും സർവ്വജ്ഞനും

ആണെന്നുതന്നെ ഭാവിക്കണം. 'ഞാൻ ഇതുകാലവും എന്റെ ഈ അവസ്ഥയെ പുറത്തുകാണിച്ചില്ലെന്നുവച്ച് അത് എനിക്കു ഇല്ലാതായിട്ടില്ല. എല്ലാ അറിവുകളും, എല്ലാ ശക്തികളും എനിലുണ്ട്. എന്നാൽ ഈ അറിവുകളുംമററും എന്തുകൊണ്ടു എന്നാൽ പ്രകടിക്കപ്പെടുന്നില്ല എന്നാണെങ്കിൽ; ഞാൻ അതിൽ വിശ്വസിച്ചില്ല; അതാണ് അതിന്റെ കാരണം. വിശ്വസിക്കുന്നതായാൽ അവയെല്ലാം നിശ്ചയമായും പ്രകടിതമായിക്കൊള്ളും.' ഇങ്ങിനെയാണ് നിരാകാര ഈശ്വരഭാവത്തെപ്പററിയുള്ള ചിന്തയിൽനിന്നു നമുക്ക് ലഭ്യമാകുന്ന ഉൽബോധനം. നിങ്ങൾ നിങ്ങളുടെ പൈതങ്ങളെ കുഞ്ഞുന്നാൾ മുതല്ക്കേ ബലിഷ്ഠരാക്കിത്തീക്കണം. ഒരിക്കലും ദൌർബല്യത്തെപ്പററി അവരോടു സംസാരിക്കരുത്. അവർ ധീരതയെ വരിക്കട്ടെ! അവർ അവരുടെ സ്വന്ത കാലുകളെത്തന്നെ അശ്രയിച്ച് നില്ക്കുന്നവരായിത്തീരട്ടെ, അവർ സവ്വത്തേയും ജയിക്കുന്നവരും സവ്വത്തേയും സഹിക്കുന്നവരും ആയി ഭവിക്കട്ടെ. അതിന്നായി അവർ ഒന്നാമതായി സ്വാത്മമാഹാത്മ്യത്തെത്തന്നെ മനസ്സിലാക്കട്ടെ. അതു നിങ്ങൾക്ക് വേദാന്തത്തിൽ നിന്നുമാത്രമേ ലഭ്യമാകയുള്ളൂ.

എന്നാൽ വേദാന്തത്തിൽ ഭക്തിക്കും ഭജനത്തിനുംമററും സ്ഥാനമില്ലെന്ന് നിങ്ങൾ തെററിദ്ധരിച്ചുപോകരുത്. മററുള്ള മതങ്ങളിൽ എത്രമാത്രമുണ്ടോ അത്രയും അതിലേറെയും വേദാന്തത്തിലും ഉണ്ട്. പക്ഷെ വേദാന്തം അതുമാത്രമല്ല, അതും അതിൽ കുറേ കൂടുതലും കൂടിയതാണ്. ആത്മജ്ഞാനമാണ് വേദാന്തത്തിലെ ജീവൻ. ഭൌതികത്തെ ആദ്ധ്യാത്മികവുമായി കൂട്ടി ഇണക്കുന്നതും ലോകത്തെ ആകമാനം ഇളക്കിമറിക്കുന്നതും ആയ മഹൽസിദ്ധാന്തങ്ങളെ അവിടെമാത്രമേ നിങ്ങൾക്കു കാണുവാൻ കഴികയുള്ളൂ. നമ്മുടെ ധമ്മസമ്പ്രദായത്തിന്റെ ഏററവും സംക്ഷേപമായ വിവരണം ഇങ്ങിനെ അകുന്നു.

ഇഷ്ടവാദം—ഈ സ്ഥിതിക്ക് ഇന്ത്യയിൽ അനേകകക്ഷികൾ ഉണ്ടായതിൽ അതിശയിക്കുവാനില്ല. എന്നാൽ ഒരു വിശേഷവിധിയുള്ളതു്, അവരുടെ അഭിപ്രായങ്ങളും ചിന്താഗതികളും എത്രയൊക്കെ എങ്ങിനെയൊക്കെ അന്യോന്യം ഭേദിക്കുന്നവകളായിരുന്നാലും ഇവരാരും യാതൊരു ക്ഷോഭവും മത്സരവും കൂടാതെ ഇവിടെ ശാന്തമായി കഴിഞ്ഞുകൂടുന്നു എന്നുള്ളതാണു്. ഓരോരുത്തരും പറയുന്നതു് "ഇതു് എന്റെ മാർഗ്ഗം, അതു് നിന്റെ മാർഗ്ഗം, ഞാൻ എന്റെ വഴിക്കു വരാം, നീ നിന്റെ വഴിക്കു പൊയ്ക്കോ, പ്രാപ്യസ്ഥാനത്തു് എത്തുമ്പോൾ നമുക്കൊക്കെ ഒത്തുചേരാം" എന്നാണു; ഇതിനെയാണു് "ഇഷ്ടവാദം" എന്നു് പറയുന്നതു്. 'ഈശ്വരനെ പല മാർഗ്ഗത്തിൽകൂടെ പ്രാപിക്കാം" എന്ന തത്വം ഇന്ത്യയിൽ പ്രാചീനകാലംമുതൽക്കേ സർവസമ്മതമായിട്ടുള്ളതാണു്. വ്യത്യസ്തപ്രകൃതികൾക്കു് വ്യത്യസ്തരീതികൾ അവശ്യം ആവശ്യമാണെന്നുള്ളതു് ഒരു പുതിയ കണ്ടുപിടിത്തമല്ല. "എല്ലാവക്കുംകൂടെ ആകെ ഒരു മാർഗ്ഗമേ ഉള്ളൂ, എല്ലാവരും അതിൽക്കൂടെത്തന്നെ പോയേ കഴിയൂ," എന്നു പറയുന്നതു് അപൽക്കരവും അർത്ഥശൂന്യവും അനാസ്വാദ്യവും ആകുന്നു. ലോകത്തിലുള്ളവരെല്ലാം ആദ്ധ്യാത്മിക സംഗതിയിൽ ഒരേ അഭിപ്രായക്കാരായി, എല്ലാവരും ഒരു മാർഗ്ഗത്തിൽക്കൂടെത്തന്നെ പോകുന്നവരായിരുന്നു എങ്കിൽ, ഹാ! അതു് എത്ര ഭയങ്കരമായ ഒരു അവസ്ഥയെയായിരുന്നു ലോകത്തിൽ ജനിപ്പിക്കുമായിരുന്നതു്. അങ്ങിനെ ആയിരുന്നു എങ്കിൽ സർവ്വധർമ്മപദ്ധതികളും, സർവ്വചിന്താഗതികളും, നിശ്ശേഷം നശിച്ചുപോകുമായിരുന്നു. ജീവന്റെ ലക്ഷണംതന്നെ ബഹുത്വമാണു്. ആ "ജീവസ്സ്" ഇല്ലാതായിത്തീരുമ്പോൾ സൃഷ്ടിചക്രം തന്നിയെ നിന്നുപോകും. വിചാരഗതിയിലുള്ള ഈ ഭിന്നിപ്പു് എത്ര കാലം നിലനില്ക്കുന്നുവോ അത്രകാലം മാത്രമേ നമ്മളും നിലനില്ക്കുകയുള്ളൂ. നിങ്ങളുടെ മാർഗ്ഗം നിങ്ങൾക്കു വളരെ നല്ലതായിരിക്കാം. അതുകൊണ്ടു് അതുതന്നെ എനിക്കും നല്ലതാ

യിരിക്കേണമെന്നില്ല. അതുപോലെതന്നെ എന്റെ മാർഗ്ഗം എനിക്കു പററിയതായിരിക്കുന്നു എന്നുവെച്ച് അതു നിങ്ങൾക്കും പററികൊള്ളണം എന്നില്ല. അതിനാലാണ് നമുക്കു ലോകത്തിൽ ആരോടും, ഒരു മതക്കാരോടും ഒരു വിരോധവും ഇല്ലാതിരിക്കുന്നതു്. ഇങ്ങിനെ ഇരിക്കെ മറെറാരുവൻ വലിഞ്ഞുകയറിവന്ന് "ഇതാ ഇതേ മാർഗ്ഗമുള്ളു പ്രാപ്യസ്ഥാനത്ത് എത്തണമെങ്കിൽ ഇതിലെ വന്നുകൊള്ളുവിൻ—മറെറല്ലാം ശുദ്ധമേ കാട്ട്" എന്നു പറയുന്നതു കേൾക്കുമ്പോൾ, മാത്രമല്ല, അതിലെ പോകുവാൻ വലിച്ചിഴയ്ക്കുന്നതുകൂടെ കാണുമ്പോൾ ആണ് നമുക്കു ചിരിവന്നുപോകുന്നതു്. ഈശ്വരം പ്രതിയുള്ള യാനത്തിൽ മറെറാരു സഹോദരൻ മറെറാരുമാർഗ്ഗത്തെ സ്വീകരിക്കുന്നതു കാണുമ്പോൾ അക്ഷമനായി അവനെ ശപിക്കുവാനും ഹിംസിക്കുവാനും ചെല്ലുന്നവർ ഭക്തിയെപ്പററിയും പ്രേമത്തെപ്പററിയും മററും സംസാരിക്കാതിരിക്കുകയാണ് ഉത്തമം. അവരുടെ പ്രേമത്തിന്നും ഭക്തിക്കും ഒരു വിലയും നിലയും ഇല്ല. തന്റെ മാർഗ്ഗത്തിൽനിന്ന് അന്യമായ ഒരു മാർഗ്ഗത്തെ സ്വീകരിക്കുവാൻ അനുവദിക്ക വയ്യാത്ത ആ കക്ഷിബുദ്ധി സാഹോദര്യത്തെപ്പററിയും പ്രേമത്തെപ്പററിയും സമഭാവനയെപ്പററിയും മററും പറയുന്നതെന്തിനാണ്? അതാണ് സ്നേഹം, അതാണ് സമഭാവന എങ്കിൽ പിന്നെ വിരോധം അല്ലെങ്കിൽ മാത്സര്യം എന്നുള്ളതെന്താണു? ക്രിസ്തുവിനെ ആരാധിക്കുവാൻ ഉപദേശിച്ചാലും ശരി, മുഹമ്മദിനെ ആരാധിക്കുവാൻ ഉപദേശിച്ചാലും ശരി, ബുദ്ധനെ ആരാധിക്കുവാൻ ഉപദേശിച്ചാലും ശരി, മറേറതു പ്രവാചകനെ അനുകരിക്കുവാൻ ഉപദേശിച്ചാലും ശരി, നമുക്കു അതുകൊണ്ടൊന്നും ഒരു വിരോധവും ഇല്ല. ഒരു മതത്തോടും ഇല്ല നമുക്കു വിരോധം. "സഹോദര! സ്വാഗതം!" എന്നേ ഒരു ഹിന്തു എപ്പോഴും ആരോടും പറയുകയുള്ളു. "ഞാൻ നിന്നെ എന്നാൽ കഴിയുന്നതുപോലെ സഹായിക്കാം. എന്നാൽ ഞാൻ എന്റെ മാർഗ്ഗത്തിൽക്കൂടെ പോകുന്നതിന്ന് നീ

എന്നെ അനുവദിക്കണം. അതു് എന്റെ ഇഷ്ടമാണു്. നിന്റെ മാൎഗ്ഗം വളരെ നല്ലതുതന്നെ. പക്ഷേ എനിക്കതത്ര മുഖ്യമല്ല. എന്റെ സഹോദരൻ അതിനെപ്പററി പറഞ്ഞു ബുദ്ധിമുട്ടേണ്ട. സലാം" എന്നായിരിക്കും അവന്റെ പ്രാൎത്ഥന.

ക്ഷേത്രമോ, വിഗ്രഹമോ, പ്രതീകമോ, മറെറന്തെങ്കിലുമോ, നിങ്ങളുടെ അന്തൎഗ്ഗതമായ ദിവ്യശക്തിയെ അനുഭവപ്പെടുത്തുന്നതിന്നു് അനുകൂലിക്കുന്നുണ്ടെങ്കിൽ നിങ്ങൾ അതിനെ സ്വീകരിക്കുകതന്നെ ചെയ്യുവിൻ. ഇരുനൂറു വിഗ്രഹങ്ങൾ വേണമെങ്കിലും ഉണ്ടായിക്കൊള്ളട്ടെ. മാനസികമായ ഒരു വിഗ്രഹം കൂടാതെ നമുക്കു് ഒരു സംഗതിയെപ്പററിയും ചിന്തിക്കുവാൻ സാധിക്കുകയില്ല. "അന്യോന്യസംബന്ധം" എന്ന നിയമംകൊണ്ടു് സ്ഥൂലവിഗ്രഹം അതിന്നനുരൂപമായ ആശയത്തെ മനസ്സിൽ ജനിപ്പിക്കുന്നു. വിഗ്രഹംകൊണ്ടുള്ള പ്രയോജനം അതാണു്. വിഗ്രഹം ഈശ്വരനല്ലെന്നു് ആരും നമ്മോടു് ഉപദേശിക്കേണ്ടതായ ആവശ്യമില്ല. അതു നമുക്കു തന്നെ നല്ലപോലെ അറിയാകുന്ന സംഗതിയാണു്. പക്ഷെ ഒരു ഘട്ടത്തിൽ അത്യാവശ്യംതന്നെയാണെന്നേ വിചാരിക്കുന്നുള്ളു. "ക്ഷേത്രത്തിൽ ജനിക്കുന്നതു് നല്ലതുതന്നെ. പക്ഷെ ക്ഷേത്രത്തിൽ മരിക്കുന്നതു നന്നല്ല" എന്നു് ഹിന്ദുക്കൾ അറിയുന്നു. ഒരുവന്റെ ഈശ്വരാനുഭൂതിക്കു് ഒരു വിഗ്രഹം സഹായമായി നില്ക്കുന്നുണ്ടെങ്കിൽ അതു് പാപമാണു് നീചമാണു് നികൃഷ്ടമാണു് എന്നും മററും മറെറാരാൾക്കു പറയുവാനുള്ള അവകാശമെന്തു്? അന്ധവിശ്വാസം മനുഷ്യന്റെ ശത്രുതന്നെ. എന്നാൽ മതഭ്രാന്തി അതിലും നീചമാകുന്നു. വിഗ്രഹാരാധന തെററാണെന്നു് പറയുന്നവർ പള്ളിയിൽ പോകുന്നതെന്തിന്നു്? കുരിശിന്നു് മാഹാത്മ്യം കല്പിക്കുന്നതെന്തിന്നു്? പ്രാൎത്ഥിക്കുമ്പോൾ മക്കത്തേക്കോ ആകാശത്തിലേക്കോ മുഖം തിരിക്കുന്നതെന്തിന്നു്? പള്ളികളിൽ അനേകപ്രതിമകളെ വെച്ചിരിക്കുന്നതെന്തിന്നു്? അനേകരൂപങ്ങളെ

കല്പിച്ചു് പ്രാൎത്ഥിക്കുന്നതെന്തിന്നു്? അതിനാൽ ഈശ്വരാനുഭൂതിക്ക് ഏതെങ്കിലും രൂപമോ സമ്പ്രദായമോ മറേറതെങ്കിലും സംഗതികളോ നിങ്ങൾക്ക് അനുകൂലമായിത്തീരുന്നു എങ്കിൽ —ഈശ്വരൻ കടാക്ഷിക്കട്ടെ—നിങ്ങൾ അവയെ സോൽക്കണ്ഠം സ്വീകരിച്ചുകൊള്ളുക. പക്ഷെ അവയെ ലക്ഷ്യമാക്കി ലഹള കൂട്ടരുതെന്നേയുള്ളൂ. ലഹള കൂട്ടുവാൻ തുടങ്ങിയാൽ അ നിമിഷംമുതൽ നിങ്ങൾ ഈശ്വരനിൽ നിന്നു് അകന്നുപോകുകയാണു് ചെയ്യുന്നതെന്നു് പൂൎണ്ണമായി വിശ്വസിച്ചുകൊള്ളണം.

ആചാരപദ്ധതികൾ—നമ്മുടെ ധൎമ്മത്തിന്റെ സ്വഭാവം സൎവ്വത്തേയും സ്വീകരിക്കുക എന്നല്ലാതെ ഒന്നിനേയും നിരാകരിക്കുക എന്നുള്ളതല്ല. നമ്മുടെ ജാതിസമ്പ്രദായങ്ങളേയും മററു ഏൎപ്പാടുകളേയും നമ്മുടെ ധൎമ്മസമ്പ്രദായത്തോട് യോജിച്ചതായി കാണപ്പെടുന്നുണ്ടെങ്കിലും യഥാൎത്ഥത്തിൽ ധൎമ്മത്തിന്നും ആചാരത്തിന്നും തമ്മിൽ സംബന്ധമൊന്നും ഇല്ല. നമ്മുടെ സമുദായം ശൈശവാവസ്ഥയിൽ ഇരുന്നകാലത്തു് അതിന്റെ സംരക്ഷണത്തിന്നു് ഈവക ഏൎപ്പാടുകളെല്ലാം ആവശ്യമായിരുന്നു. സ്വയം സംരക്ഷണത്തിന്നു് ഈവകയൊന്നും ആവശ്യമില്ലാത്ത കാലം വരുമ്പോൾ അവ തനിയേതന്നെ വിട്ടുപോയിക്കൊള്ളുകയും ചെയ്യും. പ്രായം കൂടുന്തോറും ഈവക പ്രാചീനസ്ഥാപനങ്ങളോടുള്ള എന്റെ ബഹുമാനം വൎദ്ധിച്ചു് വരികയാണു് ചെയ്യുന്നതു്. ഇവയിൽ പലതും ഉപയോഗശൂന്യമാണെന്നു് ഞാൻ ഒരു കാലത്തു് വിശ്വസിച്ചിരുന്നു. എന്നാൽ ഇവയിൽ ഓരോന്നും അനേക നൂററാണ്ടുകളിലെ അനുഭവങ്ങളെ ക്രോഡീകരിച്ചിട്ടുള്ളതായി കാണുന്നതുകൊണ്ടു് എനിക്കു അവയോടുള്ള വെറുപ്പു് ക്രമേണ കുറഞ്ഞുകുറഞ്ഞു വരികയാണു ചെയ്തതു്. ഇന്നലെ ജനിച്ചവനും മററന്നാൾ മരിക്കുവാൻ ഇരിക്കുന്നവനും ആയ ഒരു ചെറുപയ്യന്റെ വാക്കുകേട്ടു് ഞാൻ എന്റെ ഏററവും പ്രാചീന

ങ്ങളായ സർവ്വസമ്പ്രദായങ്ങളേയും പാടെ ഭേദപ്പെടുത്തുന്നതായാൽ എന്നെപ്പോലെ തിരുമണ്ടനായി മററാരാനും ഉണ്ടാകുമോ? അന്യരാജ്യങ്ങളിൽ നിന്ന് വരുന്ന ഉപദേശങ്ങൾ മിക്കവാറും ഇതുപോലെയാണ്. ആ വിദ്വാന്മാരോട് ഇങ്ങനെ തുറന്ന് പറഞ്ഞേക്കുക:—"നിങ്ങൾ ഒന്നാമതായി ഒരു ഉറച്ച സമുദായമായിത്തീർന്നതിന്നുശേഷം വന്ന് ഈ വക കാര്യങ്ങളെപ്പററി പറഞ്ഞാൽ അപ്പോൾ ഞങ്ങൾ എന്തുവേണ്ടു എന്ന് ആലോചിക്കാം. നിങ്ങളെക്കൊണ്ട് ഒരു ആശയം രണ്ടുദിവസം തികച്ചുംവെച്ച് പുലർത്തുവാൻ സാധിക്കുന്നില്ലല്ലോ. അതിന്നകത്തുതന്നെ തമ്മിൽ തല്ലി പിരിഞ്ഞുപോകുന്നു. ഈയാംപാററകൾപോലെ ഒരു നിമിഷത്തിൽ ഉണ്ടായി മറുനിമിഷത്തിൽ നശിച്ചുപോകുന്ന നിങ്ങൾ ഞങ്ങൾക്ക് ഉപദേശം തരുവാൻ പുറപ്പെടുന്നതിന്നു മുമ്പായി നിങ്ങളുടെ സമുദായത്തെത്തന്നെ ഉറപ്പിക്കുകയാണ് വേണ്ടത്. ഒന്നാമതായി അതു കഴിയട്ടെ. അതിന്നു മുമ്പ് ഇതിനൊന്നും നിങ്ങളെക്കൊണ്ടു കൊള്ളില്ല. സലാം."

അവസാനം—ഒരു സംഗതികൂടെ പ്രസ്താവിച്ച് ഈ പ്രസംഗം അവസാനിപ്പിക്കാം. അത്മരക്ഷയ്ക്ക് വേദാദികളിൽ വിധിച്ചിട്ടുള്ള കഠിനതപം മുതലായവയൊന്നും ഇക്കാലത്തേയ്ക്ക് ഉതകാത്തവയായിരിക്കുന്നു. ഈ യുഗത്തിലേക്ക് പറവുന്നത് ദാനമാണ്. ദാനങ്ങളിൽവെച്ച് ഏററവും പ്രധാനമായത് അദ്ധ്യാത്മവിദ്യാദാനമാണെന്ന് നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ. പിന്നെ ലൌകിക വിദ്യാദാനം; മൂന്നാമത് ജീവസംരക്ഷണം, അവസാനമായി അന്നദാനം ഇങ്ങിനെയാണ് ദാനങ്ങളുടെ നില. അദ്ധ്യാത്മവിദ്യാ ദാനംകൊണ്ട് ഒരുവനെ ജനനമരണസ്വരൂപമാകുന്ന മഹാസമുദ്രത്തിൽനിന്ന് എന്നന്നേയ്ക്കുമായി രക്ഷിക്കാം, ലൌകിക വിദ്യാദാനംകൊണ്ട് അന്തർദൃഷ്ടിയെ ഈശ്വരംപ്രതി തുറന്നുവെയ്ക്കുവാനേ സാധിക്കുകയുള്ളൂ. ഇവയ്ക്കുതാഴെയാണ് മററുദാനങ്ങളെല്ലാം. ഇതു്

നിങ്ങൾ നല്ലതുപോലെ ഓൎമ്മിക്കേണ്ടതായ ഒരു സംഗതിയാകുന്നു. മറെറല്ലാ സംഗതികളിലും മറെറല്ലാ കൎമ്മങ്ങളിലും വെച്ച് ഏററവും പ്രധാനമായിരിക്കുന്നത് ഇതാണെന്നും ഇതാണ് നമ്മുടെ കൎത്തവ്യമെന്നും നല്ലപോലെ മനസ്സിലാക്കണം. നിങ്ങൾ ലോകത്തിന്നു ചെയ്യാനുള്ള ഏററവും മഹത്തായ ഉപകാരം അദ്ധ്യാത്മവിദ്യയെ പ്രദാനം ചെയ്യുന്നതൊന്നുമാത്രമാകുന്നു. നമ്മുടെ ശാസ്ത്രഗ്രന്ഥങ്ങൾ നിരവധി അദ്ധ്യാത്മിക സിദ്ധാന്തങ്ങളുടെ നിലയറയാണ്. എന്നുമാത്രമല്ല, പ്രായോഗികമായ ആദ്ധ്യാത്മിക മനോഭാവത്തിനു നമ്മുടെ ത്യാഗഭൂമിയിൽ കാണുന്നതുപോലെ അത്ര വളരെ ദൃഷ്ടാന്തങ്ങൾ മറെറാരേടത്തും ഇല്ലതാനും. "എനിക്ക് ഈ ലോകത്തിൽ സാമാന്യം പരിചയം ഉണ്ട്." സ്വാമികൾ പറയുന്നു "മറെറല്ലാരാജ്യങ്ങളിലും നീട്ടിപ്പിടിച്ചുള്ള സംസാരമേ ഞാൻ കേട്ടിട്ടുള്ളു. ധൎമ്മത്തെ ജീവിതത്തിൽ അനുഭവപ്പെടുത്തിയവർ, അതായത് ആദ്ധ്യാത്മികധൎമ്മ സിദ്ധാന്തങ്ങളെ പ്രവൃത്തിയിൽ കൊണ്ടുവന്ന് അനുഭവപ്പെടുത്തിയവർ ഇവിടെ മാത്രമേ ഉള്ളു. വെറും സംസാരംകൊണ്ടൊന്നും ധൎമ്മമായില്ല. തത്തകൾ സംസാരിക്കുന്നില്ലേ! പോരെങ്കിൽ യന്ത്രങ്ങൾ കൂടെയും ഇപ്പോൾ സംസാരിക്കുവാൻ തുടങ്ങിട്ടില്ലേ! പക്ഷെ അതൊന്നുമല്ല ധൎമ്മം, ത്യാഗം, ആസ്തിക്യബുദ്ധി, സഹനസ്വഭാവം, പ്രേമം ഇവയാണ് ഒരു ധാൎമ്മികന്റെ ലക്ഷണം. നമ്മുടെ രാജ്യത്ത് ഈ വിധ ആശയങ്ങളും അവയ്ക്കു പ്രായോഗിക ദൃഷ്ടാന്തങ്ങളും സുലഭമായിരുന്നിട്ടും, നമ്മുടെ മഹായോഗീശ്വരന്മാരുടെ ഹൃദയത്തിലും മസ്തിഷ്കത്തിലും സംസ്കരിക്കപ്പെട്ട നിക്ഷേപങ്ങൾ, സാധുക്കൾക്കും, ധനവാന്മാൎക്കും, എളിയവൎക്കും, വലിയവൎക്കും, എന്നുവേണ്ട സകലൎക്കും ഒരുപോലെ അനുഭവമാകത്തക്കവിധം പുറത്തെടുത്ത് വിതരണം ചെയ്യാതിരിക്കുന്നത് വളരെ ദയനീയമായി തോന്നുന്നില്ലയൊ? ഇവയെ ഇന്ത്യയിൽ മാത്രമല്ല ലോകത്തിൽ പരക്കെ എടുത്തുവിതയ്ക്കുകയാണു

വേണ്ടതു്. ഇതാണു് നമ്മുടെ ഏററവും പ്രധാനമായിരിക്കുന്ന കൃത്യം. ഇങ്ങിനെ നിങ്ങൾ മററുള്ളവരെ എത്രഅധികം സഹായിക്കുന്നുവൊ, അത്ര അധികം നിങ്ങൾതന്നെ സഹായിക്കപ്പെട്ടവരായി തീരുന്നതാകുന്നു. നിങ്ങൾ നിങ്ങളുടെ മതത്തെ, നിങ്ങളുടെ നിസ്തുല്യമായ ധർമ്മസമ്പ്രദായത്തെയഥാൎത്ഥത്തിൽ സ്നേഹിക്കുന്നവരാണെങ്കിൽ, നിങ്ങൾ നിങ്ങളുടെ രാജ്യത്തെ, നിങ്ങളുടെ പാവനയായ ഭാരതമാതാവിനെ യഥാൎത്ഥത്തിൽ സ്നേഹിക്കുന്നവരാണെങ്കിൽ, നിങ്ങൾക്കു മതാഭിമാനമുണ്ടെങ്കിൽ, രാജ്യാഭിമാനമുണ്ടെങ്കിൽ, നിങ്ങളുടെ ഗ്രന്ഥങ്ങളിൽ ഭദ്രമായി അടച്ചു് സൂക്ഷിക്കപ്പെട്ടിരിക്കുന്ന തത്വരത്നങ്ങളെ വെളിയിൽ എടുത്തു്, അവയെ ന്യായമായി അൎഹിക്കുന്നവരിൽ വിതരണം ചെയ്യുവാൻ അത്യദ്ധ്വാനം ചെയ്യേണ്ടതായ കടമ നിങ്ങളിൽ ഒഴിച്ചുകൂടാത്തതായിരിക്കുന്നു.

ഇതിന്നു പുറമെ മറെറാരു കാൎയ്യംകൂടെ അത്യാവശ്യമായിട്ടുണ്ടു്. നാം വളരെ കാലമായി അസൂയകൊണ്ടു് കലുഷിതഹൃദയരായി തീൎന്നിരിക്കുകയാണു്. നാം നന്നാകുകയും ഇല്ല മററുള്ളവർ നന്നാകുന്നതു് നമുക്കു കണ്ടുംകൂടാ. അന്യരുടെ പേരിലും അസൂയയേയുള്ളു. 'അവനെന്താ എന്നെക്കാൾ കേമനാകാൻ' എന്നാണു് എല്ലാവരുടേയും എല്ലാവരെ സംബന്ധിച്ചും ഉള്ള മനോഭാവം. ഈശ്വരഭജനത്തിൽകൂടെ നമുക്കു് മത്സരവും അസൂയയും ആയിരിക്കുന്നു. ഇപ്രകാരം നികൃഷ്ടവും നീചവും ആയ മനഃസ്ഥിതിയിലാണു് നാം ഇപ്പോൾ എത്തിച്ചേൎന്നിരിക്കുന്നതു്. എല്ലാററിന്നും മുമ്പിലായി ഇതിനെ ഭേദപ്പെടുത്തണം. ഇതു് യഥാൎത്ഥത്തിൽ അടിമത്വത്തിൻെറ അടയാളമാണു്. ഇന്നു ഇന്ത്യയിൽ ഏററവും ആക്ഷേപാൎഹമായും ഉടനെ പരിഹരിക്കപ്പെടേണ്ടതായും ഒരു ദോഷമുണ്ടെങ്കിൽ അതു ഈ അടിമത്വമാകുന്നു. മറെറല്ലാം കുറച്ചൊക്കെ സഹിക്കാം. ഇതു് ഒട്ടുംതന്നെ സഹ്യമല്ല. എല്ലാവൎക്കും ഇഷ്ടം ആജ്ഞാപിക്കുവാനാണു്. അനുസ

സരിക്കുവാൻ കഴിയുകയില്ല. ഇതു പണ്ടത്തെ ബ്രഹ്മചൎയ്യ സമ്പ്രദായത്തിന്ന് വന്നുപോയിട്ടുള്ള ഹാനികൊണ്ടു ഉണ്ടായിട്ടുള്ള ദോഷമാകുന്നു. ബ്രഹ്മചൎയ്യം പണ്ടത്തെപ്പോലെ ഇന്നു അനുഷ്ഠിക്കുന്നുണ്ടായിരുന്നു എന്നു വരികിൽ ഈ ദോഷം ഒരിക്കലും സംഭവിക്കുക ഇല്ലായിരുന്നു. ആദ്യമായി പഠിക്കേണ്ടതു അനുസരിക്കുവാനാണ്. എന്നാൽ പിന്നെ ആജ്ഞാപിക്കുവാനുള്ള ശക്തി തനിയെ ഉണ്ടായിക്കൊള്ളും. എല്ലായ്പോഴും ആദ്യമായി ഭൃത്യനായിരിക്കുവാൻ പഠിക്കണം. എന്നാൽ പിന്നെ യജമാനനാകുവാൻ തനിയെ യോഗ്യനായിക്കൊള്ളും. അതിനാൽ ഈ അസൂയയെ, ഈ മാത്സൎയ്യത്തിനെ, ഈ കിടമത്സരത്തെ ഒന്നാമതായി ഉപേക്ഷിക്കുക. അതുകൂടി ചെയ്തുകഴിഞ്ഞാൽ, ഇന്നും നിൎവ്വഹിക്കപ്പെട്ടിട്ടില്ലാത്തതും, നിൎവ്വഹിക്കേണ്ടതു് അത്യാവശ്യമായിരിക്കുന്നതും ആയ അനേക മഹൽകൃത്യങ്ങളെ നിൎവ്വഹിക്കുവാൻ നിങ്ങളെക്കൊണ്ടു സാധിക്കുന്നതാണ്. നമ്മുടെ പൂൎവ്വികന്മാർ, ഹ! അത്യത്ഭുതകരങ്ങളായ എത്ര പ്രവൃത്തികൾ ചെയ്തിരിക്കുന്നു! അങ്ങോട്ടൊന്നു തിരിഞ്ഞുനോക്കുമ്പോൾ നമുക്കു എന്തു് ബഹുമാനവും ഭക്തിയും ആണ് ഉണ്ടാകുന്നതു്! നമുക്കുതന്നെ എത്ര അഭിമാനവും സന്തോഷവും തോന്നുന്നുണ്ടു്. അവരെപ്പോലെ നമ്മളും മഹൽ കൃത്യങ്ങൾ ചെയ്യുവയ്യണം. എന്നാൽ മാത്രമേ നമ്മുടെ പിൻഗാമികൾ നമ്മുടെ നേരെ ഭക്തിയും ബഹുമാനവും ഉള്ളവരായിരിക്കയുള്ളൂ. അവരുടെ പൂൎവ്വികന്മാരെ നോക്കി അഭിമാനിക്കുവാൻ എന്നാൽ മാത്രമേ അവൎക്കു് സാധിക്കുകയുള്ളൂ. നമുക്ക് ഇന്നു് പ്രത്യേകസൌകൎയ്യങ്ങൾ കൂടെ സിദ്ധിച്ചിട്ടുണ്ടു്. അന്നത്തെ കാലത്തേക്കാൾ ഇന്നത്തെ കാലം വളരെ ഭേദപ്പെട്ടിരിക്കുന്നു. ഇന്നു് നാം അല്പംമാത്രം ശ്രമിക്കുന്നതായാൽ ഈശ്വരാനുഗ്രഹത്തോടുകൂടി — ഈശ്വരാനുഗ്രഹമുണ്ടെങ്കിൽ — നമ്മുടെ പൂൎവ്വികന്മാരുടെകൃത്യങ്ങളെ അതിശയിപ്പിക്കുന്ന അനേക മഹൽസംഗതികൾ അനായാസേന നിൎവ്വഹിക്കാം. അതിന്നായി ശ്രമിക്കുക. അതാണ് നിങ്ങ

ളുടെ ധർമ്മം എന്നാൽ നിങ്ങളെ നിങ്ങളുടെ സൽകർമ്മങ്ങളിൽ അനുഗ്രഹിക്കുക എന്നുള്ള ഈശ്വരൻെറ ധർമ്മം ഈശ്വരനും നിർവ്വഹിച്ചുകൊള്ളും.

---

## ഇന്ത്യയിലെ പുണ്യാത്മാക്കൾ.

---

### മദ്രാസിൽവെച്ചു ചെയ്ത പ്രസംഗം.

ഇന്ത്യയിലെ പുണ്യാത്മാക്കളെപ്പററി സംസാരിക്കുവാൻ വിചാരിക്കുമ്പോൾ എൻെറ മനസ്സ് ചരിത്രകാലത്തേയും അതിക്രമിച്ച് ഊഹത്തിന്നുപോലും പ്രകാശം തരുവാൻ സാധിക്കാത്ത കാലത്തേയും തരണംചെയ്ത് അതിന്നപ്പുറം ഒരു സ്ഥാനത്താണ് പോയിനില്ക്കുന്നത്. ഇന്ത്യയിൽ പുണ്യാത്മാക്കൾ ഒട്ടേറെ ഉണ്ടായിട്ടുണ്ട്. അതിനാൽ അവരെയെല്ലാം പററി പ്രസ്താവിക്കുവാൻ സാദ്ധ്യമല്ലാത്തതിനാൽ അവരിൽ ഏതാനും പ്രധാനികളെപ്പററി മാത്രമേ ഞാൻ ഇവിടെ പ്രസ്താവിക്കുവാൻ വിചാരിക്കുന്നുള്ളു. എന്നാൽ അതിന്നു മുമ്പായി തന്നെ നാം ഇന്ത്യൻ ധർമ്മസിദ്ധാന്തത്തെപ്പററി ഏതാനും സംഗതികൾ മനസ്സിലാക്കേണ്ടതായിരിക്കുന്നു. നമ്മുടെ ധർമ്മശാസ്ത്രഗ്രന്ഥങ്ങളിൽ സനാതനധർമ്മമെന്നും യുഗധർമ്മമെന്നും ഇങ്ങിനെ രണ്ടുവിധത്തിൽ ധർമ്മത്തെ വിഭജനം ചെയ്തിട്ടുണ്ട്. ഇതിൽ ആത്മേശ്വരസ്വഭാവത്തെയും അവതമ്മിലുള്ള സംബന്ധത്തെയും വിവരിക്കുന്ന സനാതന തത്വങ്ങളെ ശ്രുതികളിലാണ് വിവരിച്ചിട്ടുള്ളത്. അതാതുകാലങ്ങളിൽ മാറിമാറിക്കൊണ്ടിരിക്കേണ്ടതും സമുദായാംഗങ്ങളുടെ ജീവിതരീതിയെക്രമപ്പെടുത്തുന്നതും ആയ യുഗധർമ്മങ്ങളെ മനുയാജ്ഞവൽക്യൻ മുതലായവരുടെ സ്മൃതികളിലും പുരാണങ്ങളിലും തന്ത്രങ്ങളിലും

വിവരിച്ചിരിക്കുന്നു. ശ്രുതിയും സ്മൃതിയും തമ്മിൽ അഭിപ്രായഭേദം കാണുന്നോടത്തു് സ്മൃതിയെ ഉപേക്ഷിച്ചു് ശ്രുതിയെ സ്വീകരിക്കണമെന്നു് വെച്ചിട്ടുള്ളതുകൊണ്ടു് സ്മൃതികൾക്കു് നമ്മുടെ ധർമ്മശാസ്ത്രഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ രണ്ടാം കിടസ്ഥാനമേ കല്പിക്കപ്പെട്ടിട്ടുള്ളൂ. മനുഷ്യാവസ്ഥയേയും മനുഷ്യന്റെ പ്രാപ്യസ്ഥാനത്തേയും പററി അറിയേണ്ടവയെല്ലാം പരിപൂൎണ്ണമായി ശ്രുതികളിലും അവയുടെ വ്യാഖ്യാനം സ്മൃതിമുതലായവകളിലും സംസ്കരിച്ചിരിക്കുന്നു എന്നു് താല്പൎയ്യം. പിന്നെ ഒരു വിശേഷവിധിയുള്ളതു് ശ്രുതിയിൽ പറയപ്പെട്ടിട്ടുള്ള തത്വങ്ങൾ പലതത്വദ്രഷ്ടന്മാർ കണ്ടറിഞ്ഞു് രേഖപ്പെടുത്തിയവയാണു്. ഇവരുടെ കൂട്ടത്തിൽ സ്ത്രീകളും ഉണ്ടായിരുന്നു. അവരുടെ ജനനത്തെപ്പററിയാകട്ടെ ജീവിതത്തെപ്പററിയാകട്ടെ പറയത്തക്കവിവരങ്ങൾ ഒന്നുംതന്നെ ഇല്ല. എന്നാൽ സ്മൃതികളുടെ കാൎയ്യം നേരേ വിപരീതമാണു്. അവിടെ അധികം പ്രാധാന്യം കാണുന്നതു് അവയുടെ കൎത്താക്കന്മാൎക്കാകുന്നു.

നമ്മുടെ ധൎമ്മം സാകാരനിരാകാര ഈശ്വരഭാവത്തെ സ്വീകരിക്കുന്നു എന്നുള്ളതാണു് മറെറാരുവിശേഷം. ഈശ്വരന്റെ സാകാരഭാവത്തെപ്പററിയും നിരാകാരഭാവത്തെപ്പററിയും ഒരുപാടെല്ലാം പറഞ്ഞുകാണാം; എന്നാൽ ധൎമ്മത്തിന്റെ ശ്രീമൂലസ്ഥാനമായ വേദങ്ങളിൽ നിരാകാരഭാവത്തെയാണു് സൎവ്വപ്രധാനമായി സ്വീകരിച്ചിട്ടുള്ളതു്. അവതാരങ്ങളും സാകാരഭാവങ്ങളും മററും പുരാണങ്ങളിലേ സ്ഥലം പിടിച്ചിട്ടുള്ളൂ. നമ്മുടെ ധൎമ്മസംപ്രദായം ഒഴിച്ചു് ലോകത്തിലുള്ള മറെറല്ലാധൎമ്മസമ്പ്രദായങ്ങളും അതിന്റെ സ്ഥാപകനായ ഒരു വ്യക്തിയെ ആശ്രയിച്ചാണു് നില്ക്കുന്നതു്. ക്രിസ്തുമതം ഏശുക്രിസ്തുവിനെ ആശ്രയിച്ചു് നില്ക്കുന്നു; മുഹമ്മദുമതം മുഹമ്മദിനെ ആശ്രയിച്ചു നില്ക്കുന്നു. ഇതുപോലെ തന്നെയാണു് മറെറല്ലാമതങ്ങളുടെയും കഥ. അതിനാൽ ഈ മതസ്ഥാപകന്മാരുടെ ജീവിതത്തെ ആശ്രയിച്ചു് അനേകം വാദ

പ്രതിവാദങ്ങൾ ഉണ്ടാകാതിരിക്കുവാൻ നിവൃത്തിയില്ല. ഏതെങ്കിലും ഒരു മതസ്ഥാപകൻെറ ജീവിതത്തെപ്പററിയുള്ള വിവരം സംശയഗ്രസ്തമായോ ബലഹീനമായോ പോയാൽ അതിനെ ആശ്രയിച്ചു നില്ക്കുന്നമതം ഇടിഞ്ഞുപൊളിഞ്ഞു വീണുപോകാതിരിക്കുവാൻ തരമില്ല. എന്നാൽ നമ്മുടെ മതം വ്യക്തിയെ അശ്രയിക്കാതെ തത്വസിദ്ധാന്തങ്ങളെമാത്രം ആശ്രയിച്ചു നില്ക്കുന്നതാകകൊണ്ടു് ഈ ഒരു ദോഷം നമുക്കു് ഒരിക്കലും സംഭവിക്കുവാൻ തരമില്ല. നാം നമ്മുടെ മതത്തെ ആദരിക്കുന്നതും അനുസരിക്കുന്നതും അതു് ഒരുപുണ്യാത്മാവിൽ നിന്നു് അല്ലെങ്കിൽ ഒരു അവതാരപുരുഷനിൽ നിന്നു് ഉത്ഭവിച്ചതാണെന്നുള്ളതുകൊണ്ടല്ല. ശ്രീകൃഷ്ണഭഗവാൻ ഒരിക്കലും വേദങ്ങൾക്കു് പ്രമാണമായി നില്ക്കുന്നില്ല; പ്രത്യുത ശ്രീകൃഷ്ണഭഗവാൻെറ പ്രമാണം വേദം. വേദങ്ങളുടെ മഹാവ്യാഖ്യാതാവാണു് ശ്രീകൃഷ്ണഭഗവാൻ എന്നുള്ളതാണു് അദ്ദേഹത്തിൻെറ മാഹാത്മ്യം. നമ്മുടെ മററുള്ള എല്ലാ പുണ്യാത്മാക്കളുടെയും മററു് അവതാരങ്ങളുടെയും എല്ലാം കഥ ഇതുതന്നെയാണു്.

മനുഷ്യൻെറ പരിപൂർണ്ണതയ്ക്കും സ്വാതന്ത്ര്യപ്രാപ്തിക്കും ആവശ്യമുള്ളവയെല്ലാം വേദങ്ങളിൽ സവിശേഷം പ്രതിപാദിക്കപ്പെട്ടിട്ടുണ്ടെന്നാണു് നമ്മുടെ പ്രധാനമായ സിദ്ധാന്തം. അതിനാൽ ആ മാർഗ്ഗത്തിൽ ഇനി പുതിയതായി ഒന്നും കണ്ടുപിടിക്കപ്പെടുവാൻ ഇല്ലെന്നു് നമുക്കറിയാം. ജ്ഞാനത്തിൻെറ പരമാവധിസ്ഥാനം പരിപൂർണ്ണമായ യോജിപ്പാണു്. അതിനെ അതിക്രമിക്കുവാൻ ആരാലും ശക്യമല്ലതന്നെ. അതു് വേദങ്ങളിൽ സവിശേഷം പ്രതിപാദിക്കപ്പെട്ടിരിക്കുന്നതുകൊണ്ടു് അതിനെ അതിക്രമിക്കുന്നതായി ഒന്നുംതന്നെ ഉണ്ടാകുവാൻ പാടില്ലെന്നാണു് നമ്മുടെ സിദ്ധാന്തം; ഇതു് അവിതർക്കിതമായ ഒരു സിദ്ധാന്തവുംആകുന്നു. "തൽ ത്വം അസി" എന്ന അനുഭവപ്പെടുന്നതോടുകൂടി ആദ്ധ്യാത്മികബോധത്തിൻെറ പരിപൂർണ്ണത സിദ്ധിക്കുന്നതാണു്. ഈ "തത്വമസി" വേദങ്ങളിൽ

പ്രാപിക്കപ്പെട്ടിട്ടുമുണ്ട്. പിന്നെ ബാക്കിയുള്ളതു് ജനങ്ങളെ അതാതുകാലം അതാതു് അവസ്ഥകളിൽ കൂടെ, പരിതസ്ഥിതികൾക്കും കാലാവസ്ഥകൾക്കും അനുസരിച്ചു് നേർമാർഗ്ഗത്തിൽ കൂടെ നയിച്ചു് പ്രാപ്യസ്ഥാനത്തു് എത്തിക്കുകയെന്നുള്ളതു് മാത്രമാകുന്നു. ഇതിന്നു് അതാതുകാലങ്ങളിൽ പുണ്യാത്മാക്കൾ അവതരിക്കുകയും ചെയ്യും. "യദായദാഹിധർമ്മസ്യഗ്ലാനിർഭവതി ഭാരത! അഭ്യുത്ഥാനമധർമ്മസ്യതദാത്മാനം സൃജാമ്യഹം" എന്നുള്ള ഗീതയിലെ വാഗ്ദാനം ഇതിന്നു് മതിയായ പ്രമാണവും ആകുന്നു. ഇങ്ങിനെയാണു് നമ്മുടെ വിശ്വാസം.

നമ്മുടെ സനാതന സിദ്ധാന്തങ്ങൾ അവയുടെ പ്രാമാണ്യത്തെത്തന്നെ ആശ്രയിച്ചു നില്ക്കുന്നു, യാതൊരു യുക്തിയും തെളിവും അവയെ ദ്യോതിപ്പിക്കേണ്ടവയായിട്ടില്ല, യാതൊരു പുണ്യാത്മാവിന്റെയും യാതൊരു അവതാരത്തിന്റെയും, അവരെല്ലാം എത്ര തന്നെ യോഗ്യന്മാരും വിദ്വാന്മാരും ആയിരുന്നാലും വേണ്ടതില്ല, പ്രാമാണ്യം അവയ്ക്കാവശ്യമില്ല. ഇങ്ങിനെ ഒരു ധർമ്മസമ്പ്രദായം ലോകത്തിൽ ഇതൊന്നൊഴികെ മറെറാന്നില്ലാത്തതിനാൽ, അതു് തത്വങ്ങളെമാത്രമല്ലാതെ വ്യക്തിമാഹാത്മ്യത്തെ ആശ്രയിച്ചു് നില്ക്കുന്നില്ലാത്തതിനാൽ, വേദാന്തം ഒന്നുമാത്രമാണു് സാർവ്വത്രികമായ ധർമ്മമായിരിക്കുവാൻ തരമുള്ളൂ എന്നും അതുതന്നെയാണു് സാർവ്വത്രികധർമ്മമായിനിലനിന്നു് വരുന്നതു് എന്നും ആകുന്നു. ഏതെങ്കിലും ഒരു വ്യക്തിയെമാത്രം ആശ്രയിച്ചുനില്ക്കുന്ന ഒരുധർമ്മത്തെ മനുഷ്യലോകത്തിന്നാകമാനം ബാധിക്കുന്നതായിസങ്കല്പിക്കപ്പെടുവാൻ പാടുള്ളതല്ല. നമ്മുടെ രാജ്യത്തിൽതന്നെ എത്രയോഗ്യന്മാർ ഉണ്ടു്; ഒരുചെറുപട്ടണത്തിൽത്തന്നെഓരോവിധമനഃസ്ഥിതിയോടുകൂടിയവർഓരോരുത്തരെ അല്ലയൊ അവരുടെ മാതൃകാപുരുഷന്മാരായി കരുതിവരുന്നതു്. ആ സ്ഥിതിക്കു് മുഹമ്മദ്, ബുദ്ധൻ, ക്രിസ്തു ഇവരെപ്പോലെയുള്ളഒരാളെ സകലമാനജനങ്ങളും അവരുടെ മാതൃകയായിസ്വീകരിക്കണമെന്നു് വരുവാൻ തരമുള്ള

താണോ? മാത്രമല്ല, സമസ്തസദാചാരവും, സമസ്ത ആദ്ധ്യാത്മികതത്വങ്ങളും, സമസ്തധർമ്മസിദ്ധാന്തങ്ങളും ആ ഒരാളുടെ അനുമതിയുണ്ടെങ്കിൽ മാത്രമേ സാധുവാകയുള്ളു എന്നു പറയുന്നതു് ശരിയാകുവാൻതരമുണ്ടോ? വേദാന്തമതത്തിന്നാണെങ്കിൽ ഈവക അനുമതിയുടെ ആവശ്യമൊന്നും ഇല്ല. മനുഷ്യന്റെ സനാതനസ്വഭാവമാണു് അതിന്റെ പ്രമാണം; മനുഷ്യന്റെ ആദ്ധ്യാത്മികാനുഭൂതിയാണു് അതിന്റെ ലക്ഷ്യം. അല്ലാതെ വ്യക്തിഗതമായ പ്രാമാണ്യമൊന്നും അതിന്നു് സിദ്ധിക്കേണ്ടതായിട്ടില്ല.

എന്നാൽ വളരെ പ്രാചീനമായ കാലം മുതല്ക്കുതന്നെ മനുഷ്യസമുദായത്തിൽ ഭൂരിപക്ഷം ജനങ്ങൾക്കും ഒരുപ്രകാരത്തിലല്ലെങ്കിൽ മറെറാരുപ്രകാരത്തിലുള്ള സാകാരമായ ഒരു ഈശ്വരഭാവം അത്യാവശ്യമാണെന്നു് നമ്മുടെ പ്രാചീനഋഷികൾ അറിഞ്ഞിരുന്നു. ഈശ്വരന്റെ സാകാരഭാവത്തെ അതി കഠിനമായി വെറുത്ത ശ്രീബുദ്ധഭഗവാൻ നിർവ്വാണമടഞ്ഞു് അമ്പതുകൊല്ലം കഴിയുന്നതിന്നു മുമ്പായിത്തന്നെ അദ്ദേഹത്തിന്റെ അനുയായികൾ അദ്ദേഹത്തെക്കൊണ്ടു് ഒരു ഈശ്വരനെ സൃഷ്ടിച്ചു. ഇങ്ങിനെ സാകാര ഈശ്വരൻ അത്യാവശ്യമായി കാണപ്പെട്ടപ്പോൾ മനസ്സങ്കല്പത്താൽ ഒരു ഈശ്വരനെ സൃഷ്ടിക്കുന്നതിൽ ഭേദം നമ്മുടെ ഇടയിൽ അതാതുകാലം ഉണ്ടാകുന്ന പുണ്യാത്മാക്കളെ ആരാധിക്കുകയാണു് നല്ലതെന്നു് അവർ മനസ്സിലാക്കി. മനഃസൃഷ്ടങ്ങളായ ഈശ്വരന്മാർ തൊണ്ണൂററി ഒമ്പതു് ശതമാനവും ആരാധ്യരായിട്ടല്ല കാണപ്പെട്ടുന്നതു്. നിങ്ങൾക്കൊ എനിക്കൊ സങ്കല്പിക്കുവാൻ സാധിക്കുന്നതിൽ തുലോം ഭേദമായ ഒരു ആശയമാണു് ശ്രീകൃഷ്ണഭഗവാൻ. അതുപോലെതന്നെ ബുദ്ധനും. അതിനാൽ സങ്കല്പിതേശ്വരന്മാരെക്കാൾ അധികം ആരാധ്യന്മാരായിരിക്കുന്നവർ ഇവരാകുന്നു. ഈ പരമാർത്ഥം നമ്മുടെ പ്രാചീനഋഷികൾ അറിഞ്ഞിരുന്നതുകൊണ്ടു് അവരവരുടെ ഇഷ്ടപ്രകാരം ഓരോ അവതാരങ്ങളെ ഭജിക്കുവാനുള്ള സ്വാതന്ത്ര്യം അവർ എല്ലാ വ്യക്തി

MUL
089815

കൾക്കും അനുവദിച്ചുകൊടുത്തു. "ബൊദ്ധ[illegible] ത്തു സ്ഥലങ്ങളിൽ അസാധാരണമായ [illegible] ക്കപ്പെടുന്നതായി കാണുന്നുവോ അവിടെയെല്ലാം ഞാൻതന്നെ നാകുന്നു; എന്നിൽ നിന്നാണ് ഈ വിജൃംഭണമെല്ലാം ഉണ്ടാകുന്നത്" എന്ന് ഭഗവാൻ തന്നെ പറഞ്ഞിട്ടുണ്ട്. ഇതിനാൽ ഏതു രാജ്യത്തിലും ഏതു കാലത്തിലും ഉണ്ടായിട്ടുള്ള എല്ലാ അവതാരങ്ങളേയും സ്വീകരിക്കുവാൻ ഹിന്തുക്കൾക്ക സാധിക്കുന്നു. നമുക്ക് ക്രിസ്ത്യാനികളുടെയും മുഹമ്മദീയരുടേയും പള്ളികളിൽ പോയി ഈശ്വരഭജനം ചെയ്വാൻ സാധിക്കുന്നതിന്റെ രഹസ്യം ഇതാണ്. ലോകത്തിൽ ഇന്ന് ഉള്ളതും ഇനിമേലിൽ ഉണ്ടാകുന്നതും ആയ എല്ലാധർമ്മസമ്പ്രദായങ്ങളേയും തന്നിൽ ചേർത്ത് നിർത്തുവാൻ സാധിക്കുന്നവിധം നമ്മുടെ വേദാന്തധർമ്മം അത്ര വിപുലവും വിസ്തൃതവും വിശാലവും ആകുന്നു.

ഈശ്വരാവതാരങ്ങളെപ്പററി അതായത് മഹാപുണ്യാത്മാക്കളെപ്പററി നമുക്കുള്ള അഭിപ്രായം ഏതാണ്ട് ഇങ്ങിനെയാണ്. എന്നാൽ ഇവർ ഒഴികെ ഋഷികൾ എന്നപേരാൽ അറിയപ്പെടുന്ന വേറെ ഒരുതരക്കാരും കൂടിയുണ്ട്. ഋഷികൾ എന്നാൽ മന്ത്രദ്രഷ്ടന്മാർ എന്നാണ് അർത്ഥം. ധർമ്മത്തിന്റെ തെളിവ് എന്താണ്? എന്നൊരു ചോദ്യം പുരാതനകാലത്തു തന്നെ ഉണ്ടായിട്ടുള്ളതാണ്. "യതോവാചോനിവർത്തന്തെ അപ്രാപ്യമനസാസഹ" (അവിടെനിന്നു മനസ്സോടുകൂടി വാക്ക പ്രാപ്യസ്ഥാനത്തെത്താതെ മടങ്ങുന്നു) "നതത്ര ചക്ഷുർഗ്ഗച്ഛതി നവാക്ഗച്ഛതിനോമനോ" (അവിടെ കണ്ണുകൾ എത്തുന്നില്ല, വാക്ക് എത്തുന്നില്ല; മനസ്സ് എത്തുന്നില്ല) എന്നായിരുന്നു അതിന്നു സിദ്ധിച്ചിട്ടുള്ള സമാധാനം. ആത്മാ, ഈശ്വരൻ, മോക്ഷം ഇത്യാദി സംഗതികളെപ്പററി ബാഹ്യപ്രകൃതിക്ക ഒന്നുംതന്നെ പറയുവാൻ സാധിക്കുകയില്ല. മനസ്സ് എന്നതു് സദാ മാറിമാറിക്കൊണ്ടിരിക്കുന്ന ഒരു വസ്തു.

പരിച്ഛേദ്യം. അങ്ങിനെയിരിക്കുന്നതിനെക്കൊണ്ടു അപരിച്ഛേദ്യവും മാററമില്ലാത്തതും ശാശ്വതവും അവിഭാജ്യവും ആയ അവസ്ഥയെപ്പററി എങ്ങിനെയാണു് അറിയുവാൻ സാധിക്കുന്നതു്? ഈ ജഡപ്രകൃതിയിൽകൂടെ അന്തരത്തെ അറിയുവാൻ ശ്രമിച്ചിട്ടുള്ള ശ്രമങ്ങളെല്ലാം നിഷ്ഫലങ്ങളാകുകയേ ഉണ്ടായിട്ടുള്ളു. എന്നാൽപിന്നെ വേദങ്ങളിൽ വിവരിക്കപ്പെട്ടുന്ന അറിവുകൾ എങ്ങിനെ ലഭ്യമായി എന്നാണു് ചോദ്യം. അവ ഋഷികളിൽകൂടെയാണു് ലഭ്യമായതു്. ഈ അറിവുകൾ ഇന്ദ്രിയങ്ങളിലല്ലെന്നുള്ളതു പരമാൎത്ഥം. എന്നാൽ ഇന്ദ്രിയമാണോ സൎവ്വസ്വം. അതെന്നു ആർ പറയുന്നു! നമ്മുടെ എല്ലാവരുടേയും ഈ സാധാരണജീവിതത്തിൽത്തന്നെ, നമ്മുടെ വളരെ പ്രിയപ്പെട്ട ഒരു മിത്രം മരിക്കുന്നതു് കാണുമ്പോഴോ, ഏതെങ്കിലും ഒരു നടുക്കം പെട്ടെന്നു ഉണ്ടാകുമ്പോഴോ, ഏററവും വലുതായ ഒരു സന്തോഷം ജാതമാകുമ്പോഴോ, അതുപോലെയുള്ള മറെറതെങ്കിലും സന്ദൎഭത്തിലോ മനസ്സിന്നു ഒരു ശാന്തത സിദ്ധിക്കുന്നതായും അതിന്റെ സ്വപ്രകൃതിയെ അറിയുന്നതായും മനസ്സിന്നും വാക്കിന്നും എത്താത്തതായ ഒരു സ്ഥലത്തെപ്പററിയുള്ള ഒരു ബോധം ഉണ്ടാകുന്നതായും പലപ്പോഴൊക്കെ കാണാറില്ലെ. സാധാരണ ജീവിതത്തിൽ ഉണ്ടാകുന്ന ഇതിനെ പഠിച്ചു് പരിശീലിച്ചു് ദൃഢപ്പെട്ടുത്താകുന്നതാണു്. ആത്മാ ഇന്ദ്രിയങ്ങളാലും മനസ്സിനാലും പരിമിതമാക്കപ്പെട്ടതല്ലെന്നു നമുക്കു മുമ്പുതന്നെ അറിവുള്ളതായിരുന്നു. ഈ ബോധം ഈ ഓൎമ്മ, ഈ സ്മരണ എന്നുള്ളതു അപരിച്ഛേദ്യമായ ചങ്ങലയുടെ ഒരു കണ്ണിമാത്രമാകുന്നു. ഇതിനെ ഈ ബോധഭാവത്തെ അതിക്രമിച്ചുവേണം ആദ്ധ്യാത്മികലോകരഹസ്യങ്ങളെ കണ്ടുപിടിക്കുവാൻ. ഇങ്ങിനെ പോയവർ പണ്ടും ഇന്നും ധാരാളം ഉണ്ടായിട്ടും ഉണ്ടായിരിക്കുന്നതും ഉണ്ടുതാനും. ഇവരെയാണു് ഋഷികൾ അല്ലെങ്കിൽ തത്വദ്രഷ്ടന്മാർ എന്നു പറയുന്നതു്. അവർ ആവക തത്വങ്ങളെ നേരിട്ടു് മുഖത്തോട്ടുമുഖം കാണുകയാണു ചെയ്യുന്നതു്.

അതിനാൽ വേദങ്ങളിൽ പറയപ്പെട്ടിരിക്കുന്ന തത്വങ്ങളുടെ പ്രമാണങ്ങളോ മോശയുടെ പ്രമാണംപോലെ തന്നെ "പ്രത്യക്ഷം" ആകുന്നു. ഇതിനെ നാം ഇന്ദ്രിയങ്ങളെക്കൊണ്ടു അറിയുന്നു; ആധ്യാത്മികതത്വങ്ങളെ ബോധാതീതമായ അവസ്ഥയിൽ അറിയുന്നു. രണ്ടും നേരിട്ടു് അറിയുകതന്നെയാണു്. ഈ ഋഷിത്വം കാലം, ദേശം, ജാതി, ലിംഗം ഇവകളെക്കൊണ്ടും പരിച്ഛേദിക്കപ്പെട്ടിട്ടില്ല. ഇതു് ആൎയ്യന്മാൎക്കും അനാൎയ്യന്മാൎക്കും മ്ലേച്ഛന്മാൎക്കുംകൂടെയും ഒരുപോലെ അവകാശപ്പെട്ടതാണെന്നും അല്ലാതെ ആൎക്കും പ്രത്യേകമായിട്ടുള്ളതല്ലെന്നും വാത്സ്യായനൻ വളരെ വെളിവായി സിദ്ധാന്തിച്ചിട്ടുണ്ടു്. ഈ തത്വം നമ്മൾ അറിയുന്നതുപോലെ അന്യമതസ്ഥന്മാരും അറിഞ്ഞിരിക്കേണ്ടതാകുന്നു. ധൎമ്മം ഗ്രന്ഥങ്ങളിലോ, സിദ്ധാന്തങ്ങളിലോ, തൎക്കത്തിലോ, യുക്തിയിലോ ഒന്നുമല്ല കിടക്കുന്നതു്. "ആയായിത്തീരുക" എന്നതാണു ധൎമ്മം. നിങ്ങൾ ഓരോരുത്തനും മന്ത്രദ്രഷ്ടന്മാരായി, ആധ്യാത്മികതത്വങ്ങളെ മുഖത്തോടുമുഖം നേരിട്ടു കാണുന്നതുവരെ നിങ്ങളിൽ ധൎമ്മം അങ്കുരിക്കുന്നില്ല. ആ ബോധം ഉണ്ടാകണം. അതാണു് ആ അനുഭൂതിയാണു് മതം. അല്ലാതെ വെറും സംസാരമൊന്നുമല്ല. നാമെല്ലാം മറ്റോരോരുത്തർ പറഞ്ഞുകേട്ടവിവരങ്ങൾ ഒരു യന്ത്രമെന്നപോലെ വെറുതെ ശബ്ദിക്കുകമാത്രമാണു് ചെയ്യുന്നതു്. ഒരിക്കൽ ഏതാനും ബ്രാഹ്മണരും ബുദ്ധദേവനും തമ്മിൽ ഒരു വലിയ വാദപ്രതിവാദമുണ്ടായി. തിരിഞ്ഞു മറിഞ്ഞു് തൎക്കം ബ്രഹ്മത്തെപ്പററിയായി തീൎന്നു. ബ്രാഹ്മണർ ശ്വാസംവിടാതെ സിദ്ധാന്തങ്ങളും ശാസ്ത്രങ്ങളും ഉദ്ധരിച്ചു് അവരുടെ സിദ്ധാന്തത്തെ സമൎത്ഥിക്കുന്നതു് കണ്ടപ്പോൾ ശ്രീബുദ്ധദേവൻ അവരോടു് ഇങ്ങിനെ ചോദിച്ചു. "സ്നേഹിതന്മാരെ! നിങ്ങളാരെങ്കിലും ബ്രഹ്മത്തെ കണ്ടിട്ടുണ്ടോ?" "ഇല്ല!" "നിങ്ങളുടെ അച്ഛനോ?" "ഇല്ല. അച്ഛനും കണ്ടിട്ടില്ല." "മുത്തച്ഛൻ കണ്ടിട്ടുണ്ടോ?" "ഇല്ല. അദ്ദേഹവും കണ്ടിട്ടുണ്ടെന്നു തോന്നുന്നില്ല." "സ്നേഹിതന്മാരേ! പിന്നെ എ

ങ്ങിനെയാണ്, നിങ്ങളും നിങ്ങളുടെ അച്ഛനും അച്ഛന്റെ അച്ഛനും കണ്ടിട്ടില്ലാത്ത ഒരു സംഗതിയെപ്പററി നിങ്ങൾ ഇത്രയൊക്കെ ഉറപ്പായി സംസാരിക്കുന്നത്?" എന്നാൽ ഇന്നത്തെ ലോകത്തിന്റെ പ്രകൃതി ഇങ്ങിനെയാണ്. "ഈ ആത്മാവിനെ പ്രവചനംകൊണ്ട് ലഭിക്കുകയില്ല; ബുദ്ധികൊണ്ടും ലഭിക്കുകയില്ല; വേദപഠനംകൊണ്ടും ലഭിക്കയില്ല" എന്നാണ് വേദാന്തികൾ പറഞ്ഞിട്ടുള്ളത്. "നിങ്ങളുടെ ഈ കലഹങ്ങളും ശണ്ഠകളും എല്ലാം വൃഥാവിലാകുന്നു; നിങ്ങൾ ഈശ്വരനെപ്പററി ഒട്ടേറെ പ്രസംഗിക്കുന്നുണ്ടല്ലോ. ആ ഈശ്വരനെ നിങ്ങൾ കണ്ടിട്ടുണ്ടോ? കണ്ടിട്ടില്ലെങ്കിൽ പിന്നെ നിങ്ങളുടെ ഈ പ്രസംഗംകൊണ്ടുള്ള പ്രയോജനമെന്താണ്? നിങ്ങൾ പറയുന്നത് നിങ്ങൾതന്നെ അറിഞ്ഞതല്ലല്ലോ. നിങ്ങൾ ഈശ്വരനെ അറിഞ്ഞിട്ടുണ്ടെങ്കിൽ പിന്നെ നിങ്ങൾ തമ്മിൽ തല്ലുകയില്ല. നിങ്ങളുടെ മുഖം തന്നെ പ്രശോഭിക്കുന്നതായിരിക്കും" എന്നിങ്ങനെ നാം വേദഭാഷയിൽ തന്നെ ലോകത്തോടുപദേശിക്കേണ്ടതായിരിക്കുന്നു.

ഉപനിഷത്തിലെ ഒരു പ്രാചീനഋഷി ഒരിക്കൽ തന്റെ മകനെ ധർമ്മശാസ്ത്രാഭ്യസനത്തിന്ന് പറഞ്ഞയച്ചു. കുറെകഴിഞ്ഞശേഷം ആ പുത്രൻ മടങ്ങിവന്നപ്പോൾ നീ എന്തെല്ലാം പഠിച്ചു എന്ന് അച്ഛൻ ചോദിച്ചപ്പോൾ ഞാൻ പല ശാസ്ത്രങ്ങളും പഠിച്ചു എന്ന മറുപടി കേട്ടപ്പോൾ "അതുകൊണ്ടായില്ല—ഇനിയും പോയി പഠിച്ചുവാ" എന്ന് പറഞ്ഞ് ആ ബാലനെ രണ്ടാമതും അയച്ചു. കുറെ കഴിഞ്ഞശേഷം മടങ്ങിവന്നപ്പോൾ അച്ഛൻ വീണ്ടും അതേ ചോദ്യംതന്നെ ചോദിക്കുകയും മകൻ അതേ സമാധാനംതന്നെ പറഞ്ഞപ്പോൾ മൂന്നാമതും പഠിപ്പിന്നായി പറഞ്ഞയയ്ക്കുകയും ചെയ്തു. മൂന്നാമത്തെ തവണ പുത്രൻ മടങ്ങിവന്നപ്പോൾ അവന്റെ മുഖം ദീപ്തിമത്തായി കാണപ്പെട്ടതുകൊണ്ട് അച്ഛൻ വളരെ സന്തോഷിച്ച് ഇങ്ങിനെപറഞ്ഞു:—"അതേ! കുഞ്ഞേ! ഇന്നുനിന്റെ

മുഖം ഒരു ബ്രഹ്മജ്ഞാനിയുടേതുപോലെ പ്രകാശിക്കുന്നുണ്ട്. നിങ്ങൾ ഈശ്വരനെ അറിയുമ്പോൾ നിങ്ങളുടെ മുഖംതന്നെ ഭേദപ്പെടുകയും നിങ്ങളുടെ ശബ്ദംകൂടെ ഭേദപ്പെടുകയും നിങ്ങളുടെ ആകൃതിയും പ്രകൃതിയും എല്ലാം ഭേദപ്പെടുകയുംചെയ്യും. നിങ്ങൾ മനുഷ്യസമുദായത്തിന്ന് ഒരനുഗ്രഹമായിത്തീരും. ഋഷിയെ പ്രതിരോധിക്കുവാൻ ഒന്നിനാലും സാധിക്കുകയില്ല. ഇതാണു നമ്മുടെധർമ്മത്തിലെ ആദർശസ്ഥാനമായ ഋഷിത്വം. മറെറല്ലാം വെറും ഒരുക്കംമാത്രം. ബ്രഹ്മജ്ഞാനംമാത്രം പ്രധാനം; മറെറല്ലാം അപ്രധാനം. വേദങ്ങളിൽ നാം കാണുന്ന ഋഷികൾ ഇങ്ങനത്തെ അനുഭവസ്ഥന്മാരാണ്. നമ്മളെല്ലാം ഒരുകാലത്തല്ലെങ്കിൽ മറെറാരുകാലത്തു ഋഷികൾ ആനേ മതിയാകൂ. അല്ലാതെ ഗത്യന്തരമില്ല. ഇതുതന്നെയാണ് മോക്ഷം എന്ന് പറയപ്പെടുന്നതും. അനേകസിദ്ധാന്തങ്ങളെ വിശ്വസിക്കുന്നതും, അനേകതത്വങ്ങളെ ഉരുക്കഴിച്ചുറപ്പിക്കുന്നതും, അനേകക്ഷേത്രങ്ങളിൽ ദർശനം ചെയ്യുന്നതും, അനേകതീർത്ഥങ്ങളിൽ സ്നാനംചെയ്യുന്നതും, അതുകൊണ്ടൊന്നും സ്വാതന്ത്ര്യം സിദ്ധിക്കുകയില്ല, മന്ത്രദ്രഷ്ടനാകയില്ല. അതിന്ന് ഋഷിയാകുകതന്നെ വേണം.

ആ പ്രാചീനകാലം വിട്ട് കുറെ ഇങ്ങോട്ടുപോന്നാൽ നമുക്ക് അനേക അവതാരപുരുഷന്മാരേയും ഋഷീശ്വരന്മാരേയും കാണ്മാനാകുന്നതാണ്. ഇവരുടെ സംഖ്യയ്ക്ക് കണക്കൊന്നുമില്ല. എന്നാൽ ഇന്ത്യയിൽ സാർവത്രികമായ ആരാധനയ്ക്ക് നിതരാം പാത്രീഭൂതന്മാരായ അവതാരമഹാപുരുഷന്മാർ ശ്രീരാമചന്ദ്രസ്വാമിയും ശ്രീകൃഷ്ണസ്വാമിയും തന്നെയാകുന്നു. ഇവരിൽ ശ്രീരാമൻ പ്രാചീനക്ഷാത്രവീര്യമാതൃകയും, സത്യത്തിൻെറ പ്രത്യക്ഷോദാഹരണവും, സദാചാരത്തിൻെറ ഉത്തമദൃഷ്ടാന്തവും, മാതൃകാപുത്രനും, മാതൃകാഭർത്താവും, മാതൃകാപിതാവും, ഇവയെല്ലാം പുറമേ മാതൃകാരാജനും ആകുന്നു. ഇങ്ങിനെയാണ് ശ്രീവാത്മീകിമഹർഷി നമുക്ക് ശ്രീരാമനെ കാണി

ച്ചുതന്നിട്ടുള്ളതു്. ശ്രീരാമചന്ദ്രന്റെ ജീവിതകഥയെ ഈ ഋഷിശ്രേഷ്ഠൻ രചിച്ചിട്ടുള്ള ഭാഷയെപ്പോലെ അത്ര ശുദ്ധവും സുന്ദരവും ആസ്വാദ്യവും സുഗ്രാഹ്യവും ആയ ഭാഷ ഉണ്ടാകുവാൻ പ്രയാസമാണു്. സീതയെപ്പററി പറയുവാൻ തന്നെ എന്തുള്ളൂ! ലോകത്തിൽ ഇതുവരെ ഉണ്ടായിട്ടുള്ള സകലസാഹിത്യഗ്രന്ഥങ്ങളെ പരിശോധിച്ചു നോക്കിയാലും ഇനിയുണ്ടാകുവാനുള്ളവയെയൊക്കെ നോക്കിയാലും അങ്ങിനെ ഒരു മാതൃകാ ദേവിയെ അക്കം കണ്ടെത്തുവാൻ സാധിക്കുകയില്ല. സീതയെപ്പോലെ സീതതന്നേയുള്ളൂ. അതിന്നു മുമ്പും പിമ്പും അങ്ങിനെ ഉണ്ടായിട്ടുമില്ല ഉണ്ടാകയുമില്ല. രാമന്മാർ അനേകമുണ്ടായേക്കാമെന്നു് വന്നാലും സീത ഒരിക്കലും ഒന്നിലേറെ ഉണ്ടാകയില്ല. ഒരു പരിപൂർണ്ണയായ സ്ത്രീയുടെ സകലമാന ഇന്ത്യൻ ആദർശങ്ങളും സീതാദേവിയുടെ ആ ജീവിതത്തിൽ സമ്പൂർണ്ണങ്ങളായിരിക്കുന്നതുകൊണ്ടു് ഒരു യഥാൎത്ഥമായ ഇന്ത്യൻ വനിതയുടെ മാതൃകയാണു് സീതാദേവി. ഈ ഭാരതഭൂമിയിൽ സ്ത്രീപുരുഷഭേദംകൂടാതെ ഇത്ര ആയിരായിരം ദീർഘസംവത്സരങ്ങൾ എല്ലാവരുടേയും ആരാധനാ ദേവതയായിരിക്കുന്നതു് അതുകൊണ്ടുതന്നെയാണു്. ആ സ്ഥാനത്തുതന്നെ ആ ദേവി എന്നെന്നും ഇരിക്കുകയും ചെയ്യും. യാതൊരു പിറുപിറുപ്പും കൂടാതെ ഏററിയോരുകഷ്ടപ്പാടുകൾ സഹിച്ചു, പരിശുദ്ധവും പാതിവ്രത്യത്തോടുകൂടിയതും ആയ ഭാൎയ്യാസ്ഥാനം നയിച്ചു, ഇങ്ങിനെയാണു് അവർ ജനങ്ങളുടെ ആരാദ്ധ്യദേവതയായി തീൎന്നിരിക്കുന്നതു്. നമ്മുടെ രാഷ്ട്രത്തിന്റെ നടുനായകമായി ആ ദേവി തന്നെ എന്നെന്നും സ്ഥിതിചെയ്യുന്നതാകുന്നു. നമ്മുടെ പുരാണങ്ങളെല്ലാം നശിച്ചുപോയാലും, നമ്മുടെ വേദങ്ങളെല്ലാം ഇല്ലാതായിത്തീൎന്നാലും, സംസ്കൃത ഭാഷതന്നെ ലോകത്തിൽനിന്നു മറഞ്ഞുപോയാലും, ഇവിടെ അഞ്ചു് ഹിന്ദുക്കൾ ഒന്നിച്ചുതാമസിക്കുന്ന കാലത്തെല്ലാം ഈ ദേവിയുടെ ചരിത്രം നിലനിൽക്കുന്നതാകുന്നു. ഇതിന്നു് വിപരീതമായി നമ്മുടെ സ്ത്രീകളെ നവീനരീതിയിൽ പരിഷ്കരിക്കുവാൻ

ചെയ്യുന്ന ശ്രമങ്ങളെല്ലാം കേവലം വിഫലങ്ങളായേ പരിണമിക്കുകയുള്ളൂ. സീതാദേവിയുടെ കാലടികളെ തുടൎന്ന് നമ്മുടെ ഇന്ത്യൻ വനിതകൾ വൎദ്ധിക്കുകയും പരിഷ്കരിക്കപ്പെടുകയും ചെയ്യേണ്ടതാണ്. അവരുടെ അഭിവൃദ്ധിക്കു ഗത്യന്തരം ഇല്ല തന്നെ.

അടുത്തതായിവരുന്നതു സൎവ്വഹിന്ദുക്കളുടെ ആരാധനയ്ക്കു പാത്രീഭവിച്ചിരിക്കുന്നതും പൂൎണ്ണാവതാരമായതും ആയ ശ്രീകൃഷ്ണനാണ്. ഭഗവാന്റെ ഭാവങ്ങൾ വിവിധങ്ങളാകുന്നു. അദ്ദേഹം അത്യത്ഭുതകരമായ ഒരു മഹാസന്യാസിയും അതേസമയത്തിൽ തന്നെ അത്യുത്തമനായ ഒരു ഗൃഹസ്ഥനും ആയിരുന്നു. ഗീത പഠിക്കാതെ ശ്രീകൃഷ്ണനെ വേണ്ടതുപോലെ മനസ്സിലാക്കുവാൻ സാധിക്കുകയില്ല. സൂക്ഷ്മം പറകയാണെങ്കിൽ ശ്രീകൃഷ്ണന്റെ ഒരു വിശിഷ്ട വ്യാഖ്യാനമാകുന്നു ഗീതാ. അവതാരങ്ങളുടെയെല്ലാം കഥ അങ്ങിനെതന്നെയാണ്. തങ്ങൾ യാതൊരു തത്വത്തെ പ്രകാശിപ്പിക്കുവാൻ അവതരിക്കുന്നുവോ, തങ്ങൾ യാതൊരു തത്വത്തെ പ്രസംഗിക്കുന്നുവോ അതിന്റെ പ്രായോഗിക ഭാവവും പ്രത്യക്ഷോദാഹരണവും ആണ് അവരുടെ ജീവിതം. ഗീതാ എന്നാൽ ചുരുക്കിപ്പറയുന്നപക്ഷം ത്യാഗം എന്നാണ് അൎത്ഥം. ത്യാഗത്തെ പാടിയ ശ്രീകൃഷ്ണന്റെ ജീവിതം ത്യാഗത്തിന്റെ ഉത്തമോദാഹരണം തന്നെയായിരുന്നു. ഭഗവാൻ തന്റെ രാജകീയ സിംഹാസനത്തെ ഒഴിഞ്ഞുകൊടുക്കുന്നു. അതിനെപ്പററി പിന്നെ ശ്രദ്ധിക്കുന്നതേയില്ല; തന്റെ ഏകശാസനയ്ക്കു രാജാക്കന്മാർ സിംഹാസനംവിട്ട് കീഴെ ഇറങ്ങുന്നു. അങ്ങിനെ ഇരിക്കുന്ന ഭഗവാന് രാജത്വം നിസ്സാരമായിത്തീരുന്നു. ഭഗവാൻ എന്നും ഗോപികാരമണനായ ഗോപാലൻ തന്നെ. ഹ! ആ വൃന്ദാവനലീല! ഭഗവാന്റെ ജീവിതത്തിൽ സൎവ്വോപരി പ്രധാനവും സുന്ദരവും ആയ ഭാഗം അതാണ്. അതിനെ വേണ്ടതുപോലെ ധരിക്കുവാൻ നമ്മാൽ ആകുന്നില്ല. പരിപൂൎണ്ണമായ പരിശുദ്ധിയും സദാചാരവും തികയാത്ത യാതൊരാൾക്കും അതിനെ വേണ്ടതുപോലെ മന

സ്സിലാക്കുവാൻ സാധിക്കുന്നതല്ല. ഭഗവൽ പ്രേമത്തിന്റെ അനൎഗ്ഗളപ്രവാഹം! വൃന്ദാവനലീലയിൽ ഉൽപ്രേക്ഷിച്ചിരിക്കുന്നതു് അതിനെയാണു്. ഭഗവൽ ഭക്തികൊണ്ടു് ഉന്മത്തചിത്തനായി ഭഗവൽഭക്തിയാകുന്ന മകരന്ദത്തെ മൂക്കോളം പാനം ചെയ്ത ഒരുവനല്ലാതെ അതിനെ വേണ്ടതുപോലെ മനസ്സിലാക്കുവാൻ സാധിക്കുന്നതല്ല. ഗോപസ്ത്രീകളുടെ ആ ഭക്തിമാഹാത്മ്യത്തെ ആൎക്കു് മനസ്സിലാക്കാം! അതാണു ഭക്തിയുടെ ആദൎശം; അതാണു് പ്രത്യുപകാരമായി യാതൊന്നും കാമിക്കാത്ത പ്രേമം; സ്വൎഗ്ഗത്തെപ്പോലും നിസ്സാരമാക്കി വകവെയ്ക്കാതിരിക്കുന്ന പ്രേമം അതാണു്; ഈ ലോകത്തിലൊ മറ്റേതെങ്കിലും ലോകത്തിലൊ ഉള്ള യാതൊന്നിനേയും ലവലേശം ആഗ്രഹിക്കാത്ത ആ ഭക്തിമാഹാത്മ്യത്തെ ആൎക്കു് എങ്ങിനെ മനസ്സിലാക്കാം. ഈശ്വരന്റെ സാകാരഭാവത്തിന്നും നിരാകാരഭാവത്തിന്നും തമ്മിലുള്ള കൎശമായ വ്യത്യാസത്തിന്നു് ഉള്ളതായ ഏകസമാധാനം നമുക്കു ലഭ്യമാകുന്നതു ഈ ഗോപികകളുടെ ഭക്തിയിൽകൂടെയാണെന്നുള്ള രഹസ്യം നാം നല്ലപോലെ മനസ്സിലാക്കേണ്ടതാകുന്നു. സാകാരനിരാകാര വാദത്തെ അന്യോന്യംയോജിപ്പിക്കുന്നതു ഈ ഭക്തിപ്രചുരിമയാണു്. മനുഷ്യജീവിതത്തിൽ സാകാരേശ്വരൻ എത്രമാത്രം അത്യാവശ്യമായ സംഗതിയാകുന്നു എന്നു് നമുക്കറിയാം. അതുപോലെതന്നെ മറ്റെല്ലാ വസ്തുക്കളും യാതൊരു വസ്തുവിന്റെ വിജൃംഭണമായിരിക്കുന്നുവോ അങ്ങിനെ ഒരു വസ്തു പ്രപഞ്ചത്തിന്റെകാരണമായി ഉണ്ടെന്ന ബോധത്തോടുകൂടി നിരാകാരവാദം മാത്രമേ ശാസ്ത്രവിഹിതവും യുക്തിയുക്തവും പരമാൎത്ഥവും ആയിരിക്കുന്നുള്ളു എന്നും നമുക്കറിയാകുന്നതാണു്. എന്നാലും സ്ഥൂലമായ ഒന്നിന്റെ പിന്നാലെയാണു് മനസ്സ് നില്ക്കുന്നതു്. അതിന്നു് അങ്ങിനെയൊന്നുണ്ടായേ മതിയാകൂ. അതിനാൽ സാകാരഭാവം അത്യാവശ്യം തന്നെ. മനുഷ്യബുദ്ധിക്കു സങ്കല്പിക്കുവാൻ കഴിയുന്നതിൽ ഏറ്റവും അങ്ങേ അറ്റത്താണു് അതിനാൽ നാം ഈശ്വരനെ സങ്കല്പിക്കുന്നതു്.

എന്നാൽ യുക്തി അവിടെ നമ്മെ ഒട്ടും തന്നെ അനുകൂലിക്കുന്നില്ല. സാകാരഈശ്വരൻ ഉണ്ടാകുവാൻ പാടില്ലെന്ന് വിധിക്കുന്നു. ബ്രഹ്മസൂത്രത്തിൽ വ്യവഹരിച്ചുകാണുന്ന ആ പ്രാചീന പഴയപഴയ സംഗതി ഇതുതന്നെയാണ്. കാട്ടിൽ വച്ച് ദ്രൌപദി ധർമ്മപുത്രരോട്ട് ചോദിക്കുന്നതും ഇതുതന്നെയാണ്. സാകാരനായിസർവ്വശക്തനായി കരുണാവരുണാലയനായിരുരു ഈശ്വരൻ ഉണ്ടെങ്കിൽ ഭൂമിയിൽ ഇത്ര ദുഃഖങ്ങൾ ഉണ്ടാകുവാനുള്ള കാരണമെന്താണ്? ഇങ്ങനെ ദുഃഖഭൂയിഷ്ഠമായ ഒരു ലോകത്തെ കരുണാവരുണാലയനായ ഈശ്വരൻ എന്തിന്ന് സൃഷ്ടിച്ചു. ഈശ്വരൻ തീർച്ചയായും ഒരു പക്ഷവാദിയായിരിക്കണമെല്ലോ എന്നൊക്കെയാണ് അപ്പോൾ നമുക്കുണ്ടാകുന്ന സംശയങ്ങൾ. ഇതിന്ന് ശരിയായ ഒരു സമാധാനവും കാണുന്നതുമില്ല. എന്നാൽ ഇതിന്ന് ഒരു സമാധാനം കാണുന്നത് ഗോപസ്ത്രീകളുടെഭക്തിയിലാണ്. ശ്രീകൃഷ്ണന്റെ സകലവിശേഷണങ്ങളേയും അവർവെറുക്കുന്നു, കൃഷ്ണൻ സർവ്വശക്തനാണ് സർവ്വേശ്വരനാണ്, സർവ്വജ്ഞനാണ്, എന്നൊന്നും അവർക്ക് കേൾക്കുകയേവേണ്ട. കൃഷ്ണൻ പ്രേമസ്വരൂപനാണ് എന്നു മാത്രമേ അവർക്ക് അറിഞ്ഞുകൂടു. അവർക്ക് അത് മതിതാനും. വൃന്ദാവനഗോപാലനായേ ഗോപവധൂടികൾ ഭഗവാനെ അറിയുന്നുള്ളൂ. "എനിക്ക് ധനം വേണ്ട, എനിക്കു വളരെ ജനങ്ങളും വേണ്ട, എനിക്ക് പഠിപ്പും വേണ്ട, എനിക്കു സ്വർഗ്ഗപ്രാപ്തികൂടേയും വേണ്ട. ഞാൻ എത്രജന്മങ്ങൾ വേണമെങ്കിലും ജനിച്ചുകൊള്ളട്ടെ. എന്നാൽ എനിക്ക് എന്നെന്നും അങ്ങയുടെ ഭക്തിക്കുവേണ്ടി മാത്രം അങ്ങയിൽ ഭക്തിയുണ്ടാകുവാൻ അനുഗ്രഹിക്കണെ." ധർമ്മത്തിലെ ഒരുപ്രധാനമർമ്മം ഇവിടെയാണ്. ഭക്തിക്കുവേണ്ടി ഭക്തി, കർമ്മത്തിന്നുമാത്രം വേണ്ടികർമ്മം, ധർമ്മത്തിന്നുമാത്രംവേണ്ടി ധർമ്മം. ഈ അത്യുൽകൃഷ്ട തത്വം ആദ്യം അവിർഭവിച്ചത് ഇന്ത്യയിൽ ഭഗവാൻ ശ്രീകൃഷ്ണദേവന്റെ നാവിൽകൂടെയാണ്. ഭയത്തേയും അനുഗ്രഹത്തേയും അടിസ്ഥാനാപ്പെട്ടത്തിനിന്നിരുന്ന മതത്തിന്റെ കാലമെല്ലാം

പോയി. നരകത്തെ ഭയന്നോ സ്വർഗ്ഗത്തെ ആഗ്രഹിച്ചോ ധർമ്മം പ്രവർത്തിക്കുക എന്നതിന്റെ സ്ഥാനത്താണ് വേദാന്തത്തിലെ പ്രേമത്തിന്നുവേണ്ടി പ്രേമം, ധർമ്മത്തിന്നുവേണ്ടി ധർമ്മം, കർമ്മത്തിന്നുവേണ്ടി കർമ്മം എന്ന അത്യുൽകൃഷ്ട സിദ്ധാന്തം വിദ്യോതിക്കുന്നതു്.

ഗോപസ്ത്രീകളുടെ ഭക്തി! ഹാ! ഇതെത്ര ഉൽകൃഷ്ടതമമായതാകുന്നു. ഗോപസ്ത്രീകളുടെ പ്രേമത്തെ ശരിയായി ധരിക്കുവാൻ പ്രയാസമാണെന്നു് മുമ്പു് പറയുകയുണ്ടായല്ലോ. മാഹാത്മ്യമേറിയവകളിൽവെച്ചു് മാഹാത്മ്യമേറിയ ആ പ്രേമത്തിന്റെ മാഹാത്മ്യമറിയുവാൻ കഴിയാത്ത മണ്ടന്മാർ ഇന്നു് ലോകത്തിൽ അനേകമുണ്ടു്. അവരാണ് അതിനെ പററി ആക്ഷേപിക്കുന്നതു്. അവർ അതു് വളരെ അശുദ്ധമായ സംഗതിയാണെന്നാണ് വിചാരിക്കുന്നതു്. എനിക്കു് അവരോടു് ഒന്നാമതായി പറയുവാനുള്ളതു് നിങ്ങൾ തന്നെ പരിശുദ്ധന്മാരായി തീരുവിൻ എന്നാണ്. ഗോപികളുടെ പ്രേമത്തെ വർണ്ണിച്ചിരിക്കുന്നതാരാണെന്നു് നോക്കണം. ശുകദേവൻ ജന്മനാ ശുദ്ധനും പ്രകൃത്യാ ശുദ്ധനുമായ വ്യാസപുത്രനല്ലാതെ മററാരുമല്ല. മനസ്സിൽ എത്രകാലത്തോളം സ്വാർത്ഥതനിലനില്ക്കുന്നുണ്ടോ അത്രത്തോളം ശരിയായ ഭക്തി ഉണ്ടാകുന്നതല്ല. അക്കാലത്തെ ഭക്തി ഭക്തിയല്ല; അതൊരു വെറും വ്യാപാരം മാത്രം. ഞാൻ അങ്ങയ്ക്കു് ഇന്നതു് തരുന്നു; അതിന്നു് അങ്ങു് എനിക്കു് ഇന്നതു് പകരം തരണം ഇതാണ് അതിന്റെ തോതു്. ഇന്നത്തെ ദൈവമോ അതും അതുപോലെതന്നെ. നീ ഇതു ചെയ്യില്ലെങ്കിൽ നോക്കിക്കോ! മരിക്കുമ്പോൾ ഞാൻ കാണിച്ചുതരാം. ഞാൻനിന്നെ പിന്നീടുള്ള കാലത്തെല്ലാംവെളിച്ചെണ്ണയിലിട്ടു വറത്തുകളയും എന്നിങ്ങനെയാണ് ദൈവത്തിന്റെമാതിരി. ഇങ്ങിനെത്തെ മണ്ടത്തരങ്ങളെല്ലാം മസ്തിഷ്കത്തിൽ കുത്തി നിറച്ചിരിക്കുന്ന കാലത്തു് ഗോപസ്ത്രീകളുടെ ശ്രീകൃഷ്ണപ്രേമത്തെ മനസ്സിലാക്കുവാൻ സാധിക്കുന്നതു് എങ്ങി

നെയാണു്. "ഹ! അവിടുത്തെ ആ അധരങ്ങളെക്കൊണ്ടു് ഒരേ ഒരു ചുംബനം! അങ്ങയാൽ ചുംബനം ചെയ്യപ്പെട്ട ഒരുവന്നു് അങ്ങയുടെ നേക്കുള്ള പിപാസ പൂൎവ്വാധികം അധികരിച്ചു വരികയേയുള്ളൂ. പിന്നെ അവന്നു് യാതൊരു ദുഃഖവും ഇല്ല. ഞങ്ങൾ അങ്ങയെ മാത്രമായി സ്നേഹിക്കുന്നു. അതല്ലാതെ മറ്റൊന്നും ഞങ്ങൾ സ്മരിക്കുന്നില്ല!" ഇതായിരുന്നു അവരുടെ പ്രേമത്തിന്റെ രോതു്. മറ്റൊന്നും അറിയാത്ത ഈശ്വര പ്രേമം! പേരിനും പെരുമയ്ക്കും പണത്തിനും പ്രതാപത്തിനും ഉള്ള നിങ്ങളുടെ ആശയെ ഒന്നാമതായി ഉപേക്ഷിക്കുക. അപ്പോൾ മാത്രമെ ഗോപസ്ത്രീകളുടെ പ്രേമസ്വഭാവത്തെ അറിയുവാൻ നിങ്ങൾ ഉചിതന്മാരായിത്തീരുന്നുള്ളൂ. അങ്ങിനെ ഇരിക്കെ, ലിംഗവ്യത്യാസവും പണത്തിനും പ്രതാപത്തിനുമുള്ള മോഹവും മനസ്സിൽ നടാവെച്ചുകൊണ്ടിരിക്കുന്നവരാണു് ഹ! ഗോപസ്ത്രീകളുടെ പ്രേമത്തെപ്പറ്റി ആക്ഷേപിക്കുവാൻ പുറപ്പെടുന്നതു്. കൃഷ്ണാവതാരത്തിന്റെ പരമമായ ഹൃദയം ഇവിടെ ഈ ഗോപക്രീഡയിലാണു് കിടപ്പു്. തത്വജ്ഞാനശാസ്ത്രോത്തംസമായിരിക്കുന്ന ഗീതയുടെ ഇതിന്നു കിടയല്ല. പ്രാപ്യസ്ഥാനത്തെ സാവധാനം പ്രാപിക്കേണ്ടതു്, നമ്പിക്കേണ്ടതു് എങ്ങിനെയാണെന്നാണു് ഗീതയിൽ ശിഷ്യന്നു് ഉപദേശിച്ചിട്ടുള്ളതു്, ഇവിടെയാകട്ടെ അനുഭൂതിയുടെ ഭ്രാന്താണു്, ഭക്തിയുടെ ലഹരിയാണു് കാണപ്പെടുന്നതു്. ഇവിടെ ഗുരുവെന്നൊ ശിഷ്യനെന്നൊ ഉപദേശമെന്നൊ എന്നൊന്നുമില്ല; എല്ലാം ഒന്നുതന്നെ. ഈശ്വരനെ ഭയമാകട്ടെ സ്വൎഗ്ഗത്തെ സ്നേഹമാകട്ടെ ഒന്നും ഇവിടെയില്ല. ഒന്നുള്ളതു് പ്രേമപ്രവാഹംകൊണ്ടുള്ള ഉന്മാദംമാത്രം. അതിന്റെ പ്രധാനലക്ഷണം തന്നെ വിസ്മൃതിയാകുന്നു. ഭക്തൻ ഭഗവാനെയല്ലാതെ മറ്റൊന്നും തന്നെ കാണുന്നില്ല. സകലരുടേയും മുഖം കൃഷ്ണമുഖംപോലെയായിരിക്കുന്നു. തന്റെ സ്വന്തമുഖം പോലും കാണപ്പെടുന്നതങ്ങിനെയാണു്. അതാണു് കൃഷ്ണന്റെ മാഹാത്മ്യം.

വെറുതെ അപ്രധാനങ്ങളായ സംഗതികളെ പററി ചിന്തിക്കുന്നതുകൊണ്ട് പ്രയോജനമില്ല. കാര്യത്തിന്റെ ജീവനെ പിടിച്ചുനോക്കണം. അതാണ് വേണ്ടത്. ശ്രീകൃഷ്ണന്റെ ജീവചരിത്രം സൂക്ഷ്മമായി പരിശോധിക്കുന്നതായാൽ അതിൽ അന്യോന്യ വിരുദ്ധങ്ങളായ പ്രസ്താവങ്ങളോ പിന്നീട് കുത്തിപ്പിടിപ്പിച്ച ഭാഗങ്ങളോ അതുപോലെതന്നെ മറെറന്തെങ്കിലും ന്യൂനതകളോ കാണുമായിരിക്കാം. അതെല്ലാം ശരിതന്നെ. മററല്ലാ അവതാരങ്ങളും പ്രവാചകന്മാരും അവരുടെ കാലത്തും അതിന്നുമുമ്പും അവിടെ ചിന്നിച്ചിതറികിടന്നിരുന്ന തത്വങ്ങളെ ശേഖരിച്ച് സംസ്കരിച്ച പ്രകാരമേ നാം കാണുന്നുള്ളൂ. അല്ലാതെ പുതിയ സിദ്ധാന്തങ്ങളൊന്നും ഉണ്ടാക്കിയതായി കണ്ടിട്ടില്ല. അങ്ങിനെ ഒരു പ്രവാചകൻ ഉണ്ടായിരുന്നുവോ എന്നു കൂടെയും പിന്നീട് വലിയ സംശയമുണ്ടായേക്കുവാനും മതി. എന്നാൽ ഈ ആശയങ്ങൾ "കർമ്മത്തിന്നുവേണ്ടി മാത്രം വേണ്ട കർമ്മം ചെയ്യുക, പ്രേമത്തിന്നുവേണ്ടി പ്രേമിക്കുക, ധർമ്മത്തിന്നുവേണ്ടി ധർമ്മം ചെയ്യുക, എന്ന അത്യുൽകൃഷ്ട ആശയം ശ്രീകൃഷ്ണന്ന് മുമ്പിൽ ഉണ്ടായിരുന്നതേയില്ല. അതിനാൽ ഈ ആശയങ്ങൾ ഉത്ഭവിച്ചതായ ഒരാൾ ഉണ്ടായേ കഴിയൂ. അവയെ മററാരിൽനിന്നും കടംവാങ്ങിയതല്ല. കൃഷ്ണൻ അവതരിച്ച കാലത്ത് അവ ആകാശത്തിലെങ്ങും തൂങ്ങിനിന്നിരുന്നതും ഇല്ല. ഇതിന്റെ ഒന്നാമത്തെ ഉപദേഷ്ടാവ് ശ്രീകൃഷ്ണഭഗവാൻ തന്നെയായിരുന്നു. അദ്ദേഹത്തിൽ നിന്ന് അതിനെ ശിഷ്യനായ വ്യാസഭഗവാൻ സ്വീകരിച്ച് അദ്ദേഹം ലോകത്തിനായിക്കൊണ്ട് പ്രദാനം ചെയ്യുകയുമാണുണ്ടായത്. നമുക്ക ഭഗവാനിൽനിന്നു ലഭ്യമായിരിക്കുന്ന വലിയ സംഗതി ഏററവും ഉൽകൃഷ്ടമായ സംഗതി ഗോപീജനവല്ലഭത്വമാണ്. ആ ഉന്മാദം നിങ്ങളുടെ മസ്തിഷ്കത്തിൽ ജാതമാകുമ്പോൾ നിങ്ങൾക്ക അനുഗ്രഹീതകളായ ഗോപസ്ത്രീകളെ അറിയാറാകുമ്പോൾ അപ്പോൾ പ്രേമം എന്നാൽ എന്താണെന്ന് നിങ്ങൾക്ക മനസ്സിലാക്കാറാകും.

സമസ്തപ്രപഞ്ചവും അപ്രത്യക്ഷമായി, മറെറല്ലാവിചാരങ്ങളും നിശ്ശേഷം നശിച്ച്, ഒരാഗ്രഹവും ഇല്ലാതെ മനസ്സ് ശുദ്ധമാകുമ്പോൾ, അതായത് സത്യത്തെ അറിയുവാനുള്ള ആഗ്രഹംകൂടെ ഇല്ലാതാകുമ്പോൾ അപ്പോൾമാത്രമേ ആ പ്രേമത്തിൻെറ ഉന്മാദം നിങ്ങളുടെ മുമ്പിൽ തള്ളിക്കയറിവരികയുള്ളൂ. ഗോപികളുടെഅ പ്രേമത്തിൻെറ ശക്തിയും വ്യാപ്തിയും അപ്പോൾമാത്രമേ നിങ്ങൾക്കു മനസ്സിലാകയുള്ളൂ. പ്രേമത്തിന്നുവേണ്ടി പ്രേമം അപ്പോൾമാത്രമേ ഉണ്ടാവുകയുള്ളൂ. അതാണ് യഥാത്ഥമായ പ്രാപ്യസ്ഥാനം. അതിനെ പ്രാപിച്ചുകഴിഞ്ഞാൽ മറെറല്ലാം ലഭ്യമായി കഴിഞ്ഞിരിക്കുന്നു.

ഇനി നമുക്കു ശ്രീകൃഷ്ണനെ ഗീതാകത്താവിൻെറ നിലയിൽ ചിന്തിച്ചുനോക്കാം. ഗീതയെപ്പോലെ വിശേഷമായ ഒരു വേദഭാഷ്യം അതിന്നുമുമ്പും പിമ്പും ഉണ്ടായിട്ടില്ല. ശ്രുതികളുടേയും ഉപനിഷത്തുക്കളുടേയും ശരിയായ രഹസ്യം മനസ്സിലാക്കിക്കൊള്ളുവാൻ വളരെ പ്രയാസമാണ്. അതിനാൽ അവയ്ക്കു് അനേകം ഭാഷ്യങ്ങൾ ഉണ്ടായിട്ടുണ്ട്. ഓരോ ഭാഷ്യകാരന്മാരും അവരവക്കു തോന്നുന്നപോലെയാണ് ഭാഷ്യം ചെയ്തിട്ടുള്ളതും. ഇക്കാലത്ത് ഈ തെററിദ്ധാരണകളെ ഇല്ലാതാക്കുവാൻവേണ്ടിയാണ് ഭഗവാൻതന്നെ അവതരിച്ച് നമുക്കു ഗീതാരൂപത്തിൽ ശ്രുതികളുടെ രഹസ്യങ്ങളേയും തത്വങ്ങളേയും സുവ്യക്തമായി കാണിച്ചുതന്നിട്ടുള്ളത്. ഇന്നു ലോകത്തിന്നു അത്യാവശ്യമായിരിക്കുന്നത് അവിധത്തിലുള്ള വ്യാഖ്യാനവും അതുകുന്നു. എന്നാൽ അതിന്നുശേഷം ഉണ്ടായിട്ടുള്ള ഭാഷ്യകാരന്മാരും ഗീതാമമ്മത്തെ അറിയാതെ ഉഴലുന്നവരായി കാണപ്പെടുന്നുണ്ട്. ഗീതയിൽ നാം കാണുന്നതെന്താണ്? ഇന്നത്തെ ഭാഷ്യകാരന്മാരിൽ നാം കാണുന്നതെന്താണ്? എന്നൊന്നു വിവേചനംചെയ്തു നോക്കുക. ഒരു അദ്വൈതിവന്നു് ഏതെങ്കിലും ഒരു ഉപനിഷത്തിനെ ഭാഷ്യംചെയ്യുവാൻ കൈവെക്കുകയായി. എന്നാൽ ആ ഉപനിഷത്തിൽ

തന്നെ ദ്വൈതപക്ഷത്തിലുള്ള അനേകം മന്ത്രങ്ങൾ കണ്ടു എന്നു വരാം. അവയെ പിടിച്ചു് ഭേദ്യംചെയ്യുകയായി. ഇങ്ങിനെയാണു് തൻെറ അഭിപ്രായത്തിന്നുയോജിക്കുന്ന ഒരുഅൎത്ഥം അതിൽ നിന്നു് ഞെക്കിപ്പിഴിഞ്ഞു പുറപ്പെടുവിക്കുന്നതു്. പ്രസ്തുത ഒരു ദ്വൈതി വന്നാലും ചെയ്യുന്നതിതുതന്നെ. അതിലെ അദ്വൈതപരമായ ഭാഗങ്ങളെ ഇടിച്ചുപിഴിഞ്ഞു് തനിക്കു രുചിക്കുന്ന ഒരു രസമെടുത്തേ അവന്നുമുള്ളു സുഖം. എന്നാൽ ഗീതയിലാകട്ടെ ഇങ്ങിനെ യാതൊരുകൈയേററവും ചെയ്തതായി നിങ്ങൾക്കു കാണ്മാൻ കഴിയുന്നതല്ലതന്നെ. അവയെല്ലാം ശരിതന്നെയാണു്. ക്രമേണ ക്രമേണ പടിപടിയായി മനുഷ്യാത്മാ സ്ഥൂലത്തിൽനിന്നു് സൂക്ഷ്മത്തിലേക്കും അവിടെനിന്നു് അതിലും സൂക്ഷ്മത്തിലേയ്ക്കുമായി കയറിക്കയറി കേവലസത്തയിൽ എത്തുന്നതുവരെ അങ്ങിനെ ചെല്ലുകയാണു്; അതാണു പ്രാപ്യസ്ഥാനം. അതിനാൽ ഈ ഭാവങ്ങളെല്ലാം ഉണ്ടായിരിക്കുന്നതിന്നു യാതൊരു വിരോധവും ഇല്ലെന്നാണു ഗീത പറയുന്നതു്. അവിടെ കൎമ്മകാണ്ഡത്തെക്കൂടെ സ്വീകരിച്ചിട്ടുണ്ടു്. കൎമ്മങ്ങളെക്കൊണ്ടു് നേരിട്ടു മുക്തികൊടുക്കുവാൻ സാധിക്കുന്നതല്ലെങ്കിലും അവ അവാന്തരമായി മുക്തിക്കു നിദാനംതന്നെയാകയാൽ സ്വീകാൎയ്യമാണെന്നു പറഞ്ഞാണു് അതിനെ അംഗീകരിച്ചിട്ടുള്ളതു്. അതുപോലെതന്നെ വിഗ്രഹങ്ങളും ക്രിയകളും പ്രതീകങ്ങളും അവാന്തരേണ സ്വീകാൎയ്യങ്ങൾതന്നെയാണെന്നാണു് ഗീതയുടെ സിദ്ധാന്തം. എന്നാൽ മനഃശുദ്ധി ഉണ്ടായിരിക്കണം എന്നേയുള്ളു. അതാണു് സൎവ്വപ്രധാനമായ സംഗതി ഹൃദയം ശുദ്ധവും നിഷ്കപടവും ആണെങ്കിൽ അവിടെ ചെയ്യുന്ന എല്ലാവിധ ആരാധനകളും സ്വീകാൎയ്യങ്ങൾതന്നെയാണു്. അതിനാൽ നാനാപ്രകാരേണയുള്ള ആരാധനകളെല്ലാം ആവശ്യംതന്നെയാകുന്നു. അല്ലായിരുന്നു എങ്കിൽ അവയൊന്നും ഉണ്ടാകുവാനേ സംഗതിയുണ്ടായിരുന്നില്ല. ഇന്നത്തെ ചില പരിഷ്കാരബുദ്ധികൾ വിചാരിക്കുന്നതുപോലെ ധൎമ്മസമ്പ്രദായങ്ങളും ശാഖകളും അല്പമായി

വല്ല സ്വകാൎയ്യലാഭത്തേയും ലാക്കാക്കി ദുഷ്ടന്മാരും കപടഹൃദയന്മാരുമായവർ കെട്ടിച്ചമച്ചുണ്ടാക്കിയവയൊന്നുമല്ല. ഈ വ്യാഖ്യാനം എത്രയൊക്കെ യുക്തിയുക്തമായിരുന്നാലും അവയുടെ പരമാൎത്ഥം അങ്ങിനെയല്ല; അവ മനുഷ്യആത്മാവിന്റെ ആവശ്യത്തിൽനിന്ന് സ്വയമേവ ഉണ്ടായതല്ലാതെ ഇത്തരക്കാരുടെ കള്ളസൃഷ്ടിയൊന്നുമല്ല. പലേ പ്രകാരത്തിലുള്ള മനുഷ്യബുദ്ധികളുടെ വിഭിന്നസ്വഭാവങ്ങളിലുള്ള ആഗ്രഹങ്ങളേയും ആവശ്യങ്ങളേയും നിറവേററുവാനാണ് അവ ഉണ്ടായിട്ടുള്ളതു്. അതിനാൽ നിങ്ങൾ അവയ്ക്കു പ്രതികൂലമായി വാദിക്കേണ്ടതില്ലതന്നെ. ആവക ആവശ്യങ്ങൾ ഏതൊരുസമയത്ത് ഇല്ലാതാകുന്നുവോ അപ്പോൾ അവയോടുകൂടിത്തന്നെ ഈ സമ്പ്രദായങ്ങളും ഇല്ലാതായിക്കൊള്ളും. ആ ആവശ്യം നിലനില്ക്കുന്നേടത്തോളംകാലം, നിങ്ങൾ എന്തൊക്കെപ്പറഞ്ഞാലും എങ്ങിനെയൊക്കെ ആക്ഷേപിച്ചാലും അവ നിലനില്ക്കുകയും ചെയ്യും. നിങ്ങൾ വാളുകൊണ്ടോ തോക്കുകൊണ്ടോ പ്രവൎത്തിച്ചുനോക്കുവിൻ, ലോകം മുഴുവനും മനുഷ്യരക്തത്തിൽ ആറാടിച്ചുനോക്കുവിൻ, എന്തുതന്നെ ചെയ്താലും വിഗ്രഹംകൊണ്ടു് എത്രകാലം പ്രയോജനമുണ്ടോ അത്രകാലം അതു് നിലനില്ക്കുകതന്നെ ചെയ്യുന്നതാണ്. ഈ രൂപങ്ങളും ഈശ്വരാഭജനത്തിലുള്ള ഈ അനേകാലട്ടങ്ങളും എല്ലാം നിലനില്ക്കുകതന്നെ ചെയ്യും. എന്നാൽ അതിന്റെ കാരണമെന്താണെന്നു നമുക്ക് ഭഗവാൻ ശ്രീകൃഷ്ണനിൽനിന്ന് മനസ്സിലാകുന്നതും ഉണ്ടു്.

ഇന്ത്യാചരിത്രത്തിലെ പരിതാപകരമായ ഒരു അദ്ധ്യായമാണ് ഇനി വരുന്നതു്. വിഭിന്നകക്ഷികൾ തമ്മിലുള്ള അന്യോന്യമത്സരത്തിന്റെ വിദൂരധ്വനികൾ നമുക്കു ഗീതയിൽത്തന്നെ ഏതാണ്ടു് കേൾക്കാറായിട്ടുണ്ടെങ്കിലും അക്കാലത്താണ് സമന്വയമൂൎത്തിയായ ശാന്താത്മാ ശ്രീകൃഷ്ണഭഗവാൻ അവതരിച്ചു് അവയുടെ മദ്ധ്യേനിന്നു് “ഒരു ചരട്ടിൽകോൎത്ത

മണികൾപോലെ അവയെല്ലാം എന്നിൽത്തന്നെയാകുന്നു” എന്നു് അരുളിച്ചെയ്തതു്. എന്നാൽ ഇതിന്നുശേഷം അല്പകാലത്തേക്കു ഈ സമന്വയം ബലവത്തരമായി നിന്നു എങ്കിലും പിന്നീട്ടു് രാജാക്കന്മാരും ബ്രാഹ്മണരും തമ്മിൽ ഇടയുകയാണു് ഉണ്ടായതു്. ഈ ഇടച്ചിലിന്റെ കാരണം ധർമ്മസംബന്ധമായതല്ലെന്നും ജാതിസംബന്ധമായതാണെന്നുംകൂടെ ഊഹിക്കേണ്ടതായിരിക്കുന്നു. ഇക്കാലത്താണു് ക്ഷത്രിയവർഗ്ഗത്തിൽ പുണ്യാത്മാവായ ശ്രീഗൗതമശാക്യമുനിയുടെ അവതാരം ഉണ്ടായതു്. അദ്ദേഹത്തിന്റെ ധർമ്മോപദേശത്തെപ്പററി നിങ്ങൾക്കെല്ലാം ഏറക്കുറെ അറിവുള്ളതാണല്ലോ. നമ്മളെല്ലാം അദ്ദേഹത്തെ ഈശ്വരാവതാരമായും ലോകത്തിലെ അദ്വിതീയനായ സദാചാരധർമ്മോപദേഷ്ടാവായും, അത്യുൽകൃഷ്ടകർമ്മയോഗിയായും കരുതുന്നുണ്ടു്. തന്റെ സിദ്ധാന്തങ്ങളെ പൊതുജനങ്ങളിൽ പ്രചുരമായി പ്രചരിപ്പിക്കുവാൻ ഭഗവാൻ ശ്രീകൃഷ്ണൻതന്നെ അവതാരമെടുത്തതാണെന്നാണു് നമ്മുടെ വിശ്വാസം. “ഈ ധർമ്മമാർഗ്ഗത്തിൽ ചെയ്യപ്പെടുന്ന ഏററവും ചെറുതായ സംഗതികൂടെ മഹത്തായ ഭയത്തിൽനിന്നു നമ്മളെ ത്രാണനം ചെയ്യുന്നു” എന്നു് ഗീതയിൽ കേട്ട ആ മൊഴി നമുക്കു വീണ്ടും ശ്രീബുദ്ധദേവനിൽ കൂടേയും കേൾക്കാറായി. “സ്ത്രീകൾക്കും വൈശ്യന്മാർക്കും ശൂദ്രർക്കുകൂടിയും ഏററവും ഉൽകൃഷ്ടമായ പദവിയെ പ്രാപിക്കാം” എന്നു് അദ്ദേഹം വീണ്ടും ഘോഷിച്ചു. “ഈശ്വരൻ പരിശുദ്ധനും എല്ലാവർക്കും ഒരുപോലെ ഇരിക്കുന്നവനും ആകയാൽ ആ ഏകത്വത്തിൽ മനസ്സിനെ ദൃഢമായി ഉറപ്പിക്കുന്നവൻ ഈ ജന്മത്തിൽതന്നെ relativity ജയിച്ചുകഴിഞ്ഞിരിക്കുന്നു. അങ്ങിനെയുള്ളവർ ഈശ്വരനിൽതന്നെ ജീവിക്കുന്നു എന്നു് പറയപ്പെടുന്നു. ഇങ്ങിനെ എല്ലാസ്ഥലത്തും ഒരുപോലെ ഒരേ ഈശ്വരനെ കാണുന്നതുകൊണ്ടു യോഗിആത്മാവിനെക്കൊണ്ടു് ആത്മാവിനെ ഹനിക്കുന്നില്ല. ഇങ്ങിനെ അവർ ഏററവും ഉൽകൃഷ്ടമായ പദവിയെ പ്രാപിക്കുകയും ചെയ്യുന്നു.” ഗീതാ-ഈ ഉപദേശത്തിന്റെ ഒരു

ജീവിതോദാഹരണമായിട്ടാണ്, അതിൻെറ ഒരു ഭാഗത്തെ പ്രായോഗികമാക്കിത്തീൎക്കുവാൻ വേണ്ടിയെന്നപോലെയാണ് അ ഉപദേശത്തിൻെറ കൎത്താവുതന്നെ ശാക്യമുനിയായി അവതരിച്ചതു്. ഇദ്ദേഹം യഥാൎത്ഥത്തിൽ സാധുക്കളുടെയും ദുഃഖിതന്മാരുടേയും ഉപദേഷ്ടാവായിരുന്നു. ജനങ്ങളുടെ ഹൃദയത്തിൽ കടക്കുവാൻവേണ്ടി അദ്ദേഹം ദേവഭാഷയായ സംസ്കൃതത്തെ ഉപേക്ഷിച്ചു പൊതുജനങ്ങളുടെ ഭാഷയിൽ സംസാരിച്ചു. അത്യുൽകൃഷ്ടമായ രാജസിംഹാസനത്തെ ഉപേക്ഷിച്ചു് ഏറ്റവും എളിയവരുടെകൂടെ അധിവസിച്ചു. അദ്ദേഹം ഒരു രണ്ടാംരാമനെന്നപോലെ പറയനെ ആലിംഗനം ചെയ്തു.

അദ്ദേഹത്തിൻെറ മഹൽകൃത്യങ്ങളെപ്പററിയും ഉത്തമാദൎശങ്ങളെപ്പററിയും നിങ്ങൾക്കു നല്ലപോലെ അറിയാമല്ലോ. എന്നാൽ അതിനു ഒരു വലിയ ന്യൂനത ഉണ്ടായിപ്പോയി; അതിൻെറ ദുഷ്ഫലമാണ് നാം ഇന്നും അനുഭവിക്കുന്നതു്. എന്നാൽ ഭഗവാൻ ബുദ്ധദേവനെ ഇതിൽ ഒട്ടും തന്നെ കുററപ്പെടുത്തുവാനില്ല. അന്ന് ആൎയ്യന്മാരുടെ കൂട്ടത്തിൽ ഉണ്ടായിരുന്ന അപരിഷ്കൃതരും പാമരന്മാരുമായ പൊതുജനങ്ങൾക്കു് അദ്ദേഹത്തിൻെറ മഹദാശയങ്ങളെ 'വേണ്ടതുപോലെ ധരിക്കുവാൻ സാധിച്ചില്ല. അന്നുവധി അന്ധവിശ്വാസങ്ങളും മൂഢസമ്പ്രദായങ്ങളും സ്വായത്തമാക്കിയിരുന്ന ഇവർ തല്ക്കാലത്തേക്കു വളരെ പരിഷ്കരിക്കപ്പെട്ടവരായി കാണപ്പെട്ടു. പക്ഷേ ഈ പരിഷ്കാരം തൊലിപ്പുറമേ മാത്രമേ ആയിരുന്നുള്ളു. അതിനാൽ ഒരു നൂററാണ്ടു തികച്ചുകഴിയുന്നതിനു മുമ്പായിത്തന്നെ അവർ അവരുടെ നാഗത്താന്മാരേയും പൈശാചത്താന്മാരേയും, അവരുടെ പൂൎവ്വികന്മാർ ആരാധിച്ചിരുന്ന ഭൂതന്മാരേയും എല്ലാം പുറത്തെടുത്തു. ഇങ്ങനെ അധികകാലം ചെല്ലുന്നതിനു മുമ്പായിത്തന്നെ ബുദ്ധമുനി സ്വൎഗ്ഗതുല്യമാക്കിത്തീൎക്കുവാനിച്ഛിച്ച ഭാരതഭൂമി അനേകം അനാചാരങ്ങളുടേയും അന്ധവിശ്വാസങ്ങളുടേയും സുഭിക്ഷം

കൊണ്ട് കേവലം നരകതുല്യമായി തീരുകയുംചെയ്തു. ആദിമ ബൂദ്ധന്മാർ പ്രാണിഹിംസയോടുള്ള വൈമുഖ്യം നിമിത്തം വേദോക്തങ്ങളായ യാഗാദികളെക്കൂടെ തിരസ്കരിച്ചവരായിരുന്നു. എന്നാൽ പിന്നീട് ഈവക യജ്ഞങ്ങൾതന്നെ അവരുടെ ഇടയിൽ സാർവ്വത്രികമായും തീൎന്നു. അഗ്നിമാത്രമായിരുന്നു മുമ്പിലത്തെ യജ്ഞത്തിന്റെ പ്രധാന സംഗതി. ഈ സമ്പ്രദായം മാറി മുൻപറഞ്ഞവിധം നവീകരിക്കപ്പെട്ടപ്പോൾ അതിന്റെ സ്ഥാനത്തു വലിയ വലിയ ക്ഷേത്രങ്ങളും, വലിയ വലിയ കൎമ്മങ്ങളും, തടിച്ചുകൊഴുത്ത പുരോഹിതന്മാരും മററും ഉണ്ടായിക്കഴിഞ്ഞു. ബുദ്ധമതക്കാർ ബ്രാഹ്മണമതക്കാരുടെ വിഗ്രഹാരാധനാസമ്പ്രദായത്തെ എതിൎത്തു നശിപ്പിക്കുകയാണു ചെയ്തതു് എന്നു ഇന്നത്തെ ചില വിദ്വാന്മാരെന്നഭിമാനിക്കുന്നവർ പറയുന്നതു കേൾക്കുമ്പോൾ എനിക്കു ചിരിയാണുണ്ടാകാറുള്ളതു്. യഥാൎത്ഥത്തിൽ ഇന്ത്യയിൽ ബ്രാഹ്മണമതത്തേയും വിഗ്രഹാരാധനയേയും പ്രചുരപ്രചാരമാക്കി തീൎക്കയാണു് ബുദ്ധമതം ചെയ്തതു്. ജീവികളോടു് കരുണ എന്നതു് ബുദ്ധമതത്തിലെ ഒരു പ്രധാനസംഗതിയാണു്; ആധ്യാത്മികതത്വങ്ങൾ അതിൽ ഒട്ടേറെയുണ്ടു്; സനാതനമായ ഒരാത്മാവുണ്ടോ ഇല്ലയൊ എന്ന വിഷയത്തെ ആസ്പദമാക്കി അവൎക്കു് അതികൎക്കശമായി വാദപ്രതിവാദം നടത്തുവാൻ അറിയാം. ഇങ്ങിനെയൊക്കെ ഇരുന്നിട്ടും ആ ബുദ്ധമതം ഇടിപൊടിയായി പൊടിഞ്ഞു് നിലംപതിക്കുകതന്നെ ചെയ്തു. ബുദ്ധമതനാശത്തെ തുടൎന്നുണ്ടായ ആപത്തുകളെയും അതിന്റെ ദയനീയമായ അവസ്ഥാന്തരത്തേയുംപററി നിങ്ങളോടു് പറയുവാൻ എനിക്കു് ഇപ്പോൾ സമയമൊ ആഗ്രഹമൊ ഇല്ല. ഏററവും നികൃഷ്ടാൽനികൃഷ്ടമായ കൎമ്മപദ്ധതികൾ, മനുഷ്യന്മാർ ആലോചിച്ചതിലും എഴുതിയതിലും എല്ലാംവെച്ചു് ഏററവും ആഭാസമായതും അസഭ്യമായതുംആയ ഗ്രന്ഥങ്ങൾ, മുതലായി ധൎമ്മമെന്നപേരിൽ എന്തെല്ലാം നീചനികൃഷ്ട അവസ്ഥകൾ ഉണ്ടാകാമൊ അതെല്ലാം ആ അധോഗതിയെ പ്രാപിച്ച ബുദ്ധ

മതത്തിൻെറ സന്താനങ്ങളായി ഉത്ഭവിച്ച് നാടൊക്കെ പരന്നു.

എന്നാൽ ഇതുകൊണ്ടു് നഷ്ടപ്പെട്ടുപോകുവാൻ പാടുണ്ടോ? ഇല്ല. "ധമ്മം നശിച്ച് അധമ്മം പ്രചുരമായി പ്രചാരപ്പെട്ടുമ്പോൾ ഞാൻ അവതരിക്കുന്നതായിരിക്കും" എന്ന വാക്യമനുസരിച്ചു ഭഗവാൻ ഇക്കാലത്തു് വീണ്ടും പ്രത്യക്ഷമായി. ഇത്തവണ ഭഗവാൻെറ അവതാരത്തെ വഹിക്കുവാൻ ഭാഗ്യമുണ്ടായതു് ദക്ഷിണഇന്ത്യയ്ക്കായിരുന്നു. അവിടെ ശ്രീമത് ശങ്കരാചാൎയ്യസ്വാമികൾ അവതാരംചെയ്തു. ഈ അവതാരകഥ അനിതരസാധാരണമായ ഒന്നാണു്. ആധുനികസംസ്കൃതലോകത്തെ അത്യത്ഭുതപരതന്ത്രമാക്കി ചെയ്യുന്ന സ്വാമികളുടെ ഗ്രന്ഥങ്ങൾ സ്വാമികൾ പതിനാറുവയസ്സാകുന്നതിനു മുമ്പായി എഴുതിത്തീൎത്തവയാകുന്നു. അതുകൊണ്ടാണു് അവതാരശക്തിയെ പരിഗണിക്കുവാൻ സാധിക്കയില്ലെന്നു് പറയുന്നതു്. ഇന്ത്യയെ അതിൻെറ പൂൎവ്വസ്ഥാനത്തുതന്നെ ആ വിശുദ്ധപീഠത്തിൽ ഉറപ്പിക്കേണമെന്നു് ആ ബാലൻ തീൎച്ചയാക്കി. അന്നത്തെ അവസ്ഥയെപ്പററി ഞാൻ അല്പം പറയുകയുണ്ടായല്ലോ. ചുരുക്കിപ്പറയുന്നതായാൽ ഇന്നു് നമ്മുടെ ഇടയിൽ ആക്ഷേപാൎഹമായി കാണപ്പെടുന്നതും നമ്മളെല്ലാം നിരാകരിക്കുവാൻ അത്യുൽക്കണ്ഠയോടെ ശ്രമംചെയ്യുന്നതും ആയ കുത്സിതഭാഗങ്ങളെല്ലാം ആ അധഃപ്പതിച്ച ധമ്മത്തിൻെറ സന്താനങ്ങൾ ആണു്. താൎത്തവൎഗ്ഗക്കാർ, ബലൂചികൾ എന്നുവേണ്ട മനുഷ്യവൎഗ്ഗത്തിലെ ഏററവും താണനിലയിൽ കിടക്കുന്ന ജനസമുദായങ്ങൾകൂടെ ഇന്ത്യയിൽവന്നു് ബുദ്ധന്മാരായിത്തീൎന്നു. അവർ അവരുടെ സാമുദായികചടങ്ങുകളേയും ഒന്നിച്ചുകൊണ്ടു വന്നിരുന്നു. അതുകൊണ്ടു് അവർ നമ്മോടുകൂടി യോജിച്ചപ്പോൾ അന്നത്തെ സാമുദായികജീവിതം ഏററവും ആഭാസവും അനാശാസ്യവുമായ ഒരു രീതിയെപ്രാപിച്ചതായും തീൎന്നു. ഇങ്ങിനെയിരിക്കുന്ന

കാലത്താണ് ശ്രീശങ്കരാചാര്യസ്വാമികളുടെ ജനനമുണ്ടായത്. അദ്ദേഹം ഈ ദുരവസ്ഥയെ നിരാകരിച്ച് ഹിന്ദുധർമ്മത്തെ വീണ്ടെടുക്കുവാൻവേണ്ടി വേദാന്തസിദ്ധാന്തവുംകൊണ്ടു പുറപ്പെട്ടു. ആ കാലംമുതൽ നമ്മൾ ഇതേവരെയായും ചെയ്തുകൊണ്ടിരിക്കുന്നതും അതുതന്നെയാണ്. ഇന്നും പൂർണ്ണമായി വീണ്ടെടുക്കപ്പെട്ട് കഴിഞ്ഞിട്ടില്ല. ശങ്കരാചാര്യസ്വാമികൾ വലിയ വിദ്വാനായിരുന്നു. അദ്ദേഹം ശ്രീബുദ്ധദേവനാൽ സ്ഥാപിതമായിരിക്കുന്ന ബൌദ്ധധർമ്മത്തോട് എതിർത്ത് അതിനെ അതിൻെറ ജന്മഭൂമിയിൽനിന്നും ഓട്ടിച്ചു എന്നു ചിലർ പറഞ്ഞുകേൾക്കാറുണ്ട്. എന്നാൽ അദ്ദേഹം ചെയ്തതു അതല്ലായിരുന്നു. ബൌദ്ധധർമ്മത്തിൻെറയും അന്തരതത്വങ്ങളും വേദാന്തതത്വങ്ങളും തമ്മിൽ വളരെ വലിയ വ്യത്യാസമൊന്നും ഇല്ലെന്നും, എന്നാൽ ആ മതാനുയായികൾ ശ്രീബുദ്ധദേവൻെറ അത്യുൽകൃഷ്ടങ്ങളായ ആശയവിശേഷങ്ങളെ ശരിയായി ധരിക്കുവാൻ ത്രാണിയില്ലാത്തവരാകയാൽ അവർ അധഃക്കരിച്ചുപോയെന്നും അതിനാൽ അവർ ആത്മാവിൻെറയും ഈശ്വരൻെറയും അസ്തിത്വത്തെ നിഷേധിച്ച് നിരീശ്വരന്മാരായി തീൎന്നുപോയി എന്നും ആയിരുന്നു ആചാര്യസ്വാമികളുടെ മതം. ഇതുകേട്ടപ്പോൾ ബുദ്ധന്മാർ അവരുടെ പൂർവ്വികധർമ്മത്തിലേക്കു തന്നെ തിരിച്ചുവരുവാൻ തുടങ്ങി. എങ്കിലും അവരെല്ലാം ആ ദുരവസ്ഥയെ പരിചയിച്ചുവർത്തന്നെയായിരുന്നു.

ശ്രീമത് ശങ്കരാചാര്യസ്വാമികൾ നിർഭാഗ്യവശാൽ വളരെ കുറച്ചു കാലമേ ജീവിച്ചുള്ളു. അദ്ദേഹം അവതരിച്ച് തൻെറ അവതാരകാര്യത്തെ അരിശീഘ്രം നിർവ്വഹിച്ചു വേഗം മടങ്ങിപ്പോയപ്പോഴാണ്, രാമാനുജാചാര്യരുടെ ആവിർഭാവമുണ്ടായതു. ശങ്കരൻ വലിയ ബുദ്ധിശക്തിയുള്ള ഒരു അമാനുഷികവിഗ്രഹംതന്നെയായിരുന്നുവെങ്കിലും അദ്ദേഹത്തിൻെറ ഹൃദയം അത്ര വിപുലമായിരുന്നില്ല. എന്നാൽ രാമാനുജാചാര്യ

രുടെ ഹൃദയമാകട്ടെ അതിവിപുലമായ ഒന്നും ആയിരുന്നു. അദ്ദേഹം അധഃകൃതരുടെ മേൽ അത്യന്തം ദയയോടുകൂടിയവനായിരുന്നു. അദ്ദേഹം ദൂഷിച്ചുപോയ ആചാരങ്ങളെ ഓരോന്നോരോന്നായി എടുത്തു അവയെ കഴിയുന്നപോലെ ശുദ്ധിചെയ്തു അവ അത്യാവശ്യമായവക്ക് പുതിയരീതിയിലുള്ള ആചാരപദ്ധതികളെ രൂപീകരിച്ചു. എന്നുമാത്രമല്ല അത്യുൽകൃഷ്ടമായ ബ്രഹ്മജ്ഞാനത്തിന്ന് ബ്രാഹ്മണൻമുതൽ ചണ്ഡാളൻവരെ സകലരും അധികാരിയാണെന്നു നിശ്ചയിച്ചു അവക്കായി അതിനെ തുറന്നുവെയ്ക്കുകയും ചെയ്തു. അതായിരുന്നു രാമാനുജാചാര്യരുടെ അവതാരകാര്യം. ശ്രീരാമാനുജാചാര്യർ ആരംഭിച്ചുവെച്ച ഈ പ്രവൃത്തി പിന്നീടു വടക്കേഇന്ത്യയിൽ പലനേതാക്കന്മാരും സ്വീകരിച്ചുപ്രവർത്തിക്ക ഉണ്ടായിട്ടുണ്ട്. പക്ഷേ അത് വളരെ കഴിഞ്ഞു് മുഹമ്മദീയഭരണകാലത്തായിരുന്നു. ഇവരിൽപ്രധാനി ശ്രീചൈതന്യസ്വാമികളാണ്. ആദ്ധ്യാത്മികതത്വങ്ങൾ സകലക്കും ഒരുപോലെ തുറന്നുവെച്ചതാണ് രാമാനുജാചാര്യർ ചെയ്ത മഹൽകൃത്യം. ഈ തത്വത്തെ ശങ്കരന്നു മുമ്പുണ്ടായിരുന്ന എല്ലാ ആചാര്യന്മാരും രാമാനുജന്നുശേഷമുണ്ടായിട്ടുള്ള എല്ലാ ആചാര്യന്മാരും അംഗീകരിച്ചതായി കാണപ്പെടുന്നുണ്ടു. എന്നാൽ ശങ്കരാചാര്യർമാത്രം ഇതിന്നനുകൂലിയായിരുന്നില്ലെന്നാണ് പറയപ്പെടുന്നതു്. പക്ഷെ അങ്ങിനെ പറയുവാൻ ഒരു കാരണവും ഞാൻ കാണുന്നില്ല. അതിനെ സാധൂകരിക്കുന്ന ഒരു ലക്ഷ്യവും അദ്ദേഹത്തിന്റെ കൃതികളിൽ ഉള്ളതായും ആരും കണ്ടിട്ടില്ല. എന്നാൽ ശ്രീബുദ്ധദേവന്റെ അത്യുൽകൃഷ്ടങ്ങളായ ആശയവിശേഷങ്ങളെ ധരിക്കുവാൻ അദ്ദേഹത്തിന്റെ അനുഗാമികൾ അപ്രാപ്തന്മാരായി തീൎന്നതുപോലെ ശങ്കരന്റെ ആശയങ്ങളെ ശരിയായിധരിക്കുവാൻ അദ്ദേഹത്തിന്റെ ശിഷ്യന്മാരും അപ്രാപ്തന്മാരായിതീൎന്നതുകൊണ്ടായിരിക്കണം ശ്രീ ആചാര്യസ്വാമികളുടെപേരിൽ ഇങ്ങിനെ ഒരു ആക്ഷേപം വെച്ചുകെട്ടുവാനുണ്ടായ കാരണം എന്നു് ഊഹിക്കേണ്ടിയിരിക്കുന്നു.

ഉത്തരദേശീയനായ ഈ ഋഷി ശ്രീചൈതന്യദേവൻ ഗോപികാഭക്തിയുടെ ഉൽകൃഷ്ടോദാഹരണമായി ലാലസിച്ചു. അദ്ദേഹം ജന്മനാ ബ്രാഹ്മണനാണു്, ആചാരമര്യാദകളിൽ വളരെ പ്രതിപത്തിയുള്ള ഒരു കുടുംബത്തിൽ ജനിച്ച ആളാണു്; ഇതിനും പുറമെ ന്യായശാസ്ത്രപണ്ഡിതനുമായിരുന്നു. ഇദ്ദേഹം തൻെറ ധർമ്മസിദ്ധാന്തത്തെ ലോകസമക്ഷം അവതരിപ്പിച്ചു് അദ്വിതീയമായ കീൎത്തി നേടിക്കൊണ്ടുമിരുന്നു. അതാണു് ജീവിതത്തിൻെറ പരമോദ്ദേശ്യമെന്നായിരുന്നു അദ്ദേഹം ശൈശവകാലം മുതല്ക്കു ധരിച്ചു വെച്ചിരുന്നതു്. എങ്കിലും ഏതോ ഒരു മഹാ ഋഷിയുടെ അനുഗ്രഹംകൊണ്ടു് അദ്ദേഹത്തിൻെറ രീതിയെല്ലാം പാടെ ഭേദപ്പെട്ടു. അദ്ദേഹം അദ്ദേഹത്തിൻെറ വാദവും തൎക്കവുമെല്ലാം ഉപേക്ഷിച്ചു. തൻെറ തൎക്കശാസ്ത്രപണ്ഡിതൻെറ സ്ഥാനവും രാജിവെച്ചൊഴിഞ്ഞു. ലോകത്തിലെ പരമഭക്തന്മാരിൽ ഒരുവനായിത്തീൎന്നു. ചൈതന്യദേവനെ "ഭക്തിഭ്രാന്തൻ" എന്നാണു് പറഞ്ഞുവന്നിരുന്നതു്. അദ്ദേഹത്തിൻെറ ഭക്തിപ്രവാഹത്തിൽ ബംഗാളദേശമാസകലം മജ്ജനം ചെയ്യപ്പെട്ടു. അദ്ദേഹത്തിൻെറ പ്രേമത്തിനു് പാപിയും പുണ്യത്മാവും, മുഹമ്മദീയനും ഹിന്ദുവും, സ്ത്രീയും പുരുഷനും, പാമരനും പണ്ഡിതനും, ശുദ്ധനും അശുദ്ധനും എന്നുവേണ്ട എല്ലാവരും ഒരുപോലെ അവകാശിയായും തീൎന്നു. ഇന്നയ്ക്കു് അദ്ദേഹത്തിൻെറ ധർമ്മപ്രസ്ഥാനം കാലപ്പഴക്കംകൊണ്ടു് ഒട്ടേറെ ദൂഷിച്ചുപോയിട്ടുണ്ടെങ്കിലും ഇന്നും അതു് മുമ്പിലത്തെപ്പോലെ തന്നെ എല്ലാവൎക്കും ശരണസ്ഥാനമായിത്തന്നെ ഇരിക്കുന്നുണ്ടു്. എന്നാൽ ഒരു പരമാൎത്ഥം നാം ഇവിടെ രേഖപ്പെടുത്തേണ്ടതായിട്ടുണ്ടു്. ഇന്ത്യൻ തത്വജ്ഞാനികളെല്ലാം വളരെ വികസിതാശയന്മാരായാണു് കാണപ്പെടുന്നതു്. ഇന്ത്യയിലെ വിഭിന്നവൎഗ്ഗങ്ങളെല്ലാം യഥാൎത്ഥത്തിൽ വിഭിന്നങ്ങൾതന്നെയാണെന്നു് ശങ്കരാചാൎയ്യമതത്തെ സ്വീകരിക്കുന്ന ഒരുവനെക്കൊണ്ടും ഒരിക്കലും പറയുവാൻ സാധിക്കുകയില്ല. എന്നാൽഅതേ സമയത്തിൽതന്നെഅദ്ദേഹം

ജാതിയെ സംബന്ധിച്ചുള്ള ഭിന്നിപ്പിനെ ബലവത്തരമായി അംഗീകരിച്ച ഒരാളായിരുന്നു എന്നും പറയപ്പെട്ടിരിക്കുന്നു. എന്നാൽ വൈഷ്ണവാചാര്യന്മാരെ എടുത്തുനോക്കിയാൽ ജാതിസംബന്ധമായ സംഗതിയിൽ അവർ വളരെ വികസിതമായ ആശയമുള്ളവരായാണ് കാണപ്പെടുന്നത്. എന്നാൽ ആദ്ധ്യാത്മികമായ സംഗതികളിൽ അവർ ആ വിശാലതയെ സ്വീകരിക്കുന്നതായി കാണുന്നില്ലതാനും.

ഒരാൾക്ക് അതിവിപുലമായ ശിരസ്സ് (ബുദ്ധി) ഉണ്ടായി, മററാൾക്ക് അതുപോലെ തന്നെ അതിവിപുലമായ ഹൃദയം (അനുഭാവം) ഉണ്ടായി. എന്നാൽ പിന്നീട് കുറച്ചു ചെന്നപ്പോൾ ഒരേശരീരത്തിൽ തന്നെ ശ്രീശങ്കരൻെറ അമാനുഷികമായ ബുദ്ധിശക്തിയും അതുപോലെ തന്നെ ശ്രീചൈതന്യൻെറ സീമാതീതമായ ഹൃദയവികാസവും കൂടിച്ചേൎന്നു ഒരു പുണ്യാത്മാവിൻെറ അവതാരത്തിന്നുള്ള കാലം പരിപക്വമായിത്തീൎന്നു. എല്ലാവരിലും ഒരേ ഈശ്വരൻെറ വ്യാപാരത്തെ തന്നെ കാണുന്നവനായും, എല്ലാവരേയും ആ ഈശ്വരനിൽ തന്നെ കാണുന്നവനായും, ഇന്ത്യയിലും അതുപോലെ തന്നെ ഇന്ത്യക്കു പുറത്തുമുള്ള സകലമാനജീവജാലങ്ങളിലും, സാധുക്കളിലും ദരിദ്രരിലും പതിതരിലും എന്നുവേണ്ട സകലരിലും ഒരുപോലെ അനുകമ്പാൎദ്ര ഹൃദയനായി അന്യദുഃഖസഹിഷ്ണുവായും, അതുപോലെ തന്നെ ഇന്ത്യയിൽ മാത്രമല്ല ഇന്ത്യക്കു പുറമേയും ഉള്ള സകലവിഭിന്നപക്ഷക്കാരെയും സുന്ദരമായി അന്യോന്യം യോജിപ്പിക്കുന്നതിന്നു വേണ്ടുന്ന അത്യുൽകൃഷ്ടങ്ങളായ ആശയവിശേഷങ്ങളോടു കൂടിയവനായും ഇങ്ങിനെ മനോഹരമായ ഒരു ഐക്യതയെ സ്ഥാപിച്ച് ഹൃദയത്തേയും ശിരസ്സിനേയും തമ്മിൽ സംയോജിപ്പിക്കുന്നവനായും ഇരിക്കുന്ന ഒരു മഹാപുരുഷൻെറ അവതാരത്തിന്നുള്ള കാലം ആഗതമായി. അങ്ങിനെ ഒരാൾ അവതരിക്കുകയും ചെയ്തു. ഇത്തവണ ഒരു വിശേഷമുണ്ടായതു് അദ്ദേഹത്തിൻെറ അവതാര

മുണ്ടായതു് പാശ്ചാത്യാശയങ്ങൾകൊണ്ടു് നിബദ്ധീകൃതവും, പാശ്ചാത്യാശയങ്ങളുടെ പിന്നാലെ ഭ്രാന്തുപിടിച്ചോടുന്നതും, മറെറല്ലാ ഇന്ത്യൻ പട്ടണങ്ങളെക്കാളും പാശ്ചാത്യതയെ അധികം സ്വായത്തമാക്കിയതും ആയ ഒരു വലിയ പട്ടണത്തിന്നടുത്താണെന്നുള്ളതാണു്. അദ്ദേഹത്തിൻെറ പാദാരവിന്ദങ്ങളിൽ അനേക സംവത്സരം ഇരിക്കവാൻ ഇവനു് ഭാഗ്യം ഉണ്ടായിട്ടുണ്ടു്. യാതൊരു പുസ്തകാഭ്യാസവും കൂടാതെ അവിടെ അദ്ദേഹം വളരെ ശാന്തമായ ഒരു ജീവിതം നയിച്ചു. ഈ അഗാധബുദ്ധിമാൻ തൻെറ സ്വന്തംപേർ എഴുതുവാൻ കൂടെ നല്ലതുപോലെ അഭ്യസിച്ചിട്ടുണ്ടായിരുന്നില്ല. എങ്കിലും ഇന്നത്തെ സർവ്വകലാശാലയിലെ വലിയ വലിയ ബിരുദധാരികളെല്ലാം അദ്ദേഹത്തിൻെറ പ്രതിഭാവിലാസം കണ്ടു് അതിശയിച്ചുപോയി. ഈശ്രീ ശ്രീരാമകൃഷ്ണപരമഹംസദേവൻ ഒരു അത്ഭുതമനുഷ്യനാണു്. അദ്ദേഹത്തിൻെറ കഥ വളരെ വളരെ നീളമുള്ള ഒന്നാണു്. അതിനെപ്പററി ഒന്നുംതന്നെ പറവാൻ ഇന്നു് എനിക്കു് ഇവിടെ സമയമില്ല. എന്നാൽ അദ്ദേഹത്തെപ്പററി ഒരു സംഗതി മാത്രമേ പറയുവാനുള്ളു. ഈ ശ്രീരാമകൃഷ്ണപരമഹംസദേവൻ ഇന്ത്യൻ ഋഷികളുടെ സംപൂർണ്ണഭാവമായിരുന്നു. ഇക്കാലത്തെ യഥാർത്ഥ മഹാഋഷി ഇദ്ദേഹമാണു്. ഇദ്ദേഹത്തിൻെറ ഉപദേശമാണു് ഇന്നത്തെ ലോകത്തിന്നു് അത്യന്തം അവശ്യപ്രദമായിരിക്കുന്നതു്. നോക്കുക! ആ ദിവ്യാത്മാവിൻെറ പിന്പുറത്തായി പ്രവർത്തിക്കുന്ന മഹാശക്തിയുടെ വ്യാപാരത്തെത്തന്നെ നിങ്ങളൊന്നു് ശ്രദ്ധിച്ചുനോക്കുവിൻ. ഒരു സാധുപുരോഹിതബ്രാഹ്മണൻെറ പുത്രൻ, ദൂരെ ഉൾക്കാട്ടിലേതോ ഒരു കുഗ്രാമത്തിൽ ജനിച്ചുവളൎന്ന ബാലൻ, യാതൊരു വിദ്യാഭ്യാസവും സിദ്ധിക്കാത്ത ആൾ, ആരും അറിയുകയും കേൾക്കുകയും ചെയ്യാത്ത സാധു, ഹ! നോക്കണം ഇന്നു് യൂറോപ്പിലും അമേരിക്കയിലും അനേകം ആയിരം ജനങ്ങളുടെ യഥാർത്ഥമായ പൂജയ്ക്കു് പാത്രവാനായി തീൎന്നിരിക്കുന്നു. നാളെ അനേകായിരം ജനങ്ങൾ അദ്ദേഹത്തെ പൂജിക്കുന്നവരായി

ഉണ്ടാകുകയും ചെയ്യും. ഈശ്വരഃ ഇന്ദ്ര അക്കാറിയാം! എൻെറ സഹോദരന്മാരേ! ഈശ്വരാഹസ്തം, ഈശ്വരാംഗുലി ഇപ്പോൾ നിങ്ങൾ കാണുന്നില്ലെങ്കിൽ, (ഈശ്വര ഇന്ദ്ര ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നില്ലെങ്കിൽ) അതു് നിങ്ങൾ കുരുടന്മാരായതുകൊണ്ടാണു്, ജന്മനാ കുരുടന്മാരായതുകൊണ്ടാണു്. (പാപികളായതുകൊണ്ടാണു്. കൎമ്മത്തിൻെറ ഫലം കൊണ്ടാണു്.) ഇനി മറിക്കൽ സമയവും സൌകൎയ്യവും സിദ്ധിക്കുമെങ്കിൽ അന്നു് ഞാൻ അദ്ദേഹത്തെപ്പററി വിവരമായി സംസാരിക്കാം. ഇപ്പോൾ ഒരു വാക്കു മാത്രം പറഞ്ഞു് ഈ പ്രസംഗം അവസാനിപ്പിക്കാം. ഞാൻ ഒരു ഒററ വാക്കെങ്കിലും സത്യം പറഞ്ഞിട്ടുണ്ടെങ്കിൽ അതു് അദ്ദേഹത്തിൻെറതാണു് (ഞാൻ ഈശ്വരതത്വത്തെപ്പററി ശരിയായി വല്ലതും പറഞ്ഞിട്ടുണ്ടെങ്കിൽ) സത്യമല്ലാത്തതും, പരമാൎത്ഥമല്ലാത്തതും, മനുഷ്യസമുദായത്തിന്നു് ഉപയോഗപ്രദമല്ലാത്തതും ആയി പറഞ്ഞിട്ടുള്ളവയെല്ലാം എൻെറ സ്വന്തം വകയാകുന്നു. അതിൻെറ ഉത്തരവാദിത്വം എന്നിൽ മാത്രവുമാണു് സ്ഥിതിചെയ്യുന്നതു്.

## എൻെറ ആചാൎയ്യദേവൻ.

---

ന്യൂയോൎക്ക് പട്ടണത്തിൽ വെച്ചു ചെയ്ത പ്രസംഗം.

“ഏതേതുകാലത്തു് ധൎമ്മം ക്ഷയിച്ചു് അധൎമ്മത്തിന്നു് അഭിവൃദ്ധിയുണ്ടാകുന്നുവോ അതാതുകാലത്തു് മനുഷ്യസമുദായത്തെ സംരക്ഷിക്കുവാനായി ഞാൻ അവതരിക്കുന്നതാണു്” എന്നു് ഭഗവാൻ ശ്രീകൃഷ്ണൻ ഭഗവൽഗീതയിൽ പറഞ്ഞിട്ടുണ്ടു്. വളച്ചനിമിത്തമായും സ്വന്തമല്ലാതെ സ്വീകരിക്കപ്പെട്ടുന്ന പരിതസ്ഥിതികൾകൊണ്ടും ഭൂമിയിൽ ഒരു പുനഃഘടനം അവശ്യമായിത്തീരുമ്പോൾ അതിന്നായി ഒരു ശക്തിയുടെ

പ്രവാഹം ഉണ്ടാകാതിരിക്കവഹിയാ. മനുഷ്യൻ സ്ഥൂലവും സൂക്ഷ്മവുമായിരണ്ടു ലോകങ്ങളിൽ വർത്തിക്കുന്നവരാകയാൽ ഈ പുനഃഘടനം ഈരണ്ടു സ്ഥലങ്ങളിലും ഉണ്ടാകേണ്ടതായും ഇരിക്കുന്നു. ഇതിൽ ഒരുഭാഗത്തു് അതായതു് ഭൌതികലോകത്തിലുള്ള ഘടനയിൽ അധുനികകാലത്തു് യൂറോപ്പു രാജ്യമാണു് മുൻകടന്നു പ്രവർത്തിക്കുന്നതായി കാണപ്പെടുന്നതു്. മറേറഭാഗത്തു് അതായതു് അന്തർലോകസംഗതിയിലാകട്ടെ ഏഷ്യയാണു് ഏതുകാലത്തും പ്രവർത്തിച്ചിട്ടുള്ളതു്. ഇന്നു ഭൌതികമായ ചിന്തകൾക്കാണു് സർവ്വപ്രാധാന്യം; മനുഷ്യർ അവരുടെ ആദ്ധ്യാത്മിക സ്വഭാവത്തെത്തന്നെ വിസ്മരിക്കുവാൻ തുടങ്ങിയിരിക്കുന്നു; അവർ ഭൌതികങ്ങളായ സംഗതികൾക്കു് അടിമപ്പെട്ടുപോയി; പ്രായേണ പണം ഉണ്ടാക്കുവാനുള്ള ഒരു യന്ത്രം എന്നപോലെ മാത്രമായിത്തീൎന്നിട്ടുണ്ടു്. ഇങ്ങിനെ ഇരിക്കുന്ന ഇക്കാലത്തു് ആദ്ധ്യാത്മികലോകത്തിൽ ഒരു പുനഃഘടന അത്യാവശ്യം തന്നെയായിതീൎന്നിരിക്കുന്നു. അതിന്നുള്ള ശബ്ദം നാം കേട്ടുതുടങ്ങിയിട്ടുണ്ടു്. ആശക്തി ചലിക്കുവാൻ തുടങ്ങിയുമിരിക്കുന്നു; അധികകാലം കഴിയുന്നതിന്നുമുമ്പായി ഈ ശക്തി മനുഷ്യഹൃദയങ്ങളിൽ അതിൻെറ യഥാർത്ഥസ്വഭാവത്തെ ശരിയായി ഉൽബോധിപ്പിക്കുകയും ചെയ്യും. ഈ ശക്തി ഇനിയും പുറപ്പെടുന്നതു് ഏഷ്യയിൽ നിന്നുതന്നേയുമാകുന്നു. ഈ ലോകംതന്നെ division of labour എന്ന നിയമത്തെ ആശ്രയിച്ചാണു് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതു്. ഒരുവന്നു സകലതും അറിയാം സകലതും സ്വാധീനമാക്കാം എന്നെല്ലാം പറയുന്നതു വെറുതെയാണു്. എങ്കിലും നമ്മുടെ സ്വഭാവം കൊച്ചുകുഞ്ഞുങ്ങളുടേതുപോലേയും ഇരിക്കുന്നു. ഒരു കുട്ടിക്കു ഒരു ചെറിയ കളിപ്പാട്ടം കിട്ടിയാൽ അതിൻെറ വിചാരം ലോകത്തിൽ അതിന്നു സമമായി മറെറാന്നും ഇല്ലാ എന്നാണു്. അതുപോലെ ഭൌതികശക്തികളൊക്കെ സ്വാധീനമാക്കിയിരിക്കുന്ന ഒരു സമുദായത്തിൻെറ ലോകത്തിൽ അതിൻമീതെ യാതൊന്നുംഇല്ല, അഭിവൃദ്ധിയെന്നാൽ അതുമാ

ത്രമാകുന്നു, നാഗരികത്വം അതുതന്നെയാണു്, തങ്ങൾതന്നെയാണു് പ്രമാണികൾ, തങ്ങളെപ്പോലെ ആ ശക്തിയും പ്രതാപവും ഇല്ലാത്തവർ ശുദ്ധമണ്ടന്മാരാണു്, ജീവിച്ചിരുന്നിട്ടു് പ്രയോജനമില്ല, എന്നുംമററുമാണു്. എന്നാൽ ഭൌതികങ്ങളായ അഭിവൃദ്ധികളെല്ലാം വെറുതെയാണെന്നും അതുകൊണ്ടു് ശാശ്വതമായ ഒരു ഗുണവും സിദ്ധിക്കയില്ലെന്നും വിചാരിക്കുന്നവരായും ചിലരുണ്ടാകാം. ഇതിൽ ആദ്യത്തേതു പാശ്ചാത്യരീതിയും രണ്ടാമത്തേതു് പൌരസ്ത്യരീതിയും ആകുന്നു.

എന്നാൽ ഈ രണ്ടുരീതിക്കും ഉണ്ടു് അതാതിൻെറ അവസ്ഥയ്ക്കനുസരണമായുള്ള യോഗ്യതയും മാഹാത്മ്യവും. അതിനാൽ ഇന്നൊരു പുനഃഘടനയുണ്ടാകേണ്ടതു് ഈ രണ്ടു അംശങ്ങളേയും കൂടി യോജിപ്പിക്കുന്നതായിരിക്കണം. പൌരസ്ത്യക്കു് ആത്മികലോകം എത്രമാത്രം യഥാൎത്ഥമാണു് പാശ്ചാത്യക്കു് ഐന്ദ്രിയലോകവും അത്രതന്നെ യഥാൎത്ഥമായതാണു്. തനിക്കു ആവശ്യമുള്ളതും, താൻ ആഗ്രഹിക്കുന്നതും, ജീവിതത്തെ യഥാൎത്ഥമാക്കി ചെയ്യുന്നതും ആയ ഏതെല്ലാം സംഗതികളുണ്ടോ അവയെല്ലാം പൌരസ്ത്യൻ അവൻെറ ആദ്ധ്യാത്മികലോകത്തിൽ കാണുന്നുണ്ടു്. പാശ്ചാത്യന്മാർ നശ്വരങ്ങളായ കളിപ്പാട്ടങ്ങൾ കൊണ്ടു കളിക്കുന്ന ബാലന്മാരെപ്പോലെയാണു് അവരുടെ ദൃഷ്ടിയിൽ കാണുന്നതു്. പ്രായംചെന്ന സ്ത്രീപുരുഷന്മാർ ഒരിക്കലെല്ലെങ്കിൽ മറെറാരിക്കൽ തങ്ങൾ തീർച്ചയായും വിട്ടുപിരിഞ്ഞുപോകേണ്ടിവരുന്ന ഒരു പിടി ഭൌതികവസ്തുക്കളെക്കൊണ്ടു് ഏവംവിധം കളിക്കുന്നതു കാണുമ്പോൾ അവർ ചിരിക്കുന്നു. പൌരസ്ത്യന്മാൎക്കു ഈ പാശ്ചാത്യന്മാർ വെറും ഉറക്കംതൂങ്ങികളാണു്. എന്നാൽ പാശ്ചാത്യന്മാൎക്കു് പൌരസ്ത്യന്മാരും അതുപോലെതന്നെ. മനുഷ്യസമുദായത്തിൻെറ അഭിവൃദ്ധിക്കു് പൌരസ്ത്യാദൎശം എത്രമാത്രം ആവശ്യമായിരിക്കുന്നുവൊ അത്രയും അതിലധികവും ആ അഭിവൃദ്ധിക്കു പാശ്ചാത്യാദൎശവും ആവശ്യമായിട്ടുണ്ടു്. യന്ത്രങ്ങൾ ഒരിക്കലും

മനുഷ്യരെ സുഖികളാക്കി തീൎത്തിട്ടില്ല. ഇനി ഒരിക്കലും സുഖികളാക്കി തീൎക്കയുമില്ല. ഈ സിദ്ധാന്തം നമ്മളെക്കൊണ്ടു് സമ്മതിപ്പിക്കുവാൻ ശ്രമിക്കുന്നവർ സുഖത്തിൻെറ ഇരിപ്പു് യന്ത്രത്തിലാണെന്നു സമ്മതിക്കേണ്ടതായിവരും. എന്നാൽ യഥാൎത്ഥത്തിൽ അതിൻെറ ഇരിപ്പു് മനസ്സിൽ ആകുന്നു. തൻെറ മനസ്സിനെ നിയന്ത്രിക്കുവാൻ സാധിക്കുന്നവന്നു മാത്രമേ സുഖമുള്ളു. യന്ത്രത്തിൻെറ ശക്തിതന്നെ എന്താണു്? ഒരു ചെറിയകമ്പിമാൎഗ്ഗമായി വിദ്യുത്തിൻെറ ഒരു ശക്തിയെ പ്രയോഗിക്കുവാൻ സാധിക്കുന്ന ഒരുവനെ മഹാനെന്നൊ വലിയ ബുദ്ധിമാനെന്നൊ ഒക്കെ പറയുന്നതു് എന്തിനായിട്ടാണു്? അതിനെക്കാൾ കോടികോടി അധികം വിദ്യകൾ പ്രകൃതിതന്നെ പ്രതിനിമിഷം ചെയ്തുകൊണ്ടിരിക്കുന്നില്ലേ? ആ സ്ഥിതിക്കു് എന്തുകൊണ്ടു് പ്രകൃതിയെ നമസ്കരിച്ചുകൂടാ? ഈ ലോകത്തിൽ സൎവ്വത്ര നിങ്ങൾക്കു ശക്തിസിദ്ധിച്ചു എന്നുതന്നെ ഇരിക്കട്ടെ; അതുകൊണ്ടുള്ള പ്രയോജനം എന്താണു്? ഈ പ്രപഞ്ചത്തിലെ ഓരോ രേണുവിനേയും നിങ്ങൾ Matter ചെയ്തു എന്നു കൂട്ടിവന്നാൽ എന്താണു്? നിങ്ങൾക്കു് നിങ്ങളിൽ തന്നെ സുഖമുണ്ടാക്കുവാനുള്ള ശക്തിയില്ലെങ്കിൽ, നിങ്ങൾ നിങ്ങളെത്തന്നെ കീഴടക്കിക്കഴിഞ്ഞിട്ടില്ലെങ്കിൽ ഏതുകൊണ്ടാലും നിങ്ങൾക്കു ഒരു സുഖവും ഉണ്ടാകുകയില്ല. മനുഷ്യൻ പ്രകൃതിയെ കീഴടക്കുവാൻ ജനിച്ചിട്ടുള്ളവനാണെന്നുള്ളതു് പരമാൎത്ഥംതന്നെ. പക്ഷെ ഈ "പ്രകൃതി"ക്കു് പാശ്ചാത്യർ സ്ഥൂലപ്രകൃതി അല്ലെങ്കിൽ ബാഹ്യപ്രകൃതി എന്നുമാത്രമേ അൎത്ഥമാക്കീട്ടുള്ളു. മലകളും സമുദ്രങ്ങളും നദികളും മററനേകശക്തികളും വിഭിന്നഭാവങ്ങളും ഉള്ള ബാഹ്യപ്രകൃതി വളരെ കേമംതന്നെ എന്നു് സമ്മതിക്കാം. എന്നാൽ ഇതിലും ഉലോം കേമമായി മനുഷ്യൻെറ അന്തഃപ്രകൃതി ഒന്നു് വേറെയുണ്ടു്. സൂൎയ്യനേയും, ചന്ദ്രനേയും, നക്ഷത്രങ്ങളെയുംകാൾ ഉപരിയായും, നമ്മുടെ ഈ ഭൂമിയെക്കാൾ ഉപരിയായും, ഈ സ്ഥൂലപ്രപഞ്ചത്തെക്കാളും ഉപരിയായും നമ്മുടെ ഈ

ചെറിയ ജീവങ്ങളെയെല്ലാം അതിക്രമിക്കുന്നതായും ഒരു ഉൽകൃഷ്ടപ്രകൃതി ഒന്നു് വേറെയുണ്ടു്. മറെറടത്തു് പാശ്ചാത്യർ കേമന്മാരാകുന്നതുപോലെ ഇവിടെ പൌരസ്ത്യർ മററുള്ളവരെ അതിശയിക്കുന്നവരാകുന്നു. അതിനാൽ ആദ്ധ്യാത്മികമായ സംഗതിയിൽ ഒരു നവഘടന ആവശ്യമായി വരുമ്പോൾ അതു് പൌരസ്ത്യദേശത്തിൽ നിന്നുതന്നെ ഉണ്ടാകുവാനാണു് ന്യായവും അവകാശവും ഉള്ളതു്. അതുപോലെതന്നെ പൌരസ്ത്യന്മാൎക്കു വല്ല യന്ത്രനിൎമ്മാണവിദ്യയും അഭ്യസിക്കേണ്ടതായി വരുമ്പോൾ അവർ പാശ്ചാത്യന്മാരുടെ കാക്കൽ ഇരുന്നു് അഭ്യസിക്കുന്നതാണു് ന്യായം. ചൈതന്യത്തെപ്പററിയോ, ഈശ്വരനെപ്പററിയോ ആത്മാവിനെപ്പററിയോ ഈ പ്രപഞ്ചത്തിന്റെ അൎത്ഥത്തെപ്പററിയോ രഹസ്യത്തെപ്പററിയോ പാശ്ചാത്യന്മാൎക്കു വല്ലതും അറിയേണ്ടതായിവരുമ്പോൾ അവർ പൌരസ്ത്യന്മാരുടെ കാക്കൽതന്നെ ഇരുന്നു വേണം അവയെ അഭ്യസിക്കുവാൻ.

ഇങ്ങിനെയുള്ള ഒരു പുനഃസംഘടനപ്രസ്ഥാനത്തിന്നു് ഈയിടയിൽ ബീജാവാപം ചെയ്ത ഒരു പുണ്യാത്മാവിന്റെ ചരിത്രത്തെ ഞാൻ നിങ്ങളുടെ മുമ്പിൽ ആവിഷ്കരിക്കാം. എന്നാൽ ഈ പുണ്യാത്മാവിന്റെ ജീവിതകഥയെപ്പററി പറയുന്നതിന്നുമുമ്പായി ഞാൻ ഇന്ത്യയുടെ രഹസ്യത്തെപ്പററി അതായതു് ഇന്ത്യയുടെ അൎത്ഥത്തെപ്പററി നാലുവാക്കു് പ്രസ്താവിക്കാം. ഭൌതികവസ്തുക്കളുടെ പ്രകാശധോരണികൊണ്ടു് കണ്ണിന്റെ കാഴ്ചകുറഞ്ഞവരായി, തിന്നുന്നതും കുടിക്കുന്നതും സുഖിക്കുന്നതും മാത്രം ജീവിതോദ്ദേശ്യമായി കരുതിയവരായി, സമ്പാദിക്കുവാനുള്ള വസ്തു ഭൂമിയും ധനവും മാത്രമാണെന്നുകരുതുന്നവരായി, സുഖങ്ങൾ ഇന്ദ്രിയവ്യാപാരങ്ങളിൽ മാത്രം കാണുന്നവരായി, ഈശ്വരൻ ദ്രവ്യമാണെന്നുകരുതുന്നവരായി, ഇവിടെയും മരണത്തിന്നുശേഷവും ജീവിതത്തിന്റെ ആദൎശം സുഖാനുഭൂതിമാത്രമാണെന്നു് കരുതുന്നവരായി, തങ്ങൾക്കുചു

റവുമുള്ള ഇന്ദ്രിയവിഷയങ്ങളായ വസ്തുക്കളെ ഒഴിച്ച് അതിലും ഉപരിയായി യാതൊന്നിനെപ്പററിയും ആലോചിക്കാതെ ഇരിക്കുന്നവരായിരുള്ള കൂട്ടർ ഇന്ത്യയിൽ പോകുന്നതായാൽ അവർ അവിടെ കാണുന്നതെന്താണു്? ദാരിദ്ര്യം, അന്ധത, അന്ധവിശ്വാസം, തമസ്സ്, നീചത്വം, ഇവതന്നെ എല്ലാഇടത്തും; എന്തുകൊണ്ടു്? കാരണം; അവരുടെ അഭിപ്രായപ്രകാരം പരിഷ്ക്കാരമെന്നാൽ ഉടുപ്പും, ഇന്നത്തെ വിദ്യാഭ്യാസവും, ഇന്നത്തെ മര്യാദയും മാത്രമാണു്. പാശ്ചാത്യന്മാർ അവരുടെ ഭൌതികാവസ്ഥകളെ പരിഷ്ക്കരിക്കുവാൻ അവരാലാകുന്നതെല്ലാം ചെയ്യുന്നുണ്ടു്. എന്നാൽ ഇന്ത്യക്കാരുടെ ശക്തി കേവലം മററൊരു മാർഗ്ഗത്തിൽക്കൂടെയാണു്. മനുഷ്യസമുദായചരിത്രത്തിൽ മററെങ്ങും കാണപ്പെടാത്തവിധം, അന്യരേയും അടിച്ചുതാഴ്ത്തി കീഴിലാക്കുവാൻ തങ്ങളുടെ അതിർത്തിവിട്ടു് മററെങ്ങും പോകാത്തവർ, മററുള്ളവർക്കു ചേർന്നവയെ മനസാ വാചാ കർമ്മണാ അഗ്രഹിക്കാത്തവർ അവിടെ മാത്രമേ ജീവിക്കുന്നുള്ളൂ. അവരുടെ വസ്തുക്കൾ സമൃദ്ധമായി വിളയുന്നതായിരുന്നു; അവർ അത്യദ്ധ്വാനംചെയ്തു് ധനം ഉണ്ടാക്കി; ഇങ്ങിനെ മററുള്ളവരെ, തങ്ങളെവന്നുപദ്രവിച്ചുപഹരിക്കുവാൻ കൊതിയുള്ളവരാക്കിത്തീർത്തു; ഇത്രയുമാണു് അവരുടെ അപരാധങ്ങൾ. തങ്ങളെ കൊള്ളചെയ്യാനും തങ്ങളെ അധിക്ഷേപിക്കുവാനും അവർ സമ്മതിച്ചുകൊടുത്തു. മാത്രമല്ല അതിന്നു് പ്രത്യുപകാരമെന്നപോലെ അവർ അനുഗ്രഹിക്കുന്നതു് മററുസ്ഥലങ്ങളിൽ യഥാർത്ഥജ്ഞാനദീപം പരത്തുവാനും, അവിടങ്ങളിൽ മനുഷ്യസ്വഭാവരഹസ്യങ്ങളെ തുറന്നുകാണിക്കുവാനും, മനുഷ്യന്റെ യഥാർത്ഥസ്വഭാവത്തെ മറച്ചിരിക്കുന്ന മൂടിയെ നീക്കിക്കളയുവാനും ആണു്. അവർക്കു് ഇതെല്ലാം ഒരു വെറും സ്വപ്നമാണെന്നു് നല്ലപോലെ അറിയാം. പ്രതാപത്തിന്നു് മലിനപ്പെടുത്തുവാൻസാധിക്കാത്തതും, കുററത്തിന്നു് മാററുകുറയ്ക്കുവാൻ സാധിക്കാത്തതും, കാമത്തിന്നു് ചീത്തയാക്കുവാൻ സാധിക്കാത്തതും, അഗ്നിക്കു് ദഹിപ്പിക്കുവാൻ സാധിക്കാത്തതും, വെള്ളത്തിന്നു് നനയ്ക്കു

വാൻ സാധിക്കാത്തതും, ചൂടിന്നു തപിപ്പിക്കുവാൻസാധിക്കാത്തതും, മരണത്തിന്നു നശിപ്പിക്കുവാൻ സാധിക്കാത്തതും ആയ ഒരു പരമാർത്ഥസത്ത, മനുഷ്യൻെറ യഥാർത്ഥമായ ഈശ്വരപ്രകൃതി, ഈ ഭൌതികത്തിന്നു പിറകിലായി നില്ക്കുന്നുണ്ടെന്നു അവർ അറിയുന്നു. ഒരു പാശ്ചാത്യന്നു ഇന്ദ്രിയവിഷയമായ ഒരു പദാർത്ഥം എത്രമാത്രം പരമാർത്ഥമാകുന്നുവോ അതുപോലെ ഒരു പൌരസ്ത്യന്നു മനുഷ്യൻെറ ഈ യഥാർത്ഥസ്വഭാവവും പരമാർത്ഥമാകുന്നു. ഹുറേ എന്ന ആഹ്ലാദശബ്ദത്തോടുകൂടി ഒരു വലിയതോക്കിൻെറ വായിലേക്കു കുതിക്കുവാൻ നിങ്ങൾ ധൈര്യപ്പെടുന്നതുപോലെ, നിങ്ങളുടെ രാജ്യത്തിന്നുവേണ്ടി നിങ്ങളുടെ ജീവനെക്കൂടെ ഉപേക്ഷിക്കുവാൻ നിങ്ങൾ ധൈര്യപ്പെടുന്നതുപോലെ, അവർ ഈശ്വരനാമത്തിൽ ധൈര്യമുള്ളവരാകുന്നു. ഇതൊരു വെറും അശുദ്ധലോകം മാത്രമാണു, സങ്കല്പലോകം മാത്രമാണു, ഇതൊരു വെറുംസ്വപ്നംമാത്രമാണു എന്നു ബോദ്ധ്യംവരുമ്പോൾ താൻ വിചാരിക്കുന്നതിൻേറയും വിശ്വസിക്കുന്നതിൻേറയും തെളിവിനെന്നപോലെ തൻെറ സകല സ്വത്തുക്കളെയും വസ്തുത്തെക്കൂടയും ഉപേക്ഷിക്കുന്നവർ അവിടെമാത്രമേയുള്ളു. ആത്മാ സനാതനമായതാണു എന്നു അറിയുമ്പോൾ, നിങ്ങൾ ഒരുവയ്ക്കോൽതുരുമ്പു ഉപേക്ഷിക്കുവാൻ തയ്യാറാകുന്നതുപോലെ, യാതൊരു സങ്കോചവുംകൂടാതെ തൻെറ ശരീരത്തെ ഉപേക്ഷിക്കുവാൻ തയ്യാറായി നദീതീരങ്ങളിൽ അനന്യചിന്താശീലന്മാരായിരിക്കുന്നവരെ അവിടെ മാത്രമല്ലാതെ മററെങ്ങും കാണുവാൻ സാധിക്കുകയില്ല. തങ്ങൾക്കു നാശം എന്ന ഒന്നില്ലെന്നു അവർക്കു നല്ലപോലെ വിശ്വാസമുള്ളതുകൊണ്ടു മരണത്തെ ഒരുസഹോദരനെപ്പോലെ സ്വാഗതംചെയ്യാൻ അവർ തയ്യാറാണു. അവരുടെ ധീരതയുടെകിടപ്പു അവിടെയാണു. നൂറുനൂറായിരം കൊല്ലങ്ങൾ ഇടവിടാതെയുണ്ടായ oppression കൊണ്ടും, അന്യന്മാരുടെ മുഷ്ക്കുകളേററും, ഉപദ്രവങ്ങൾ സഹിച്ചും ജീവിക്കുവാൻ അവർക്കുണ്ടായിട്ടുള്ള ശക്തിയുടെ

ഇരിപ്പിടം അതാണ്. ആ രാഷ്ട്രം ഇന്നും ജീവിക്കുന്നു എന്നു മാത്രമല്ല; ഏററവും അചൽക്കരമായിരുന്ന ദശാഘട്ടങ്ങളിൽ കൂടെയും അവിടെ അദ്ധ്യാത്മികമഹാപുരുഷന്മാർ ഉണ്ടാകാതിരുന്നിട്ടുമില്ല. ഭരണമീമാംസയിലും പ്രകൃതിവിജ്ഞാനീയങ്ങളിലും പാശ്ചാത്യലോകം നിസ്തുല്യപ്രതാപികളായ നരകേസരികളെ സൃഷ്ടിക്കാറുള്ളതുപോലെ ഏഷ്യാഖണ്ഡം ഏതവസ്ഥയിലും അദ്ധ്യാത്മിക മഹാവീരന്മാരെ സൃഷ്ടിച്ചുകൊണ്ടുതന്നേ ഇരിക്കുന്നു. ഈ നൂററാണ്ടിന്റെ പ്രാരംഭഘട്ടത്തിൽ ഇന്ത്യയിൽ ഒരുവലിയ കലക്കം ഉണ്ടാകുവാൻ സംഗതിയായി. അപ്പോഴാണ് പാശ്ചാത്യരീതി അവിടെ അപ്രതിഹതമായി പ്രചരിക്കുവാൻ തുടങ്ങിയതു്. പാശ്ചാത്യവീരന്മാർ ഒരു കൈയിൽ വാളും ധരിച്ച്—നിങ്ങൾ ശുദ്ധ അപരിഷ്കൃതന്മാരാണ്, ശുദ്ധമെ ഉറക്കംതൂക്കി സമുദായമാണ്, തങ്ങളുടെ ശാസ്ത്രങ്ങളെല്ലാം വെറും കെട്ടുകഥകളാണ്, ഈശ്വരൻ ആത്മാ എന്നിങ്ങനെ തങ്ങൾ പുലമ്പിക്കൊണ്ടിരിക്കുന്നവയെല്ലാം കേവലം അർത്ഥമില്ല ചില വെറും സ്വരങ്ങൾ മാത്രമാണ്, തങ്ങൾ അനേകായിരം സംവത്സരങ്ങളായി ചെയ്തിട്ടുള്ള സർവ്വ പ്രയത്നങ്ങളും, തങ്ങളുടെ അനേകായിരം കൊല്ലങ്ങളിലെ അവധിരഹിതമായ ത്യാഗവും എല്ലാം മിത്ഥ്യയാണ് എന്നെല്ലാം അവരെ ഉൽബോധിക്കുവാൻ തുടങ്ങി. അപ്പോഴാണ് അന്നത്തെ പരിഷ്കാരികളായ യുവാക്കന്മാരുടെ ഇടയിൽ, അതായതു സർവ്വകലാശാലക്കെട്ടിടങ്ങൾക്കുള്ളിൽ, ഒരു വലിയ ചിന്താസംരംഭം ഉത്ഭവിച്ചതു്. ഇത്രവരെ ഉണ്ടായിട്ടുള്ള തങ്ങളുടെ രാഷ്ട്രീയജീവിതം മിത്ഥ്യയായിപ്പോയൊ? ഇനി പാശ്ചാത്യരീതിയിൽ പുതിയതായി ആരംഭിക്കുകയാണൊ വേണ്ടതു്? തങ്ങളുടെ പഴയഗ്രന്ഥങ്ങളെ ചീന്തികളയട്ടെയൊ; തത്വജ്ഞാനസിദ്ധാന്തങ്ങളെ (ഉപനിഷദാദികളെ) ചുട്ടുകളഞ്ഞാലെന്താ; പുരോഹിതന്മാരെ ഓടിച്ചുകളഞ്ഞാലെന്താ; ക്ഷേത്രങ്ങളെ നശിപ്പിച്ചുകളഞ്ഞാലെന്താ; എന്നെല്ലാം അവക്ക് തോന്നിത്തുടങ്ങി. പാശ്ചാത്യന്മാർ രാജ്യം പിടിച്ചടക്കിയില്ലെ? തോക്കുകൊണ്ടും

വാളുകൊണ്ടും തങ്ങളുടെ മതത്തെ തെളിയിച്ചവർ പറഞ്ഞില്ലേ പഴയ സമ്പ്രദായങ്ങളെല്ലാം അന്ധവിശ്വാസങ്ങളും ബിംബാരാധനവും ആണെന്നു്! പിന്നെ വല്ലതും വേണ്ടതുണ്ടോ. പുതിയരീതിയിൽ വളൎത്തി പുതിയരീതിയിലുള്ള വിദ്യാഭ്യാസം സിദ്ധിച്ചവർ ഈവക വിചാരങ്ങളോടു കൂടിയാണു് പുറപ്പെട്ടതു്. അവർ ഈവക ആശയങ്ങളെത്തന്നെ നന്നേ ചെറുപ്പം മുതൽ മൂക്കമുട്ടെ പാനംചെയ്തു. ആ സ്ഥിതിക്കു് അവൎക്കു് ഈവക സംശയങ്ങൾ ഉണ്ടായതിൽ ഒട്ടും അതിശയിക്കുവാനും ഇല്ല. എന്നാൽ അന്ധവിശ്വാസങ്ങളെ ഉപേക്ഷിച്ചുവൊ; യാഥാൎത്ഥ്യത്തെപ്പററി വല്ല അന്വേഷണവും നടത്തിയൊ അതൊന്നും ഇല്ല. പാശ്ചാത്യന്മാർ പറഞ്ഞില്ലേ; അതിലപ്പുറം എന്തുവേണം. അതിനാൽ പുരോഹിതന്മാരെല്ലാം പോകുക തന്നെവേണം; വേദങ്ങളെല്ലാം ചുട്ടുകരിക്കപ്പെട്ടുകതന്നെ വേണം? ഇങ്ങിനെയുണ്ടായ അസ്വസ്ഥതയിൽനിന്നു് ഒരു പുതിയ പരിഷ്കാരതരംഗം പുറപ്പെട്ടു.

ഒരുവൻ ഒരു യഥാൎത്ഥ പരിഷ്കാരിയാകണമെങ്കിൽ അവന്നു് മൂന്നുകൂട്ടം ഗുണങ്ങൾ ഉണ്ടായിരിക്കണം. ഒന്നാമതായി സഹതാപം. നിങ്ങൾക്കു് നിങ്ങളുടെ സഹോദരന്മാരുടെ ദുഃഖത്തിൽ സഹതാപമുണ്ടോ? ഈ ലോകത്തിൽ അത്രവളരെ ദുഃഖവും അജ്ഞാനവും അന്ധവിശ്വാസവും ഉണ്ടെന്നു നിങ്ങൾക്കു ബോദ്ധ്യമുണ്ടോ? മനുഷ്യരെല്ലാം നിങ്ങളുടെ സഹോദരന്മാർ തന്നെയാണെന്നു് നിങ്ങൾ യഥാൎത്ഥത്തിൽ വിശ്വസിക്കുന്നുണ്ടോ? നിങ്ങൾക്കു് ഈ വിശ്വാസം, ഈ ഉറപ്പു്, ഈ അനുഭവം നാനാപ്രകാരത്തിലും ഉണ്ടായി അതു് നിങ്ങളുടെ സ്വഭാവമായി നിങ്ങളുടെ രക്തബിന്ദുക്കളിലും മാംസപേശിയിലും ലയിച്ചു ചേൎന്നിരിക്കുന്നു എങ്കിൽ അതു് ഒന്നാമത്തെ പടിയേ ആയുള്ളു. പിന്നെ ആലോചിക്കേണ്ടതു് രക്ഷയ്ക്കുള്ള ഉപായം എന്താണെന്നാണു്. പഴയ ആശയങ്ങളെല്ലാം അബദ്ധങ്ങളും അന്ധവിശ്വാസഭൂയിഷ്ഠങ്ങളുമായിരിക്കാം. എങ്കിലും അവയിൽ അവിടവിടെ അല്പാല്പം സത്യത്തിൻെറ പൊടി

കൾ ഉണ്ടാകാതിരിക്കയില്ല. ആ രേണുക്കളെ മററു കരടുകളൊന്നും കൂടാതെ ശുദ്ധമാക്കി എടുത്തു് സൂക്ഷിക്കുവാനുള്ള മാൎഗ്ഗം കണ്ടുവോ? കണ്ടുവെങ്കിൽ അതു് രണ്ടാമത്തെ പടിയായി. ഇനിയും ഒന്നുകൂടെ വേണ്ടതായിട്ടുണ്ടു്. നിങ്ങളുടെ ഉദ്ദേശമെന്താണു്? പണത്തിന്നൊ പേരിന്നൊ പ്രതാപത്തിന്നൊ ഉള്ള കൊതികൊണ്ടു് പുറപ്പെട്ടതല്ലെന്നു് നിങ്ങൾക്കു നല്ല ഉറപ്പുണ്ടോ? സമസ്തലോകവും നിങ്ങളെ ഇടിച്ചുപൊടിക്കുവാൻ വരുന്നതായാലും നിങ്ങൾ നിങ്ങളുടെ ആശയത്തെ വിടാതെ പ്രവൎത്തിക്കുവാൻ സാധിക്കുമെന്നു നിങ്ങൾക്കു് നല്ല ഉറപ്പുണ്ടോ? നിങ്ങൾക്കു് വേണ്ടതെന്താണെന്നും തലപോയാലും നിങ്ങൾ നിങ്ങളുടെ ധൎമ്മത്തെ പ്രവൎത്തിക്കുമെന്നും നല്ല ഉറപ്പുണ്ടോ? എന്നാൽ നിങ്ങൾ ഒരു യഥാൎത്ഥപരിഷ്കാരിമായി, യഥാൎത്ഥലോകഗുരുവായി, മനുഷ്യജന്മികൾക്കു് അനുഗ്രഹമൂൎത്തിയും ആയി. എന്നാൽ മനുഷ്യർ സാധാരണമായി ഇത്രയൊന്നും ക്ഷമാബുദ്ധിയുള്ളവരല്ല. അത്രയ്ക്കു് ഹ്രസ്വദൃഷ്ടികളാണു്. കാത്തിരിക്കുവാനുള്ള ക്ഷമയൊ കാണുവാനുള്ള ശക്തിയൊ അവനില്ല. അവന്നു് ഭരിക്കണം; അവന്നു അതിന്റെ ഫലം പെട്ടെന്നു് കിട്ടുകയുംവേണം. ഫലം അവന്നുതന്നെ അനുഭവിച്ചേ മതിയാകൂ. യഥാൎത്ഥത്തിൽ മററുള്ളവരെപ്പററി വലിയ ശ്രദ്ധയൊന്നും അവന്നില്ല. "ധൎമ്മത്തിന്നുവേണ്ടി ധൎമ്മം" അതല്ല അവന്റെ ആദൎശം. "പ്രവൎത്തിക്കുവാനേ നിനക്കധികാരമുള്ളൂ. അല്ലാതെ അതിന്റെ ഫലത്തിന്നു് നിനക്കവകാശമില്ല. (കൎമ്മണ്യേവാ ധികാരസ്തേമാ ഫലേഷുകദാചന) എന്നാണു് ശ്രീകൃഷ്ണഭഗവാൻ പറഞ്ഞിട്ടുള്ളതു്. ഫലത്തെപ്പററി അശിച്ചിട്ടുള്ള കാൎയ്യമെന്താണു്? പ്രവൃത്തി നമ്മളുടേതു്. ഫലത്തിന്റെ കാൎയ്യം അതുതന്നെനോക്കിക്കൊള്ളട്ടെ. പക്ഷെ മനുഷ്യന്നു ഇത്രയ്ക്കു ക്ഷമയില്ല. അതിനാൽ അവന്നുതോന്നുന്ന scheme എല്ലാം എടുക്കുകയായി. ഇന്നു് ലോകത്തിൽ കാണപ്പെടുന്ന പരിഷ്കാരികളിൽ അധികപക്ഷക്കാരും ഈ തരത്തിൽ ഉൾപ്പെടേണ്ടവരാണു്.

ഞാൻ മുമ്പ് പറഞ്ഞതുപോലെ, ഇന്ത്യയെ ആക്രമിച്ച ഭൗതികപ്രതിപത്തി അവിടുത്തെ ഋഷീശ്വരന്മാരുടെ ഉപദേശകോടികളെ ആ പുണ്യഭൂമിയിൽ നിന്നും പരിമാൎജ്ജനം ചെയ്യും എന്നു വന്ന ഘട്ടത്തിലാണ് ഇന്ത്യയിൽ പരിഷ്കരണത്തിന്നുള്ള ഒരു ആശയം ജന്യമായത്. എന്നാൽ അങ്ങിനെയുള്ള അനേകലക്ഷം മാററത്തിരമാലകളുടെ ഊക്ക് ആ രാഷ്ട്രം അതിന്നുമുമ്പ് സഹിച്ചിട്ടുള്ളതാണ്. അവയോടുകൂടി നോക്കുമ്പോൾ ഇതു് വളരെ ശാന്തമായ ഒന്നേ ആകുന്നുള്ളൂ. അനേകശതവൎഷങ്ങൾക്ക് മുമ്പായി എല്ലാററിനേയും ഇടിച്ചുപൊടിച്ചു നിരത്തിയ തിരമാലകൾ അവിടെ ഒന്നിനൊന്നു തുടൎച്ചയായി ഒട്ടേറെ ഉണ്ടായിട്ടുണ്ട്. മുഹമ്മദീയരുടെ കാലത്ത് വാളുയൎത്തി "അയില്ലള്ളാഹ്" എന്നശബ്ദംകൊണ്ടു ഇന്ത്യൻ നഭോമണ്ഡലത്തെ താന്തമാക്കിത്തീൎത്തിട്ടുണ്ട്. അവയെല്ലാം കഴിഞ്ഞുപോയിട്ടും ഇന്നും രാഷ്ട്രീയ ആശയങ്ങൾ യാതൊരു മാററവും കൂടാതെ തന്നെ നിലനില്ക്കുന്നതും ഉണ്ട്.

ഇന്ത്യൻ രാഷ്ട്രത്തെ ഹനിക്കുവാൻ സാധിക്കുന്നതല്ല. അതു് മരണമില്ലാത്തതായിത്തന്നെ നിലനിൽക്കുന്നു. ഈ ശക്തി അതിൻെറ പിന്നിൽ നിൽക്കുന്നേടത്തോളംകാലം, അതായതു് അവിടുത്തെ ജനങ്ങൾ അവരുടെ ആദ്ധ്യാത്മിക പ്രതിപത്തിയെ കൈവിടാതിരിക്കുന്നേടത്തോളംകാലം, അതു അങ്ങനെതന്നെ ഇരിക്കുകയും ചെയ്യും. അവർ ഇരപ്പാളികളായിത്തീൎന്നുവെന്നു വരാം, വേണ്ട നാശങ്ങളെല്ലാം ഉണ്ടായിയെന്നു വരാം, എന്നാലും അവർ അവരുടെ ഈശ്വരനെ ഉപേക്ഷിക്കാതിരിക്കട്ടെ; തങ്ങൾ ഋഷിപുത്രന്മാരാണെന്നുള്ള പരമാൎത്ഥത്തെ വിസ്മരിക്കാതിരിക്കട്ടെ. പാശ്ചാത്യരാജ്യങ്ങളിൽ, തെരുവിൽ അലഞ്ഞുനടക്കുന്ന ഒരുവൻെറയും ആഗ്രഹം, അവൻ മദ്ധ്യവയസ്സുകാലത്തുണ്ടായിരുന്ന ഏതെങ്കിലും ഒരു ചോരപ്രഭുവിൻെറ പിന്തുടൎച്ചക്കാരനാണെന്നു് കാണിക്കുകയാണ്. അതുപോലെ ഇന്ത്യയിൽ, സിംഹാസനത്തിൽ

ഇരിക്കുന്ന ഒരുമഹാരാജാവുപോലും അനുഗ്രഹിക്കുന്നതു് തന്റെ കുടുംബം കാട്ടിൽ ഫലമൂലങ്ങളും തിന്നു് മരവിരിയും ധരിച്ചു് ഈശ്വരഭജനം ചെയ്തിരുന്ന ഒരു ഋഷിയുടെ സന്തതിയാണു് എന്നു കാണിക്കുവാനാകുന്നു. ഞങ്ങൾക്കുവേണ്ട പിന്തുടർച്ചാവകാശം അങ്ങിനത്തേതാണു്. ഇങ്ങിനെ പരിശുദ്ധതയെ ബഹുമാനിച്ചാദരിക്കുന്നേടത്തോളം കാലം ഇന്ത്യ മരിക്കുന്നതും അല്ല.

ശ്രീരാമകൃഷ്ണദേവന്റെ ജീവിതം, അദ്ദേഹം ഉപദേശിച്ചിരുന്ന തത്വങ്ങൾക്കു പ്രത്യക്ഷോദാഹരണം ആയിരുന്നതുകൊണ്ടു് അദ്ദേഹത്തിന്റെ ജീവചരിത്രം വളരെ ശ്രദ്ധേയമായ ഒന്നാകുന്നു. ഇന്ത്യയിൽനിന്നു കേവലം വിഭിന്നമായ രീതിയിലുള്ള ഒരു അന്തരീക്ഷത്തിൽ ജീവിക്കുന്ന നിങ്ങൾക്കു്, ഒരുപക്ഷെ അതല്പം ആശ്ചര്യകരംകൂടെ ആയേക്കാം. പാശ്ചാത്യരാജ്യങ്ങളിലെ ധൃതികൂടിയതും എടുത്തുചാട്ടമുള്ളതും ആയ ജീവിതരീതിയിൽ നിന്നു വളരെ വ്യത്യാസപ്പെട്ട ഒരു മാതിരിയിലുള്ളതാണു് ഇന്ത്യയിലെ ജീവിതരീതി. പക്ഷെ അതേ സംഗതികൊണ്ടു തന്നെ അതു നിങ്ങൾക്കു് കുറേക്കൂടെ ശ്രദ്ധേയമായിരുന്നെന്നും വന്നേക്കാം.

ഇന്ത്യയിൽ പലപ്രകാരത്തിലുള്ള പരിഷ്കാരങ്ങൾ മുൻവിവരിച്ചപ്രകാരമുള്ള ആപത്തിനെ തടുക്കുവാനായി പലരും പലവിധം നടപ്പാക്കിക്കൊണ്ടും നടപ്പാക്കുവാൻ ശ്രമിച്ചുകൊണ്ടും ഇരിക്കുന്ന കാലത്താണു് ബെങ്കാളിലെ ഉൾനാട്ടിൽ ഒരു അപ്രസിദ്ധമായ ഗ്രാമത്തിൽ 1836 ഫെബ്രുവരിമാസം 18-ാം തിയതി ഒരു ദരിദ്ര ബ്രാഹ്മണകുടുംബത്തിൽ ഒരു സാധുകുട്ടി ജാതനായതു്. അച്ഛനും അമ്മയും മതാചാരസമ്പ്രദായങ്ങളിൽ വളരെ നിർബന്ധബുദ്ധിയുള്ളവരായിരുന്നു. ഒരു യഥാർത്ഥ യാഥാസ്ഥിതികബ്രാഹ്മണന്റെജീവിതംനിരന്തരത്യാഗജീവിതമാണു്. അവനു ചെയ്യാവുന്ന പ്രവൃത്തികൾതന്നെ വളരെ കുറച്ചേ ഉള്ളൂ. എന്നുമാത്രമല്ല; പണം സമ്പാദിക്കാ

വുന്ന യാതൊരുതൊഴിലും അവന്നു സ്വീകരിക്കുവാനും പാടില്ല. അവന്നു ദാനംവാങ്ങുവാൻകൂടേയും പാടില്ലെന്നാണു നിശ്ചയം. അങ്ങിനെയുള്ള ഒരു ജീവിതം, എത്ര കഠിനമായ നിയമങ്ങളാൽ ബന്ധിതമായ ഒന്നാണെന്നു നിങ്ങൾതന്നെ ആലോചിച്ചുനോക്കുവിൻ. നിങ്ങൾ ഈ ബ്രാഹ്മണരെപ്പററിയും അവരുടെ പൌരോഹിത്യത്തെപ്പററിയും പലപ്പോഴും കേട്ടിട്ടുണ്ടല്ലൊ. എന്നാൽ ഈ പ്രത്യേകതരം കൂട്ടർ ജനങ്ങളുടെ നേതാക്കന്മാരായിത്തീരുവാൻ കാരണമെന്താണെന്നു് ആലോചിച്ചവർ നിങ്ങളിൽ വളരെ കുറച്ചുപേർ മാത്രമേ ഉണ്ടായിരിക്കയുള്ളു. അവർ ഇന്ത്യയിലുള്ള മററെല്ലാ ജാതിക്കാരേക്കാളും ദരിദ്രരാണു്. അവരുടെ വിജയരഹസ്യം അവരുടെ ത്യാഗത്തിലാണു് സ്ഥിതിചെയ്യുന്നതു്. അവർ ഒരിക്കലും ധനം അഗ്രഹിക്കാറില്ല. ലോകത്തിൽ ഏററവും നിൎദ്ധനന്മാരായ പുരോഹിത വൎഗ്ഗം അവരാണു്. അതുകൊണ്ടുതന്നെയാണു് അവർ ഏററവും ശക്തിയുള്ളവരായിരിക്കുന്നതും. ഇങ്ങനെയൊക്കെ ദാരിദ്ര്യമായിരുന്നാലും തൻെറ ഊരിൽക്കൂടെ ക്ഷുധാൎത്തനായ ഭിക്ഷുവെ ഭക്ഷണംകൂടാതെ പറഞ്ഞയയ്ക്കുവാൻ ഒരു ബ്രാഹ്മണപത്നി അനുവദിക്കുകയില്ല. ഇന്ത്യയിലെ ഒരു മാതാവിൻെറ പരമമായ ധൎമ്മം ഇതാണെന്നാണു് വെച്ചിട്ടുള്ളതു്. അവർ എല്ലാവൎക്കും മാതാവുതന്നെയാണു്. അതിനാൽ എല്ലാവൎക്കും ഭക്ഷണം കൊടുത്തതിനു ശേഷമേ അവൎക്കു ഭക്ഷിക്കുവാൻ പാടുള്ളൂ. താൻ ഭക്ഷിക്കുന്നതിന്നു് മുമ്പായി മററെല്ലാവരും ഭക്ഷിച്ചുകഴിഞ്ഞുവോ എന്നു നോക്കേണ്ടതു് അവരുടെ ചുമതലയാണു്. ഇന്ത്യയിൽ അമ്മയെ ഈശ്വരതുല്യയായി കണക്കാക്കുവാനുള്ള കാരണം അതാണു്. ഈ സ്ത്രീരത്നം, അതായതു നമ്മുടെ നിരൂപണത്തിന്നു് വിഷയമായ പുരുഷശ്രേഷ്ഠൻെറ മാതാവു്, ഒരു യഥാൎത്ഥ ഹിന്ദുമാതാവിൻെറ മാതൃകതന്നെയായിരുന്നു. ജാതിക്കു് ഉയൎച്ചകൂടുംതോറും ജീവിതനിൎബ്ബന്ധവും അധികരിച്ചിരിക്കും. ഏററവും താണജാതിയിലുള്ളവൎക്കു്, അവൎക്കു ഇഷ്ടമുള്ളതെല്ലാം തിന്നുകയും കുടി

ക്കുകയും ചെയ്യാം. എന്നാൽ സാമുദായികനിലയിൽ ഉയരുന്നേടത്തോളം നിർബ്ബന്ധങ്ങളും കൂടിക്കൂടി വരും. ഇങ്ങനെ ഉയന്ന് ബ്രാഹ്മണൻെറ സ്ഥാനത്തെത്തുമ്പോൾ — അവരാണ് ഇന്ത്യയിലെ പരമ്പരയായുള്ള പുരോഹിതന്മാർ — അവരുടെ ജീവിതം, ഞാൻ മുമ്പു പറഞ്ഞതുപോലെ വളരെ കുടുസ്സായതാകുന്നു. പാശ്ചാത്യരാജ്യങ്ങളിലെ സമ്പ്രദായങ്ങളോട് താരതമ്യപ്പെടുത്തി നോക്കുമ്പോൾ അവരുടെ ജീവിതം നിരന്തരസന്ന്യാസം ആണ്. ലോകത്തിൽവെച്ചു ഹിന്തുക്കളാണ് ഏററം സ്വാശ്രയശീലമുള്ള കൂട്ടർ. അവക്ക് ഇംഗ്ലീഷുകാക്കുള്ളതിനെപ്പോലെയും അതിലും കൂടുതലായും ഉള്ള ദൃഢവ്രത ഉണ്ട്. അവക്ക് ഏതെങ്കിലും ഒരു ആശയം ലഭ്യമായാൽ അവർ അതിനെ അതിൻെറ അങ്ങേ അററംവരെ വെച്ച് പാലിക്കുന്നതാണ്. അതിൽനിന്നു എന്തെങ്കിലും ലഭ്യമാകുന്നതുവരെ അവർ അതിനെ സന്താനപരമ്പരകളിലായി മുറുകെ പിടിച്ചു കൊണ്ടിരിക്കും. നിങ്ങൾ ഒരിക്കൽ ഒരു ആശയം അവക്ക് കൊടുത്തുനോക്കുവിൻ! പിന്നെ അതിനെ അവരിൽ നിന്നു മടക്കിഎടുക്കുവാൻ അത്ര എളുപ്പമല്ല. എന്നാൽ ഒരു പുതിയ ആശയത്തെ അവരെക്കൊണ്ടു് പിടിപ്പിക്കുവാനാണ് പ്രയാസം.

അതിനാൽ മാമൂൽ പ്രിയന്മാരായ ഹിന്ദുക്കൾ വളരെസ്വാശ്രയബുദ്ധികൾ ആണ്. അവരുടെ വിചാരങ്ങളും അവരുടെ സ്തോഭങ്ങളും ആയ വേലിയുടെ അകത്തു മാത്രമാണ് അവരുടെ ജീവിതം. അവരുടെ ജീവിതക്രമം ഞങ്ങളുടെ പുരാതനഗ്രന്ഥങ്ങളിൽ വളരെവിസ്താരമായിപ്രതിപാദിക്കപ്പെട്ടിട്ടുണ്ട് അവർ ഓരോ സംഗതികളേയും അവർ വളരെ ബലവത്തരമായി പിടികൂടുകയും ചെയ്തിട്ടുണ്ട്. തങ്ങളുടെ സ്വന്ത ഗൃഹസ്വഗോത്രത്തിൽ ഉൾപ്പെട്ടവരല്ലാത്തവർ പാകം ചെയ്യുന്ന ഭക്ഷണം കഴിക്കുന്നതിനെക്കാൾ അവക്ക് ഇഷ്ടമായിട്ടുള്ളതു് പട്ടിണി കിടക്കുകയാണ്. ഇങ്ങനെയാണെങ്കിലും അവക്ക് നിഷ്കൃഷ്ടബുദ്ധിയും അതി തീവ്രമായ ശുഷ്കാന്തിയും ഉണ്ട്. തങ്ങൾ

ചെയ്യുന്നതു് ശരിയായിട്ടുള്ളതാണെന്നുള്ള പൂൎണ്ണവിശ്വാസത്തിലാണു് അവരുടെ പ്രാചീനാചാരപ്രതിപത്തി വേരുറച്ചിട്ടുള്ളതു് അതുകൊണ്ടാണു് അവരിൽ അത്ര ദൃഢതയും വിശ്വാസവും ഉണ്ടാകുന്നതു്. അവർ ഈവിധ വിശ്വാസത്തോടും ദൃഢതയോടും കൂടി സ്വീകരിച്ചിരിക്കുന്നവയെല്ലാം ശരിയായതാണെന്നു് പക്ഷെ നിങ്ങളെല്ലാം സമ്മതിക്കില്ലായിരിക്കാം. എന്നാൽ അവരുടെ വിശ്വാസം അങ്ങനെയല്ല. ഒരുവന്നു് എത്രമാത്രം സാധിക്കുമോ അവൻ അത്രത്തോളവും ധൎമ്മിഷ്ഠനായിരിക്കണം എന്നാണു് ഞങ്ങളുടെ പുസ്തകങ്ങളിൽ എഴുതിയിട്ടുള്ളതു്. മററൊരാളുടെ ജീവനെ, തൻെറ ജീവനെ ഉപേക്ഷിച്ചുകൂടെയും സഹായിക്കണമെന്നാണു വിധി. ഇവകളെല്ലാം ബ്രാഹ്മണരെ സംബന്ധിച്ചേടത്തോളം വളരെ വളരെ നിർബന്ധവും ആകുന്നു. ഈ ധൎമ്മത്തിൻെറ പരമമായ സ്വഭാവത്തെ വിവരിക്കുന്നതായി അവിടെ പല കഥകളും പറയപ്പെട്ടിട്ടുണ്ടു്. ഒരു ബ്രാഹ്മണകുടുംബം ഒരു അതിഥിക്കു് തങ്ങളുടെ അവസാനഭക്ഷണം കൊടുത്തു് അവിടെയുള്ളവരെല്ലാം മരിച്ചുപോയതിനെ മഹാഭാരതത്തിൽ ഒരേടത്തു ഭംഗിയായി വിവരിച്ചിരിക്കുന്നു. ഇതു് ഒരു അതിശയോക്തിയൊന്നുമല്ല. ഇത്തരം സംഭവങ്ങൾ അവിടെ ഇന്നും ധാരാളം നടക്കാറുണ്ടു്. എൻെറ ഗുരുനാഥൻെറ അച്ഛനമ്മമാരുടെ സ്വഭാവം ഇതുപോലെതന്നെയായിരുന്നു. അവർ വളരെ ദരിദ്രന്മാരായിരുന്നിട്ടും ക്ഷുധാൎത്തികൾക്കു് ഭക്ഷണം കൊടുക്കുവാൻവേണ്ടി എൻെറ ആചാൎയ്യദേവൻെറ മാതാവു് പല അവസരങ്ങളിലും പട്ടിണികിടക്കുക ഉണ്ടായിട്ടുണ്ടു്. അങ്ങനെയുള്ള മാതാപിതാക്കന്മാൎക്കു് ജാതനായ ഈ ശിശു, ജനനം മുതൽക്കു തന്നെ ഒരു അസാധാരണ ബാലനായിരുന്നു. അദ്ദേഹത്തിനു് അദ്ദേഹത്തിൻെറ പൂൎവ്വജന്മങ്ങൾ നല്ലപോലെ ഓൎമ്മയുണ്ടായിരുന്നു; എന്നു മാത്രമല്ല താൻ എന്തു് ഉദ്ദേശത്തോടുകൂടിയാണു് ലോകത്തിൽ അവതാരമെടുത്തിട്ടുള്ളതു് എന്നും നല്ലപോലെ അറിയാമായിരുന്നു.

തന്റെ സർവ്വശക്തികളേയും അതിനാൽ അദ്ദേഹത്തിന്നു് അതിനായി ഉപയോഗിക്കുവാൻ സാധിച്ചു. അങ്ങനെ തന്നെ ഉപയോഗിക്കയും ചെയ്തു.

ഈ ശിശുവിന് നന്നേ ചെറുപ്രായത്തിൽ തന്നെ അച്ഛൻ മരിച്ചുപോയി. അതിന്നുശേഷമാണു് ദേശാചാരപ്രകാരമുള്ള വിദ്യാരംഭത്തിന്നു് പള്ളിക്കൂടത്തിൽ ചെയ്യുവാൻ തുടങ്ങിയതു്. ഒരു ബ്രാഹ്മണശിശു പള്ളിക്കൂടത്തിൽ പോയേ മതിയാകൂ. വിദ്യാഭ്യാസംകൊണ്ടു് സാധിക്കാവുന്ന ഉത്തമതൊഴിലുകൾ മാത്രമേ ഒരു ബ്രാഹ്മണന്നു് പ്രവേശയോഗ്യമായിട്ടുള്ളൂ. പഴയരീതിയിലുള്ള വിദ്യാഭ്യാസം ഇന്നും ഇന്ത്യയിൽ പലേടങ്ങളിലും നടപ്പുണ്ടു്. ആ പഴയ സമ്പ്രദായം, ഒരു സന്യാസിയുടേതിനെ സംബന്ധിച്ചിടത്തോളം പ്രത്യേകിച്ചും, ഇന്നത്തെ രീതിയിൽനിന്നു് വളരെ ഭിന്നമായതാണു്. ഒന്നാമതായി അവിടെ വിദ്യാർത്ഥികൾ യാതൊരു പ്രതിഫലവും കൊടുക്കേണ്ടതായിട്ടില്ല. യാതൊരുവനാലും വിലക്കപ്പെടാതിരിക്കത്തക്കവിധം വിദ്യ അത്രയ്ക്കു് ഉൽകൃഷ്ടമായതാണെന്നാണു് വിചാരം. ഈ ജ്ഞാനം യാതൊരു പ്രതിഫലവും സ്വീകരിക്കാതെ അനർഗ്ഗളമായി വിതരണം ചെയ്യണമെന്നാണു് വെച്ചിട്ടുള്ളതു്. അതിനാൽ ഗുരുക്കന്മാർ യാതൊരു പ്രതിഫലവും കൂടാതെ ശിഷ്യന്മാരെ സ്വീകരിച്ചുവന്നു; എന്നു മാത്രമല്ല അവരിൽ തന്നെ പലരും ശിഷ്യന്മാൎക്കു് വേണ്ടുന്ന അന്നവസ്ത്രാദികൾ കൊടുത്തു് അവരെ സ്വഗൃഹത്തിൽ താമസിപ്പിച്ചു് സംരക്ഷിച്ചും ഇരുന്നു. ഈ വക ഗുരുക്കന്മാരെ സഹായിക്കുവാനായി കല്യാണം പിറന്നാൾ മുതലായ അടിയന്തിര അവസരങ്ങളിലും മററും രാജ്യത്തിലെ പ്രഭുക്കന്മാർ അവൎക്കു് ധാരാളം ദ്രവ്യം സംഭാവനചെയ്തുംപോന്നു. ഏതാനും ദാനങ്ങൾക്കു് പ്രഥമാവകാശികളായി ഈവക ഗുരുക്കന്മാരെയാണു് കരുതപ്പെട്ടിരുന്നതു്. അവർ അതുപോലെതന്നെ അവരുടെശിഷ്യന്മാരെ സംരക്ഷിക്കേണ്ടതായുംഇരുന്നു. അതിനാൽ ഏവിടെ

യെങ്കിലും വിവാഹാദി ഏതെങ്കിലും അടിയന്തിരങ്ങൾ ഉണ്ടാകുമ്പോൾ, വലിയ പ്രഭുക്കന്മാരുടെ കുടുംബങ്ങളിലാണെങ്കിൽ പ്രത്യേകിച്ചും ഈവക ഗുരുക്കന്മാരെയെല്ലാം ക്ഷണിച്ചുവരുത്തുക പതിവാണ്. അവരെല്ലാവരും ഒത്തുകൂടി ധർമ്മസംബന്ധമായ ഓരോ സംഗതികളെപ്പററി സംസാരിച്ചുകൊണ്ടിരിക്കും. ഈ കുട്ടി ഇക്കാലത്ത് ഒരിക്കൽ ഇങ്ങനെയുള്ള ഒരു വലിയ പണ്ഡിതസദസ്സിൽ പോകുകയുണ്ടായി. അപ്പോൾ അവിടെവച്ച് ഈ പണ്ഡിതന്മാർ ഈവക അതിഗഹനങ്ങളായ സംഗതികളെപ്പററി ഈ കുട്ടിയുടെ പ്രായത്തിലുള്ള വക്ക് അറിയുവാൻ സാധിക്കാത്തതായ അനേകം സംഗതികളെപ്പററി സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഈ അസാധാരണബാലൻ ഇതെല്ലാം കേട്ടപ്പോൾ "ഇതാണ് ഇവരുടെ ഈ വലിയ പഠിപ്പുകളെല്ലാം കൊണ്ടു സിദ്ധിക്കുന്നഫലം" എന്ന രഹസ്യം, ഈ അസാധാരണബാലന്നു ഇതിൽ നിന്ന് മനസ്സിലാക്കുവാൻ സാധിച്ചു. ഇവർ ഇത്രയൊക്കെ തീവ്രമായി വാദിക്കുന്നതെന്തിന്നു വേണ്ടിയാണു! പണത്തിന്നുവേണ്ടിമാത്രം. അധികം വിദ്വത്വം കാണിക്കുവാൻ സാധിച്ചവന്ന് മററുള്ളവക്ക് കിട്ടുന്നതിലും നല്ലതായ രണ്ടു മുണ്ടു കിട്ടും അത്രതന്നെ. ഇവരുടെ ഈ അത്ഥമില്ലാത്ത വഴക്കെല്ലാം ഇതിന്നുവേണ്ടി മാത്രമാണ്. അതിനാൽ ഞാൻ ഇനി പള്ളിക്കൂടത്തിൽ പോകയില്ല എന്ന് ആ ബാലൻ തീച്ചയാക്കി. അതിന്നുശേഷം പോയതുമില്ല. അദ്ദേഹത്തിന്റെ പള്ളിക്കൂടജീവിതത്തിന്റെ അവസാനം അതായിരുന്നു. എന്നാൽ ഈ ബാലന്ന് വളരെ വ്യുല്പന്നനും ശാസ്ത്രജ്ഞനുമായ ഒരു ജ്യേഷ്ഠസഹോദരൻ ഉണ്ടായിരുന്നു. അദ്ദേഹം ഈ ബാലനെ തന്റെ കനിച്ച് താമസിപ്പിച്ച് പഠിപ്പിക്കുവാനായി കല്ക്കത്തയിലേക്കു കൂട്ടിക്കൊണ്ടുപോയി. ഇതിന്നുശേഷം അല്പം ചെന്നപ്പോൾ, ഈ ലൌകിക വിദ്യാഭ്യാസം കൊണ്ടുള്ള പരമപ്രയോജനം ഭൌതികമായ അഭിവൃദ്ധിമാത്രമാണെന്നും അതിലധികമായി യാതൊന്നും തന്നെ ഇല്ലെന്നും ആ ബാലൻ നല്ലപോലെ മനസ്സിലാക്കി;

അതിനാൽ ഈ വിദ്യാഭ്യാസത്തെ നിശ്ശേഷം ഉപേക്ഷിച്ച് ആദ്ധ്യാത്മികമാർഗ്ഗത്തിലുള്ള ചിന്തയിൽ മാത്രം മനസ്സിനെ ഇരുത്തുവാനായി ആ ബാലൻ ഉറച്ചു. ഈ കുട്ടിയുടെ അച്ഛൻ മരിച്ചുപോയിരുന്നതുകൊണ്ടും പ്രത്യേകിച്ച് കുടുംബം വളരെ ദാരിദ്ര്യാവസ്ഥയിൽ കഴിഞ്ഞുകൂടുന്ന ഒന്നായിരുന്നതുകൊണ്ടും ഈ കുട്ടിതന്നെ തന്റെ സ്വന്ത ഉപജീവനത്തിന്ന് ഉപായം കണ്ടുപിടിക്കേണ്ടതായി വന്നു. അതിനാൽ അദ്ദേഹം കൽക്കത്തയ്ക്കടുത്തുള്ള ഒരു സ്ഥലത്തുചെന്ന് അവിടെ ഒരു ക്ഷേത്രത്തിലെ ശാന്തിക്കാരന്റെ വൃത്തി സ്വീകരിക്കേണ്ടതായിവന്നു. എന്നാൽ ഒരു ക്ഷേത്രത്തിൽ ശാന്തിക്കാരനാകുകയെന്നുള്ളത് ഒരു ബ്രാഹ്മണന്ന് വളരെ വളരെ പോരായ്മയാണെന്നാണ് (നീചമായതാണെന്നാണ്) വെച്ചിട്ടുള്ളത്. ഞങ്ങളുടെ ക്ഷേത്രങ്ങൾ നിങ്ങളുടെ പള്ളികൾപോലെയല്ല. അവ യഥാർത്ഥത്തിൽ പൊതുജനങ്ങൾക്കുള്ള ആരാധനസ്ഥലമല്ല. പൊതുജനങ്ങളുടെ പൊതുവിലുള്ള ആരാധനം എന്ന ഒരു സമ്പ്രദായമേ ഇന്ത്യയിൽ ഇല്ല. ധനികന്മാരായ ജനങ്ങൾ ഒരു പുണ്യകർമ്മമായി ഉണ്ടാക്കപ്പെട്ടവയാണ് ക്ഷേത്രങ്ങളിൽ അധികം ഭാഗവും.

ഒരുവന്ന് ധാരാളം പണം ഉണ്ടാകുമ്പോൾ അവൻ ഒരു ക്ഷേത്രം പണിചെയ്യിക്കുകയായി. അവൻ അതിൽ ഒരു ഈശ്വരന്റെയോ ഒരു അവതാരത്തിന്റെയോ പ്രതീകത്തെ സ്ഥാപിക്കുന്നു. പിന്നെ അതിനെ ആ ഈശ്വരപൂജയ്ക്കായി സമപ്പിക്കുകയുംചെയ്യുന്നു. റോമൻകത്തോലിക്ക പള്ളികളിൽ നടത്താറുള്ള പൂജകളെപ്പോലെയാണ്, അവരുടെ 'മാസ്സ്' എന്ന പൂജയെപ്പോലെതന്നെയാണ് അവിടെയും നടത്താറുള്ള പൂജയുടെ സമ്പ്രദായം. വേദപാരായണം, ദീപാരാധന തുടങ്ങി നാം ഒരു മഹായോഗ്യനെ പ്രത്യക്ഷത്തിൽ പൂജിക്കുന്നതുപോലെതന്നെയാണ് ക്ഷേത്രങ്ങളിലേയും പൂജാസമ്പ്രദായം. ക്ഷേത്രങ്ങളിൽ അത്രയേ ചെയ്യാറുള്ളു. ക്ഷേത്രത്തിൽ പോകുന്ന ഒരാൾ, അനേകകാരണം കൊണ്ടുമാത്രം, ക്ഷേത്ര

ത്തിൽ പോകാതിരിക്കുന്ന ഒരുവനെക്കാൾ ഭേദമായി കരുതപ്പെടുന്നില്ല. എന്നുമാത്രമല്ല, ശരിയായി പറയുകയാണെങ്കിൽ ക്ഷേത്രത്തിൽ പോകാത്തവനെയാണ് കുറെക്കൂടെ അധികം ധാൎമ്മികനായി ഗണിക്കപ്പെടേണ്ടതു്. എന്തുകൊണ്ടെന്നാൽ ഇന്ത്യയിൽ ധൎമ്മം ഓരോരുത്തരുടേയും സ്വകാൎയ്യസംഗതിയാകുന്നു. ഇന്ത്യയിൽ എല്ലാവരുടെ വീട്ടിലും ഒരു ചെറിയ മഠമൊ ഒരു ചെറിയ മുറിയെങ്കിലുമൊ ഈശ്വരഭജനത്തിന്റെ ആവശ്യത്തിലേയ്ക്കായി ഒഴിച്ചുവെയ്ക്കപ്പെട്ടിരിക്കും. അവിടെ അവൻ ദിവസേന രാവിലേയും വൈകുന്നേരവും പോയി ഒരു ഭാഗത്തു് അടങ്ങി ഒതുങ്ങിയിരുന്നു തന്റെ ഈശ്വരഭജനം നടത്തുന്നു. ഈ ആരാധനം കേവലം മാനസികമായതാണ്. അവൻ ചെയ്യുന്നതെന്താണെന്നും ജപിക്കുന്നതെന്താണെന്നും മററൊരുവൻ അറിയുകയൊ കേൾക്കുകയൊ ചെയ്യുന്നില്ല. അവൻ അവിടെ അടങ്ങിയിരിക്കുന്നതായി മാത്രം കാണാം. കവിഞ്ഞപക്ഷം അവൻ അവന്റെ കൈവിരലുകളെ ഒരു പ്രത്യേകരീതിയിൽ ചലിപ്പിക്കുന്നുണ്ടായിരിക്കും; അല്ലെങ്കിൽ നാസികദ്വാരത്തെ അടച്ചും തുറന്നും ഒരു പ്രത്യേകരീതിയിൽ ശ്വാസപരിശീലനം ചെയ്യുന്നുണ്ടായിരിക്കും. ഇതിലധികമായി അവൻ എന്താണ് ചെയ്യുന്നതെന്നൊന്നും മററൊരുവന്നു് അറിയുവാൻ സാധിക്കുകയില്ല. അവന്റെ ഭാൎയ്യയ്ക്കുകൂടെ ആ സംഗതിയിൽ അതിലും അധികരിച്ചു ബോധം ഉണ്ടായിരിക്കയില്ല. ഇങ്ങിനെ ഈശ്വരഭജനമെല്ലാം സ്വഗൃഹത്തിൽ ഏകാന്തമായി ആരും അറിയാതെയാണ് നടത്താറുള്ളതു്. ഇങ്ങിനെ സ്വഗൃഹത്തിൽ പ്രത്യേകസ്ഥലം ഒഴിച്ചുവെയ്ക്കുവാൻ സാധിക്കാത്തവർ സൌകൎയ്യംപോലെ അതിന്നായി നദീതീരത്തിലൊ തടാകതീരത്തിലൊ സമുദ്രതീരത്തിലൊ പോകാറാണ് പതിവു്. ചിലപ്പോൾ ചിലർ ക്ഷേത്രങ്ങളിൽ പോകാറുള്ളതു് അവിടത്തെ പ്രതീകത്തെ ബഹുമാനിക്കുവാൻവേണ്ടിമാത്രമാണ്. ക്ഷേത്രത്തോടുകൂടിയുള്ള അവരുടെ ധൎമ്മം അതോടുകൂടിത്തന്നെ അവസാനി

ക്കുകയും ചെയ്യുന്നു. അതിനാൽ ഒരു ക്ഷേത്രത്തിൽ ശാന്തിക്കാരനായിരിക്കുന്നതു് ഒരു താഴ്ന്നതരം ജീവിതമായാണു് പ്രാചീനകാലംമുതല്ലേ ഞങ്ങളുടെ രാജ്യത്തു് കരുതിപ്പോരാറുള്ളതു്. മാനവധർമ്മശാസ്ത്രത്തിൽ ആ അപാത്ര്യൻ വിധിച്ചിട്ടുള്ളതും അങ്ങിനെതന്നെയാണു്. ക്ഷേത്രങ്ങളിൽ ശാന്തിക്കായിപ്പോകുന്ന ബ്രാഹ്മണൻ അധിക്ഷേപയോഗ്യനാണെന്നുകൂടെയും ഏതാനും നിയമങ്ങൾ വിധിക്കാതിരിക്കുന്നില്ല. എന്നാൽ വിദ്യാഭ്യാസത്തെപ്പററിയുള്ളതുപോലെതന്നെ ഇതിനെപ്പറ്റിയിലും മറെറാരാശയം കൂടെ ബലവത്തരമായി വേരൂന്നി നില്ക്കാതെയില്ല. അമ്പലത്തിലെ ശാന്തിക്കാർ അവിടെ ചെയ്യുന്ന ഈശ്വരസേവ ആദ്ധ്യാത്മികദൈവികസംഗതികളെക്കൊണ്ടു് വ്യാപാരംചെയ്യുന്നതുപോലെയാണെന്നുള്ള ഒരു വിശ്വാസം, വിദ്യാഭ്യാസവിഷയമായി നാം കണ്ടതുപോലെ അതിലും കുറേക്കൂടെ ബലവത്തരമായി ഇവിടെയും സ്ഥലം പിടിച്ചുകിടക്കുന്നു. ഈസ്ഥിതിക്കു, തനിക്കു ഉപജീവനാർത്ഥം സ്വീകരിക്കുവാൻ സാധിക്കുന്നതായുള്ള ഏകമാർഗ്ഗമായ ക്ഷേത്രത്തിലെ ശാന്തിക്കാരൻെറ ഉദ്യോഗം ദാരിദ്ര്യംനിമിത്തം സ്വീകരിക്കുവാൻ നിർബന്ധിതനായിത്തീർന്നപ്പോൾ ആ കുട്ടിക്കുണ്ടായ മനോവികാരത്തെപ്പററി നിങ്ങൾ ഊഹിക്കുകയാണു അല്ലതു്.

ബംഗാളത്തിൽ അനേകം കവികളുടെ നല്ല നല്ല ഹൃദയാകർഷകമായ ഗാനങ്ങൾ ഇന്നും സന്താനപരമ്പരയാ അഭ്യസിച്ചു് ചൊല്ലിക്കൊണ്ടു നടക്കുന്നപതിവുണ്ടു്. അവയെ കൽക്കത്തായിലേയും മററുപട്ടണങ്ങളുടേയും തെരുവീഥികളിൽ ഇന്നും പാടുന്നതു കേൾക്കാം. ഇവയിൽ അധികവും മതസംബന്ധമായ കീർത്തനങ്ങളാണു്. അവയുടെ എല്ലാം ലക്ഷ്യം—ഇതുപക്ഷെ ഇന്ത്യയുടെ ധർമ്മസമ്പ്രദായത്തിനു് പ്രത്യേകം ഉള്ളതായിരിക്കാം—ഈശ്വരാനുഭൂതിയാണു്. ഈ ആശയത്തെ പ്രസ്പഷ്ടമായി വ്യവഹരിക്കാത്ത ഒരൊററ മതഗ്രന്ഥംപോലും ഇന്ത്യയിൽ കാണപ്പെടുകയില്ല. മനുഷ്യൻ

ഈശ്വരനെ അനുഭവപ്പെടുത്തണം, ഈശ്വരനെ അറിയണം, ഈശ്വരനെ കാണണം, ഈശ്വരനുമായി സംസാരിക്കണം. അതാണ് ഇന്ത്യയിലെ ധർമ്മത്തിന്റെ ഹൃദയം. ഇന്ത്യയിലെ അന്തരീക്ഷംതന്നെ ഈശ്വരന്റെ പ്രത്യക്ഷദർശനം ഉണ്ടായിട്ടുള്ള പുണ്യാത്മാക്കളുടെ പുണ്യചരിത്രങ്ങൾ കൊണ്ടു നിറയപ്പെട്ടതാണ്. അങ്ങിനെയുള്ള സിദ്ധാന്തങ്ങളാണ് അവരുടെ ധർമ്മത്തിന്ന് ആധാരമായിരിക്കുന്നത്. എന്നുമാത്രമല്ല അവരുടെ ആ പഴയ ഗ്രന്ഥങ്ങളെല്ലാം തന്നെ ആദ്ധ്യാത്മികതത്വങ്ങളെ നേരിട്ടുകണ്ടു് അനുഭവിച്ചമന്ത്രദ്രഷ്ടന്മാരുടെ കൃതികളാണ്. ഈ ഗ്രന്ഥങ്ങൾ വിദ്വാന്മാരുടെ ബുദ്ധികൊണ്ടുള്ള മല്ലപിടുത്തത്തിനു വേണ്ടി ഉണ്ടാക്കപ്പെട്ടവയല്ല. എന്നുതന്നെയല്ല എത്രതന്നെ ആലോചിച്ചാലും എത്രയൊക്കെ ബുദ്ധി ഉപയോഗിച്ചാലും അവയിലെ തത്വങ്ങളെ അറിയുവാൻ സാധിച്ചു എന്നും വരികയില്ല. അതിനുള്ള കാരണം, അവയെ രേഖപ്പെടുത്തിയവർ അവയെ നേരിട്ട് അറിഞ്ഞു് രേഖപ്പെടുത്തിയതുതന്നെയാകുന്നു. അതിനാൽ ആ സ്ഥാനത്തെത്തുവാൻ സാധിച്ചവരെക്കൊണ്ടു മാത്രമേ അവയെ ശരിയായി അറിയുവാനും സാധിക്കുകയുള്ളൂ. ഈശ്വരാനുഭൂതി എന്ന ഒന്നുണ്ടെന്നും അതു് ഈ ജന്മത്തിൽ തന്നെ സാദ്ധ്യമാണെന്നും അതു് എല്ലാവക്കും പ്രാപിക്കാകുന്ന ഒന്നേയുള്ളു എന്നും, അതോടുകൂടിയാണ് ധർമ്മം ആരംഭിക്കുന്നതെന്നും അവർ പറയുന്നു. എല്ലാ ധർമ്മസിദ്ധാന്തങ്ങളിലെയും കേന്ദ്രസ്ഥാനമായ അംശവും ഇതുതന്നെയാണ്. പ്രശംസാർഹമായ വാചാലതയോടും അലംഘനീയവും ഹൃദയാകർഷകവുമായ യുക്തിവാദങ്ങളോടും ഏററവും അത്യുൽകൃഷ്ടങ്ങളായ തത്വങ്ങളെ ശരവർഷം പ്രസംഗിക്കുന്ന ഒരുവന്ന് അവന്റെ പ്രസംഗം കേൾക്കുവാൻ പത്താളുകളെ തികച്ചുംകിട്ടാതിരിക്കുന്നതിന്റെയും, ഒരു ശുദ്ധസാധുവും ദരിദ്രനും സ്വഭാഷതന്നെ നല്ലപോലെ സംസാരിക്കുവാൻ അറിയാത്തവനുംആയ മററൊരുവനെ ഈശ്വരാവതാരമായി ജനസമുദായത്തിൽ ഏറിയകൂറും ജനങ്ങൾ ആരാധിക്കുന്നതിന്റെയും

രഹസ്യം ഇതാണ്. ഈവിധം അനുഭൂതിയോടുകൂടിയ ഒരാൾ ഉണ്ടായിട്ടുണ്ടെന്നും, അദ്ദേഹത്തിന്ന് മതതത്വങ്ങളെല്ലാം വെറും ഊഹത്തിന്നുമാത്രം നിദാനമായവയാകാതെ പ്രത്യക്ഷാനുഭവങ്ങൾ ആയിട്ടുണ്ടെന്നും, ധർമ്മം, ആത്മാ, ഈശ്വരൻ ഇത്യാദിസംഗതികളെപ്പററി അദ്ദേഹത്തിന്ന് ശരിയായ ബോധം ഉണ്ടെന്നും, ഇങ്ങിനെ ഒരാൾ ഉണ്ടായിട്ടുണ്ടെന്നുള്ള വിവരം എങ്ങിനെയെങ്കിലും ഇന്ത്യയിൽ പരക്കെ അറിയപ്പെട്ടുകഴിഞ്ഞാൽ (പുറത്തായികഴിഞ്ഞാൽ) നാനാഭാഗങ്ങളിൽ നിന്നു അദ്ദേഹത്തെ കാണുവാനും ആരാധിക്കുവാനും ആയി ജനങ്ങൾ വന്നുചേരുവാൻ തുടങ്ങുകയായി.

നമ്മുടെ ആലോചനയ്ക്ക് വിഷയമായ ക്ഷേത്രത്തിൽ ആനന്ദമയിയുടെ ഒരു വിഗ്രഹമായിരുന്നു ഉണ്ടായിരുന്നത്. ഈ ദിവ്യവിഗ്രഹത്തെയാണ് ഈ ശിശു കാലത്തും വൈകുന്നേരവും പൂജിക്കുവാൻ തുടങ്ങിയതു്. അതിനാൽ ക്രമേണ യായി "ഈ വിഗ്രഹത്തിന്നന്തർഭാഗത്ത് പരമാത്ഥത്തിൽ വല്ലതും ഉണ്ടോ? പ്രപഞ്ചത്തിൽ ആനന്ദത്തിൻെറ മാതാവുണ്ടെന്നുള്ളതു് പരമാർത്ഥംതന്നെയാണൊ? ആ മാതാവാണ് ഈ പ്രപഞ്ചത്തെ നയിക്കുന്നതെന്നു പറയുന്നതു് പരമാത്ഥം തന്നെയാണോ? അതോ ഇതെല്ലാം വെറും സ്വപ്നംമാത്രമൊ? ധർമ്മത്തിൽ പരമാർത്ഥസത്തയായി വല്ലതും ഉണ്ടോ? എന്നിങ്ങിനെയുള്ള വിചാരംകൊണ്ടു് ആ യുവാവിൻെറ മനസ്സ് പരിപൂർണ്ണമായികഴിഞ്ഞു. ഇങ്ങിനെയുള്ള വിചാരങ്ങൾ ഒരു ഹിന്ദുവിന്നു് വരുവാൻ വളരെ എളുപ്പമാണ്. നാം ചെയ്യുന്നതു് പരമാർത്ഥംതന്നെയാണൊ? എന്ന ഈ ചിന്ത ഞങ്ങളുടെമതത്തിന്നു് സ്വാഭാവികമായുള്ള ഒരുസംശയമാണ്. എന്നാൽ വെറും സിദ്ധാന്തങ്ങൾകൊണ്ടൊന്നും ഞങ്ങൾക്ക് തൃപ്തിയാകയില്ല. ആത്മാവിനെ പററിയും ഈശ്വരനെപ്പററിയും അനേകം സിദ്ധാന്തങ്ങളെല്ലാം ഉണ്ടാക്കിക്കഴിഞ്ഞി

ട്ടുണ്ടു്. അതെല്ലാം ഞങ്ങൾക്കറിയാമെങ്കിലും അവകൊണ്ടൊന്നും ഞങ്ങൾ തൃപ്തരാകയില്ല. അതുപോലെതന്നെ ഗ്രന്ഥങ്ങളെക്കൊണ്ടും ഞങ്ങളെ തൃപ്തിപ്പെടുത്തുവാൻ സാധിക്കുകയില്ല. ഞങ്ങളുടെ ഇടയിൽ സ്ഥലംപിടിച്ചിരിക്കുന്നതു് അനുഭൂതി എന്ന ഏകസംഗതിയാണു്. അതല്ലാതെ മറെറാന്നിനെക്കൊണ്ടും ഞങ്ങൾക്കു് തൃപ്തിവരുവാൻ പ്രയാസമാണു്. ഈശ്വരൻ ഉണ്ടെന്നുള്ളതു് പരമാൎത്ഥമാണൊ? എനിക്കു് ഈശ്വരനെ കാണുവാൻ സാധിക്കുമോ? പരമാൎത്ഥത്തെ എനിക്കു അനുഭവപ്പെടുത്തുവാൻ സാധിക്കുമൊ? ഇതെല്ലാം പ്രായോഗികയോഗ്യതയില്ലാത്തതാണെന്നു് നിങ്ങളുടെ പാശ്ചാത്യമനസ്സു് ചിന്തിക്കുമായിരിക്കാം. എന്നാൽ ഞങ്ങൾക്കു് ഇതെല്ലാം ഏററവും പ്രായോഗികങ്ങൾ തന്നെയാണു്. ഈ ഒരാശയത്തിനുവേണ്ടി തങ്ങളുടെ ജീവിതത്തെ ഉപേക്ഷിക്കുവാൻ കൂടെയും അവിടെ ജനങ്ങൾ സന്നദ്ധരാണു്. ഈ ആശയത്തെ അനുഭവപ്പെടുത്തുവാനായി, നാം സാധാരണ വിചാരിക്കാറുള്ളതുപോലെ അതിനെ മനസ്സിലാക്കുവാനല്ല, വെറുതെ ബുദ്ധികൊണ്ടു് മനസ്സിലാക്കിയാൽ മാത്രം പോരാ, യഥാൎത്ഥവസ്തുവെപ്പററി ബുദ്ധികൊണ്ടു് ഏതാണ്ടൊക്കെ ആലോചിച്ചറിയുകയല്ല, അങ്ങിനെ ഇരുട്ടിൽക്കിടന്നു് കുഴങ്ങിയതുകൊണ്ടു് മതിയാകയില്ല, അവക്കു് യഥാൎത്ഥമായ അനുഭൂതിതന്നെ ഉണ്ടാകണം. ഈ ലോകം നമ്മുടെ ഇന്ദ്രിയങ്ങൾക്കു് എത്രമാത്രം യഥാൎത്ഥമാണൊ അതിലും തീവ്രമായ അനുഭൂതി ഉണ്ടാകുവാനായി തങ്ങളുടെ നാനാവിധജീവിതസുഖങ്ങളേയും ഭൌതികാശകളേയും ഉപേക്ഷിച്ചു് ഗുഹാന്തരങ്ങളിൽ പോയി ഇരുന്നവരായും നദീതീരങ്ങളിലും വനാന്തരങ്ങളിലും പോയിരുന്നവരായും അനേകായിരം ജനങ്ങൾ പ്രാചീനകാലംമുതല്ക്കേ ഇൻഡ്യയിൽ ഉണ്ടായിരുന്നുവെന്നു് ഞാൻ അല്പം മുമ്പെ പറഞ്ഞുവെല്ലൊ. ആ ആശയത്തോടു് അവക്കുള്ള യോജിപ്പു് അത്രയ്ക്കാണു്. ഞാൻ ഇപ്പോൾ ആ ആശയത്തെപ്പററി ഇതിലധികമായി ഒന്നും പറയേണമെന്നു് വിചാരിക്കുന്നില്ല.

എന്നാൽ അവരിലെല്ലാം പതിഞ്ഞുകിടക്കുന്ന ഏകാശയം അതാണെന്ന് മാത്രം നിങ്ങൾ ഇപ്പോൾ മനസ്സിലാക്കിയാൽ മതി. ആയിരായിരം ജനങ്ങൾ ഇതിനാൽ കൊല്ലപ്പെട്ടവരായാലും, ഉടനേതന്നെ അവരുടെ സ്ഥാനത്ത് വേറെ ആയിരായിരം ജനങ്ങൾ പുതിയതായി സ്ഥലം പിടിച്ചിരിക്കുന്ന പ്രകാരം നിങ്ങൾക്ക് കാണാം. ഇങ്ങിനെ ഈ ഒരു ആശയത്തെ അടിസ്ഥാനമാക്കിയാണ് ആ രാഷ്ട്രം മുഴുവനും കഴിഞ്ഞഅനേകായിരം സംവത്സരങ്ങളായി തങ്ങളെത്തന്നെ നിഷേധിച്ചും ബലികഴിച്ചും വന്നിരുന്നത്. ഈ ഒരേ ആശയം നിമിത്തമായിത്തന്നെ പ്രതിവർഷം അനേകായിരം ഹിന്ദുക്കൾ സ്വഗൃഹങ്ങളെ ഉപേക്ഷിക്കുന്നവരായും അവരിൽ അനേകം ജനങ്ങളും ആ മാർഗ്ഗത്തിൽ അവർ അനുഭവിക്കുവാനിടയാകുന്ന കഷ്ടപ്പാടുകളാൽ മരിക്കുന്നവരായും തീരുന്നു. ഇതെല്ലാം പാശ്ചാത്യരായ നിങ്ങൾക്ക് വളരെ വളരെ നേരമ്പോക്കായി തോന്നുമായിരിക്കാം. നിങ്ങളുടെ അഭിപ്രായം ഇതെല്ലാം വെറും ഭ്രാന്തിയും അപ്രായോഗികവും ആണെന്നായിരിക്കാം. എന്നാൽ നിങ്ങൾക്ക് ഇങ്ങിനെ തോന്നുവാൻ കാരണമെന്താണെന്ന് എനിക്ക് മനസ്സിലായിട്ടുണ്ട്. ഞാൻ നിങ്ങളുടെകൂടെ ഈ പാശ്ചാത്യരാജ്യത്ത് വളരെക്കാലം താമസിച്ചിട്ടും എൻെറ അഭിപ്രായം ഈ ആശയം ഏററവും പ്രായോഗികമായതുതന്നെയാണെന്നാണ്.

മറേറതെങ്കിലും ഒരു സംഗതിയെപ്പററി ഞാൻ ചിന്തിക്കുന്ന ഓരോ നിമിഷവും, അവ ഭൌതികവിജ്ഞാനത്തിൻെറ മാഹാത്മ്യത്തെ പററിയുള്ള ചിന്തയായിരുന്നാൽ കൂടെയും എൻെറ ജീവിതത്തിൽ എനിക്ക് നഷ്ടമായിപ്പോകുകയാണ് ചെയ്യുന്നത്. ഈ ഒരു ആശയത്തിൽനിന്ന് അകററിനിത്തുന്ന ഏതൊന്നും വെറുതെ മിത്ഥ്യയാനവതന്നെയാണ്. ഒരു ദേവൻെറ അറിവുണ്ടായാലും ശരി, ഒരു മൃഗത്തിൻെറ അറിവുകേട്ട് ഉണ്ടായാലുംശരി, ഈ ഒരു ആശയമില്ലെങ്കിൽ അ

ജീവിതംമിത്ഥ്യതന്നെയാകുന്നു. ഏററവും ദാരിദ്ര്യാവസ്ഥയിൽ ജീവിക്കുന്ന ഒരു ഇരപ്പാളിയുടെ ദാരിദ്ര്യം ഉണ്ടായാലും ശരി, ജീവിച്ചിരിപ്പുള്ളവരിലെല്ലാം വെച്ചു് പണക്കാരനായവൻെറ പ്രഭുത്വം ഉണ്ടായാലും ശരി, ആ ജീവിതം മിത്ഥ്യയാകുന്നു. പാശ്ചാത്ത്യരാജ്യങ്ങളിലെ വലിയ പട്ടണങ്ങളിൽ ജീവിക്കുന്ന ഒരു മഹാദരിദ്രനായാലുംശരി, അനേകസഹസ്രം ജനങ്ങളെ ഭരിക്കുന്ന രാജാവായിരുന്നാലും ശരി, ആ ജീവിതവും മിത്ഥ്യ തന്നെ. ഏററവും നല്ല ആരോഗ്യമുണ്ടായാലുംശരി, എത്രതന്നെ ഹീനമായ അനാരോഗ്യമുണ്ടായാലുംശരി, അജ്ജീവിതംകൊണ്ടും പ്രയോജനമില്ല. നിങ്ങൾക്കു് എത്ര സുന്ദരമായ സൽസ്വഭാവമുണ്ടായാലും ശരി, നിങ്ങൾ എത്രതന്നെ ക്രൂരനായിരുന്നാലും ശരി, അതും പ്രയോജനശൂന്യംതന്നെ. ജീവിതത്തെ തത്ഥ്യമാക്കുവാൻ, സഫലമാക്കുവാൻ ഏകോപായം മാത്രമേയുള്ളു എന്നും അതു് ധർമ്മം ഒന്നുമാത്രമാണെന്നും ഞങ്ങൾ ഹിന്ദുവിന്നു എപ്പോഴും പറയുവാനുള്ളു്. ഇവ പരമാത്ഥമായിത്തീരുമ്പോൾ ജീവിതം വ്യാഖ്യാനിക്കപ്പെട്ടതായും സഹനയോഗ്യമായും അനുഭവയോഗ്യമായും തീരുന്നു. അല്ലാത്ത പക്ഷം ആ ജീവിതം നിഷ്പ്രയോജനകരമായ ഒരു ഭാരം മാത്രം. ഇങ്ങിനെയാണു് ഞങ്ങളുടെ ആശയം. എന്നാൽ ഇതിനെ എത്ര യുക്തിവാദംകൊണ്ടും തെളിയിക്കുവാൻ സാധിക്കുകയില്ല. യുക്തിവാദത്തിന്നു് അതിനെ "ഇങ്ങനെവരെനീക്കാം" എന്ന നിലയിൽ ആക്കിത്തീക്കാം. അവിടെ അവസാനിക്കുന്നു. ഏതു സംഗതിയെപ്പററയുള്ള ജ്ഞാനമായിരുന്നാലും വേണ്ടതില്ല ആ സംഗതിയെപ്പററി യുക്തിവാദംകൊണ്ടു സാധിക്കുവാൻ കഴിയുന്നതു് ആ വസ്തുവെ വാസ്തവമായേക്കാമെന്നാക്കിത്തീക്കുകമാത്രമാണു്. അല്ലാതെ അതിലധികമായി ഒന്നും തന്നെ സാധിക്കുകയില്ലതന്നെ. ഭൌതികവിജ്ഞാനീയത്താൽ ഏററവും വ്യക്തമായി തെളിയിക്കപ്പെട്ടാവുന്ന സംഗതികളെല്ലാന്തന്നെ വെറും സങ്കല്പങ്ങളല്ലാതെ ഇന്നേവരേയും പരമാത്ഥങ്ങളായി കഴിഞ്ഞിട്ടില്ല. പരമാത്ഥബോധം ഇന്ദ്രിയങ്ങളിലാണു്. തത്വ

ങ്ങളെ തത്വങ്ങളായി അറിയണമെങ്കിൽ കാണണം; അതു പോലെ ധർമ്മം നമ്മൾക്കുതന്നെ തെളിയപ്പെട്ടതായി തീരണമെങ്കിൽ നാം അതിനെ ഇന്ദ്രിയവിഷയമാക്കിത്തീർക്കുകതന്നെ വേണം. ഈശ്വരൻ ഉണ്ടെന്നു വെറുതെ പറഞ്ഞാൽ പോരാ; യുക്തിവാദംകൊണ്ടു് തെളിയിച്ചാലും പോരാ. യുക്തിവാദംകൊണ്ടു് സ്ഥാപിക്കുമ്പോൾ ഈശ്വരൻ മുൻപറഞ്ഞപോലെ ഉണ്ടാകാമെന്നായിത്തീരുന്നതേയുള്ളു. അതിനാൽ ഈശ്വരനുണ്ടെന്നു് ഉറപ്പുവരണമെങ്കിൽ ഈശ്വരനെ ഇന്ദ്രിയവിഷയമാക്കിത്തീർക്കണം. അതുപോലെ ധർമ്മതത്വങ്ങൾ പരമാർത്ഥങ്ങൾതന്നെയാണെന്നു് ബോദ്ധ്യം വരേണമെങ്കിൽ നമുക്കു് അവയേയും ഇന്ദ്രിയവിഷയമാക്കിത്തീർക്കുകതന്നെ വേണം. മറെറാന്നുകൊണ്ടും, എത്രതന്നെ യുക്തിവാദംകൊണ്ടും, നമുക്കു് വിശ്വാസം വരികയില്ല. നമ്മുടെ സ്വന്ത അനുഭൂതിതന്നെ ഉണ്ടാകണം. അതുകൊണ്ടു മാത്രമേ നമ്മുടെ വിശ്വാസത്തെ ഒരു പാറപോലെ ഉറപ്പിക്കുവാൻ സാധിക്കുകയുള്ളൂ. ഇതാണു് എൻെറ വിശ്വാസം. ഇന്ത്യക്കാരുടെ വിശ്വാസവും ഇതുതന്നെയാകുന്നു

ഈ യുവാവിനേയും ഈ ആശയംതന്നെ പിടികൂടി. എന്നുമാത്രമല്ല, അദ്ദേഹത്തിൻെറ ജീവിതംമുഴുവനും അതിനെ മാത്രം കേന്ദ്രമാക്കിവലയം ചെയ്യുകയും ചെയ്തു. ദിവാനിശം ആ യുവാവു് ഈ ഒരേ ചിന്തയാൽ അപഹൃതനായി, “അമ്മേ! അമ്മയുണ്ടെന്നുള്ളതു് പരമാർത്ഥംതന്നെയാണോ? അതോ അതെല്ലാം വെറും കവിതമാത്രമോ? ആനന്ദമയിയായി ഒരു അമ്മയെ ചില കല്പനാശീലന്മാരായ കവികൾ വെറുതെകല്പിച്ചതാണോ? അതോ വെറും മൂഢന്മാരുടെ അന്ധവിശ്വാസമാണോ? അല്ലാതെ ഇതിൽവല്ല പരമാർത്ഥവും ഉണ്ടോ?” എന്നിങ്ങിനെ വിളിച്ചുപറഞ്ഞുകൊണ്ടു് നിലവിളിക്കുവാൻ തുടങ്ങി. ഇദ്ദേഹത്തിന്നു് ഗ്രന്ഥാഭ്യാസം എന്നുമാത്രമല്ല, ഇന്നു് വിദ്യാഭ്യാസമായി കരുതിപ്പോരുന്ന യാതൊന്നും ഉണ്ടായിട്ടില്ലെന്നു് നാം കണ്ടുവല്ലോ. അതിനാൽ അദ്ദേഹത്തിൻെറ

മനസ്സ് അത്രയ്ക്കുമാത്രം അധികം പ്രകൃതിക്കനുഗുണമായതും അത്രയ്ക്കുമാത്രം അധികം ആരോഗ്യത്തോടുകൂടിയതും ആയിരുന്നു; മററുള്ളവരുടെ വിചാരഗതികളെ സ്വായത്തമാക്കാതിരുന്നതുകൊണ്ടു് അവരുടെ വിചാരം അത്യധികം നിർമ്മലവും അത്യധികം പരിശുദ്ധവും ആയിരുന്നു. അദ്ദേഹം സർവ്വകലാശാലകളിലൊന്നും പോകയുണ്ടായില്ല; അതുകൊണ്ടു് അദ്ദേഹം സ്വയമേവ ആലോചിച്ചു. നമ്മുടെ ആയുഷ്കാലത്തിൽ പകുതിഭാഗവും നാം സർവ്വകലാശാലകളിൽ കഴിച്ചുകൂട്ടുന്നു. അതിനാൽ മററുള്ളവരുടെ ആലോചനകളുടെ സമുച്ചയത്തെ ശേഖരിച്ചുവെച്ച ഒരു പെട്ടിപോലെയും ആകുന്നു. "ഇദ്ദേഹം വളരെ ശുദ്ധനും വളരെ നവീനതയുള്ള ഒരു ആളും ആയിരുന്നു; ഈ നവീനതയുടേയും പരിശുദ്ധിയുടേയും മാഹാത്മ്യം അദ്ദേഹം സർവ്വകലാശാലക്കോട്ടയ്ക്കുള്ളിൽ വളർത്തപ്പെട്ട ഒരാളല്ലായിരുന്നു എന്നുള്ളതാണ്" എന്നു് പ്രൊഫസർ മാക്സ്മുള്ളർ എന്നവർ മുൻപറയപ്പെട്ടതായ ഉപന്യാസത്തിൽ പറഞ്ഞിട്ടുള്ളതു് വളരെവളരെ പരമാർത്ഥമാകുന്നു. ഇങ്ങിനെ ഈ ഒരു വിചാരം, അതായതു് ഈശ്വരനെ കാണുവാൻ സാധിക്കുമൊ എന്നുള്ള ഒരു വിചാരം, അദ്ദേഹത്തിന്റെ മനസ്സിൽ സർവ്വപ്രധാനമായിത്തീരുകയും അതിനു് ദിവസേന ശക്തിവർദ്ധിച്ചുകൊണ്ടു വരികയും ചെയ്തു. ഇങ്ങിനെ കുറച്ചുകഴിഞ്ഞപ്പോഴേയ്ക്കു് ആ യുവാവിന്നു് ഇതൊന്നല്ലാതെ മറെറാരു ചിന്തയും ഇല്ലാതേയും ചിന്തിക്കവയ്യാതേയും ആയി; ക്ഷേത്രത്തിലെ പൂജാദികർമ്മങ്ങൾ ശരിക്കു് നടത്തുവാൻ സാധിക്കാതെയായി; പലപ്പോഴും ദേവിക്കുള്ള നിവേദ്യംതന്നെ ചെയ്യുവാൻ വിട്ടുതുടങ്ങി; ചിലപ്പോൾ ദീപാരാധനയ്ക്കു് മറന്നുപോകും; മററു ചിലപ്പോൾ ദീപാരാധനതുടങ്ങിയാൽ അവസാനിപ്പിക്കുവാൻ വിട്ടുപോകും. പിന്നെ മറെറല്ലാം മറന്നു അതുതന്നെയായി പ്രവൃത്തി. ഇങ്ങിനെയായി സ്വഭാവം.

"അമ്മെ! അമ്മയുണ്ടെന്നുള്ളതു് പരമാർത്ഥംതന്നെയാണോ? എന്നാൽ അമ്മ സംസാരിക്കാതിരിക്കുന്നതു് എന്തു

കൊണ്ടാണു്? അമ്മ മരിച്ചു. നിശ്ചേതനയാണോ?" എന്നു ഒരു
വിചാരം മാത്രമെ ശാന്തിക്കാരനവശേഷിച്ചുള്ളു. ഈ അചേ
തനവും വിമൂഢവുമായ യുക്തിശാസ്ത്രത്തിന്റെ നാനാവിധ
ങ്ങളായുള്ള ratiocinations കൊണ്ടു ബുദ്ധിമുട്ടുമ്പോൾ,
ഗ്രന്ഥങ്ങളിൽ നീന്തിക്കളിച്ചു് ക്ഷീണിച്ചു് ബുദ്ധിമുട്ടു
മ്പോൾ—ഈ ഗ്രന്ഥങ്ങൾ നമ്മളെ യഥാർത്ഥത്തിൽ യാതൊ
ന്നും പഠിപ്പിക്കുന്നില്ല, ഗ്രന്ഥപാരായണം ബുദ്ധികൊണ്ടുള്ള ഒരു
കറുപ്പുതീററിപോലെയായിത്തീരുകയാണു്, അതു് നിശ്ചിത
സമയങ്ങളിലെല്ലാം കിട്ടിയേമതിയാകൂ; ഇല്ലാത്തപക്ഷം
ചത്തുപോയിക്കളയും—ഇങ്ങിനെയുള്ള വ്യാപാരങ്ങളാലെല്ലാം
മനസ്സുമുട്ടുമ്പോൾ നമ്മുടെ ഹൃദയാന്തർഭാഗത്തിൽ നിന്നു
തന്നെ "എനിക്കു് ദിവ്യദീപ്തി ഉണ്ടാക്കിത്തരുവാൻ കഴിവുള്ള
തായി പ്രപഞ്ചത്തിൽ യാതൊരു ശക്തിയും ഇല്ലയോ?, ഉണ്ടെ
ങ്കിൽ ആ ജ്യോതിസ്സു് എനിക്കു് പ്രത്യക്ഷമായി ഭവിക്കട്ടെ;
അവിടുന്നു് സംസാരിക്കാതിരിക്കുന്നതെന്തുകൊണ്ടാണു്? അവി
ടുന്നു് ഇത്ര ദുർല്ലഭനായിരിക്കുന്നതിന്റെ ആവശ്യം എന്താ
ണു്? അങ്ങു് ഇത്രയൊക്കെ ദൂതന്മാരെ അയച്ചു് ഒളിവിൽഇരി
ക്കുന്നതെന്തിനാണു്? അവിടേയ്ക്കുതന്നെ നേരിട്ടുവന്നാൽ എന്താ
ണു്? യുദ്ധവും കലഹവുംകൊണ്ടു് നിറഞ്ഞിരിക്കുന്നഈ ലോക
ത്തിൽ ഞാൻ ആരെയാണു് അനുഗമിക്കേണ്ടതു്? ആരെയാണു്
വിശ്വസിക്കേണ്ടതു്?അവിടുന്നു് എല്ലാ സ്ത്രീപുരുഷന്മാരുടേയും
ഒരുപോലെയുള്ളഈശ്വരനാണെങ്കിൽ അങ്ങുതന്നെ നേരിട്ടുവ
ന്നു് അങ്ങയുടെസ്വന്തസന്താനങ്ങളോടു് സംസാരിക്കാതിരിക്കു
വാനുള്ള കാരണമെന്താണു്? അവർ തയ്യാറായിട്ടുണ്ടോ എന്നു്
നേരിട്ടുവന്നു അന്വേഷിക്കാതിരിക്കുന്നതു് എന്തുകൊണ്ടാണു്?"
എന്ന വിചാരകോടികൾ പറയപ്പെടാറുള്ളപ്രകാരം നമ്മുടെ
ഓരോരുത്തരുടേയും ജീവിതത്തിൽതന്നെ അനുഭവപ്പെട്ടിട്ടുള്ള
വരായിഇവിടെ കൂടിയ നിങ്ങളിൽതന്നെ ചിലരെല്ലാം ഉണ്ടാ
യിരിക്കാവുന്നതാണു്. മനസ്സിന്നു് വലിയ ഇടിവുകൾ ഉണ്ടാകു
ന്നസന്ദർഭങ്ങളിൽ ഈവകവിചാരങ്ങൾ നമുക്കെല്ലാവർക്കും

ഉണ്ടാകുകതന്നെ ചെയ്യും. എന്നാൽ മറു നിമിഷത്തിൽ തന്നെ നാം അവയെ വിസ്മരിച്ചുകളകയാണ് ചെയ്യുന്നതു്. നമ്മുടെ ചുററുമുള്ള പരിതസ്ഥിതികളുടെ പ്രേരകശക്തി അത്രയുണ്ടു്! ഒരു നിമിഷനേരത്തേയ്ക്കു്, അതേ ഒരു നിമിഷനേരത്തേയ്ക്കു്; സ്വൎഗ്ഗത്തിൻെറ വാതിൽ തുറക്കപ്പെട്ടവാൻ പോകുന്നതുപോലെ, ഒരു നിമിഷനേരത്തേയ്ക്കുമാത്രം, നമുക്ക് തോന്നിപ്പോകുന്നു. ഒരു നിമിഷനേരത്തേയ്ക്കു നാം ആ ചൈതന്യധോരണിയിൽ നിപതിക്കുവാൻ പോകുന്നതുപോലെ, ഒരു നിമിഷനേരത്തേയ്ക്കു്, നമുക്കു തോന്നിപ്പോകുന്നു. എന്നാൽ ആ ഒരു നിമിഷം കഴിയുമ്പോൾ ആ ദിവ്യദർശനത്തെ നമ്മുടെ ഉള്ളിലുള്ള മൃഗമനുഷ്യൻ ഭഞ്ജിക്കുകയാണ് ചെയ്യുന്നതു്. വീണ്ടും നിപതിക്കുകയായി. വീണ്ടും ആ മൃഗീയമനുഷ്യൻ തന്നെ. തിന്നുക, കുടിക്കുക, ചാകുക; ചാകുക, കുടിക്കുക, തിന്നുക; ഇതുതന്നെ. എന്നാൽ ദുർല്ലഭം ചില മനസ്സുകൾ ഉണ്ടു്. അവ അത്രവേഗമൊന്നും പിന്തിരിയുകയില്ല; മാത്രമല്ല ഒരിക്കൽ അങ്ങോട്ടാകർഷിക്കപ്പെട്ടുകഴിഞ്ഞാൽ പിന്നെ ഒരിക്കലും പിൻതിരിയുകയേയില്ല. വഴിക്കുള്ള മോഹനവസ്തുക്കൾ എന്തുതന്നെ എത്രതന്നെ ആയാലും വേണ്ടതില്ല. അവയ്ക്കു് സത്യം കണ്ടേമതിയാകൂ. ഈ ജീവിതം, ഈ ശരീരം ഏതായാലും നശിക്കുവാനുള്ളതാണെന്നു് അവക്കറിയാം. അതിനാൽ ഇതു് ഈ ശ്രേഷ്ഠമായ ഉദ്യമത്തിൽ നശിക്കട്ടെ എന്നാണു് അവർ പറയുന്നതു്. നീചമായ മാനുഷപ്രകൃതിയെ കീഴടക്കുന്നതിലും ശ്രേഷ്ഠമായ വിജയം എന്താണുള്ളതു്? ഈ മരണജനനസംഗതിയുടെ തിരുമാനത്തേക്കാൾ ശ്രേഷ്ഠമായ വിജയം മറെറന്താണുള്ളതു്? ഈ ഗുണദോഷസമ്മിശ്രമായ ജീവിതത്തെ ശരിപ്പെടുത്തുന്നതിൽ ശ്രേഷ്ഠമായ വിജയം മറെറന്താണുള്ളതു്?

ഇങ്ങിനെ അന്ത്യത്തിൽ അദ്ദേഹത്തിന്നു് ക്ഷേത്രജോലികൾ നിർവ്വഹിക്കുവാൻ കൂടെ സാധിക്കാതെയായി. അതിനാൽ അദ്ദേഹം ആ ജോലി ഉപേക്ഷിച്ചു് ആ ക്ഷേത്രത്തിന്നു

ട്ടത്തുണ്ടായിരുന്ന ഒരു ചെറിയ കാട്ടിൽ പോയി അവിടെ താമസമാക്കി. അദ്ദേഹത്തിന്റെ ഈ കാലത്തെജ്ജീവിതത്തെപ്പററി അദ്ദേഹം തന്നെ എന്നോട്ട് പലപ്പോഴും പറയുകയുണ്ടായിട്ടുണ്ട്. ഇക്കാലത്ത് ഏതുസമയത്താണ് സൂൎയ്യൻ ഉദിച്ചതെന്നും എപ്പോഴാണ് സൂൎയ്യൻ അസ്തമിച്ചതെന്നും തന്റെ ജീവിതം ഏതുപ്രകാരമായിരുന്നു എന്നു കൂടെയും അദ്ദേഹത്തിന്നറിവുണ്ടായിരുന്നില്ല. സ്വാത്മത്തെപ്പററിയുള്ള സൎവ്വചിന്തയും അദ്ദേഹത്തിനു ഇല്ലാതായി. അശനനിദ്രകളെക്കൂടെ കേവലം വിസ്മരിച്ചു. ഇക്കാലത്ത് അദ്ദേഹത്തിന്റെ ഒരു അടുത്തബന്ധു, അദ്ദേഹം ഒന്നിച്ച് ക്ഷേത്രത്തിൽ താമസിക്കുന്നുണ്ടായിരുന്നു. ആ പരിചാരകൻ അദ്ദേഹത്തിന്റെ വായിൽ ആഹാരം കുത്തിനിറച്ചുകൊടുക്കും. അത് അദ്ദേഹം ഒരു യന്ത്രമെന്നപോലെ ചിലപ്പോഴെല്ലാം ഒട്ടൊക്കെ വിഴുങ്ങുകയേ ചെയ്തിരുന്നുള്ളു.

ഇങ്ങിനെ അഹോരാത്രങ്ങൾ ഒട്ടേറെ കഴിഞ്ഞു. ഓരോ ദിവസവും അതിന്റെ അന്തിമഘട്ടത്തെ പ്രാപിക്കുമ്പോൾ, ക്ഷേത്രത്തിൽ നിന്നു് മണിയടി ശബ്ദവും നാമോച്ചാരണഘോഷവും ആ ചെറുകാട്ടിൽ എത്തുമ്പോൾ, ഈ ബാലൻ പൂൎവ്വാധികം ദുഃഖിതനായി "അമ്മെ! ഇതാ മറെറാരു ദിവസവും കൂടെ കഴിഞ്ഞിരിക്കുന്നു; അമ്മ ഇനിയും പ്രത്യക്ഷമാകുന്നില്ലല്ലോ; ഈ ചെറുജീവിതത്തിലെ ഒരു ദിവസം കൂടെ കഴിഞ്ഞുപോയല്ലൊ; ഇനിയും എനിക്ക് സത്യത്തെ അറിയുവാൻ സാധിച്ചില്ലല്ലോ." എന്നിങ്ങനെ പറഞ്ഞു് നിലവിളിക്ക പതിവായിരുന്നു. ഇങ്ങനെയുള്ള ദുഃഖം അതിതീവ്രമായിത്തീരുമ്പോൾ അദ്ദേഹത്തിന്റെ മുഖം നിലത്തുവെച്ചു ഉരസുകയും നിലവിളിക്കയും ചെയ്യും. "ലോകമാതാവേ! നിന്തിരുവടി അടിയന്നു് പ്രത്യക്ഷമാകണേ. എനിക്ക് നിന്തിരുവടിയെഴികെ മറെറാന്നുംതന്നെ വേണ്ടാ". എന്ന ഒരു വിചാരം മാത്രമേ ആ ബാലന്നു് ഉണ്ടായിരു

ന്നുള്ളു. തൻെറ വിചാരം അൎത്ഥമാക്കുവാൻ അദ്ദേഹം നിശ്ചയിച്ചു. തൻെറ സൎവ്വസ്വവും ദേവിയുടെ പാദങ്ങളിൽ സമൎപ്പണം ചെയ്യുന്ന ഭക്തനുമാത്രമേ ദേവി പ്രത്യക്ഷമാകയുള്ളു എന്നു് അദ്ദേഹം കേട്ടിട്ടുണ്ടായിരുന്നു. അമ്മയ്ക്കു് എല്ലാവരുടെ അടുത്തുംവരേണമെന്നു ആഗ്രഹമുണ്ടെന്നും പക്ഷേ ആളുകൾ അമ്മയെ കാണണമെന്നാഗ്രഹിക്കാത്തതുകൊണ്ടാണു് അമ്മ വരാതിരിക്കുന്നതെന്നും ആ യുവാവു് അറിഞ്ഞു. മനുഷ്യൎക്കു് നൂറായിരംകൂട്ടം നിസ്സാര സംഗതികൾക്കാണു് ആഗ്രഹം; അവൎക്കു് അവ വെച്ചു കളിച്ചുകൊണ്ടിരുന്നാൽമതി. അവൎക്കു് അവരുടെ മനസ്സിൻെറ ആഗ്രഹങ്ങൾ സാധിച്ചാൽ മാത്രം മതി. അത്രയേ അവൎക്കാവശ്യമുള്ളു. അല്ലാതെ അമ്മയെ ആഗ്രഹിക്കുന്നവരായി ആരുംതന്നെയില്ല. അതിനാൽ അവർ അമ്മയെ നിഷേധിക്കുകയാണു് ചെയ്യുന്നതു്. പ്രത്യുത അവക സകല ആഗ്രഹങ്ങളേയും ഉപേക്ഷിച്ചു അമ്മയെ മാത്രം ഏകാത്മനാ ആഗ്രഹിച്ചാൽ അമ്മ ആ നിമിഷത്തിൽ ആ പുത്രൻെറ മുമ്പിൽ വരാതിരിക്കയില്ല, എന്നായിരുന്നു ആ യുവാവിൻെറ വിശ്വാസം. അതിനാൽ ഇതിനെ അൎത്ഥമാക്കുവാൻ അദ്ദേഹം നിശ്ചയിച്ചു. അതിനാൽ അദ്ദേഹത്തിനുണ്ടായിരുന്ന സ്വല്പമായ വസ്തുക്കളെല്ലാം അദ്ദേഹം ദൂരെ വലിച്ചെറിഞ്ഞു. താൻ പണം തൊടുകയില്ലെന്നവ്രതം എടുത്തു. ഈ നിശ്ചയം അദ്ദേഹത്തിൻെറ ജീവിതത്തിൻെറ ഒരു ഭാഗമായിത്തീരുകകൂടെയും ചെയ്തു. ഇതെന്തൊ അതിശയമാണെന്നൊ അതിശയോക്തിയാണെന്നൊ മററൊ നിങ്ങൾ വിചാരിക്കുമായിരിക്കാം. എന്നാൽ അക്കാലത്തു മാത്രമല്ല, അദ്ദേഹത്തിൻെറ ജീവിതത്തിൽ പിന്നീടും ഇതു് അദ്ദേഹത്തിൻെറ പ്രകൃതിതന്നെയായിത്തീൎന്നു. അദ്ദേഹം കിടന്നുറങ്ങുന്നസമയത്തു് അദ്ദേഹത്തിൻെറ ശരീരത്തെ ഒരു നാണയംകൊണ്ടു് തൊടുന്നതായാൽ ആ ഭാഗം പെട്ടെന്നു് തുള്ളി വളയുന്നതായും ശരീരമാസകലം വെറുങ്ങലിച്ചുപോകുന്നതായും വരികപതിവായിരുന്നു. അദ്ദേഹത്തിന്നു് തോന്നിയ മററൊരു ആശയം

ഈശ്വരാനുഭൂതിക്കു പ്രതികൂലമായി നില്ക്കുന്ന മറെറാരു സംഗതി കാമമാണെന്നായിരുന്നു. മനുഷ്യൻ ആത്മാവാണ്; അല്ലാതെ ശരീരമല്ല. ലിംഗഭേദം ശരീരത്തിന്നേയുള്ളു. ആത്മാ ലിംഗഭേദമില്ലാത്തവനാണ്. അതു് ആണുമല്ല പെണ്ണുമല്ല. തനിക്കു് അമ്മയെ കാണുന്നതിന്നു് പ്രതിബന്ധങ്ങളായി നില്ക്കുന്ന രണ്ടു സംഗതികൾ പണത്തെപ്പററിയും ലിംഗത്തെപ്പററിയും ഉള്ള ആശയമാണെന്നു് അദ്ദേഹം തീർച്ചയാക്കി. ഈ പ്രപഞ്ചംമുഴുവനും ദേവിയുടെ ഒരു പ്രകടനമാത്രമാകുന്നു; എല്ലാവരുടേയും എല്ലാ സ്ത്രീകളുടേയും ശരീരത്തിൽ ദേവി അധിവസിക്കുകയും ചെയ്യുന്നുണ്ടു്. അതിനാൽ ഓരോസ്ത്രീയും അമ്മയെ പ്രതിനിധീകരിക്കുകയാണു്. അങ്ങിനെയിരിക്കുന്ന സ്ത്രീയെ ലിംഗഭേദത്തോടെ വിചാരിക്കുന്നതെങ്ങിനെ? ഇങ്ങിനെയായിരുന്നു ആ യുവാവിൻെറ വിചാരം. അതിനാൽ എല്ലാ സ്ത്രീകളും അദ്ദേഹത്തിന്നു് ദേവിതന്നെയായിരുന്നു. അമ്മയെയല്ലാതെ മറൊന്നിനേയും ഒരു സ്ത്രീയിലും കാണാതിരിക്കുവാൻ അദ്ദേഹം നിശ്ചയിച്ചു. അദ്ദേഹം അമ്മയേയല്ലാതെ മററാരേയും ഒരു സ്ത്രീയിലും കണ്ടില്ല. ഇതു് അദ്ദേഹം അദ്ദേഹത്തിൻെറ ജീവിതത്തിൽ പരിപൂർണ്ണമായി ഫലിപ്പിയ്ക്കുകയുംചെയ്തു.

മനുഷ്യഹൃദയത്തെ ഹഠാൽ ആകർഷിക്കുന്ന ആ ശക്തിമത്തായ ആശയം ഇതാണു്. ഇതിനെപ്പററി അദ്ദേഹംതന്നെ പിന്നീടു് എന്നോടു് ഇങ്ങിനെ പറയുക ഉണ്ടായിട്ടുണ്ടു്:— "എൻെറ കുഞ്ഞേ! ഒരുമുറിയിൽ ഒരു ചാക്കുനിറയെ സ്വർണ്ണനാണയം ഇരിക്കുന്നു എന്നും അതിനടുത്ത മുറിയിൽ ഒരു തസ്കരൻ ഇരിക്കുന്നു എന്നും വിചാരിക്കുക. ആ തസ്കരനു് ഉറക്കംവരുമെന്നാണൊ നീ വിചാരിക്കുന്നതു! ഇല്ല. അവന്നു് ഒരിക്കലും ഉറക്കം വരികയില്ല. ആ മുറിയിൽ കടക്കേണ്ടതെങ്ങിനെയാണു്, ആ ചാക്കു് കയ്ക്കലാക്കേണ്ടതു് എങ്ങിനെയാണു്, എന്നതന്നെയായിരിക്കും അവന്നു് സദാ ഉണ്ടായിക്കൊണ്ടിരിക്കുന്ന ആലോചന. അതുപോലെ ഈ ബാഹ്യഭോ

വങ്ങൾക്കെല്ലാം അടിയിലായി ഒരു പരമാത്ഥസത്തയുണ്ടെന്നും, ഒരു ഈശ്വരൻ ഉണ്ടെന്നും, മരണമില്ലാത്തവനും അഖണ്ഡാനന്ദസ്വരൂപനും, യാതൊന്നിനോട് താരതമ്യപ്പെടുത്തുമ്പോൾ ലൌകികങ്ങളായ മററാനന്ദങ്ങളെല്ലാം കേവലം നിസ്സാരമായി തോന്നുന്ന ആനന്ദാകാരനും ആയ ഒരു ഈശ്വരൻ ഉണ്ടെന്നുള്ള പൂൎണ്ണവിശ്വാസത്തോടുകൂടിയ ഒരുവന്ന് അതിനെ കരസ്ഥമാക്കുവാൻ നിരന്തരശ്രമം അതിതീവ്രമായി ചെയ്യാതെ അടങ്ങാതെ ഇരിക്കുവാൻ സാധിക്കുമെന്നാണോ നീ വിചാരിക്കുന്നതു? അവന്ന് അവൻെറ ആ നിരന്തരശ്രമത്തിൽനിന്ന് ഒരു നിമിഷനേരമെങ്കിലും വിരമിക്കുവാൻ സാധിക്കുമോ? ഇല്ല. അവൻ ആ അനുഗ്രഹം കൊണ്ടും മററെല്ലാം മറന്നവൻതന്നെയായിരിക്കും. അവൻ അതിൽ ഭ്രാന്തൻതന്നെയായിരിക്കും." ഈ ദിവ്യമായ ഭ്രാന്താണ് ഈ യുവാവിനേയും ബാധിച്ചതു്. അക്കാലത്തു് അദ്ദേഹത്തിന് ഗുരുക്കന്മാരാരും ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന് എന്തെങ്കിലും ഉപദേശിക്കുവാൻ ഉപദേഷ്ടാക്കളും ആരും ഉണ്ടായിരുന്നില്ല. അതിനാൽ അദ്ദേഹത്തിന്ന് ബുദ്ധിഭ്രമംതന്നെയാണെന്നാണ് എല്ലാവരും വിചാരിച്ചതു്. ഇതു് ലോകത്തിലെ സാധാരണ സമ്പ്രദായവുമാണ്. ഒരുവൻ ലോകത്തിലെ ഭൌതികാഡംബരങ്ങളെ നിശ്ശേഷം വിഗണിക്കുന്നതായി കാണപ്പെട്ടമ്പോൾ അവനെ സാധാരണ ലോകം ഭ്രാന്തനെന്നുതന്നെ പറയും. എന്നാൽ ലോകത്തിലെ യഥാൎത്ഥശക്തി അവരുടേതാണ്. ലോകജീവൻ സ്ഥിതിചെയ്യുന്നതു് അവരിൽ ആണ്. നമ്മുടെ ഈ ലോകത്തെ അടകമാനം കീഴ്മേൽ മറിച്ച മഹാശക്തികൾ അവരുടെ ഭ്രാന്തിൽ നിന്നാണ് ഉത്ഭവിച്ചിട്ടുള്ളതു്. അതുപോലെതന്നെ ഈ ലോകത്തെ അത്യന്തം ചലിപ്പിക്കുവാനുള്ള ശക്തി മേലിൽ ആ ഭ്രാന്തിൽനിന്നുമാത്രമേ ഉത്ഭവിക്കുകയുമുള്ളു.

ഇങ്ങിനെ സത്യത്തെ പ്രാപിയ്ക്കുവാനുള്ള നിരന്തരപരിശ്രമത്തിൽ അനേകദിവസങ്ങളും ആഴ്ചകളും മാസങ്ങളും കഴി

ത്തുപോയി. ഈ യുവാവിന്നു് അനേക ദിവ്യദൎശനങ്ങൾ സിദ്ധിക്കുവാൻ തുടങ്ങി; അത്ഭുതകരങ്ങളായ പല കാഴ്ചകളും കാണുവാൻ തുടങ്ങി; അവൻെറ പ്രകൃതിയുടെ രഹസ്യം അവന്നു് ക്രമേണ തുറക്കപ്പെടുവാനും തുടങ്ങി. മറകൾ ഓരോന്നോരോന്നായി നീക്കപ്പെട്ടുതുടങ്ങി. ഭഗവതിതന്നെ ആചാൎയ്യനായിത്തീൎന്നു. ആ ദേവിതന്നെ അദ്ദേഹം ആഗ്രഹിച്ച പരമാൎത്ഥതത്വത്തെ ക്രമേണ തുറന്നുകാണിക്കുവാനും തുടങ്ങി. ഇക്കാലത്തു് വളരെ സൌന്ദൎയ്യവതിയും വളരെപണ്ഡിതയും അസാമാന്യശാസ്ത്രജ്ഞയും അദ്വിതീയവിദുഷിയും ആയ ഒരു സന്ന്യാസിസ്ത്രീ അവിടെ വന്നു. പിന്നീടു് ഈ ഋഷീശ്വരൻതന്നെ അവരെപ്പററി പറഞ്ഞിട്ടുള്ളതു് 'അവൾ പഠിച്ചവളല്ല; എന്നാൽ പഠിപ്പുതന്നെയായിരുന്നു അവളുടെ സ്വരൂപം, പഠിപ്പുതന്നെ, വിദ്യതന്നെ മാനുഷരൂപമെടുത്തതായിരുന്നു അവർ' എന്നായിരുന്നു. ഇതാ നിങ്ങൾ ഇവിടെയും ഇന്ത്യൻരാഷ്ട്രത്തിൻെറ ഒരു പ്രത്യേകവിശേഷത കാണുന്നില്ലയോ! ഇന്ത്യയിലെ സ്ത്രീജനങ്ങളിൽ അധികഭാഗവും പഠിപ്പില്ലാത്ത അജ്ഞകളാണു്; പാശ്ചാത്യരായ നിങ്ങളുടെ അഭിപ്രായപ്രകാരം അവർ സ്വാതന്ത്ര്യം ഇല്ലാത്തവരാണു്; എന്നിട്ടും ഇങ്ങിനെയുള്ള അജ്ഞതയുടേയും അസ്വാതന്ത്ര്യത്തിൻേറയും ഇടയിൽനിന്നു് ഈവിധം അത്യുൽകൃഷ്ടജ്ഞാനത്തോടുകൂടിയ ദിവ്യസ്ത്രീകൾ ഉത്ഭവിക്കുന്നുണ്ടു്. അവിടെ പുരുഷന്മാരെപ്പോലെ തന്നെ സ്ത്രീകളും ലോകത്തെയും, ഭൌതികമായ തങ്ങളുടെ സൎവ്വ സ്വത്തുക്കളേയും, ഉപേക്ഷിച്ചു് നൈഷ്ഠികബ്രഹ്മചാരിണികളായി ജീവിതം മുഴുവനും ഈശ്വരപൂജയ്ക്കു് മാത്രമായി വിനിയോഗിക്കാറുണ്ടു്. ഈ സ്ത്രീ അങ്ങിനെയുള്ള ഒരു സന്ന്യാസിനിയായിരുന്നു. ഈ സ്ത്രീ വന്നതിന്നുശേഷം ഇങ്ങിനെ ഒരു യുവാവു് അവിടെ കാട്ടിൽ ഇരുപ്പുള്ളതായി കേട്ടപ്പോൾ അവർ ആ യുവാവിനെച്ചെന്നുകണ്ടു. അദ്ദേഹത്തിന്നു് ആദ്യമായി സിദ്ധിച്ച സഹായം ഈ സ്ത്രീയിൽ നിന്നായിരുന്നു. അദ്ദേഹത്തിനെ കണ്ട ഉടനേതന്നെ

ആ സ്ത്രീക്ക് സൎവ്വസംഗതികളും മനസ്സിലായി. അതിനാൽ ആദ്യം പറഞ്ഞതുതന്നെ ഇങ്ങിനെയായിരുന്നു. "എന്റെ കുമാര! ഇങ്ങിനെയുള്ള ഭ്രാന്തന്മാരാകുന്നവർ അനുഗ്രഹീതന്മാരാണ്. ഈ ലോകത്തിലുള്ളവരെല്ലാം തന്നെ ഭ്രാന്തന്മാരല്ലയോ? ചിലരുടെ ഭ്രാന്തു പണത്തിന്നുവേണ്ടിയാണ്, ചിലരുടെ ഭ്രാന്തു സുഖത്തിന്നുവേണ്ടിയാണ്, ചിലരുടെ ഭ്രാന്തു കീൎത്തിക്കുവേണ്ടിയാണ്, ചിലരുടെ ഭ്രാന്ത് മററനേകം സംഗതികൾക്കായാണ്. അല്ലാതെ ഭ്രാന്തില്ലാത്തവരായി ആരും തന്നെയില്ല. അവർ പണത്തിന്നുവേണ്ടി ഭ്രാന്തന്മാരാകുന്നു, ഭാൎയ്യയ്ക്കോ ഭൎത്താവിന്നോവേണ്ടി ഭ്രാന്തന്മാരാകുന്നു, അതുപോലെ നിസ്സാരങ്ങളായ ഓരോ വസ്തുക്കൾക്കുംവേണ്ടി ഭ്രാന്തന്മാരാകുന്നു, മററാരെയെങ്കിലും തോല്പിക്കുവാൻ ഭ്രാന്തന്മാരാകുന്നു, പണക്കാരനാകുവാൻ ഭ്രാന്തനാകുന്നു; എന്തിന്ന്, ഈശ്വരൻ ഒഴികെ മറേറാരോ നിസ്സാരസംഗതികൾക്കും വേണ്ടി എല്ലാവരും ഭ്രാന്തന്മാർതന്നെ. അവരവരുടെ ഭ്രാന്തിനെപ്പററി അവരവൎക്കു മാത്രമേ അറിഞ്ഞുകൂടു. മറേറാരുത്തൻ പണത്തിന്നുവേണ്ടി ഭ്രാന്തുപിടിച്ച് ഓടിനടക്കുന്നതു കാണുമ്പോൾ മററുള്ളവൎക്ക് അവനോടനുഭാവമായി, അവന്റെ അവസ്ഥയെ മനസ്സിലാക്കുകയായി. അവൻ ചെയ്യുന്നതു് ശരിതന്നെയാണെന്നാണ് മററുള്ളവരുടേയും അഭിപ്രായം. ഭ്രാന്തന്മാർ മാത്രമാണ് ഭ്രാന്തില്ലാത്തവരെന്ന് ഭ്രാന്തന്മാർ വിചാരിക്കുന്നതുപോലെയാണ് ഇവരുടെ സ്വഭാവം. എന്നാൽ ഒരുവൻ ഈശ്വരന്നുവേണ്ടി ഭ്രാന്തുള്ളവനായിത്തീരുമ്പോൾ മററുള്ളവൎക്ക് അവന്റെ സ്വഭാവം അറിയുവാൻ സാധിക്കുന്നതു് എങ്ങിനെയാണ്? അതുകൊണ്ടാണ് അവൻ ഭ്രാന്തനാണെന്ന് മററുള്ളവർ പറയുന്നതും, 'അവൻ അവന്റെ പാട്ടിന്നുപോട്ടെ' എന്നുവെയ്ക്കുന്നതും. മററുള്ളവർ നിങ്ങളെ ഭ്രാന്തനാണെന്ന് പറയുവാനുള്ള കാരണം ഇതാണ്. എന്നാൽ യഥാൎത്ഥത്തിൽ ശരിയായതരത്തിലുള്ള ഭ്രാന്ത് നിങ്ങളുടേതാകുന്നു. ഈശ്വരന്നുവേണ്ടി ഭ്രാന്തനായിത്തീരുന്നവൻ യഥാൎത്ഥത്തിൽ അനുഗ്ര

ഹീനനാണ്. എന്നാൽ അങ്ങിനത്തെ ആളുകൾ വളരെ കുറച്ചേയുള്ളു. ഈ സ്ത്രീ ഈ യുവാവിന്നരികിൽ അനേകസംവത്സരം താമസിച്ച് ധാർമ്മികസിദ്ധാന്തങ്ങൾ അഭ്യസിപ്പിച്ച് നാനാവിധയോഗസമ്പ്രദായങ്ങളെ അഭ്യസിപ്പിച്ച് ഇങ്ങിനെ ഈ അതിശക്തിയോടുകൂടിയ ഈ ആദ്ധ്യാത്മികപ്രവാഹത്തെ അന്യോന്യയോജിപ്പോടുകൂടിയതും ശക്തിമത്തും ആക്കിത്തീർത്ത് ആ യുവാവിന്നെ നേർമാർഗ്ഗത്തിൽ നയിച്ചു.

പിന്നെ കുറേക്കഴിഞ്ഞ് അവിടേയ്ക്ക് വളരെ പണ്ഡിതനും തത്വജ്ഞാനിയുമായ മറ്റൊരു സന്ന്യാസി വരികയുണ്ടായി. ഇദ്ദേഹം ഒരു പ്രത്യേകതരത്തിലുള്ളവനും ഒരു മഹാനായ ആദർശവാദിയും ആയിരുന്നു. ഈ ലോകംതന്നെ യഥാർത്ഥത്തിൽ സ്ഥിതിചെയ്യുന്നുണ്ടെന്ന് അദ്ദേഹം വിശ്വസിക്കുന്നില്ല. അതിനാൽ അദ്ദേഹം ഒരിക്കലും ഒരു വീട്ടിൽ കയറി താമസിക്കുന്ന പതിവുണ്ടായിരുന്നില്ല. കാററത്തും മഴയത്തും വെലത്തും രാത്രിയിലും എല്ലാം എവിടെയെങ്കിലും കിടക്കും. ഇദ്ദേഹമാണ് ഈ യുവാവിന്നെ വേദാന്തതത്വജ്ഞാനം പഠിപ്പിക്കുവാൻ തുടങ്ങിയത്. ഈ ശിഷ്യൻ പല സംഗതിയിലും തന്നേക്കാൾ ജ്ഞാനിയാണെന്ന് അദ്ദേഹം വളരെവേഗം അറിഞ്ഞു അതിശയിച്ചു. ഇദ്ദേഹം ഈ യുവാവോടുകൂടി വളരെമാസങ്ങൾ ഒന്നായി താമസിച്ചു. തദനന്തരം അദ്ദേഹത്തിന്ന് സന്ന്യാസം കൊടുത്ത് അവിടെനിന്നു പോകുകയും ചെയ്തു.

ക്ഷേത്രത്തിൽ ശാന്തിക്കാരനായിരുന്ന കാലത്ത് അദ്ദേഹത്തിന്റെ അസാധാരണ സ്വഭാവം കണ്ടു് അദ്ദേഹം ഭ്രാന്തനാണെന്ന് വിചാരിക്കപ്പെട്ട കാലത്ത് അദ്ദേഹത്തിന്റെ വീട്ടുകാർ വന്ന് അദ്ദേഹത്തെ സ്വദേശത്തേയ്ക്കു കൂട്ടിക്കൊണ്ടു പോയി. അവിടെവച്ച് ഒരു ചെറിയ പെൺകുട്ടിയെ കല്യാണം കഴിപ്പിച്ചു. ഇതുകൊണ്ടു് ആ യുവാവിന്റെ ആലോചനാഗതി ഭേദപ്പെട്ടുമെന്നും ബുദ്ധിക്ക് സമാധാനം

കിട്ടുമെന്നും ആണു് അവർ വിചാരിച്ചതു്. എന്നാൽ ഉണ്ടായ ഫലം അങ്ങിനെയല്ല. അവിടെനിന്നു് മടങ്ങിവന്നതിനു ശേഷം ഈ ഭാവം കുറേക്കൂടെ തീവ്രമായിത്തീരുകയാണു് ചെയ്തതു്. ചിലപ്പോൾ ഞങ്ങളുടെ രാജ്യത്തു് കുട്ടികളെ നന്നേ ചെറുപ്രായത്തിൽത്തന്നെ കല്യാണം കഴിപ്പിക്കാറുണ്ടു്. അവൎക്കു ആ സംഗതിയിൽ യാതൊരു അഭിപ്രായം പറയുവാനും സ്വാതന്ത്ര്യമില്ല. കല്യാണം നടത്തുന്നതെല്ലാം അച്ഛനമ്മമാരാണു്. എന്നാൽ ഇങ്ങനെയുള്ള കല്യാണത്തിനു് കല്യാണത്തെപ്പററി ചെയ്ത ഒരു കരാറു് എന്നതിൽ അധികമായ അൎത്ഥമൊന്നും ഇല്ല. ഈ കല്യാണത്തിനുശേഷവും അവർ പിതൃഗൃഹത്തിൽത്തന്നെയാണു് താമസിക്കുന്നതു്. പിന്നെ യഥാൎത്ഥമായ വിവാഹം നടത്തപ്പെടുന്നതു് വധുവിനു് അതിനുതക്ക പ്രായപൂൎത്തിവരുന്നകാലത്തു മാത്രമാണു്. അക്കാലത്തു മാത്രമാണു് വരൻ ചെന്നു വധുവിനെ ഏററുവാങ്ങി തന്റെ സ്വന്ത ഗൃഹത്തിലേയ്ക്കു കൂട്ടിക്കൊണ്ടു പോരുന്നതു്. ഈ സംഗതിയിലാകട്ടെ, ഈ ഭൎത്താവു് തനിക്കൊരു ഭാൎയ്യയുണ്ടെന്നുള്ള കഥതന്നെ തീരെ മറന്നുപോയി. ഇങ്ങിനെ ഇരിക്കയാണു് അവിടെ നിന്നു വളരെ വഴിയകലെ താമസിക്കുന്ന അദ്ദേഹത്തിന്റെ ഭാൎയ്യ, അവരുടെ ഭൎത്താവു് ഒരു വലിയ ധാൎമ്മികൻ ആയിരിക്കുന്നു എന്നും അദ്ദേഹത്തെ അനേകംപേരും ഭ്രാന്തനായിക്കൂടെ കരുതപ്പെടുന്നുണ്ടെന്നും ഉള്ള വിവരം കേട്ടതു്. അതിനാൽ അതിന്റെ പരമാൎത്ഥം തനിക്കു നേരിട്ടുതന്നെ ചെന്നു കണ്ടറിയണമെന്നു് തീൎച്ചയാക്കി അവിടെനിന്നു് ഭൎത്താവിന്റെ വസതിവരെ കാൽനടയായിത്തന്നെ യാത്ര ചെയ്യാൻ നിശ്ചയിച്ചു പുറപ്പെട്ടു. ഇങ്ങിനെ ഭൎത്തൃസന്നിധിയിൽ എത്തിച്ചേൎന്നു. ഇന്ത്യയിൽ ഏതെങ്കിലും ഒരുവൻ ആണായാലും വേണ്ടതില്ല, പെണ്ണായാലും വേണ്ടതില്ല, ധാൎമ്മികമായ ജീവിതത്തെ സ്വീകരിച്ചാൽ അവൻ അല്ലെങ്കിൽ അവൾ ലൌകികമായ മറെറല്ലാ ബാദ്ധ്യതകളിൽനിന്നും വിമുക്തരാകുന്നു. പക്ഷെ ഈ ഭാഗ്യവതി

തന്റെ ഭർത്തൃസന്നിധിയിൽ എത്തിയപ്പോൾ അദ്ദേഹം അവൾക്ക് തന്റെ ജീവിതത്തിലുള്ള അധികാരാവകാശത്തെ പെട്ടെന്ന് സമ്മതിക്കുകയാണു് ഉണ്ടായതു്. പക്ഷെ ആ യുവാവു് അദ്ദേഹത്തിന്റെ ഭാൎയ്യയുടെ കാൽക്കൽവീണു് ഇങ്ങിനെ അപേക്ഷിച്ചു. "എല്ലാ സ്ത്രീകളിലും ദേവിതന്നെ അധിവസിക്കുന്നു എന്നു് അമ്മതന്നെ എനിക്കു കാണിച്ചുതന്നിരിക്കുന്നു. അതിനാൽ എല്ലാ സ്ത്രീകളേയും ദേവിയെപ്പോലെ തന്നെ കാണുവാൻ ഞാൻ അഭ്യസിച്ചും കഴിഞ്ഞിരിക്കുന്നു. എന്റെ അവസ്ഥ ഇങ്ങിനെയാണു്. നിന്നെപ്പററിയും എനിക്കു ആ ഒരു ഭാവംമാത്രമേ ഉണ്ടാകുവാൻ സാധിക്കുന്നതായിരിക്കുന്നുള്ളു. ഞാൻ നിന്നെ വിവാഹം ചെയ്തു എന്നുള്ളതു് പരമാൎത്ഥം തന്നെ. അതിനാൽ നീ എന്നെ ലൌകികത്തിലേക്കു് വലിച്ചു താഴ്ത്തുവാനാണു് ആഗ്രഹിക്കുന്നതെങ്കിൽ അതിനും ഞാൻ ഒരുക്കംതന്നെയാണു്."

ഏററവും പരിശുദ്ധയും അത്യന്ത ശ്രേഷ്ഠയുമായ ഈ കന്യക തന്റെ ഭർത്താവിന്റെ മനഃസ്ഥിതിയും ആഗ്രഹങ്ങളും അറിയുവാനും അദ്ദേഹത്തോടു സഹകരിക്കുവാനും പ്രാപ്തിയുള്ളവളായിരുന്നു. അതിനാൽ തനിക്കു് അദ്ദേഹത്തെ ലൌകികജീവിതത്തിലേയ്ക്കു് വലിച്ചിടുവാൻ ഒട്ടുംതന്നെ ആഗ്രഹമില്ലെന്നും, അദ്ദേഹത്തിന്റെകൂടെ അടുത്തു താമസിക്കുവാനും അദ്ദേഹത്തെ ശുശ്രൂഷിക്കുവാനും അദ്ദേഹത്തിൽ നിന്നു പഠിക്കുവാനും മാത്രമേ ആഗ്രഹിക്കുന്നുള്ളു എന്നും ആ കന്യക പെട്ടെന്നുതന്നെ അദ്ദേഹത്തെ അറിയിച്ചു. ഇങ്ങിനെ അദ്ദേഹത്തെ ഈശ്വരാവതാരമായി കരുതി ആരാധിക്കുന്ന അദ്ദേഹത്തിന്റെ ഏററവും ഭക്തയായ ഒരു ശിഷ്യയായിത്തീരുകയും ചെയ്തു. ഇങ്ങനെ അദ്ദേഹത്തിന്റെ ഭാൎയ്യയുടെ അനുമതിയോടുകൂടി അദ്ദേഹത്തിന്റെ അവസാനത്തെ തടസ്സവും ഇല്ലാതായി താൻ വരിച്ച ജീവിതത്തെത്തന്നെ നയിക്കുവാൻ സ്വാതന്ത്ര്യമുള്ളവനായിത്തീൎന്നു.

ഇദ്ദേഹത്തിൽ തദനന്തരം ജാതമായ അഗ്രഹം മറേറ അനേക ധർമ്മസമ്പ്രദായങ്ങളുടേയും പരമാത്ഥം അറിയേണമെന്നുള്ളതായിരുന്നു. ഇതുകാലവും തന്റെ സ്വന്തമതത്തെപ്പററിയല്ലാതെ മറെറാരു മതത്തെപ്പററിയും യാതൊരു വിവരവും അദ്ദേഹത്തിനുണ്ടായിരുന്നില്ല. അതിനാൽ അന്യമതങ്ങളുടെ സ്വഭാവം എന്താണെന്നറിയുവാൻ അദ്ദേഹം അഗ്രഹിച്ചു. അതിനാൽ അദ്ദേഹം അന്യധർമ്മങ്ങളിലെ ഗുരുക്കന്മാരെ അനുഗ്രഹിക്കുകയും ചെയ്തു. ഗുരുക്കന്മാർ എന്നു പറഞ്ഞാൽ ഞങ്ങൾ ഇന്ത്യയിൽ അത്ഥമാക്കുന്നതെന്താണെന്നു പ്രത്യേകം ധരിക്കേണ്ടതായിട്ടുണ്ട്. വെറുംപുസ്തകം കരണ്ട ഒരുവനല്ല ഞങ്ങളുടെ ഗുരു. എന്നാൽ അനുഭൂതിയുള്ള ഒരുവനാണ്. പരമാത്ഥത്തെ മൂന്നാമതൊരു മദ്ധ്യസ്ഥന്റെ സഹായമൊന്നുംകൂടാതെ തനിയെതന്നെ അനുഭവപ്പെട്ടത്തിയവനാണ് ഇന്ത്യയിൽ ഞങ്ങളുടെ ഗുരു. ഇക്കാലത്ത് ഇദ്ദേഹം ഒരു മുഹമ്മദീയ പുരോഹിതനെ പ്രാപിച്ച് അദ്ദേഹത്തിന്റെ കൂടെ താമസമാക്കി. അദ്ദേഹത്തിന്റെ നിർദ്ദിഷ്ടപ്രകാരമുള്ള സാധനകളെല്ലാം ചെയ്തു. അതിനാൽ തനിക്കു മുമ്പ് അനുഭവമായിട്ടുള്ള പ്രാപ്യസ്ഥാനം ഈ ധർമ്മസമ്പ്രദായപ്രകാരമുള്ള മാർഗ്ഗത്തിൽ കൂടെ ചരിച്ചാലും എത്തിച്ചേരാകുന്നതാണെന്ന് അദ്ദേഹത്തിനു അനുഭവമായി. ക്രിസ്തീയമതം അനുസരിച്ചുള്ള സാധകൾ അനുഷ്ഠിച്ചും അദ്ദേഹം ഇതേപ്രകാരമുള്ള അനുഭൂതിവരുത്തുക ഉണ്ടായിട്ടുണ്ട്. എന്നു മാത്രമല്ല തനിക്കു കാണുവാൻ സാധിച്ചിട്ടുള്ള എല്ലാ സമ്പ്രദായങ്ങളേയും അദ്ദേഹം അനുസരിക്കുക ഉണ്ടായിട്ടുണ്ട്. ഏതൊരു സമ്പ്രദായത്തെ സ്വീകരിക്കുന്നുവോ അതിൽ ആത്മാത്ഥമായി പ്രവത്തിക്കുകയെന്നതും അദ്ദേഹത്തിന്റെസ്വഭാവമായിരുന്നു. അതിനാലെല്ലാം അദ്ദേഹത്തിന്നു ഒരേവിധമായ അനുഭൂതി തന്നെയാണ് ഉണ്ടായിട്ടുള്ളതു്. അതിനാൽ എല്ലാ മതങ്ങളുടേയും പരമാവധി പ്രാപ്യസ്ഥാനം ഒന്നുതന്നെയാണെന്നും അദ്ദേഹത്തിന്നു അനുഭവം കൊണ്ട് മനസ്സിലാക്കുവാൻ

സാധിച്ചു. എല്ലാം ഒരേസംഗതിയെത്തന്നെയാണു് പഠിപ്പിക്കുവാൻ ശ്രമിക്കുന്നതെന്നും വ്യത്യാസമെല്ലാം സമ്പ്രദായത്തിലും അതിലും പ്രധാനമായി ഭാഷയിലും മാത്രമെ ഉള്ളു എന്നും അദ്ദേഹത്തിനു അനുഭവം കൊണ്ടു് മനസ്സിലാക്കുവാൻ സാധിച്ചു. അന്ത്യത്തിൽ എല്ലാ കക്ഷികൾക്കും എല്ലാമതങ്ങൾക്കും ഉള്ള ഉദ്ദേശം, ആദർശം ഒന്നേഒന്നുതന്നെയാണു്. എന്നാൽ അവയെല്ലാം സ്വാത്ഥപരമായ ഓരോ സംഗതികൾക്കു വേണ്ടി അന്യോന്യം മത്സരിക്കുകയാണു്. അവയ്ക്കു 'എന്റെ പേരു' 'നിങ്ങളുടെപേരു'' ഇവയെപ്പററിയല്ലാതെ പരമാത്ഥത്തെ അറിയുവാൻ വളരെ ആഗ്രഹമൊന്നും ഇല്ല. രണ്ടുകൂട്ടരും പറയുന്ന സംഗതി ഒന്നുതന്നെയാണു്. സാരാംശത്തിൽ വ്യത്യാസമൊന്നും ഇല്ല. എന്നാൽ അവരിൽ ഓരോ പറയുന്നതു് "മററതു് പരമാത്ഥമായിരിക്കുവാൻ തരമില്ല. അതിന്മേൽ എന്റെ നാമാങ്കിതമുദ്ര പതിച്ചിട്ടില്ലാത്ത കാരണത്താൽ അതു് ശരിയല്ല. അതിനാൽ അവൻ പറയുന്നതു് കേൾക്കരുതു്" എന്നാണു്. അതുപോലെതന്നെ മറേറവനും പറയും "അവൻ പറയുന്നതു് കേൾക്കരുതു്. അവൻ പറയുന്നതു ഞാൻ പറയുന്നതുതന്നെയാണെങ്കിലും, അവൻ അതിനെ എന്റെ പേരിൽ പറയാതിരിക്കുന്നതുകൊണ്ടു് അതുപരമാത്ഥമല്ല. അതിനാൽ അതൊന്നും കേൾക്കരുതു്" എന്നാണു്.

ഇതാണു് എന്റെ ആചാര്യദേവൻ അനുഭവപ്പെട്ടുത്തിയ പരമാത്ഥം. അതിനാൽ അദ്ദേഹം അതിന്നുശേഷം വിനീതഭാവത്തെ പരിശീലിക്കുവാൻ തുടങ്ങി. "ഞാൻ" എന്നല്ലാതെ എല്ലാം "നീ" എന്നതാണു് എല്ലാമതങ്ങളിലേയും ജീവനായ സിദ്ധാന്തമെന്നും അതിനാൽ നാഹം എന്നു് പറയുന്നവന്റെ ഹൃദയത്തിൽ ഈശ്വരൻ പരിപൂൎണ്ണനായി വിളങ്ങുമെന്നും അദ്ദേഹം അറിഞ്ഞു. ഈ ചെറിയ "അഹം" എത്രമാത്രം ഇല്ലാതാകുന്നുവോ അത്രത്തോളം മനുഷ്യനിൽ ഈശ്വരഭാവം അധികരിക്കുന്നതാണു്. ലോക

ത്തിലെ സർവ്വ മതങ്ങളുടേയും കേന്ദ്രമായ സിദ്ധാന്തം ഇതാണെന്ന് അദ്ദേഹം അനുഭവപ്പെടുത്തുകയാൽ അതിനെ സ്വഭാവമാക്കിത്തീർക്കുവാൻ അദ്ദേഹം മുതിൎന്നു. ഏതെങ്കിലും ഒന്നു ചെയ്യേണമെന്ന് വിചാരിച്ചാൽ അദ്ദേഹം വെറും സിദ്ധാന്തങ്ങളെക്കൊണ്ടു മാത്രം തൃപ്തിപ്പെടാതെ അതിനെ സ്വാത്മനാ പരിചയിച്ച് സ്വഭാവമാക്കിത്തീർക്കുവാൻ അദ്ദേഹം ഉടനെ തന്നെ പ്രവൎത്തിക്കുന്ന പതിവായിരുന്നു എന്നു ഞാൻ മുൻപു പറയുക ഉണ്ടായിട്ടുണ്ടല്ലോ. പലരും സമത്വത്തെപ്പററിയും ദാനത്തെപ്പററിയും മററുള്ളവരുടെ അധികാരാവകാശങ്ങളെപ്പററിയും അതുപോലെതന്നെ മററനേക സംഗതികളെപ്പററിയും പല അതിശയങ്ങളായ ആശയങ്ങളും സംസാരിക്കുന്നതായി നാം സാധാരണമായി കേൾക്കാറുണ്ടല്ലോ. പക്ഷെ അവയെല്ലാം വെറും ആദർശങ്ങളും സിദ്ധാന്തങ്ങളും മാത്രമാണു. എന്നാൽ ഈവക സിദ്ധാന്തങ്ങളെയെല്ലാം പ്രയോഗികത്തിൽ വരുത്തിയ ഒരു മഹാത്മാവിനെ മാത്രമെ എനിക്കു കാണുവാൻ സംഗതിയായിട്ടുള്ളു. തനിക്കു ന്യായമെന്നു തോന്നിയ സംഗതികളെയെല്ലാം പ്രായോഗികത്തിൽ കൊണ്ടുവരുവാൻ അതിശയനീയമായ സാമൎത്ഥ്യം അദ്ദേഹത്തിനുണ്ടായിരുന്നു.

ഇക്കാലത്ത് ഈ പ്രദേശത്തിനടുത്തു ഒരുപറയ കുടുംബം അധിവസിക്കുന്നുണ്ടായിരുന്നു. ഇന്ത്യയിൽ ഒക്കെ നോക്കിയാൽ അനേകായിരം പറയന്മാർ ഉണ്ടു്. അവരെ അവിടെ അതിനികൃഷ്ടന്മാരായാണ് കരുതിപ്പോരുന്നതു്. തന്റെ മഠത്തിൽ നിന്നു പുറത്തുവരുന്ന ഒരു ബ്രാഹ്മണൻ ഒരു പറയനെ കാണുന്നതായാൽ അവൻ വീണ്ടും ശുദ്ധനായിത്തീരേണമെങ്കിൽ ആ ദിവസം മുഴുവനും അനാഹാരവ്രതം അനുഷ്ഠിക്കേണമെന്നും ഒട്ടേറെ വേദമന്ത്രങ്ങൾ ഉച്ചരിക്കണമെന്നുകൂടിയും ഞങ്ങളുടെ ഏതാനും പ്രാമാണഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടുണ്ടു്. അവരെ അത്യന്തനികൃഷ്ടന്മാരായാണ് കരുതിയിരിക്കുന്നതു്. ഹിന്ദുക്കൾ അധിവസിക്കുന്ന ഏതാനും പട്ടണങ്ങളിൽ ഒരു

പറയൻ വരുന്നതായാൽ അവൻ ഒരു പറയനാണെന്നറിയിക്കേണ്ടതിന്നു അടയാളമായി തലയിൽ ഒരു കാക്കത്തൂവ്വൽ ധരിക്കുന്ന പതിവുണ്ട്. അതുകൊണ്ടും പോര "ഇതാ പറയൻ വരുന്നേ നിങ്ങളെല്ലാം രക്ഷപ്പെട്ടുകൊള്ളണേ!" എന്നു അവൻ ഉറക്കെ നിലവിളിച്ച് പറയേണ്ടതായിക്കൂടെയുണ്ട്. ഈ ശബ്ദം കേട്ടാൽ ആളുകൾ അവൻ വരുന്നദിക്കിൽനിന്നു ഓടി ഒളിക്കുന്നതായി കാണാം. അവനെ വല്ല സംഗതിവശാലും തൊട്ടുപോയാൽ ഉടുത്ത വസ്ത്രങ്ങളെല്ലാം മാററുക, കുളിക്കുക മുതലായി പല ശുദ്ധികർമ്മങ്ങളും ചെയ്യേണ്ടതായിട്ടുമുണ്ട്. ആ പറയന്റെ വിചാരവും തദ്രൂപം തന്നെയാണു്. അങ്ങിനെ ചെയ്യുന്നതു ഏററവും വിഹിതമാണെന്നും തന്നെ തൊട്ടുന്നതായാൽ മററുള്ളവർ അശുദ്ധന്മാരായിത്തീരുമെന്നും ആണു് ആ പറയനും അനേകായിരം സംവത്സരങ്ങളായി വിശ്വസിച്ചുവന്നിട്ടുള്ളതു്. ഇങ്ങിനെയുള്ള പറയന്റെ ചാളയിൽ എന്റെ ആ ചാണ്ഡേവൻ യാതൊരുസങ്കോചവുംകൂടാതെ കടന്നുചെന്നു അവന്റെ ആ ചെറുവസതിയെല്ലാംവൃത്തിയാക്കും. ഒരു പറയന്റെ ജോലിതന്നെ ആളുകൾതാമസിക്കുന്ന പുരയിടവും പട്ടണത്തെരുവുകളും വൃത്തിയാക്കുകയെന്നുള്ളതാണു്. അവന്നു ശരിയായപടിക്കൽക്കൂടെ പുരയിടത്തിൽ പ്രവേശിക്കുവാൻ പാടില്ല. അവന്നായി പിമ്പുറത്തു് ഒരു ചെറിയവാതിൽ വെച്ചിട്ടുണ്ടായിരിക്കും. ആരും കാണാതെയും ആരേയും സമീപിക്കാതെയും പുരയിടത്തിൽകയറി അവിടുത്തെ മലിനവസ്തുക്കളെല്ലാം നീക്കംചെയ്യുവാൻ വരുവാനും പോകുവാനും ഈ ചെറിയ വാതിലിൽക്കൂടെ വേണം. അവൻ പോയാൽ പിന്നെ കുറെ ഗംഗാജലം കൊണ്ടുവന്നു് അവൻ നടന്നസ്ഥലത്തെല്ലാം തളിച്ചു അവിടമെല്ലാം ശുദ്ധമാക്കും. ജന്മനാ ഒരു ബ്രാഹ്മണൻ ശുചിത്വത്തിന്റേയും പറയൻ അശുചിത്വത്തിന്റേയും ദൃഷ്ടാന്തമായാണു് സങ്കല്പിക്കപ്പെട്ടിട്ടുള്ളതു്. അങ്ങനെയിരിക്കുന്ന പറയന്റെ ഗൃഹത്തിലാണു് ഈ ബ്രാഹ്മണയുവാവു് പറയന്റെ ജോലിചെയ്തതു്. എന്നാൽ ഇങ്ങി

നെ ചെയ്യാൻ പറയൻ അറിഞ്ഞുകൊണ്ടു സമ്മതിക്കുകയില്ല. തൻെറ ചാളയിൽ ഒരു ബ്രാഹ്മണൻ വന്നു് അങ്ങിനെയുള്ള കൎമ്മങ്ങൾ ചെയ്താൽ അതു വലിയ പാപമാണെന്നും അതുകൊണ്ടു തൻെറകുടുംബം നശിച്ചുപോകുമെന്നും ആണു് അവൻെറ വിശ്വാസം. അതിനാൽ അതിന്നൊന്നും പറയൻ സമ്മതിക്കുകയില്ല. അതിനാൽ രാത്രിസമയം ആരും അറിയാതെയാണു് രാമകൃഷ്ണൻ ഈ ജോലികൾ നിർവ്വഹിച്ചിരുന്നതു്. അദ്ദേഹത്തിൻെറ തലമുടി അക്കാലത്തു് വളരെ ദീർഘത്തിൽ വളൎന്നിരുന്നു. രാമകൃഷ്ണൻ അവിടെചെന്നു 'ദേവീ! എന്നെ പറയൻേറയും ഭൃത്യനാക്കണേ! ഞാൻ പറയനേക്കാളും താണവനാണെന്ന ബോധം എന്നിൽ ഉറപ്പിച്ചുതരണേ' എന്നിങ്ങനെ പ്രാൎത്ഥിച്ചുകൊണ്ടു അദ്ദേഹം അദ്ദേഹത്തിൻെറ നീണ്ട തലമുടികൊണ്ടു അവിടമെല്ലാം തേഴുകിവൃത്തിയാക്കും. "എൻെറ ഭക്തന്മാരെ പൂജിക്കുന്നവരാണു് എൻെറ ഉത്തമഭക്തന്മാർ. ഇവരെല്ലാം എൻെറ സന്താനങ്ങളാണു്. അവരെ ശുശ്രൂഷിക്കുന്നതു് എനിക്കു പ്രിയമാണു്" എന്നു് ഹിന്തുശാസ്ത്രങ്ങളിൽ പറഞ്ഞിട്ടുണ്ടു്.

ഇങ്ങിനെയുള്ള സംഗതികൾ അനേകമുണ്ടു്. അവയെയെല്ലാം വിവരിക്കുവാൻ ഒട്ടേറെസമയം പിടിക്കും. ഞാൻ അദ്ദേഹത്തിൻെറ ജീവചരിത്രത്തിൻെറ ഒരു സംക്ഷേപം മാത്രമേ ഇവിടെ പറയുവാൻ വിചാരിക്കുന്നുള്ളൂ. ഇങ്ങിനെ അദ്ദേഹം അനേക കാലം അഭ്യാസം ചെയ്തു. അദ്ദേഹത്തിൻെറ സാധനകളിൽ ഒന്നു് ലിംഗബോധത്തെ നിശ്ശേഷം നശിപ്പിക്കുവാനുള്ളതായിരുന്നു. ആത്മാവിന്നു ലിംഗമില്ല; അതു് പുരുഷനുമല്ല സ്ത്രീയുമല്ല. ലിംഗഭേദം ഉള്ളതു ശരീരത്തിന്നു മാത്രമാണു്. അതിനാൽ ആത്മാനുഭൂതിക്കായി ശ്രമിക്കുന്നവൻ അതേ സമയംതന്നെ കേവലം ശാരീരികമായ ലിംഗബോധത്താൽ അസ്വശിതനാകുവാൻ പാടില്ല. അദ്ദേഹം പുരുഷശരീരത്തിലാണു് ജനിച്ചതെങ്കിലും അദ്ദേഹം എല്ലാററിലും സ്ത്രീഭാവം കാണുവാൻ ആഗ്രഹമുള്ളവനായി. അതിനാൽ താൻ

ഒരു സ്ത്രീയാണെന്നു അദ്ദേഹം വിചാരിക്കുവാൻ തുടങ്ങി. അദ്ദേഹം സ്ത്രീജനങ്ങളെപ്പോലെ വസ്ത്രംധരിച്ചു; സ്ത്രീജനങ്ങളെപ്പോലെതന്നെ സംസാരിച്ചു; പുരുഷന്മാരുടെ പ്രവൃത്തികളെയെല്ലാം ഉപേക്ഷിച്ചു; നല്ല കുടുംബങ്ങളിലെ അന്തഃപുരങ്ങളിൽ സ്ത്രീകളുമൊന്നിച്ചു താമസിക്കുകയും ചെയ്തു. ഇങ്ങനെ അനേക സംവത്സരങ്ങളിലെ പരിശ്രമത്തിൻെറ ഫലമായി അദ്ദേഹത്തിൻെറ മനഃസ്ഥിതി കേവലം ഭേദപ്പെട്ടുകയും, ലിംഗബോധം അദ്ദേഹത്തിന്ന് നിശ്ശേഷം ഇല്ലാതാകുകയും, ജീവിതംതന്നെ അത്യന്തം ഭേദപ്പെട്ടുകയും ചെയ്തു.

സ്ത്രീകളെ ആരാധിക്കുന്നതിനെപ്പററി പാശ്ചാത്യരാജ്യങ്ങളിൽ പലതും പറഞ്ഞുകേട്ടിട്ടുണ്ട്. ഇവിടങ്ങളിലുള്ളവരെല്ലാം അതിതീവ്രമായ സ്ത്രീ ആരാധകന്മാരും അവരുടെ പരദേവത സ്ത്രീകളും തന്നെയാണ്. എന്നാൽ ഈ ആരാധനയെല്ലാം അവരുടെ യൌവ്വനത്തേയും സൌന്ദര്യത്തേയും മാത്രം ലാക്കാക്കിയുള്ളതാകുന്നു. എന്നാൽ ഈ മനുഷ്യൻെറ ആരാധനം അങ്ങിനെയുള്ളതായിരുന്നില്ല. അദ്ദേഹത്തിന്നു എല്ലാ സ്ത്രീകളുടേയും മുഖം അദ്ദേഹത്തിൻെറ ദിവ്യമാതാവിൻെറതുതന്നെയായി ഭവിച്ചു. അല്ലാതെ മറെറാന്നും അദ്ദേഹം അവരുടെമുഖത്തു കണ്ടില്ല. ഇദ്ദേഹം "അമ്മേ! അമ്മ വിഭിന്നരൂപഭാവത്തിൽ തെരുവിൽ നില്ക്കുന്നു, മറെറാരു ഭാവത്തിൽ അമ്മതന്നെ പ്രപഞ്ചവുമാകുന്നു. അമ്മേ! ഞാൻ നിന്തിരുവടിയെ നമസ്കരിക്കുന്നു. അടിയൻ നിന്തിരുവടിയെ നമസ്കരിക്കുന്നു." എന്നു പറഞ്ഞു്, സമുദായം സമീപിക്കുവാനും തൊട്ടുവാനും ലജ്ജിക്കുന്നവരായ സ്ത്രീകളുടെ മുമ്പിൽ നിന്നുകൊണ്ടു ആനന്ദാശ്രുപൊഴിച്ച് അവരുടെ കാൽക്കൽവീണു നമസ്കരിക്കുന്നതു ഞാൻതന്നെ കാണുകയുണ്ടായിട്ടുണ്ട്. സമസ്തകാമവികാരങ്ങളും നിശ്ശേഷം അസ്തമിച്ചതായ ആ അനുഗ്രഹീതജീവിതത്തിൻെറ മഹത്വം ഒന്നു ചിന്തിച്ചുനോക്കുക! അവൻ എല്ലാസ്ത്രീകളേയും ഭക്തിബഹുമാനങ്ങളോടുകൂടി നിരീക്ഷണം

ചെയ്യുന്നു; എല്ലാ സ്ത്രീകളുടേയും മുഖം അവന്നു പ്രകാരാന്തരപ്പെട്ടുകാണുന്നു; ദിവ്യമാതാവിൻെറ, ആനന്ദസന്ദായിനിയുടെ, പ്രപഞ്ചത്രാണപരായണിയുടെ മുഖകമലമല്ലാതെ മററൊന്നും അവൻ കാണുന്നില്ല. ഹ! അതിൻെറ മാഹാത്മ്യം!! അതാണ് ഞങ്ങൾക്കു വേണ്ടതു്. സ്ത്രീത്വത്തിൻെറ പിമ്പുറത്തു് ഈശ്വരത്വം ഇല്ലെന്നാണോ നിങ്ങൾ പറയുന്നതു്? ഇല്ലാതെ ഒരിക്കലും ഉണ്ടായിട്ടില്ല. ഇനിയൊട്ടു് ഉണ്ടാകുകയും ഇല്ല. അതെപ്പോഴും സ്വയമേവ പ്രകടിതമായി നില്ക്കുകതന്നെയാണു ചെയ്യുന്നതു് യാതൊരു ന്യൂനതയും വീഴ്ചയും കൂടാതെ അതു് കാപട്യത്തേയും പൊങ്ങച്ചത്തേയും കണ്ടുപിടിക്കുകയും, അതു സത്യത്തിൻെറ ചൂടിനെ നിരന്തരം അനുഭവിക്കുകയും ആധ്യാത്മികഭാവത്തിൻെറ പ്രകാശത്തെ ഏല്ക്കുകയും, പരിശുദ്ധതയുടെ വൈശിഷ്ട്യത്തെ അനുഭവിക്കുകയും തന്നെ ചെയ്യുന്നു. യഥാർത്ഥമായ ആധ്യാത്മികഭാവത്തെ പ്രാപിക്കേണമെങ്കിൽ അങ്ങിനെയുള്ള പരിശുദ്ധത അത്യന്തം അപേക്ഷണീയം തന്നെ ആകുന്നു.

ഇങ്ങിനെ അതി തീവ്രമായതും യാതൊരു മാലിന്യവും കൂടാത്തതും ആയ പരിശുദ്ധത അദ്ദേഹത്തിൻെറ ജീവിതത്തിൽ ആവിർഭവിക്കയും അതോടുകൂടി നമുക്കു നമ്മുടെ ജീവിതത്തിൽ സാധാരണമായി ഉണ്ടാകാറുള്ള ബുദ്ധിമുട്ടുകളെല്ലാം അദ്ദേഹത്തിന്നു് അവസാനിക്കുകയും ചെയ്തു. യാതൊന്നിൻെറ പ്രാപ്തിക്കായി തൻെറ ജീവിതത്തിൻെറ മുക്കാൽഭാഗവും ഏകാന്തനിഷ്ഠയോടുകൂടി വ്യയം ചെയ്യപ്പെട്ടുവോ അതു്, അതായതു് അത്യദ്ധ്വാനം ചെയ്തു് സമ്പാദിച്ച അദ്ദേഹത്തിൻെറ ആധ്യാത്മിക രത്നങ്ങൾ, ഇപ്പോൾ പരിപൂർണ്ണശോഭയിൽ പ്രശോഭിക്കുകയും മനുഷ്യസമുദായത്തിൽ വിതരണം ചെയ്യുവാൻ തയ്യാറാക്കപ്പെട്ടുകയുംചെയ്തു. അദ്ദേഹത്തിൻെറജീവിതകൃത്യം ആരംഭിച്ചതു് അപ്പോഴാണു്. അദ്ദേഹത്തിൻെറ ശിക്ഷണവും ഉപദേശവും ജാതിയൊന്നു വേറെയായിരുന്നു. ഞങ്ങളുടെ രാജ്യത്തു

ഗ്രരു വളരെ ആരാദ്ധ്യനായ ഒരു മഹാപുരുഷനാണ്. അദ്ദേഹത്തെ ഈശ്വരനായിത്തന്നെയാണ് കരുതിപ്പോരാറുള്ളതു്. ഞങ്ങളുടെ അച്ഛനമ്മമാരോടുകൂടിയും ഞങ്ങൾക്കു ഗ്രരുവിനോടുള്ളതുപോലെയുള്ള ഭക്തിബഹുമാനങ്ങൾ ഇല്ലെന്നു തന്നെ പറയാം. അച്ഛനും അമ്മയും കൂടി ഞങ്ങൾക്ക് ശരീരത്തെ തന്നു എന്നേയുള്ളു. എന്നാൽ മുക്തിക്കുള്ള മാർഗ്ഗം കാണിച്ചുതരുന്നതു് ഗ്രരുവാണ്. ഞങ്ങൾ ഗ്രരുവിൻെറ സന്താനങ്ങളാണ്. ഗ്രരുവിൻെറ പരമ്പരയാണ് ഞങ്ങളുടെ പരമ്പരയായി കണക്കാക്കാറുള്ളതു്. ഇങ്ങനെ അസാധാരണയോഗ്യതയോടുകൂടിയ ഒരു ലോകഗ്രരു ഉണ്ടാകുമ്പോൾ എല്ലാ ഹിന്ദുക്കളും വന്ന് അദ്ദേഹത്തെ ബഹുമാനിക്കുന്നു. അവരെല്ലാം വന്ന് അദ്ദേഹത്തിൻെറ ചുററും വളഞ്ഞു് കൂടുകയായി. അങ്ങിനെയുള്ള ഒരു ഗ്രരുവായാണ് ഇദ്ദേഹം ആവിർഭവിച്ചതു്. എന്നാൽ താൻ പൂജ്യനാണെന്നോ ത്യാജ്യനാണെന്നോ ഉള്ള വിചാരമൊന്നും ഈ ഗ്രരുവിന്നു് ഉണ്ടായിരുന്നില്ല. താനൊരു വലിയ ആചാര്യനാണെന്ന വിചാരം തന്നെ അദ്ദേഹത്തിന്നു് ലവലേശം ഉണ്ടായിരുന്നില്ല. എല്ലാം ചെയ്യുന്നതു് ദേവിയാണെന്നും അല്ലാതെ താനൊന്നും ചെയ്യുന്നില്ലെന്നും ആയിരുന്നു അദ്ദേഹത്തിൻെറ വിചാരം. "എൻെറ വാക്കിൽനിന്നു് നന്മയായി വല്ലതും വരുന്നുണ്ടെങ്കിൽ, അതെല്ലാം പറയുന്നതു് അമ്മയാണ്. എനിക്കു് അതോടുകൂടി എന്തു് സംബന്ധമാണ് ഉള്ളതു്?" എന്നു് അദ്ദേഹം എല്ലായ്പോഴും പറയാറുണ്ടു്. തൻെറ പ്രവൃത്തിയെപ്പററി അദ്ദേഹത്തിനുണ്ടായിരുന്ന ഏകമായഭാവം അതൊന്നുമാത്രമായിരുന്നു. അദ്ദേഹത്തിൻെറ മഹാസമാധിവരെ അദ്ദേഹം അതിനെത്തന്നെ ദൃഢമായി പരിപാലിക്കുകയും ചെയ്തു. ഇദ്ദേഹം ആരേയും ആശ്രയിച്ചതുമില്ല; ആരേയും ക്ഷണിച്ചതുമില്ല. അദ്ദേഹത്തിൻെറ സിദ്ധാന്തം; "ഒന്നാമതായി പൌരുഷം ഉണ്ടാക്കുക, ആദ്ധ്യാത്മികഭാവം സമ്പാദിക്കുക, എന്നാൽ പിന്നീടു് അതിൻെറ ഫലം തനിയെ ഉണ്ടായിക്കൊള്ളും" എന്നാണ്. അദ്ദേഹത്തിന്നു് ഏററവും

പ്രിയമായിരുന്ന ഒരു ഉദാഹരണം ഇതായിരുന്നു:—"പുഷ്പം വികസിതമാകുമ്പോൾ അതിൽ നിന്നു മധു ആസ്വാദിക്കുവാനായി തേനീച്ചകൾ തനിയെ വന്നുചേരുന്നു. അതുപോലെ നിങ്ങളുടെ പൌരുഷം ആകുന്ന പുഷ്പം വികസിതമാകട്ടെ; അപ്പോൾ അതിന്റെ ഫലം തനിയേ വന്നുകൊള്ളും." ഇതു് പഠിക്കുവാനുള്ള ഒരു വലിയ പാഠമാണു്. എന്റെ ആചാൎയ്യദേവൻ എന്നെ ഈ ഒരു പാഠം അനേകായിരംതവണ പഠിപ്പിച്ചിട്ടുണ്ടു്; എങ്കിലും ഞാൻ അതിനെ പലപ്പോഴും മറക്കാറാണു് പതിവു്. വിചാരശക്തിയെപ്പററി അറിയുന്നവർ വളരെ ദുർല്ലഭമേയുള്ളൂ. ഒരുവൻ ഒരു ഗുഹാന്തർഭാഗത്തിൽ പ്രവേശിച്ചു് അതിന്റെ വിലദ്വാരമെല്ലാം വേണ്ടതുപോലെ ബന്ധിച്ചു് ഭദ്രമാക്കി ഒരു മഹത്തായ ചിന്തയെ ചിന്തിച്ചു് മരിച്ചു എന്നു വന്നാൽകൂടെ ആ ചിന്ത ആ ഗുഹയുടെ അഭേദ്യമായ ഭിത്തികളെ പിളൎന്നു്, ദിക്കിലെല്ലാം പരന്നു് ഒടുവിൽ മനുഷ്യസമുദായത്തിലാകമാനം വ്യാപിക്കുന്നതായിരിക്കും. വിചാരത്തിന്റെ ശക്തി അത്രയ്ക്കാണു്. അതിനാൽ നിങ്ങളുടെ വിചാരങ്ങളെ മററുള്ളവൎക്കു് കൊടുക്കുവാനായി നിങ്ങൾ ധൃതിപ്പെടേണ്ടതായ ആവശ്യമൊന്നും ഇല്ല. ഒന്നാമതായി കൊടുക്കുവാൻ തക്കവണ്ണം വല്ലതും സമ്പാദിയ്ക്കുക. ശിക്ഷിയ്ക്കുക എന്നതു് വെറും ഉപദേശംകൊടുക്കുക, സംസാരിക്കുക, എന്നതുമാത്രമല്ല; ഒരു സിദ്ധാന്തത്തെ മറെറാരുവനിൽ പകൎത്തിക്കൊടുക്കുകയെന്നതു മാത്രമല്ല; അതു് യഥാൎത്ഥത്തിൽ ഒരു പാത്രത്തിൽ നിന്നു് മറെറാരു പാത്രത്തിലേയ്ക്കു എണ്ണ ഒഴിക്കുന്നതുപോലെ ഗുരു ശിഷ്യനിൽ കടത്തി കൊടുക്കുന്നതാണു്. അതാണു് ശിക്ഷണം. അതിനാൽ അങ്ങിനെ കൊടുക്കുവാൻ കോപ്പുള്ളവനെക്കൊണ്ടുമാത്രമേ ശിക്ഷിക്കുവാൻ സാധിക്കുകയുള്ളൂ. എനിക്കു് നിങ്ങൾക്കു് ഒരു പുഷ്പംതരുവാൻസാധിയ്ക്കുന്നതുപോലെ തന്നെ ആദ്ധ്യാത്മികതയേയും ഒരുവന്നു് മറെറാരുവന്നു കൊടുക്കുവാൻ സാധിക്കുന്നതാണു്. ഇതു വളരെ പരമാൎത്ഥമായ ഒരു സംഗതിയാകുന്നു. ഇതു് ഇന്ത്യയിലെ ഏററവും

പ്രാചീനമായ ഒരു സിദ്ധാന്തമാണു്. പാശ്ചാത്യരാജ്യത്തിലും പുണ്യവാളന്മാരുടെ പിന്തുടർച്ചയെ സംബന്ധിച്ചുള്ള വിശ്വാസസംഗതിയിൽ ഇതിന്റെ ഒരു ദൃഷ്ടാന്തം കാണപ്പെടുന്നുണ്ടു്. അതിനാൽ ഒന്നാമതായി വേണ്ടതു് പൌരുഷം ഉണ്ടാക്കുകയാണു്. നിങ്ങൾക്കു ചെയ്വാൻ സാധിക്കുന്ന ഏററവും മഹത്തരമായ ധർമ്മം അതാകുന്നു. ഒന്നാമതായി സത്യത്തെ നിങ്ങൾ തന്നെ അറിയുക. പിന്നെ അതിനെ നിങ്ങളിൽ നിന്നു് മനസ്സിലാക്കുവാൻ അനേകം ജനങ്ങൾ ഉണ്ടായിക്കൊള്ളും. അവരെല്ലാം ഇങ്ങോട്ടുതന്നെ വന്നുകൊള്ളും. ഇതായിരുന്നു എന്റെ ആചാര്യദേവന്റെ സ്വഭാവം. എന്നാൽ അദ്ദേഹം ആരേയും ആക്ഷേപിച്ചതും ഇല്ല. ഞാൻ അദ്ദേഹവുമൊന്നിച്ചു് വളരെ സംവത്സരം താമസിച്ചിട്ടുണ്ടു്. ഇക്കാലത്തു ഒരിക്കലെങ്കിലും മററതെങ്കിലും ഒരാളെപ്പററിയോ ഒരു വർഗ്ഗത്തെപ്പററിയോ ആക്ഷേപമായ ഒരു ശബ്ദംപോലും അദ്ദേഹത്തിൽ നിന്നു് പുറത്തുവന്നതായി ഞാൻ കേട്ടിട്ടില്ല. അദ്ദേഹം എല്ലാ വർഗ്ഗക്കാരേയും ഒരേവിധ അനുഭാവത്തോടുകൂടിയായിരുന്നു കരുതിയിരുന്നതു്. അവയെല്ലാം തമ്മിലുള്ള അന്യോന്യയോജിപ്പിനെ അദ്ദേഹം നല്ലതുപോലെ കണ്ടിരുന്നു. ഒരുവൻ വളരെ ബുദ്ധിയുള്ളവനായിരിക്കാം, അല്ലെങ്കിൽ വളരെ ഭക്തിയുള്ളവനായിരിക്കാം, അല്ലെങ്കിൽ വളരെ ധൈര്യശാലി ആയിരിക്കാം, അല്ലെങ്കിൽ വളരെ ഉത്സാഹശീലനായിരിക്കാം. നമ്മുടെ ഇടയിലുള്ള അനേകമതങ്ങളും ഇതിൽ ഏതെങ്കിലും ഒരു ഗുണത്തെ സ്വായത്തമാക്കിയവയുമാണു്. എന്നാൽ ഇവനാലും ഒരുവനിൽതന്നെ ഏകോപിക്കുവാൻ ധാരാളം പാടുള്ളതാകുന്നു ഭാവിയിൽ ഉണ്ടാകുന്ന ജനസമുദായം ചെയ്വാൻപോകുന്നതും അതുതന്നെയാണു്. ഇതായിരുന്നു അദ്ദേഹത്തിന്റെ ആശയം. അദ്ദേഹം അതിനാൽ യാതൊന്നിനേയും ആക്ഷേപിക്കുകയോ നിന്ദിക്കുകയോ ഉണ്ടായില്ല. അവയിലെല്ലാം ഉള്ള ഗുണത്തെ മാത്രം കാണുകയാണു് ഉണ്ടായതു്.

ഈ അത്യാശ്ചൎയ്യകരമായ മനുഷ്യനെ കാണുവാനും അദ്ദേഹം പറയുന്നതിനെ ശ്രവിക്കുവാനും ആയി ജനങ്ങൾ ആയിരായിരം കണക്കിന്നു് വന്നുചേരുവാൻ തുടങ്ങി. അദ്ദേഹത്തിൻെറ ഒരോ വാക്കുകളും ശക്തിമത്തുകളും തേജോമയങ്ങളും ആയിരുന്നു. ഒരുവൻെറ വാക്കിന്നു് ശക്തിയും ജീവസ്സും ഉണ്ടാക്കുന്നതു് പറയപ്പെട്ട സംഗതിയല്ല; മാത്രമല്ല, അതിനെ പറയുവാൻ ഉപയോഗപ്പെട്ടത്തിയ ഭാഷാരീതിയും അല്ല. ഒരു അഭിഭാഷകൻെറ വാക്കിന്നു് ഫലം വരുത്തുന്നതു് അവൻെറ ഓരോവാക്കിലും സശോഭംജ്വലിക്കുന്ന അവൻെറ ആസ്തിത്വമാണു്. അവൻെറ ആകാരശക്തിയാണു്. നമുക്കെല്ലാവക്കും തന്നെ ഈ പരമാൎത്ഥം ചിലപ്പോഴെല്ലാം അനുഭവമാകാറുണ്ടു്. നാം ചിലപ്പോഴൊക്കെ അതിവിശേഷമായ വാഗ്വിലാസത്തോടുകൂടിയ വിശേഷപ്രസംഗങ്ങൾ കേൾക്കാറില്ലെ? ചിലപ്പോഴൊക്കെ യുക്തിയുക്തവും അത്ഭുതകരവുമായ യുക്തിവാദങ്ങൾ കേൾക്കാറില്ലെ. പക്ഷെ വീട്ടിലെത്തുമ്പോഴെയ്ക്കു തന്നെ അതിനെപ്പററിയെല്ലാം മറന്നുപോകുകയാണല്ലോ ചെയ്യുന്നതു്. വേറെ ചിലപ്പോൾ നാം അല്പം ചില വാക്കുകൾ മാത്രം കേൾക്കുന്നു; അവയുടെ ഭാഷാശുദ്ധിയൊബഹു മാശം; യുക്തിവാദങ്ങളൊന്നും തന്നെയില്ല; പക്ഷെ അവ നമ്മുടെ മനസ്സിൽ കടക്കുന്നു; നമ്മുടെ സ്വഭാവത്തിൽ അലിഞ്ഞുചേരുന്നു; എന്നുതന്നെയല്ല ശാശ്വതമായ ഫലത്തെ ചെയ്യുന്നതായും കാണപ്പെടുന്നു. തൻെറ വാക്കുകളിൽ തൻെറ ആസ്തിത്വശക്തിയെ ചെലുത്തുവാൻ സാധിക്കുന്നവൻെറ വാക്കുകൾ ഫലപ്രദങ്ങളായിത്തീരുന്നു എന്നു് ഇതിനാൽ വ്യക്തമാകുന്നുണ്ടല്ലോ. പക്ഷെ ഇതിന്നു് ഈ ശക്തി ധാരാളം ഉണ്ടായിരിക്കണം. എല്ലാ അദ്ധ്യയനവും സൂക്ഷ്മത്തിൽ ഒരു കൊടുക്കലും വാങ്ങലും തന്നെയാണു്. ഗുരുനാഥൻ കൊടുക്കുന്നു, ശിഷ്യൻ വാങ്ങുന്നു. അതിനാൽ ഗുരുവിന്നു് തൻെറ കയ്യിൽ കൊടുക്കുവാൻ വല്ലതും ഉണ്ടായിരിക്കുകയുംവേണം; ശിഷ്യൻ അതിനെ സ്വീകരിക്കുവാൻ യോഗ്യതയുള്ളവനായിരിക്കുകയും വേണം.

ഇന്ത്യയുടെ തലസ്ഥാനനഗരിയും ഞങ്ങളുടെ രാജ്യത്തിലെ ഏററവും പ്രധാനമായ സർവ്വകലാശാലാപട്ടണവും ആയ കൽക്കത്താപട്ടണത്തിന്നു സമീപമാണ് ഇദ്ദേഹം താമസിച്ചിരുന്നതു്. ഈ സർവ്വകലാശാലപ്രതിവർഷം അനേകായിരം Sceptics നേയും ഭൌതികവാദികളേയും സൃഷ്ടിച്ചു് വിടാറുണ്ട്. ഇങ്ങിനെയുള്ള നിരീശ്വരവാദികളും ഭൌതികവാദികളും ആയ അനേകം സർവ്വകലാശാലാസന്താനങ്ങൾ ഇദ്ദേഹത്തിനെ കാണുവാനും ഇദ്ദേഹത്തിൻെറ വാക്കുകളെ കേൾക്കുവാനും വരിക പതിവായി. ഞാനും ഇങ്ങിനെയിരിക്കുന്ന അവസ്ഥയിലാണ് ഇദ്ദേഹത്തെപ്പററി കേട്ടതു്. അദ്ദേഹത്തെ കാണുവാനായി ഞാനും അവിടെ ചെന്നു. അദ്ദേഹം സാധാരണ ഒരാളെപ്പോലെതന്നെയായിരുന്നു ഇരുന്നിരുന്നതു്. കാഴ്ചയിൽ ഒരു വ്യത്യാസവും ഉണ്ടായിരുന്നില്ല. അദ്ദേഹത്തിൻെറ ഭാഷയാകട്ടെ ഏററവും സാധാരണംതന്നെ. ഇതെല്ലാം കണ്ടപ്പോൾ "ഇദ്ദേഹംതന്നെയാണൊ വലിയ ആചാര്യൻ" എന്നെനിക്കു തോന്നിപ്പോയി. എങ്കിലും ഞാൻ മെല്ലെ അടുത്തുകൂടി, എൻെറ ജീവിതത്തിൽ അത്രകാലവും ഞാൻ എല്ലാവരോടും ചോദിക്കാറുണ്ടായിരുന്ന ചോദ്യം അദ്ദേഹത്തോടും ചോദിച്ചു.

ഞാൻ—അങ്ങു് ഈശ്വരനിൽ വിശ്വസിക്കുന്നുണ്ടോ?

അദ്ദേഹം—ഉണ്ട്.

ഞാൻ—ഈശ്വരനുണ്ടെന്നു് അങ്ങേക്കു തെളിയിക്കാമൊ?

അദ്ദേഹം—തെളിയിക്കാം.

ഞാൻ—എങ്ങിനെ?

അദ്ദേഹം—നിങ്ങളെയെല്ലാം കാണുന്നതുപോലെതന്നെ എങ്കിലും അതിലും കുറേക്കൂടെ നിബിഡമായി ഞാൻ ഈശ്വരനേയും കാണുന്നതുകൊണ്ടുതന്നെ.

ഇതു് ഉടനെതന്നെ എൻെറ ഉള്ളിൽ പതിഞ്ഞു. താൻ ഈശ്വരനെ കണ്ടിട്ടുണ്ടെന്നും, ധർമ്മം യഥാർത്ഥമായ ഒരു

വാസ്തവമാണെന്നും, അതിനെ നമുക്ക് ഈ ഭൗതികലോകത്തെ അനുഭവപ്പെടുത്താകുന്നതിലും അധികം ദീപ്രമായി അനുഭവപ്പെടുത്താമെന്നും പറയുവാൻ ധൈര്യപ്പെട്ട ഒരാളെ അതിന്നു മുമ്പു് ഞാൻ എങ്ങും കാണുകഉണ്ടായിട്ടില്ല. ഞാൻ അതിന്നു ശേഷം പ്രതിദിവസം അദ്ദേഹത്തെ ചെന്നു കാണുവാൻ തുടങ്ങി. ധർമ്മത്തെ ഒരു ഭൗതികവസ്തുവെന്നപോലെ കൊടുക്കുവാനും വാങ്ങുവാനും സാധിക്കുമെന്നു് ഞാൻ അറിയുകയും ചെയ്തു. ഒരു സ്പർശനം, ഒരേഒരു നോട്ടം, ഇതുകൊണ്ടുതന്നെ ഒരു ജീവിതത്തെ നിശ്ശേഷം ഭേദപ്പെടുത്തുവാൻ സാധിക്കുന്നതാണു്. ബുദ്ധൻ, ക്രിസ്തു, മുഹമ്മദു്, ഇവരെല്ലാം "നിങ്ങൾ പൂർണ്ണന്മാരായി ഭവിക്കട്ടെ" എന്നു് അനുഗ്രഹിച്ചപ്പോൾ അതിന്നു പാത്രവാന്മാരായവർ അങ്ങിനെയായിത്തീർന്നു എന്നു് ഞാൻ പുസ്തകങ്ങളിൽ വായിക്കുക ഉണ്ടായിട്ടുണ്ടു്. അതു് പരമാർത്ഥം തന്നെയാണെന്നു് ബോദ്ധ്യംവന്നതു് ഇപ്പൊഴാണു്. ഞാൻ ഇദ്ദേഹത്തെ കണ്ടപ്പോൾ എൻെറ നിരീശ്വരബുദ്ധിയും ഭൗതികപ്രതിപത്തിയും എല്ലാം ഇല്ലാതായി. അങ്ങിനെ ആൎക്കും സംഭവിക്കാവുന്നതുമാണു്. "ലോകത്തിലുള്ള മറെറല്ലാ വസ്തുക്കളെക്കാളും അധികം വ്യക്തമായും അധികം യഥാർത്ഥമായും മതത്തെ കൊടുക്കുവാനും എടുക്കുവാനും സാധിക്കുന്നതാണു്" എന്നു് എൻെറ ആചാര്യദേവൻ പലപ്പൊഴും പറയുക ഉണ്ടായിട്ടുണ്ടു്. അതിനാൽ ഒന്നാമതായി വേണ്ടതു് ആദ്ധ്യാത്മികഭാവത്തോടു കൂടിയവനായിത്തീരുകയാണു്. കൊടുക്കുവാൻ നിങ്ങളുടെ കയ്യിൽ കോപ്പുണ്ടാകട്ടെ, പിന്നെ ലോകസമക്ഷം പ്രത്യക്ഷനായി അതിനെ വിതരണംചെയ്യുക. ധർമ്മം എന്നു പറയുന്നതു് വെറും വാക്കുകളൊ സംസാരമൊ അല്ല. അതു് സിദ്ധാന്തങ്ങളും പദ്ധതികളും അല്ല. അതു് ഒരു കക്ഷിക്കും പ്രത്യേകമുള്ളതും അല്ല. ധർമ്മത്തിന്നു് ഏതെങ്കിലും പ്രത്യേകവർഗ്ഗങ്ങളിലൊ സമുദായങ്ങളിലൊ തനിച്ചായി ജീവിക്കുവാനും സാധിക്കുകയില്ല. ധർമ്മം എന്നതു് ആത്മാവോടു സംബന്ധമാണു്. അതിനെ എങ്ങിനെ ഒരു സമുദായത്തിൽ

മാത്രമായി അടക്കിനിൎത്താം. അപ്പോൾ അതൊരു വ്യാപാരമായി അധഃപതിച്ചുപോകുന്നു. ഒരു ധൎമ്മം എപ്പോൾ വ്യാപാരമാനൊ വ്യാപാരധൎമ്മങ്ങളോടുകൂടിയതായൊ തീരുന്നുവൊ അപ്പോൾ അവിടെ ഈശ്വരഭാവം നശിച്ചുപോകുന്നതാണു്. അമ്പലങ്ങൾ പണിചെയ്യിക്കുന്നതിലല്ല ധൎമ്മം ഇരിക്കുന്നതു്. പള്ളികൾ പണിചെയ്യിക്കുന്നതിലുമില്ല ധർമ്മം. പൊതുജനാരാധനവും ധർമ്മമാകുന്നില്ല. അതിനെ ഗ്രന്ഥങ്ങളിൽ കാണുവാൻ സാധിക്കുകയില്ല. അതിനെ വാക്കുകളിൽ അടക്കുവാൻ കഴികയില്ല. അതിനെ പ്രസംഗങ്ങളിൽ വിവരിക്കുവാൻ സാധിക്കുകയില്ല. അതിനെ സാമുദായികഘടനകളിലും ഉൾപ്പെടുത്തുവാൻ ഒക്കുന്നതല്ല. ധർമ്മം ഇരിക്കുന്നതു് അനുഭൂതിയിലാണു്. പരമാത്മത്തെ നമുക്കുതന്നെ നേരിട്ടു് മനസ്സിലാക്കുന്നതുവരെ നമുക്കു് ഒന്നുകൊണ്ടും തൃപ്തിയാകുന്നില്ലെന്നു് നമുക്കെല്ലാംതന്നെ അറിയാകുന്ന സംഗതിയല്ലെ? എത്രയൊക്കെ യുക്തിവാദംചെയ്തതുകൊണ്ടും പ്രയോജനമില്ല, നാം എത്രയൊക്കെ കേട്ടതുകൊണ്ടും പ്രയോജനമില്ല. അതുകൊണ്ടൊന്നും നമുക്കു് ശരിയായ തൃപ്തിവരികയില്ല. സ്വന്തമായ അനുഭൂതി ഒന്നുകൊണ്ടുമാത്രമെ നമുക്കു് തൃപ്തിവരികയുള്ളു. അങ്ങിനെയുള്ള അനുഭൂതി നമ്മളിൽ ഓരോരുത്തൎക്കും ഉണ്ടാകാവുന്നതാണു. അതിന്നായി നാം ശ്രമിക്കുകമാത്രമെ ചെയ്യേണ്ടതായിട്ടുള്ളു. ധർമ്മത്തെ അനുഭവപ്പെടുത്താനുള്ള ശ്രമത്തിന്റെ ഒന്നാമത്തെ ചടങ്ങു് ത്യാഗം ആകുന്നു. എത്രത്തോളം നമ്മാൽ ത്യജിക്കുവാൻ സാധിക്കുമൊ അത്രത്തോളവും ഉപേക്ഷിക്കണം. ഇരുട്ടും വെളിച്ചവുംപോലെ ലോകാനുഭവവും ഈശ്വരാനുഭവവും രണ്ടും ഒരേകാലത്തു് സാധിക്കുന്നതല്ല. "നിങ്ങൾക്കു് ദൈവത്തേയും mammon നേയും ഒരേകാലം സേവിക്കുവാൻ സാധിക്കുകയില്ല" അതുകളെക്കൊണ്ടു് സാധിക്കുമെന്നുണ്ടെങ്കിൽ അവരൊന്നു് പരിശോധിച്ചുനോക്കട്ടെ ഇങ്ങിനെ പരിശോധിച്ചുനോക്കിയവരെ ഞാൻ ലോകത്തിൽ എവിടേയും ലക്ഷോപലക്ഷം കണ്ടിട്ടുണ്ടു്. പക്ഷെ അവ

രുടെ ശ്രമമെല്ലാം നിശ്ശേഷം നിഷ്ഫലമായിട്ടേയുള്ളൂ. ഏതെങ്കിലും ഒരു വാക്ക് പരമാൎത്ഥമായിട്ടുണ്ടെങ്കിൽ അതു് ഈശ്വരനുവേണ്ടി സൎവ്വവും ഉപേക്ഷിക്കുകയെന്നുള്ളതാണ്. പക്ഷെ ഇതു് വളരെ പ്രയാസമുള്ളതും ചിരകാലപരിശ്രമം കൊണ്ടു് സാധിക്കേണ്ടതുമായ ഒരു സംഗതിയാണ്. എങ്കിലും അതിനെ ഇപ്പോൾ ഇവിടെവെച്ചുതന്നെ തുടങ്ങാവുന്നതാകുന്നു. നാം അതിനെ അനുക്രമം പ്രാപിക്കേണ്ടതായിട്ടാണ് ഇരിക്കുന്നതു്.

ഞാൻ എൻെറ അചാൎയ്യദേവനിൽനിന്നു പഠിച്ചുരണ്ടാമത്തേതും, എങ്കിലും ഏററവും പ്രധാനവും ജീവസ്സുള്ളതും ആയ ആശയം (i) ലോകത്തിലെ മതങ്ങളെല്ലാം അന്യോന്യം ഭിന്നിപ്പില്ലാത്തതും അന്യോന്യം വൈരത്തോടു കൂടാത്തതും ആണെന്നും; (ii) അവയെല്ലാം സനാതനവും ശാശ്വതവും ആയ ഒരേ ധൎമ്മത്തിൻെറ വിഭിന്നഭാവങ്ങൾ മാത്രമാണെന്നും; (iii) ആ ഏകവും സനാതനവുമായ ധൎമ്മത്തെ വ്യത്യസ്തസ്വഭാവത്തോടുകൂടിയ അവസ്ഥകൾക്കും വ്യത്യസ്തരാജ്യങ്ങളിൽ വ്യത്യസ്തരീതിയിലുള്ള മനഃസ്ഥിതികൾക്കും യോജിക്കുന്നവിധത്തിൽ പ്രയോഗിച്ചിരിക്കുക മാത്രമാണെന്നും ഉള്ള അത്യത്ഭുതകരമായ പരമാൎത്ഥതത്വമാകുന്നു. എൻെറ മതം, അല്ലെങ്കിൽ നിങ്ങളുടെ മതം ഇങ്ങനെയൊന്നുംതന്നെ ഉണ്ടായിട്ടില്ല. എൻെറ രാഷ്ട്രീയമതം അല്ലെങ്കിൽ നിങ്ങളുടെ രാഷ്ട്രീയമതം അങ്ങിനെയും ഇല്ല. അനേകമതങ്ങൾ ഇല്ല തന്നെ. ആകെ മതം ഒന്നുമാത്രമേയുള്ളൂ. അഖണ്ഡമായ ഏകമതം മാത്രമാണ് ഏതുകാലത്തും എവിടേയും ഉണ്ടായിട്ടുള്ളതു്. അതു് ഇനി എന്നും നിലനില്ക്കുകയും ചെയ്യും. ഈ ഒരേ ഒരു മതമാണ് ഓരോരാജ്യങ്ങളിൽ ഓരോ പ്രകാരത്തിൽ പ്രകടിതഭാവത്തെ സ്വീകരിക്കുന്നതു്. അതുകൊണ്ടു് നാം എല്ലാമതങ്ങളേയും ബഹുമാനിക്കുകയും അവയെയെല്ലാം നമ്മാലാവതുപോലെ സ്വീകരിക്കുവാൻ ശ്രമിക്കുകയും വേണം. ധൎമ്മം ജനസമുദായസ്വഭാവവും ഭൂശാസ്ത്രാനുരൂപേണയുള്ള സ്ഥി

തിയും അനുസരിച്ചു മാത്രമല്ല സ്വയമേവ പ്രകടിതഭാവത്തെ സ്വീകരിക്കുന്നതു്. ഓരോരോ രാജ്യത്തുമുള്ള ഓരോരോ വ്യക്തികളുടെ ശക്തി അനുസരിച്ചും കൂടെയാണു്. ഒരുവനിൽ മതം അതിതീവ്രമായ ഉത്സാഹം, അതായതു് പ്രവൃത്തി, രൂപത്തിൽ സ്വയമേവ പ്രകടിതമായിത്തീരുന്നു. മററൊരുവനിൽ അതേ ധമ്മംതന്നെ അതിതീവ്രമായ ഭക്തിയായും പ്രകടിതമാകുന്നു. മററൊരുവനിൽ പ്രകടിതമാകുന്നതു് സ്വശക്തികൾ രൂപേണയായിരിക്കും. മററൊരുവനിൽ തത്വജ്ഞാനരൂപത്തിലായിരിക്കും. ഇങ്ങിനെ അനേകവിധത്തിൽ കാണാം. അതിനാൽ "നിങ്ങളുടെ മാൎഗ്ഗവും സമ്പ്രദായങ്ങളും ശരിയല്ല" എന്നു നാം മററൊരുവനോടു പറയുന്നതു് അബദ്ധമാകുന്നു. പ്രകൃത്യാ ഭക്തസ്വഭാവിയായിരിക്കുന്ന ഒരാൾ, പരോപകാരം ചെയ്യുന്ന തൻെറ അയൽപക്കക്കാരൻ ധാൎമ്മികവിഷയത്തിൽ ശരിയായ മാൎഗ്ഗത്തിൽകൂടെ ചരിക്കുന്നവനല്ലെന്നു ഒരുപക്ഷേ വിചാരിക്കുമായിരിക്കാം. തൻെറ മാൎഗ്ഗം അതല്ലാത്തതുകൊണ്ടാണു് ആ മാൎഗ്ഗം ശരിയായിട്ടുള്ളതല്ലെന്നു ആ ആൾ വിചാരിക്കുന്നതു്. ഒരു തത്വജ്ഞാനി "ഓ! ഇവരൊക്കെ അറിവില്ലാത്ത മണ്ടന്മാരാണു്. അവക്കു ഈശ്വരഭക്തിയെപ്പററിയൊക്കെ എന്തറിയാം! അവർ ഈശ്വരഭക്തന്മാരായിരിക്കുന്നതു് എങ്ങിനെയാണു്? അവക്കു അതൊന്നും അറിഞ്ഞുകൂടാ. ശുദ്ധമേകമ്പം" എന്നുവിചാരിക്കുകയാണെങ്കിൽ ആ വിചാരം ഒട്ടും ശരിയായിട്ടുള്ളതല്ല. അവരും ശരിയായിരിക്കാം; അതുപോലെതന്നെ അവനും ശരിയായിരിക്കാം. പരമാത്മം ഒന്നുതന്നെയാണു്; അതു പലപ്രകാരമായി തോന്നപ്പെടുന്നതേയുള്ളൂ. ഒരേ പരമാത്മത്തെത്തന്നെ നോക്കുന്നതിൻെറ സ്ഥലഭേദമനുസരിച്ചു പലപ്രകാരത്തിൽ കാണാകുന്നതാണു് എന്നുള്ള സൎവ്വപ്രധാനമായ രഹസ്യത്തെ മനസ്സിലാക്കുകയാണു് നാം അത്യാവശ്യമായി വേണ്ടതു്. അങ്ങിനെയായാൽ ആരോടും വിപ്രതിപത്തി ഉണ്ടാകുന്നതിന്നു പകരം എല്ലാവരോടും അനുഭാവം ഉണ്ടാകുന്നതാകുന്നു. ഈ ലോകത്തിലെ ജനങ്ങൾ വിഭിന്നപ്ര

കൃതികളായിരിക്കുന്ന അവസ്ഥയ്ക്ക് ആ ഒരേ ധാൎമ്മികപരമാൎത്ഥംതന്നെ പലപ്രകാരത്തിൽ പ്രായോഗികയോഗ്യതയോടുകൂടിയതായിരിക്കണം എന്ന തത്വം നമുക്കു ബോദ്ധ്യപ്പെട്ടപ്പോൾ, നാം സകലരോടും അനുഭാവത്തോടു കൂടിയവരായിരിക്കുവാൻ നിർബ്ബന്ധിതരാണെന്നും ബോദ്ധ്യംവരാതിരിക്കയില്ല. പ്രകൃതിതന്നെ "ബഹുത്വത്തിൽ ഏകത്വം" എന്നതാണ്. നമ്മുടെ ഭൌതികലോകം നിസ്സീമമായ വ്യത്യാസങ്ങളോടുകൂടിയ വിഭിന്നഭാവങ്ങളുടെ ഒരു സമുച്ചയമാകുന്നു. എന്നാൽ ഈ നിസ്സീമമായ വിഭിന്നഭാവങ്ങൾക്കെല്ലാം ഉള്ളിൽകൂടെ മാററമില്ലാത്തതും അഖണ്ഡവും കേവലവുമായ ഐക്യം സ്ഥിതിചെയ്യുന്നതും ഉണ്ട്. മനുഷ്യരുടെ അവസ്ഥയും അതുപോലെതന്നെയാണ്. വ്യഷ്ടി സൂക്ഷ്മത്തിൽ സമഷ്ടിയുടെ ഒരു ചുരുങ്ങിയ ഭാവമല്ലാതെ മറെറാന്നുമല്ല. ഇങ്ങിനെ അനേകം വിഭിന്നത്വമുണ്ടെങ്കിലും അവയെല്ലാം ഉള്ളിൽകൂടെ ഈ സനാതനമായ ഐക്യം ഓടിക്കൊണ്ടിരിക്കുന്നു. നാം അതിനെയാണ് കണ്ടെത്തി ഗ്രഹിക്കേണ്ടതു്. ഇക്കാലത്തെ മറെറല്ലാ ആവശ്യങ്ങളെക്കാളും അത്യാവശ്യമായിരിക്കുന്നതു് ഇതാണെന്നു ഞാൻ മനസ്സിലാക്കീട്ടുണ്ട്. ഞങ്ങളുടെ രാജ്യം കക്ഷികളുടെ കുത്തരംഗമാണ്. ഭാഗ്യംകൊണ്ടോ നിർഭാഗ്യംകൊണ്ടോ അവിടേക്കു് മതോപദേഷ്ടാക്കളെ അയയ്ക്കുന്നമെന്നാണ് ഏതെങ്കിലുമൊക്കെ മതബോധമുള്ള നിങ്ങളുടെയെല്ലാം വിചാരം. ഞാൻ അങ്ങിനെ ഒരു രാജ്യത്തിൽ ജനിച്ചുവളൎന്നവനാണ്. ലോകത്തിലെ അനേകലക്ഷം വിഭിന്നവൎഗ്ഗക്കാരുമായി ഞാൻ എൻെറ ചെറുപ്രായംമുതല്ക്കേ നല്ലപോലെ പരിചയപ്പെട്ടിട്ടും ഉണ്ട്. എല്ലാമതങ്ങളുടെ പ്രതിനിധികളും ഇന്ത്യയിൽ മതപ്രചരണത്തിനായി വന്നിട്ടുണ്ട്. ഞങ്ങൾ അവരോടെല്ലാം സ്വാഗതംപറയുകതന്നെയാണ് ചെയ്യുന്നതു്. അവരെല്ലാം വരട്ടെ. വളരെനല്ലതുതന്നെ. ധൎമ്മത്തെ ഉപദേശിക്കുവാൻ ഉചിതമായ രാജ്യംതന്നെയാണ് അതു്. അതിനെ അവിടെ വിതച്ചാൽ മറെറല്ലാരാജ്യങ്ങളിലും വേ

നന്നതിനേക്കാൾ അതിവേഗത്തിൽ അവിടെ വേരൂന്നിക്കൊള്ളും. നിങ്ങൾ രാജ്യഭരണതന്ത്രത്തെ അവരോടുപദേശിച്ചുനോക്കണം. അവരെക്കൊണ്ടു അതിനെ മനസ്സിലാക്കുവാൻ സാധിക്കുകയില്ല. എന്നാൽ നിങ്ങൾ മതം ഉപദേശിക്കുവാൻ പുറപ്പെട്ടാൽ, നിങ്ങളുടെ സിദ്ധാന്തങ്ങൾ എത്രതന്നെ വികൃതമായതായിരുന്നാലും വേണ്ടതില്ല, നിങ്ങളുടെ പിന്നാലെ ലക്ഷോപലക്ഷം ജനങ്ങൾ കൂടുന്നതായിക്കാണാം. നിങ്ങൾക്കു നിങ്ങളുടെ ജീവിതത്തിൽതന്നെ അവിടെ ഒരു പ്രത്യക്ഷദേവനായി ജീവിക്കുവാൻ സാധിച്ചു എന്നുകൂടെയും വന്നേക്കാം. ഞങ്ങളുടെ അവസ്ഥ ഇങ്ങിനെയായതുകൊണ്ടു് എനിക്കു വളരെ സന്തോഷമേയുള്ളൂ. ഞങ്ങൾക്കു ഇന്ത്യയിൽ വേണ്ടതും അതൊന്നുതന്നെയാകുന്നു.

ഹിന്തുക്കളുടെ കൂട്ടത്തിൽ അനേകം വിഭിന്നകക്ഷികൾ ഉണ്ടു്. അവരുടെ സംഖ്യ വളരെ അധികമാണു്. അവയിൽ ചിലവയൊക്കെ അന്യോന്യം വളരെ വിരുദ്ധസ്വഭാവങ്ങളോടു കൂടിയവയും ആകുന്നു. എന്നാലും അവരെല്ലാം ഒരേ ധർമ്മത്തിൻെറ വിഭിന്നവിധപ്രകടനത്തിൽ ഉൾപ്പെട്ടവരാണെന്നു് അവൎക്കെല്ലാം നല്ലപോലെ അറിയാം. "അനേകം നദികൾ അനേകം വിഭിന്നപൎവ്വതങ്ങളിൽനിന്നു ഉത്ഭവിച്ചു് ചിലവ വളഞ്ഞും ചിലവ തിരിഞ്ഞും ചിലവ നേരെയും ഒഴുകി ഒടുവിൽ സമുദ്രത്തിൽതന്നെ ചെന്നു് എല്ലാം യോജിക്കുന്നതുപോലെ വിഭിന്നകക്ഷികളും വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളെത്തന്നെ നിലനിൎത്തി ഒടുവിൽ നിന്തിരുവടിയിൽതന്നെ വന്നു് അഭയംപ്രാപിക്കുന്നു." ഇതൊരു വെറും സിദ്ധാന്തം മാത്രമല്ല. അതിനെ നല്ലപോലെ അറിഞ്ഞു അനുഭവത്തിൽ വരുത്തുകതന്നെ വേണം. ചിലരിൽ നാം ഇന്നു് കാണാറുള്ളതുപോലെയുള്ള ഒരു വെറും തലയാട്ടൽകൊണ്ടൊന്നും കാൎയ്യമായില്ല. "ശരിതന്നെയാണു്; അതിൽ ചില നല്ല സംഗതികളൊക്കെയുണ്ടു്. ഇതിനെയാണു് ഞങ്ങൾ

പ്രമാണിക മതം എന്നു പറയുന്നതു്. ഈ വക ധൎമ്മങ്ങളിൽ ചില നല്ല സംഗതികളെല്ലാം കണ്ടേക്കാം" എന്നാണു് ആ തലകുലുക്കികളുടെ ഭാവം. പക്ഷെ അതുകൊണ്ടൊന്നും കാൎയ്യമായില്ല. എന്നാൽ വേറെ ചിലരുടെ ആശയം ഇതിലും വളരെ വിശാലമായതാണു്. "മററുള്ള മതങ്ങളെല്ലാംതന്നെ ചരിത്രകാലത്തിന്നുമുമ്പുള്ള ഏതാനും പരിണാമങ്ങളെ കാണിക്കുന്നതേയുള്ളു; ഞങ്ങളുടേതുമാത്രമേ സമ്പൂൎണ്ണം ആയിട്ടുള്ളു" എന്നാണവരുടെ പക്ഷം. ഒരാൾ പറയും എൻെറ മതമാണു് ഏററവും പഴക്കമുള്ളതു്; അതുകൊണ്ടു് അതാണു് മററുള്ളവയിലെല്ലാം വെച്ചു ഏററവും നല്ലതു് എന്നു്. മറെറാരാൾ പറയും അയാളുടെ മതമാണു് മറെറല്ലാമതങ്ങളിലും വെച്ചു നല്ലതു് എന്നു്. അതിന്നു അയാൾ പറയുന്ന കാരണം അയാളുടെ മതം ഏററവും നവീനമായതാകുന്നു എന്നും ആണു്. ഇവയിൽ ഓരോ മതത്തിന്നും മറേറതിന്നുള്ളതുപോലെ തന്നെ അവകാശാധികാരം ഉണ്ടെന്നു് നാം ഒന്നാമതായി മനസ്സിലാക്കേണ്ടതായിരിക്കുന്നു. നിങ്ങൾ കാണുന്ന വ്യത്യാസം; അമ്പലം, അല്ലെങ്കിൽ പള്ളി എന്നിങ്ങനെയുള്ള വ്യത്യാസങ്ങളെല്ലാം; ശുദ്ധമേ അന്ധവിശ്വാസങ്ങൾ മാത്രമാകുന്നു. എല്ലായിടത്തും കാണപ്പെടുന്ന ഈശ്വരൻ ഒന്നുതന്നെയാണു്. അല്ലാതെ ഞാനൊ നിങ്ങളൊ മറേറതെങ്കിലും ജനസംഘമോ അല്ല മനുഷ്യാത്മാവിൻെറ—അതിൻെറ ഏററവും നിസ്സാരവും ചെറിയതുമായ ഒരു വിഭാഗത്തിൻെറ പോലും—രക്ഷയ്ക്കു് ഉത്തരവാദപ്പെട്ടവർ. ആ സൎവ്വശക്തനായ ഈശ്വരനാണു് എല്ലാവക്കും ഉത്തരവാദി. ഈശ്വരൻ സ്വൎഗ്ഗപരമാൎത്ഥങ്ങളും ഒരു ചെറിയ ജനവിഭാഗത്തിന്നു് പ്രത്യേകമായി ഏല്പിച്ചുകൊടുത്തിരിക്കുകയാണെന്നും അവരാണു് മററുള്ള ജനാവലിയുടെ രക്ഷാഭാരമേററിരിക്കുന്ന രക്ഷിതാക്കന്മാരെന്നും വിശ്വസിക്കുന്നവർ അതേ സമയത്തിൽതന്നെ ഈശ്വരവിശ്വാസമുള്ളവരാണെന്നു പറയുന്നതു് എങ്ങിനെയാണെന്നു് എനിക്കു മനസ്സിലാകുന്നതേയില്ല. അതിനെ ഒരു മതമാ

ണെന്ന് എങ്ങിനെ പറയാം! ധർമ്മം എന്നതു അനുഭൂതിയാണ്. വെറും സംസാരം, വിശ്വസിക്കുവാനുള്ള ഒരു വെറും ശ്രമം, ഇരുട്ടിൽ കൂടെ കണ്ണുമൂടിക്കൊണ്ടുള്ള ഒരുവെറും സഞ്ചാരം, പൂർവ്വികന്മാർ പറഞ്ഞ വാക്കുകളെ ശുദ്ധ തത്തകളെപ്പോലെതന്നെ ഉരുക്കഴിക്കൽ, ഇവയൊന്നും ധർമ്മവും മതവും ഒന്നുമല്ല. എല്ലാ കക്ഷിക്കാരുടെ ഇടയിലും—നാം എപ്പോഴും അത്യന്തം സ്വമതപ്രസക്തരായി കരുതുന്ന മഹമ്മദീയരുടെ ഇടയിൽ കൂടെയും—ധർമ്മത്തെ അനുഭവപ്പെടുത്തുവാനായി അനുഗ്രഹിക്കുന്നവൻ ഉണ്ടാകുന്ന സമയങ്ങളിലെല്ലാം അവരുടെ വായിൽനിന്ന് ശക്തിമത്തുക്കളായ വാക്കുകൾ സ്വയമേവ നിർഗ്ഗളിച്ചതായി നാം കാണുന്നുണ്ട്. "അല്ലായാണ് എല്ലാവരുടേയും പ്രഭു. സർവ്വരുടേയും ഹൃദയവും നിതിരുവടി തന്നെ. സർവ്വരുടേയും നേതാവും നിതിരുവടിതന്നെയല്ലാതെ മറ്റാരുമല്ല. സർവ്വരുടേയും ആചാര്യനും നീതിരുവടിതന്നെ. ഞങ്ങൾക്കെല്ലാവർക്കും ചെയ്യാൻ സാധിക്കുന്നതിൽ അധികമായ ശ്രദ്ധയോടുകൂടി നീതിരുവടിതന്നെ നിന്തിരുവടിയുടെ സന്താനങ്ങളുടെ രാജ്യത്തെപ്പററി ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നുണ്ട്" എന്നാണ് മുഹമ്മദുതന്നെ പറഞ്ഞിട്ടുള്ളത്. മററുള്ളവരുടെ വിശ്വാസത്തെ ഭേദപ്പെടുത്തുവാൻ ഒരിക്കലും ശ്രമിക്കരുത്. നിങ്ങളെക്കൊണ്ടു സാധിക്കുമെങ്കിൽ അവനുള്ളതിലും വിശേഷമായ വല്ലതും കൊടുക്കുവാൻ ശ്രമിക്കുക. നിങ്ങളെക്കൊണ്ടു സാധിക്കുമെങ്കിൽ, അവൻ നില്ക്കുന്നേടത്തുനിന്നു മുന്നോക്കം കയറുവാൻ ഒരു തള്ളു കൊടുക്കുവാൻ സാധിക്കുമെങ്കിൽ, അതു ചെയ്യുക. അല്ലാതെ അവനുള്ളതുകൂടെ ഇല്ലായ്മചെയ്വാൻ ഒരിക്കലും ശ്രമിക്കരുത്. വലിയ ഒരുക്കവും മുന്നറിവും ഒന്നും കൂടാതെ പെട്ടെന്ന് അനേകായിരം ജനങ്ങളുടെ മനസ്ഥിതിയറിഞ്ഞു് അവരുടെ സ്ഥാനത്തിറങ്ങിനിന്ന് അവരെ സഹായിക്കുവാൻ സാധിക്കുന്നവനാണ് യഥാർത്ഥനായ ആചാര്യൻ. തന്റെ ശിഷ്യന്റെ സ്ഥാനത്തേക്കിറങ്ങി തന്റെ മനസ്സിനെ ശിഷ്യന്റെ മനസ്സിലേക്കു

പകർത്തി ശിഷ്യന്റെ കണ്ണുകളിൽകൂടെ കാണുകയും ശിഷ്യന്റെ കർണ്ണങ്ങളിൽകൂടെ കേൾക്കുകയും ശിഷ്യന്റെ ബുദ്ധിയിൽകൂടെ അറിയുകയും ചെയ്യാൻ സാധിക്കുന്നത് ഏതുവനോ അവൻമാത്രമേ യഥാർത്ഥത്തിൽ ആചാര്യനായിരിക്കുന്നുള്ളു. അങ്ങിനെയുള്ള ഒരു ആചാര്യന്ന് ഒരു ശിഷ്യനെ യഥാർത്ഥത്തിൽ അഭ്യസിപ്പിക്കുവാൻ സാധിക്കും. മററാക്കും സാധിക്കുകയുംഇല്ല. എന്നാൽ ഇന്നത്തെ ആചാര്യന്മാരുടെതോതെല്ലാം നേരെ വിപരീതമാണ്. അവർ മററുള്ളവരെ ഇടിച്ചുപൊടിക്കുകയാണ് ചെയ്യുന്നത്. ഈ നശീകരണയന്ത്രങ്ങൾക്ക് ലോകത്തിന്നു ഒരു നന്മയും ചെയ്യുവാൻ സാധിക്കുകയില്ല.

ഈ ശരീരം ഉള്ളപ്പോൾ തന്നെ ഒരു മനുഷ്യന്ന് പരിപൂർണ്ണതയെ പ്രാപിക്കുവാൻ സാധിക്കുമെന്ന് എനിക്ക് എന്റെ ആചാര്യദേവന്റെ സന്നിധിയിൽനിന്നു മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ജിഹ്വ ആരേയും ശപിക്കുകയാകട്ടെ ആരേയും ആക്ഷേപിക്കുകകൂടെയാകട്ടെ ഉണ്ടായിട്ടില്ല. അദ്ദേഹത്തിന്റെ നേത്രങ്ങൾക്ക് അന്യന്മാരുടെ തെററുകളെ അറിയുന്നതിൽനിന്നും വിദൂരമായ സ്ഥാനത്തായിരുന്നു പ്രവൎത്തിച്ചുകൊണ്ടിരുന്നത്. ദുഷ്ടതചിന്തിക്കുവാൻ അദ്ദേഹത്തിന്റെ മനസ്സിന്നു ശേഷിയുണ്ടായിരുന്നില്ല. അദ്ദേഹം നന്മയല്ലാതെ ഒന്നുംതന്നെ കണ്ടില്ല. അങ്ങനെയുള്ള അത്യുൽകൃഷ്ടപരിശുദ്ധത, അങ്ങിനെയുള്ള അതിതീവ്രവൈരാഗ്യം ആണ് ആദ്ധ്യാത്മികവിജയത്തിന്റെ രഹസ്യം. "പണംകൊണ്ടും സന്താനങ്ങളെക്കൊണ്ടും അമൃതത്വത്തെ പ്രാപിക്കുവാൻ സാധിക്കുകയില്ല; അതിന്ന് ത്യാഗം ഒന്നുകൊണ്ടുമാത്രമേ സാധിക്കുകയുള്ളൂ" എന്നാണ് വേദങ്ങളിൽ പറഞ്ഞിട്ടുള്ളത്. "നിങ്ങളുടെ സർവ്വവസ്തുക്കളുംവിററു് സാധുക്കൾക്കു ആ ദ്രവ്യമെല്ലാം ദാനംചെയ്യിൻ. പിന്നെ എന്നെ പിന്തുടരുവിൻ" എന്നു് ഏശുദേവനും പറഞ്ഞിട്ടുണ്ട്. ഇതുപോലെ തന്നെയാണ് മറെറല്ലാപ്രവാചക

ന്മാരും തത്വദ്രഷ്ടന്മാരും പറഞ്ഞിട്ടുള്ളതു്. അവർ അതിനെ അവരുടെ ജീവിതത്തിൽ ശരിക്കു പ്രവൃത്തിച്ചു ഫലിപ്പിക്കുകയും ചെയ്തു. അങ്ങിനെയുള്ള തീവ്രത്യാഗം ഇല്ലാതിരുന്നാൽ വലിയ ആദ്ധ്യാത്മികഭാവം ഉണ്ടാകുന്നതുതന്നെ എങ്ങിനെയാണു്? എവിടേയും ഏതുകാലത്തും ധർമ്മത്തിൻെറ നട്ടെല്ലു് ഈ ത്യാഗം ഒന്നുമാത്രമേ ആയിരുന്നിട്ടുള്ളൂ. ഈ ത്യാഗം എവിടെ എവിടെ കുറയുന്നുവൊ അവിടവിടെ മതത്തിൽ ഐന്ദ്രിയബുദ്ധി കടന്നുകൂട്ടുന്നതും ഐന്ദ്രിയപ്രതിപത്തി കടന്നുകൂടുന്നതിൻെറ കണക്കനുസരിച്ചു് ഈശ്വരഭാവം കുറവാകുന്നതും നിങ്ങൾക്കു കാണാകുന്നതാണു്.

ഈ മഹാത്മാ ത്യാഗസ്വരൂപിതന്നെയായിരുന്നു. ഞങ്ങളുടെ രാജ്യത്തു് സന്ന്യാസിയായിത്തീരുന്ന ഒരുവൻ അവൻ ലൌകികമായുള്ള അവൻെറ സർവ്വസ്വവും ഉപേക്ഷിക്കേണ്ടതായിട്ടുണ്ടു്. എൻെറ ഗുരുവര്യൻ ഇതു് അതിൻെറ അത്യന്തഭാവത്തിൽതന്നെ അനുഷ്ഠിച്ചു (പ്രത്യക്ഷരം അനുഷ്ഠിച്ചു.) ഞങ്ങളുടെ കൈയിൽനിന്നു് അദ്ദേഹം വല്ലതും സ്വീകരിക്കുന്ന പക്ഷം ഞങ്ങൾ അനുഗ്രഹീതന്മാരായിരുന്നു എന്നു് വിചാരിച്ചവർ ഒട്ടേറെ ഉണ്ടായിരുന്നു; സ്വീകരിക്കുമെന്നുണ്ടായിരുന്നുവെങ്കിൽ ആയിരായിരം കണക്കിനു് എത്ര പണമെങ്കിലും കൊടുക്കുവാൻ തയ്യാറുള്ളവരും അനേകമുണ്ടായിരുന്നു. എന്നാൽ അദ്ദേഹം ഇങ്ങനെയുള്ളവരുടെ സമീപത്തിൽ നിന്നു മാത്രമേ ഓടിപ്പോകുക ഉണ്ടായിട്ടുള്ളൂ. കാമകാഞ്ചനത്തെ നിശ്ശേഷം ജയിക്കുന്ന സംഗതിയിൽ അദ്ദേഹത്തിൻെറ ജീവിതം ഒരു വിജയപ്രദമായ ഉദാഹരണമാണു്. അദ്ദേഹം ഈ രണ്ടു വിചാരങ്ങൾക്കും അതീതമായിരുന്നു. ഇക്കാലത്തേയ്ക്കു് അങ്ങിനെയുള്ള അവതാരംതന്നെയാണു് വേണ്ടതും. ഇന്നത്തെക്കാലത്തു് ജനങ്ങൾക്കു് "അത്യാവശ്യം" അനേകമായി തീർന്നിട്ടുണ്ടു്. എന്നുമാത്രമല്ല ജനങ്ങൾ ഈ "അത്യാവശ്യത്തെ" യാതൊരു കയ്യും കണക്കുമില്ലാതെ വർദ്ധിപ്പിച്ചു

കൊണ്ടുപോകുകയുമാണ് ചെയ്യുന്നത്. ഈവക "അത്യാവശ്യ"ങ്ങൾ കൂടാതെ ഒരു മാസംപോലും ജീവിക്കവയ്യെന്നും അവർ വിചാരിക്കുവാൻ മാത്രമല്ല വിശ്വസിക്കുവാനും തുടങ്ങിയിരിക്കുന്നു. അങ്ങിനെ ഇരിക്കുന്ന ഇക്കാലത്ത് ഇങ്ങിനത്തെ ത്യാഗമാതൃകതന്നെ ഉണ്ടായേമതിയാകൂ. ഈ ലോകത്തിലുള്ള സമസ്തധനവും സമസ്തപ്രതാപവും ഒന്നിച്ചുകൂട്ടി കൊടുക്കുന്നതായാലും അവയെ ഒരു പുൽക്കൊടിക്കു സമാനം നിസ്സാരമായി തള്ളുന്ന ത്യാഗബുദ്ധി ഇന്നും ലോകത്തിലുണ്ടെന്ന് ഇന്നത്തെ Sceptics ജനങ്ങളെ ബോദ്ധ്യപ്പെടുത്തുവാൻ ഇക്കാലത്ത് ഇങ്ങിനെയുള്ള തീവ്രവൈരാഗ്യബുദ്ധികളുടെ ആവിർഭാവം അത്യന്താപേക്ഷണീയം തന്നെയാകുന്നു. അതെ അങ്ങിനത്തെ ആളുകൾ ഇന്നും ലോകത്തിലുണ്ട്.

അദ്ദേഹത്തിന്റെ ജീവിതത്തിലെ മറ്റൊരു മഹാദർശം പരന്മാരുടെ ദുഃഖത്തിലുള്ള അസഹിഷ്ണുതയായിരുന്നു. അദ്ദേഹം കരുണാമൂർത്തിതന്നെയാണെന്നുവേണം പറയുവാൻ. അദ്ദേഹത്തിന്റെ ജീവിതത്തിലെ പൂർവ്വഭാഗം അദ്ദേഹം ദിവ്യത്വത്തെ സമ്പാദിക്കുന്നതിൽ മാത്രമായി വിനിയോഗിച്ചു. അതുവഴിയായി അദ്ദേഹം സമ്പാദിച്ച ആ ദിവ്യത്വത്തെ അദ്ദേഹത്തിന്റെ ജീവിതത്തിലെ ഉത്തരഭാഗത്തിൽ പൊതുജനങ്ങൾക്ക് വിതരണം ചെയ്യുകയും ചെയ്തു. ഇവിടെ നിങ്ങൾക്ക് നിങ്ങളുടെ മതോപദേഷ്ടാവിനെ കാണുമ്പോൾ ഏതാനും ക്ലിപ്തപടങ്ങുകളെല്ലാം ഉള്ളതുപോലെ ഞങ്ങളുടെ രാജ്യത്ത് ഒരു മഹാചാര്യനേയൊ സന്യാസിയേയൊ ചെന്നുകാണുന്നതിന്ന് പ്രത്യേക വ്യവസ്ഥകൾ ഒന്നുംതന്നെയില്ല. ചിലർ ചില സംശയങ്ങൾ ചോദിക്കാനായിവന്നു. ചിലർ അദ്ദേഹത്തെ കാണുവാൻ മാത്രമായിവന്നു. ചിലർ അനുഗ്രഹം വാങ്ങുവാനായിവരും. ഒരു വാക്കുകേൾക്കാനൊ ഒരുചോദ്യംചോദിക്കാനൊ ആയി അനേകം നാഴികവഴി കാൽനടയായിവരുവാൻകൂടെ അവൎക്കൊരു പ്രയാസവുമില്ല. "എന്റെ മോക്ഷത്തിനായി

ഒരു വാക്കു് പറയണം." അതാണു് അവരുടെ ഉദ്ദേശം. ഇങ്ങിനെവരുന്നവരുടെ സംഖ്യവളരെ അധികമായിഭവിച്ചു. സാധു ഇരിക്കുന്ന സ്ഥലത്തേയ്ക്കാണു് വരവു്. അദ്ദേഹം സാധാരണമായി ഒരു മരച്ചുവട്ടിലായിരുന്നു ഇരുന്നിരുന്നതു്. ഇങ്ങിനെ വന്നാൽപിന്നെ ചോദ്യംചോദിക്കുകയായി. ഒരു കൂട്ടക്കാർ ചോദ്യമെല്ലാം അവസാനിപ്പിച്ചു് പുറപ്പെട്ടുവാൻ തുടങ്ങുമ്പോഴേക്കും മറെറാരുകൂട്ടർ മുന്നോട്ടുതള്ളിക്കയറി അവരുടെ ചോദ്യം ചോദിച്ചുതുടങ്ങും. ഇങ്ങിനെ അദ്ദേഹത്തിന്നു് രാത്രിയുംപകലും വിശ്രമത്തിന്നു് സമയമില്ലാതായി. സദാ ഇടവിടാതെ സംസാരിച്ചുകൊണ്ടുതന്നെ ഇരിക്കേണ്ടിവന്നു. അദ്ദേഹത്തെപ്പററി അധികമായികേൾക്കുവാൻ തുടങ്ങിയപ്പോൾ ജനങ്ങളുടെ വരവു് അധികരിച്ചു. ദിവസേന ഇരുപത്തിനാലു് മണിക്കൂറിൽ ഇരുപതു് മണിക്കൂറു നേരവും ഇങ്ങിനെ സംസാരിക്കുകയും പഠിപ്പിക്കുകയും ഉപദേശിക്കുകയും ശിക്ഷിക്കുകയുമായി കഴിഞ്ഞുകൂടി. ഒരു കാലത്തേയ്ക്കു മാത്രമോ? ഒന്നുമല്ല. ഇങ്ങിനെ അനേകമാസങ്ങൾ കഴിഞ്ഞു. അതിനാൽ അദ്ദേഹത്തിൻെറ ശരീരശക്തിക്ഷയിച്ചു. കേവലം ശേഷിയില്ലാത്ത നിലയായി എന്നാലും അദ്ദേഹത്തെ കാണാൻ വരുന്ന ഒരു പതിനായിരം പേരിൽ ഏററവും നിസ്സാരനായ ഒരുവന്നു് അവൻെറ സംശയം തീൎന്നില്ലെന്നോ തൃപ്തിയായില്ലെന്നോകണ്ടാൽ അവന്നു് തൃപ്തിയാകുന്നതുവരെതന്നെ സംസാരിക്കും. അല്ലാതെ അടങ്ങിയിരിക്കുവാൻ മനുഷ്യസമുദായത്തോടുള്ള അദ്ദേഹത്തിൻെറ സ്നേഹം അദ്ദേഹത്തെ അനുവദിച്ചില്ല. ഇതിൻെറ ഫലമായി. അദ്ദേഹത്തിന്നു് അവസാനമായി കണ്ഠത്തിൽ ഒരുരോഗം പിടികൂടി. എന്നിട്ടും അദ്ദേഹത്തെ ഈസാഹസകൃത്യത്തിൽനിന്നു് വിരമിപ്പിക്കുവാൻ സാധിച്ചില്ല. കുറെ ആളുകൾതന്നെ കാണുവാൻ വന്നിട്ടുണ്ടെന്നുള്ളവിവരം കേട്ടാൽ, ഈ കാലത്തും, ഉടനെതന്നെ അവരെക്കൂട്ടിക്കൊണ്ടു വരുവാൻ ആവശ്യപ്പെടുകയായി. പിന്നെ അവരുടെ ചോദ്യങ്ങൾക്കു് എല്ലാം സമാധാനം പറഞ്ഞു് അവരെ സമാധാനിപ്പിച്ചതിന്നു ശേഷമേ അട

ണ്ടുകയുള്ളു. ഇതുകണ്ടു് സങ്കടപ്പെട്ടു് അദ്ദേഹത്തോടുചോദി ച്ചപ്പോൾ അദ്ദേഹം പറഞ്ഞതു്. "എന്തു്! ഈ ശരീരമത്ര കാൎയ്യമാണോ. ഞാൻ കൂട്ടാക്കുകയില്ല. ഒരുവനെങ്കിലും ഉപ കാരപ്രദമായിത്തീരുമെങ്കിൽ ഇങ്ങനത്തെ ഇരുപതിനായിരം ശരീരങ്ങളെക്കൂടെ ഉപേക്ഷിക്കുവാൻ ഞാൻ തയ്യാറാണു്" എന്നായിരുന്നു. ഇങ്ങിനെ അദ്ദേഹത്തിനു് വിശ്രമമെന്നതേ ഇല്ലാതായി. ഇക്കാലത്തു് ഒരിക്കൽ ഒരാൾ അദ്ദേഹത്തോടു് ഇങ്ങിനെ ചോദിക്കുകയുണ്ടായി. "സ്വാമി! അവിടുന്നു് ഒരു വലിയ യോഗിയാണല്ലോ. അങ്ങയുടെ മനസ്സു് അങ്ങയുടെ ശരീരത്തിൽ ഏകാഗ്രമാക്കി ഈ രോഗത്തെ മാററാമല്ലോ. അങ്ങിനെ ചെയ്യാതിരിക്കുന്നതു് എന്തുകൊണ്ടാണു്?" ഈ ചോദ്യത്തിനു് അടിയിൽ അദ്ദേഹം സമാധാനമൊന്നും പറ ഞ്ഞില്ല. പിന്നേയും ഇതേ ചോദ്യംതന്നെ ആവൎത്തിച്ചു ചോദിച്ചപ്പോൾ പറഞ്ഞതു് ഇങ്ങിനെയായിരുന്നു:— "എൻെറ സ്നേഹിതനിങ്ങൾ ഒരു safe ആണെന്നായിരുന്നു ഞാൻ വിചാരിച്ചിരുന്നതു്. എന്നാൽ നിങ്ങൾ സാധാരണ ലൌകികജനങ്ങളെപ്പോലെതന്നെ സംസാരിക്കുന്നുവല്ലോ. ഈ മനസ്സിനെ ഭഗവൽപാദാരവിന്ദങ്ങളിൽ നിശ്ശേഷം അ ൎപ്പിച്ചുകഴിഞ്ഞിരിക്കുന്നു. അതിനെ ആ പൂജ്യസ്ഥാനത്തുനിന്നു വലിച്ചെടുത്തു് ആത്മാവിൻെറ ഒരു വെറും കൂടായ ഈ നശ്വര നിസ്സാരശരീരത്തിൽ ത്യാജ്യസ്ഥാനത്തു് വെയ്ക്കണമെന്നാണോ നിങ്ങൾ പറയുന്നതു്.

അതിനാൽ അദ്ദേഹം ജനങ്ങളോടു് സംസാരിച്ചു കൊണ്ടും അവരെ നേർമാൎഗ്ഗത്തിൽ നയിച്ചുകൊണ്ടുംതന്നെ ഇരുന്നു. ഇങ്ങിനെ ഇരിക്കെ അദ്ദേഹത്തിൻെറ സമാധി ക്കുള്ള കാലമായെന്ന വിവരം നാട്ടിലെങ്ങും പരന്നുകഴിഞ്ഞു. അതിനാൽ മുന്നേതിലും അധികമായി ജനങ്ങൾ കൂട്ടംകൂട്ടമാ യിവന്നു് കാണുവാനും തുടങ്ങി. ഇന്ത്യയിൽ ഈ വിധം മഹാ ത്മാക്കളുടെ സമീപത്തു് ജനങ്ങൾ വന്നുകൂടുന്ന സ്വഭാവവും

അവരെച്ചുററിപ്പററുന്നവിധവും അവർ ജീവിച്ചിരിക്കുമ്പോൾ തന്നെ അവരെ ഈശ്വരന്മാരാക്കുന്ന സ്വഭാവവും എങ്ങിനെയൊക്കെയാണെന്നു് ഇവിടെ ഇരുന്നു് നിങ്ങൾക്കു് ഊഹിക്കുവാനൊന്നും സാധിക്കുകയില്ല. അവരുടെ വസ്ത്രത്തിൻെറ ഒരഗ്രം തൊട്ടുവാൻസാധിക്കുന്നതുതന്നെ മഹാപുണ്യമായിക്കരുതി ലക്ഷോപലക്ഷം ജനങ്ങൾ അതിന്നായിട്ടുപോലും കാത്തിരിക്കും. അന്യന്മാരിലുള്ള ആദ്ധ്യാത്മികഭാവത്തെ ഈ വിധം ആദരിക്കുന്നതുകൊണ്ടാണു് അവരിൽത്തന്നെ ആ ഭാവം ഉണ്ടാകുന്നതു്. ഒരാൾ എന്തൊന്നിനെ ആദരിക്കുന്നുവൊ എന്തൊന്നിനെ അഭിനന്ദിച്ചു് ആഗ്രഹിക്കുന്നുവൊ അതുതന്നെ അവന്നു് ലഭ്യമാകുന്നു. സമുദായങ്ങളുടേയും രാഷ്ട്രങ്ങളുടേയും കഥയും ഇതുതന്നെയാണു്. നിങ്ങൾ ഇന്ത്യയിൽ ചെന്നു് അവിടെ രാജ്യഭരണവിഷയത്തെപ്പററി ഒരു പ്രസംഗം ചെയ്തുനോക്കിൻ. അതു എത്രയൊക്കെ കേമമായാലും നിങ്ങളുടെ പ്രസംഗം കേൾക്കുവാൻ വളരെ അധികം ജനങ്ങളൊന്നും വന്നുചേരുകയില്ല. എന്നാൽ അവിടെ ചെന്നു് മതം പഠിപ്പിക്കുവാൻ ശ്രമിച്ചുനോക്കുക. അതിനെപ്പററി വെറുതെ പറഞ്ഞാൽ മാത്രംപോരാ. അതനുസരിച്ചു് ജീവിക്കുകകൂടെവേണം. അതുകൂടെ പറഞ്ഞേക്കാം. എന്നാൽ അനേകായിരം ജനങ്ങൾ നിങ്ങളെ കാണുവാനായി വന്നുചേരും; നിങ്ങളുടെ പാദം തൊട്ടുവാൻ കാത്തിരിക്കുകകൂടെയും ചെയ്യുന്നതുകാണാം. ഇങ്ങിനെ ഈ പുണ്യാത്മാവു് അവരുടെ ഇടയിൽനിന്നു് അന്തർധാനം ചെയ്വാൻ ഒരുട്ടത്തിരിക്കുന്നു എന്ന വർത്തമാനം ജനങ്ങൾ കേട്ടപ്പോൾ, ജനങ്ങൾ അദ്ദേഹത്തെ കാണുവാനായി പൂർവ്വാധികം ഉൽക്കണ്ഠയോടുകൂടി വന്നുകൂടുവാൻ തുടങ്ങി. എൻെറ ആചാര്യദേവനാകട്ടെ തൻെറ ആരോഗ്യത്തെപ്പററി സ്വല്പം പോലും ഗൌനിക്കാതെ അവരോടെല്ലാം സംസാരിക്കുവാനും അവർക്കുവേണ്ടുന്ന ഉപദേശങ്ങൾ കൊടുക്കുവാനും ജാഗരൂകനായും ഇരുന്നു. ഞങ്ങളെക്കൊണ്ടു ഇതിനെ തടുക്കുവാൻ സാധിച്ചില്ല. വളരെ അധികം ജനങ്ങൾ വളരെ വളരെ

ദൂരത്തിൽ നിന്നുകൂടെ വന്നുചേൎന്നു തുടങ്ങി. അവരോടെല്ലാം സംസാരിച്ച് അവരെ തൃപ്തിപ്പെടുത്താതെ അദ്ദേഹത്തിന്ന് സ്വാസ്ഥത സിദ്ധിക്കുകയില്ല. "എനിക്ക് സംസാരിക്കുവാൻ സാധിക്കുന്നേടത്തോളം കാലം ഞാൻ അവൎക്ക് വേണ്ടുന്ന ഉപദേശങ്ങൾ കൊടുത്തുകൊണ്ടുതന്നെ ഇരിക്കും" എന്ന് അദ്ദേഹം പലപ്പോഴും പറഞ്ഞുകൊണ്ടിരിക്കും. പറയുന്നതുപോലെ തന്നെ പ്രവൎത്തിക്കുകയും ചെയ്യും. ഇങ്ങിനെ ഇരിക്കെ ഒരു ദിവസം അദ്ദേഹം ഞങ്ങളെ വിളിച്ച് അന്ന് അദ്ദേഹം അദ്ദേഹത്തിൻെറ ശരീരം ഉപേക്ഷിക്കുവാൻ തീൎച്ചയാക്കിയിരിക്കുന്നു എന്നുപറഞ്ഞു. അതുപോലെ അന്ന് അദ്ദേഹം വേദമന്ത്രം ഉച്ചരിച്ചുകൊണ്ട് സമാധിയിൽ ലയിച്ചു ഈ ലോകവാസം ഉപേക്ഷിക്കുകയും ചെയ്തു.

അദ്ദേഹത്തിൻെറ ആശയങ്ങളും അദ്ദേഹത്തിൻെറ സന്ദേശവും പലരിലും കൊടുത്തിട്ടുണ്ടെങ്കിലും അവരിൽ അധികഭാഗവും അവയെ ബഹിൎലോകത്തിന് പ്രദാനം ചെയ്യുവാൻ ത്രാണിയുള്ളവരായിരുന്നില്ല. ത്രാണിയുള്ളവരായി ചിലരെ അദ്ദേഹംതന്നെ തയ്യാറാക്കിയിരുന്നവർ ലോകത്തെ ത്യജിച്ച് അദ്ദേഹത്തിൻെറ ധൎമ്മത്തെ പ്രചരിപ്പിക്കുവാൻ തയ്യാറുള്ള ചില ചെറുപ്പക്കാരും ആയിരുന്നു. ഇവരെ ഉന്മൂലനം ചെയ്യാനായ ശ്രമങ്ങൾ അവിടെ പലതും ഉണ്ടായിട്ടുണ്ട്. എന്നാൽ ആ അത്യുൽകൃഷ്ടജീവിതത്തിൻെറ നിഴലിലും അനുഗ്രഹത്തിലും നിന്ന് അവർ അവയെയെല്ലാം സാദരം സഹിക്കുകതന്നെ ചെയ്തു. ആ ദിവ്യമൂൎത്തിയുമായുണ്ടായ നിരന്തരബന്ധത്താൽ ലഭിച്ച ശക്തിനിമിത്തം അവർ അവരുടെ സ്ഥാനം വിട്ടില്ല. ഈ യുവസന്യാസിമാരിൽ പലരും ഉന്നതകുലജാതന്മാരും പ്രഭുകുടുംബജാതന്മാരും ഉന്നതവിദ്യാഭ്യാസബിരുദധാരികളും ആയിരുന്നിട്ടുപോലും അവർ അവരുടെ സ്വദേശത്തു, സ്വഗ്രാമത്തിൽത്തന്നെ ഭിക്ഷതെണ്ടി കാലയാപനം ചെയ്തു. ഇവൎക്ക് അടിയിൽ അനേകം പ്രതിബന്ധങ്ങ

ളാണ് ഉണ്ടായത്. എങ്കിലും അവർ അവയെയെല്ലാംസഹിച്ച് ഇന്ത്യ മുഴുവനും ആ മഹാത്മാവിൻെറ സന്ദേശത്തെ പ്രതിദിനം വിതരണം ചെയ്തുകൊണ്ടുപോന്നു. ഇങ്ങിനെ അവർ ആ ആശയത്തെ നാട്ടിലെങ്ങും പരത്തി. ഈ പുണ്യാത്മാവാകട്ടെ ബങ്കാളിലെ ഒരു കുഗ്രാമത്തിൽ ജനിച്ചു. വിദ്യാഭ്യാസമൊന്നും കൂടാതെ തൻെറ പ്രതിഭാവിശേഷംകൊണ്ടു തന്നെ സത്യത്തെ അനുഭവപ്പെടുത്തി, അതിനെ മററുള്ളവക്കെല്ലാം വിതരണം ചെയ്യുകയും ചെയ്തു. എന്നാൽ അതിനെ നിലനിത്തുവാൻ ഏതാനും ചെറുപ്രായക്കാരായ കുട്ടികളെയാണു ഭരമേല്പിച്ചത്.

ഇന്ന് ഇന്ത്യയിൽ അബാലവൃദ്ധം ജനങ്ങൾക്കെല്ലാം ശ്രീരാമകൃഷ്ണപരമഹംസദേവൻ സുപരിചിതനായി തീന്നിട്ടുണ്ട്. എന്നുമാത്രമല്ല, ആ മഹാത്മാവിൻെറ ശക്തി ഇന്ത്യയുടെ പുറത്തും വ്യാപിച്ചുകഴിഞ്ഞിരിക്കുന്നു. ലോകത്തിൽ എവിടെയെങ്കിലും ഞാൻ പറഞ്ഞിട്ടുള്ളവകളിൽ ഒരു വാക്കെങ്കിലും സത്യമായിട്ടുണ്ടെങ്കിൽ, ഒരൊററവാക്കെങ്കിലും ദൈവികമായിട്ടുണ്ടെങ്കിൽ അത് എനിക്ക് എൻെറ ആ ആചാര്യദേവനിൽനിന്ന് സിദ്ധിച്ചിട്ടുള്ളതാണ്. അവയിൽ ഉള്ള അബദ്ധങ്ങൾ മാത്രമാണ് എൻെറ സ്വന്തം വകയായിട്ടുള്ളത്.

ഇന്നത്തെ ആധുനികലോകത്തോടുള്ള ശ്രീരാമകൃഷ്ണദേവൻെറ സന്ദേശം ഇതാകുന്നു;—"നിങ്ങൾ സിദ്ധാന്തങ്ങളിൽ വളരെയൊക്കെ ശ്രദ്ധിച്ചിട്ട് കാര്യമില്ല. സമ്പ്രദായങ്ങളെപ്പററി വളരെയൊക്കെ കാര്യമാക്കിയിട്ടും പ്രയോജനമില്ല. കക്ഷികളെപ്പററിയും ചിന്തിക്കേണ്ട. ക്ഷേത്രമോ, പള്ളിയോ അതെന്തെങ്കിലും ആയിക്കൊള്ളട്ടെ. ഓരോരുത്തരുടേയും ഉള്ളിൽ ഇരിക്കുന്ന സത്ത് ആത്മാവാണ്—അതിനോടുകൂടി താരതമ്യപ്പെടുത്തിനോക്കുമ്പോൾ ഇവയൊക്കെ കേവലം നിസ്സാരങ്ങളായവയാകുന്നു. ഈ ആദ്ധ്യാത്മികഭാവം ഒരുവനിൽ അഭിവൃദ്ധിപ്പെടുന്നതനുസരിച്ച് അവൻ ഗുണംചെയ്യാൻ

അധികം ശക്തിയുള്ളവനായിരിക്കുന്നതാണു്. അതിനെ ഒന്നാമതായി സമ്പാദിക്കുക. അതിനെ ആദ്യം കരസ്ഥമാക്കുക. എല്ലാ സിദ്ധാന്തങ്ങളിലും എല്ലാ വൎഗ്ഗങ്ങളിലും ഒട്ടൊക്കെ ഗുണം കാണാകുന്നതാണു്. അതിനാൽ ആരേയും ഒന്നിനേയും കുററം പറയരുതു്. ആക്ഷേപിക്കുകയും അരുതു്. മതം എന്നതു് വെറും വാക്കുകളൊ പേരുകളൊ വൎഗ്ഗങ്ങളൊ മറെറാ അല്ലെന്നും അതു് ആദ്ധ്യാത്മികഭാവത്തിൻെറ അനുഭൂതി മാത്രമാണെന്നും നിങ്ങൾ നിങ്ങളുടെ ജീവിതംകൊണ്ടു് തെളിയിക്കുക. അനുഭവിച്ചവനുമാത്രമെ അറിഞ്ഞുകൂട്ടു. ആദ്ധ്യാത്മികഭാവത്തെ പ്രാപിച്ചവനു മാത്രമേ അതിനെ മററുള്ളവൎക്കു് അറിയിക്കുവാൻ സാധിക്കുകയുള്ളു. അവൎക്കു മാത്രമേ മനുഷ്യസമുദായത്തിൻെറ മഹാചാൎയ്യന്മാരായിരിക്കുവാൻ സാധിക്കുകയുള്ളൂ. അവർ മാത്രമാണു് ചൈതന്യശക്തികൾ.

ഇങ്ങിനെയുള്ള മഹാത്മാക്കൾ ഒരു രാജ്യത്തു് അധികമധികം ഉണ്ടാകുന്നേടത്തോളം ആ രാജ്യം അധികമധികം അഭിവൃദ്ധിപ്പെടുന്നതാണു്. ഇങ്ങിനെയുള്ള മഹാത്മാക്കൾ കേവലം ഇല്ലാതിരിക്കുന്ന രാജ്യം നശിക്കുവാനുള്ളതുമാകുന്നു. അതിനെ പിന്നെ ഒരു വിധവും രക്ഷിക്കുവാൻ സാധിക്കുകയില്ല. അതിനാൽ മനുഷ്യസമുദായത്തോടുള്ള എൻെറ ആചാൎയ്യദേവൻെറ മഹൽസന്ദേശം ആദ്ധ്യാത്മികഭാവത്തെ സ്വീകരിച്ചു് സത്യത്തെ അനുഭവപ്പെടുത്തുവിൻ എന്നാകുന്നു. നിങ്ങളുടെ സഹോദരന്മാരുടെ ക്ഷേമത്തിന്നുവേണ്ടി നിങ്ങൾ നിങ്ങളെത്തന്നെ ഉപേക്ഷിക്കേണമെന്നു അദ്ദേഹം നിങ്ങളോടു അവശ്യപ്പെടുന്നു. സഹോദരസ്നേഹത്തെപ്പററിയുള്ള വലിയ സംസാരമെല്ലാം നീട്ടിവെച്ചു നിങ്ങളുടെ ആ വാക്കുകളെ തെളിയിക്കുവാൻ പുറപ്പെടേണമെന്നു് അദ്ദേഹം നിങ്ങളോടു് അവശ്യപ്പെടുന്നു. ത്യാഗത്തിന്നും അനുഭൂതിക്കും ഉള്ള കാലം അസന്നമായിരിക്കുന്നു. നിങ്ങൾക്കു് ആ അനുഭൂതിയുണ്ടാകുമ്പോൾ ലോകത്തിലെ സൎവ്വധൎമ്മങ്ങൾക്കും അന്യോന്യ

മുള്ള യോജിപ്പ് നിങ്ങൾക്കു നല്ലപോലെ മനസ്സിലാകുന്നതാണ്. യാതൊരു ലഹളയ്ക്കും വഴക്കിന്നും അവശ്യമില്ലെന്ന് അപ്പോൾ നിങ്ങൾക്ക് മനസ്സിലാകും. അപ്പോൾ മാത്രമെ മനുഷ്യസമുദായത്തെ സഹായിക്കുവാൻ നിങ്ങൾ തയ്യാറായിത്തീരുകയും ഉള്ളൂ. എല്ലാമതങ്ങളിലും ശുദ്ധമൂലമായിരിക്കുന്ന fundamental ഐക്യത്തെ ലോകസമക്ഷം പ്രസ്താവിക്കുന്നതും അതിനെ വ്യക്തമാക്കുന്നതും ആയിരുന്നു എൻെറ ആചാര്യദേവൻെറ ഒരു ജന്മോദ്ദേശ്യം. മുമ്പുണ്ടായിട്ടുള്ള ആചാര്യന്മാർ ഓരോ പ്രത്യേക ധർമ്മങ്ങളെ പഠിപ്പിച്ചു. ആ ധർമ്മങ്ങളെല്ലാം ഇന്നും അവരുടെ പേരുകളാൽ അങ്കിതപ്പെട്ടു ഇരിക്കുന്നു. എന്നാൽ പത്തൊമ്പതാം നൂററാണ്ടിലെ ഈ മഹാചാര്യനാകട്ടെ അങ്ങനെ ഒന്നും ചെയ്തില്ല. തൻെറ സ്വന്തമായി ഒന്നും സൃഷ്ടിച്ചതും ഇല്ല. എല്ലാമതങ്ങളും യഥാർത്ഥത്തിൽ ഒരേ സനാതനധർമ്മത്തിൻെറ വ്യത്യസ്തഭാവങ്ങൾ മാത്രമാണെന്ന് അദ്ദേഹം അനുഭവപ്പെട്ടുത്തുകയാൽ അദ്ദേഹം എല്ലാധർമ്മങ്ങളേയും അതാതിൻെറ സ്ഥാനത്ത് ഉറപ്പിച്ചിരുത്തുകയേ ചെയ്തുള്ളൂ.

സമാപ്തം.

## ഹിന്തുമതം.

---

(1893 സെപ്തമ്പ്രമാസം 19-ാംനു അമേരിക്കയിലെ ചിക്കാഗോ മഹാസഭയിൽവെച്ച് വായിച്ചത്.)

ചരിത്രത്തിന്ന് നോക്കെത്താത്തതായ ആ പ്രാചീനകാലംമുതൽ നിലനിന്നുവരുന്നതായി ലോകത്തിൽ ഇന്നു മൂന്നു മതങ്ങൾ ഉള്ളത് ഹിന്തുമതവും, സൌരാസ്ത്രമതവും, ജൂദമതവും ആകുന്നു. ഇവയെല്ലാംതന്നെ അതികഠിനമായ പ്രതി

രോധങ്ങൾ പലപ്പോഴും സംഭവിക്കുകയുണ്ടായിട്ടുണ്ട്. എങ്കിലും അവയെല്ലാം ഇന്നും നിലനില്ക്കുന്നതുകൊണ്ടുതന്നെ അവയുടെ അന്തശ്ശക്തി നല്ലപോലെ വെളിപ്പെടുന്നതാകുന്നു. ഈ ജൂദമതത്തിന്നു് തന്റെ പുത്രിയായ ക്രിസ്തുമതത്തെപ്പോലും തന്നിൽ ഉൾപ്പെടുത്തുവാൻ കഴിഞ്ഞതില്ലെന്നു മാത്രമല്ല, അ സൎവ്വത്തേയും പിടിച്ചടക്കുന്ന പുത്രി തന്റെ മാതാവിനെ അവരുടെ ജന്മഭൂമിയിൽ നിന്നു അടിച്ചു പുറത്തിറക്കുക കൂടിയും ചെയ്തു. ഇന്നു് ആ വലിയ മതത്തിന്റെ ആ പഴയ കഥകളെല്ലാം പറയുവാനായി ഒരു പിടി പാർസികൾ മാത്രമേ അവശേഷിക്കുന്നുള്ളൂ. ഇന്ത്യയിലും ഇങ്ങനെതന്നെ ഉണ്ടായിട്ടുണ്ട്. അവിടെ ഒന്നിനൊന്നു പിൻതുടൎന്നുകൊണ്ടു് ഓരോ സമുദായങ്ങൾ തള്ളിക്കയറിവന്നു് അവിടത്തെ വൈദികമതത്തെ അതിന്റെ വേരോടെ ഇളക്കുവാൻ ശ്രമിച്ചുനോക്കി. ഒരു വലിയ ഭൂകമ്പമുണ്ടാകുമ്പോൾ സമുദ്രക്കരയിലെ വെള്ളം അല്പമൊന്നു് ഉള്ളിലോട്ടു വലിഞ്ഞു കാണുമെങ്കിലും അതിന്റെ ശക്തി അവസാനിക്കുമ്പോൾ മുമ്പിലത്തേതിലും അധികം ശക്തിയോട്ടുകൂടി-ആയിരം ഇരട്ടിശക്തിയോട്ടുകൂടി-കര തല്ലിത്തകൎത്തു് അതുഭൂമിയെയെല്ലാം പ്രക്ഷാളനം ചെയ്യുന്നതുപോലെ ഈ വകക്കാരുടെ ആക്രമണകോലാഹലം ശമിക്കുമ്പോൾ ഈ വർഗ്ഗക്കാരെയെല്ലാം അതിലേക്കു വലിച്ചെടുത്തു് ആ മാതൃമതത്തിന്റെ ഒരു ഭാഗമാക്കി യോജിപ്പിക്കുകയാണു് ഉണ്ടായിട്ടുള്ളതു്.

സൈൻസിന്റെ ഇന്നത്തെ നവീനകണ്ടുപിടിത്തങ്ങൾ കേവലം പ്രതിസ്വരംപോലെ മാത്രമായിരിക്കുന്ന വേദാന്തതത്വജ്ഞാനത്തിന്റെ പരമോൽകൃഷ്ടസ്ഥാനം തുടങ്ങി പലവിധ കെട്ടുകഥകളോട്ടുകൂടിയ വിഗ്രഹാരാധനവരെയുള്ള എല്ലാ ഭാവങ്ങളും ബുദ്ധമതക്കാരുടെ നിരീശ്വരമതവും ജൈനരുടെ നിരീശ്വരവാദവും എല്ലാം ഉൾപ്പെടുത്തുവാൻ ഹിന്ദുമതത്തിൽ സ്ഥാനമുണ്ടു്.

അങ്ങിനെയാണെങ്കിൽ ഇങ്ങനെ പ്രത്യക്ഷത്തിൽ അത്യന്തവിഭിന്നങ്ങളായിരിക്കുന്ന മതങ്ങളെല്ലാം എവിടെയാണ് ഏതു പൊതുസിദ്ധാന്തത്തിലാണ്, കേന്ദ്രത്തിലാണ് കൂടി യോജിക്കുന്നത് എന്നൊരു ചോദ്യം ഉണ്ടായേക്കാം. പ്രത്യക്ഷത്തിൽ വിരുദ്ധങ്ങളായി തോന്നപ്പെടുന്ന ഇവകളെല്ലാം ഏതൊരു പൊതുമൂലതത്വത്തിന്മേലാണ് യോജിച്ചു നിൽക്കുന്നത് എന്നൊരു ചോദ്യം വരുമായിരിക്കാം. ഈ ചോദ്യത്തിന്നു ഞാൻ ഇന്നൊരു സമാധാനംപറയുവാൻ ശ്രമിക്കാം.

ഹിന്തുക്കൾക്ക് അവരുടെ ധർമ്മം സിദ്ധിച്ചിട്ടുള്ളതു് അനുഭൂതികളിൽകൂടെ, വേദങ്ങളിൽകൂടെയാണ്. ഈ വേദങ്ങൾ ആദിയും അവസാനവും ഇല്ലാത്തതാണെന്നാണ് അവരുടെ വിശ്വാസം. ഒരു പുസ്തകത്തിന്നു ആദിയും അവസാനവും ഇല്ലെന്നു കേൾക്കുമ്പോൾ നിങ്ങൾക്കു അതു വളരെ ഹാസ്യജനകമായിരിക്കുവാനും മതി. എന്നാൽ വേദങ്ങൾ എന്നു പറയുമ്പോൾ പുസ്തകമെന്നു അർത്ഥമാകുന്നില്ല. ഓരോ കാലങ്ങളിൽ ഓരോ മന്ത്രദ്രഷ്ടന്മാർ കണ്ടറിഞ്ഞ ആദ്ധ്യാത്മിക നിയമങ്ങളുടെ സമുച്ചയമായ ഭണ്ഡാഗാരത്തെയാണ് വേദങ്ങൾ എന്ന പദംകൊണ്ടു് അർത്ഥമാക്കുന്നതു്. ഭൂമിയുടെ ആകർഷണശക്തിയെ കണ്ടറിയുന്നതിന്നു മുമ്പായി ആ ഒരു ശക്തി ഉണ്ടായിരുന്നതുപോലെയും മനുഷ്യസമുദായം അതിനെ നിശ്ശേഷം വിസ്മരിക്കുന്നതായാലും ആ ശക്തി നിലനില്ക്കുകതന്നെ ചെയ്യുന്നതുപോലെയും ആണ് ആദ്ധ്യാത്മികലോകത്തെ ഭരിക്കുന്ന നിയമങ്ങളുടേയും സ്വഭാവം. വ്യക്തിയും വ്യക്തിയും തമ്മിലും അതായതു് ആത്മാവും ആത്മാവും തമ്മിലും ആത്മാവും പരമാത്മാവും തമ്മിലും ഉള്ള സംബന്ധങ്ങൾ അവകൊണ്ടു് അറിയുന്നതിന്നു മുമ്പായിത്തന്നെ നിലനിന്നിരുന്നവകളാകുന്നു. നാം അവയെ ഇനി മറക്കുന്നതായാലും അവ നിലനില്ക്കുകയും ചെയ്യും.

ഈ നിയമങ്ങളെ കണ്ടറിഞ്ഞവരെയാണ് ഋഷികൾ എന്നു പറയുന്നത്. അവരെ പരിപൂർണ്ണാത്മാക്കൾ എന്ന നിലയിൽ ബഹുമാനിക്കുകയും ചെയ്യുന്നു. ഇങ്ങിനെ ഉണ്ടായിരുന്ന ഏററവും അത്യുൽകൃഷ്ടന്മാരായ ഋഷികളിൽ ഏതാനും സ്ത്രീകൾക്കൂടെ ഉണ്ടായിരുന്നു എന്നു നിങ്ങളെ അറിയിക്കുന്നതിൽ എനിക്കു വളരെ സന്തോഷം ഉണ്ടു്.

ഈ നിയമങ്ങൾക്കു നിയമങ്ങൾ എന്ന നിലയിൽ ഒരു അവസാനം ഇല്ലെന്നു വന്നേക്കാമെങ്കിലും അതിന്നു ഒരു അടിയുണ്ടാകാതെ നിവൃത്തിയില്ലെന്നു ഒരു പക്ഷേ നിങ്ങൾ പറയുമായിരിക്കാം. എന്നാൽ ഞങ്ങളുടെ മതംഅങ്ങിനെയല്ല. സൃഷ്ടി അടിയും അവസാനവും ഇല്ലാത്തതാണെന്നാണ് ഞങ്ങളുടെ വേദം പറയുന്നതു്. പ്രപഞ്ചത്തിലെ വ്യാപാരശക്തി എപ്പോഴും ഒരേ നിലയിൽത്തന്നെ ഇരിക്കുന്നതാണെന്ന് സൈൻസ് ഇന്നയ്യു തെളിയിച്ചുകഴിഞ്ഞിട്ടുണ്ടു്. അതിനാൽ ഒന്നും ഇല്ലാതിരുന്നതായ ഒരു ശൂന്യാവസ്ഥ ഒരു കാലത്തു് ഉണ്ടായിരുന്നുവെങ്കിൽ അന്നു ഈ പ്രകടനശക്തികളെല്ലാം എവിടെയായിരുന്നു? ഇതിന്നു ചിലർ പറയുന്ന സമാധാനം അന്നു് ഈ ശക്തിയെല്ലാം ഈശ്വരനിൽത്തന്നെ അപ്രകടിത ഭാവത്തിൽ അടങ്ങിക്കിടക്കുകയായിരുന്നു എന്നാണ്. അതിനെ സമ്മതിക്കുകയാണെങ്കിൽ ഈശ്വരൻ ചിലപ്പോൾ പ്രകടിതഭാവനും ചിലപ്പോൾ അപ്രകടിതഭാവനുമാണെന്നു സമ്മതിക്കേണ്ടതായിത്തന്നെ ഇരിക്കുന്നു. അങ്ങിനെയായാൽ ആ ഈശ്വരൻ മാററത്തോടുകൂടിയവനായിരിക്കുന്നു എന്നു സിദ്ധിക്കുന്നതാണ്. അങ്ങിനെയാണെങ്കിൽ മാററമുള്ള സ്വഭാവത്തോടുകൂടിയവയെല്ലാം സമ്മിശ്രപദാർത്ഥമാണെന്ന നിയമം ഈശ്വരനേയും ബാധിക്കുന്നതായിരിക്കുന്നു. സമ്മിശ്രപദാർത്ഥങ്ങളെല്ലാം നാശം എന്ന മാററത്തെ പ്രാപിക്കാതിരിക്കുവാൻ നിവാഹമില്ലതന്നെ. അതിനാൽ ഈശ്വരൻ മരിക്കുമെന്നാണു വരുന്നതു്. ഇതു് അസംബന്ധവും ആകുന്നു. അതി

നാൽ സൃഷ്ടിയും പ്രപഞ്ചവ്യാപാരവും കൂടാതെ ഒരു കാലം ഉണ്ടായിട്ടേയില്ല.

സ്രഷ്ടാവും സൃഷ്ടിയും ഒന്നിച്ച് ഒന്നിനൊന്നു അടുത്തു വരയ്ക്കപ്പെട്ടതും ആദിയും അവസാനവും ഇല്ലാത്തതും ആയ രണ്ടു സമവരകൾപോലെയാണെന്ന് വേണമെങ്കിൽ പറയാം. ഈശ്വരൻ സർവ്വകാലത്തും സർവ്വത്ര ഒരുപോലെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു ശക്തിയാണ്. ഈ ശക്തിവിശേഷം കൊണ്ടു മൂലപ്രകൃതിയിൽനിന്നു ഒന്നിനൊന്നു തുടർച്ചയായി അനേകം സമ്പ്രദായങ്ങൾ ഉത്ഭവിച്ചുവരികയാണ്. ഈ സമ്പ്രദായങ്ങൾ അല്പകാലം നിലനിന്നശേഷം വീണ്ടും നശിപ്പിക്കപ്പെടുകയും ചെയ്യുന്നു. "മുൻമന്വന്തരത്തിലെ സൂര്യചന്ദ്രന്മാരെപ്പോലെ ഈശ്വരൻ സൂര്യചന്ദ്രന്മാരെ ഉണ്ടാക്കി" എന്നു ബ്രാഹ്മണയുവാവു ദിവസേന ഉച്ചരിക്കുന്നതിന്റെ കാരണം അതാകുന്നു.

ഞാൻ ഇവിടെ നിന്നുകൊണ്ടു എന്റെ കണ്ണുകൾ അടച്ച് എന്റെ അസ്തിത്വത്തെപ്പററിത്തന്നെ ആലോചിക്കുവാൻ ശ്രമിച്ചുനോക്കട്ടെ—"ഞാൻ" "ഞാൻ" "ഞാൻ". അപ്പോൾ എനിക്ക് എന്തൊരു ബോധമാണുണ്ടാകുന്നതു്. ശരീരത്തെപ്പററിയുള്ള ബോധം. എന്നാൽ ഞാൻ ഭൗതികവസ്തുക്കളുടെ ഒരു വെറും സംഘാതം മാത്രമാണോ? "അല്ല" എന്നാണ് വേദങ്ങൾ പറയുന്നതു്. ഞാൻ ശരീരത്തിലുള്ള ചൈതന്യമാണ്. അല്ലാതെ ഞാൻ ഈ ഭൗതികശരീരമല്ല. ഈ ശരീരം നശിക്കുന്നതാകുന്നു, എന്നാൽ എനിക്ക് നാശമില്ല. ഞാൻ ഇവിടെ ഇപ്പോൾ ഈ ശരീരത്തിൽ ഇരിക്കുന്നു എന്നേയുള്ളു. ഈ ശരീരം അതിന്റെ സമയം വരുമ്പോൾ കെട്ടുവന്നുപോകും. എന്നാലും ഞാൻ നിലനില്ക്കുന്നതുതന്നെയാണ്. എനിക്കു ഇതുപോലെ ഒരു പൂർവ്വാവസ്ഥയും ഉണ്ടായിട്ടുണ്ടു്. ആത്മാ സൃഷ്ടിക്കപ്പെട്ടതല്ല. സൃഷ്ടിക്കപ്പെട്ടതാണെന്നു് പറയുമ്പോൾ അതു് ഏതാനും വസ്തുക്കളുടെ സംഘാ

തമാണെന്ന് വരുന്നു. അങ്ങിനെയാണെങ്കിൽ അവ പിന്നീട് തമ്മിൽ പിരിഞ്ഞുപോകുകതന്നെ ചെയ്യുമെന്നും സിദ്ധിക്കുന്നു. അതിനാൽ ആത്മാ സൃഷ്ടിക്കപ്പെട്ടതാണെങ്കിൽ അആത്മാ മരണമുള്ളതായിരുന്നേ മതിയാകൂ. ചിലർ ജന്മനാ സുഖികളായിരിക്കുന്നു; അതികോമളമായ ശരീരത്തോടുകൂടി പൂർണ്ണമായ ആരോഗ്യം അനുഭവിക്കുന്നു; മനസ്സിന്നു നല്ല ഉത്സാഹവും ഉന്മേഷവും ശക്തിയും തന്നെ. അവന്ന് ഒന്നിനുംതന്നെ യാതൊരു മുട്ടും ഉണ്ടാകുന്നതുമില്ല. മററു ചിലർ ജന്മനാ ദുഃഖികൾ; ചിലക്ക് കൈയില്ല, ചിലക്ക് കാലില്ല, ചിലക്ക് കണ്ണില്ല, ചിലക്ക് കേവലം ബുദ്ധിയില്ല. വല്ലവിധേനയും വളരെ ദുഃഖഭൂയിഷ്ഠമായ ഒരു ജീവിതം കഴിച്ചുകൂട്ടുകയാണ് ചെയ്യുന്നത്. എന്തുകൊണ്ട്? അതിന്നു കാരണമെന്ത്? എല്ലാവരും സൃഷ്ടിക്കപ്പെട്ടവർ തന്നെയാണെങ്കിൽ, നിമ്മത്സരബുദ്ധിയും കരുണാമൂർത്തിയും ആയ ഈശ്വരൻ ഒരുവനെ നിരന്തരദുഃഖിയായും മററൊരുവനെ നിരന്തരസുഖിയായും സൃഷ്ടിക്കുവാനുള്ള കാരണമെന്താണ്? ആ ഈശ്വരൻ ഇത്രയൊക്കെ പക്ഷപാതിയായതെന്തിന്ന്? ഈ ജീവിതത്തിൽ ദുഃഖം അനുഭവിക്കുന്നവൻ ഇനിയൊരു ജീവിതത്തിൽ സുഖം അനുഭവിക്കുന്നതായിരിക്കും എന്ന് പറഞ്ഞാൽ അതും കാര്യത്തിന്ന് തെല്ലും ഗുണത്തെ ചെയ്യുന്നില്ല അതു തെല്ലും ശരിയായ ഒരു സമാധാനമായിത്തീരുന്നതുമില്ല. കരുണാനിധിയും പക്ഷപാതരഹിതനും നിമ്മത്സര ബുദ്ധിയുമായ ഒരു ഈശ്വരന്റെ ഭരണത്തിൽ ഒരുവൻ ഇവിടെക്കൂടേയും ദുഃഖം അനുഭവിക്കുന്നതെന്തിന്ന്? അതിനാൽ ആദ്യമായി ഈശ്വരൻ സൃഷ്ടിച്ചു എന്നു പറയുന്നത് യുക്തിക്ക് യോജിക്കുന്നില്ല. അങ്ങിനെയാണെങ്കിൽ സവ്വശക്തനായ ഒരു അധികാരിയുടെ ദുഷ്ടബുദ്ധിയെ മാത്രമെ അത് കാണിക്കുന്നുള്ളൂ. അങ്ങിനെയുള്ള ഈശ്വരൻ ഈശ്വരനല്ലാത്തതിനാലും അങ്ങിനെയുള്ള ഈശ്വരനെ ആക്കും സമ്മതമല്ലാത്തതിനാലും ഒരുവനെ സുഖിയും ദുഃഖിയും ആക്കിത്തീക്കുന്നതിന്ന് അവന്റെ ജനനത്തിന്നു മുമ്പായിത്തന്നെ തക്കകാര

ങ്ങൾ ഉണ്ടായിരിക്കേണ്ടതാകുന്നു. അവയാണ് അവൻെറ പൂൎവ്വജന്മാൎജ്ജിതകൎമ്മങ്ങൾ.

പാരമ്പൎയ്യശക്തികൊണ്ടു മനസ്സിൻെറയുംശരീരത്തിൻെറയുംഎല്ലാ വാസനകളും വ്യാഖ്യാനിക്കപ്പെട്ടുന്നുണ്ടോ? ഇവിടെ നാം ഒന്ന് മനസ്സിൻെറയും മറ്റൊന്ന് ഭൂതത്തിൻെറയും ആയി രണ്ടു് അസ്തിത്വങ്ങൾ നമുക്കു കാണുവാനുണ്ടു്. നമ്മൾക്കുള്ളതിനെയെല്ലാം ഭൂതവും അതിൻെറ നാനാവിധത്തിലുള്ള മാറ്റങ്ങളും ഭാവങ്ങളും വ്യാഖ്യാനിക്കുന്നുണ്ടെങ്കിൽ പിന്നെ ആത്മാവെന്ന ഒന്നിൻെറ അസ്തിത്വത്തെ സമ്മതിക്കേണ്ടതായ ആവശ്യം ഇല്ല. എന്നാൽ വിചാരം, അല്ലെങ്കിൽ ചിന്ത ഭൂതത്തിൽനിന്ന് ഉത്ഭവിച്ചതാണെന്ന് തെളിയിക്കുവാൻ സാധിക്കുന്നതല്ലതന്നെ. ഭൌതികമായ ഏക പദാൎത്ഥവാദം കൂടാതെകഴിയാത്തതാണെങ്കിൽ ആദ്ധ്യാത്മികമായ ഏകത്വം തീൎച്ചയായും ന്യായാനുസൃതവും ഭൌതിക വാദത്തെക്കാളും ഒട്ടും ആവശ്യം കുറവില്ലാത്തതും ആകുന്നു. പക്ഷെ അതൊന്നും ഇവിടെ ആവശ്യമില്ല.

പാരമ്പൎയ്യംകൊണ്ടു് ശരീരത്തിന്ന് ഏതാനും വാസനകളെല്ലാംലഭ്യമാകുന്നുണ്ടെന്നുള്ള സംഗതി നിഷേധിക്കത്തക്കതല്ല. എന്നാൽ ആ വാസനകൾക്ക് ഭൌതികപാരമ്പൎയ്യങ്ങൾ എന്നഅൎത്ഥം മാത്രമേയുള്ളു. അതുനിമിത്തം ഒരു പ്രത്യേകമനസ്സിന്നുമാത്രമേ ഒരുപ്രത്യേകരീതിയിൽ പ്രവൎത്തിക്കുവാൻ സാധിക്കുന്നുള്ളു. ഇവയ്ക്കു പുറമെ പൂൎവ്വകൎമ്മങ്ങൾ ഹേതുവായി ചില പ്രത്യേകവാസനകളെല്ലാം ജീവന്ന് ലഭ്യമാകുന്നുണ്ടു്. അങ്ങിനെയുള്ള ഒരു ജീവൻ അതിൻെറ വാസനാബലംനിമിത്തം ആവക വാസനകൾക്ക് പ്രവൎത്തിക്കുവാൻ ഏറ്റവും ഉപയുക്തമായ ആയുധമായ ഒരുശരീരത്തെ സ്വീകരിച്ചു് അന്യോന്യബന്ധമെന്ന നിയതിക്കധീനമായി ജനിക്കുന്നു. ഈ സിദ്ധാന്തം സയിൻസിന്നും അനുകൂലിക്കുന്നതാണു്. എല്ലാംതന്നെ പരിചയംകൊണ്ടു് വ്യാഖ്യാനിക്കുവാനാണു് സയിൻസിൻെറ ശ്രമം.

ഈ പരിചയം അവൎത്തനങ്ങൾ മൂലമാണു് സിദ്ധിക്കുന്നതു്. അതിനാൽ തൽക്ഷണം ഭൂജാതമായ ഒരു ശിശുവിന്റെ പ്രകൃത്യനുസാരേണയുള്ള സ്വഭാവത്തെ വ്യാഖ്യാനിക്കുവാൻ അവൎത്തനം അവശ്യമായിരിക്കുന്നു. ആ അവൎത്തനം ആ ജന്മത്തിൽ സിദ്ധിച്ചിട്ടില്ലാത്തതിനാൽ അവ തീൎച്ചയായും പൂൎവ്വജന്മങ്ങളിൽനിന്നു് സംസ്കരിച്ചിട്ടുള്ളവതന്നെ ആയിരിക്കേണ്ടതാണു്.

ഇവിടെ മറെറാരു പ്രമാണം നേരിടുന്നു. ഇവയൊക്കെ പരമാൎത്ഥം തന്നെയെന്നു സമ്മതിക്കുന്നതായാൽതന്നെ, ഞാൻ എന്റെ പൂൎവ്വജന്മത്തെപ്പററി ഒന്നും തന്നെ അറിയാതിരിക്കുന്നതു എന്തുകൊണ്ടാണു്? ഇതിന്നു എളുപ്പത്തിൽ സമാധാനം പറയാം. ഞാൻ ഇപ്പോൾ ഇംഗ്ലീഷുഭാഷയാണു് സംസാരിക്കുന്നതു്. അതു എന്റെ മാതൃഭാഷയല്ല. എങ്കിലും എന്റെ മാതൃഭാഷയിലെ ഒരൊററവാക്കുപോലും ഇപ്പോൾ എന്റെ ഓൎമ്മയിൽ പ്രത്യക്ഷപ്പെടുന്നില്ല. എന്നാൽ ഞാൻ അവയെ ഓൎക്കുവാൻ ശ്രമിച്ചാലോ? അവ അപ്പോൾ പെട്ടെന്നു കുതിച്ചുചാടിവരികയും ചെയ്യുന്നു. ഇതിനാൽ ഓൎമ്മയെന്നതു നമ്മുടെ മാനസികമഹാസമുദ്രത്തിന്റെ വെറും മുകൾപരപ്പുമാത്രമാണെന്നു നല്ലപോലെ വ്യക്തമാകുന്നുണ്ടു്. അതിന്റെ അടിയിലായി നമ്മുടെ അനുഭവങ്ങളെല്ലാം ഒന്നായിശേഖരിച്ചുവെച്ചിരിപ്പുണ്ടു്. നിങ്ങൾ അതറിയുവാനായി പരിശ്രമിച്ചുനോക്കുക. അപ്പോൾ അവ പൊങ്ങിവരികയും നിങ്ങൾക്കു നിങ്ങളുടെ പൂൎവ്വ ജന്മങ്ങളെപ്പററിയുള്ള ഓൎമ്മ ഉണ്ടാകുകയും ചെയ്യും.

ഇതാണു് നേരിട്ടുള്ളതും സംഗതിയെ വ്യക്തമായി തെളിയിക്കുന്നതും ആയ തെളിവു്. ഒരു സിദ്ധാന്തത്തിന്റെ പരിപൂൎണ്ണമായ തെളിവു് അതിന്റെ അനുഭവമാണെല്ലോ. ഒരു സിദ്ധാന്തത്തിന്നു് പൂൎണ്ണബലം സിദ്ധിക്കണമെങ്കിൽ അതിന്റെ ഫലം പരിശോധിച്ചുനോക്കി അറിയത്തക്കതായി

രിക്കണം. ഈ സംഗതിയിൽ ഋഷീശ്വരന്മാർ ലോകത്തോടു ചെയ്യുന്ന പ്രഖ്യാപനവും അതുതന്നെയാണു്. ഓർമ്മയാകുന്ന മഹാസമുദ്രത്തിൻെറ അത്യഗാധമായ അടിവരെ ഇളക്കിമറിക്കുവാനുള്ള മാർഗ്ഗം ഞങ്ങൾ കണ്ടുപിടിച്ചിരിക്കുന്നു. നിങ്ങൾ അതിനെ പരിശോധിച്ചു നോക്കുവിൻ. എന്നാൽ നിങ്ങൾക്കു നിങ്ങളുടെ പൂർവ്വജന്മത്തെപ്പററിയുള്ള പൂർണ്ണവിവരം അറിയാകുന്നതാണു്. പൂർവ്വജന്മത്തെപ്പററിയുള്ള ശരിയായ ഓർമ്മ ഉണ്ടാകുന്നതാണു്.

അതിനാൽ ഹിന്ദുവിൻെറ വിശ്വാസം അവൻ ചൈതന്യംതന്നെ, ആത്മാവുതന്നെയാണെന്നാണു്. അവനെ വാൾകൊണ്ടു ഖണ്ഡിക്കുവാൻ കഴിയുകയില്ല; അവനെ തീകൊണ്ടു് ദഹിപ്പിക്കുവാൻ സാധിക്കുകയില്ല; അവനെ വെള്ളംകൊണ്ടു അലിക്കുവാൻ സാധിക്കുകയില്ല; അവനെ വായുകൊണ്ടു് ശോഷിപ്പിക്കുവാൻ സാധിക്കുകയില്ല. വൃത്തരേഖ ഒരിടത്തും ഇല്ലാത്തതും എന്നാൽ മർത്ത്യശരീരത്തിൽ ഉറപ്പിച്ചിരിക്കുന്നതും ആയ ഒരു വൃത്തമാണു് ആത്മാവെന്നും, മരണം എന്നതു് ഈ മർത്ത്യത്തെ ശരീരംപ്രതി മാററിമാററിക്കൊണ്ടിരിക്കുന്നതാണെന്നും ആണു ഹിന്ദുവിൻെറ വിശ്വാസം. ഈ ആത്മാ ഭൌതികാവസ്ഥകളാൽ ബന്ധിതമായിട്ടുമില്ല. അതു് സ്വതവേ സ്വതന്ത്രനും, അവധിരഹിതനും പരിശുദ്ധനും, പരിപൂർണ്ണനും, അകന്മഷനും ആണു്. എന്നാൽ എന്തോ കാരണവശാൽ അതു് തന്നെത്താൻ ഭൂതത്തോടു സംബന്ധിക്കപ്പെട്ടതായി കാണപ്പെടുന്നു. അതു് തന്നെത്താൻ ഭൂതമാണെന്നു വിചാരിക്കുകകൂടിയും ചെയ്യുന്നു.

ഇങ്ങിനെ സ്വതന്ത്രനും പരിശുദ്ധനും പരിപൂർണ്ണനുമായ അതു് ഭൂതസംഘാതത്തിന്നടിപെടുവാനുള്ള കാരണമെന്താണെന്നായിരിക്കും അടുത്തചോദ്യം. പരിപൂർണ്ണനായ ആത്മാവിന്നു താൻ അപൂർണ്ണനാണെന്നുള്ള തെററായ ബോധം ഉണ്ടായതെങ്ങിനെ? ഹിന്ദുക്കൾക്കു് ഈ ചോദ്യത്തിന്നു് സമാ

ധാനമൊന്നും ഇല്ല. അങ്ങിനെ ഒരു ചോദ്യമേ ഉണ്ടാകുവാൻ പാടില്ലെന്നാണ് അവർ പറയുന്നത്. പരിപൂർണ്ണങ്ങളല്ലാത്ത ഒന്നൊ അതിലധികമൊ ഭാവങ്ങളെ സൃഷ്ടിച്ച് ചില ചിന്തകന്മാർ അതിന്ന് ഒരു സമാധാനം പറയുവാൻ ശ്രമിക്കുന്നുണ്ട്. അവർ അവരുടെ വാദത്തിന്നിടിവുള്ള ദിക്കിലെല്ലാം വലിയ "സൈൻടിഫിക്" സംജ്ഞകൾ വെച്ച് മിനുക്കുകയാണ്. എന്നാൽ സംജ്ഞ കല്പിക്കുന്നതല്ല വ്യാഖ്യാനം. അതുകൊണ്ടും ആ സംശയം അതേനിലയിൽത്തന്നെ നില്ക്കുന്നതേയുള്ളു. പരിപൂർണ്ണമായത് പരിപൂർണ്ണമായതല്ലാതെ ആയതെങ്ങിനെ; ശുദ്ധവും കേവലവും ആയത് അതിൻ്റെ സ്വഭാവത്തിൽ ഏറ്റവും നിസ്സാരമായ ഒരു ഭാഗത്തെപ്പോലും ഭേദപ്പെടുത്തുന്നതെങ്ങിനെ? അതിന്നൊന്നും അവൎക്ക് സമാധാനമില്ല. എന്നാൽ ഹിന്ദുക്കൾ ഉള്ളിൽ കപടമില്ലാത്തവരാണ്. അവൎക്ക് അങ്ങിനെയൊന്നും പറയുവാനറിഞ്ഞുകൂട. ചില മുട്ടുയുക്തികൾക്കടിയിൽ അഭയംപ്രാപിക്കുവാനും അവർ ഇഷ്ടപ്പെടുന്നില്ല. അവൻ പൌരുഷത്തോടുകൂടി ഈ ചോദ്യത്തെ എതിർപാർത്ത് "എനിക്കറിഞ്ഞുകൂട. പരിപൂർണ്ണമായ അത്, ആത്മാ, താൻ അപൂർണ്ണനാണെന്നും ഭൂതങ്ങളോടു ചേൎന്നവനാണെന്നും ഭൂതങ്ങളാൽ പരിക്ലിപ്തനാണെന്നും വിചാരിക്കുവാനിടയായത് എങ്ങിനെയാണെന്ന് എനിക്കറിഞ്ഞുകൂടാ" എന്നു പറയുവാൻ അവന്നു വേണ്ടിടത്തോളം ധൈൎയ്യമുണ്ട്. എന്തൊക്കെയായാലും എങ്ങിനെയൊക്കെയായാലും പരമാത്മം പരമാത്മംതന്നെയാണല്ലൊ. താൻ ശരീരമാണെന്ന് തന്നത്താൻ ഓൎമ്മിക്കുന്നു എന്ന പരമാത്മം എല്ലാവരുടേയും ഉള്ളിൽ ഉള്ളതാണ്. ഒരുവൻ ശരീരമാണെന്ന് ഒരുവൻ വിചാരിക്കുവാനുള്ള കാരണമെന്താണെന്ന് വ്യാഖ്യാനിക്കുവാൻ ഹിന്ദു ശ്രമിക്കുന്നില്ല. അത് ഈശ്വരേച്ഛയാണെന്ന് പറയുന്ന സമാധാനവും ഒരു ശരിയായ വ്യാഖ്യാനമല്ല. ഇതിൽ "എനിക്ക് അറിഞ്ഞുകൂടാ" എന്ന് ഒരു ഹിന്ദു പറയുന്നതിൽ അധികമായി ഒന്നുംതന്നെ ഇല്ലതാനും.

ഇങ്ങിനെ, ആത്മാ സനാതനനും, മരണരഹിതനും, പരിപൂൎണ്ണനും, അഖണ്ഡനും ആണെന്നും മരണം എന്നതു് ഒരു ശരീരത്തിൽനിന്നു മററൊരു ശരീരത്തിലേയ്ക്കു പകരുന്ന പകൎച്ച മാത്രമാണെന്നും നമുക്കു സിദ്ധിച്ചു. നമ്മുടെ വൎത്തമാനകാലത്തെ നമ്മുടെ ഭൂതംകൊണ്ടാണു് നിജപ്പെടുത്തീട്ടുള്ളതു്. നമ്മുടെ ഭാവിയെ നിജപ്പെടുത്തുന്നതു നമ്മുടെ വൎത്തമാനവും ആകുന്നു. ഇങ്ങിനെ ആത്മാ അഭിവൃദ്ധിപ്പെട്ടുകൊണ്ടു തന്നെ ഇരിക്കും. അല്ലെങ്കിൽ ജനനത്തിൽനിന്നു ജനനത്തിലേയ്ക്കും മരണത്തിൽനിന്നു മരണത്തിലേയ്ക്കുമായി അധോഗതി ചെയ്തുകൊണ്ടും ഇരിക്കും. ഇപ്പോൾ വേറെ ഒരു ചോദ്യംവരുന്നു. ഒരുനിമിഷത്തിൽ ഒരു വലിയ തിരയുടെമീതെ പൊങ്ങിയും മറുനിമിഷത്തിൽ താണപാതയിൽ പെട്ടെന്നു വീണും, സൽക്കൎമ്മങ്ങളുടെയും ദുഷ്കൎമ്മങ്ങളുടെയും ഇഷ്ടയെപ്പോലത്തു് അങ്ങോട്ടും ഇങ്ങോട്ടും ചാഞ്ഞും ചരിഞ്ഞും ഒരു വലിയ കൊടുങ്കാററിൽ കളിക്കുന്ന ചെറുബോട്ടാണോ മനുഷ്യൻ? എപ്പൊഴും അടിച്ചുയൎന്നുകൊണ്ടും എപ്പൊഴും അടിച്ചുകയറിക്കൊണ്ടും യാതൊരു ശാന്തിയും വിടവും കൂടാതെ ഇരിക്കുന്ന കാൎയ്യകാരണപ്രവാഹത്തിൽ യാതൊരു സ്വാശക്തിയും സഹായവും ഇല്ലാത്ത ഒരു ചെറുബോട്ടാണോ മനുഷ്യൻ? വിധവയുടെ കണ്ണുനീരിനേയും നിരാശ്രയരായ പൈതങ്ങളുടെ രോദനത്തെപ്പോലും വകവയ്ക്കാതെ തന്റെ മുമ്പിൽ കണ്ടവയ്ക്കു മീതെയെല്ലാം അനിവാരിതമായ ശക്തിയോടുകൂടി ഉരുണ്ടുകയറുന്ന കാൎയ്യകാരണ നിയതിചക്രത്തിന്മേൽ ഒരേടത്തു പററിക്കിടക്കുന്ന ഒരു ചെറുകീടമാണോ മനുഷ്യൻ? ഇതിനെപ്പററി ആലോചിക്കുമ്പോൾ ഹൃദയം മ്ലാനമാകുന്നു. എന്നാലും പ്രകൃതിയുടെ നിയതി അതുതന്നെയാണു്. രക്ഷപ്പെടുവാൻ മാൎഗ്ഗമില്ലേ; ഇതിൽനിന്നു് രക്ഷയില്ലേ; എന്ന രോദനമാണു് നിരാശാഭ്രയിഷ്ഠമായ ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നു പുറപ്പെട്ടതു്. അതു കരുണയാകുന്ന സിംഹാസനത്തിന്നരികിലെത്തിയപ്പോൾ അവിടെനിന്നു് അനുകമ്പയുടേയും അനുതാപത്തിന്റേയും ഒരു

ശബ്ദം ഉത്ഭവിച്ച് അതു ഒരു ഋഷീശ്വരന്റെ അടുത്തെത്തി അദ്ദേഹത്തെ ഉൽബോധിപ്പിച്ചു. ആ വൈദികഋഷിയാകട്ടെ ജയവിജയസ്വരത്തിൽ ലോകസമക്ഷം ഇങ്ങിനെ സമാധാനസന്തോഷവാക്യങ്ങളെ പ്രവദിച്ചു. "അമരാനന്ദത്തിന്റെ സന്താനങ്ങളെ! നിങ്ങൾ കേൾക്കുവിൻ. അതിലും ഉപരിയായ ലോകങ്ങളിൽ ജീവിക്കുന്നവരെ കേൾക്കുവിൻ! ഞാൻ ആ പ്രാചീന ഏകസത്തയെ കണ്ടെത്തിക്കഴിഞ്ഞിരിക്കുന്നു. അതു് എല്ലാ ഇരുട്ടിനും എല്ലാമായയ്ക്കും അതീതമാണു്. അതിനെ അറിയുന്നതുകൊണ്ടു മാത്രമേ നിങ്ങൾക്കു ജനനമരണമാകുന്ന സംസാരത്തിൽനിന്നു രക്ഷപ്പെടുവാൻ സാധിക്കുകയുള്ളൂ. അതിനെ അറിഞ്ഞു് രക്ഷപ്പെടുകയും ചെയ്യാം." എന്നാണു് ആ ഋഷി ലോകസമക്ഷം പ്രവദിച്ച ആനന്ദസന്ദേശം. "അമരാനന്ദത്തിന്റെ സന്താനങ്ങളെ! ഹാ! എന്തൊരു മധുരവും ആശ്വാസജനകവും ആയ സന്ദേശം! എന്റെ സഹോദരന്മാരെ! ഞാൻ നിങ്ങളേയും 'അമരത്വമാകുന്ന ആനന്ദത്തിന്റെ അവകാശികളെ!' എന്നു് ആ മധുരനാമംകൊണ്ടുതന്നെ സംബോധനചെയ്യട്ടെ. നിങ്ങൾ പാപികളാണെന്നു ഹിന്ദുക്കൾ ഒരിക്കലും പറയുന്നതല്ല. നിങ്ങൾ ഈശ്വരന്റെ സന്താനങ്ങളാണു്. ആ അമരാനന്ദത്തിന്റെ അവകാശികളാണു്. നിങ്ങൾ പരിശുദ്ധന്മാരും പരിപൂർണ്ണന്മാരും തന്നെയാണു്. ലോകത്തിലെ ഈശ്വരന്മാരായ നിങ്ങൾ—എന്തു് പാപികളോ? ഒരുവനെ പാപിയെന്നുപറയുന്നതാണു മഹാപാപം. അതു് മനുഷ്യസമുദായത്തെ ആകമാനം ചെയ്യുന്ന ഒരു ആക്ഷേപവും അവരുടെ നേരേയുള്ള അപരാധവും ആകുന്നു. ഹേ സിംഹക്കുട്ടികളെ! എഴുന്നേൽക്കുവിൻ. നിങ്ങൾ ആട്ടിൻകുട്ടികളാണെന്നുള്ള ആ ധാരണയെ നിശ്ശേഷം ഉപേക്ഷിക്കുക. (ഭഗവാൻ ശ്രീരാമകൃഷ്ണൻ പറയാറുള്ള ആട്ടിൻകുട്ടിയുടെ കഥയെയാണു് ഇവിടെ സൂചിപ്പിച്ചിട്ടുള്ളതു്. ആ കഥയെ ശ്രീരാമകൃഷ്ണചരിതാമൃതം രണ്ടാംഭാഗത്തിൽ വിവരിച്ചിട്ടുള്ളതു നോക്കുക.) നിങ്ങൾ ജനനമരണമില്ലാത്ത ആത്മാക്ക

ളാണ്. സ്വതന്ത്രന്മാരായ ചൈതന്യവിശേഷങ്ങളാണ്. നിങ്ങൾ അനുഗ്രഹീതന്മാരും സനാതനരും തന്നെയാകുന്നു. നിങ്ങൾ ഭൂതസംഘാതമൊന്നുമല്ല. നിങ്ങൾ ശരീരങ്ങളുമല്ല. ഭൂതം നിങ്ങളുടെ ഭൃത്യൻ. അല്ലാതെ നിങ്ങൾ ഒരിക്കലും ഭൂതത്തിൻെറ ദാസനല്ല.

ഇങ്ങിനെ മാപ്പുകൊടുക്കുന്ന സ്വഭാവത്തോടുകൂടാത്ത ഏതാനും നിയതികളുടെ ഭയാവഹമായ ഒരു സംഘടനയെയല്ല; കാൎയ്യകാരണസംബന്ധമായ ഒരു അന്ത്യവിഹീനമായ കാരാഗൃഹത്തെയല്ല വേദം ഘോഷിക്കുന്നതു്. "യാതൊന്നിൻെറ ആജ്ഞ അനുസരിച്ചു് കാററടിക്കുന്നു; അഗ്നി എരിയുന്നു, മേഘം വൎഷിക്കുന്നു, മരണം ഭൂമിയിൽ വ്യാപരിക്കുന്നു" അങ്ങിനെയുള്ള ഒരു ഏകപരമാൎത്ഥസത്ത ഭൂതത്തിൻേറയും ശക്തിയുടേയും ഏതു് പരമാണുവിലും പരമാണുവിൽകൂടെയും സൎവ്വദാ സ്ഥിതിചെയ്യുന്നുണ്ടെന്നാണ് അതു് ഉൽഘോഷിക്കുന്നതു്.

എന്നാൽ അതിൻെറ സ്വഭാവം എന്താണ്?

അതു് എവിടേയും ഉണ്ടു്; സൎവ്വഗനാണ്, അതു് പരിശുദ്ധമാണ്; അതു് നിരാകാരമാണ്; അതു് സൎവ്വശക്തനും കരുണൈകമൂൎത്തിയും ആകുന്നു. "പിതാവും നിന്തിരുവടി തന്നെ; മാതാവും നിന്തിരുവടിതന്നെ; പ്രിയസ്നേഹിതനും നിന്തിരുവടിതന്നെ; എല്ലാ ശക്തികളുടേയും ഉത്ഭവസ്ഥാനവും നിന്തിരുവടിതന്നെയാകുന്നു; നിന്തിരുവടി അടിയങ്ങൾക്കു ശക്തിയെ തരണം. ഈ പ്രപഞ്ചത്തിൻെറ ഭാരമെല്ലാം വഹിക്കുന്നതു് നിന്തിരുവടിയാണ്; എനിക്കു ഈ ജീവിതമാകുന്ന ചെറിയ ഭാരം വഹിക്കുവാൻ സാദ്ധ്യമാകേണ്ടതിനു് നിന്തിരുവടി അനുഗ്രഹിക്കണം" എന്നാണ് വൈദികഋഷികൾ പാടീട്ടുള്ളതു്. ഇങ്ങിനെ ഇരിക്കുന്ന ആ മഹാശക്തിയെ ഭജിക്കുന്നതു് എങ്ങിനെയാണു? ഭക്തികൊണ്ടു് "ഈ ലോകത്തിലും അന്യലോകങ്ങളിലും ഉള്ള സകല വസ്തുക്കളെ

ക്കാളും അധികം പ്രിയതമമായി അതിനെ ഭജിക്കണം." ഇങ്ങിനെയാണു് വേദങ്ങളിൽ പറഞ്ഞിട്ടുള്ള ഭക്തിമാൎഗ്ഗത്തിന്റെ സ്വഭാവം. ഭൂമിയിൽ പുണ്യാവതാരമായി ഹിന്ദുക്കൾ കരുതിപ്പോരുന്ന ഭഗവാൻ ശ്രീകൃഷ്ണൻ അതിനെ ഏതു പ്രകാരമാണു് വ്യാഖ്യാനിച്ചു പഠിപ്പിച്ചതു് എന്നു് നമുക്കു നോക്കാം.

ഒരുവൻ ഈ ലോകത്തിൽ ഒരു താമരഇലപോലെ ജീവിക്കേണമെന്നു് ഭഗവാൻ ഉപദേശിച്ചു. താമര വെള്ളത്തിൽ ഉണ്ടായി അതിൽത്തന്നെ വളരുന്നുവെങ്കിലും അതിന്റെ ഇലകളിക്കലും വെള്ളംകൊണ്ടു് നനയുന്നില്ലാത്തതുപോലെ ഒരുവൻ ലോകത്തിൽ ജീവിക്കണം. അവൻ കൈകൾകൊണ്ടു് ധൎമ്മം പ്രവൎത്തിക്കുകയും ഹൃദയം ഈശ്വരനിൽ ഉറപ്പിക്കുകയും ചെയ്തുകൊണ്ടാണു് ജീവിക്കേണ്ടതു്.

ഈ ലോകത്തിലൊ മറേറതെങ്കിലും ലോകത്തിലൊ ഫലപ്രാപ്തി ഉണ്ടാകേണമെന്നുള്ള അഗ്രഹത്തോടുകൂടി ഈശ്വരനെ സ്നേഹിക്കുന്നതു് നല്ലതുതന്നെയാണു്. എന്നാൽ ഈശ്വരനെ ഭക്തിമാത്രമായി ഭജിക്കുന്നതാണു്, സ്നേഹത്തിനുമാത്രമായി സ്നേഹിക്കുന്നതാണു് അധികം നല്ലതു്. അ പ്രാൎത്ഥന ഇങ്ങിനെയായിരിക്കും:—"ഭഗവാനെ! എനിക്കു് ധനവും സന്താനങ്ങളും പഠിപ്പും ഒന്നുംതന്നെ അവശ്യമില്ല. അങ്ങേക്കു് ഇഷ്ടമാണെങ്കിൽ ഞാൻ എത്ര എത്ര ജന്മങ്ങൾ വേണമെങ്കിലും പുട്ടുത്തുകൊള്ളാം. എന്നാൽ യാതൊരു ഫലേഛയും കൂടാതെ എനിക്കു് അങ്ങയെ ഭജിക്കുവാൻ—പ്രേമത്തിനു മാത്രമായിത്തന്നെ നിന്തിരുവടിയെ പ്രേമിക്കുവാൻ അനുഗ്രഹിക്കണം" ഇന്ത്യയിലെ അന്നത്തെ ചക്രവൎത്തി ഭഗവാൻ ശ്രീകൃഷ്ണന്റെ ഒരു വലിയ ഭക്തനും ഒരു ഉററ ശിഷ്യനുമായിരുന്നു. അദ്ദേഹം ശത്രുക്കളാൽ പരാജിതനായി സ്വരാജ്യം വിട്ടോടി പത്നീസമേതം ഹിമവൽപാൎശ്വങ്ങളിലുള്ള വനാന്തരങ്ങളിൽ അഭയംപ്രാപിക്കേണ്ടതായിവന്നു. അവിടെ

വെച്ച് ഒരിക്കൽ ആ രാജ്ഞി ചക്രവർത്തിയോട് ഇങ്ങിനെ ചോദിച്ചു:—"അങ്ങുന്നു വലിയ ധർമ്മിഷ്ഠനാണെല്ലോ! പോരെ ങ്കിൽ ഭഗവാൻെറ വലിയ ഭക്തനും ഒരു പ്രിയശിഷ്യനുംകൂ ടെയും ആകുന്നു. എന്നിട്ടും അവിടുന്ന് ഇത്രയൊക്കെ ദുഃഖം അനുഭവിക്കേണ്ടി വരുന്നതിൻെറ കാരണം എന്താണ്!" ഇതു കേട്ടപ്പോൾ ആ യുധിഷ്ഠിരൻ പറഞ്ഞ സമാധാനം ഇങ്ങിനെ യായിരുന്നു:—"എൻെറ റാണി! നീ ഇതു് കാണുന്നില്ലയൊ? ഈ ഹിമാലയപർവ്വതം എത്ര സുന്ദരവും മനോഹരവും ആയി രിക്കുന്നു. എനിക്ക് അതിനോട് വളരെ താല്പര്യമാണ്. അതു് എനിക്ക് ഒന്നുംതന്നെ തരുന്നില്ല. എങ്കിലും ഞാൻ അതിനെ സ്നേഹിക്കുന്നതു് അതിൻെറ സൌഭാഗ്യംകൊണ്ടും മനോഹരതകൊണ്ടുമാണ്. സുന്ദരവും മനോഹരവും ആയ വയെ സ്നേഹിക്കുകയെന്നുള്ളതാണ് എൻെറ സ്വഭാവം. അതുകൊണ്ടാണ് ഞാൻ അതിനെ സ്നേഹിക്കുന്നതു്. അതു പോലെയാണ് ഞാൻ ഭഗവാനേയും സ്നേഹിക്കുന്നതു്. അദ്ദേ ഹം സർവ്വ സൌന്ദര്യത്തിൻേറയും സർവ്വ വൈശിഷ്ട്യത്തി ൻേറയും ഇരിപ്പിടമാണ്. സ്നേഹിക്കത്തക്കതായി അദ്ദേഹം ഒന്നുമാത്രമേയുള്ളു. അതുകൊണ്ടു് അദ്ദേഹത്തെ സ്നേഹിക്കുക യെന്നുള്ളതാണ് എൻെറ സ്വഭാവം. അതുകൊണ്ടു് ഞാൻ ഭഗവാനെ സ്നേഹിക്കുകയും ചെയ്യുന്നു. അല്ലാതെ ഞാൻ യാതൊന്നുംതന്നെ ആവശ്യപ്പെടുന്നില്ല. എനിക്കൊന്നും വേണ്ടതാനും. എന്നെ ഏതൊരു നിലയിൽ ആക്കേണമെന്നും അദ്ദേഹം അനുഗ്രഹിക്കുന്നുവൊ അവിടെ ആക്കിക്കൊള്ളട്ടെ. എങ്കിലും ഞാൻ സ്നേഹത്തിനുവേണ്ടി മാത്രമായി അദ്ദേഹത്തെ സ്നേഹിക്കുകയേയുള്ളു. അല്ലാതെ എനിക്ക് ഭക്തികൊണ്ടു് വ്യാപാരം ചെയ്വാൻ ഒരിക്കലും സാധിക്കുകയില്ല."

വേദം പഠിപ്പിക്കുന്നതു് ആത്മാ ദിവ്യമായതാണെന്നും അതു് ഭൌതികബന്ധത്തിൽ കുടുങ്ങിക്കിടക്കുകമാത്രമാണെന്നും ആകുന്നു. ഈ ബന്ധത്തെ ഖണ്ഡിക്കുമ്പോൾ പരിപൂർണ്ണതയെ

പ്രാപിച്ചുകഴിയും. അതിനാൽ ഈ ബന്ധനനിർമ്മോചനത്തിനു അവർ കല്പിച്ചിരിക്കുന്ന പേർ മോക്ഷം അല്ലെങ്കിൽ മുക്തി എന്നാണു്. മോക്ഷം എന്നാൽ സ്വാതന്ത്ര്യം എന്നർത്ഥം. അപൂർണ്ണതകൊണ്ടുള്ള ബന്ധനത്തിൽനിന്നുള്ള മോക്ഷം. ജനനമരണസംസാരത്തിൽ നിന്നുള്ള മോക്ഷം. അതാണു് ഹിന്ദുക്കളുടെ മോക്ഷം.

ഈ ബന്ധം ഈശ്വരകാരുണ്യം ഒന്നുകൊണ്ടു മാത്രമേ ഇല്ലാതാകയുള്ളു. ഈ ഈശ്വരകാരുണ്യമാകട്ടെ ശുദ്ധന്മാരിൽ മാത്രമേ ഉണ്ടാകുകയും ഉള്ളൂ. അതിനാൽ ഈശ്വരകാരുണ്യത്തിന്നു് നിദാനം ശുദ്ധിയാണു്. ഈശ്വരകാരുണ്യം പ്രവർത്തിക്കുന്നതെങ്ങിനെ? ഈശ്വരൻ പരിശുദ്ധഹൃദയത്തിൽ പ്രത്യക്ഷനാകുന്നു. ശുദ്ധനും യാതൊരു കറയും ഇല്ലാത്തവനും ഈശ്വരനെ കാണുകതന്നെ ചെയ്യുന്നു. ഈ ജന്മത്തിൽത്തന്നെ അതിന്നു് സാധിക്കാവുന്നതാണു്. അപ്പോൾ മാത്രമേ അവന്റെ ഹൃദയത്തിന്റെ വളവുകളെല്ലാം തീരുകയുള്ളൂ. അപ്പോൾ എല്ലാ സംശയങ്ങളും നിശ്ശേഷം ഇല്ലാതാകുന്നു. അവന്നു പിന്നെ നിമിത്തനിയതിയുടെ കഠിനമായ പിടിപാടിൽ യാതൊരു ബന്ധവും ഉണ്ടാകയില്ല. ഇതാണു് ഹിന്ദുമതത്തിന്റെ മദ്ധ്യസ്ഥവും കേന്ദ്രവും സജീവവുമായ സിദ്ധാന്തം. ഹിന്ദുക്കൾക്കു് വെറും വാക്കുകൾകൊണ്ടും സിദ്ധാന്തംകൊണ്ടും മാത്രം ജീവിക്കുവാൻ ആഗ്രഹമില്ല. സാധാരണമായ ഐന്ദ്രികാനുഭൂതികൾക്കു് അതീതമായി ഏതെങ്കിലും ഒരു സ്ഥിത്വങ്ങളുണ്ടെങ്കിൽ അവക്കു് അവയെ നേരിട്ടുകണ്ടു് അറിയുകതന്നെ വേണം. ഭൂതസ്വഭാവത്തോടുകൂടാത്തതായി മനുഷ്യനിൽ ഒരു ആത്മാവുണ്ടെങ്കിൽ സർവ്വകാരുണികനായി ഒരു ലോകനിയന്താ ഉണ്ടെങ്കിൽ അവക്കു് ആ ശക്തിയെ നേരിട്ടു് അറിയുകതന്നെ വേണം. അവക്കു് അതിനെ നേരിട്ടു് അനുഭവിക്കുകതന്നെ വേണം. അതിന്നുമാത്രമേ എല്ലാ സംശയങ്ങളേയും ഇല്ലായ്മചെയ്യുവാൻ സാധിക്കുകയുള്ളൂ. ആത്മാവിനെപ്പററിയും ഈശ്വരനെപ്പററിയും ഒരു ഹിന്ദുഋഷിക്കു്

കൊടുക്കുവാനുള്ള ഏററവും ശരിയായ തെളിവു് "ഞാൻ ആത്മാവിനെ കണ്ടിട്ടുണ്ടു്. ഞാൻ ഈശ്വരനെ കണ്ടിട്ടുണ്ടു്" എന്നുള്ളതാണു്. പരിപൂൎണ്ണതയുടെ ശരിയായ നിദാനവും അതുതന്നെയാകുന്നു. ഏതെങ്കിലും ഒരു സിദ്ധാന്തത്തേയൊ ഏതെങ്കിലും ഒരു തത്വത്തേയൊ വിശ്വസിക്കുവാനുള്ള ശ്രമവും ഉദ്ധ്യാനവും മാത്രം അടങ്ങിയതല്ല ഹിന്തുമതം. അനുഭവപ്പെടുത്തുന്നതാണു് ഹിന്തുമതം. വിശ്വസിക്കുന്നതല്ല. ആവുന്നതും ബോധ്യമാക്കിത്തീൎക്കുന്നതും ആണു് ഹിന്തുമതം.

നിരന്തരം ചെയ്യുന്ന ശ്രമംകൊണ്ടു് പരിപൂൎണ്ണനായിത്തീരുവാനും, ദിവ്യത്വത്തെ പ്രാപിക്കുവാനും, ഈശ്വരനെ പ്രാപിക്കുവാനും ഈശ്വരനെ കാണുവാനും ആണു് അവരുടെ ധൎമ്മസമ്പ്രദായത്തിൻെറ സമസ്തമായ ഉദ്ദേശ്യം. ഈ ഈശ്വരപ്രാപ്തി, ഈ ഈശ്വരദൎശനം സ്വൎഗ്ഗത്തിലെ പിതാവു് ഏതൊരു പ്രകാരം പരിപൂൎണ്ണനായിരിക്കുന്നുവൊ അതുപോലെ പരിപൂൎണ്ണതയെ അനുഭവിക്കൽ കൂടിയേന്നുള്ളതാണു് അവിടുത്തെ ഹിന്തുമതം അല്ലെങ്കിൽ വേദാന്തധൎമ്മം.

ഒരുവൻ ഇങ്ങനെ പരിപൂൎണ്ണനായിക്കഴിഞ്ഞാലത്തെ അവൻെറ പിന്നത്തെ സ്ഥിതി എന്താകുന്നു? അവൻ അഖണ്ഡാനന്ദമായ ഒരു ജീവിതത്തെ നയിക്കുന്നവനായിത്തീരുന്നു. മനുഷ്യൎക്ക ആനന്ദം ഉണ്ടാക്കത്തക്കതായ വസ്തു അടക്കെ ഒന്നേയുള്ളു അതാണു ഈശ്വരൻ. ആ ഏകവസ്തുവായ ഈശ്വരനെ പ്രാപിച്ചിട്ടു കൊണ്ടു അവൻ ആ ഈശ്വരനുമൊന്നിച്ചു അവൻ അഖണ്ഡവും പരിപൂൎണ്ണവുമായ ആനന്ദത്തെ തന്നെ അനുഭവിക്കുകയും ചെയ്യുന്നു.

ഇത്രയും സംഗതികൾ എല്ലാഹിന്തുക്കളും ഒരുപോലെ സമ്മതിക്കുന്നതാണു്. ഇന്ത്യയിലുള്ള അനേക വൎഗ്ഗക്കാൎക്കും ഇത്രയും പൊതുവിലുള്ള ധൎമ്മസിദ്ധാന്തങ്ങൾ ആണു്. എന്നാൽ പരിപൂൎണ്ണത കേവലമായതാകുന്നു. കേവലവസ്തു

രണ്ടൊ മൂന്നൊ അതിൽ അധികമൊ ആയിരിക്കുവാനും പാടില്ല. അതിന്നു ഗുണങ്ങൾ ഒന്നും ഉണ്ടായിരിക്കുവാനും പാടില്ല. അതു ഒരു പ്രത്യേക വ്യക്തിയായും ഇരുന്നുകൂടാ. അതിനാൽ ഒരു ആത്മാ പരിപൂൎണ്ണവും കേവലവും ആയതായിത്തീരുമ്പോൾ അതു് ബ്രഹ്മത്തോടു് ഐക്യം പ്രാപിക്കുക തന്നെ വേണം. അപ്പോൾ അതു് ബ്രഹ്മത്തെ പരിപൂൎണ്ണമായും യഥാൎത്ഥസത്തയായും തന്റെ സ്വന്ത സ്വഭാവത്തോടും അസ്തിത്വത്തോടും തന്നെ കൂടിയതായും സത്തായും ചിത്തായും ആനന്ദമായും അനുഭവിക്കുകയും ചെയ്യുന്നു. വ്യക്തിബോധത്തെ കളഞ്ഞും ഒരു കല്ലുപോലെയോ മരത്തെപ്പോലെയോ ആയും ഇരിക്കുന്ന അവസ്ഥയെപ്പറ്റി ഞങ്ങൾ പലപ്പോഴും വായിക്കുക ഉണ്ടായിട്ടുണ്ടു്.

അതു് മുറിവുണ്ടാകാതെയുണ്ടായ വടുവിനെപ്പറ്റി ആക്ഷേപിക്കുന്നതുപോലെ എന്നു് ഞാൻ നിങ്ങളോടു പറയട്ടെ. ഈ ഒരു ചെറിയ ശരീരത്തിലെ മനഃസാക്ഷിയെ അനുഭവിക്കുന്നതു സുഖമാണെന്നുവരികിൽ, ഇതുപോലെയുള്ള രണ്ടു ശരീരങ്ങളിലെ മനഃസാക്ഷികളെ അനുഭവിക്കുന്നതു് ഇതിലും വലിയ സുഖമായിരിക്കുമല്ലൊ. ഇങ്ങിനെ മനഃസാക്ഷികളുടെ തുക അധികരിക്കുന്നതനുസരിച്ചു് സുഖവും അധികരിച്ചുകൊണ്ടു തന്നെ വരേണ്ടതാണു്. ഇങ്ങിനെ ആ മനസ്സാക്ഷി സൎവ്വപ്രാപഞ്ചികമായതായിത്തീരുമ്പോൾ പ്രാപ്യസ്ഥാനം, പരമാവസ്ഥ, ആനന്ദത്തിന്റെ അത്യന്താവസ്ഥയെ പ്രാപിക്കുന്നതാകുന്നു.

അതിനാൽ ഈ അഖണ്ഡവും സൎവ്വപ്രാപഞ്ചികവുമായ വ്യക്തിത്വത്തെ സമ്പാദിക്കേണ്ടതിന്നു് ഈ ഭയാവഹവും ദുഃഖഭൂയിഷ്ഠവും ചെറിയതും ആയ കാരാഗൃഹവ്യക്തിത്വം നഷ്ടമാകേണ്ടതാണു്. ഞാൻ ആത്മാ തന്നെയായിത്തീരുമ്പോൾ മാത്രമേ മരണം ഇല്ലാതായിത്തീരുന്നുള്ളു. ഞാൻ ആനന്ദം

തന്നെയായിത്തീരുമ്പോൾ മാത്രമേ എനിക്ക് ദുഃഖം ഇല്ലാതായിത്തീരുന്നുള്ളു. ഞാൻ അറിവുതന്നെയായിത്തീരുമ്പോൾ മാത്രമേ എൻെറ അറിവുകേട്ട് ഇല്ലാതായിത്തീരുന്നുള്ളു. ഇതാണ് സൈൻസും ഇന്ന് തക്ക്രരഹിതമായി തെളിയിക്കേണ്ടതും തെളിയിക്കുന്നതും. ഭൌതികപരമായിട്ടുള്ള ഈ വ്യക്തിത്വബോധം ഒരു വെറും ഭ്രാന്തിമാത്രമാണെന്നും എൻെറ ശരിയായ ശരീരം യഥാൎത്ഥത്തിൽ അഖണ്ഡമായ ഭൌതികസമുദ്രത്തിലെ സദാ മാറി മാറിക്കൊണ്ടിരിക്കുന്ന ഒരു ചെറിയ തിരമാത്രമാണെന്നും സൈൻസ് ബോദ്ധ്യപ്പെട്ടുത്തിക്കഴിഞ്ഞിട്ടുണ്ട്. അതുപോലെ അതിൻെറ മറുവശമായ, അതായത് ആത്മാവിനെ സംബന്ധിച്ച, അദ്വൈതവും നിരാകൃഷ്യം സമ്മതിക്കപ്പെടേണ്ട ഒരു തീരുമാനം ആകുന്നു.

സൈൻസ് എന്നു പറയുന്നത് അന്യോന്യസംബന്ധത്തെ കണ്ടുപിടിക്കുന്നതല്ലാതെ മറെറാന്നുമല്ല. അതിനാൽ സൈൻസ് പരിപൂൎണ്ണമായ ബന്ധത്തിൽ (യോജിപ്പിൽ) എത്തിക്കഴിഞ്ഞാൽ പിന്നെ അത് അഭിവൃദ്ധിക്കു വഴിയില്ലാതെ അവിടെ നില്ക്കുകതന്നെചെയ്യും. അത് പ്രാപ്യസ്ഥാനത്തെത്തിക്കഴിഞ്ഞു. പിന്നെ അവിടെ നിന്ന് അതിന്ന് എങ്ങും പോകുവാനില്ല. ഇങ്ങനെ മറെറല്ലാ വസ്തുക്കളും ഉണ്ടായതായ ഒരു വസ്തുവെ കണ്ടെത്തിക്കഴിഞ്ഞാൽപിന്നെ രസതന്ത്രശാസ്ത്രത്തിന്ന് അവിടെ നില്ക്കയല്ലാതെ അവിടെനിന്നും മുന്നോട്ടു പോകുവാൻ സാധിക്കുകയില്ല. അതുപോലെതന്നെ മറെറല്ലാ ശക്തികളും ഒരേ ശക്തിയുടെ പ്രഭാവമാണെന്നു കണ്ടെത്തിക്കഴിഞ്ഞാൽ പ്രകൃതിതത്വശാസ്ത്രം അവിടേയും നില്ക്കാതെ നിവൃത്തിയില്ല. അതുപോലെതന്നെ മരണസ്വഭാവമാകുന്ന പ്രപഞ്ചത്തിൽ ഏകജീവനെ കണ്ടെത്തുമ്പോൾ—സൎവ്വദാ മാറിമാറിക്കൊണ്ടിരിക്കുന്ന ലോകത്തിലെ നിരന്തരാനന്ദസ്വരൂപനായ ഈശ്വരനെ കണ്ടെത്തുമ്പോൾ—മറെറല്ലാ ആത്മാക്കളും യാതൊരാത്മാവിൻെറ ഭ്രമാത്മകമായ പ്രകടനമായിരിക്കു

നവൊ ആ ആത്മാവിനെ കണ്ടെത്തുമ്പോൾ—ധൎമ്മതത്വശാസ്ത്രവും പരിപൂൎണ്ണതയെ പ്രാപിക്കുന്നതാകുന്നു. ഇങ്ങിനെ ബഹുത്വത്തിൽകൂടെയും ദ്വന്ദ്വത്തിൽകൂടെയും ആണ് ഏകത്വത്തിൽ എത്തിച്ചേരുന്നതു്. പിന്നെ ധൎമ്മത്തിന്നു് അവിടെ നിന്നും എങ്ങും പോകുവാനും ഇല്ല. എല്ലാ തത്വവിജ്ഞാനീയങ്ങളുടേയും കേന്ദ്രസ്ഥാനവും അതുതന്നെയാകുന്നു.

ഇന്നല്ലെങ്കിൽ കുറേക്കഴിയുമ്പോഴെങ്കിലും നിശ്ചയമായും എല്ലാ തത്വശാസ്ത്രങ്ങളും ഈ അവസാനപടിയിൽ എത്തിച്ചേരാതിരിക്കയില്ല. പ്രകടനം മാത്രം, അല്ലാതെ സൃഷ്ടിയല്ല എന്നാണ് ഇന്നത്തെ തത്വശാസ്ത്രങ്ങളുടെ ഏകോപിച്ചുള്ള വാക്ക്. ഇതു് ഹിന്തുക്കൾ അനേകായിരം സംവത്സരങ്ങളായി അവരുടെ ഹൃദയത്തിൽവെച്ചു് വളൎത്തിക്കൊണ്ടുപോന്നിട്ടുള്ള ഒരു ബോധമാകുന്നു. അതിനെത്തന്നെ ഇന്നു്അധികം ശക്തിയോടുകൂടിയ ഭാഷയിലും ഇന്നത്തെ തത്വശാസ്ത്രങ്ങളുടെ നവീന തീൎപ്പുകളാൽ സിദ്ധിച്ച നവ്യചൈതന്യത്തോടു കൂടിയും പഠിപ്പിക്കുവാൻ തുടങ്ങിയിരിക്കുന്നു എന്നു് കാണുന്നതിൽ ഹിന്തുക്കൾക്കു് വളരെ സന്തോഷമുണ്ടു്.

ഇനി നമുക്കു് ഉയൎന്ന തത്വജ്ഞാനങ്ങളിൽനിന്നു്ഇറങ്ങി സാധാരണ അജ്ഞന്മാരുടെ ഇടയിലുള്ള മതത്തെപ്പററിക്കൂടെ ചിന്തിക്കാം. എന്നാൽ ഇന്ത്യയിൽ അനേകേശ്വരവിലാസം ഇല്ലെന്നു ഞാൻ ഒന്നാമതായിത്തന്നെ നിങ്ങളോടു പറഞ്ഞുകൊള്ളട്ടെ. ഒരുവൻ ഏതുക്ഷേത്രത്തിൽപോയി ചെവിയോൎക്കുന്നതായാലും അവിടെ വരുന്ന ആരാധകന്മാരെല്ലാം, സൎവ്വജ്ഞത്വം,സൎവ്വഗതത്വം തുടങ്ങിയുള്ള സൎവ്വഗുണങ്ങളും അക്ഷേത്രത്തിലെ ഈശ്വരന്നു് സങ്കല്പിക്കുന്നതായി കേൾക്കുന്നതാണു്. അതു് അനേകേശ്വരവിലാസം അല്ല. ഭൂതാരാധന, എന്ന നാമവും അതിനെ വ്യാഖ്യാനിക്കുന്നില്ല. "ഒരു പനിനീർപൂവിനെ മററു ഏതു പേർചൊല്ലി വിളിച്ചാലും അതിന്റെ

വാസന ഹൃദയാകൎഷണീയംതന്നെയായിരിക്കും." പേരുകൾ വ്യാഖ്യാനങ്ങൾ അല്ല.

ഞാൻ കുട്ടിയായിരുന്ന കാലത്ത് ഒരു ക്രിസ്ത്യൻ പാതിരി ഇന്ത്യയിൽ ഒരു വലിയ ജനക്കൂട്ടത്തോടു സംസാരിക്കുന്നതായി ഞാൻ കേട്ടിരുന്നു. അദ്ദേഹം അവരോടു വിനോദകരമായ പല രസങ്ങളും വെടികളും പറഞ്ഞിരുന്ന കൂട്ടത്തിൽ "എന്റെ കൈയിലുള്ള ഈ വലിയ വടി വലിച്ച് നിങ്ങളുടെ വിഗ്രഹത്തിന്നു ഒരടിവെച്ചുകൊടുത്താൽ അതെന്തുചെയ്യും?" എന്ന് ചോദിക്കയുണ്ടായി. ഇതു കേട്ടപ്പോൾ അവിടെ കൂടിയിരുന്നവരിൽ ഒരാൾ പെട്ടെന്നു തിരിഞ്ഞുനിന്ന് "ഞാൻ നിങ്ങളുടെ ദൈവത്തെ ശകാരിച്ചാൽ നിങ്ങളുടെ ഈശ്വരൻ എന്തു ചെയ്യും?" എന്നു ചോദിച്ചു. അതിന്ന് "നിങ്ങളെ നിങ്ങളുടെ മരണസമയത്തു ആ കുറ്റത്തിന്ന് ശിക്ഷിക്കാതിരിക്കയില്ല" എന്നായിരുന്നു പാതിരിസായ്വിന്റെ സമാധാനം. അതുപോലെ "നിങ്ങൾ മരിക്കുമ്പോൾ എന്റെ ഈശ്വരനും നിങ്ങളെ ശിക്ഷിക്കാതിരിക്കയില്ല" എന്നു ഹിന്ദു പറഞ്ഞു.

ഒരു മരത്തെ അറിയുന്നത് അതിന്റെ കായ്കൊണ്ടാണ്. വെറും വിഗ്രഹാരാധകന്മാർ എന്നു പറയപ്പെടുന്നവരുടെ കൂട്ടത്തിൽ, മറെറങ്ങും കാണാത്തവിധത്തിലുള്ള സദാചാരശുദ്ധിയോടും അദ്ധ്യാത്മികഭാവത്തോടും ഈശ്വരവിശ്വാസത്തോടും കൂടിയവരെ എനിക്കു കാണ്മാൻ ഇടവന്നിട്ടുള്ള സന്ദൎഭങ്ങളിൽ ഞാൻതന്നെ "പാപത്തിന്നു പുണ്യത്തെ ഉണ്ടാക്കുവാൻ സാധിക്കുമോ?" എന്നു ചോദിച്ചുപോയിട്ടുണ്ട്.

അന്ധവിശ്വാസം മനുഷ്യന്റെ പരമശത്രുവാണ്. എന്നാൽ അന്യമതങ്ങളോടുള്ള വെറുപ്പ് അതിലും വലുതായ, ഭയങ്കരമായ, ശത്രുവാകുന്നു എന്നുവേണം പറയുവാൻ. ഒരുക്രിസ്ത്യൻ പള്ളിയിൽ പോകുന്നതെന്തിനാണ്? ഒരു ക്രിസ്ത്യന്നു അവരുടെ കുരിശ് ദിവ്യംആകുവാനുള്ള കാരണമെന്താണ്? പ്രാൎത്ഥനാ

സമയത്തു മുഖത്തെ ആകാശത്തെ ലക്ഷ്യമാക്കിപ്പിടിക്കുന്നതെന്തിനാണ്? കാത്തോലിക്കരുടെ പള്ളിയിൽ ഇത്ര അനേകം പ്രതിമകൾ വെച്ചിരിക്കുന്നതെന്തിനാണ്? ഒരു പ്രൊട്ടസ്റ്റൻറ് ക്രിസ്ത്യാനി ദൈവപ്രാൎത്ഥന നടത്തുമ്പോൾ അവൻെറ മനസ്സിൽ ഇത്രയധികം പ്രതിമകൾ ഉണ്ടായിരിക്കുന്നതെന്തിനാണ്? എൻെറ പ്രിയ സഹോദരന്മാരെ! നമ്മൾക്കു ശ്വാസം വലിക്കാതെ ജീവിച്ചിരിക്കുവാൻ കഴിയാത്തതുപോലെതന്നെ മാനസികമായ ഒരു രൂപം കൂടാതെ ഒന്നിനേപ്പററിയും വിചാരിക്കുവാനും സാധിക്കുന്നതല്ല. അന്യോന്യസംബന്ധമെന്ന നിയതിയനുസരിച്ചു ഭൗതികമായ വിഗ്രഹം മാനസികമായ ഒരു ബോധത്തെ ജനിപ്പിക്കുന്നു. അതുപോലെതന്നെ മാനസികമായ ബോധം ഭൗതികമായ രൂപത്തേയും ജനിപ്പിക്കാതിരിക്കയില്ല. അതുകൊണ്ടാണ് ഒരു ഹിന്ദു അവൻ ഈശ്വരാരാധന ചെയ്യുമ്പോൾബാഹ്യമായ ഒരു വിഗ്രഹത്തെ ഉപയോഗപ്പെടുത്തുന്നത്. അവൻ യാതൊന്നിനെ ലക്ഷ്യമാക്കി പ്രാൎത്ഥിക്കുന്നവോ ആ ലക്ഷ്യത്തിൽ അവൻെറ മനസ്സിനെ ഉറപ്പിക്കുവാൻ അത് അനുകൂലിക്കുന്നതായിരിക്കുന്നു എന്ന് അവൻ അനുഭവിച്ചറിഞ്ഞിരിക്കുന്നു. എന്നാൽ ആ വിഗ്രഹം, ആ പ്രതിമ, ഈശ്വരനല്ലെന്നും, സൎവ്വശക്തനും സൎവ്വവ്യാപകനും ഒന്നുമല്ലെന്നു നിങ്ങൾ അറിയുന്നതുപോലെ തന്നെ അവനും അറിയാകുന്നതാണ്. ലോകത്തിൽ അധികം പേൎക്കും സൎവ്വവ്യാപകത്വത്തെപ്പററിയുള്ള അറിവു് എത്രമാത്രമാണ്? അതു് വെറും ഒരു വാക്കുപോലെ, ഒരു അടയാളംപോലെ, നില്ക്കുന്നു എന്നേയുള്ളു. ഈശ്വരനു് ബാഹ്യമായ വലിപ്പം ഉണ്ടോ? ഇല്ലെങ്കിൽ സൎവ്വവ്യാപകൻ എന്ന ആ വാക്കിനെ നാം ആവത്തിച്ചു പറയുമ്പോൾ നാം വ്യാവൃതമായിരിക്കുന്ന ആകാശത്തേയും അല്ലെങ്കിൽ ദേശത്തെപ്പററിയും മാത്രമേ വിചാരിക്കുന്നുള്ളു.

മാനസികസംഘടനയുടെ നിയതി അനുസരിച്ചു എങ്ങിനേയോ, സീമാതീതമായ പ്രപഞ്ചത്തെ സംബന്ധിച്ചുള്ള

അശയത്തെ നീലനിറമായ ആകാശത്തോടോ സമുദ്രത്തോടോ സംബന്ധിപ്പിക്കേണ്ടതായി നമുക്കു ബോദ്ധ്യം വന്നിട്ടുള്ളതുപോലെ നമ്മുടെ ദൈവികത്തെപ്പററിയുള്ള ആശയത്തേയും നാം പള്ളിയുടേയോ കുരിശിൻെറയോ രൂപത്തോടു സംബന്ധിപ്പിക്കുന്നു. അതിനാൽ അതുണ്ടാക്കിയ സാമാനങ്ങളും മററു ഭൂതങ്ങളെപ്പോലെതന്നെയാണെങ്കിലും അവയെ നാംമനസ്സിൽ കരുതുന്നതു് മററുള്ളവകളിൽനിന്നു തുലോം വ്യത്യാസപ്പെട്ട ഒരു രീതിയിലാണു്. അതുപോലെ ദിവ്യത്വം, പരിശുദ്ധത, പരമാത്ഥം, സവ്വജ്ഞത്വം മുതലായ ഗുണങ്ങളെ പലവിധ പ്രതീകങ്ങളോടും ആകൃതികളോടുംകൂടി ഹിന്തുക്കളും സംഘടിപ്പിച്ചിട്ടുണ്ടു്. എന്നാൽ ഒരു വ്യത്യാസം ഉണ്ടുതാനും. ചിലർ അവരുടെ ജീവിതം മുഴുവനും ഒരു പള്ളിയുമായി കെട്ടിക്കുടുക്കി വെയ്ക്കുന്നു, അല്ലാതെ അവിടെനിന്നു പൊങ്ങുവാൻ അവക്കു് ഒരാലോചനയും ആഗ്രഹവും ഇല്ല. അതിനുള്ളകാരണം അവരുടെ വിശ്വാസം, മതം എന്നതു ഏതാനും സംഗതികളെ ബുദ്ധികൊണ്ടു് ആലോചിച്ചു തീരുമാനിക്കുന്നതും മററുള്ളവക്കു ഒട്ടൊക്കെ ഗുണം ചെയ്യുന്നതും മാത്രമാണെന്നു വന്നുപോയിട്ടുള്ളതാണു്. എന്നാൽ ഹിന്തുക്കളുടെ ധമ്മം കേവലം അനുഭൂതി ഒന്നിനെ മാത്രം ആശ്രയിച്ചാണു നില്ക്കുന്നതു്. ദിവ്യത്വത്തെ അനുഭവപ്പെടുത്തി മനുഷ്യർ ദിവ്യനായിത്തീരുവാനുള്ളതാണു്. വിഗ്രഹങ്ങളും ക്ഷേത്രങ്ങളും പള്ളികളും ഗ്രന്ഥങ്ങളും എല്ലാം അതിന്നു സഹായിക്കുന്നവ മാത്രമാണു്. അവ ആ ആദ്ധ്യാത്മിക ബാല്യദശയിലെ സഹായികൾ മാത്രമാകുന്നു. അവൻ അവിടെത്തന്നെ ഒതുങ്ങിനില്ക്കാതെ അവിടെനിന്നും മേലോട്ടു മേലോട്ടു അഭിവൃദ്ധിപ്പെട്ടുകൊണ്ടേ പോകേണ്ടവനാകുന്നു.

അവൻ എവിടേയും നില്ക്കരുതു്. "ഭൌതികമായ ആരാധനം, ബാഹ്യാരാധനം, ഏററവും താണനിലയിൽ ഉള്ളതാണു്. അഭിവൃദ്ധിപ്പെട്ടു മുന്നോക്കം പോകുവാനുള്ള ശ്രമം, മാനസിക ആരാധനം, ആകുന്നു അടുത്തപടി. എന്നാൽ അതും

അവസാനത്തേതാകുന്നില്ല. ഈശ്വരനെ അനുഭവപ്പെടുത്തുമ്പോൾ മാത്രമേ ആ അവസാനപടിയിൽ എത്തുന്നുള്ളൂ." എന്നാണ് വേദങ്ങളിൽ പറഞ്ഞിട്ടുള്ളതു്. അതേ, ആത്മാർത്ഥം പ്രവർത്തിക്കുന്ന മനുഷ്യൻതന്നെ ഒരു വിഗ്രഹത്തിന്റെ മുമ്പിൽ തലകുനിക്കുമ്പോഴും വിചാരിക്കുന്നതു് ഇങ്ങിനെയായിരിക്കും:—"നതത്ര സൂര്യോഭാതി ന ചന്ദ്രതാരകൈഃ..." സൂര്യനെക്കൊണ്ട അതിനെ പ്രകാശിപ്പിക്കുവാൻസാധിക്കുകയില്ല; ചന്ദ്രനെക്കൊണ്ടും നക്ഷത്രങ്ങളെക്കൊണ്ടും അതിന്നു സാധിക്കുകയില്ല. വിദ്യുത്തിനെക്കൊണ്ടും അതിനെ പ്രകാശിപ്പിക്കുവാൻ സാധിക്കുകയില്ല. പിന്നെ അഗ്നിയെക്കൊണ്ടു് സാധിക്കുന്നകാര്യം പറയേണ്ടതുമില്ലല്ലോ. അതിൽക്കൂടെയാണു് ഇവയെല്ലാം പ്രകാശിക്കുന്നതു്." അവൻ അതിനാൽ ആരുടെ വിഗ്രഹങ്ങളേയും ആക്ഷേപിക്കുന്നില്ല. എന്നുതന്നെയല്ല ഒരുവന്റെ വിഗ്രഹാരാധന പാപമാണെന്നു പറഞ്ഞുകേൾപ്പിക്കുന്നതും ഇല്ല. ജീവിതത്തിൽ അങ്ങിനെ ഒരുപടി അത്യാവശ്യമാണെന്നു അവൻ അറിയുന്നുണ്ടു്. "കുട്ടിയാണു് മനുഷ്യന്റെ അച്ഛൻ" എന്നൊരു പഴമൊഴിയുണ്ടല്ലോ. ശൈശവകാലം ഒരു പാപമാണു്, യൌവനം ഒരു പാപമാണു് എന്നു ഒരു പ്രായംചെന്നയാൾ പറയുവാൻ തുടങ്ങിയാൽ അതു ന്യായമായിരിക്കുന്നതാണോ?

ഒരു വിഗ്രഹത്തിന്റെയോ ഒരു പ്രതീകത്തിന്റെയോ സഹായത്തോടുകൂടി ഒരുവന്നു് അവന്റെ ദിവ്യസ്വഭാവത്തെ അനുഭവപ്പെടുത്തുവാൻ സാധിക്കുന്നുവെങ്കിൽ അതിനെ പാപമെന്നു പറയുന്നതു് ന്യായമായിരിക്കുന്നതാണോ? ഒരുവൻ ആ കാലഘട്ടത്തെ, ആ അവസ്ഥാന്തരത്തെ തരണംചെയ്തിരുന്നാൽ കൂടെയും അവന്നു് അതു തെററാണെന്നു പറയാമോ? മനുഷ്യർ അബദ്ധത്തിൽ നിന്നു സുബദ്ധത്തിലേയ്ക്കു സഞ്ചരിക്കുന്നു എന്നല്ല ഹിന്ദുക്കളുടെ വിശ്വാസം. അവർ സഞ്ചരിക്കുന്നതു് സുബദ്ധത്തിൽനിന്നു് സുബദ്ധത്തിൽക്കൂടെ സുബദ്ധത്തിലേയ്ക്കുതന്നെയാണു്. താണതരം സുബദ്ധത്തിൽ

നിന്നു് ഉൽകൃഷ്ടതരമായ സുബോധത്തിലേയ്ക്കു് കയറിപ്പോകുകയാണു് ചെയ്യുന്നതു്. ഏററവും താണപടിയിലുള്ള പ്രകൃതി ആരാധനം തുടങ്ങി ഏററവും ഉയൎന്നപടിയിലുള്ള കേവലഭാവം വരെയുള്ള സകല മതങ്ങളും ഹിന്തുവിനാൽ അഖണ്ഡാവസ്ഥയെ പിടികൂടുവാനും അനുഭവപ്പെടുത്തുവാനും ഒരു ജീവൻ ചെയ്യുന്നതായ അനേകതര പരിശ്രമങ്ങൾ മാത്രമായേ കാണപ്പെടുകയുള്ളൂ. ഓരോ സ്ഥാനത്തേയും നിജപ്പെടുത്തുന്നതു് അതിന്റെ ജനനസ്ഥിതി സംസൎഗ്ഗം ഇവകളെക്കൊണ്ടാണു്. ഇവയെല്ലാം പുരോഗമനത്തിൽ ഓരോ ഘട്ടങ്ങളെ അടയാളപ്പെടുത്തുകയും ചെയ്യുന്നുണ്ടു്. ഓരോജീവനും, മാൎഗ്ഗമദ്ധ്യേ അധികമധികം ശക്തിയെ സമ്പാദിച്ചുകൊണ്ടു് സൂൎയ്യഭഗവാങ്കൽ എത്തിച്ചേരുവാൻ ഉത്സാഹത്തോടെ മേലോട്ടു് പറന്നുകയറുന്ന ഓരോ ചെറുകഴുകനെപ്പോലെയാണു്.

ബഹുത്വത്തിൽ ഏകത്വം, ഭിന്നിപ്പിൽ യോജിപ്പു് എന്നാണു് പ്രകൃതിയുടെ സ്വഭാവം. അതു ഹിന്തുവിന്നു് നല്ലപോലെ മനസ്സിലായിട്ടുണ്ടു്. മറെറല്ലാ മതങ്ങളും ഏതാനും ക്ലിപ്തനിയമങ്ങളെയും സിദ്ധാന്തങ്ങളെയും നിൎബ്ബന്ധിച്ചിട്ടുണ്ടു്. ജനസമുദായം അതിനെ സ്വീകരിക്കുവാനായി നിൎബ്ബന്ധിക്കുകയാണു ചെയ്യുന്നതു്. അതു ജനസമുദായമദ്ധ്യത്തിൽ ഒരു "കോട്ടു" (ഉടുപ്പു്) വെച്ചുകൊടുത്തിരിക്കുന്നു. ആ ഉടുപ്പു ജാക്കിന്നും ജോണിന്നും ഹെൻഡ്രിക്കും എല്ലാം പററണമെന്നാണു് ശാഠ്യം. അതു, ജാണിന്നും ഹെൻഡ്രിക്കും യോജിക്കയില്ലെങ്കിൽ അവർ ശരീരം മറയ്ക്കാതെ ഇറങ്ങി നടന്നുകൊള്ളുവാനെ ഗതിയുള്ളൂ. കേവലമായ സത്തയെ സാദൃശ്യചിന്തയിൽക്കൂടെ മാത്രമെ അനുഭവപ്പെടുത്തുവാനൊ, വിചാരിക്കുവാനൊ, വിവരിക്കുവാനൊ സാധിക്കുകയുള്ളു എന്നും വിഗ്രഹങ്ങളും കുരിശുകളും ചന്ദ്രനും എല്ലാം ആദ്ധ്യാത്മികാശയങ്ങളെ തൂക്കുവാൻ മതമാകുന്ന ഭിത്തിയിൽ അടിക്കപ്പെട്ട കുററികൾ കണക്കേയുള്ള വെറും പ്രതീകങ്ങൾ മാത്രമാ

ണെന്നും ഹിന്ദുക്കൾ നല്ലപോലെ ധരിച്ചുവെച്ചിട്ടുണ്ട്. ഈ സഹായം എല്ലാവക്കും ആവശ്യമാണെന്ന് ആരും പറയുന്നില്ല. എന്നാൽ ആ സഹായം ആവശ്യമില്ലാത്തവക്ക് അതു തെററാണെന്ന് പറയുവാനുള്ള അവകാശം ഇല്ലെന്നു മാത്രമേ യുള്ളു. എന്നുമാത്രമല്ല ഹിന്ദുമതത്തിൽതന്നെ അതു് നിർബന്ധിതമായ ഒരു സിദ്ധാന്തവും അല്ല.

എന്നാൽ ഒരു സംഗതി എനിക്കു് നിങ്ങളോടു പ്രത്യേകമായി പറയുവാനുണ്ടു്. ഇന്ത്യയിലെ വിഗ്രഹാരാധനം ഭയങ്കരമായതൊന്നുമല്ല. അതു് വ്യഭിചാരിണികളുടെ ജനയിതാവുമല്ല പ്രത്യുത, അതു് അപരിഷ്കൃതമായ മനസ്സ് ഏററവും ഉൽകൃഷ്ടമായ സനാതനതത്വങ്ങളെ ഗ്രഹിക്കുവാൻ ചെയ്യുന്ന ഒരു ശ്രമം മാത്രമാകുന്നു. ഹിന്ദുക്കൾക്കു് കുററങ്ങൾ ഇല്ലായ്കയില്ല. അവക്ക് കുററങ്ങളൊന്നും ഇല്ലെന്നല്ല ഈ പറയുന്നതിൻെറ സാരം. മനുഷ്യസാധാരണമായ കുററങ്ങൾ അവരിലും കണ്ടേക്കും; ചില തെററുകൾ ചിലരിലില്ലാതെയും വന്നേക്കും. എന്നാൽ ഒരു സംഗതി നിങ്ങൾ നല്ലപോലെ ഓമ്മിക്കേണ്ടതായിട്ടുണ്ടു്. അവ അവരുടെ സ്വന്ത ശരീരത്തെ ശിക്ഷിക്കുവാൻ വേണ്ടി മാത്രം ഉള്ളവയാണു്. അല്ലാതെ ഒരിക്കലും അയൽപക്കക്കാരുടെ കഴുത്തറുക്കുവാൻ ഉപയോഗപ്പെടുത്തുന്നതിന്നുവേണ്ടിയുള്ളതല്ല. ഒരു ഹിന്ദുമതഭ്രാന്തൻ ചിതയിൽ തന്നത്താൻ ദഹിപ്പിക്കപ്പെട്ടേക്കുമെന്നല്ലാതെ അവൻ ഒരിക്കലും മററുള്ളവരെ ചുടുവാനുള്ള തീ എങ്ങും കത്തിക്കുകയില്ല. എന്നാൽ ഈ ഒരു കുററം കൂടെയും അവരുടെ മതത്തിന്നു ആരോപിക്കുവാൻ പാടില്ലാത്തതാകുന്നു. ക്രിസ്ത്യാനികൾ മാന്ത്രികന്മാരെ ദഹിപ്പിക്കുക ഉണ്ടായിട്ടുണ്ടല്ലോ. ഈ ദഹനത്തിന്നു് ക്രിസ്തുമതം എത്രമാത്രം ഉത്തരവാദിയാകുന്നുവോ അത്രപോലും, ചിതാപ്രവേശനത്തിന്നു ഹിന്ദുമതം ഉത്തരവാദിയല്ല.

അതിനാൽ ഒരു ഹിന്ദുവിന്നു് ലോകത്തിലെ ധമ്മസമ്പ്രദായങ്ങളെല്ലാം ഒരേ കേന്ദ്രത്തിൽതന്നെ അനേകവഴികളിൽ

കൂടേയും അവസ്ഥകളിൽ കൂടേയും സ്വഭാവങ്ങളിൽ കൂടേയും വന്നുചേർന്നുകൊണ്ടിരിക്കുന്ന വിഭിന്നസ്ത്രീപുരുഷന്മാരുടെ ഒരു നിരന്തരസഞ്ചാരം പോലെയാണ്. എല്ലാ മതങ്ങളും സ്ഥൂലമനുഷ്യനിൽകൂടെ ഈശ്വരനെ ഉണ്ടാക്കുകയാണ് ചെയ്യുന്നത്. അതേ ഈശ്വരൻതന്നെയാണ് തന്നെ അവരുടെയെല്ലാം ഉൽബോധകനും. എന്നാൽ ഇത്രയൊക്കെ വ്യത്യാസങ്ങളും ഭിന്നിപ്പും ഉണ്ടാകുവാനുള്ള കാരണം എന്താണ്? എന്നാൽ ഈ ഭിന്നിപ്പുകളും വ്യത്യാസവും ഒക്കെവെറും ബാഹ്യത്തിൽ മാത്രമേയുള്ളു എന്നാണ് ഹിന്ദു പറയുന്നത്. ഒരേ പരമാൎത്ഥം വ്യത്യസ്തസ്വഭാവങ്ങളോട്ടുകൂടിയ വിഭിന്നാവസ്ഥകൾക്ക് അനുകൂലിക്കുന്നതായി തീരുമ്പോൾ അതിൽനിന്നാണ് ഈ വ്യത്യാസങ്ങളെല്ലാം ഉണ്ടാകുന്നത്. അല്ലാതെ യഥാൎത്ഥത്തിൽ വ്യത്യാസം ഒന്നുംതന്നെ ഇല്ലാത്തതാകുന്നു.

പലവൎണ്ണത്തിലുള്ള ഗ്ലാസുകളിൽകൂടി വരുന്ന വെളിച്ചം എല്ലാം ഒന്നുതന്നെയാണ്. അംഗീകരണസൌകൎയ്യത്തിന്നു് ഈ ചെറിയ വ്യത്യാസങ്ങളെല്ലാം ആവശ്യവും ആകുന്നു. എന്നാൽ എല്ലാററിന്റേയും ഹൃദയത്തിൽ പ്രകാശിക്കുന്ന സത്യം ഒന്നുതന്നെയാണ്. പുണ്യാവതാരമായ ഭഗവാൻ ശ്രീകൃഷ്ണൻ ഗീതയിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു:—"മണികളുടെ ഉള്ളിൽകൂടെ ഓടുന്ന ചരടിനെപ്പോലെ ഞാൻ എല്ലാമതത്തിലും ഉണ്ട്. അസാധാരണ ദിവ്യത്വവും അസാധാരണ പരിശുദ്ധതയും ഏതെല്ലാം സ്ഥലങ്ങളിൽ കാണപ്പെടുന്നുവൊ അവിടെയെല്ലാം ഞാൻ തന്നെയാണ് ഉള്ളതെന്നു നീ അറിഞ്ഞുകൊള്ളുക." ഇതുകൊണ്ടുണ്ടായഫലം എന്താണ്? ഹിന്ദുക്കൾക്കു മാത്രമേ രക്ഷകിട്ടുകയുള്ളു. മററാക്കും രക്ഷകിട്ടുകയില്ല, എന്നതുപോലെയുള്ള ഒരു പ്രഖ്യാപനം സംസ്കൃതതത്വജ്ഞാനസമ്പ്രദായത്തിൽ ഒരിടത്തെങ്കിലും ആരെങ്കിലും കാണിച്ചുതരുമൊ? സാധിക്കയില്ലെന്ന് ഞാൻ വീരവാദം തന്നെ ചെയ്യുന്നു. "നമ്മുടെ മതത്തിലും ജാതിയിലും ഉൾപ്പെടാത്തവരിൽ

കൂടെയും നമ്മൾ പരിപൂൎണ്ണന്മാരെക്കാണുന്നുണ്ടു്” എന്നു വ്യാസമഹൎഷിതന്നെ പറഞ്ഞിട്ടുണ്ടു്. ഹിന്തുക്കൾ നിരീശ്വരവാദംചെയ്യുന്ന ബുദ്ധമതത്തിലും ജൈനമതത്തിലും വിശ്വാസമുള്ളവൎക്കൂടെയാണു്. ഈശ്വരനെ മാത്രം വലയംചെയ്തുനില്ക്കുന്ന സമസ്ത ചിന്താഗതികളോടും കൂടിയവർ ഈ മതങ്ങളെക്കൂടെ വിശ്വസിക്കുന്നതെങ്ങിനെയാണെന്നു് നോക്കുക.

ബുദ്ധമതക്കാരും അവരെപ്പോലെ തന്നെ ജൈനമതക്കാരും ഈശ്വരനെ ആശ്രയിക്കാത്തവരാണു്. എന്നാൽ അവരുടെ മതത്തിന്റെ നിശ്ശേഷശക്തികളും, മനുഷ്യനിൽ നിന്നു് ഒരു ഈശ്വരനെ ഉണ്ടാക്കുക എന്നു് സകല മതങ്ങളിലും ഒരുപോലെയുള്ള ആ വലിയ കേന്ദ്രമായ പരമാത്മത്തെ മാത്രം ആശ്രയിച്ചാണു് നില്ക്കുന്നതു്. അവർ “പിതാവിനെ” കണ്ടിട്ടില്ല. അവർ “പുത്രനെ”മാത്രമേ കണ്ടിട്ടുള്ളു. എന്നാൽ പുത്രനെ കണ്ടവൻ പിതാവിനേയും കണ്ടിരിക്കുന്നു.

സഹോദരന്മാരെ, ഹിന്തുക്കളുടെ ധാൎമ്മികമായ ആശയങ്ങളുടെ ഏററവുംസംക്ഷേപമായ ചരിത്രം ഇതാകുന്നു. ഹിന്തു അവന്റെ കാൎയ്യപരിപാടിയെ മുഴുവനും നിൎവ്വഹിക്കുവാൻ സാധിക്കാത്തവനായി തീൎന്നിട്ടുണ്ടായിരിക്കാം. എങ്കിലും സൎവ്വജനീനമായ ഒരു ധൎമ്മം ഉണ്ടാകണമെങ്കിൽ അതിന്നു് താഴെ കാണിക്കുന്ന ഗുണങ്ങൾ ഉണ്ടായിരിക്കേണ്ടതാണു്. അതിന്നു് ദേശത്തിലൊ കാലത്തിലൊ യാതൊരു സ്ഥാനവും ഉണ്ടായിരിക്കരുതു്; അതു് സാധൂകരിക്കുന്ന ഈശ്വരനെപ്പോലെ അതും അഖണ്ഡമായിരിക്കണം; അതിലെ സൂൎയ്യൻ കൃഷ്ണന്റേയും ക്രിസ്തുവിന്റേയുംഅനുഗാമികളുടെമേലും പുണ്യവാന്മാരുടേയും പാപികളുടേയുംമേലും ഒരുപോലെ അതിന്റെ രശ്മികളെ വൎഷിക്കുന്നവനായിരിക്കണം; അതു് ബ്രാഹ്മണമൊ, ബൌദ്ധമൊ, ക്രൈസ്തവമൊ, മുഹമ്മദീയമൊ, അകാതെ ഇവകളുടെയെല്ലാം സമുച്ചയഭാവമായിരിക്കണം; ഇതിനിന്നും അഭിവൃദ്ധിപ്പെ

ട്ടവാൻ അവധിരഹിതമായ സ്ഥലവും സൌകര്യ്വവും ഉണ്ടായിരിക്കണം; അതു് അതിൻെറ വിശാലതയിൽ സർവ്വത്തേയുംഉൾപ്പെടുത്തുന്നതായിരിക്കണം; അതിൽ ഒരു ക്രൂരമൃഗത്തിൽനിന്നു് ഏറെയൊന്നും വ്യത്യാസപ്പെട്ടിട്ടില്ലാത്ത ഏററവും താണതരത്തിലിരിക്കുന്ന മനുഷ്യൻ തുടങ്ങി തൻെറ ഹൃദയംകൊണ്ടും ശിരസ്സുകൊണ്ടും മനുഷ്യസമുദായത്തിന്നു മീതെ ഒരു സ്ഥാനം സമ്പാദിച്ചു് ഏററവും ഉന്നതസ്ഥാനത്തിൽ നില്ക്കുന്നവൻവരെ സകലമാനജനങ്ങൾക്കും സ്ഥാനം ഉണ്ടായിരിക്കണം. ഇങ്ങിനെയുള്ള ഗുണങ്ങളോടുകൂടിയ മതത്തിന്നു മാത്രമേ സർവ്വജനീനമായ ഒരു പ്രാപഞ്ചിക മതമായിരിക്കുവാൻ സാധിക്കുകയുള്ളു. അതിൽ അന്യമതദ്രോഹത്തിന്നും അസഹിഷ്ണുതയ്ക്കും ഒട്ടും സ്ഥലം ഉണ്ടായിക്കൂടാ. അതു് എല്ലാ പുരുഷനിലും സ്ത്രീയിലുമുള്ള ദൈവത്വത്തെ സമ്മതിക്കുന്നതായിരിക്കണം. അതിൻെറ സർവ്വശക്തികളും അതിൻെറ സർവ്വതോമുഖമായ ഉദ്ദേശ്യവും മനുഷ്യനെ അവൻെറ യഥാർത്ഥവും ദിവ്യവുമായ സ്വഭാവത്തെ കേന്ദ്രമാക്കി കല്പിക്കപ്പെട്ടതും ആയിരിക്കണം.

അങ്ങിനെയുള്ള ഒരു ധർമ്മസമ്പ്രദായത്തെ നിങ്ങൾ ആവിഷ്കരിച്ചുനോക്കുക. അപ്പോൾ സർവ്വരാഷ്ട്രങ്ങളും നിങ്ങളെ പിൻതുടരുന്നതുകാണാം. അശോകൻെറ സംരംഭം ബുദ്ധമതത്തെ മാത്രം ലക്ഷ്യപ്പെടുത്തിയുള്ളതായിരുന്നു. അക്ബറുടേതു് ഉദ്ദേശത്തിന്നു അധികം യോജിച്ചതായിരുന്നു എങ്കിലും അതു് അദ്ദേഹത്തിൻെറ രാജധാനിയെ വിട്ടു് പുറത്തിറങ്ങിയില്ല. എല്ലാമതങ്ങളിലും ഒരുപോലെ ഈശ്വരൻ സ്ഥിതിചെയ്യുന്നുണ്ടെന്നുള്ള മഹാസന്ദേശത്തെ ലോകത്തിലെങ്ങും പ്രഖ്യാപനം ചെയ്യാനുള്ള കൃത്യം ഈ അമേരിക്കാരാജ്യത്തിന്നായാണു് പ്രത്യേകം നീക്കിവെച്ചിട്ടുള്ളതു്.

ഹിന്തുക്കളുടെ ബ്രഹ്മവും, സൌരാഷ്ട്രീയൻകാരുടെ അഹുരമസ്ദയും, ബുദ്ധമതക്കാരുടെ ബുദ്ധനും, യൂദന്മാരുടെ

യഹോവയും, ക്രിസ്ത്യാനികളുടെ സ്വർഗ്ഗസ്ഥനായ പിതാവും മുഹമ്മദീയരുടെ അല്ലാവും യാതൊരു ശക്തിവിശേഷമാണോ, ആ ശക്തിവിശേഷം നിങ്ങൾക്ക് നിങ്ങളുടെ ഈ അത്യുൽകൃഷ്ട ആശയത്തെ നിർവ്വഹിക്കുന്നതിന്ന് വേണ്ടുന്ന അനുഗ്രഹവും ശക്തിയും നൽകുമാറാകട്ടെ. തേജോമയമായ ആ നക്ഷത്രം ആദിയിൽ പൂർവ്വഭാഗത്ത് ഉദിച്ചു, അത് ക്രമക്രമം പടിഞ്ഞാറോട്ട് യാത്രചെയ്ത് ലോകത്തെ ഒന്ന് വലയം വെച്ചു. ഈ യാത്രയിൽ അത് ശോഭിച്ചും ചിലപ്പോൾ അത് മങ്ങിയും കൊണ്ടാണ് സഞ്ചരിച്ചതെങ്കിലും ഇപ്പോൾ വീണ്ടും ആ നക്ഷത്രം മുമ്പേത്തെതിനെക്കാളും അനേകായിരം ഇരട്ടി പ്രകാശത്തോടു കൂടി ഇപ്പോൾ പൂർവ്വപ്രാന്തത്തിൽ 'സാനിപോ' കരകളിൽ വീണ്ടും ഉദിക്കുവാൻ തുടങ്ങിയിരിക്കുകയാണ്.

Hail Columbia സ്വാതന്ത്ര്യത്തിന്റെ മാതൃഭൂമിയായ കൊളംബിയാ വിജയിക്കട്ടെ. അയൽപക്കക്കാരന്റെ രക്തത്തിൽ കൈനക്കാത്തവളും, പണക്കാരനാകുവാനുള്ള എളുപ്പവഴി അയൽപക്കക്കാരന്റെ സ്വത്ത് അപഹരിക്കുന്നതാണെന്ന വിദ്യ കണ്ടുപിടിക്കാത്തവളും ആയ അങ്ങയാണ് നാഗരികമാകുന്ന തോട്ടത്തിൽ ഐക്യമാകുന്ന കൊടി ഉയർത്തി സഞ്ചരിക്കുവാൻ വെച്ചിട്ടുള്ളത്. കൊളംബിയ വിജയിക്കട്ടെ!

## ഹിന്ദുവനിതകൾ.

---

(1900) ജനുവരിമാസം 18ാം നു സ്വാമികൾ കാലിഫോർണിയായിലെ പാസഡീനയിൽ ഷെക്സ്പിയർ ക്ലബ്ബിൽ വെച്ചു ചെയ്ത പ്രസംഗം. ഈ പ്രസംഗം ഇതുവരെ ഇന്ത്യയിൽ പരസ്യംചെയ്തിട്ടില്ലെന്നാണറിയുന്നത്.)

വിവേകാനന്ദസ്വാമികൾ—ഇവിടെ സന്നിഹിതരായിരിക്കുന്നവരിൽ ചിലർ എന്നോട് ഹിന്തുക്കളുടെ തത്വജ്ഞാനസമ്പ്രദായത്തെപ്പററി പ്രസംഗത്തിന്നു മുമ്പായും വേറെ ചിലർ ഇന്ത്യയിലെ പൊതുസംഗതികളെപ്പററി പ്രസംഗത്തിന്നു ശേഷവും ഏതാനുംചോദ്യങ്ങൾ ചോദിക്കുവാൻ തയ്യാറായിട്ടുണ്ടല്ലൊ. എന്നാൽ ഞാൻ ഒരുപ്രയാസം കാണുന്നതു് ഞാൻ ഏതു വിഷയത്തെയാണു് സംസാരിക്കേണ്ടതു് എന്നു് എനിക്കുതന്നെ അറിഞ്ഞുകൂടാത്തതാണു്. ഹിന്തുക്കളുടെ തത്വജ്ഞാനസിദ്ധാന്തങ്ങളെപ്പററിയൊ അല്ലെങ്കിൽ അവരുടെ സാമുദായിക ജീവിതത്തെയൊ ചരിത്രത്തെയൊ അവരുടെ സാഹിത്യത്തെ പററിയൊ ഏതെങ്കിലും വിഷയത്തെപ്പററി സംസാരിക്കുവാൻ എനിക്കും വളരെ താല്പൎയ്യം തന്നെയാണുള്ളതു്.

അതിനാൽ ഏതു വിഷയത്തെപ്പററിയാണു് സംസാരിക്കേണ്ടതു് എന്നു് നിങ്ങൾതന്നെ അഭിപ്രായപ്പെട്ടാൽ വളരെ ഉപകാരമായിരുന്നു.

ചോദ്യകൻ—അമേരിക്കക്കാർ വളരെ പ്രായോഗികസാമൎത്ഥ്യമുള്ളവരാണെന്നു് സ്വാമിക്കറിയാമെല്ലൊ. അങ്ങിനെ ഇരിക്കുന്ന ഞങ്ങൾ ഹിന്തുക്കളുടെ തത്വജ്ഞാനത്തിൽ നിന്നു് ഏതുപ്രത്യേകമാണു് സ്വീകരിക്കേണ്ടതായിട്ടുള്ളതു് എന്നാണു് സ്വാമികളുടെ അഭിപ്രായം. അങ്ങിനെയുള്ള ആ അനുകരണത്തിൽ നിന്നു് ക്രിസ്തുമതത്തിൽനിന്നു് ലഭ്യമാകുന്നതിൽ ഉപരിയായി എന്തൊരു പ്രയോജനമാണു് ഞങ്ങൾക്കു ഉണ്ടാകുവാനുള്ളതു്?

വിവേകാനന്ദസ്വാമികൾ—ആ സംഗതി തീർച്ചപ്പെടുത്തുവാൻ എനിക്കു് വളരെ പ്രയാസമാണു്. നിങ്ങൾക്കു് സ്വീകാരയോഗ്യമായി നിങ്ങൾതന്നെ വല്ലതും കാണുന്നപക്ഷവും അതു നിങ്ങൾക്കു് ഉപകാരപ്രദമായിരിക്കുമെന്നു് നിങ്ങൾക്കുതന്നെ വിശ്വാസം വരുന്നപക്ഷവും അതിനെ സ്വീകരിക്കേണ്ടതായ ഭാരം നിങ്ങളിൽത്തന്നെയാണു് ലയിച്ചു

കിടക്കുന്നതു്. ഞാൻ ഒരു പാതിരിയല്ലെന്നു നിങ്ങൾക്കറിയാമല്ലോ. ഞാൻ എൻെറ ആശയത്തിലേയ്ക്കു് ജനങ്ങളെ മതാന്തരപ്പെടുത്തിക്കൊണ്ടു് നടക്കുന്നതും ഇല്ല. എൻെറ സിദ്ധാന്തം അങ്ങിനെയുള്ള ആശയങ്ങളെല്ലാം വളരെ ഉൽകൃഷ്ടവും ശ്രേഷ്ഠവുംതന്നെയാണെന്നാണു്. നിങ്ങളുടെ ഏതാനും ആശയങ്ങൾ ഇന്ത്യയിലെ ചില ജനങ്ങൾക്കു പററിയെന്നു വരാം; അതുപോലെ ഞങ്ങളുടെ ഏതാനും ആശയങ്ങൾ ഇവിടെ നിങ്ങൾക്കു പററിയെന്നുവരാം. ഇങ്ങിനെ ആശയങ്ങളെല്ലാം ഒരുപോലെ ശ്രേഷ്ഠങ്ങളും ഉൽകൃഷ്ടങ്ങളും തന്നെയാണു്. അതിനാൽ ആവക ആശയങ്ങളെയെല്ലാം ലോകസമക്ഷം തുറന്നു് വിതരണം ചെയ്യണമെന്നാണു് എൻെറ അഭിപ്രായം.

ചോദ്യകൻ—നിങ്ങളുടെ തത്വജ്ഞാനംകൊണ്ടു് ഉണ്ടായിട്ടുള്ളഫലം എന്താണെന്നു് ഞങ്ങൾക്കു അറിഞ്ഞാൽ കൊള്ളാം. നിങ്ങളുടെ തത്വജ്ഞാനശാസ്ത്രംകൊണ്ടും നിങ്ങളുടെ ധമ്മസിദ്ധാന്തങ്ങൾകൊണ്ടും അവിടെ സ്ത്രീജനങ്ങൾക്കു എന്തു് പ്രയോജനം ഉണ്ടായിട്ടുണ്ടു്? ഞങ്ങളുടെ സ്ത്രീകളെക്കാൾ നിങ്ങളുടെ സ്ത്രീകൾ ഉന്നതപദവിയെ പ്രാപിച്ചിട്ടുണ്ടോ?

വിവേകാനന്ദസ്വാമികൾ—ഇതു് വളരെ ദുർഘടമായ ചോദ്യമാണു്. എനിക്കു ഞങ്ങളുടെ സ്ത്രീകളേയും നിങ്ങളുടെ സ്ത്രീകളേയും പഥ്യമാണു്.

ചോദ്യകൻ—അതകട്ടെ; നിങ്ങളുടെ സ്ത്രീകളെപ്പററിയും അവരുടെ സമ്പ്രദായങ്ങളെപ്പററിയും അവരുടെ വിദ്യാഭ്യാസരീതിയെപ്പററിയും കുടുംബത്തിൽ അവക്കുള്ള സ്ഥാനത്തെപ്പററിയും സ്വാമികൾ അല്പം പറഞ്ഞുകേട്ടാൽ കൊള്ളാം.

വിവേകാനന്ദസ്വാമികൾ—ഓഹോ, ഈവക സംഗതികളെപ്പററി നിങ്ങളോട് സംസാരിക്കുവാൻ എനിയ്ക്ക് വളരെ സന്തോഷമാണുള്ളത്. ആകട്ടെ, നിങ്ങൾക്കു ഇന്നു രാത്രി ഇന്ത്യൻ വനിതകളെപ്പററിയാണ് കേൾക്കേണ്ടതു്; അല്ലേ! അല്ലാതെ തത്വജ്ഞാനവും മററു സംഗതികളുമൊന്നുമല്ലല്ലോ. എന്നാൽ ഇന്നത്തെ പ്രസംഗം ആ വിഷയത്തെപ്പററിത്തന്നെ ആക്കിക്കളയാം.

(അമേരിക്കയിലെ സ്ത്രീകൾക്ക് പരിഷ്കാരത്തിൽ മുന്നണിസ്ഥാനമുണ്ടെന്ന് ഈ ഘട്ടത്തിൽ പ്രത്യേകം ഓർക്കേണ്ടതാകുന്നു. ആ ഒരു മെച്ചം വെച്ചുകൊണ്ടാണ് ചോദ്യകൻ ഇങ്ങിനെ ചോദിച്ചതെന്നുവേണം ഊഹിക്കുവാൻ. സ്വാമികൾ എന്തുപറഞ്ഞു എന്ന് നമുക്കു വഴിയെ കാണാവുന്നതാണ്. ഈ പ്രസംഗം ഒരു ചോദ്യത്തിനു സമാധാനമായി പെട്ടെന്ന് യാതൊരു മുൻകരുതലുകളോടും കൂടി ചെയ്തതല്ലെന്ന് വായനക്കാർ പ്രത്യേകം ഓർക്കേണ്ടതായിട്ടുണ്ട്. ഈ പ്രസംഗം കേൾക്കുവാൻ ഒട്ടേറെ സ്ത്രീജനങ്ങളും അന്ന് ക്ലബ്ബിൽ ഹാജരുണ്ടായിരുന്നു.)

## പ്രസംഗം.

ഞാൻ ഒരിക്കലും വിവാഹംകഴിക്കാത്ത ഒരുതരത്തിൽ ഉൾപ്പെട്ടവനാകയാൽ എനിക്ക് സ്ത്രീകളെപ്പററി ഒരു മാതാവ്, ഒരു ഗൃഹിണി, ഒരു പുത്രി, സഹോദരി തുടങ്ങി നാനാഭാവങ്ങളിലുള്ള പരിചയം മററുള്ളവരുടേതുപോലെ പൂർണ്ണമായിരിക്കുവാൻ തരമില്ലെന്നു നിങ്ങൾക്കുതന്നെ അറിയാമല്ലോ. അതിനുംപുറമേ ഇന്ത്യയെന്നു പറയുന്നത് ഒരു ചെറിയ രാജ്യമൊന്നുമല്ല. അത് അനേകം വിഭിന്നവർഗ്ഗങ്ങളാൽ നിവസിക്കപ്പെടുന്ന ഒരു വലിയ ഭൂവിഭാഗമാണ്. യൂറോപ്പിലെ സമുദായങ്ങൾ, ഇന്ത്യയിലെ സമുദായങ്ങളെക്കാൾ അന്യോന്യം അടുപ്പം കൂടിയവരും അന്യോന്യം അധികം സാദൃശ്യമുള്ളവരും ആകുന്നു. ഇന്ത്യയിൽ ആകെ എട്ട് വലിയ വിഭിന്നഭാഷകൾതന്നെയുണ്ടെന്നുപറയുമ്പോൾ നിങ്ങൾക്ക് അതിന്റെ

വൈപുല്യത്തെപ്പററി ഏറക്കുറെ ഒരു ബോധം ഉണ്ടാകാവുന്നതാണ്. അവ ഓരോന്നും ഓരോ പ്രത്യേക സാഹിത്യത്തോട്ടുകൂടിയ വലിയ ഭാഷകളാണ്. ഹിന്തിഭാഷതന്നെ സംസാരിക്കുന്നവരായി 100,000,000, ജനങ്ങൾ ഉണ്ട്. ബെങ്കാളി സംസാരിക്കുന്നവരുടെ സംഖ്യ 60,000,000-ൽ ഒട്ടും കുറവല്ല. വടക്കെ ഇന്ത്യയിൽ പ്രധാനമായി നാലു വലിയ ഭാഷകളാണുള്ളത്. അവ തെക്കെഇന്ത്യൻ ഭാഷകളിൽനിന്നു വളരെ വളരെ വ്യത്യാസപ്പെട്ടതും ആകുന്നു. ഏതെങ്കിലും രണ്ടു യൂറോപ്യൻ ഭാഷകൾ തമ്മിൽ എത്ര അധികം വ്യത്യാസമുണ്ടോ അതിലും വലിയ വ്യത്യാസമാണ് ഈ ഭാഷകൾക്കു തമ്മിൽ ഉള്ളത്. നിങ്ങളുടെ ഭാഷ ജാപ്പാൻകാരുടെ ഭാഷയിൽ നിന്ന് എത്ര വ്യത്യാസപ്പെട്ടതാണോ അത്ര വ്യത്യാസപ്പെട്ടവയാണ് അവയും. അതിനാൽ ഞാൻ തെക്കെ ഇന്ത്യയിൽ പോകുമ്പോൾ, അവിടെ സംസ്കൃതമറിയാകുന്നവരെ കാണാത്തപക്ഷം ഞാൻ അവരോട്ടു ഇംഗ്ലീഷ് ഭാഷയിൽ സംസാരിക്കേണ്ടതായി വരും എന്നു കേൾക്കുമ്പോൾ നിങ്ങൾക്കു പക്ഷെ അതിശയംതോന്നമായിരിക്കാം. എന്നു മാത്രമല്ല ഈ അനേകവർഗ്ഗക്കാർ സമ്പ്രദായങ്ങളിലും, ആചാരങ്ങളിലും, ഉടുപ്പിലും, ഭക്ഷണത്തിലും, വിചാരഗതിയിലും അന്യോന്യം ഭിന്നിച്ചോട്ടു കൂടിയവരാണ്.

ഇതിന്നും പുറമെ ജാതിയെന്ന ഒരു ഏപ്പാട്ടുകൂടെയുണ്ട്. ഓരോ ജാതിയും ഓരോ സമുദായത്തിൽ പ്രത്യേക സ്ഥാനം ഉള്ളവരായിത്തീർന്നിട്ടുണ്ട്. ഇന്ത്യയിൽ ധാരാളം താമസിച്ച് പരിചയമുള്ള ഒരാൾക്കു അവിടെ ഒരാളെ കണ്ടാൽ അവൻെറ ആകൃതിയിൽനിന്നും പ്രകൃതിയിൽനിന്നും അവൻ ഏതു ജാതിയിൽ ഉൾപ്പെട്ടവനാണെന്നു പെട്ടെന്നു പറയുവാൻ സാധിക്കുന്നതാണ്. ഈ ജാതികൾക്കിടയിൽത്തന്നെ ആചാരങ്ങളും സമ്പ്രദായങ്ങളും വ്യത്യസ്തങ്ങളാകുന്നു. ഈ ജാതികളെല്ലാം തങ്ങളിൽ തന്നെ അടങ്ങിനില്ക്കുന്നവർ ആണ്. അതായത് സാമുദായിക

സംഗതികളിലെല്ലാം അവർ അന്യോന്യം യോജിക്കുകയില്ല. അവർ പന്തിഭോജനം ചെയ്കയില്ല. എന്നുതന്നെയല്ല അന്യോന്യം കല്യാണം കഴിക്കുകയും ഇല്ല. ഈവക സംഗതികളിലെല്ലാം അവർ വെവ്വേറെതന്നെ നില്ക്കുകയേയുള്ളു. അവർ അന്യോന്യം കാണുകയും അന്യോന്യം സ്നേഹിതന്മാരായിരിക്കുകയും ചെയ്യുന്നതിന്ന് വിരോധമില്ല എന്നല്ലാതെ അതിലും അധികമായ വേഴ്ച്ചയൊന്നും പാടുള്ളതല്ല.

ഞാൻ ഒരു സന്ന്യാസിയുടെ നിലയിൽ നിരന്തരം ഇന്ത്യയിൽ ദേശംതോറും സഞ്ചരിച്ചിരുന്നതുകൊണ്ടും, അ കാലത്ത് എല്ലാതരത്തിലുംജാതിയിലും സ്ഥിതിയിലും ഉള്ള സ്ത്രീകളെ കാണുവാൻസാധിച്ചിട്ടുള്ളതുകൊണ്ടും ഇന്ത്യയിലുള്ള മററു ജനങ്ങളെക്കാൾ അവരെ പൊതുവിൽഅറിയുവാൻ അധികം സൌകര്യം സിദ്ധിച്ചിട്ടുണ്ടെങ്കിലും ഇന്ത്യയിലുള്ള സ്ത്രീ ജനങ്ങളെപ്പററി എനിക്ക് നല്ലപോലെ അറിയുവാൻ സാധിച്ചിട്ടുണ്ടെന്ന് പറയുന്നതു് ഒരുവക സാഹസം തന്നെയായിരിക്കുന്നതാണ്. ഇന്ത്യയിൽ പലേടങ്ങളിലും നിർബ്ബന്ധിതമായ ഘോഷാസമ്പ്രദായം നടപ്പുള്ളതുകൊണ്ട് അവിടങ്ങളിൽ സ്ത്രീകൾ സാധാരണമായി പുരുഷന്മാരുടെ മുമ്പിൽ പോകയില്ല. അങ്ങിനെയുള്ള ദിക്കുകളിലും ധർമ്മസംഗതികൾക്കായി അവർ അ നിയമത്തെ ഭേദിച്ച് ഞങ്ങളുടെ മുമ്പിൽ വരാറും ഞങ്ങളോട്ട് സംസാരിക്കാറും പതിവുണ്ട്.

അതിനാൽ എനിക്ക് ലഭ്യമായിട്ടുള്ളേടത്തോളം അറിവിനെഅടിസ്ഥാനമാക്കി ഞാൻ അവരുടെ സ്ഥിതി നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കാം. ഓരോസമുദായത്തിലും പുരുഷന്മാർ അല്ലെങ്കിൽ സ്ത്രീകൾ ഒരു ആദർശത്തെ പ്രതിനിധീകരിക്കുന്നുണ്ട്. അവർ അ ആദർശത്തെ അറിഞ്ഞോ അറിയാതെയൊ പ്രവർത്തിച്ചുകൊണ്ടിരിക്കുകയും ആണ്. വ്യക്തി എന്നതു് അന്തർഗ്ഗതമായിരിക്കേണ്ട ആദർശത്തിൻെറ ബാഹ്യപ്രകടനമാണ്.

ഇങ്ങിനെയുള്ള വ്യക്തികളുടെ സംഘത്തെ സമുദായമെന്നും പറയുന്നു. ഇങ്ങിനെ ഓരോ സമുദായവും ഓരോവലിയ മഹദാദർശത്തെ പ്രതിനിധീകരിക്കുന്നുണ്ട്. അതിന്നു നേരെയാണു് അതു് ഗതിചെയ്തുകൊണ്ടിരിക്കുന്നതും. അതിനാൽ ഒരു സമുദായത്തെ ശരിയായി മനസ്സിലാക്കുവാൻ ഒന്നാമതായി തങ്ങളുടെ സ്വന്ത മാനദണ്ഡംകൊണ്ടല്ലാതെ മറെറാന്നുകൊണ്ടും പരിശോധിക്കുവാൻ ഒരു സമുദായവും അനുവദിക്കാത്തതിനാൽ ആ സമുദായത്തിൻെറ ആദർശലക്ഷ്യമായ തത്വത്തെ മനസ്സിലാക്കേണ്ടതായിരിക്കുന്നു എന്നു് നമുക്കു ന്യായമായി അനുമാനിക്കാം.

എല്ലാ അഭിവൃദ്ധിയും വളർച്ചയും സ്ഥിതിയും അധോഗതിയും താരതമ്യ തത്വമായുള്ളതാണു്. അതു് ഒരു മാനദണ്ഡത്തെ ആശ്രയിച്ചാണു് നില്ക്കുന്നതു് അതിനാൽ ഓരോന്നിനെയും നല്ലപോലെ മനസ്സിലാക്കുവാൻ അവൻെറ ആ മാനദണ്ഡത്തോട്ട് താരതമ്യപ്പെടുത്തി നോക്കേണ്ടതാകുന്നു. ഇതു സമുദായത്തിലാണു് അധികം പ്രത്യക്ഷമായി നമുക്കു് കാണാറാകുന്നതു്. ഒരു സമുദായം ഏററവും ഉചിതമായി കരുതപ്പെടുന്ന ഒരു സംഗതിയെ മറെറാരു സമുദായം അതേവിധത്തിൽ നെകരുതിയെന്നു് വരികയില്ല. ശേഷക്കാരിയെ (സഹോദരിയുടെ പുത്രിയെ) വിവാഹം ചെയ്യുന്നതു് ഇവിടെ അനുവദിക്കപ്പെട്ടിട്ടുണ്ട്. അതിന്നു് ഒരു വിരോധവും ദോഷവും ഇവിടെ കല്പിക്കപ്പെട്ടിട്ടില്ല. ഇന്ത്യയിൽ അതു് വളരെ ആക്ഷേപകരമാണു്. എന്നുമാത്രമല്ല അവിടെ അതു് വളരെ ഭയങ്കരവും കൂടെയാകുന്നു. വിധവാവിവാഹം ഈ രാജ്യത്തു് വളരെ ശരിയായിട്ടുള്ളതാകുന്നു. അതിൽ യാതൊരു ദോഷവും ആരും ശങ്കിക്കാറുപോലും ഇല്ല. ഇന്ത്യയിലെ ഉയൎന്ന ജാതിക്കാരുടെ ഇടയിൽ ഒരു സ്ത്രീയെ രണ്ടാമതു് വിവാഹം കഴിക്കുന്നതുപോലെ അത്ര നികൃഷ്ടവും അകൃത്യവും ആയ സംഗതി മറെറാന്നില്ലെ

ന്നാണ് വെച്ചിട്ടുള്ളതു്. ഇങ്ങിനെ ഞങ്ങൾ പ്രവൎത്തിക്കുന്നതു് ഈ വിധം വ്യത്യാസസമ്പ്രദായങ്ങളിലാണു്. അതിനാൽ ഒരു സമുദായത്തെ, മറെറാരു സമുദായത്തെ മാനദണ്ഡമാക്കി കണക്കാക്കുന്നതു് ന്യായവും പ്രായോഗികവും ആയിരിക്കുന്നതല്ല. അതിനാൽ ഓരോ സമുദായത്തെപ്പററിയും ചിന്തിക്കുവാൻ തുടങ്ങുന്നതിന്നു മുമ്പായി ഓരോന്നും അതാതിന്റെ മുമ്പിൽ ഉയൎത്തി നിൎത്തിയിരിക്കുന്ന ആ ആദൎശം എന്താണെന്നു് നാം നല്ലപോലെ പരിശോധിച്ചറിയേണ്ടതായിരിക്കുന്നു. മററു സമുദായങ്ങളെപ്പററി നാം സാധാരണമായി സംസാരിക്കുവാൻ തുടങ്ങുമ്പോൾ എല്ലാവൎക്കും ഒരേ സദാചാരപദ്ധതി ആണു് ഉള്ളതെന്നും എല്ലാ സമുദായങ്ങൾക്കും ഒരേ ആദൎശംതന്നെയാണു് ഉള്ളതെന്നും ഉള്ള ധാരണയോടുകൂടിയാണു് നാം അതിന്നു് പുറപ്പെടാറുള്ളതു്. മററുള്ളവരുടെ യോഗ്യതായോഗ്യതകളെ തീരുമാനിക്കുന്ന സംഗതിയിൽ സാധാരണമായി നമുക്കു നല്ല സംഗതികളെല്ലാം എല്ലാവൎക്കും നല്ലതായിരിക്കുമെന്നാണു് വിശ്വാസം. നാം ചെയ്യുന്നതുമാത്രം ശരിയായിട്ടുള്ളതാണെന്നു് നാം ഉറപ്പിക്കുന്നു. നാം ചെയ്യാത്ത സംഗതികൾ അന്യന്മാർ പ്രവൎത്തിച്ചുകാണുമ്പോൾ അതിനെ അത്യന്തഭയങ്കരമായി വിചാരിക്കുകയും ചെയ്യുന്നു. ഞാൻ ഇതു് ആരേയും ആക്ഷേപിച്ചു് പറയുന്നതല്ല; ഈ പരമാൎത്ഥത്തെ നിങ്ങളുടെ മനസ്സിൽ ഓൎമ്മിപ്പിക്കേണ്ടതു് അത്യാവശ്യമാകയാൽ അങ്ങിനെ ചെയ്യുന്നു എന്നേയുള്ളൂ. ചൈനരാജ്യത്തിലെ സ്ത്രീജനങ്ങളുടെ കാലടികളെ ഇരുമ്പുറയിലിട്ടു് വിരൂപപ്പെടുത്തുന്നതിനെപ്പററി പാശ്ചാത്യവനിതകൾ ആക്ഷേപിക്കുന്നതു കേൾക്കുമ്പോൾ അവരുടെ സ്വന്തസമുദായത്തിന്നു് അതിനേക്കാൾ എത്രയൊ ഭീമവും ഭയങ്കരവും ആയ വിപത്തിന്നു് നിദാനമായ അവരുടെ ചട്ട ചെയ്യുന്ന വൈരൂപ്യത്തെപ്പററി അവരാരും തന്നെ ചിന്തിക്കുന്നതായി ഞാൻ കാണുന്നില്ല. ഇറുക്കമേറിയ ചട്ടകൾ ഉപയോഗിക്കുന്നതുകൊണ്ടു് എല്ലാ അവയവങ്ങളും സ്ഥാനത്തുനിന്നു തെററുകയും

കശേരു ഒരു സൎപ്പത്തെപ്പോലെ വളഞ്ഞതായിത്തീരുകയും ചെയ്കയാൽ മനുഷ്യശരീരത്തിന്നു് ഇവ ചെയ്തതും ചെയ്യുന്നതുമായ ദോഷത്തിന്റെ ആയിരത്തിൽ ഒരുഭാഗം ദോഷം മാത്രമെ കാലിനെ ഇരുമ്പുകൂട്ടിൽ ഇട്ടു ശോഷിപ്പിക്കുന്നതുകൊണ്ടു് സംഭവിക്കുന്നുള്ളു. ഇതു് ഒരു ഉദാഹരണം മാത്രമാണു്. ശരിയായി അളവെടുത്തു നോക്കുമ്പോൾ ഈ വളവിന്റെ സ്വഭാവം നിങ്ങൾക്കു് നല്ലപോലെ ബോധ്യപ്പെടുന്നതാണു്. ഞാൻ ഇതൊരു കുറ്റംപറയുകയാണെന്നു് നിങ്ങൾ വിചാരിക്കരുതു്. നിങ്ങൾക്കു് കാൎയ്യസ്ഥിതി മനസ്സിലാക്കുവാൻ വേണ്ടി ഇത്രയും പറഞ്ഞു എന്നുമാത്രമേയുള്ളു. അന്യസ്ത്രീകൾ നിങ്ങളുടെ സ്വഭാവത്തെ അനുകരിക്കുന്നില്ലെന്നുവെച്ചു് നിങ്ങൾ പ്രമാണികളാണെന്നുള്ള നാട്യത്തോടുകൂടി അവരെ പറ്റി ആക്ഷേപമായും ഹാസ്യമായും സംസാരിക്കുമ്പോൾ അവരും അതുപോലെതന്നെ നിങ്ങളെപ്പറ്റിയും വിചാരിക്കുമെന്നു് നിങ്ങൾ ധരിച്ചിരിക്കേണ്ടതാകുന്നു.

അതിനാൽ രണ്ടുഭാഗക്കാരിലും ഏതാനും തെറ്റിദ്ധാരണകളെല്ലാം ഉണ്ടു്. എന്നാലും നമ്മുടെ പ്രവൃത്തിക്കു് നിദാനമായി പൊതുവിൽ ഒരു പ്രവൃത്തിരംഗവും അന്യോന്യം അറിയുവാൻ പൊതുവിൽ ഒരു സ്ഥാനവും പൊതുവിൽ മനുഷ്യസാധാരണമായ ഒരു സ്വഭാവവും ഇല്ലായ്കയില്ല. മനുഷ്യസ്വഭാവവും അവിടെയും ഇവിടേയുമായി ഭാഗം ഭാഗമായി പ്രവൎത്തിക്കുന്നതേയുള്ളു. ആ സ്വഭാവത്തിന്റെ പൂൎണ്ണവും മുഴുവനും ആയ സ്വഭാവത്തെ നാം മനസ്സിലാക്കണം. ഒരുവനിൽ എല്ലാം പരിപൂൎണ്ണമായി ഉണ്ടാകുകയില്ല. അതിന്നു് ഈശ്വരൻ അനുവദിച്ചിട്ടില്ല. നിങ്ങൾക്കു് ഒരു ഭാഗം പ്രവൎത്തിക്കുവാനുണ്ടു്. അതുപോലെ എന്നാൽ ആവതുപോലെ പ്രവൎത്തിക്കുവാൻ എനിക്കും ഉണ്ടു് ഒരു ഭാഗം. ഇങ്ങിനെ ഓരോരുത്തരും അവിടേയും ഇവിടേയും ആയി ഓരോ ഭാഗം പ്രവൎത്തിച്ചുകൊണ്ടിരിക്കുകയാണു്. പരിപൂൎണ്ണത എന്നു പറയുന്നതു് ഈ

വിഭിന്നഭാവങ്ങളുടെയെല്ലാം സമ്യക്കായുള്ള സമുച്ചയഭാവത്തെയാണ്. ഇതു് വ്യക്തമായ മനുഷ്യരെ സംബന്ധിക്കുന്നതുപോലെതന്നെ സമുദായങ്ങൾക്കും പൊതുവിലും ബാധിക്കുന്ന സംഗതിതന്നെയാണ്. ഓരോ സമുദായത്തിന്നും പ്രവൎത്തിക്കുവാനുള്ളതു ഓരോ ഭാഗമാകുന്നു. ഓരോ സമുദാത്തിന്നും മനുഷ്യസ്വഭാവത്തിന്റെ ഓരോ ഭാഗമാണ് അഭിവൃദ്ധിപ്പെടുത്തുവാനുള്ളതു്. നാം പരിപൂൎണ്ണതയെ കണക്കാക്കുമ്പോൾ ഈ വിഭിന്നഭാഗങ്ങളെയെല്ലാം ഒന്നായി കൂട്ടിച്ചേൎക്കണം. ഒരു പക്ഷെ വിദൂരമായ ഭാവിയിൽ ഈവക ഓരോ വ്യക്തിഗതസമുദായങ്ങളും കാലക്രമേണ പ്രാപിക്കുന്ന സമ്പൂൎണ്ണഭാവത്തെ ഒന്നിച്ചു കൂട്ടിച്ചേൎത്തു, ഇതിന്നുമുമ്പിൽ സ്വപ്നംകാണുകപോലും ചെയ്തിട്ടില്ലാത്തവിധത്തിൽ സൎവ്വഭാഗങ്ങളുടേയും പരിപൂൎണ്ണഭാവത്തോടുകൂടി ഒരു സമുദായം ഉണ്ടാകുവാനും മതി. ആൎക്കറിയാം. ഇത്രയും പ്രസ്താവിക്കുകയെന്നുമാത്രമല്ലാതെ എനിക്കു ആരേയും ഒന്നുംതന്നെ ആക്ഷേപിക്കുവാനില്ല. ഞാൻ എന്റെ ഈ ജീവിതകാലത്തു് വളരെയൊക്കെ സഞ്ചരിക്കുക ഉണ്ടായിട്ടുണ്ടു്. ഇക്കാലത്തെല്ലാം ഞാൻ എന്റെ കണ്ണുകളെ നല്ലതുപോലെ തുറന്നുവയ്ക്കുകയും ചെയ്തിരുന്നു. എന്നാൽ എന്റെ സഞ്ചാരം അധികരിക്കുന്നതിന്നനുസരിച്ചു എന്റെ വായ് കൂടിക്കൂടിക്കൊണ്ടുവരികയാണു ചെയ്തിട്ടുള്ളതു്. അതിനാൽ എനിക്കു ആരേയും കുററംപറയുവാനില്ല.

ഇന്ത്യൻസ്ത്രീകളുടെ ആദൎശഭാവം മാതൃഭാവമാണ്. ആദിയിലും മാതൃഭാവംതന്നെ ഒടുവിലും മാതൃഭാവംതന്നെ. ഒരു ഹിന്ദുവിന്റെ മനസ്സിൽ സ്ത്രീശബ്ദം കേൾക്കുമ്പോൾതന്നെമാതൃഭാവമാണ് സ്ഫുരിക്കുന്നതു്. ഈശ്വരനെക്കൂടെയും അവർ അമ്മയെന്നു പറയുന്നു. കുട്ടിക്കാലത്തു, കൊച്ചുകുഞ്ഞുങ്ങളുടെ ഭാവത്തിൽ പ്രതിദിവസം പ്രഭാതത്തിൽ എല്ലാ കുട്ടികളും ഒരു ചെറിയ കപ്പിൽ നിറയെ വെള്ളവും എടുത്തു് മാതൃപൂജയ്ക്കു ചെല്ലുന്ന പതിവുണ്ടു്. ആ വെള്ളം അവർ അമ്മയുടെ

മുമ്പിൽകൊണ്ടുവച്ച് അമ്മയെ തൊഴുന്നു. അമ്മ ആ വെള്ളത്തിൽ അവരുടെ വലത്തെക്കാലിൻെറ പെരുവിരൽ മുക്കും. അതിനുശേഷം ആ ബാലൻ ആ വെള്ളത്തെ തീർത്ഥമാക്കിയെടുത്തു സേവിക്കുകയുംചെയ്യും. (വടക്കെഇന്ത്യയിൽ ഈ സമ്പ്രദായം ചിലേടങ്ങളിൽ ഇന്നും നടപ്പുണ്ട്.) അങ്ങിനെയാണ് അവിടത്തെ സ്ത്രീകളുടെ ഭാവം. പാശ്ചാത്യരാജ്യങ്ങളിൽ സ്ത്രീകളുടെ ആദർശഭാവം ഭാര്യയുടേതാണ്. ഇവിടെ സ്ത്രീസ്വഭാവം മുഴുവനും ആ സ്ഥാനത്തിൽ, ഭാര്യാപദവിയിൽ അടങ്ങികൂട്ടംമറിഞ്ഞുകിടക്കുന്നതു്. ഇന്ത്യയിലെ ഒരു സാധാരണക്കാരനുപോലും സ്ത്രീഭാവത്തിൻെറ സർവ്വശക്തികളും മാതൃഭാവത്തിലാണ് ഏകീകൃതമായിട്ടുള്ളതു്. പാശ്ചാത്യഗൃഹത്തിലെ ഭരണാധികാരി ഭാര്യയാണ്. ഇന്ത്യൻഗൃഹത്തിൽ മാതാവാണു ഭരിക്കുന്നതു്. പാശ്ചാത്യരുടെ വീട്ടിൽ അമ്മ വരുന്നതായാൽ അവർ ഭാര്യയ്ക്കു അധീനയായിത്തന്നെ വർത്തിക്കണം. വീട് ഭാര്യയ്ക്കു വേണ്ടതാണ്. എന്നാൽ ഞങ്ങളുടെ രാജ്യത്തു ഗൃഹം അമ്മയുടേതാകുന്നു. അവിടെ ഭാര്യ വരുമ്പോൾ അവൾക്ക് അധീനമായി ജീവിച്ചേ മതിയാകൂ. ആശയങ്ങളുടെ വ്യത്യാസം നോക്കുക.

ഇനി ഇതിൽ ഏതു ഭാവമാണ് പൂജ്യവും സ്വീകാര്യവും ആയിട്ടുള്ളതു് എന്നാണു ആലോചിക്കുവാനുള്ളതു്. അതിനായി താരതമ്യവിവേചനത്തിന്നു ഏതാനും സൂചനകൾ മാത്രം തരുവാനെ ഞാൻ ഒരുങ്ങുന്നുള്ളൂ. ഞാൻ വാസ്തവസംഗതികളെ ഇരുഭാഗത്തും ആവിഷ്കരിക്കാം. അവയെ നിങ്ങൾതന്നെ തുലനംചെയ്തു സംഗതിയെ തീരുമാനിച്ചാൽ മതി. ഇങ്ങിനെ ഒന്നു താരതമ്യപ്പെടുത്തി നോക്കുവിൻ. "ഒരു ഭാര്യയുടെ നിലയിൽ ഒരു ഇന്ത്യൻസ്ത്രീക്കുള്ള സ്ഥാനമെന്തു്?" "ഭാര്യാലോകത്തിൽ ഹിന്ദുസ്ത്രീ എവിടെ? എന്നു നിങ്ങൾ ചോദിക്കുന്നതായാൽ മാതൃസ്ഥാനത്തു അമേരിക്കൻസ്ത്രീ എവിടെ? അമ്മയുടെ നിലയിൽ അവൾക്കുള്ള സ്ഥാനമേതു്? ഈ ശരീരത്തെ നമുക്കു തന്നിരിക്കുന്ന ആ സർവ്വോത്തമയായ

മാതാവെവിടെ? ഒമ്പതുമാസം എന്നെ വയററിലിട്ടു് കെട്ടിപ്പേറിനടന്നു അനേകദുഃഖങ്ങൾ അനുഭവിച്ചു് ഒടുവിൽ അസഹ്യമായ സൂതികാനോവേററു പ്രസവിച്ചു് പിന്നെ സകലസുഖങ്ങളും ത്യജിച്ചു് കണക്കില്ലാതെ ബുദ്ധിമുട്ടി എന്നെ രക്ഷിച്ചുകൊണ്ടുവന്ന മാതാവു് അമേരിക്കയിൽ എവിടെ? എനിക്കു വേണമെങ്കിൽ എത്രതവണ വേണമെങ്കിലും ജീവനെ ത്യജിക്കുവാൻ തയ്യാറുള്ള ആ കരുണാമൂർത്തിയായ മാതാവു് എവിടെ? മക്കൾ എത്രതന്നെ ദുഷ്ടന്മാരും ദുർമ്മാർഗ്ഗികളും അസത്തുക്കളും ആയാലും ലോകമാസകലം വെറുക്കപ്പെട്ടവരായാലും തൻെറ വാത്സല്യത്തിനു യാതൊരു കുറവും ഇല്ലാത്ത അമ്മ എവിടെ? എൻെറ പ്രവൃത്തിയിൽ അല്പം വല്ല നീരസവുംകാണുന്ന നിമിഷത്തിൽ വിവാഹമോചനക്കോടതിയിൽ ഓടിയെത്തുവാൻ ബദ്ധപ്പെടുന്ന ആ ദിവ്യൈകഭക്തിയോടു താരതമ്യപ്പെടുത്തുമ്പോൾ ഈ അമ്മയുടെ സ്ഥാനമേതു്? ഓ! അമേരിക്കൻവനിതകളേ! അവർ നിങ്ങളുടെ ഇടയിൽനിന്നു് എവിടെപ്പോയി മറഞ്ഞിരിക്കുന്നു? എന്നു ഇന്ത്യൻ നിങ്ങളോടും ചോദിക്കും. അവരെ ഞാൻ നിങ്ങളുടെ രാജ്യത്തിൽ ഒരിക്കലും കാണുകയില്ല. ഒന്നാമതായി അമ്മ എന്നുവിചാരിക്കുന്ന ഒരു മകനെപ്പോലും ഞാൻ ഇവിടെ കണ്ടിട്ടില്ല. ഞങ്ങൾ മരിക്കുന്ന സമയത്തിൽപോലും ഞങ്ങളുടെ ഭാര്യയ്ക്കും സന്താനങ്ങൾക്കും അമ്മയ്ക്കുതാഴെയായ ഒരു സ്ഥാനംമാത്രമേ കല്പിക്കുന്നുള്ളു. അപ്പൊഴും ഏതൊരു ഹിന്തുവും നിലവിളിക്കുക, ഏതു ദുഃഖത്തിലും ഒരു ഹിന്തു അഭയസ്ഥാനമായി കരുതുക അവൻെറ അമ്മയെയാണു്. അമ്മ! അമ്മ!! അമ്മയ്ക്കുമുമ്പിലായി മകനാണു മരിക്കുവാൻ സംഗതിയാകുന്നതെങ്കിൽ അവനു് അമ്മയുടെ മടിയിൽ തലവെച്ചുകൊണ്ടുതന്നെ മരിക്കണം. അവർ എവിടെ? എന്താ ഈ സ്ത്രീ എന്നതു് ഈ സ്ഥൂലദേഹത്തോടു മാത്രംയോജിക്കുവാനുള്ള ഒരു യന്ത്രമാണെന്നാണോ നിങ്ങളുടെ വിചാരം? ഹാ! മാംസം മാംസത്തോടു് യോജിക്കണം, അതാണു സർവോത്തമമായിട്ടുള്ളതു് എന്ന ഈ ആശയങ്ങൾ

കേൾക്കുമ്പോൾ ഒരു ഹിന്ദു ഭയവിഹ്വലനായിപ്പോകും. ഭയങ്കരം. മഹതികളേ! മാംസികമായ യാതൊന്നിനോടും കൂടി സംഘടിക്കപ്പെടേണ്ടവരല്ല നിങ്ങൾ. നിങ്ങളുടെ പവിത്രനാമം എന്നന്നേയ്ക്കുമായി പരിശുദ്ധമായി തീൎന്നിരിക്കുന്നു. അമ്മ എന്ന ആ ദിവ്യനാമത്തേക്കാൾ കാമത്തിന്നും രാഗത്തിന്നും അടുത്തുചെല്ലുവാൻ പാടില്ലാത്തതായി ലോകത്തിൽ മററൊന്നേതാണുള്ളതു്? കാമത്തിന്നും രാഗത്തിന്നും സമീപിക്കുവാൻ സാധിക്കാത്ത ആ ദിവ്യപരിശുദ്ധമാതൃപദവികൊണ്ടു നിങ്ങൾ ദിവ്യത്വത്തെ പ്രാപിച്ചുകഴിഞ്ഞിരിക്കുകയാൽ മാംസത്തോടുമാത്രം സംബന്ധപ്പെട്ടു നില്ക്കേണ്ടവരല്ല നിങ്ങൾ. ഇതാണു ഇന്ത്യയിലെ ആദർശം.

ഇവിടെ കത്തോലിക്ക ക്രിസ്ത്യൻപള്ളികളിലുള്ള Mendicant Friars നെപ്പോലെയുള്ള ഒരു വർഗ്ഗത്തിൽ ഉൾപ്പെട്ട ഒരുവനാകുന്നു് ഞാൻ. അതായതു് ഞങ്ങൾ പറയത്തക്ക വസ്ത്രാലങ്കാരങ്ങളൊന്നും കൂടാതെ നാടുതോറും തെണ്ടി വീട്ടുതോറും ഭിക്ഷയെടുത്തു്, ആവശ്യപ്പെടുന്നവൎക്ക് ആവശ്യമുള്ള വിവരങ്ങൾ പറഞ്ഞുകൊടുത്തു് കിട്ടുന്ന സ്ഥലത്തുകിടന്നു് കഴിച്ചുകൂട്ടുകയെന്നാണു് ഞങ്ങളുടെ ആശ്രമധൎമ്മം. ഈ ആശ്രമത്തിലുള്ളവരെല്ലാം എല്ലാ സ്ത്രീകളേയും അമ്മ എന്നു് വിളിക്കണം എന്നാണു് നിശ്ചയം. എല്ലാ സ്ത്രീകളേയും ചെറിയ പെൺകുട്ടികളെപ്പോലും അവിടെ അമ്മ എന്നുതന്നെ വിളിച്ചുവരുന്ന പതിവാണു് ഇന്നും ഇന്ത്യയിൽ എങ്ങും ഉള്ളതു്. (ഒരു ഭിക്ഷക്കാരൻകൂടെ അമ്മയെ വിളിച്ചു് ഭിക്ഷ യാചിക്കുന്നതിന്റെ കാരണം ഇതാണു്.) ഈ പാശ്ചാത്യരാജ്യത്തിലേക്കു വന്നതിനുശേഷം എനിക്കു് ആ പഴയ സ്വഭാവം തന്നെയാണുള്ളതു്. അതിനാൽ ഞാൻ വല്ല സ്ത്രീകളോടും "അതെ അമ്മേ" എന്നു പറയുമ്പോഴേക്കും അവർ എന്തെന്നില്ലാതെ ഭയപ്പെട്ടുപോകുന്നു. എന്നാൽ അവർ ഇത്രയൊക്കെ ഭയപ്പെടുന്നതിന്റെ കാരണം എന്താ

ണെന്നു എനിക്കു ആദിയിൽ മനസ്സിലായില്ല. പിന്നെയാണു് എനിക്കു കാൎയ്യം മനസ്സിലായതു്. അമ്മേ! എന്നു് വിളിക്കുമ്പോൾ അവർ പ്രായം ചെന്നവരാണെന്ന ഒരൎത്ഥം സ്ഫുരിക്കുന്നുണ്ടല്ലോ എന്നുവെച്ചാണു് ഈ ഭയമെല്ലാം. ഇന്ത്യൻ വനിതാലോകത്തിൻെറ ആദൎശം അതിനാൽമാതൃഭാവമാകുന്നു. ആ അത്ഭുതകരവും, നിസ്വാൎത്ഥവും, സൎവ്വസഹ്യസ്വഭാവവും, സൎവ്വം ക്ഷമിക്കുന്ന സ്വഭാവവും ചേൎന്നുള്ള മാതൃഭാവമാണു് അവരുടെ ആദൎശം. ഭാൎയ്യയുടെ നില പിന്നാലെ ഒരു ഛായ പോലെയാണു്. അവൾ അമ്മയുടെ ധൎമ്മത്തെ കണ്ടുപിടിച്ചു് അതുപോലെ നടക്കണം അതാണു അവളുടെ ധൎമ്മം. വാത്സല്യത്തിൻെറ പ്രത്യക്ഷമൂൎത്തിതന്നെയാണു് അമ്മ. ഗൃഹത്തെ ഭരിക്കുന്നതു് അവരാണു്. കുടുംബവും അവരുടേതുതന്നെ; ഒരു കുട്ടി എന്തെങ്കിലും വികൃതി കാണിച്ചാൽ അതിനു് അവനെ ശിക്ഷിക്കുന്നതു് ഇന്ത്യയിൽ അച്ഛനാണു്. അതുകാണുമ്പോൾ അമ്മയ്ക്കു സഹിക്കയില്ല. അവർചെന്നു് നടുവിൽ ചാടിവീഴും. ഇവിടെ അതിന്നു നേരെ വിപരീതമാണെന്നു് നിങ്ങൾക്കുതന്നെ അറിവും അനുഭവവും ഉണ്ടല്ലോ. ഇവിടെ കുട്ടികളെ പിടിച്ചുകെട്ടി അടിക്കുന്നതു് അമ്മയാണു്. അതുകാണുമ്പോൾ ആ പാവപ്പെട്ട അച്ഛനാണു് ഇടയിൽ ചാടി വീഴുന്നതു്. കണ്ടുവൊ ആദൎശത്തിൻെറ വ്യത്യാസം. ഞാൻ ഇതു് നിങ്ങളുടെ മേൽ കുററം പറയുകയല്ല. നിങ്ങളുടെ ഈ തോതും നല്ലതു തന്നെയായിരിക്കാം. പക്ഷെ ഞങ്ങൾ അനേക ശതവൎഷങ്ങളായി അഭ്യസിച്ചു പോന്നിരിക്കുന്നതു് അങ്ങിനെയാണു്. അവിടെ ഒരു മാതാവു് ഒരു ശിശുവിനെ ശപിക്കുന്നതായി ഒരിക്കലും കേൾക്കയില്ല. അവർ ക്ഷമാരൂപയാണു്. സദാ ക്ഷമൈക സ്വരൂപതന്നെയാണു്. നിങ്ങളുടെ "സ്വൎഗ്ഗസ്ഥനായ 'പിതാ'വി" നുപകരം ഞങ്ങൾക്കു് എല്ലായ്പോഴും അമ്മയാണു്. ആ വാക്കും ആ ഭാവവും ഒരു ഹിന്ദുവിൻെറ മനസ്സിൽ അഖണ്ഡപ്രേമത്തോടും നിരന്തരം സംബന്ധപ്പെട്ടാണു കിടക്കുന്നതു്. ഈനശ്വരമായ നമ്മുടെ ലോകത്തിൽ ഈശ്വര

ൻെറ വാത്സല്യത്തോട് അടുത്തു നിൽക്കുന്ന വാത്സല്യം അമ്മയുടേതാണ്. "അമ്മേ! എൻെറ അമ്മേ! എന്നോടു കരുണ കാണിക്കണെ! ഞാൻ ചീത്തയാണു്. അമ്മയുടെ സന്താനങ്ങളിൽ പലരും ദുഷിച്ചുപോയിട്ടുണ്ടായിരിക്കാം. എന്നാൽ അമ്മ ഒരിക്കലും ദുഷിക്കുക ഉണ്ടായിട്ടില്ലല്ലൊ." എന്നു് മഹാഋഷിയായ രാമപ്രസാദൻ * പാടുകയുണ്ടായിട്ടുണ്ടു്.

ഇങ്ങിനെയാണു് ഹിന്തുമാതാവിൻെറ സ്ഥിതി. തൻെറ മകളെ കല്യാണം കഴിച്ചു് കൊണ്ടുപോകുന്ന സ്ഥാനത്തു് മകളായി മകൻെറ ഭാൎയ്യ വരികയായി. മകൻ കല്യാണംകഴിച്ചു് മറെറാരു മകളെ കൊണ്ടുവരുന്നു. അവൾ അമ്മയുടെ ഭരണത്തിന്നു് അധീനയായിവേണം ജീവിക്കുവാൻ. ഒരിക്കലും വിവാഹം കഴിക്കുവാൻപാടില്ലാത്ത വൎഗ്ഗത്തിൽ ഉൾപ്പെട്ടവനായ ഞാൻതന്നെ എൻെറ ഭാൎയ്യ (ഞാൻ വിവാഹം കഴിച്ചിട്ടില്ല; തല്ക്കാലം എനിക്കൊരു ഭാൎയ്യയുണ്ടെന്നു് വിചാരിക്കുക) അമ്മയെ അനിഷ്ടപ്പെടുത്തുവാൻ മുതിരുന്നതു കണ്ടാൽ എൻെറ ഭാൎയ്യയോടു് കഠിനമായി കോപിക്കുന്നതായിരിക്കും. അതേ, എനിക്കു് തീൎച്ചയായും അതു് അനിഷ്ടകരമായിരിക്കും. എന്തുകൊണ്ടു്? എന്തു്! ഞാൻ എൻെറ അമ്മയെ പൂജിക്കുന്നില്ലയൊ? അങ്ങിനെ പൂജാൎഹയായ എൻെറ അമ്മയെ ധിക്കരിച്ചു നടക്കുവാൻ അവൾ ആരാണു്. അവളുടെ സ്ത്രീത്വം പരിപൂൎണ്ണതയെ പ്രാപിക്കുന്നതുവരെ അവൾ ക്ഷമയോടുകൂടി

* രാമപ്രസാദൻ ബങ്കാളത്തിൽ ജീവിച്ചിരുന്ന ഒരു ഉത്തമഭക്തനും ഗായകകവിയും ആയിരുന്നു. ഇദ്ദേഹം അനേക കീൎത്തനങ്ങൾ രചിച്ചു് ദേവിയെ സ്തോത്രം ചെയ്തിട്ടുണ്ടു്. ഈ സ്തോത്രങ്ങളെല്ലാം ഒരുപോലെ ഭക്തിപ്രവാഹത്തോടു കൂടിയവയാകുന്നു. ഭഗവാൻ ശ്രീരാമകൃഷ്ണൻ പലപ്പൊഴും രാമപ്രസാദൻെറ പാട്ടു് പാടുക പതിവുണ്ടായിരുന്നു. വിവേകാനന്ദസ്വാമികൾക്കും രാമപ്രസാദൻെറ പാട്ടുകൾ വളരെ പത്ഥ്യമായിരുന്നു. സ്വാമികൾ ഈ പാട്ടുകൾ പാടികൊണ്ടിരിക്കാറുണ്ടു്.

ഇരിക്കുകതന്നെ വേണം. സ്ത്രീത്വത്തെ പരിപൂൎണ്ണമാക്കുന്ന
ഏകസംഗതി, അതായതു് സ്ത്രീയിലെ സ്ത്രീത്വത്തെ പൂൎണ്ണമാ
ക്കുന്നതു്, അവരുടെ മാതൃഭാവമാണു്. അവർ മാതൃഭാവം
സ്വീകരിക്കുന്നതുവരെ കാത്തിരിക്കട്ടെ. അപ്പോൾ അവൎക്കും
ഇതുപോലെയുള്ള അവകാശാധികാരങ്ങളെല്ലാം ഉണ്ടായി
ക്കൊള്ളും. മാതാവാകുക എന്നുള്ളതാണു്, ഒരു ഹിന്ദുവിന്റെ
മനസ്സിൽ, സ്ത്രീകളുടെ അത്യുൽകൃഷ്ടമായ കൎത്തവ്യധൎമ്മം.
പക്ഷെ, അതു് ഹ! എത്ര വ്യത്യാസപ്പെട്ടതു്; എത്രയെത്ര
വ്യത്യാസപ്പെട്ടതു്! ഞാൻ ജനിക്കുവാൻ വേണ്ടി എന്റെ
അച്ഛനമ്മമാർ അനേകകൊല്ലങ്ങൾ വ്രതങ്ങളും പ്രാൎത്ഥനകളും
നടത്തുക ഉണ്ടായിട്ടുണ്ടു്. ഞാൻ ജനിക്കുവാൻവേണ്ടി മാത്ര
മല്ല, എന്റെ മാതാപിതാക്കന്മാർ മാത്രവുമല്ല ഇങ്ങിനെ പ്രാ
ൎത്ഥിക്കാറുള്ളതു്. ഓരോ സന്താനവും ജനിക്കുന്നതിന്നു് എല്ലാ
വരുംഇങ്ങിനെ പ്രാൎത്ഥിക്കാറുണ്ടു്. വലിയ ധൎമ്മശാസ്ത്രകൎത്താവാ
യ മനു "ആൎയ്യൻ" എന്ന പദത്തെ നിൎവ്വചിച്ചിരിക്കുന്നസ്ഥ
ലത്തു്: "പ്രാൎത്ഥനയുടെ ഫലമായി ജനിക്കുന്നവനാകുന്നു
ആൎയ്യൻ" എന്നു് പറഞ്ഞിട്ടുണ്ടു്. ഈ വലിയധൎമ്മശാസ്ത്രകൎത്താ
വിന്റെഅഭിപ്രായപ്രകാരം പ്രാൎത്ഥനകൂടാതെ ജനിക്കുന്ന സ
ന്താനംശരിയായ ഹിന്ദുവല്ല എന്നുകൂടെവരുന്നുണ്ടു്. പുത്രന്മാൎക്കു
അത്യാവശ്യം വരുമ്പോൾ മാത്രമേ പ്രാർത്ഥിക്കാവൂ. അതിനാൽ
വെറും കാമപൂൎത്തിക്കായി മാത്രം പുത്രോല്പാദനമുണ്ടാകയില്ല.
ഇന്നു് കണക്കില്ലാത്ത സന്താനങ്ങളെ ജനിപ്പിച്ചു് കഷ്ടപ്പെ
ടുന്ന സമ്പ്രദായം എത്ര അനാൎയ്യമായിരിക്കുന്നു. പാരമ്പൎയ്യത്തി
ന്റെനിലനില്പിന്നായി ഇങ്ങിനെ രണ്ടുമൂന്നുപുത്രന്മാരെ പ്രാ
ൎത്ഥിച്ചു് ജാതരാക്കാം. അതിലധികമായി പാടില്ല. ദാമ്പ
ത്യത്തിന്റെ അൎത്ഥവും ആവശ്യവും അതാകുന്നു. അതിനാൽ
ശിശു പ്രാൎത്ഥനയുടെ ഫലമായിരിക്കണം. പുത്രനുണ്ടാകണ
മെന്നു് പ്രാർത്ഥിക്കണം. മറ്റെ സന്താനങ്ങൾ—ശാപത്തെ
വഹിച്ചുകൊണ്ടു്, നമ്മളാൽ തടുക്കുവാൻ സാധിക്കാത്ത
വികാരത്തോടുകൂടിയ സമയങ്ങളിൽ ഭൂമിയിലേക്കു ചാടി

വിഴുന്ന സന്താനങ്ങഠ—ഹ! അവരെക്കൊണ്ടു എന്തിനുകൊള്ളും. അവർ ഒന്നിന്നും യോഗ്യരായിരിക്കയില്ല. അമേരിക്കയിലെ മാതാക്കന്മാരെ! നിങ്ങഠ ഈ സംഗതി നല്ലപോലെ ഓർമ്മിക്കേണ്ടതാകുന്നു. നിങ്ങഠ ഒരു മാതാവായിരിക്കുവാൻ തയ്യാർതന്നെയാണൊ എന്നു് നിങ്ങഠ നല്ലവണ്ണം ആലോചിച്ചുനോക്കുവിൻ. നിങ്ങഠ നിങ്ങളുടെ സമുദായത്തിന്റെ പ്രാമാണ്യം വിചാരിച്ചോ നിങ്ങളുടെരാജ്യത്തിന്റെ യോഗ്യതയോർത്തോ നിങ്ങളുടെ രാഷ്ട്രീമസ്ഥിതിയെ ലക്ഷ്യമാക്കിയൊ അഹംഭാവിക്കുകയൊന്നും വേണ്ട. ദുഃഖവും സങ്കടവും ആപത്തും അസഹ്യതയും നിറഞ്ഞിരിക്കുന്ന നമ്മുടെ ഈ നശ്വരമായ ഇഹലോകജീവിതത്തിൽ ഈവക സംഗതികളാൽ അഹംഭാവിയും ഗർവ്വിഷ്ഠനുമാകുവാൻ ധൈൎയ്യപ്പെടുന്നതു് എത്ര വലിയ ഭോഷത്വമാകുന്നു! ഈശ്വരന്റെ അഖണ്ഡശക്തിയുടെ മുമ്പിൽ നമ്മഠ ആരാണു്? അതിനാൽ അവക വിചാരങ്ങളെല്ലാം നിങ്ങഠ ദൂരെ കളയേണ്ടതാകുന്നു. ഇനി "നിങ്ങളെല്ലാം സന്തതിലാഭത്തിന്നായി പ്രാർത്ഥിക്കുന്നുണ്ടൊ? നിങ്ങഠ മാതാക്കളാകുവാൻ ഈശ്വരാനുഗ്രഹം കാംക്ഷിക്കുന്നുണ്ടൊ? മാതൃത്വംകൊണ്ടു് നിങ്ങഠ പുണ്യാത്മാക്കളായി തീരുമെന്നു് നിങ്ങഠ വിചാരിക്കുന്നുണ്ടൊ?" എന്ന ചോദ്യം ഞാൻ ഇന്നു് നിങ്ങളോടു് ചോദിച്ചുകൊള്ളട്ടെ. ഈ ചോദ്യം നിങ്ങഠ നിങ്ങളുടെ മനസ്സിനോടുതന്നെ ചോദിച്ചുനോക്കുവിൻ. ഇല്ലെങ്കിൽ, നിങ്ങഠക്കു് ആവകയൊന്നും ഇല്ലെങ്കിൽ, നിങ്ങളുടെ വിവാഹം അനാവശ്യമായിപ്പോയി, നിങ്ങളുടെ സ്ത്രീത്വം മിഥ്യയായിപ്പോയി, നിങ്ങളുടെ വിദ്യാഭ്യാസം വെറും അന്ധവിശ്വാസസംസ്കരണമായിപ്പോയി. നിങ്ങഠക്കു് സന്താനങ്ങഠ ഉണ്ടാകുന്നപക്ഷം, അവർ മനുഷ്യസമുദായത്തിന്നു് ശാപമായിത്തീരുന്നതും ആയിരിക്കും.

ഇപ്പോഠ നമ്മുടെ മുമ്പിൽ ആവിർഭവിക്കുന്ന വ്യത്യസ്ത ആദർശങ്ങളെ നോക്കുക. മാതൃത്വത്തോടുകൂടിത്തന്നെ ആത്യ

ഗ്രങ്ങളായ ഉത്തരവാദിത്വങ്ങളും ഉണ്ടാകുന്നുണ്ടു്. ഇതിനെ അടിസ്ഥാനമാക്കി ഇവിടെനിന്നു് നമുക്കു് പുറപ്പെട്ടുനോക്കാം. ശരി: ഒരു മാതാവിനെ ഇത്രയൊക്കെ ബഹുമാനിക്കേണ്ട കാൎയ്യമെന്താണു്? കുട്ടിക്കു് അതിന്റെ ജീവിതദശയിൽ നല്ലവനും കെട്ടവനും ആയിരിക്കുവാനുള്ള വാസനകൊടുക്കുന്ന സ്ഥായിയായശക്തി അമ്മയാണെന്നാണു് ഞങ്ങളുടെ ഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടുള്ളതു്. നൂറായിരം സർവ്വകലാശാലകളിൽ ചെന്നുനോക്കുക; ലക്ഷോപലക്ഷം ഗ്രന്ഥങ്ങൾ പഠിച്ചുനോക്കുക; ലോകത്തിലെ വിദ്വാന്മാരെയെല്ലാം കണ്ടു് പരിചയിച്ചുനോക്കുക—അതുകൊണ്ടൊന്നും ഒരു ഫലവും ഇല്ല. നിങ്ങൾ നന്മയ്ക്കോ തിന്മയ്ക്കോ ഒന്നിനായിട്ടാണു് ജനിച്ചിട്ടുള്ളതു്. കുട്ടി ജന്മനാ ഒരു ദേവനായിരിക്കും; അല്ലെങ്കിൽ ഒരു രാക്ഷസനായിരിക്കുവാനും മതി; എന്നാണു് ഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടുള്ളതു്. നിങ്ങളുടെ വിദ്യാഭ്യാസവും മററനേകം കൊനുഷ്ഠകളും വരുന്നതൊക്കെ പിന്നെ. അവയെല്ലാം വെറും അലങ്കാരം. ജനനാലുള്ളതുതന്നെ നിങ്ങൾ. നിങ്ങൾ ജനനാൽ ഒരു രോഗിയാണെങ്കിൽ എത്ര മരുന്നുകുടങ്ങൾ ഒന്നിച്ചു വാങ്ങി വിഴുങ്ങിയാലെന്താ? അവയുണ്ടോ നിങ്ങളെ ജീവകാലമൊക്കെ അരോഗിയാക്കുവാൻ പോകുന്നു? കായബലമില്ലാത്ത മാതാപിതാക്കന്മാൎക്കു് ശക്തിയുള്ള നല്ല നല്ല മക്കൾ എത്ര ഉണ്ടായിട്ടുണ്ടു്? രോഗികളായ മാതാപിതാക്കന്മാരുടെ സന്താനങ്ങൾ എത്ര നന്നായിട്ടുണ്ടു്? രക്തദൂഷ്യമുള്ള മാതാപിതാക്കന്മാൎക്കു് എത്ര നല്ല സന്താനങ്ങൾ ജനിച്ചിട്ടുണ്ടു്? എത്രയുണ്ടെന്നാണു് നിങ്ങളുടെ വിശ്വാസം. ഒന്നുപോലുമില്ല; കണ്ണികാണ്മാൻ ഒരൊററപോലും ഇല്ല. നാം നല്ലതിന്നായാലും വേണ്ടതില്ല, ചീത്തയ്ക്കായാലും വേണ്ടതില്ല, വേണ്ടുന്ന ശക്തിയോടുകൂടിയാണു് ജനിക്കുന്നതു്. "ജന്മനാ ദേവൻ അല്ലെങ്കിൽ ഭൂതം" എന്നുള്ളതു് പരമാൎത്ഥംതന്നെ. വിദ്യാഭ്യാസവുംമററും വെറും അലങ്കാരം.

"ഈ പൂർവ്വവാസനയെ ശരിയാക്കുക" എന്നാണു് അതുകൊണ്ടു ഞങ്ങളുടെ ഗ്രന്ഥങ്ങൾ വിധിക്കുന്നതു്. അമ്മയെ പൂജിക്കുന്നതെന്തിനായിട്ടാണു്? അതിനുള്ള കാരണം അമ്മ സ്വയം പരിശുദ്ധയാക്കപ്പെട്ടവളായിരിക്കുന്നു എന്നുള്ളതാണു്. പരിശുദ്ധതയെപ്പോലെതന്നെ തന്നത്താൻ പരിശുദ്ധമാകുവാൻവേണ്ടി അവർ ചിലപ്പോഴൊക്കെ വലിയ കഠിനതപങ്ങളും വ്രതങ്ങളും എടുക്കാറുണ്ടു്. ഇവിടെ ഒരു സംഗതി നിങ്ങൾ മനസ്സിലാക്കുന്നതു നന്നായിരിക്കും. ഇവിട്ടത്തേപ്പോലെ ഞങ്ങളുടെ ശരീരം ആർക്കും വില്ക്കുവാനായി ഇന്ത്യയിൽ ഒരു സ്ത്രീയും വിചാരിക്കുകയില്ല. അവരുടെ ശരീരം അവരുടെ സ്വന്തംതന്നെയാണു്. ഇപ്പോൾ ഇംഗ്ലീഷുകാർ ഒരു വലിയ പരിഷ്കാരംപോലെ "വിവാഹബന്ധവിനിയമനം" എന്ന ഒരു പുതിയ പരിഷ്കാരസമ്പ്രദായം ഏറ്റെടുത്തിട്ടുണ്ടു്. പക്ഷേ അതു ഒരു ഇന്ത്യക്കാരൻ സ്വീകരിക്കുമെന്നു് എനിക്കു തോന്നുന്നില്ല. ഒരുവൻ അവന്റെ ഭാര്യയുമായി ശാരീരകമായ സംബന്ധമുണ്ടാകുമ്പോൾ ആ അവസ്ഥയെ നേരേ ഭരിക്കേണ്ടതു് സ്ത്രീയുടെ ഭാരമാണു്. ഇതിന്നു അതിതീവ്രമായ ശ്രദ്ധയും അതികഠിനമായ പ്രാർത്ഥനയും അത്യാവശ്യമാകുന്നു. അതിന്റെ കഥ ഒരുവർക്കല്ലാതെ മററാർക്കും അറിയുവാൻ സാധിക്കുകയില്ല. അവരുടെ സന്താനമായി ജനിക്കുന്ന കുട്ടി ഈശ്വരന്റെ ഒരു പ്രതീകംതന്നെയാണല്ലോ. ഇങ്ങിനെ ഭാര്യാഭർത്താക്കന്മാരുടെ പ്രാർത്ഥനയാണു്, നന്മയല്ലാ തിന്മയല്ലാ അത്യന്തം ശക്തിയോടുകൂടിയ ഒരു ജീവനെ ഭൂമിയിൽ ജനിപ്പിക്കുവാൻ പോകുന്നതു്. അല്ലാതെ അതൊരു വെറും നേരംപോക്കാണോ? അതു് ഒരു ഇന്ദ്രിയസംതൃപ്തി മാത്രമാണോ? അതൊരു വെറും മൃഗീയമായ ശാരീരകാനുഭൂതി മാത്രമാണോ? അല്ല, ആയിരംപ്രാവശ്യം അല്ല; എന്നാണു് ഹിന്ദു പറയുന്നതു്.

പിന്നെ, ഇതിനെ തുടർന്നുകൊണ്ടു് മറെറാരു ആശയം കൂടെ ജാതമാകുന്നു. സർവ്വവും സഹിക്കുന്നവളും സർവ്വവും ക്ഷമി-

ക്കുന്നവളും ആയ അമ്മയോടുള്ള ഭക്തിയെ പററിയാണെന്നല്ലോ നാം സംസാരിക്കുവാൻ തുടങ്ങിയതു്. അമ്മയെ പൂജിക്കുന്നതിൻെറ കാരണം ഇപ്പോൾ നമുക്കു് മനസ്സിലാക്കുവാനും സാധിച്ചിരിക്കുന്നു. ഞാൻ ജനിക്കേണ്ടതിന്നുവേണ്ടി അനേക സംവത്സരങ്ങൾ ആ അമ്മ അനേകവിധം തപസ്സുചെയ്തു, അവർ അവരുടെ ശരീരത്തെ പരിശുദ്ധമാക്കിവെച്ചു, മനസ്സിനെ പരിശുദ്ധമാക്കിത്തീർത്തു, ആഹാരത്തെ പരിശുദ്ധമാക്കി ചെയ്തു, വസ്തുത്തെ പരിശുദ്ധമാക്കി ധരിച്ചു, വിചാരത്തെ പരിശുദ്ധമാക്കിത്തീർത്തു. ഇത്രയും നമ്മൾക്കുവേണ്ടി ചെയ്തിട്ടുള്ളതുകൊണ്ടുതന്നെ അമ്മ പൂജാർഹയായിട്ടുണ്ടു്. ഇനി ഇതിനെ തുടൎന്നുള്ള ആശയമെന്താണെന്നു നോക്കാം. മാതൃഭാവത്തോടു് ചേൎന്നുതന്നെ നമുക്കു ഭാൎയ്യാഭാവത്തെ പററിയുള്ള ബോധവും ലഭ്യമാകുന്നുണ്ടല്ലോ.

പാശ്ചാത്യന്മാരായ നിങ്ങളെല്ലാം വ്യക്തിപ്രിയന്മാരാണു്. എനിക്കും ഈ സംഗതി ഇഷ്ടമാകണം; അതുകൊണ്ടു് ഞാനും അതുചെയ്യണം; എന്നാണു് നിങ്ങളുടെ ഭാവം. ഞാൻ എല്ലാവരോടും മത്സരിക്കും. അതിൻെറയും കാരണം എനിക്കതു് ഇഷ്ടമാണതു്. അതിനുവേണ്ടി എന്തും ചെയ്യുവാൻ തയ്യാറായതുതന്നെ. എനിക്കു് എൻെറ സ്വാതന്ത്ര്യമാണു് കാൎയ്യം; അതിനാൽ ഞാൻ ഈ സ്ത്രീയെ വിവാഹം ചെയ്യുന്നു. അതിന്നുകാരണമെന്തു് എന്നു ചോദിച്ചാൽ അതിൻേറയും സമാധാനം; ഞാൻ അവളെ ഇഷ്ടപ്പെടുന്നതുതന്നെന്നേയുള്ളു. ഈ സ്ത്രീ എന്നെ വിവാഹം ചെയ്യുന്നു. എന്തുകൊണ്ടു്? അവൾക്കു് എന്നെ ഇഷ്ടമാണു്; അതുകൊണ്ടുതന്നെ; അത്രയേയുള്ളു. അത്രയേ നിങ്ങൾക്കുള്ളു. ഈ നിസ്സീമമായ അഖണ്ഡലോകത്തിൽ ആകെ അവളും ഞാനും മാത്രമാണു് രണ്ടാളുകൾ; ഞാൻ അവളെ വിവാഹം ചെയ്യുന്നു; അവൾ എന്നേയും അതുപോലെതന്നെവിവാഹംചെയ്യുന്നു. അതുകൊണ്ടുമററാക്കും ഒരു കുററവും കുറവും ഉണ്ടാകുവാനില്ല; അതിന്നു് മററാരും ഉത്തര

വാദികളുംഅല്ല. പക്ഷെ ഇതിന്നു തരക്കേടില്ലായിരുന്നു. നിങ്ങളുടെജോൺമാരും നിങ്ങളുടെ ജെയിൻമാരും എല്ലാം കാട്ടിൽ പോയി അവിടെ ആരും അറിയാതെ താമസിക്കട്ടെ. ഒരുവിരോധവുമില്ല സമുദായമദ്ധ്യത്തിൽവന്നു താമസിക്കുമ്പോൾകാൎയ്യം ഒന്നു വേറെയാണ്. അപ്പോൾ അവരുടെ ദാമ്പത്യം സമുദായത്തിന്റെ നിസ്സീമമായ ഗുണത്തിന്നും ദോഷത്തിന്നും നിദാനമായിത്തീരുന്നു. അവരുടെ സന്താനങ്ങൾ അതിനിഷ്ഠുരന്മാരായ പിശാചുക്കളായേക്കാം. ചുട്ടും കൊന്നും കവൎന്നും കട്ടും കുടിച്ചും വേണ്ട പാപ-ദുഷ്ടകൎമ്മങ്ങളെല്ലാം ചെയ്യുന്നവരായേക്കാം എന്നു വന്നുകൂടെ.

ഇന്ത്യയിലെ സാമുദായിക ഘടനയുടെ അസ്ഥിവാരം എന്താണെന്നു നോക്കുക? ജാതിവ്യവസ്ഥ. ഞാൻ ജാതിക്കുവേണ്ടി ജനിക്കുന്നു; ഞാൻ ജാതിക്കുവേണ്ടിത്തന്നെ ജീവിക്കുകയും ചെയ്യുന്നു. ഞാൻ ഇതു എന്നെ പ്രത്യേകം ഉദ്ദേശിച്ചു പറയുന്നതല്ല. ഞാൻ സന്ന്യാസിയായതുകൊണ്ടു ഈ സാമുദായികഘടനയുടെ പരിധിയിൽ ഉൾപ്പെട്ടവനല്ല. ഞാൻ അവിടുത്തെ സാധാരണ ജനങ്ങളെപ്പററി പറയുന്നതാണ്. ഒരു ജാതിയിൽ ജനിച്ചാൽ പിന്നെ ആ ജീവിതം മുഴുവനും ആ ജാതിധൎമ്മത്തെ അനുസരിച്ചുകൊണ്ടു തന്നെ ജീവിച്ചേ മതിയാകു. മറെറാരുവിധം പറകയാണെങ്കിൽ, നിങ്ങളുടെ ഇന്നത്തെ ഭാഷയിൽ പറയുകയാണെങ്കിൽ, പാശ്ചാത്യനായ ഒരുവൻ ജന്മനാ വ്യക്തിപരനും, ഹിന്ദു ജന്മനാ സമുദായപരനും ആകുന്നു. അതിനാൽ അവിടെ വിവാഹസംഗതിയിൽ സാമുദായികമായ ഏതാനും നിയമങ്ങൾ ഓരോരുത്തനും നിർബ്ബന്ധമായി അനുസരിക്കുവാൻ ഉണ്ട്. ഒരു പുരുഷന്നു അവൻ ഇഷ്ടപ്പെടുന്ന ഏതുസ്ത്രീയേയും; അതുപോലെ തന്നെ ഒരു സ്ത്രീക്ക് അവൾ ഇഷ്ടപ്പെടുന്ന ഏതു പുരുഷനേയും വിവാഹം ചെയ്യാൻ അനുവദിക്കുന്നതായാൽ സ്ത്രീപുരുഷന്മാർ ഗുണദോഷവിവേചനവും കാൎയ്യാകാൎയ്യവിചാരവും

കൂടാതെ വെറും മുഖസൌന്ദയ്യത്തെ മാത്രം ലാക്കാക്കി ഓരോരു ത്തരെ സ്നേഹിക്കുവാനും വിവാഹം ചെയ്വാനും തുടങ്ങും. അതിനാൽ പല ദോഷങ്ങളും അപകടങ്ങളും ഉണ്ടാകുവാനു ണ്ടെന്നാണ് ഞങ്ങളുടെ പുസ്തകങ്ങൾ പറയുന്നത്. നിങ്ങൾക്കു ഏതെങ്കിലും ഒരു സ്ത്രീയോട്ട് താല്പൎയ്യം തോന്നിയെന്നുവരാം. ആ വികാരം ഉണ്ടാകുമ്പോൾ അവളുടെ സൌന്ദയ്യത്തെ അല്ലാതെ, കവിഞ്ഞപക്ഷം സ്വത്തിനേയും കൂടെയല്ലാതെ, മററൊന്നിനെപ്പററിയും നിങ്ങൾ ആലോചിക്കയില്ല. ഒരു പക്ഷെ അവളുടെ പിതാവു് ഒരു ഭ്രാന്തനായിരുന്നിരിക്കാം, അല്ലെങ്കിൽ ഒരു ക്ഷയരോഗിയായിരുന്നിരിക്കാം. അതുപോലെ തന്നെ മുഖംകണ്ടു സ്ത്രീകളും ഭ്രമിച്ചുപോകുന്നു. ഒരുവളുടെ പ്രേമത്തിന്ന് ലക്ഷ്യമായ യുവാവിന്റെ അച്ഛൻ ഒരുപക്ഷെ ഒരുവലിയ മദ്യപാനിയായിരുന്നു എന്നും വരാകുന്നതാണ്. ഈ വക വിവാഹങ്ങൾ കൊണ്ടു് സമുദായത്തിന്നു കണക്കില്ലാത്ത അപത്തുകൾ ഉണ്ടാകാവുന്നതാണ്. അവിടെ ഞങ്ങളുടെ സാമു ദായികനിയമം എന്തുപറയുന്നു എന്ന് നോക്കുക. ഈവക വിവാഹങ്ങളെയെല്ലാം അസാധുവായിട്ടാണ് ഞങ്ങളുടെ നിയ മങ്ങൾ കൊണ്ടു് കല്പിച്ചിട്ടുള്ളതു്. മദ്യപാനികളുടേയും ക്ഷയ രോഗികളുടേയും ഭ്രാന്തന്മാരുടേയും മററും കുട്ടികളെ വിവാഹം ചെയ്യാനെ അവിടെ നിയമം അനുവദിക്കുന്നില്ല. അതുപോ ലെതന്നെ അംഗവൈകല്യം, കൂനു്, ഉന്മാദം, ബുദ്ധിഹീനത, കുലഭ്രഷ്ടു്, രോഗം, ദുശ്ശീലം, ഇവയുള്ളവരേയും വിവാഹം ചെയ്യാകുന്നതല്ല. ഇതിനെയാണ് ഞങ്ങളുടെ ശാസ്ത്രങ്ങൾ നിർബ്ബന്ധമായി വിധിക്കുന്നതു്.

ഇങ്ങിനെയുള്ള ഇന്ത്യയിലേയ്ക്കാണ് മുഹമ്മദീയർ പുറ പ്പെട്ടതു്. അവർ വന്നപ്പോൾ അവരുടെ കൂടെ അവരുടെ അറേബിയൻ നിയമങ്ങളേയും കൊണ്ടുവന്നിരുന്നു. അവർ പിന്നെ ആ മരുഭൂമിനിയമങ്ങളെ ഞങ്ങളുടെ മേൽവെച്ചു കെട്ടുവാൻ തുടങ്ങി. അതേപ്രകാരം ഇംഗ്ലീഷുകാരും അവരുടെ

നിയമങ്ങളുംകൊണ്ടു് അവിടെ എത്തി. അവരും അവക്കാകുന്നേടത്തോളം അവരെ ഞങ്ങളുടെ പിടലിക്കു് വെച്ചുകെട്ടുക തന്നെയാണു് ചെയ്യുന്നതു്. ഞങ്ങളെ തോല്പിച്ചു് രാജ്യംപിടിച്ചടക്കിയവരല്ലെ; ഞങ്ങൾ എന്തു കാണിക്കുവാനാണു്. "നാളെ ഞാൻ നിന്റെ സഹോദരിയെ കല്യാണം കഴിക്കും" എന്നു പറഞ്ഞാൽ അതും കേൾക്കുകയല്ലേ നിവൃത്തിയുള്ളു. ഒരേ വംശത്തിൽതന്നെയുള്ളവർ നൂറായിരം തലമുറകൾക്കുമുമ്പു് വേർപിരിഞ്ഞവരായാലും വേണ്ടതില്ല അവർ അക്കുടുംബത്തിൽ വിവാഹം ചെയ്തുകൂടാ എന്നും അങ്ങിനെയുള്ള വിവാഹം അസാധുവും അയോഗ്യവും ആണെന്നും അതു സമുദായത്തെ അധഃപതിപ്പിക്കുമെന്നും ആണു് ഞങ്ങളുടെ നിയമങ്ങളിൽ പറഞ്ഞിട്ടുള്ളതു്. അതിനാൽ അതിന്നൊന്നും അവിടെ നിവൃത്തിയില്ല. ചുരുക്കത്തിൽ, ഒരുവന്റെ വിവാഹസംഗതിയിൽ മററുള്ളവർ കേൾക്കെ പുറപ്പെടുവിക്കാവുന്ന ശബ്ദം വളരെ കുറച്ചേയുള്ളു. അതിനാൽ വിവാഹസംഗതിയിൽ എനിക്കൊ എന്റെ സഹോദരിക്കൊ ഒരു അഭിപ്രായവും ശബ്ദവും ഇല്ല. അതൊക്കെ തീരുമാനിക്കുന്നതു് ജാതിയാണു്, സമുദായമാണു്. ഞങ്ങൾ ചിലപ്പോൾ വളരെ ചെറുപ്രായത്തിൽത്തന്നെ വിവാഹിതരായിത്തീരാറുണ്ടു. എന്തുകൊണ്ടു്? അതും ജാതിയുടെ പിടുത്തംകൊണ്ടുതന്നെ. വിവാഹം അവരുടെ ഇഷ്ടത്തിന്നു വിട്ടുകൊടുക്കാതെ നടത്തുവാനാണു് ഭാവമെങ്കിൽ (ഇഷ്ടത്തിന്നു വിട്ടുകൊടുക്കുന്നതു് ശരിയല്ലെന്നും നിയമം അതിന്നു് സമ്മതിക്കുന്നില്ലെന്നും മുമ്പു കണ്ടുവെല്ലൊ) അവരെ വളരെ ചെറുപ്പത്തിൽ, അവരുടെ പ്രേമം വളൎച്ചയെ പ്രാപിക്കുന്നതിന്നു മുമ്പെ, കല്യാണം കഴിപ്പിക്കുന്നതാണു് നല്ലതു്. അല്ലാതെ അവരെ അന്യോന്യം വേർപിരിഞ്ഞു് വളരുവാൻ അനുവദിക്കുന്നതായാൽ ആ ബാലൻ മററുവല്ല പെൺകുട്ടികളേയും സ്നേഹിക്കുവാൻ തുടങ്ങിയേക്കുവാനും മതി. അതുപോലെ ആ പെൺകുട്ടി വേറെ വല്ല യുവാവേയും സ്നേഹിക്കുവാൻ ഇടയായി എന്നും വരാകുന്നതാണു്.

അപ്പോൾ അതുകൊണ്ട് അനത്ഥം വരുവാനാണ് എളുപ്പം. അതിനാൽ, ഞങ്ങളുടെ സമുദായം പറയുന്നതു് അതിനെ അവിടെ നിൎത്തിക്കളയുക എന്നാണ്. എൻെറ സഹോദരി വല്ല അംഗവൈകല്യവും ഉള്ളവളാണൊ, സുന്ദരിയാണൊ, വിരൂപിയാണൊ, അതൊന്നും നോക്കേണ്ടതായ കാൎയ്യമില്ല. അവൾ എൻെറ സഹോദരിതന്നെ. അതു മതിതാനും. അവൻ എൻെറ സഹോദരൻതന്നെ. എനിക്ക് അത്രമാത്രമേ അറിയേണ്ടതായിട്ടുള്ളു. ഇങ്ങിനെ അവർ അന്യോന്യം സ്നേഹിക്കുന്നു. പക്ഷെ ഇതു് നിങ്ങൾക്ക് അത്ര പഥ്യമായിരിക്കയില്ല. "ഒ! അവൻ ആ പരമസുഖത്തിൻെറ അധികഭാഗവും അറിയാതെ പാഴാക്കിക്കളയുന്നുവല്ലൊ! ഒരു യുവാവു് ഒരു നവയുവതിയുടെ അനുരാഗം സമ്പാദിക്കുന്ന അക്കാലത്തെ നിസ്തുല്യമായ വികാരകോടികൾ, അതുപോലെതന്നെ ഒരു യുവതി ഒരു യുവാവിൻെറ പ്രണയത്തെ വശത്താക്കുന്ന അക്കാലത്തെ അവളുടെ നിസ്തുല്യമായ സ്നേഹരാശികൾ, ഹ! ഇവയെക്കുറിച്ചി ഇവൎക്കെന്തറിയാം! അവരുടേതു് വളരെ നിസ്സാരസംഗതി. അന്യോന്യം സഹോദരസഹോദരിമാരെപ്പോലെ സ്നേഹിക്കുവാൻ തുടങ്ങുന്നു. അതിലെന്താണുള്ളതു്" എന്നൊക്കെ നിങ്ങൾ അതിശയിക്കുമായിരിക്കാം. നിങ്ങളെന്തെങ്കിലും പറഞ്ഞോളിൻ. എന്നാൽ ഒരു ഹിന്തുവിന്നു് പറയുവാനുള്ളതു് ഇങ്ങിനെയാണ്:—"ഞങ്ങൾ സാമുദായികപരമായി ജീവിക്കുന്നവരാണ്. ഒരു പുരുഷൻേറയൊ ഒരു സ്ത്രീയുടേയോ ഏതാനും സമയത്തേയ്ക്കുള്ള അല്പസുഖത്തിന്നൊ സ്നേഹാനുഭവത്തിന്നൊ വേണ്ടി മററനേകായിരം ജനങ്ങളുടെ പിടിച്ചുകെട്ടുവാൻ ഞങ്ങൾ വിചാരിക്കുന്നവരല്ല."

എന്നാൽ മേൽപറഞ്ഞ ദാമ്പത്യഏൎപ്പാട്ട് വിവാഹം തന്നെയല്ല. അതിന്നു് ഒരു "ഏൎപ്പാട്ട്" എന്നേ പറഞ്ഞുകൂട്ടു. എങ്കിലും അവർ വിവാഹബന്ധത്തിൽ ഏൎപ്പെട്ടുന്നതു്

ഇങ്ങിനെയാണ്. ഭാൎയ്യ ഭൎത്താവിൻെറ ഗൃഹത്തിൽതാമസിക്കുവാൻ വരുന്നതു് വളരെ പിന്നീടാകുന്നു. അന്നു് വേറേയും ഏതാനും വിവാഹച്ചടങ്ങുകളെല്ലാംഉണ്ടു്. ഇതിനെയാണ് രണ്ടാം വിവാഹം എന്നു് അവർ പറയാറുള്ളതു്. അത്യന്തത്തെ ശൈശവദശയിലുണ്ടായ ഏൎപ്പാട്ടു് ഒന്നാംവിവാഹം. അതിന്നുശേഷം ദമ്പതിമാർ അന്യോന്യം വേർപിരിഞ്ഞു് അവരവരുടെ മാതാപിതാക്കന്മാരോടു കൂടിയാണ് രണ്ടാംവിവാഹംവരെ താമസിക്കാറുള്ളതു്. അവൎക്ക് പിന്നെ പ്രായപൂൎത്തിയായതിന്നുശേഷം രണ്ടാമതു ചില വിവാഹചടങ്ങുകൾ നിർവ്വഹിക്കുവാനും ഉണ്ടു്. പിന്നെ അവൎക്ക് ഒന്നിച്ചു താമസിക്കാം. എന്നാൽ ഇങ്ങിനെ താമസിക്കുന്നതും വരൻെറ മാതാപിതാക്കന്മാരോടൊന്നിച്ചു തന്നെയായിരിക്കും. തദനന്തരം പ്രസവിച്ചു് മാതൃസ്ഥാനത്തെ സ്വീകരിക്കുമ്പോൾ അ മാതാവു് അ വീട്ടിലെ മുറയ്ക്കുള്ള നായികയായും തീരുന്നു.

ഇപ്പോഴാണ് ഇന്ത്യയിലെ മറെറാരു പ്രത്യേകസമ്പ്രദായത്തെപ്പററി ചിന്തിക്കുവാൻ നമ്മൾക്ക് ഇടവരുന്നതു്. ഇന്ത്യയിൽ മുന്നണിയിൽ നില്ക്കുന്ന രണ്ടുമൂന്നു ജാതിക്കാരുടെ ഇടയിൽ വിധവകൾക്ക് പുനർവിവാഹം അനുവദിക്കപ്പെട്ടിട്ടില്ലെന്നു ഞാൻ നിങ്ങളോടു പറയുകയുണ്ടായല്ലോ. അവൎക്ക് ഇഷ്ടമായാൽകൂടെ അതിന്നു് നിവൃത്തിയില്ലാതെയാണ് ഇരിപ്പു. പക്ഷെ ഇതു് പലൎക്കും വളരെ ദുഃഖത്തെ കൊടുക്കുന്ന ഒന്നായിരിക്കാം. അതു് നിർബന്ധമായ ബ്രഹ്മചൎയ്യമായതുകൊണ്ടു് വിധവകൾക്കും ഇഷ്ടമാകയില്ലായിരിക്കാം. ഒരു ബ്രഹ്മചാരിക്ക് മത്സ്യമോ മാംസമോ ഭക്ഷിക്കുവാൻ പാടില്ല; അവന്നു് ലഹരിയുള്ള പദാൎത്ഥങ്ങളൊന്നും ഉപയോഗിക്കുവാൻ പാടില്ല; വെളുത്തവസ്ത്രമല്ലാതെ ഉടുക്കുവാൻപാടില്ല. എന്നുവേണ്ട, ഇങ്ങിനെ അനേക നിർബ്ബന്ധനിയമങ്ങൾ എല്ലാം ഉണ്ടു്. ഞങ്ങൾ, മറെറാരുപ്രകാരം പറകയാണെങ്കിൽ, ഒരുവക സന്യാസിസമുദായക്കാരാകുന്നു. എല്ലായ്പോഴും തപസ്സും

ധ്യാനവുമാണു് ഞങ്ങൾക്കു് ഇഷ്ടം. അവിടെ, ഒരു സ്ത്രീയും മദ്യം സേവിക്കുകയാകട്ടെ മാംസം കൂട്ടുകയാകട്ടെ ചെയ്യുന്നില്ല. ഞങ്ങൾ ബ്രഹ്മചാരികളായിരുന്ന കാലത്തു ഇവയൊക്കെ ഞങ്ങൾക്കും ഒട്ടേറെ പ്രയാസം തന്നെയായിരുന്നു. എന്നാൽ പെൺകുട്ടികൾക്കൊരിക്കലും ഇവ ബുദ്ധിമുട്ടായിതോന്നാറില്ല. മത്സ്യമാംസം കൂട്ടുക എന്നതിനോട്ടു് വല്ലവിധേനയും സംബന്ധിക്കപ്പെട്ടുന്നതുതന്നെ വളരെ കുറച്ചിലായിട്ടാണു് ഞങ്ങളുടെ സ്ത്രീകൾ വെച്ചിട്ടുള്ളതു്. ചിലജാതികളിലെ പുരുഷന്മാരിൽ ചിലർ, ചില കാലത്തെല്ലാം, മത്സ്യമാംസം ഭക്ഷിക്കാറുണ്ടു്. എന്നാൽ ഒരു സ്ത്രീയും ഒരിക്കലും അങ്ങിനെ ചെയ്യാറില്ല. ഇങ്ങിനെയൊക്കെ മാണെങ്കിലും വിവാഹം ചെയ്യാൻ അനുവദിക്കാതേയൊ വിവാഹം ചെയ്യാതേയൊ ഇരിക്കുന്നതു് അവരിൽ പലക്കും വളരെ അനിഷ്ടകരംതന്നെയായിരിക്കുവാനെ തരമുള്ളു എന്നാണു് എന്റെ പൂൎണ്ണമായ വിശ്വാസം.

അതകട്ടെ നമുക്കു് നമ്മുടെ വിഷയം പിടിച്ചുതന്നെ സംസാരിക്കാം. അവർ ഒരു വിധവും കുറവും കൂടാത്ത സാമുദായികജീവികളാണെന്നു നമ്മൾ കണ്ടുവെല്ലൊ. ഏതു രാജ്യത്തിലെ ജനങ്ങളുടെ കാനേഷുമാരി കണക്കെടുത്തു നോക്കിയാലും അവിടങ്ങളിലെ ഉയൎന്നജാതികളിൽ സ്ത്രീകളുടെ സംഖ്യ പുരുഷന്മാരുടെ സംഖ്യയെക്കാൾ വളരെ കൂടുതൽ ആണെന്നു് നിങ്ങൾക്കു കാണുവാൻ സാധിക്കുന്നതാണു്. ഇതിന്നു കാരണം എന്താണെന്നു് നിങ്ങൾ ആലോചിച്ചുനോക്കീട്ടുണ്ടൊ? മറെറാന്നുമല്ല. അനേകതലമുറകളായി ഉയൎന്നജാതികളിൽ ഉള്ള സ്ത്രീജനങ്ങൾ വളരെ സുഖമായ ജീവിതമാണു് നയിച്ചുകൊണ്ടുപോന്നിട്ടുള്ളതു്. യാതൊരുപ്രവൃത്തിയും എടുക്കയില്ല. തിന്നും തിമൎത്തും മാത്രം കഴിച്ചുകൂട്ടും. ആ സാധുക്കളായ ആൺകുട്ടികളൊ? അവർ പാററകളെപ്പോലെ പിടഞ്ഞു വീണു ചാകുകയും ചെയ്യുന്നു. പെൺകുട്ടികൾ കൊഴുത്തുതടിച്ചു് ജീവിക്കുന്നു എന്നാണു് പറയാറുള്ളതു്. ഇവരുടെ

സംഖ്യ ആൺകുട്ടികളുടെ സംഖ്യയെ തുലോം അതിക്രമിക്കുന്ന കാലം അടുത്തുതന്നെ ഉണ്ടാകുമെന്നു നിങ്ങൾക്കു ജനസംഖ്യയുടെ കണക്കെടുത്തു നോക്കിയാൽ ഉടനെ അറിയാകുന്നതാണ്. എന്നാൽ ഇതിന്നു ഇപ്പോൾ അല്പാല്പം വ്യത്യാസം വന്നിട്ടില്ലെന്നില്ല. ഇപ്പോൾ പെൺകുട്ടികളും ആൺകുട്ടികളെപ്പോലെ ജോലിചെയ്വാൻ ആരംഭിച്ചിട്ടുണ്ടെന്നാണ് കാണുന്നത്. ഉയൎന്ന ജാതികളിലുള്ള പെൺകുട്ടികളുടെ സംഖ്യ താണജാതിയിലുള്ള പെൺകുട്ടികളുടെതിനേക്കാൾ വളരെ അധികമാണ്. താഴെജാതിയിലെ സ്ഥിതി നേരെ വിപരീതവും ആകുന്നു. അവിടെ താഴ്ന്നജാതിയിൽ എല്ലാവരും നല്ലതുപോലെ അദ്ധ്വാനിക്കുന്നവരാണ്. അവൎക്കു ഗൃഹജോലികൾക്കുടെ നോക്കേണ്ടതായിട്ടുള്ളതുകൊണ്ടു് അവർ ചിലപ്പോഴെല്ലാം പുരുഷന്മാരെക്കാൾ കൂടുതലായും പ്രവൃത്തി എടുക്കുന്നവരായി തീരുന്നുണ്ടു്. നിങ്ങളുടെ അമേരിക്കൻ സഞ്ചാരികളിൽ ഒരാൾ* ഇതിനെപ്പററി പറഞ്ഞതുകേട്ടപ്പോഴാണ് ഞാൻ ഈ സംഗതിയെപ്പററി ആലോചിക്കുകതന്നെ ചെയ്തതു്. ഇന്ത്യയെപ്പററി അദ്ദേഹം എഴുതിയിരിക്കുന്ന ആ ശ്രദ്ധേയമായ ലേഖനത്തിൽ ഒരേടത്തു ഇന്ത്യൻസ്ത്രീകളെപ്പററി ഇങ്ങിനെപറഞ്ഞിരിക്കുന്നു:—"ഹിന്തുക്കളുടെ സ്വഭാവങ്ങളെപ്പററി പാശ്ചാത്യന്മാർ പല ആക്ഷേപങ്ങളും പറഞ്ഞതായി ഞാൻ കേട്ടിട്ടുണ്ടെങ്കിലും, ഏതാനും യൂറോപ്യൻരാജ്യങ്ങളിൽ ചെയ്യാറുള്ളതുപോലെ ഒരു സ്ത്രീയെ അവിടെ ഒരു പശുവിനോടുചേൎത്ത്കരി (കലപ്പ)ക്കുകെട്ടിയതായൊ ഒരു നായിനോടുചേൎത്തുവണ്ടിക്കുപൂട്ടിയതായൊ ഞാൻഅവിടെയെങ്ങും കണ്ടില്ല. ഇന്ത്യയിലെ വയലുകളിൽ ഒരു സ്ത്രീപോലും, ഒരു പെൺകുട്ടിപോലും, പ്രവൃത്തിയെടുക്കുന്നതായി ഞാൻ കണ്ടില്ല. റെയിൽവേവഴിയുടെ ഇരു

---

* മാൎക്ക്ട്വെയിൻ എന്ന അമേരിക്കൻ സഞ്ചാരിയെപ്പററിയാണ് സ്വാമികൾ ഇവിടെ സൂചിപ്പിച്ചിട്ടുള്ളതു്.

പാട്ടിലും പുരുഷന്മാരും ആൺകുട്ടികളും നഗ്നന്മാരായിനിന്നു വയലുകൾ ഉഴുതുന്നതായി ഞാൻകണ്ടു. എന്നാൽ ഒരു സ്ത്രീയെപ്പോലും എനിക്കു കാണുവാൻ കഴിഞ്ഞില്ല. ഞാൻ ഇന്ത്യയിൽ സഞ്ചരിച്ചകാലത്തത്രയും ഒരു സ്ത്രീയാകട്ടെ ഒരു പെൺകുട്ടിയാകട്ടെ വയലിൽ ഇറങ്ങി പ്രവൃത്തിയെടുക്കുന്നതായി ഞാൻ കണ്ടിട്ടില്ല." ഇന്ത്യയിൽ ഏററവും താഴ്ന്നജാതിക്കാരനുംജോലിയൊന്നും എടുക്കാത്തവനാണ്. മററുരാജ്യങ്ങളിലുള്ള അവരുടെ തരക്കാരോടു താരതമ്യപ്പെടുത്തി നോക്കുമ്പോൾ അവരുടെ കഥ വളരെ ഭേദമാണ്. വയലിൽ ഉഴുകയെന്നതു് അവർ ഒരിക്കലും ചെയ്യാറില്ല.

ഇപ്പോഴാണ് നമുക്കു കാൎയ്യം മനസ്സിലാകുന്നതു്. താഴ്ന്നജാതികളിൽ പുരുഷന്മാരുടെസംഖ്യ സ്ത്രീകളുടെ സംഖ്യയെക്കാൾ തുലോം കൂടുതലാകുന്നു. അതുകൊണ്ടുണ്ടാകുന്ന ഫലമെന്താ?മററൊന്നുമല്ല; പുരുഷന്മാരുടെ സംഖ്യ അധികമായതുകൊണ്ടു് അവൎക്കു് അധികതവണ വിവാഹത്തിന്നുള്ള സൌകൎയ്യം സിദ്ധിക്കാത്തതുതന്നെ.

വിധവകൾക്കു് പുനൎവിവാഹം അനുവദിച്ചിട്ടില്ലാത്ത സംഗതിയെപ്പററി പറയുകയാണെങ്കിൽ; ആദ്യത്തെരണ്ടുജാതികളിൽ സ്ത്രീകളുടെ സംഖ്യ പുരുഷന്മാരുടേതിനെ അപേക്ഷിച്ചു കൂടുതലാകയാൽ അല്പം കുഴപ്പം ഇല്ലായ്കയില്ല. ഏതായാലും രണ്ടിൽ ഒന്നു് തീൎച്ചയായും കൂടിയേകഴിയൂ. ഏതായാലും നിങ്ങൾക്കു് രണ്ടിൽ ഒരവസ്ഥ; അതായതു് പുനൎവിവാഹംപാടില്ലാത്ത വിധവകൾ അല്ലെങ്കിൽ ചെറുപ്പക്കാരായ സ്ത്രീകളെ ലഭിക്കാത്ത ഭൎത്താക്കന്മാർ, ഉണ്ടാകാതിരിക്കുവാൻ നിവൃത്തിയില്ലതന്നെ. വിധവയോ കിഴവിഭാൎയ്യയോ എന്നാണു് ചോദ്യം. ഇപ്പോഴാണ് നിങ്ങൾ കണ്ണുതുറിക്കുന്നതു്. അതകട്ടെ; ഇതും വെച്ചുകൊണ്ടു്, ഇന്ത്യക്കാരുടെ മനഃസ്ഥിതി സാമുദായികപരമായതാണെന്നുള്ള തത്വത്തെ

സമീപിച്ചു് ഒന്നുകൂടെ ചിന്തിച്ചുനോക്കുക. അപ്പോൾ കാണുന്നതു "ഇതാ നോക്കുവിൻ! ഞങ്ങൾ ഇവയിൽ വിധവാവസ്ഥയെയാണ് ദോഷം കുറഞ്ഞതായി കാണുന്നതു്" എന്നാണ്. എന്തുകൊണ്ടു്? "അവൎക്കു്, വിധവകൾക്കു്, ഒരു അവസരം സിദ്ധിച്ചു കഴിഞ്ഞു. അവർ ഒരിക്കൽ വിവാഹിതകളായും ഇരുന്നു. അവൎക്കു് അതിനെ അധികനാൾ വെച്ചനുഭവിക്കുവാൻ ഭാഗ്യമുണ്ടായില്ല എന്നുള്ളതു് പരമാൎത്ഥം തന്നെയാണെങ്കിലും, അതു് ദുഃഖഭൂയിഷ്ഠമായ ഒരു ജീവിതം തന്നെയാണെന്നു സമ്മതിക്കേണ്ടതായിത്തന്നെ ഇരിക്കുന്നുവെങ്കിലും, ഒരു സമാധാനത്തിന്നു്, അവർ ഒരിക്കൽ വിവാഹിതകളായിരുന്നു എന്നുള്ള സമാധാനത്തിന്നു് ന്യായമായ അവകാശമുണ്ടല്ലോ. അവിടെ ക്ഷമയോടുകൂടിയിരുന്നു് മറേറ സാധുക്കുട്ടികളുടെ കാൎയ്യമൊന്നു് ആലോചിച്ചുനോക്കുക. അവൎക്കു് അങ്ങിനെ ഒരു അവസരംകൂടെ ലഭ്യമായിട്ടില്ലല്ലൊ. അതാണ് ആലോചിക്കേണ്ടതു്." അതാണ് അതിന്നുള്ള കാരണം. ഈശ്വരൻ അനുഗ്രഹിക്കട്ടെ! ഓക്സ്ഫോർഡ് തെരുവിൽ വെച്ചു് ഒരിക്കൽ ഞാൻ കേട്ട ഒരു വാചകം ഇപ്പോഴും എന്റെ ഓൎമ്മയിൽ വരുന്നുണ്ടു്. ഒരു ദിവസം കാലത്തു്, നേരം പത്തുമണിയായിരിക്കുന്നു; അപ്പോൾ അവിടെ അനേകം, അനേകം സ്ത്രീകൾ, അവിവാഹിതകളായ കന്യകകൾ, സാമാനം വാങ്ങുവാനായി വന്നിട്ടുണ്ടു്. അവിടെവെച്ചു് ഒരാൾ—അയാൾ ഒരു അമേരിക്കക്കാരനാണെന്നു തോന്നുന്നു--അവരെനോക്കി പറഞ്ഞതു് ഇങ്ങിനെയായിരുന്നു. "എന്തൊരത്ഭുതമാണു് നോക്കണം! ഇവരിൽ എത്രപേൎക്കാണു് ഭൎത്താക്കന്മാരെ കിട്ടുവാൻ പോകുന്നതു് എന്നാണു് ഞാൻ അതിശയിക്കുന്നതു്." നോക്കണം അ ചിത്രം. അതിനാൽ ഇന്ത്യൻ മനഃസ്ഥിതി വിധവകളെ നോക്കി പറയുന്നതു് ഇങ്ങിനെയാണു്. "ശരിതന്നെ! നിങ്ങൾക്കു് ഒരു അവസരം കിട്ടിക്കഴിഞ്ഞുവല്ലൊ എന്നുവെച്ചു് സമാധാനപ്പെടുക. നിങ്ങൾക്കു് ഇപ്പോൾ ഇങ്ങിനെ ഒരു അപത്തു് സംഭവിച്ചതിൽ ഞാനും വളരെ വളരെ വ്യസനിക്കുന്നു. എന്തുകാട്ടട്ടെ. നിവൃത്ത

യില്ല. മററുള്ളവർ കാത്തിരിക്കുന്നതു് നിങ്ങൾക്ക് കാണ്മാനില്ലേ." അതാണു് അവക്കുള്ള സമാധാനം.

ഇതിനും പുറമെ ധമ്മഗതികൂടെയും ചിന്തനീയമായിത്തന്നെ ഇരിക്കുന്നു. ഇവിടെ ഹിന്തുമതം വളരെ സമാധാനത്തെ ചെയ്യുന്ന സാന്ത്വനവാക്കുകളെയാണു് പറയുന്നതു്. നിങ്ങൾ ഓമ്മിക്കണം, ഹിന്തുമതം പറയുന്നതുതന്നെ, വിവാഹം ഏതാണ്ടു് ചീത്തയായിട്ടുള്ള ഒന്നാണെന്നും അതു് ബലഹീനന്മാക്കുവേണ്ടിയുള്ളതാണെന്നും ആകുന്നു. അദ്ധ്യാത്മികനായ പുരുഷനും സ്ത്രീക്കും അവിടെ വിവാഹം കഴിക്കുവാനേ പാടില്ല. അതിനാൽ അദ്ധ്യാത്മിക മനോവൃത്തിയോടുകൂടിയ സ്ത്രീകൾ പറയുന്നതു്:—"നല്ലതു! ഈശ്വരൻ എനിക്ക് ഒരു ഉത്തമാവസരമാണു് ഇപ്പോൾ തന്നിട്ടുള്ളതു്. വിവാഹം ചെയ്യുന്നതുകൊണ്ടുള്ള പ്രയോജനം തന്നെയെന്താണു്? നന്നായിരിക്കട്ടെ, ഈശ്വരനെയാണു് ഭജിക്കേണ്ടതു്. അല്ലാതെ മനുഷ്യനെ സ്നേഹിക്കുന്നതുകൊണ്ടു് എന്തു പ്രയോജനം." എന്നാകുന്നു. എന്നാൽ അവരിൽ എല്ലാവക്കും അവരുടെ മനസ്സിനെ ഈശ്വരങ്കൽ നിത്തുവാൻ സാധിക്കുകയില്ലെന്നുള്ളതു് പരമാത്ഥം തന്നെയാണു്. ചിലക്ക് അതിനു് ഒട്ടുംതന്നെ സാധിച്ചുഎന്നു് വരികയില്ല. അവർ സഹിക്കുകതന്നെ വേണം. എന്നാൽ മററെ നിരപരാധികളായ സാധുപ്പെൺകുട്ടികൾ അവക്കുവേണ്ടി ദുഃഖിക്കേണ്ടതായിട്ടില്ല. ഇതിനെപ്പററി തീരുമാനിക്കേണ്ടതായ ഭാരം ഞാൻ ഇനി നിങ്ങൾക്ക് വിട്ടുതരികയാണു് ചെയ്യുന്നതു്. ഏതായാലും ഇന്ത്യയിലെ മനഃസ്ഥിതി ഇങ്ങിനെയാകുന്നു.

അടുത്തതായി നമുക്ക് ആലോചിക്കുവാനുള്ളതു് സ്ത്രീജനങ്ങളുടെ പുത്രീഭാവത്തെ പററിയാകുന്നു. ഇന്ത്യൻകുടുംബത്തിലെ വലിയ ഉപദ്രവം പുത്രിയാണു്. ജാതിയും പുത്രിയും കൂടിച്ചേർന്നാണു് സാധുക്കളായ ഹിന്തുക്കളെ അത്രയും നശിപ്പിക്കുന്നതു്. അവളെ സ്വജാതിയിൽ ഉള്ളവക്കുതന്നെ വിവാഹം

ചെയ്തുകൊടുക്കണം; ജാതി മാത്രമായാലും പോരാ; ഗോത്രംകൂടെ പിഴയ്ക്കരുതു്. അതിനാൽ തന്റെ പുത്രിയെ കല്യാണംകഴിച്ചു കൊടുക്കേണ്ടതിന്നു് സാധാരണക്കാർ കുത്തുപാള എടുക്കേണ്ടതായി കൂടെ വരുന്നുണ്ടു്. വരന്റെ പിതാവു് തന്റെ പുത്രന്നു് വലിയ വില ചോദിക്കും. അതിനാൽ ഒരു സാധുവിന്നു തന്റെ പുത്രിക്കു് ഒരുവരനെ സമ്പാദിക്കുവാൻ അവന്റെ സർവ്വസ്വവും വില്ക്കേണ്ടതായി കൂടെവന്നുപോകും. ഒരു ഹിന്ദുവിന്റെ ജീവിതത്തിലെ വലിയ വിഷമാവസ്ഥയാണു് ഇതു്. നോക്കണം; സംസ്കൃതഭാഷയിൽ പുത്രിയെ "ദുഹിതാ" എന്നു് കൂടെ പറയാറുണ്ടു്. പണ്ടത്തെ കാലങ്ങളിൽ വീട്ടിലേ പശുവിനെ കറക്കുന്നജോലി അവിടുത്തെ പുത്രിമാരായിരുന്നു നിർവ്വഹിച്ചുകൊണ്ടിരുന്നതു്. അതിനാൽ ഈ ദുഹിതാ എന്ന പദം "പാൽകറക്കുക" എന്ന അർത്ഥമുള്ള ദുഹു് എന്ന പദത്തിൽ നിന്നാണു് ഉത്ഭവിച്ചിട്ടുള്ളതു്. അതിനാൽ ദുഹിതാ എന്നപദത്തിന്റെ ശരിയായ അർത്ഥം പാൽകാരത്തി എന്നും ആകുന്നു. എന്നാൽ പിന്നെ കുറെ കഴിഞ്ഞപ്പോൾ അവർ ഈ പദത്തിന്നു് വേറെ ഒരു അർത്ഥം കണ്ടുപിടിച്ചു. ദുഹിതാ എന്നാൽ കുടുംബത്തിലെ സകല പാലിനേയും(ധനത്തേയും) കറന്നെടുക്കുന്നവൾ എന്നാണു് അർത്ഥമെന്നു് അവർ അനുഭവംകൊണ്ടു് നിശ്ചയിച്ചു. ഇതാണു് അതിന്റെ രണ്ടാമത്തെ അർത്ഥം.

ഞങ്ങളുടെ ഇന്ത്യൻ സ്ത്രീകളുടെ അവസ്ഥാന്തരങ്ങൾ ഇങ്ങിനെയെല്ലാമാണു്. ഞാൻ നിങ്ങളോടു പറഞ്ഞപോലെ അമ്മയ്ക്കാണു് സർവ്വോപരിയായ സ്ഥാനം കല്പിച്ചിട്ടുള്ളതു്. അടുത്തസ്ഥാനം ഭാര്യയുടേതും അവസാനത്തേതു് പുത്രിയുടേതുംആകുന്നു കുടുംബത്തിലുള്ളതെന്നു് പറയാം. ഇതൊക്കെ വളരെ മിശ്രമായതും നൂലാമാലയായതും ആയ സമ്പ്രദായങ്ങളാണു്. അന്യന്മാർക്കു് അതൊന്നും അത്ര എളുപ്പത്തിൽ മനസ്സിലാക്കുവാൻ സാധിക്കുകയില്ല. ഇന്ത്യയിൽ അനവധികാലം താമസിച്ചു് മടങ്ങിവരുന്ന ചില പാശ്ചാത്യന്മാർ അവാസ്തവ

ങ്ങളായ പല സംഗതികളും ഇവിടെ കൊണ്ടുവന്നു് വിളമ്പാറുള്ളതിന്റെ കാരണം ഇതാണു്. ഇതൊന്നും അവക്കു് അറിയാൻ കഴികയില്ല. അറിയാത്ത സംഗതികളെ പറയാതിരിക്കമൊ; അതൊട്ടില്ലതാനും. അതു് അവസ്ഥയ്ക്കു് പോരാത്തതല്ലേ! ഇതിന്നു് ഞാൻ ഒരു ചെറിയ ഉദാഹരണം പറയാം. ഞങ്ങൾക്കു് മൂന്നുതരം പ്രതിസംജ്ഞാനാമങ്ങൾ തന്നെയുണ്ടു്. അവ ഞങ്ങളുടെ ഭാഷയിൽ ഏതാണ്ടു് ക്രിയാപദംപോലെയാണു്. ഒന്നു് വളരെ ബഹുമാനത്തോടുകൂടിയതു്, ഒന്നു് മദ്ധ്യമം, മറെറാന്നു നന്നെതാണതു്. * ഇതിൽ ഒടുവിലത്തേതു് സാധാരണമായി ഭൃത്യന്മാരോടും കുട്ടികളോടും മാത്രമെ ഉപയോഗിക്കാറുള്ളു. മദ്ധ്യത്തിലേതു് സമന്മാരോടുപയോഗിക്കുന്നു. ഇങ്ങിനെ ഓരോന്നും ഉപയോഗിക്കേണ്ടതിന്നു് പ്രത്യേക അവസ്ഥകളും അവസരങ്ങളും ഉണ്ടു്. ഒരു ഉദാഹരണം പറയാം. ഞാൻ എന്റെ മൂത്തസഹോദരിയോടു് എന്റെ ആയുഷ്കാലം മുഴുവനും "അപാനി" എന്നെ ഉപയോഗിക്കുകയുള്ളു. എന്നാൽ അവർ എന്നോടു് അങ്ങിനെ ഒരിക്കലും പറയുകയില്ല. അവർ അതിന്നുപകരം "തുചി" എന്നെ എന്നെ വിളിക്കു. തെററായിട്ടുകൂടെയും അവക്കു് എന്നെ "അപാനി" എന്നു് വിളിച്ചുകൂടാ. അങ്ങിനെ വിളിക്കുന്നതു് വളരെ അകൃത്യവും ഒരു ശാപമാണെന്നുകൂടിയും അവർ വിചാരിക്കപ്പെട്ടിട്ടുള്ളതു്. ഭക്തി; തന്നെക്കാൾ ഉയന്നവരോടുള്ള ഭക്തി, ബഹുമാനം; ആ ഭാഷയിൽവേണം പ്രദർശിപ്പിക്കുവാൻ. അതാണു് അവിടുത്തെ സമ്പ്രദായം. അതുപോലെതന്നെ ഞാൻ എന്റെ ജ്യേഷ്ഠസഹോദരനെയാകട്ടെ ജ്യേഷ്ഠസഹോദരിയെയാകട്ടെ— അച്ഛനമ്മമാരുടെ കാൎയ്യം പിന്നെ പ്രത്യേകം പറയേണ്ടതു

* സ്വാമികൾ ബങ്കാളി ഭാഷയെയാണു് ഇവിടെ ഉദ്ദേശിച്ചിട്ടുള്ളതെന്നു് തോന്നുന്നു. മലയാളത്തിൽ ഇങ്ങനെ മൂന്നു വിധം ഉണ്ടെന്നുതോന്നുന്നില്ല. നിങ്ങൾ, നീ- എന്നിങ്ങനെ രണ്ടേയുള്ളു. എന്നാൽ അവിടുന്നു എന്ന അൎത്ഥത്തിൽ ബങ്കാളിഭാഷയിൽ ഒന്നുകൂടെ ഉണ്ടു്. അതു് മലയാളത്തിൽ അത്ര പ്രചുരപ്രചാരമുള്ളതല്ല.

മില്ലല്ലോ—ഒരിക്കലും തൂ-എന്നൊ-തും എന്നൊ തുമി എന്നോ ഒന്നും വിളിക്കുകയില്ല. എന്തിന്ന് അച്ഛനമ്മമാരെ പേർ ചൊല്ലി വിളിക്കുവാനേ ഞങ്ങൾക്കു പാടില്ല; ഞങ്ങൾ ചെയ്യുകയുമില്ല. എനിക്ക് ഈ രാജ്യത്തിലെ സമ്പ്രദായങ്ങൾ നല്ലപോലെ മനസ്സിലാകുന്നതിന്നു മുമ്പായി, ഒരു അവസരത്തിൽ, ഒരു പരിഷ്കൃത കുടുംബത്തിലെ ഒരു പുത്രൻ അവരുടെ അമ്മയെ പേർ ചൊല്ലി വിളിക്കുന്നതു കേട്ടപ്പോൾ ഞാൻ വല്ലാതെ നടുങ്ങിപ്പോകയുണ്ടായിട്ടുണ്ട്. പിന്നെ അതിനോട് പരിചയപ്പെട്ടപ്പോഴാണ് അതിന്റെ ഭയാനകത കുറവായിത്തോന്നിത്തുടങ്ങിയത്. അത് രാജ്യത്തിലെ സ്വഭാവമാണ്. എന്നാൽ ഞങ്ങളുടെ രാജ്യത്തിൽ ആരും തന്നെ അച്ഛനമ്മമാർ ഉള്ളപ്പോൾ അവരുടെ നാമം ശബ്ദിക്കുകയേയില്ല. അവരുടെ മുമ്പിൽ എപ്പോഴും പ്രഥമപുരുഷൻ ബഹുവചനം തന്നെ പ്രയോഗം.

ഇങ്ങിനെ ഞങ്ങളുടെ സ്ത്രീപുരുഷന്മാരുടെ സാമുദായികഘടനയിലെ കൂട്ടുകെട്ട് വളരെ മിശ്രമായതും ഓരോ ഭാവങ്ങൾക്കും വളരെ വ്യത്യാസങ്ങളുള്ളതും പല ഭാവങ്ങളോടുകൂടിയതും ആകുന്നു എന്ന് നിങ്ങൾ ഒട്ടൊക്കെ മനസ്സിലാക്കിയല്ലോ. ഞങ്ങളെക്കാൾ വയസ്സ് മൂപ്പുള്ളവരുടെ മുമ്പിൽ വെച്ച് ഞങ്ങൾ ഞങ്ങളുടെ ഭാര്യമാരോട് സംസാരിക്കുകയില്ല. ഞങ്ങൾ തനിയെ ഇരിക്കുമ്പോഴൊ അല്ലെങ്കിൽ താണനിലയിൽ ഉള്ളവർ ഇരിക്കുമ്പോഴോ മാത്രമെ ഞങ്ങൾക്ക് ഭാര്യമാരോട് സംസാരിക്കുവാൻ പാടുള്ളു. ഞാൻ വിവാഹിതനാണെങ്കിൽ എനിക്ക് എന്റെ ഇളയ സഹോദരിയുടെയൊ ഭാഗിനേയന്റെയൊ മറ്റൊ മുമ്പിൽ വെച്ച് എന്റെ ഭാര്യയോട് സംസാരിക്കുന്നതിന്ന് വിരോധമില്ല. അല്ലാതെ എന്നെക്കാൾ വയസ്സുമൂപ്പുള്ളവരുടേയൊ അച്ഛനമ്മമാരുടെയൊ മുമ്പിൽ വെച്ച് ഒരിക്കലും സംസാരിക്കാവുന്നതല്ല. അതുപോലെതന്നെ എനിക്ക് എന്റെ സഹോദരിമാരോട് അവരുടെ ഭർത്താക്കന്മാരെപ്പറ്റിയും സംസാരിക്കുവാൻ പാടില്ലാത്തതാകുന്നു.

ഇതിന്റെ എല്ലാം അൎത്ഥം ഞങ്ങൾ അകമാനം ഒരു ആദ്ധ്യാത്മിക സമുദായമാണെന്നാണ്. ഞങ്ങളുടെ സകലമാനസാമുദായികഘടനയുടേയും മുമ്പിൽ ആ ഒരു ആശയം സദാ തെളിഞ്ഞു നില്ക്കുന്നതായി കാണാകുന്നതാണ്. വിവാഹം ഏതാണ്ട് അശുദ്ധമായ ഒന്നാണെന്നോ നീചമായ ഒന്നാണന്നോ മററൊ ആണ് അവരുടെ ധാരണ. അതുകൊണ്ട് പ്രേമത്തെപ്പററി ഒരിക്കലും പരസ്യമായി സംസാരിക്കുവാൻ പാടില്ല. എനിക്ക് എന്റെ സഹോദരിയൊസഹോദരനൊ അമ്മയൊ അച്ഛനൊ അതുപോലെയുള്ള മററേതെങ്കിലും പൂജനീയന്മാരോ കാണെ ഒരു നോവൽ വായിക്കുവാൻ കൂടെ പാടുള്ളതല്ല. അവരെ കണ്ടാൽ ഞാൻ പുസ്തകം അടച്ചുകളയണം.

ഭക്ഷണം കഴിക്കുന്നതിനെ സംബന്ധിച്ചുള്ള നിയമങ്ങളും ഇതുപോലെയൊക്കെയാകുന്നു. ഞങ്ങൾക്ക് ഞങ്ങളുടെ ഗുരുക്കന്മാരുടെ മുമ്പിൽ ഇരുന്ന് ഭക്ഷണം കഴിച്ചുകൂടാ. നന്നെ ചെറു പ്രായത്തിലുള്ള ബാലികകളും താണനിലയിൽ ഉള്ളവരും ആയ സ്ത്രീകൾ ഒഴികെ ഞങ്ങളുടെ സ്ത്രീകൾ ആരുംതന്നെ പുരുഷന്മാരുടെമുമ്പിൽ ഇരുന്ന് ഭക്ഷിക്കുകയില്ല. ഭാൎയ്യയ്ക്ക് ഒരിക്കലും ഭൎത്താവിന്റെ മുമ്പിൽ ഇരുന്ന് ഉണ്ണുവാൻ പാടില്ല. ചിലപ്പോൾ സഹോദരന്മാരും സഹോദരികളും ഒന്നിച്ചിരുന്ന് ഊണു കഴിച്ചു എന്നു വരാം. അവർ അങ്ങിനെ ഉണ്ണുന്നതിന്നിടയിൽ അവളുടെ ഭൎത്താവ് വന്നുപോയാൽ അവർ പെട്ടെന്ന് ഭക്ഷണം നിൎത്തിക്കളയുകയായി.. പിന്നെ ആ സാധുഭൎത്താവ് അവിടെനിന്ന് ഓടിക്കഴിഞ്ഞുകൊള്ളുകയേ വേണ്ടു.

ഇവയൊക്കെയാണ് ഞങ്ങളുടെ രാജ്യത്തിലെ ഏതാനും പ്രത്യേകസമ്പ്രദായങ്ങൾ. ഇവകളിൽ ദുൎല്ലഭം ചില സമ്പ്രദായങ്ങളെ ഞാൻ മററേതാനും രാജ്യങ്ങളിലും കാണുക ഉണ്ടായിട്ടുണ്ട്. ഞാൻ അവിവാഹിതനാകയാൽ ഭാൎയ്യയെപ്പററി

യുള്ള അറിവിൽ എനിക്കു വളരെ പരിപൂൎണ്ണതയുണ്ടാകുവാൻ തരമില്ലല്ലോ. അമ്മമാരും, പെങ്ങന്മാരും; അതെ, അവരെ എനിക്ക് നല്ലപോലെ അറിയാം. മററുള്ളവരുടെ ഭാൎയ്യമാരേയും ഞാൻ കണ്ടിട്ടുണ്ടു്. അതിൽനിന്നു് കിട്ടിയ വിവരങ്ങളാണു് ഞാൻ നിങ്ങളോട്ടു് പറഞ്ഞതു്.

സ്ത്രീകളുടെ വിദ്യാഭ്യാസവും അവരുടെ മനഃപരിഷ്കാരവും എല്ലാം പുരുഷന്മാരെ ആശ്രയിച്ചാണു് നിൽക്കുന്നതു്. അതായതു്, മനഃസംസ്കാരം തികഞ്ഞ പുരുഷന്മാരുള്ളേടത്തു് സ്ത്രീകളും മനഃസംസ്കാരമുള്ളവരായിത്തന്നെ ഇരിക്കുന്നു. പുരുഷന്മാൎക്കു് മനഃസംസ്കാരമില്ലെങ്കിൽ സ്ത്രീകൾക്കും ഇല്ല. ഹിന്ദുക്കളുടെ സമ്പ്രദായപ്രകാരമുള്ള പ്രാഥമികവിദ്യാഭ്യാസം ഏററവും പുരാതനകാലം മുതൽക്കുതന്നെ ദേശീയ സമ്പ്രദായപ്രകാരമുള്ളതാണു്. അതിൻെറ ഏററവും ചുരുങ്ങിയ ഒരു വിവരണം ഞാൻ നിങ്ങളോട്ടു് പറയാം. അവിടെ ഭൂസ്വത്തെല്ലാം, ഏററവും പ്രാചീനകാലം മുതൽക്കെ, രാജാവിൻേറതാണു്. അല്ലാതെ വസ്തുക്കളിൽ ആൎക്കുംതന്നെ സമ്പൂൎണ്ണമായ ഉടമസ്ഥാവകാശമില്ല. ഓരോരുത്തൎക്കും ഉള്ളതായി പറയപ്പെടുന്ന വസ്തു അവരവർ ഗവൎമ്മെൻറിൽനിന്നു് വാങ്ങീട്ടുള്ളതായിരിക്കും. അതിൻെറ ഒരു പാട്ടം എന്നപോലെയാണു് കരം കൊടുക്കുന്നതു്. ഇന്ത്യയിലെ കരമെല്ലാം ഇങ്ങിനെ വസ്തുക്കളിൽനിന്നു് കിട്ടുന്നതാണു്. പണ്ടു് ഈവക സ്ഥലങ്ങൾ ഒരു ഗ്രാമക്കാർ പൊതുവിലായിരുന്നു വെച്ചിരുന്നതു്. ഇങ്ങിനെ ഒരു ഗ്രാമത്തിൽ അഞ്ചോ പത്തോ ഇരുപതോ ആറോ കുടുംബങ്ങൾ ഉണ്ടായി എന്നു വരാം. അവർ ആ സ്ഥലമെല്ലാം ഭരിക്കുകയും ഏതാനും ഒരു തുക സൎക്കാരിലേക്കു കൊടുക്കുകയും പൊതുവകയായി ഒരു വൈദ്യനേയും ഒരു ഉപാദ്ധ്യായനേയും സംരക്ഷിച്ചു പോരികയും മററും ചെയ്തിരുന്നു. ഇങ്ങിനെ ആയിരുന്നു ആ പ്രാചീനസമ്പ്രദായം.

ഹെർബർട്ട് സ്പെൻസരുടെ ഗ്രന്ഥങ്ങൾ വായിച്ചവർ അദ്ദേഹം ഒരു തരം ഗുരുകുലവിദ്യാഭ്യാസത്തെ പററി പറഞ്ഞിട്ടുള്ളതു് ഓൎക്കുവാൻ ഇടയുണ്ടല്ലോ. അതു് യൂറോപ്പിൽ ചിലേടങ്ങളിൽ പരിശോധിച്ചു നോക്കുകയും വിജയിക്കുകയും ചെയ്തിട്ടുണ്ടെന്നാണു് അദ്ദേഹം തന്നെ പറയുന്നതു്. ഇതു് ഞങ്ങളുടെ ഗ്രാമീണസമ്പ്രദായംപോലെ, അതായതു് ഒരു ഗ്രാമത്തിന്നു് ഒരു ഉപാദ്ധ്യായൻ എന്ന തോതു പ്രകാരം, ഉള്ളതാണു്. ഈ പ്രാധമികപാഠശാലകൾ വളരെ താണതരത്തിലുള്ളതാകുന്നു. അതിന്നുള്ള കാരണം അവരുടെ സമ്പ്രദായങ്ങൾതന്നെ അത്തരത്തിൽ വളരെ ലഘുവായിട്ടുള്ളതാണു്. ഓരോ കുട്ടിയും അവന്നു് ഇരിക്കുവാനുള്ള ഓരോ ഓലത്തടുക്കുംകൊണ്ടാണു് പോകുന്നതു്. പിന്നെ ഒരു ഓലക്കെട്ടും കാണാം. അവന്നു് എഴുതുവാനുള്ള കടലാസ്സും പഠിക്കുവാനുള്ള പുസ്തകവും അതാണു്. എത്ര ലഘു! അവക്കു് കടലാസ്സ് വിലകൂടിയതാകുന്നു. ഓരോ കുട്ടിയും അവന്റെ ചെറിയ തടുക്കിട്ടു് മററുള്ളവരൊന്നിച്ചു് നിരന്നിരിക്കും. പൊതുവിൽ ഒരു പാഠം എന്നൊന്നും ഇല്ല. ഓരോരുത്തരും പഠിക്കുന്നതു് ഓരോന്നായിരിക്കും. അല്പം കണക്കു്, അല്പം വ്യാകരണം, അല്പം ഭാഷ, ഇവയാണു് അവിടെ പഠിപ്പിക്കപ്പെടുന്നവ.

ഇങ്ങിനെ അക്ഷരങ്ങൾ വശമാക്കിക്കഴിഞ്ഞാൽപിന്നെ ആരംഭിക്കുന്നതു് സ്തോത്രങ്ങളും നീതിസാരവും പഠിക്കുവാനാണു്. അവയെല്ലാം മനഃപാഠമാക്കണം. ആ ചെറുപ്രായത്തിൽ പഠിച്ചവ ഞാൻ ഇന്നും ഓൎമ്മിക്കുന്നുണ്ടു്. അവയിൽ ഒരു പാഠത്തിന്റെ അൎത്ഥം ഞാൻ പറഞ്ഞുതരാം. ആ ചെറുപ്രായത്തിൽതന്നെ അവിടെ കുട്ടികളെ പഠിപ്പിക്കുന്നതു് എന്താണെന്നു് നോക്കുക!

"ഒരു ഗ്രാമത്തിന്റെ രക്ഷയ്ക്കുവേണ്ടി, ഒരുവൻ അവന്റെ കുടുംബത്തെ ത്യജിക്കണം.

"ഒരു രാജ്യത്തിൻെറ ഗുണത്തിന്നുവേണ്ടി അവൻ അവൻെറ ഗ്രാമത്തെ ഉപേക്ഷിക്കണം.

"ജനസമുദായത്തിൻെറ ഗുണത്തിന്നുവേണ്ടി അവൻ അവൻെറ രാജ്യത്തേയും ഉപേക്ഷിക്കണം.

"ലോകത്തിൻെറ ഗുണത്തിന്നുവേണ്ടി അവൻ സർവ്വത്തേയും ഉപേക്ഷിക്കണം."

ഇങ്ങിനെയുള്ള പാഠങ്ങളാണു് പഠിക്കുവാനുള്ളതു്. ഞങ്ങൾ അവയെയെല്ലാം മനഃപാഠമാക്കിത്തീക്കും. ഗുരുനാഥൻ അവയെയെല്ലാം വ്യാഖ്യാനിച്ചു് മനസ്സിലാക്കിത്തരികയും ചെയ്യും. ഇങ്ങിനെയാണു് വിദ്യാഭ്യാസത്തിൻെറ രീതി. അവിടെ ആൺകുട്ടികളും പെൺകുട്ടികളും ഒന്നിച്ചിരുന്നാണു് പഠിക്കാറു പതിവു്. ഇങ്ങിനെ കുറേക്കഴിയുമ്പോൾ അവരുടെ വിദ്യാഭ്യാസരീതിക്കു് ഭേദം വരുന്നതാണു്. പിന്നെ പെൺകുട്ടികൾ പതിവ്രതകളായ സ്ത്രീരത്നങ്ങളുടെ ചരിത്രങ്ങളും സംഗീതവും മററും പഠിച്ചുതുടങ്ങും. ആൺകുട്ടികൾക്കു പ്രത്യേകമാണു് അന്നത്തെ സൎവ്വകലാശാലകൾ മിക്കവാറും നിൎമ്മിച്ചിട്ടുള്ളതു്. പെൺകുട്ടികൾ വളരെ ദുർല്ലഭമായേ അവിടെ പോയി ഉന്നത വിദ്യാഭ്യാസം ചെയ്തിരുന്നുള്ളു. എന്നാൽ കേവലം ഇല്ലെന്നു പറയുവാൻ പാടില്ലാ എന്നുമാത്രം.

ഇക്കാലത്തു് പാശ്ചാത്യരീതിയിലുള്ള വിദ്യാഭ്യാസത്തിന്നു് അവിടെ അധികമായ പ്രചാരം ഉള്ളതായി കാണുന്നുണ്ടു്. ആളുകൾക്കു് അതിലാണു് ഇപ്പോൾ എന്തെന്നില്ലാത്ത ഒരു ഭ്രമം കടന്നുകൂടിയിരിക്കുന്നതു്. ഈ ഉന്നതവിദ്യാഭ്യാസം തന്നെ സ്ത്രീകൾക്കു കൊടുക്കണമെന്നാണു് ഇന്നത്തെ അഗ്രഹം. എന്നാൽ ഇന്നത്തെ ഈ രീതിയിലുള്ള ഉന്നതവിദ്യാഭ്യാസത്തെ കേവലം ഇഷ്ടപ്പെടാത്തവരായും ഇന്ത്യയിൽ ചിലരൊക്കെ ഇല്ലാതെയില്ല. പക്ഷെ ഭൂരിപക്ഷവും അധികാരശക്തിയും മററേ കൂട്ടൎക്കാണു്. ഓക്സ്സ്ഫോർസ് സൎവ്വകലാ

ശാലയും കാംബ്രിഡ്ജ് സർവ്വകലാശാലയും ഇന്നും സ്ത്രീകൾക്കു തുറക്കപ്പെട്ടിട്ടില്ല. അതുപോലെതന്നെ ഹാർവാർഡ് സർവ്വകലാശാലയും യേൽ സർവ്വകലാശാലയും. ഈ പരിഷ്കൃതരാജ്യങ്ങളിലെ ഇന്നത്തെ കഥകൂടെ ഇങ്ങിനെയിരിക്കെ ഇരുപതുകൊല്ലങ്ങൾക്കു മുമ്പായിത്തന്നെ കൽക്കത്താ സർവ്വകലാശാല സ്ത്രീകൾക്കു തുറന്നുവെച്ചതു് അതിശയനീയമായി തോന്നുന്നില്ലയൊ? ഞാൻ ബി. ഏ. പരീക്ഷ പാസ്സായ അതേകൊല്ലത്തിൽതന്നെ എന്നോടുകൂടി ഒട്ടേറെ സ്ത്രീകൾ പാസ്സായതായി ഞാൻ ഓർക്കുന്നുണ്ടു്. ഒരേപഠിപ്പു്, ഒരേപുസ്തകം എല്ലാം പുരുഷന്മാർക്കും സ്ത്രീകൾക്കും ഒരുപോലെ. അവർ വളരെ സമർത്ഥകളും ആയിരുന്നു. ഞങ്ങളുടെ മതം ഒരു തരത്തിലുള്ള സ്ത്രീവിദ്യാഭ്യാസത്തിന്നും പ്രതികൂലമായി നില്ക്കുന്നില്ല. ഇന്നവിധത്തിൽ ഇന്നിന്നവമാത്രം സ്ത്രീകളെ അഭ്യസിപ്പിക്കണം, ഇന്നിന്ന പ്രകാരത്തിൽ മാത്രം അവരെ പരിശീലിപ്പിക്കണം, എന്നൊന്നും പറയുന്നില്ല. എന്നു മാത്രമല്ല ഏററവും പുരാതനകാലത്തു് പുരുഷന്മാരെപ്പോലെതന്നെ സ്ത്രീകളേയും അഭ്യസിപ്പിച്ചു വന്നിരുന്നു എന്നു് ഞങ്ങളുടെ പ്രാചീനഗ്രന്ഥങ്ങളിൽ നിന്നു് മനസ്സിലാക്കാവുന്നതുമാണു്. പക്ഷേ കുറെക്കഴിഞ്ഞശേഷം ഞങ്ങളുടെ വിദ്യാഭ്യാസം ആകമാനം അശ്രദ്ധയിൽ പതിച്ചുപോയി. ഒരു വിദേശീയ ഭരണത്തിൽ നിങ്ങൾക്കു് എന്തുതന്നെ അഗ്രഹിക്കാം. വിദേശിയായ ആ കൊള്ളക്കാരൻ അവിടെ വന്നിട്ടുള്ളതു് ഞങ്ങൾക്കു ഗുണം ചെയ്യാനല്ല. ആ ധർമ്മബുദ്ധിയോടുകൂടിയല്ല അവൻ ഭരിക്കുന്നതു്. അവന്നു് പണം വേണം. അതാണു് അവന്നു് ആവശ്യം. ഞാൻ പന്ത്രണ്ടു കൊല്ലം അത്യദ്ധ്വാനം ചെയ്തു് പഠിച്ചാണു് കൽക്കത്താ സർവ്വകലാശാലയിൽ നിന്നു് ബി. എ. പാസ്സായതു്. ഇപ്പോൾ എനിക്കു് എന്റെ രാജ്യത്തു് പ്രതിമാസം 50ക കൂടെ സമ്പാദിക്കുവാൻ സാധിക്കുകയില്ല. നിങ്ങൾക്കു് ഇതു് വിശ്വാസമാകുമൊ? എന്നാൽ പരമാർത്ഥം അതാണു്. അതു

കൊണ്ടു് ഈ വിദേശികളുടെ ഈ വിദ്യാശാലകളെല്ലാം കുറെ പട്ടാളം പ്രായോഗിക മൃഗങ്ങളെ, അതായതു്, സാദ്ധ്യക്കുലിക്കു് പണിയെടുപ്പിക്കാവുന്ന കോവർകഴുതകളെപ്പോലെയുള്ള അടിമകളെ -ഉദാഹരണമായി ഗുമസ്തന്മാർ, തപാൽ മാസ്റ്റർമാർ, കമ്പിആപ്പീസ്സുകാർ മുതലായവരെ—സൃഷ്ടിക്കുവാൻ മാത്രമായിട്ടുള്ളതാണു്. അതുതന്നെ; അതിലേറെ അതിന്നു് ഒരു ത്ഥവുമില്ല; അതുകൊണ്ടു് ഒരു പ്രയോജനവും ഇല്ല.

ഇതിന്റെ ഫലമായി ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും വിദ്യാഭ്യാസം അമാന്തസ്ഥിതിയെ പ്രാപിക്കപ്പെട്ടതാക്കിത്തീൎന്നു. അതിനെപ്പററി തീരെ ഗണിക്കാതെയായി. ആ രാജ്യത്തിൽ ചെയ്യപ്പെടേണ്ടതായ സംഗതികൾ പലതും ഉണ്ടു്. എന്നാൽ ഒരു സംഗതി, അതായതു് ഒരുവന്നു് യോജിക്കുന്നതു് മറെറവന്നും യോജിക്കണം എന്ന സംഗതി, നിങ്ങൾ ആലോചിക്കണം. ഇവിടെ വിദേശികളായ നിങ്ങളിൽ പലരും ഇന്ത്യയിലെ സ്ത്രീകളുടെ കഷ്ടപ്പാടുകളെപ്പററി വളരെയൊക്കെ അനുശോചിക്കുന്നതായി കേൾക്കാറുണ്ടല്ലോ. പക്ഷേ അവരാരുംതന്നെ പുരുഷന്മാരുടെ കഷ്ടപ്പാടുകളെപ്പററി ഒന്നുംതന്നെ ചിന്തിക്കുന്നതായി കാണുന്നതുമില്ല. അവരുടെ കരച്ചിലെല്ലാം നക്രരോദനമാണു്. അവർ തൂകുന്നതെല്ലാം ഉപ്പുകണ്ണുനീരുമാണു്. ഈ ചെറുബാലികകളെയെല്ലാം കല്യാണം കഴിച്ചുകൊടുക്കുന്നതു കിഴവന്മാൎക്കാണെന്നു് കേട്ടപ്പോൾ ഒരാൾ "എന്തു്! പിന്നെ അവിടുത്തെ ചെറുപ്പക്കാരെല്ലാം ചെയ്യുന്നതെന്താണു്? അതയോ! സകല പെൺകുട്ടികളേയും കല്യാണം കഴിച്ചുകൊടുക്കുന്നതു് വൃദ്ധന്മാൎക്കുതന്നെയാണോ?" എന്നു ചോദിച്ചു എന്നു് കേൾക്കുക ഉണ്ടായിട്ടുണ്ടു്. ശരിയായിരിക്കാം. അവിടെയുള്ള പുരുഷന്മാരെല്ലാം ജന്മനാ വൃദ്ധന്മാരായിരിക്കാം.

ഇന്ത്യൻസമുദായത്തിന്റെ ഏകാദർശം ആത്മസ്വാതന്ത്ര്യം ഒന്നുമാത്രമാകുന്നു. ഈ ലോകം നിസ്സാരം. അതൊരുവെറും

ദർശനം. ഒരു സ്വപ്നംമാത്രം. ഈ ജീവിതം, ഇതേമാതിരി ഉണ്ടായിട്ടുള്ള അനേക ജീവിതങ്ങളെപ്പോലെ ഒന്ന് എന്നേയുള്ളൂ. ഈ പ്രകൃതി അവാസ്തവമാണ്, സമസ്തം മായയാണ്, അതാണ് ഞങ്ങളുടെ തത്വജ്ഞാനം. ചെറുകുട്ടികൾ ജീവിതം കാണുമ്പോൾ ചിരിക്കുകയും അത് വളരെ സുന്ദരവും സുഖപ്രദവും ആണെന്നുംമററും വിചാരിക്കുകയും ചെയ്യുന്നു. എന്നാൽ അല്പകാലത്തിനകത്തുതന്നെ അവർ, അവർപുറപ്പെട്ടസ്ഥലത്തേയ്ക്കുതന്നെ മടങ്ങേണ്ടതായിവരുന്നു. അവർ ജീവിതം തുടങ്ങുന്നത് കരഞ്ഞുകൊണ്ടായിരിക്കുന്നതുപോലെ അവർ അതിനെ കരഞ്ഞുകൊണ്ടുതന്നെ ഉപേക്ഷിക്കുകയും ചെയ്യും. ഓരോരാഷ്ട്രവും നല്ലരക്തത്തിളപ്പുള്ള യൌവ്വനദശയിൽ അവക്ക് എന്തും എങ്ങിനേയും പ്രവൎത്തിച്ചുകളയാം എന്നാണ് വിചാരിക്കുന്നത്. "ഞങ്ങൾഭൂമിയിലെ ദേവന്മാരാണ്. ഞങ്ങൾ അനുഗ്രഹീതരായജനങ്ങളാണ്" എന്നും മററുമാണ് അവരുടെഭാവം. ഈ ലോകത്തെ അടക്കിഭരിക്കുവാനും, ഈശ്വരന്റെ ഇച്ഛകളെ ചെയ്യാനും, തങ്ങളുടെ ഇഷ്ടംപോലെ ബോധിക്കുന്നതെല്ലാം പ്രവൎത്തിക്കുവാനും, ലോകത്തെ കീഴ്മേലും മറിക്കുവാനും സർവ്വശക്തനായ ഈശ്വരൻ അവക്ക് ഒരു പ്രത്യേകഅവകാശപത്രം കൊടുത്തിട്ടുണ്ടെന്നാണ് അവർ വിചാരിക്കുന്നത്. അവക്കു കക്കാം, കൊലനടത്താം, ഹിംസിക്കാം, ഇതിനെല്ലാം അവക്കധികാരമുണ്ട്. ഈശ്വരൻ കൊടുത്ത അധികാരം. ഇതൊക്കെ അവർ ആ അധികാരത്തെ അടിസ്ഥാനമാക്കി പ്രവൎത്തിക്കുന്നതുമുണ്ട്. അവർ വെറും കുട്ടികൾ മാത്രമായതുകൊണ്ടാണ് ഇങ്ങിനെ വിചാരിക്കുകയും പ്രവൎത്തിക്കുകയും ഒക്കെ ചെയ്യുന്നത്. നോക്കണം! എത്ര എത്ര രാഷ്ട്രങ്ങൾ ഉണ്ടായി? എത്ര ക്ഷേമമായി ഏതാനും കാലം നിലനിന്നു? എന്തു പ്രതാപത്തിൽ കഴിഞ്ഞുകൂടി? പക്ഷെ അവയെല്ലാം ഇപ്പോൾ എവിടെ? അവ പോയവഴിക്ക് പുല്ലുകൂടെയില്ല. എവിടെപ്പോയി ഒളിച്ചു എന്ന് ആക്കും അറിഞ്ഞുകൂടാ.

ഒരു താമരഇലയിൽ നില്ക്കുന്ന ഒരുതുള്ളി വെള്ളം കുറച്ചുനേരം അങ്ങുമിങ്ങും ഉരുണ്ടുകളിച്ച് നിമിഷാന്തരത്തിൽ താഴെപതിക്കുന്നു. ഈ മനുഷ്യജീവിതവും അതുപോലെതന്നെയാണ്. നാം തിരിയുന്നേടത്തൊക്കെ നാശമേയുള്ളു. ഇന്ന് അതിഭയങ്കരമായ ഈ ഘോരകാന്താരം കാണപ്പെടുന്ന സ്ഥലത്ത് ഒരു കാലത്ത് കോട്ടകൊത്തളങ്ങളോടുകൂടിയ അതിമനോഹരമായ വലിയ പട്ടണമായിരിക്കും സ്ഥിതിചെയ്തിരുന്നത്. ഇന്ത്യൻമനഃസ്ഥിതിയുടെ പ്രധാനഭാവവും ഗതിയും നിറവും ഇങ്ങിനെയാണ്. നിങ്ങൾ പാശ്ചാത്യരുടെ രക്തനാഡികളിൽ ചുണയോടുകൂടിയ നവ്യരക്തമാണ് ഇപ്പോൾ സഞ്ചരിച്ചുകൊണ്ടിരിക്കുന്നതെന്ന് ഞങ്ങൾക്കറിയാം. ഒരോവ്യക്തിക്കെന്നതുപോലെ ഓരോ രാഷ്ട്രത്തിന്നും ഈവക അവസ്ഥാന്തരങ്ങളെല്ലാം ഉണ്ടാകുമെന്നും ഞങ്ങൾക്കറിയാം. റോം എവിടെപ്പോയി? ഇന്ന് ഗ്രീസ് എവിടെപ്പോയി? ഇന്നാളത്തെ ആ അതിഗാംഭീര്യന്മാരായിരുന്നസ്പാനിയാർഡ്സ് ഇന്നെവിടെ? അവർ അങ്ങിനെ ജനിച്ചു, അതുപോലെ തന്നെ മരിക്കുകയും ചെയ്തു. അവർ പൊങ്ങിവന്നതുപോലെതന്നെ താണുപോകുകയും ചെയ്തു. ഹിന്ദു അവന്റെ ഈ പാഠം നല്ലപോലെ പഠിച്ചിരിക്കുന്നു. അവന്ന് ഇന്നത്തെ കൊച്ചുങ്ങളെപ്പോലെ കണ്ഠക്ഷോഭം ചെയ്യേണ്ട ആവശ്യം ഇല്ല നിങ്ങൾ പാശ്ചാത്യന്മാർക്ക് പറയുവാനുള്ളതെല്ലാം നിങ്ങൾ പറഞ്ഞുകൊള്ളുവിൻ. ഇത് നിങ്ങളുടെ കാലമാണ്. കുഞ്ഞുങ്ങളെ നിങ്ങൾ മുന്നാക്കംപോയികൊള്ളുക. നിങ്ങളുടെ പ്രഭാഷണംഎല്ലാം കഴിയട്ടെ; നിങ്ങൾ കുഞ്ഞുങ്ങൾക്ക അതിനുള്ള കാലമാണിത്. ഞങ്ങൾ ഞങ്ങളുടെ പാഠം പഠിച്ചു കഴിഞ്ഞിരിക്കുന്നു. അതിനാൽ ഞങ്ങൾക്ക് അടങ്ങിയിരിക്കാം. നിങ്ങൾ കിടന്ന് ചാടിക്കൊള്ളുവിൻ. നിങ്ങളുടെ കയ്യിൽ ഇന്ന് നാലുകാശുണ്ട്; അതുകൊണ്ട് നിങ്ങൾക്ക് മററാരും സമമില്ല. ശരി; ഇതു് നിങ്ങളുടെ കാലം. കളിക്കിൻ കുട്ടികളെ! കളിക്കിൻ എന്നാണ് ഹിന്ദുവിന്റെ ഭാവം.

ഈ വിധമുള്ള നിസ്സാര സംസാരങ്ങളെക്കൊണ്ടൊന്നും ഈശ്വരനെ പ്രാപിക്കുവാൻ സാധിക്കുകയില്ല. ബുദ്ധിയുടെ ശക്തികൊണ്ടു കൂടേയും ഈശ്വരനെ പ്രാപിക്കുവാൻ സാധിക്കുകയില്ല. കയ്യൂക്കുകൊണ്ടും ധനംകൊണ്ടും ഈശ്വരനെ സമ്പാദിക്കുവാൻ സാധിക്കുകയില്ല. സർവ്വവസ്തുക്കളുടേയും രഹസ്യമായ മൂലസ്ഥാനത്തേയും; മറ്റെല്ലാം മിത്ഥ്യയാണെന്നുള്ള പരമാത്ഥത്തേയും; അറിയുന്നവൻ ഏവനൊ അവന്ന് ഈശ്വരൻ ലഭ്യമാകുന്നു. അല്ലാതെ മററാക്കും ഈശ്വരനെ അറിയുവാൻ സാധിക്കുകയില്ല. ഇന്ത്യ അവളുടെ ഈ വില യേറിയ പാഠം അനേക സംവത്സരങ്ങളിലെ പരിചയങ്ങൾ കൊണ്ട് പഠിച്ചിട്ടുള്ളതാണ്. ആ ദേവി അവരുടെ മുഖം ഈശ്വരം പ്രതി തിരിച്ചു കഴിഞ്ഞിരിക്കുന്നു. അവർ വളരെ വളരെ തെററുകൾ ഒക്കെ ചെയ്തിട്ടുണ്ട്. അവരുടെ സമുദായത്തിന്റെ തലയ്ക്ക് കെട്ടുകെട്ടായി അനേക കുപ്പകൾ കൂട്ടി വെച്ചിട്ടുംഉണ്ട്. ഇരിക്കട്ടെ, അതുകൊണ്ടെന്താണ്? കുപ്പകളെ നീക്കം ചെയ്യുന്നതും പട്ടണങ്ങളെ വൃത്തിയാക്കുന്നതും മററും എന്താണ്? അത് ജീവസ്സിനെ കൊടുക്കുമൊ? അതിവിശേഷമായ സ്ഥാപനങ്ങൾ ഉള്ളവരെല്ലാം മരിക്കുന്നില്ലേ. അഞ്ചുദിവസംകൊണ്ടുണ്ടാക്കി ആറാം ദിവസം പൊട്ടിച്ചു കളയുന്ന ഈ സ്ഥാപനങ്ങൾ, ഈ പാശ്ചാത്യസ്ഥാപനങ്ങൾതന്നെ, വെറും തകരക്കിണ്ണങ്ങളല്ലാതെ എന്താണ്? ഒരു മുഷ്ടിയിൽ കൊള്ളുന്ന ഇവയിൽ ഒരു ചെറുരാഷ്ട്രത്തിന്ന് രണ്ടു നൂററാണ്ടുകൾ തികച്ചും ജീവിച്ചിരിക്കുവാൻ സാധിക്കുന്നില്ല. ഞങ്ങളുടെ സമുദായത്തെ നോക്കണം. ഞങ്ങളുടെ സ്ഥാപനങ്ങൾ അനേകനൂററാണ്ടുകളുടെ പരിശോധനകൾ കഴിഞ്ഞ് ഇന്നും ജയിച്ചു നില്ക്കുന്നുണ്ട്. ഹിന്തുപറയുന്നത് ഇങ്ങിനെയാണ്:—അതെ, ഞങ്ങൾ എല്ലാപഴയരാഷ്ട്രങ്ങളേയും ഭൂമിയിൽ മറവുചെയ്തുകഴിഞ്ഞു. ഇനി വരുവാനുള്ള പുതിയ രാഷ്ട്രങ്ങളെ മറവുചെയ്വാൻ ഞങ്ങൾ ഇവിടെ തയ്യാറായി നില്ക്കുകയും ചെയ്യുന്നു. അതിനുള്ള കാരണം ഞങ്ങളുടെ ആദർശം

ഈ ലോകമല്ലാതെ മറ്റൊന്നായിരിക്കുന്നതാണ്. നിങ്ങളുടെ-ആദർശം ഏതൊരു പ്രകാരമൊ അതു പ്രകാരമായിരിക്കും നിങ്ങളും നിങ്ങളുടെ ആദർശം നശ്വരവും, നിങ്ങളുടെ ആദർശം ലൌകികവും ആണെങ്കിൽ നിങ്ങളുംഅതുപോലെതന്നെയിരിക്കും. നിങ്ങളുടെ ആദർശം ഭൌതികമായതാണെങ്കിൽ നിങ്ങളും ഭൌതികവസ്തുവായിത്തന്നെതീരും. സൂക്ഷിച്ചുകൊള്ളുക. ഞങ്ങളുടെ ആദർശം ചൈതന്യമാണ്. അതൊന്നെ സത്തായിട്ടുള്ളൂ. മറ്റെല്ലാം അസത്താണ്. അതിനാൽ ഞങ്ങൾ എന്നും സത്തായി നിലനില്ക്കുകയും ചെയ്യുന്നു.

---

## ആത്മാവും പ്രകൃതിയും ഈശ്വരനും.

---

വേദാന്തസിദ്ധാന്തപ്രകാരം മനുഷ്യൻ മൂന്ന് ശരീരങ്ങളോടു കൂടിയവനാകുന്നു. പുറമെ കാണുന്ന ഇതു് മനുഷ്യന്റെ സ്ഥൂലശരീരമാണ്. ഇതിന്നകത്താണ് കണ്ണ് മൂക്ക് നാക്ക് മുതലായ അവയവങ്ങൾ ഇരിക്കുന്നതു്. പുറമേകാണുന്ന ഈ കണ്ണല്ല നമ്മുടെ നേത്രേന്ദ്രിയമെന്നു നിങ്ങൾ ഓൎമ്മിക്കണം. ഇതു് ഒരു യന്ത്രം മാത്രമാകുന്നു. ഇതുപോലെതന്നെ ശ്രോത്രവും. ഈ പുറമേ കാണപ്പെടുന്നതു വെറും യന്ത്രം മാത്രം. അതിന്നടിയിലാണ് യഥാൎത്ഥ ഇന്ദ്രിയം ഇരിക്കുന്നതു്. ഇതിനെ ഇന്നത്തെ ശാരീരശാസ്ത്രജ്ഞന്മാർ "കേന്ദ്രം" എന്ന് പറയുന്നു. ഈ വക അവയവങ്ങളെ സംസ്കൃതത്തിൽ ഇന്ദ്രിയങ്ങൾ എന്നും പറയും. നേത്രത്തെ ഭരിക്കുന്നതായ ഈ കേന്ദ്രം വല്ലവിധേനയും കേടുവന്നുപോയാൽ പിന്നെ കണ്ണുകൾ കാണുകയില്ല. മററു് ഇന്ദ്രിയങ്ങളുടെ കഥയും ഇതുപോലെതന്നെയാകുന്നു. എന്നാൽ ഈ ഇന്ദ്രിയങ്ങൾക്കും മറെറാന്നിന്റെ സഹകരണം

കൂടാതെ യാതൊന്നും പ്രവൎത്തിക്കുവാൻ സാധിക്കുന്നതല്ല. ആ മറെറാന്നാണ് മനസ്സ്. നിങ്ങൾ ഏതെങ്കിലും ഒരു വിഷയത്തിൽ ഗാഢമായി മനസ്സിരുത്തിക്കൊണ്ടിരിക്കുമ്പോൾ നിങ്ങളുടെ അടുത്തിരുന്നു നടക്കുന്ന നാഴികമണിയുടെ ശബ്ദം നിങ്ങൾക്കു കേൾക്കാതായ അവസരം പലതും ഉണ്ടായിരിക്കുമെല്ലൊ. അതിന്നുള്ള കാരണമെന്താണ്? ശ്രോത്രങ്ങൾക്കു യാതൊരു കുറവും ഇല്ല. അതിൽ നഭശ്ചലനങ്ങൾ പ്രവേശിക്കുകയും ചെയ്യു. പക്ഷെ നിങ്ങൾ കേൾക്കുകയെന്നതു മാത്രം ഉണ്ടായില്ല. അതിന്നു കാരണം നിങ്ങളുടെ മനസ്സ് മറെറാരുസ്ഥലത്തിരിക്കയാൽ ശ്രവണേന്ദ്രിയത്തോടു ചേരാതെയിരുന്നതാണെന്നു വ്യക്തമാകുന്നുണ്ടല്ലൊ. ബാഹ്യവസ്തുക്കളുടെ അക്ഷങ്ങൾ ഒന്നാമതായി ഇന്ദ്രിയങ്ങളിലേക്കു് നയിക്കപ്പെടുന്നു. അതോടുകൂടി മനസ്സ് യോജിച്ചിരിക്കുമ്പോൾ ആ മനസ്സ് അതിനെ സ്വീകരിച്ചു് ഏതാണ്ട് ഒരു നിറം കൊടുക്കുന്നപോലെ പ്രവൎത്തിക്കുമ്പോഴാണ് അഹങ്കാരം എന്നതുണ്ടാകുന്നതു്. ഞാൻ ഏതെങ്കിലും ഒരു പ്രവൃത്തിയിൽ ഏൎപ്പെട്ടുകൊണ്ടിരിക്കുമ്പോൾ എന്റെ കൈവിരലിന്മേൽ ഒരു കൊതുക് കടിക്കുന്നു എന്നിരിക്കട്ടെ. അപ്പോൾ ഞാൻ അതു് അറിയുന്നില്ല. അതിന്നുള്ള കാരണം അപ്പോൾ എന്റെ മനസ്സ് ത്വക്ക് ഇന്ദ്രിയത്തോടു ചേരാതിരുന്നതാണെന്നു് നാം കണ്ടുകഴിഞ്ഞുവെല്ലൊ. പിന്നെ മനസ്സ് ഇന്ദ്രിയങ്ങളിലേയ്ക്കു് നയിക്കപ്പെട്ട ആ അക്ഷങ്ങളോടു ചേരുമ്പോൾ ഒരു പ്രതിക്രിയ ഉണ്ടാകുന്നു. ആ പ്രതിക്രിയകൊണ്ടാണ് എനിക്കു് കൊതുകിനെപ്പററിയ ബോധം ഉണ്ടാകുന്നതു്. ഇപ്പോൾ മറെറാരുസംഗതികൂടെ നമുക്കു് അറിയാറായിരിക്കുന്നു. അതായതു് മനസ്സ് ഇന്ദ്രിയങ്ങളോടു ചേൎന്നാലും പോരാ, അതുനിമിത്തം ഇതര എന്നരൂപത്തിൽ (ബോധം എന്ന രൂപത്തിൽ) ഒരു പ്രതിക്രിയകൂടെ ഉണ്ടായേ ബോധസ്വരൂപമായ അഹങ്കാരത്തിന്നു് മതിയാകുന്നുള്ളു. ഈ പ്രതിക്രിയ ഉണ്ടാക്കുന്നതു്-അതായതു് അറിവു് അല്ലെങ്കിൽ വിവരം ഉണ്ടാക്കുന്നതു്-ബുദ്ധി എന്നു

പറയപ്പെടുന്നതാണ്. അതിനാൽ ഒന്നാമതായി ബാഹ്യേന്ദ്രിയം, രണ്ടാമതായി അന്തരേന്ദ്രിയം, പിന്നെ മനസ്സിൻെറസാന്നിദ്ധ്യം, അവസാനമായി ബുദ്ധിയിൽനിന്നുള്ള പ്രതിക്രിയ ഇവയെല്ലാംകൂടിചേരുമ്പോഴാണ് 'ഞാൻ എന്നും ബാഹ്യലോകം' എന്നും ഉള്ള ബോധം പെട്ടെന്ന് ഉണ്ടാകുന്നത്. അതോടുകൂടി ഒരു അനുഭവം, ഒരുബോധം, ഒരു അറിവ് ഇതും ജാതമാകുന്നു. വെറുംയന്ത്രങ്ങൾ മാത്രമായിരിക്കുന്ന ബാഹ്യേന്ദ്രിയങ്ങൾ സ്ഥൂലശരീരത്തിലാണ്. അതിന്നടിയിലായി സൂക്ഷ്മമായ ഇന്ദ്രിയം സ്ഥിതിചെയ്യുന്നു. പിന്നെ മനസ്സ്—തദനന്തരം ബുദ്ധി—അവസാനമായി 'ഞാൻ' (ഞാൻകാണുന്നു—ഞാൻ കേൾക്കുന്നു) എന്നുള്ള അഹങ്കാരം. എന്നാൽ ഈ വ്യാപാരങ്ങളെല്ലാം നടക്കുന്നത് ഏതാനും ശക്തികൾമൂലമാണ്. നിങ്ങൾ അതിനെ ജീവശക്തി എന്നോ മറെറാ പറയുമായിരിക്കാം. ഞങ്ങൾ അതിന്ന് സംസ്കൃതത്തിൽ 'പ്രാണൻ' എന്നാണ് പറയുന്നത്. കേവലം ഭൗതികവും സ്ഥൂലവും ബാഹ്യയന്ത്രങ്ങളെ വഹിക്കുന്നതും ആയ ഈ ശരീരത്തെ സംസ്കൃതത്തിൽ സ്ഥൂലശരീരം എന്നു പറയും. ഇതിന്നടിയിലാണ് ക്രമേണ മുൻപറയപ്പെട്ടവ—ഇന്ദ്രിയങ്ങൾ, മനസ്സ്, ബുദ്ധി, അഹങ്കാരം ഇവ—യഥാക്രമം ഇരിക്കുന്നത്. ഇവയും ജീവശക്തികളും കൂടി ചേരുമ്പോൾ അതിനെയാണ് സൂക്ഷ്മശരീരം എന്നു പറയുന്നത്. ഈ ശക്തികൾ വളരെ വളരെ സൂക്ഷ്മമായ ഭൂതങ്ങളാൽ ഉണ്ടാക്കപ്പെട്ടവയായതുകൊണ്ട് ശരീരത്തിന്ന് സിദ്ധിക്കുന്ന സകലഭേദങ്ങളും അവയ്ക്കു യാതൊരു കോട്ടവും കുറവും കൂടാതെ സഹിക്കുവാൻ സാധിക്കും. നമ്മുക്കുകാണുന്ന ഈ സ്ഥൂലശരീരം സ്ഥൂലവസ്തുക്കളാലാണ് ഉണ്ടാക്കപ്പെട്ടിരിക്കുന്നത്. അതിനാൽ അതു് സദാ പുതിയതാക്കിക്കൊണ്ടിരിക്കേണ്ടതും അങ്ങിനെ ചെയ്തുകൊണ്ടിരിക്കുന്നതും ആകുന്നു. എന്നാൽ അന്തരേന്ദ്രിയങ്ങൾ, മനസ്സു, ബുദ്ധി, അഹങ്കാരം ഇവ വളരെ സൂക്ഷ്മങ്ങളാകയാൽ ഈവക മാററങ്ങളൊന്നും കൂടാതെ ഇരിക്കാവു

ന്നതും ഇരിക്കുന്നതും ആകുന്നു. അവയെ ഒന്നിനാലും തടയപ്പെട്ടുവാൻ സാധിക്കാതിരിക്കത്തക്കവിധം അവ അതിസൂക്ഷ്മങ്ങളാകയാൽ അവയ്ക്കു തടസ്സംകൂടാതെ എവിടേയും സഞ്ചരിക്കാവുന്നതാണ്. എന്നാൽ അവ എത്രതന്നെ സൂക്ഷ്മങ്ങളായാലും ഭൂതങ്ങൾകൊണ്ടുതന്നെ ഉണ്ടാക്കപ്പെട്ടവയാകയാൽ സ്ഥൂലശരീരത്തെപ്പോലെതന്നെ ചൈതന്യശൂന്യവും, ബോധശൂന്യവും ആയതാണ്. ഒന്നിനെ മനസ്സെന്നുപറയുന്നു, മററൊന്നിനെ ബുദ്ധിയെന്നു പറയുന്നു, മൂന്നാമത്തേതിനെ അഹങ്കാരമെന്നു പറയുന്നു; എന്നല്ലാതെ അവയിലൊന്നുംതന്നെ "അറിയുന്നവൻ" ബോധസ്വരൂപൻ അല്ലെന്ന് നമുക്ക് എളുപ്പത്തിൽ കാണാകുന്നതാണ്. ഇവയ്യൊന്നിനും ദ്രഷ്ടാവും സാക്ഷിയും ആയിരിക്കുവാൻ സാധിക്കുകയില്ല—യാതൊന്നിനുവേണ്ടി പ്രവർത്തിക്കുന്നുവോ അതും യാതൊന്ന് പ്രവൃത്തിയെ കാണുന്നുവോ അതും ആയിരിക്കുവാൻ പാടില്ല. അതിനാൽ മനസ്സിന്റെ സർവ്വവ്യാപാരങ്ങളും ബുദ്ധിയുടേയും അഹങ്കാരത്തിൻേറയും സർവ്വ പ്രവൃത്തികളും മററൊന്നിനുവേണ്ടിയായിരിക്കണം. ഇവ സൂക്ഷ്മഭൂതങ്ങളാൽ ഉണ്ടാക്കപ്പെട്ടവയാകയാൽ സ്വയംപ്രകാശമുള്ളവയായിരിക്കുവാനും തരമില്ല. അവയുടെ പ്രകാശം അതിനാൽ അവയിൽതന്നെയുള്ളതായിരിക്കുവാനും തരമില്ലാത്തതാകുന്നു. ഈ മേശയുടെ പ്രത്യക്ഷം — ഉദാഹരണത്തിന്നു പറയാം — ഏതെങ്കിലും ഒരു ഭൂതവസ്തുവിൻേറതായിരിക്കുവാൻ തരമില്ല. അതിനാൽ ഇവയെല്ലാം അടിയിലായി യഥാർത്ഥപ്രകടകനായും, യഥാർത്ഥസാക്ഷിയായും യഥാർത്ഥാനുഭോക്താവായും ഒരാൾ ഉണ്ടായിരിക്കണം. അതിനെയാണ് സംസ്കൃതത്തിൽ ആത്മാവെന്നുപറയുന്നത്. യഥാർത്ഥത്തിൽ വസ്തുക്കളെ കാണുന്നത് ആ ആത്മാവാണ്. ബാഹ്യേന്ദ്രിയങ്ങളായ യന്ത്രങ്ങൾ മുഖേന അന്തരേന്ദ്രിയങ്ങൾ അക്ഷങ്ങളെ ഗ്രഹിച്ച് അവയെ മനസ്സിന്നു കൊടുക്കുകയും, ആ മനസ്സ് അവയെ ബുദ്ധിക്കു സമ്മാനിക്കുകയും, ആ ബുദ്ധി അവയെ ഒരു മുഖക്കണ്ണാടിയെ

പ്പോലെ പ്രതിബിംബിക്കുകയും ചെയ്യുന്നു. ഇവയെ സൂക്ഷ്മാവലോകനം ചെയ്യുന്ന ആത്മാ, ഈ ബുദ്ധിക്കും ചുവടെ നിന്നുകൊണ്ടാണ് തന്റെ കല്പനകളെ കൊടുക്കുകയും ഇന്ദ്രിയങ്ങളെ നയിക്കുകയും ചെയ്യുന്നത്. കർമ്മേന്ദ്രിയങ്ങളാകുന്ന യന്ത്രങ്ങളെ പ്രവർത്തിപ്പിക്കുന്നവനും, ശരീരമാകുന്ന ഗൃഹത്തിലെ നായകനും, സിംഹാസനസ്ഥനായ രാജനും ആ ആത്മാതന്നെ. അഹങ്കാരശക്തി, ബുദ്ധിശക്തി, ചിന്താശക്തി, ജ്ഞാനേന്ദ്രിയങ്ങൾ, പ്രവർത്തനയന്ത്രങ്ങൾ, ശരീരം ഇവയെല്ലാം ആ രാജകല്പനയെ ആദരിക്കുന്നു. ഇവയെയെല്ലാം പ്രകടിപ്പിക്കുന്നതും അതേ ചൈതന്യശക്തിയല്ലാതെ മറ്റൊന്നും അല്ല. ഇതിനെയാണ് "മനുഷ്യാത്മാ" എന്നു പറയുന്നത്. ഇതുപോലെതന്നെ പ്രപഞ്ചത്തിൽ നാം കാണുന്ന ഏതു ചെറിയ ഭാഗവും സമസ്തപ്രപഞ്ചഗാത്രത്തിൽ ഉൾപ്പെട്ടതാണെന്ന് നമുക്ക് കാണുവാൻ സാധിക്കും. "സാദൃശ്യം" എന്നുള്ളത് ഒരു പ്രാപഞ്ചിക നിയതിയാകുന്നു. ഒന്ന് ഒരേടത്ത് ഏതുപ്രകാരമോ അതുപോലെതന്നെ ആയിരിക്കണം അതേപ്രകാരമുള്ള മറ്റതു മറ്റെല്ലാടവും. ഈ നിയമാനുസരണം പ്രപഞ്ചത്തിലെ എല്ലാ വ്യഷ്ടിവിഭാഗങ്ങളും സമഷ്ടിയെപ്പോലെതന്നെ നിർമ്മിക്കപ്പെട്ടതായിരിക്കണം, അല്ലാതെ ഒരേടത്ത് ഒരുവിധവും മറ്റൊരേടത്ത് മറ്റൊരുവിധവും വരുവാൻ പാടില്ല. അതിനാൽ നമ്മുടെ പ്രപഞ്ചമെന്ന് നമ്മാൽ സാധാരണമായി പറയപ്പെടുന്ന ഈ സ്ഥൂല പ്രപഞ്ചത്തിന്റെ പിന്നിലായി ചിന്താത്മകമായ ഒരു സൂക്ഷ്മപ്രപഞ്ചവും അതിന്നും അടിയിൽ, ഈ ചിന്തകൾക്കെല്ലാം നിദാനമായ ഒരു ആത്മശക്തിയും ഉണ്ടായിരിക്കുന്നതാണെന്നും, ആ ആത്മാവാണ് സർവ്വത്തേയും ശാസിക്കുന്നതെന്നും, ആ ആത്മാതന്നെയാണ് ഈ ദൃശ്യപ്രപഞ്ചത്തിലെ സിംഹാസനസ്ഥനായ രാജാധിരാജനെന്നും നമുക്ക് നിശ്ചയിക്കാം. ഓരോ ശരീരത്തിന്നും മനസ്സിന്നും അടിയിലായി സ്ഥിതിചെയ്യുന്ന ആത്മാവിനെ "പ്രത്യഗാത്മാ" എന്നും, അതുപോലെതന്നെ, നിയന്താ

വിൻെറയും ഭരണാധികാരിയുടേയും സംരക്ഷകൻെറയും നിലയിൽ പ്രപഞ്ചത്തിന്നടിയിലായിരിക്കുന്ന ആത്മാവിനെ ഈശ്വരനെന്നും പറയുന്നു.

ഇനി നമുക്കൊന്നാലോചിക്കുവാനുള്ളത് "ഈ വസ്തുക്കളെല്ലാം എവിടെ നിന്നുണ്ടായി?" എന്നുള്ളതിനെ പററിയാണ്. ഈ ചോദ്യത്തിൻെറ സമാധാനം "'ഉണ്ടാകുക' എന്നതിന്ന് കല്പിച്ചിരിക്കുന്ന അൎത്ഥം എന്താണ്?" എന്ന മറെറാരു ചോദ്യമായിരിക്കും. "ഒന്നും ഇല്ലാത്ത ശൂന്യത്തിൽ നിന്ന് ചിലതിനെ ഉണ്ടാക്കുക" എന്നാണ് അതിന്ന് സങ്കല്പിച്ചിരിക്കുന്ന അൎത്ഥമെങ്കിൽ അങ്ങിനെ ഒരു കാൎയ്യം കേവലം അസാദ്ധ്യംതന്നെ ആകുന്നു. ഈ സൃഷ്ടിയും ഈ പ്രകടനങ്ങളും എല്ലാം ശൂന്യത്തിൽ നിന്ന് ഉണ്ടായതായിരിക്കുവാൻ പാടില്ലതന്നെ. കാരണം കൂടാതെ യാതൊരു കാൎയ്യവും ഉണ്ടാകയില്ല; നിശ്ചയം. "കാൎയ്യം" എന്നതുതന്നെ "പുന: പ്രകടിതമായ കാരണഭാവം" അല്ലാതെ മറെറാന്നും അല്ല. ഇതാ ഒരു ഗ്ലാസ് ഇരിക്കുന്നു. ഇതിനെ നാം അടിച്ചൊടച്ച് ഇടിച്ചുപൊടിച്ച് മരുന്നുകളിൽ കലക്കി അലിച്ചുരുക്കി നിശ്ശേഷം നശിപ്പിക്കുന്നു എന്നുതന്നെ വിചാരിക്കുക. എന്നാലെന്താ, അതു് ശൂന്യത്തിലേയ്ക്കു് തിരിച്ചുപോയി എന്നുണ്ടോ; എന്നാണോ നിങ്ങളുടെ വിചാരം? ഒരിക്കലും ഇല്ല. ആകൃതി ശിഥിലമാകും; പരമാൎത്ഥം. എന്നാലും അതിനെ ഉണ്ടാക്കിയ രേണുക്കൾ പിന്നേയും ഉണ്ടായിരിക്കുന്നതാണ്. പക്ഷെ അവ നമ്മുടെ ഇന്ദ്രിയങ്ങൾക്ക് വിഷയമല്ലാത്തവയായിത്തീരുന്നു എന്നേ ഉള്ളു. എന്നാലും അവ നിലനില്ക്കുകതന്നെ ചെയ്യുന്നുണ്ട്. മാത്രമല്ല അതേ രേണുക്കളെക്കൊണ്ടുതന്നെ വേണമെങ്കിൽ അതുപോലെയുള്ള മറെറാരു ഗ്ലാസ് ഉണ്ടാക്കുവാനും സാധിച്ചു എന്നും വരാം. ഒരു സംഗതിയിൽ ഇതു് പരമാൎത്ഥമാണെങ്കിൽ അതുപോലെയുള്ള സകല സംഗതികളിലും ഇതു് പരമാൎത്ഥമായിത്തന്നെ ഇരിക്കണം. അതാണ് "സാദൃശ്യം"

എന്ന ലോകനിയതി. അതിനാൽ ശൂന്യത്തിൽ നിന്നു് യാതൊന്നിനേയും ഉണ്ടാക്കുവാൻ സാധിക്കുകയില്ല; അതു പോലെ ഒന്നിനേയും ശൂന്യമാക്കിത്തീർക്കുവാനും സാധിക്കുകയില്ല. അതു് സൂക്ഷ്മവും സൂക്ഷ്മാൽ സൂക്ഷ്മവും ആയി വിലയം പ്രാപിക്കുകയും പിന്നെ അവിടെനിന്നു് സ്ഥൂലവും സ്ഥൂലാൽ സ്ഥൂലവും ആയി വീണ്ടും വിജൃംഭിക്കുകയും ആണു് ചെയ്യുന്നതു്. സമുദ്രജലം ആവിയായി വായുവിൽ കൂടെ അധികദൂരം സഞ്ചരിച്ചശേഷം മലമുകളിൽ ചെന്നു് അവിടെവെച്ചു് വീണ്ടും ഘനീഭൂതമായി നിലംപതിച്ചു് അവിടെ നിന്നും ഭൂമിയിൽക്കൂടെ അനേകായിരം നാഴികദൂരം ഒഴുകി ഒടുവിൽ സമുദ്രമാതാവിനെത്തന്നെ പ്രാപിക്കുന്നു. വിത്തിൽ നിന്നു് മരം ഉണ്ടാകുന്നു; മരം വിത്തിനെ ജനിപ്പിച്ചു് നാശിച്ചു പോകുന്നു; ആ വിത്തു് പിന്നേയും മറ്റൊരു മരമായിത്തീരുന്നു; ആ മരവും വിത്തിൽതന്നെ വിലയം പ്രാപിക്കുകയും ചെയ്യുന്നു. പക്ഷികളെ നോക്കുക! മുട്ടയിൽ നിന്നു് പക്ഷിയുണ്ടാകുന്നു; അതു് വളൎന്നു് ഒരു കൌതുകമേറിയ ജീവിയായിത്തീരുന്നു; അങ്ങിനെ അതിൻെറ ജീവിതം നയിച്ചു് മരിച്ചു് പോകുന്നു; അവശേഷിക്കുന്നതു് ഭാവിവിഹംഗങ്ങളുടെ ബീജം അടങ്ങിയ മുട്ടകൾ മാത്രം. മൃഗങ്ങളുടെ കാൎയ്യവും ഇതുതന്നെ; മനുഷ്യരുടെ കാൎയ്യവും ഇതുതന്നെ. സമസ്ത വസ്തുക്കളും ജീവികളും ഏതെങ്കിലും ഒരു ബീജത്തിലൊ, മൂലവസ്തുവിലൊ, സൂക്ഷ്മപ്രകൃതിയിലൊ ലയിച്ചിരുന്നപ്രകാരം, അവയിൽനിന്നു് ഉണ്ടാകുന്നു; വളൎച്ചക്കനുരൂപമായി ക്രമേണ സ്ഥൂലം സ്ഥൂലം ആയിത്തീരുന്നു; ഒടുവിൽ, ആദ്യം പുറപ്പെട്ട ആ സൂക്ഷ്മഭാവത്തിലേയ്ക്കുതന്നെ മടങ്ങുന്നു; അങ്ങിനെ വിലയം പ്രാപിക്കുകയും ചെയ്യുന്നു. സമസ്ത പ്രപഞ്ചവും കഴിഞ്ഞുകൂട്ടുന്നതു് ഇങ്ങിനെയാണു്. ഈ കാണാകുന്ന പ്രപഞ്ചമെല്ലാം ഉരുകി നാശിച്ചു് സൂക്ഷ്മമായി ഒടുവിൽ നിശ്ശേഷം അപ്രത്യക്ഷമാകുന്ന ഒരു കാലം ഒരിക്കൽ ഉണ്ടാകാതിരിക്കയില്ല. എന്നാൽ അക്കാലത്തും അതു് സൂക്ഷ്മാൽ സൂക്ഷ്മതരമായ ഭാവത്തിൽ സ്ഥിതി

ചെയ്യുന്നതാണ്. ഈ ഭൂമി ഇപ്പോൾ ക്രമേണ തണുത്തുകൊണ്ട് വരികയാണല്ലോ. ഇങ്ങിനെ കുറേ കഴിയുമ്പോൾ ഇത് വളരെ തണുത്തുപോകുമെന്നും അപ്പോൾ ശിഥിലങ്ങളായി പൊട്ടി പൊടിഞ്ഞു് സൂക്ഷ്മവും സൂക്ഷ്മാൽ സൂക്ഷ്മവും ആയി ഒടുവിൽ ആകാശം മാത്രമായി പരിശേഷിക്കുന്നതാണെന്നും ഇന്നത്തെ സൈൻസും ഗോളശാസ്ത്രങ്ങളും നമ്മെ പഠിപ്പിക്കുന്നുണ്ട്. അങ്ങിനെയാകുമ്പോഴും ഇതുപോലെയുള്ള മറെറാരു ഭൂമിയെ ഉണ്ടാക്കുന്നതിന്നു വേണ്ട സമസ്ത വസ്തുക്കളും സൂക്ഷ്മഭാവത്തിൽ നിലനില്ക്കാതിരിക്കയില്ല. അതിൽ നിന്നു് പിന്നീടുണ്ടാകുന്ന ഭൂമിയും പിന്നേയും അപ്രത്യക്ഷമായി, അതിൽനിന്നും വേറെ ഒന്നു് ആവിർഭവിക്കുന്നതായിരിക്കും. ഇങ്ങിനെ ഈ പ്രപഞ്ചം ഒരിക്കൽ അതിൻെറ കാരണത്തിൽ ലയിക്കുകയും വീണ്ടും അതിൻെറ പരമാണുക്കൾ ഒന്നിച്ചുകൂടി മറെറാരാകൃതിയെ സ്വീകരിക്കുകയും, വീണ്ടും ലയിക്കുകയും, വീണ്ടുംവികസിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. പൊങ്ങിവരുന്ന ഒരു തിര പെട്ടെന്നു് താഴുന്നതായും, തദനന്തരം മറെറാരു ഉയർച്ചയെ സ്വീകരിക്കുന്നതായും നാം കാണുന്നില്ലേ. അതുപോലെതന്നെയാണ് പ്രപഞ്ചകാൎയ്യവും. ഇങ്ങിനെ കാരണത്തിൽ വിലയം പ്രാപിക്കുന്നതിന്നേയും, പിന്നെ അവിടെനിന്നു് വിജ്രംഭിച്ചു് രൂപത്തെ സ്വീകരിക്കുന്നതിന്നേയും സംസ്കൃതത്തിൽ "സങ്കോചം" എന്നും "വികാസം" എന്നും ആണ് പറയുന്നത്. സങ്കോചം=ചുരുങ്ങുക; വികാസം=വലുതാകുക. ഈ സമസ്ത പ്രപഞ്ചവും ഇങ്ങിനെ യഥാക്രമം സങ്കോചത്തേയും വികാസത്തേയും പ്രാപിച്ചുകൊണ്ടിരിക്കുകയാണ്. ഇന്നത്തെ സൈൻസിന്നു് ഇഷ്ടമായ ഭാഷയിൽ പറയുകയാണെങ്കിൽ "ഇങ്ങിനെ വലിയ പരിണാമഭാവങ്ങളെ യഥാക്രമം സ്വീകരിക്കുകയാണ്", നിങ്ങൾ പരിണാമവാദികളുടെ സിദ്ധാന്തം കേട്ടിരിക്കുമല്ലോ. ചെറിയ ചെറിയ ആകൃതികളിൽ നിന്നു് വലിയ വലിയ ആകൃതികൾ പ്രകൃത്യാ രൂപാന്തരപ്പെട്ടു

വരികയാണെന്നാണ് അവരുടെ മതം. വളരെപര മാൎത്ഥം. എന്നാൽ ഒരു പരിണാമം മറെറാരു വിലയത്തെ സൂചിപ്പിക്കുന്നുണ്ടെന്ന പരമാൎത്ഥം വിട്ടുപോകരുതെന്നുമാത്രമേ ഉള്ളു. പ്രപഞ്ചത്തിൽ വ്യാപ്തമായിരിക്കുന്ന ശക്തിയുടെ ആകത്തുക ഏതുകാലത്തും ഒന്നുതന്നെ ആയിരിക്കും എന്നും വസ്തുക്കൾക്ക് നാശമില്ലാ എന്നും നമ്മൾക്ക് അറിയാമെല്ലോ. വസ്തുവിൻെറ ഒരു ഏററവും ചെറുതായ ശിഥിലത്തെപ്പോലും കുറയ്ക്കുവാനോ കൂട്ടുവാനോ ആരാലും സാധിക്കുകയില്ല; അതുപോലെ തന്നെ ശക്തിയിൽ ഒരിത്തിരിപോലും ഏററുവാനും ഇറക്കുവാനും സാധിക്കുന്നതല്ല. ആകെത്തുക എപ്പോഴും ഒരുപോലെതന്നെ ഇരിക്കും. പ്രകടനത്തിനേ വ്യത്യാസമുള്ളു. ചിലപ്പോൾ പ്രകടനം വിജൃംഭണോന്മുഖമായിരിക്കും; ചിലപ്പോൾ വിലയോന്മുഖമായിരിക്കും അത്രമാത്രം. ഇന്നത്തെ ഈ വികാസഗതി ഇതിനു മുമ്പുണ്ടായ വിലയത്തിൽ നിന്ന് ആവിർഭവിച്ച പരിണാമമാണ്. ഈ വികസിതഗതിയോടുകൂടിയ ഭാവാനന്തരം ഇതിൽനിന്നു വിലയഭാവത്തോടുകൂടിയ മറെറാരു ഗതിയും ഉണ്ടാകും. അങ്ങിനെ സൂക്ഷ്മാൽ സൂക്ഷ്മതരമായിത്തീൎന്നശേഷം അതിൽ നിന്ന് വീണ്ടും അടുത്ത വികസിതഭാവം ആരംഭിക്കുകയായി. സമസ്ത പ്രപഞ്ചം ഇങ്ങനെയാണ് നിരന്തരം ചക്രവൽ വൎത്തിച്ചുകൊണ്ടിരിക്കുന്നതു്. അതിനാൽ "ഒന്നും ഇല്ലാത്തതിൽ നിന്ന് ഒന്നിനെ ഉണ്ടാക്കുക" എന്ന അൎത്ഥത്തിൽ സൃഷ്ടി എന്നതില്ലെന്ന് നാം കാണുന്നു. ഈ വ്യാപാരത്തിന്നു "സൃഷ്ടി" എന്നതിനെക്കാൾ വളരെ അധികം യോജിക്കുന്ന ഒരു പേരു് 'വികാസം' അല്ലെങ്കിൽ 'പ്രകടനം' എന്നോ, അല്ലെങ്കിൽ 'വിജൃംഭണം' എന്നോ ആയിരിക്കും. ഇങ്ങനെയുള്ള ഈ പ്രപഞ്ചത്തിൻെറ പ്രകടനാധികൃതൻ ആകുന്നു ഈശ്വരൻ. ഈ പ്രപഞ്ചവ്യാപാരം ഈശ്വരൻെറ ശ്വാസോച്ഛ്വാസം പോലെ ആണ് എന്നുപറയാം. വേദങ്ങളിൽ ഇങ്ങിനെ ഒരു ഒന്നാംതരം ഉപമകാണുന്നുണ്ടു്. 'സനാതനൈകചൈതന്യം',

നാം ഒരു ധൂളിരേണുവെ ചെയ്യുന്നതുപോലെ, ഈ പ്രപഞ്ചത്തെ അകത്തോട്ടു വലിക്കുകയും പിന്നെ പുറത്തോട്ടുതള്ളുകയും ചെയ്യുന്നു.

ഇതൊക്കെ ശരിതന്നെ, എന്നാൽ ആദ്യത്തെ അവസ്ഥ എങ്ങിനെ ആയിരുന്നു എന്നൊരു ചോദ്യം വന്നേക്കാം. ഈ ചോദ്യത്തിനുള്ള സമാധാനവും "ഒന്നാമത്തെഅവസ്ഥ എന്നതിനു് എന്താണു് അർത്ഥമാക്കിയിരിക്കുന്നതു്" എന്ന മറെറാരു ചോദ്യം തന്നെ ആകുന്നു. അങ്ങിനെ ഒന്നേ ഇല്ല. കാലത്തിനു നമുക്കു് ഒരു ആരംഭം കല്പിക്കുവാൻ സാധിക്കുന്നപക്ഷം കാലത്തെപ്പററിയുള്ള ബോധംതന്നെ നിശ്ശേഷം തെററിപ്പോകുന്നതാണു്. കാലം ആരംഭിച്ചതായ ഒരു അതിത്തിയെപ്പററിചിന്തിക്കുവാൻ ശ്രമിച്ചുനോക്കുക; അപ്പോൾ നിങ്ങൾക്കു് അതിന്നപ്പുറത്തും കാലത്തെ സങ്കല്പിക്കേണ്ടതായിത്തന്നെ വരും. അതുപോലെ ദേശം ആരംഭിച്ചിരിക്കുന്നതായ ഒരു അതിത്തിയെ ചിന്തിക്കുവാൻ ശ്രമിച്ചുനോക്കുക; അപ്പോഴും നിങ്ങൾക്കു് അതിന്നപ്പുറത്തും ദേശത്തെ സങ്കല്പിക്കേണ്ടതായിവരും. കാലവും ദേശവും അഖണ്ഡമാണു്; അതിനാൽ അവയ്ക്കു് ആദിയോ അവസാനമോ ഇല്ല. "ദൈവം" ഈ ലോകത്തെ അഞ്ചു മിനിട്ടു നേരം കൊണ്ടു് സൃഷ്ടിച്ചു; പിന്നെ കിടന്നുറങ്ങാൻ പോയി; ഇപ്പോഴും അങ്ങിനെ ഉറങ്ങിക്കൊണ്ടേ ഇരിക്കുകയാണു്; എന്നും മററുമുള്ള ആശയത്തേക്കാൾ എത്രയോ മഹത്തരമായ ഒരു ആശയമാകുന്നു ഇതു്. മാത്രവുമല്ല, ഈ ആശയം "ഈശ്വര"നെ "സനാതനസ്രഷ്ടാവു്" എന്ന ഭാവത്തിൽ നമുക്കു് കാണിച്ചു തരുന്നതും ഉണ്ടു്. യഥാക്രമം സംകുചിതപ്പെട്ടും വികസിച്ചും കൊണ്ടു് നിരന്തരം വർത്തിക്കുന്ന ഈ സനാതനമായ പ്രപഞ്ച വ്യാപാരത്തെ നിയന്ത്രിക്കുന്നതു് ഈശ്വരനാണു്. പ്രപഞ്ചം ആദിയും അവസാനവും ഇല്ലാത്തതായിരിക്കുന്നതുപോലെ ഈശ്വരനും അന്ത്യരഹിതനാണു്. അങ്ങിനെതന്നെ ആയിരിക്കുവാനേ നിവ്വാ-

ഹവുമുള്ളു. എന്തുകൊണ്ടെന്നാൽ സ്ഥൂലഭാവത്തിലോ സൂക്ഷ്മഭാവത്തിലോ ഉള്ള സൃഷ്ടി കൂടാതെ ഒരുകാലം ഒരിക്കൽ ഉണ്ടായിരുന്നു എന്നു് നാം പറയുകയാണെങ്കിൽ, അപ്പോൾ ഈശ്വരനും ഇല്ലാതിരുന്നിരിക്കണം. കാരണം—ഈശ്വരൻ പ്രപഞ്ചസാക്ഷിയാകുന്ന ഒരു ശക്തിവിശേഷമാണു്. അതാണു് ഈശ്വരൻെറ ഗുണം. ഗുണം കൂടാതെ ഗുണിയോ ഗുണികൂടാതെ ഗുണമോ ഇരിക്കയില്ല. അതിനാൽ പ്രപഞ്ചമില്ലെങ്കിൽ പ്രപഞ്ചസാക്ഷിയായ ഈശ്വരനും ഉണ്ടായിരിക്കയില്ല. ഒന്നിൻെറ ബോധം മറെറാന്നിൻെറ ബോധത്തെ അശ്രയിച്ചാണു് ഇരിക്കുന്നതു്. കാരണത്തെപ്പററിയുള്ള ആശയം നമുക്കുണ്ടാകുന്നതു് കാര്യത്തെപ്പററിയുള്ള ആശയത്തിൽ നിന്നാണു. കാര്യമില്ലെങ്കിൽ കാരണവും ഇല്ല. അതുകൊണ്ടു്—പ്രപഞ്ചം സനാതനമായിരിക്കുന്നതുകൊണ്ടു്—ഈശ്വരനും സനാതനനാകുന്നു. ഈശ്വരൻ സനാതനനായിരിക്കുന്നതുകൊണ്ടു് പ്രപഞ്ചവും സനാതനമായിരിക്കുന്നു.

ഇതുപോലെ ആത്മാവും സനാതനമായിത്തന്നെ ഇരിക്കണം. എന്തുകൊണ്ടു്?—ഒന്നാമതായി ആത്മാ 'വസ്തു' അല്ലെന്നു് നാം അറിയുന്നു. അതു് സ്ഥൂലശരീരവുമല്ല; സൂക്ഷ്മശരീരവുമല്ല; മനസ്സുമല്ല. സ്ഥൂലശരീരവും സൂക്ഷ്മശരീരവും അണുമാററത്തിന്നു് അധീനമായിരിക്കുന്നതു്. സ്ഥൂലശരീരം നിമിഷംപ്രതി മാറിമാറിക്കൊണ്ടേ ഇരിക്കുന്നു; മരണത്തോടുകൂടി അതു് നിശ്ശേഷം നശിക്കുകയും ചെയ്യുന്നു. എന്നാൽ സൂക്ഷ്മശരീരം അത്രതന്നെ വേഗം നശിക്കുന്നില്ല; അതു് വളരെക്കാലം നിലനില്ക്കും. എന്നാൽ അതും നശിക്കാതിരിക്കയില്ല. ഒരുവൻ സ്വാതന്ത്ര്യനായിത്തീരുന്നതെന്നോ അതുവരെ അതും നിലനില്ക്കുന്നതാണു്. എന്നാൽ ആ ഘട്ടത്തിൽ അതും നശിച്ചുപോകുന്നു. ആത്മാവാകട്ടെ, അതു് ഒരു വസ്തുവിനാലും ഉണ്ടാക്കപ്പെട്ടതല്ലായ്കയാൽ അനശ്വരമായിത്തന്നെ ഇരിക്കണം. നാശം എന്നാൽ തന്നെ എന്താണെന്നാണു് നാം മനസ്സിലാക്കുന്നതു്? രൂപാന്തരം.

ഒരു വസ്തു യാതൊരുവക രേണുക്കളാൽ സംഘടിതമായിരിക്കു ന്നുവോ അവക രേണുക്കൾ അന്യോന്യം വേർപിരിഞ്ഞുപോകു മ്പോൾ അതു് അപ്രത്യക്ഷമായിത്തീരുന്നതാണു് അതിൻെറ നാശം. ഈ ഗ്ലാസിനെ തല്ലിപ്പൊടിച്ചു് ആ പൊടികളെ മൂലപദാൎത്ഥങ്ങളായിത്തീരിക്കുക; അതാണു് ഗ്ലാസിൻെറ നാശം. രേണുക്കളുടെ ഭിന്നിപ്പു് എന്നേ നാം നാശം എന്നു് പറയുന്നതിന്നു് അൎത്ഥമാകുന്നുള്ളു. അതിനാൽ വസ്തുരേണു ക്കളാൽ സംഘടിതമല്ലാത്ത യാതൊരു വസ്തുവും നശ്വരമായി രിക്കയില്ല; അതിനെ ഭിന്നിപ്പിക്കുവാൻ സാധിക്കുകയും ഇല്ല; എന്നു് സിദ്ധിക്കുന്നു. ആത്മാ യാതൊരു പദാൎത്ഥത്താലും ഉണ്ടാക്കപ്പെട്ടതല്ല. അതു് "അഭിന്നമായ ഐക്യം" ആണു്. അതിനാൽ അതു് അനശ്വരവും ആകുന്നു. അതേ കാരണ ത്താൽതന്നെ അതിന്നു് ഒരു ആദിയുണ്ടായിരിക്കുവാനും തര മില്ല. ഇങ്ങിനെ ആത്മാ ആദിയും അന്തവും ഇല്ലാത്തതാ കുന്നു.

നമുക്കു് ഇങ്ങിനെ മൂന്നു് പദാൎത്ഥങ്ങൾ ഉണ്ടു്. ഇതാ പ്രകൃതി—ഇതു് ഒന്നു്. ഇതും അഖണ്ഡംതന്നെയാണു്. പക്ഷെ സദാ മാറിമാറിക്കൊണ്ടിരിക്കുന്നു. എങ്ങിനെ?— സമഷ്ടിപ്രകൃതി ആദിയും അവസാനവും ഇല്ലാത്തതു തന്നെ ആകുന്നു; എന്നാൽ അനേകതരം മാററങ്ങളെല്ലാം ഉണ്ടാകു ന്നതു് അതിന്നുള്ളിലാണു്. അനേകായിരം സംവത്സരങ്ങ ളായി യാതൊരു വ്യത്യാസവും കൂടാതെ, സമുദ്രത്തിലേക്കു് പ്രവ ഹിച്ചുകൊണ്ടിരിക്കുന്ന ഒരു നദിയെപ്പോലെയാണു് അതിൻെറ മാതിരി. നദി എന്നും അതുതന്നെ; ഒരു വ്യത്യാസവും ഇല്ല. എങ്കിലും അതു് നിമിഷംപ്രതി മാറിമാറിക്കൊണ്ടു ഇരിക്കു ന്നതും ഉണ്ടു്. ഇവിടെ ഇപ്പോൾ കണ്ട ജലം അടുത്തനിമി ഷത്തിൽ അതിദൂരെ ചെല്ലുന്നു; ഇങ്ങിനെ സദാ മാറിമാറി ക്കൊണ്ടാണു് ഇരിപ്പു്.

രണ്ടാമതായി ഈശ്വരൻ— -മാററമില്ലാത്തതു്; നിയന്ത്രണാധികാരി; സനാതനൻ.

മൂന്നാമതായി ആത്മാ—ഈശ്വരനെപ്പോലെ തന്നെ മാററമില്ലാത്തതു്; സനാതനം. എന്നാൽ നിയന്ത്രണത്തിനധീനം. ഒന്നു് ജയമാനൻ; മറേറതു് ഭൃത്യൻ.

പ്രപഞ്ചത്തിന്റെ വിജ്ഡംഭണത്തിനും, സ്ഥിതിക്കും, ലയത്തിനും കാരണം ഈശ്വരനാകയാൽ, ഈശ്വരനായ കാരണം കാൎയ്യമായ പ്രപഞ്ചത്തിന്റെ നിൎമ്മിതിയിൽ അനുബദ്ധമായിരിക്കണം. മാത്രമല്ല, കാരണവും കാൎയ്യവും രണ്ടല്ലതന്നെ; കാരണംതന്നെയാണു കാൎയ്യമായിത്തീരുന്നതു്. ഏതാനും വസ്തുക്കളും ഏതാനും ശക്തികളും കൂട്ടിക്കലൎത്തിയാണു് വേലക്കാരൻ ഗ്ലാസിനെ ഉണ്ടാക്കുന്നതു്. ഗ്ലാസിൽ അതിനെ ഉണ്ടാക്കുവാൻ ഉപയോഗപ്പെടുത്തിയ വസ്തുക്കൾക്കു പുറമെ ഈ വക ശക്തികളും ലീനമായിക്കിടപ്പുണ്ടു്. ഗ്ലാസിന്റെ രേണുക്കളെ അന്യോന്യം കൂട്ടിപ്പിടിച്ചു് അവയെ അ അകൃതിയിൽ ബലമായി നിൎത്തിയിരിക്കുന്നതു് ആ ശക്തികളാണു്. ആ ശക്തികൾ ഇല്ലാതായാൽ ഗ്ലാസ് പൊടിഞ്ഞു് ഉതിൎന്നുപോകും. പിന്നെ വസ്തുക്കൾ—അവ തീൎച്ചയായും ഗ്ലാസിൽ ഉണ്ടുതാനും. അവയുടെ ആകൃതിക്കു മാററം വന്നുപോയി എന്നുമാത്രമേയുള്ളു. ഇങ്ങിനെ കാരണം കാൎയ്യമായിത്തീൎന്നു. നിങ്ങൾ എവിടെ ഒരുകാൎയ്യം കാണുന്നുവോ അവിടെ നിങ്ങൾക്കു് അതിനെ തീൎച്ചയായും അതിന്റെ കാരണമായി പിരിക്കാൻ കഴിയും. ആകയാൽ കാരണംതന്നെയാണു് കാൎയ്യമായി ഭാസിക്കുന്നതു്. ഇതിൽനിന്നു്; ഈശ്വരനാണു് പ്രപഞ്ചത്തിന്റെ കാരണമെങ്കിൽ—പ്രപഞ്ചം ഈശ്വരനായ കാരണത്തിൽ നിന്നുണ്ടായ കാൎയ്യവും ആണെങ്കിൽ—ആ ഈശ്വരൻതന്നെയാണു് പ്രപഞ്ചമായി തീൎന്നിരിക്കുന്നതു് എന്നു് നമുക്കു നിശ്ചയിക്കാം. ആത്മാക്കൾ കാൎയ്യവും , ഈശ്വരൻ

കാരണവും ആണെങ്കിൽ, ഈശ്വരൻതന്നെയാണു് ആത്മാക്കളായിത്തീൎന്നിരിക്കുന്നതെന്നും തീൎച്ചതന്നെ. അതുകൊണ്ടു് ഓരോ ആത്മാവും ഈശ്വരൻെറ ഓരോ ഭാഗമാകുന്നു. "ഒരു തീക്കണ്ഡത്തിൽനിന്നു് അനേകായിരംകോടി പൊരികൾ ചിതറുന്നതുപോലെ സനാതനമായ ഏകസത്തയിൽനിന്നു് അനേകായിരമായിക്കാണുന്ന ഈ ആത്മാക്കൾ എല്ലാം ഉണ്ടായി."

ഇങ്ങിനെ മുൻപറഞ്ഞവയിൽനിന്നു് സനാതനനായ ഒരു ഈശ്വരനും, അതുപോലെതന്നെ സനാതനമായ ഒരു പ്രകൃതിയും, അനേകം സനാതനാത്മാക്കളും ഉണ്ടെന്നു് നാം കണ്ടുകഴിഞ്ഞുവല്ലൊ. ഇതു് ധൎമ്മബോധത്തിൻെറ ഒന്നാമത്തെ പടിയാണു്. ഇതിനെയാണു് "ദ്വൈതമതം" എന്നു പറയുന്നതു്. ഈ സ്ഥാനത്തു് ഒരുവൻ തന്നേയും ഈശ്വരനേയും കേവലം രണ്ടു വിഭിന്ന വ്യക്തികളായിട്ടാണു് കാണുന്നതു്. അപ്പോൾ—ഈശ്വരൻ, തന്നത്താൻ ഒരു പ്രത്യേകശക്തി; താൻ, തന്നത്താൻ, ഒരു പ്രത്യേക മനുഷ്യൻ, പ്രകൃതി—അതും അതിൽതന്നെ ഒരു പ്രത്യേകവസ്തു. എല്ലാററിലും കൎത്താവും കാൎയ്യവും അന്യോന്യം വിഭിന്നങ്ങളാണെന്നു് സിദ്ധാന്തിക്കുന്ന മതമാണു് ദ്വൈതമതം. മനുഷ്യൻ പ്രകൃതിയെ നോക്കുമ്പോൾ, നോക്കുന്ന അവൻ കൎത്താവും കാണപ്പെടുന്ന പ്രകൃതി കാൎയ്യവും ആകുന്നു; അങ്ങിനെ അവൻ അവിടെ കൎത്താവിനും കാൎയ്യത്തിനും മദ്ധ്യേ ഭിന്നഭാവം കാണുന്നുണ്ടു്. അവൻ ഈശ്വരനെ നോക്കുമ്പോഴും, അതുപോലെതന്നെ, അവൻ ഈശ്വരനെ കാൎയ്യമായും തന്നെ കൎത്താവായും കാണുന്നുവല്ലൊ. അവർ അന്യോന്യം കേവലഭിന്നങ്ങൾതന്നെ. മനുഷ്യനും ഈശ്വരനും തമ്മിലുള്ള ദ്വൈതഭാവം ഇങ്ങിനെയാണു്. എന്നാൽ ഇതു് ധൎമ്മത്തിൻെറ പ്രഥമഭാഗം മാത്രമേ ആകുന്നുള്ളു.

ഇനി വേറെ ഒരുപക്ഷം ഉണ്ടു്. അതിനെ പററിയാണു് ഞാൻകുറച്ചുമുമ്പേ നിങ്ങളോടു പറഞ്ഞതു്. ഈശ്വരൻ പ്രപഞ്ച-

ത്തിന്നു് കാരണമായിരിക്കുകയും, പ്രപഞ്ചം ഈശ്വരനാകുന്ന കാരണത്തിന്റെ കാൎയ്യമായിരിക്കുകയും ചെയ്യുന്നുവെങ്കിൽ ഈശ്വരൻതന്നെപ്രപഞ്ചവും പ്രപഞ്ചത്തിലുള്ള ആത്മാക്കളും ആയിത്തീൎന്നിരിക്കുമല്ലോ അപ്പോൾ മനുഷ്യൻ ഈശ്വരനാകുന്ന സമഷ്ടിയുടെ ഒരു ഭാഗം മാത്രമായിരിക്കണമല്ലോ; എന്നു് മനുഷ്യൻ ആലോചിക്കുവാൻ തുടങ്ങുന്നു. ഈ അല്പപ്രാണികളായ നാം, അഗ്നിയുടെ പൊരി എന്നപോലെ, ഈശ്വരന്റെ അംശങ്ങളാണു്; സമഷ്ടിപ്രപഞ്ചം ഈശ്വരന്റെ പ്രകടനവും ആണു്. ഇതാണു് ഈ ചിന്താഗതിയിലെ അടുത്ത പടി. സംസ്കൃതത്തിൽ ഇതിനെ "വിശിഷ്ടാദ്വൈതം" എന്നു പറയുന്നു. എനിക്കു് ഈ ശരീരമുണ്ടായിരിക്കുന്നതുപോലെയും, ഈ ശരീരം ആത്മാവിനെ ആവരണം ചെയ്തിരിക്കുന്നതുപോലെയും, ആത്മാ ശരീരാന്തൎഭാഗത്തിൽ ഇരിക്കുന്നതുപോലെയും, സീമാതീതമായ ആത്മാക്കൾ അടങ്ങിയ ഈ പ്രപഞ്ചം ഈശ്വരന്റെ ശരീരംപോലെ ഇരിക്കുന്നു. വിലയകാലം സന്നിഹിതമാകുമ്പോൾ സൂക്ഷ്മംസൂക്ഷ്മമായി പരിണമിക്കുന്നു; എന്നാലും ഈശ്വരന്റെ ശരീരം ഇല്ലാതാകുന്നില്ല. അപ്പോഴും ആ അതിസൂക്ഷ്മഭാവത്തിൽ ആ ശരീരം സ്ഥിതിചെയ്യുന്നുണ്ടു്. പിന്നെ സ്ഥൂലപ്രകടനം ഉണ്ടാകുമ്പോൾ അപ്പോഴും പ്രപഞ്ചം ഈശ്വരന്റെ ശരീരമായിത്തന്നെ പരിണമിക്കും. മനുഷ്യാത്മാ മനുഷ്യശരീരത്തിന്റെയും മനസ്സിന്റെയും ആത്മാവായിരിക്കുന്നതുപോലെ ഈശ്വരൻ ആത്മാക്കളുടെയെല്ലാം പരമാത്മാവായിരിക്കുന്നു. "മനുഷ്യാത്മാക്കളുടെ ആത്മാ" എന്ന പ്രയോഗം എല്ലാ മതങ്ങളിലും നിങ്ങൾ കേട്ടിട്ടുണ്ടായിരിക്കണം. അതിന്റെ അൎത്ഥം ഞാൻ ഈ പറഞ്ഞതാണു്. ആ പരമാത്മാ അവയിലെല്ലാംസ്ഥിതിചെയ്യുകയും അവയെയെല്ലാം നയിക്കുകയും ചെയ്യുന്നു. അവയുടെയെല്ലാം ഭരണാധികാരിയും അതുതന്നെ. ആദ്യത്തെ ദ്വൈതസമ്പ്രദായപ്രകാരം നാം ഓരോരുത്തരും പ്രകൃതിയിൽനിന്നും ഈശ്വരനിൽനിന്നും കേവലം ഭിന്നിച്ച ഓരോ വ്യക്തി

കളാണു്. രണ്ടാമത്തെ വിശിഷ്ടാദ്വൈതസമ്പ്രദായ പ്രകാരം നാം വിഭിന്നവ്യക്തികൾ തന്നെയാണെങ്കിലും ഈശ്വരനിൽ നിന്നു ഭിന്നിച്ചവരല്ല; ഒരേ വസ്തുവിൽ സ്ഥിതിചെയ്യുന്ന അണുക്കൾപോലെയാണു് ഈശ്വരനിൽ നമ്മുടെ നില. അ സമഷ്ടിവസ്തു ഈശ്വരൻ ആകുന്നു. നാം വ്യക്തികൾതന്നെ, എന്നാൽ ഈശ്വരനിൽ നാമെല്ലാം ഒന്നും, നാമെല്ലാം ഈശ്വരനിൽ തന്നെയും ആകുന്നു. നാമെല്ലാം ഈശ്വരന്റെ അംശങ്ങൾ മാത്രം. അതുകൊണ്ടു് നമ്മളെല്ലാം ഒന്നാണു്. ഇങ്ങിനെ മനുഷ്യനും മനുഷ്യനും തമ്മിലും; മനുഷ്യനും ഈശ്വരനും തമ്മിലും ഒരു പ്രത്യക്ഷമായ ഭിന്നിപ്പുണ്ടു്. "ഭിന്നമാണു് എങ്കിലും അഭിന്നവും ആകുന്നു."

എത്രയും സൂക്ഷ്മമായ ഒരു ചോദ്യം വരുന്നതു് ഇനിയാണു്. അഖണ്ഡപരിപൂർണ്ണവസ്തുവിന്നു് ഭാഗങ്ങൾ—പിരിവുകൾ-ഉണ്ടാകുവാൻ പാടുണ്ടോ; അഖണ്ഡത്തിന്റെ അംശം എന്നു് പറയുന്നതിന്റെ അൎത്ഥമെന്താണു്; എന്നാണു് ആ ചോദ്യം. നിങ്ങൾ സൂക്ഷ്മബുദ്ധ്യാ വിവേചനംചെയ്തു നോക്കുന്നതായാൽ അങ്ങിനെ ഉണ്ടാകുവാൻ പാടുള്ളതല്ലെന്നു നിങ്ങൾക്കുതന്നെ അറിയാറാകും. അഖണ്ഡപരിപൂർണ്ണവസ്തു ഭിന്നമായിത്തീരുകയില്ല. അതു് എപ്പോഴും അഖണ്ഡമായിത്തന്നെയേ ഇരിക്കു. അതിനെ ഭാഗിക്കാമെങ്കിൽ അതിന്റെ ഓരോ ഭാഗവും അഖണ്ഡമായിത്തന്നെ തീരണം. അപ്പോൾ അഖണ്ഡങ്ങൾ അനേകമാകുന്നു. എന്നാൽ ഒന്നിലധികം അഖണ്ഡവസ്തു ഉണ്ടാകുവാനും പാടില്ല. ഉണ്ടാകാമെന്നു വിചാരിക്കുന്നതായാൽ ഒന്നു് മറേറതിനെ പരിച്ഛേദിക്കുന്നതാണല്ലോ. അപ്പോൾ രണ്ടും, അഖണ്ഡങ്ങൾപോയി, ഖണ്ഡങ്ങളായിത്തീരും. അതിനാൽ അഖണ്ഡവസ്തു ഒന്നുമാത്രമേ ഉണ്ടായിക്കൂടു. അതു് ഭാഗിക്കപ്പെടാവുന്നതുമായിരിക്കയില്ല. ഇങ്ങിനെ യുക്തിവാദംചെയ്യുമ്പോൾ അഖണ്ഡാവസ്ഥ ഒന്നുമാത്രമേ ഉള്ളുഎന്നും പലതില്ലെന്നും അങ്ങിനെയുള്ള ഏക കേവല-

അഖണ്ഡ-പരിപൂൎണ്ണാത്മാ അനേകകോടി ഉപാധികളാകുന്ന കണ്ണാടികളിൽ പ്രതിബിംബിക്കുന്നതുകൊണ്ടു് അനേക ആത്മാക്കളായി തോന്നുക മാത്രമാണെന്നും ബോദ്ധ്യം വരുന്നതാണ്. പ്രപഞ്ചത്തിന്നാധാരമായി നില്ക്കുന്ന അതേ കേവലാത്മാവിനെത്തന്നെയാണ് നാം ഈശ്വരൻ എന്നു പറയുന്നതു്. അതേ അഖണ്ഡപരിപൂൎണ്ണാത്മാ തന്നെയാണ് വ്യക്തിഗതമായ മനുഷ്യാത്മാവിൻെറ, അതായതു്, നാം സാധാരണമായി ജീവാത്മാ എന്നു് വ്യവഹരിച്ചുവരുന്ന മനുഷ്യാത്മാവിൻെറ, ആധാരം.

ശുഭം.

---

10 MAY 1957.

---

ഈ പുസ്തകത്തിൻെറ സർവ്വവകാശവും കൊല്ലം "വിദ്യാഭിവർദ്ധിനി" അച്ചുക്കൂടം ഉടമസ്ഥരിൽ ഇരിക്കുന്നു.

181

B 107

26 JUL 1937